©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## ഇരുപത്തിനാലാമത് റിപ്പോർട്ട്

(2022 ഡിസംബർ മാസം 6-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 മുതൽ 2016-17 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ആലപ്പുഴ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കിയുള്ളത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## ഇരുപത്തിനാലാമത് റിപ്പോർട്ട്
(2022 ഡിസംബർ മാസം 6-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 മുതൽ 2016-17 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ആലപ്പുഴ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കിയുള്ളത്]

30/2023.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 143 |
| അനുബന്ധം II : | | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 158 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

അംഗങ്ങൾ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. ഷാജി. സി. ബേബി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-23) യുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 മുതൽ 2016-17 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ആലപ്പുഴ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2022 നവംബർ മാസം 30-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2022 ഡിസംബർ 6.

## റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 മുതൽ 2016-17 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ആലപ്പുഴ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കിയുള്ളത്.

<u>ഓഡിറ്റ് ഖണ്ഡിക</u>

### 1. തുടർപ്രവർത്തനമില്ല; പദ്ധതികൾക്ക് ഏറ്റെടുത്ത 4.01 കോടിയുടെ ഭൂമി പാഴാവുന്നു

ജനകീയാസൂത്രണ പദ്ധതികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത ഭൂമി തുടർപ്രവർത്തനമില്ലാതെ പാഴാവുന്നു.

രജിസ്റ്ററും രേഖകളും കൃത്യമല്ലാത്തതിനാൽ സംസ്ഥാനത്ത് ഒട്ടാകെ എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമല്ല. ലഭ്യമായ കണക്കുകൾ 4.01 കോടി രൂപയുടെ ഭൂമി പാഴാവുന്നതായി ഓഡിറ്റിൽ വ്യക്തമാകുന്നു. പദ്ധതിവിഹിതത്തിൽ നിന്നാണ് തുക ചെലവിട്ടത്. തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിലെ കണക്കുകൾ കൂടി പരിഗണിക്കുമ്പോൾ പാഴാവുന്ന ഭൂമിയുടെ അളവും അതിന് ചെലവഴിച്ച പദ്ധതി വിഹിതവും ഉയരും.

ജലസേചന/കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തൽ, പട്ടിക വിഭാഗങ്ങൾക്ക് ഭവനനിർമ്മാണം, വ്യവസായപാർക്കുകളും മറ്റ് സ്ഥാപനങ്ങളും നിർമ്മിക്കുക, കളിസ്ഥലം പണിയുക, ബസ്സ്റ്റാന്റ് വികസനം, വ്യാപാരസമുച്ചയം നിർമ്മാണം തുടങ്ങിയ പദ്ധതികൾക്ക് വേണ്ടിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭൂമി ഏറ്റെടുത്തത്. 1997-98 മുതൽ 2001-02 വരെ ഏറ്റെടുത്തതാണിത്.

ഏറ്റെടുത്ത ഭൂമിയുടെ വിവരം ആസ്തിവിവര രജിസ്റ്റർ സൂക്ഷിച്ച് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ആധാരം തുടങ്ങിയ അടിസ്ഥാന രേഖകൾ പോലും ചില സ്ഥാപനങ്ങളിൽ ലഭ്യമല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥത തെളിയിക്കുന്നതിന് കൃത്യമായ രേഖയില്ലാത്തത് ഭൂമി അന്യാധീനപ്പെടുന്നതിനും അനാവശ്യ വ്യവഹാരങ്ങൾക്കും ഇടയാക്കിയേക്കും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെടുകാര്യസ്ഥതയും നിരുത്തരവാദിത്വവുമാണ് പദ്ധതികൾ പൂർത്തിയാക്കാതെ ഭൂമി അന്യാധീനപ്പെടുന്നതിന് പ്രധാന കാരണം.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എന്നാൽ തുടർനടപടി ഉണ്ടായില്ല. വിഷയത്തിന്റെ ഗൗരവം അറിയാൻ തിരഞ്ഞെടുത്ത ചില ഓഡിറ്റ് പരാമർശങ്ങൾ താഴെ:-

ആലപ്പുഴ ജില്ലയിലെ എഴുപുന്ന ഗ്രാമപഞ്ചായത്ത് മിനിവ്യവസായ എസ്റ്റേറ്റിന് 6,75,672 രൂപയ്ക്ക് വാങ്ങിയ 53 സെന്റ് സ്ഥലം പദ്ധതി ലക്ഷ്യം കൈവരിക്കാതെ പാഴാവുന്നു.

(2000-2001, 2001-2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 10)

ആലപ്പുഴ ജില്ലയിൽ ഏറ്റെടുത്ത ഭൂമിക്ക് ചെലവഴിച്ച പദ്ധതി വിഹിതം 1214371 രൂപയാണ്. പദ്ധതിവിഹിതം കോടികൾ ചെലവഴിച്ച് വാങ്ങിയ ഭൂമി അന്യാധീനപ്പെടുന്നതിനെതിരെ സർക്കാരിന്റെ ജാഗ്രതാ നടപടികൾ ക്ഷണിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 2.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനായി വാങ്ങിയ സ്ഥലത്ത് വ്യവസായ എസ്റ്റേറ്റ് ആരംഭിച്ചിട്ടുണ്ടെന്ന് എഴുപുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**2. മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനായി വാങ്ങിയ സ്ഥലത്ത് വ്യവസായ എസ്റ്റേറ്റ് ആരംഭിച്ചിട്ടുണ്ടെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ എഴുപുന്ന ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പദ്ധതി പണത്തിന്റെ ദുരുപയോഗം - പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് യാഥാർത്ഥ്യമായില്ല**

എഴുപുന്ന ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് വർഷം 2008-2009

ആലപ്പുഴ ജില്ല ഖണ്ഡിക: 3(8)

- പേപ്പർ നിർമ്മാണ യൂണിറ്റിന് അടങ്കൽ 2,00,000 രൂപ
- പദ്ധതിയ്ക്ക് ചെലവഴിച്ചത് 42,500 മാത്രം
- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ആലപ്പുഴ ജില്ലയിലെ എഴുപുന്ന ഗ്രാമപഞ്ചായത്തിൽ പേപ്പർ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനായി 2,00,000 രൂപ അടങ്കലിൽ (വികസന ഫണ്ട് 90,000; ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ പദ്ധതിയുടെ ഭാഗമായി 1,00,000; ഗുണഭോക്തൃവിഹിതം 10,000) തയ്യാറാക്കുകയും പ്രജനിക വനിത സ്വയം സഹായ സംഘത്തിനായി 90,000 രൂപ

ചെലവാക്കുകയും ചെയ്തു. (ചെലവ് ബിൽ നം.15/08-09/23-3-2009) ഇതിൽ 18,000 രൂപ പരിശീലന ചെലവും 72,000 രൂപ സബ്സിഡി തുകയുമാണ്. സബ്സിഡി തുക പട്ടികജാതി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന് നൽകുകയും ബാങ്ക് 1,90,000 രൂപ വായ്പ അനുവദിക്കുകയും ചെയ്തു. എന്നാൽ ഈ തുക ഉപയോഗിച്ച് പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. സബ്സിഡി തുക, ലോൺ തുക എന്നിവയിൽ നിന്ന് ഷെഡ് നിർമ്മാണത്തിനായി 26,500 രൂപയും മെഷീൻ വാങ്ങുന്നതിനായി 16,000 രൂപയും മാത്രമാണ് ഈ പദ്ധതിയ്ക്കായി ചെലവഴിച്ചിരിക്കുന്നത്. എന്നാൽ ബാക്കി തുകയിൽ നിന്ന് സംഘാംഗങ്ങൾ മറ്റ് ബിസിനസ്സുകൾ തുടങ്ങുന്നതിന് വായ്പയായും മറ്റും തുക കൈപ്പറ്റുന്നതായി സംഘത്തിന്റെ യോഗതീരുമാനങ്ങളിൽ നിന്ന് മനസ്സിലാക്കുകയുണ്ടായി. സംഘത്തിന്റെ പ്രധാന യോഗതീരുമാനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| തീയതി | യോഗതീരുമാനങ്ങൾ |
|---|---|
| 11-4-2009 | 30,000 രൂപ പിൻവലിച്ച് ഷെഡ് കെട്ടുവാൻ തീരുമാനിച്ചു. മെഷീൻ വാങ്ങുന്നതിനായി 60,000 രൂപ കൂടി പിൻവലിക്കാൻ തീരുമാനിച്ചു. |
| 2-5-2009 | ഷെഡ് പണിയുവാൻ 26,050 രൂപ ചെലവായത് അംഗീകരിക്കുന്നില്ലായെന്നും വാങ്ങിയ മെഷീൻ ഉപയോഗിക്കേണ്ടതില്ലെന്നും പേപ്പർ ക്യാരി ബാഗ് നിർമ്മാണം നടത്തേണ്ടതില്ലെന്നും തീരുമാനിച്ചു. മെറ്റീരിയൽസ് വാങ്ങുവാൻ സെക്രട്ടറി ഖജാൻജിയെ ഏൽപ്പിച്ച തുക 20,000 രൂപ ഒരു അംഗത്തിന് പലിശക്ക് കൊടുത്തു. |
| 13-6-2009 | സംഘാംഗങ്ങൾ എടുത്ത തുക ജൂലായ് 30-നകം തിരിച്ചടച്ചാൽ തുടർന്ന് ബാക്കിയുള്ള തുക പിൻവലിയ്ക്കാമെന്നും തീരുമാനിച്ചു. |
| 31-7-2009 | 50,000 രൂപ പിൻവലിച്ച് സംഘാംഗങ്ങൾക്ക് പലിശയ്ക്ക് വിതരണം ചെയ്യാൻ തീരുമാനിച്ചു. കൂടാതെ 37,000 രൂപ കൂടിയെടുത്ത് തവണ വ്യവസ്ഥയിൽ തുണി കച്ചവടം, അരി, വിറക് കച്ചവടം എന്നിവ തുടങ്ങാമെന്നും തീരുമാനിച്ചു. |
| 10-10-2009 | അംഗങ്ങൾക്ക് നൽകിയ തുകയിൽ ശ്രീമതി അജിത ഒഴികെ എല്ലാവരും തിരിച്ചടച്ചതിനാൽ വീണ്ടും അക്കൗണ്ടിൽ നിന്ന് 1 ലക്ഷം രൂപ പിൻവലിച്ച് സ്വയം തൊഴിൽ ചെയ്യുന്നതിനായി വീതിച്ചെടുത്തു. ആയത് തിരിച്ചടയ്ക്കണമെന്ന ചാർജ്ജ് ഓഫീസറുടെ ആവശ്യത്തിന് ഇത്രയും തുക ഒരുമിച്ചടയ്ക്കാൻ സാധ്യമല്ല എന്ന് അംഗങ്ങൾ അഭിപ്രായപ്പെടുകയുണ്ടായി. |

തുടർന്നുള്ള യോഗ തീരുമാനങ്ങളിൽ നിന്ന് യൂണിറ്റ് തുടങ്ങുന്നതിനായി സംഘാംഗങ്ങൾ തമ്മിൽ അഭിപ്രായ ഐക്യം ഇല്ല എന്ന് വ്യക്തമാകുന്നു.

സബ്സിഡി നൽകി രണ്ട് വർഷത്തോളമായിട്ടും യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നുമാത്രമല്ല സബ്സിഡി തുക ദുരുപയോഗം ചെയ്തതായും ഓഡിറ്റ് വിലയിരുത്തുന്നു. ഈ പദ്ധതിക്കായി ചെലവഴിച്ച 72,000 രൂപ സംഘാംഗങ്ങളിൽ നിന്ന് പലിശ സഹിതം ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേയ്ക്ക് ശിപാർശ ചെയ്യുന്നതിനായി 14-5-2012-ൽ ആലപ്പുഴ ജില്ല സീനിയർ ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ എൽ.എഫ്.ജി.എ.(4) 405/2012 നമ്പർ കത്തിന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നൽകിയ മറുപടിയിൽ പദ്ധതി ആരംഭിച്ചിട്ടില്ലായെന്നും സബ്സിഡി തുക തിരിച്ചടയ്ക്കാനുള്ള നിർദ്ദേശം നൽകിയത് പ്രകാരം സംഘാംഗങ്ങൾ തുക തിരിച്ചടയ്ക്കുകയും വീണ്ടും പിൻവലിക്കുകയും ചെയ്തതായും പറയുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ശ്രീ. ആർ. ബിജുകുമാർ,

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,

ശ്രീ പത്മനാഭം, വാരനാട് പി.ഒ., ചേർത്തല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2011-12; ഖണ്ഡിക 4.11)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

3. പ്രസ്തുത പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റിലെ നിലവിലെ സ്ഥിതി സമിതി ആരാഞ്ഞതിന് 2008-09 ൽ പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് നടപ്പാക്കുന്നതിന് ഗ്രാമസഭ അംഗീകരിച്ചിട്ടുള്ളതനുസരിച്ച് ഗുണഭോക്താവായ പ്രജനിക വനിത സ്വയംസഹായ സംഘത്തെ പഞ്ചായത്ത് അംഗീകരിക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥനായി വി.ഇ.ഒ. ശ്രീ. ബിജുകുമാറിനെ ചുമതലപ്പെടുത്തുകയുമുണ്ടായെന്നും എഴുപുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. എന്നാൽ തുടർ വർഷങ്ങളിൽ ടി യൂണിറ്റിന്റെ പ്രവർത്തനം പരാജയപ്പെടുകയാണുണ്ടായതെന്നും പദ്ധതി നടപ്പിലാക്കാത്ത സാഹചര്യത്തിൽ 15 ദിവസത്തിനുള്ളിൽ സബ്സിഡി തുക പലിശ സഹിതം തിരിച്ചടയ്ക്കുന്നതിന് നോട്ടീസ് നൽകുന്നതിനും തുക തിരിച്ചടയ്ക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനും തീരുമാനിക്കുകയുണ്ടായിയെന്നും പഞ്ചായത്തിനുണ്ടായ നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥനിൽ

നിന്നും ഈടാക്കുന്നതിനായി ജില്ലാ ഓഫീസർക്ക് കത്ത് നൽകിയിരുന്നുവെങ്കിലും ഏതാണ്ട് 10 വർഷം കഴിഞ്ഞിട്ടും ടിയാൻ പ്രസ്തുത തുക തിരിച്ചടച്ചിട്ടില്ലായെന്ന് എഴുപുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൂട്ടിച്ചേർത്തു.

4. ആരോപണവിധേയനായ ഉദ്യോഗസ്ഥനിൽ നിന്നും പ്രസ്തുത തുക റിക്കവറി നടത്തുവാൻ നൽകിയ കത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും നിലവിലെ സ്ഥിതി എന്താണെന്നും സംബന്ധിച്ചുള്ള വിവരം സംബന്ധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ സമിതി മുമ്പാകെ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**5. ഏകദേശം പത്ത് വർഷം കഴിഞ്ഞിട്ടും ഉത്തരവാദിയായ ഉദ്യോഗസ്ഥൻ തുക തിരിച്ചടച്ചിട്ടില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. ശ്രീ.ബിജുകുമാർ-ൽ നിന്നും പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിനുണ്ടായ നഷ്ടത്തുക റിക്കവറി നടത്തുവാൻ നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടിയും നിലവിലെ സ്ഥിതിയും സംബന്ധിച്ചുള്ള റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല**

ഓഡിറ്റ് സമയത്ത് രേഖാമൂലം ആവശ്യപ്പെട്ടിട്ടും ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖയില്ലാത്ത ചെലവ് ധനാപഹരണമായി കണക്കാക്കാവുന്നതാണ്. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാതിരുന്നത് പൊതു ധനവിനിയോഗത്തിന്റെ സുതാര്യതയും വിശ്വാസ്യതയും നഷ്ടമാക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | തുക |
|---|---|---|---|---|
| 1 | പുറക്കാട് ഗ്രാമപഞ്ചായത്ത് | 2003-04 | 2.4 | 6,64,375 |
| 2 | പുറക്കാട് ഗ്രാമപഞ്ചായത്ത് | 2002-03 | 2.9 | 8,68,000 |
| 3 | അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് | 2003-04 | 2.5 | 1,87,500 |
| 4 | അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് | 2004-05 | 2.8 | 1,51,406 |
| 5 | അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് | 2004-05 | 2.2 | 84,020 |
| 6 | വീയപുരം ഗ്രാമപഞ്ചായത്ത് | 2003-04 | 2.10 | 7,27,605 |
| 7 | തകഴി ഗ്രാമപഞ്ചായത്ത് | 2002-03 | 2.9 | 13,500 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 3.21.2)

6. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2003-04 സാമ്പത്തിക വർഷം അന്നത്തെ സെക്രട്ടറി ശ്രീ. കെ. എൻ. രാജൻ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിരുന്നില്ലായെന്നും 2015-ൽ പുറക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റിയ സാഹചര്യത്തിൽ നിലവിൽ ടി ഫയലുകൾ കണ്ടെത്താനായിട്ടില്ലെന്നും പുറക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

7. വിവിധ പദ്ധതികൾ ഏതൊക്കെയായിരുന്നുവെന്നും പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണ്; ടി പദ്ധതികളൊക്കെ യാഥാർത്ഥ്യമായോ; പൂർത്തീകരിച്ചോ; തുടങ്ങിയവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

8. പ്രസ്തുത ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റിയ സാഹചര്യത്തിൽ ഈ ഫയൽ മാത്രമാണോ കാണാതായതെന്നും മറ്റ് ഫയലുകൾ കാണാതെ പോയതായി എന്തെങ്കിലും പരാതി ലഭിച്ചിരുന്നോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് മറ്റ് ഫയലുകളെക്കുറിച്ച് പരാതിയൊന്നും ലഭിച്ചിരുന്നില്ലായെന്നും വകുപ്പുമായി ബന്ധപ്പെട്ട ഈയൊരു ഫയൽ മാത്രമാണ് കാണാതെ പോയതെന്നും 2011 ലാണ് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റിയതെന്നും പുറക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

9. പ്രസ്തുത ക്രമക്കേട് നടന്നതായി ഡി.ഡി.പി. ഓഫീസ് കണ്ടുപിടിച്ചിരുന്നോ എന്ന സമിതി ചോദ്യത്തിന് രേഖകൾ പരിശോധിച്ചിരുന്നെങ്കിലും പ്രസ്തുത ക്രമക്കേട് കണ്ടെത്താൻ കഴിഞ്ഞില്ലെന്നും 2011-ന് ശേഷമുള്ള ഫയലുകളാണ് നഷ്ടപ്പെട്ടതെന്നും 2015-ന് ശേഷമുള്ള ഫയലുകളൊക്കെ കൈവശമുണ്ടെന്നും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് (ഇൻ-ചാർജ്ജ്) മറുപടി നൽകി. പ്രസ്തുത ഓഡിറ്റ് ഒബ്ജക്ഷൻ സംബന്ധിച്ച് ഡി.ഡി.പി. ഓഫീസ് എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന സമിതി ചോദ്യത്തിന് 2006 മുതൽ 2010 വരെയുള്ള റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമായി എന്നുള്ള വിവരമാണ് തങ്ങൾക്ക് ലഭിച്ചിരിക്കുന്നതെന്ന് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് (ഇൻ-ചാർജ്ജ്) മറുപടി നൽകുകയുണ്ടായി.

10. പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**11. ശ്രീ. കെ. എൻ. രാജൻ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന വിവിധ പദ്ധതികൾ ഏതൊക്കെയായിരുന്നുവെന്നും പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണ്;ടി പദ്ധതികളൊക്കെ യാഥാർത്ഥ്യമായോ; പൂർത്തീകരിച്ചോ തുടങ്ങിയവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**12. ഓഡിറ്റ് പരാമർശത്തിന്മേൽ ഡി.ഡി.പി.യുടെ ഓഫീസ് എന്ത് നടപടി സ്വീകരിച്ചുവെന്ന സമിതിയുടെ ചോദ്യത്തിന് വ്യക്തമായ മറുപടി ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത ഓഡിറ്റ് ഒബ്ജക്ഷൻ സംബന്ധിച്ചും ടി വിഷയവുമായി ബന്ധപ്പെട്ട ഫയൽ കാണാതായതിന്മേലും ഡി.ഡി.പി. സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.**

13. പുറക്കാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട 8,68,000 രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഫിഷറീസ് സബ് ഇൻസ്പെക്ടർ മുഖേന നടപ്പിലാക്കിയ പദ്ധതിയുടെ ചെലവ്, രേഖകൾ ഹാജരാക്കാത്തതിനാൽ ഓഡിറ്റ് തടസ്സപ്പെടുത്തുകയുണ്ടായെന്നും തുടർന്ന് രേഖകൾ ഹാജരാക്കണമെന്ന് കാണിച്ച് ഫിഷറീസ് സബ് ഇൻസ്പെക്ടർക്ക് കത്ത് നൽകിയപ്പോൾ രണ്ടാഴ്ചത്തെ സമയം അനുവദിക്കണമെന്ന് ടിയാൻ ആവശ്യപ്പെടുകയുണ്ടായെന്നും നിലവിലെ ഫിഷറീസ് സബ് ഇൻസ്പെക്ടർ പ്രസ്തുത ഓഫീസിൽ നിന്നും സ്ഥലമാറ്റം ലഭിച്ചതിനാൽ തുടർന്നുവരുന്ന ഉദ്യോഗസ്ഥന് രേഖകൾ കൈമാറിയിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭിച്ചിട്ടുള്ളതെന്നും പുറക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു.

14. രേഖകൾ പരിശോധിച്ച ശേഷം റിപ്പോർട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**15. 2002-03 സാമ്പത്തിക വർഷം ഫിഷറീസ് ഇൻസ്പെക്ടർ മുഖേന നടപ്പിലാക്കിയ പദ്ധതിയുടെ രേഖകൾ ലഭ്യമായിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത രേഖകൾ പരിശോധിച്ച ശേഷം റിപ്പോർട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

16. അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കാതിരുന്നതിനുള്ള കാരണം സമിതി ആരാഞ്ഞതിന് പഴയ രേഖകളായതിനാൽ അവ കണ്ടെത്താൻ സാധിച്ചില്ലായെന്നും എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖകളുണ്ടെന്നും അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

17. പ്രസ്തുത പരാമർശം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**18. അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശവിധേയമായ പദ്ധതികൾ സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്ററിലുള്ള രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

19. വീയപുരം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഖണ്ഡിക 2.10-ലെ ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**20. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

21. തകഴി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഖണ്ഡിക 2.9-ലെ ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**22. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

തകഴി ഗ്രാമപഞ്ചായത്ത്

**വി.ഇ.ഒ. നിർവ്വഹിച്ച സമ്പൂർണ്ണ ശുചിത്വ പദ്ധതിയിൽ ധനദുർവിനിയോഗം**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03, ഖണ്ഡിക നമ്പർ 2.3)

സമ്പൂർണ്ണ ശുചിത്വ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് കൊടുക്കുന്നതിന് (1500, 500 രൂപ വീതം) വി.ഇ.ഒ. കൈപ്പറ്റിയ 1,28,000 രൂപയ്ക്ക് യാതൊരു ചെലവ് രേഖകളും ഹാജരാക്കാതെ ഒരു രജിസ്റ്ററിൽ കുറച്ചുപേരുടെ പേരെഴുതി ഒപ്പ് രേഖപ്പെടുത്തി 1500 രൂപ കൊടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ ചേർത്തിട്ടുള്ള ഒപ്പുകൾ സൂക്ഷ്മപരിശോധനയിൽ വ്യാജമാണെന്ന് വ്യക്തമാകുന്നുണ്ട്. ചേർത്തിട്ടുള്ള ഗുണഭോക്താക്കളുടെ പേര് വീണ്ടും വീണ്ടും ആവർത്തിച്ച് തുക കൊടുത്തതായും കാണുന്നു. ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത 23 പേർക്ക് തുക നൽകിയതായി രജിസ്റ്ററിൽ ബോദ്ധ്യപ്പെട്ടു. ഗുണഭോക്താക്കളുടെ അപേക്ഷയോ അനുബന്ധ രേഖകളോ ഇല്ലാതെ 30 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ടി പണികൾ സംബന്ധിച്ച് യാതൊരുവിധ മോണിറ്ററിംഗ് റിപ്പോർട്ടുകളും നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 3.26.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

23. സമ്പൂർണ്ണ ശുചിത്വ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. ശ്രീ. സതീഷ് കുമാറിനെതിരെ റിക്കവറി നടപടികൾ ആരംഭിച്ചോയെന്ന സമിതിയുടെ ചോദ്യത്തിന് 6-8-2019-ൽ റിക്കവറി നടപടികൾ സ്വീകരിക്കാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി 2003 ലാണ് ആരംഭിച്ചതെന്നും തകഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

24. നിർവ്വഹണ ഉദ്യോഗസ്ഥനെതിരെ റിക്കവറി നടപടികൾ സ്വീകരിക്കാൻ കാലതാമസമുണ്ടായതിനുള്ള കാരണം സമിതി ആരാഞ്ഞതിന് 2012-ൽ ശ്രീ. സതീഷ് കുമാറിൽ നിന്നും തുകയും പലിശയും ഈടാക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയുണ്ടായെന്ന് തകഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

25. പ്രസ്തുത വിഷയം സംബന്ധിച്ച് സമിതി ഡി.ഡി.പി.യുടെ അഭിപ്രായം ആരാഞ്ഞതിന് ഓഡിറ്റ് വകുപ്പിൽ നിന്നും സർചാർജ് നടപടി സ്വീകരിക്കേണ്ടതാണെന്നും നടപടി സ്വീകരിക്കാതിരുന്നത് കൊണ്ടാണ് ഇത്രയും കാലതാമസമുണ്ടായതെന്നും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് (ഇൻ-ചാർജ്) മറുപടി നൽകി.

26. പ്രസ്തുത നിർവ്വഹണ ഉദ്യോഗസ്ഥനെതിരെ റിക്കവറി നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**27. തകഴി ഗ്രാമപഞ്ചായത്തിലെ പരാമർശവിധേയമായ പദ്ധതിയുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ ശ്രീ. സതീഷ് കുമാറിനെതിരെ റിക്കവറി നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

വെൺമണി ഗ്രാമപഞ്ചായത്ത്

**എസ്.ജി.ആർ.വൈ.-ഭക്ഷ്യധാന്യ വിതരണം**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക നമ്പർ 2.3)

ഗ്രാമപഞ്ചായത്തിലെ രേഖകൾ പരിശോധിച്ചതിൽ 2002-03-ൽ 10 ടണ്ണും 2003-04-ൽ 75 ടണ്ണും ഉൾപ്പെടെ ആകെ 85 ടൺ അരി കേന്ദ്രാവിഷ്കൃത പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി അനുവദിക്കുകയുണ്ടായി. എന്നാൽ അരിയുടെ വിതരണം, ഏറ്റെടുത്ത

പ്രവൃത്തികളെപ്പറ്റിയുള്ള കർമ്മപദ്ധതി, എസ്റ്റിമേറ്റ്, ഗുണഭോക്തൃ സമിതിയുടെ വിവരങ്ങൾ, തൊഴിലാളികൾക്ക് അരിയും പണവും വിതരണം ചെയ്തതിന്റെ മസ്റ്റർറോൾ, മരാമത്ത് ബില്ലുകൾ എന്നിവ ഒന്നുംതന്നെ പഞ്ചായത്തിൽ ലഭ്യമല്ല. വികലമായി തയ്യാറാക്കപ്പെട്ട ക്യാഷ് ബുക്കിലെ രേഖപ്പെടുത്തൽ അനുസരിച്ച് ഈ രണ്ടു വർഷങ്ങളിലായി ആകെ 4,89,124 രൂപ വിവിധ ചെക്കുകൾ പ്രകാരം വിവിധ വ്യക്തികൾക്ക് (പ്രവൃത്തികൾ ഏറ്റെടുക്കുന്നവർ എന്നനുമാനിക്കുന്നവർ) നൽകിയതായി കാണുന്നു. ഈയിനത്തിൽ ചെലവഴിച്ച തുകയെപ്പറ്റിയും ഭക്ഷ്യധാന്യ വിതരണത്തെപ്പറ്റിയും സമഗ്രമായ അന്വേഷണത്തിന് ശിപാർശ ചെയ്യുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 3.22.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

28. സമിതി, പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കാതിരുന്നതിനുള്ള കാരണം ആരാഞ്ഞതിന് എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരം 17 പ്രവൃത്തികളാണ് തയ്യാറാക്കിയതെന്നും ക്യാഷ് ബുക്ക്, വർക്ക് രജിസ്റ്റർ, ഫയലുകൾ എന്നിവ പഞ്ചായത്തിന്റെ കൈവശമുണ്ടെന്നും വെൺമണി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

29. പ്രസ്തുത രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**30. വെൺമണി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട എസ്.ജി.ആർ.വൈ-ഭക്ഷ്യധാന്യ വിതരണം എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച ക്യാഷ് ബുക്ക്, വർക്ക് രജിസ്റ്റർ, ഫയലുകൾ എന്നിവ പഞ്ചായത്തിന്റെ കൈവശമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത രേഖകൾ അടിയന്തരമായി സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

പാണ്ടനാട് ഗ്രാമപഞ്ചായത്ത്

**ആസൂത്രണരാഹിത്യം 34.2 ലക്ഷം നഷ്ടപ്പെടുത്തി**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03, ഖണ്ഡിക നമ്പർ 2.1)

സമയബന്ധിതമായി പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങി നിർവ്വഹിക്കാതെ ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതം 34.2 ലക്ഷം നഷ്ടപ്പെടുത്തി. 2002-03 കേരള വികസന പദ്ധതികൾക്ക് 48.02 ലക്ഷം പദ്ധതി വിഹിതം ലഭിച്ചിരുന്നു. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കാത്തതിനാൽ ചെലവഴിക്കാനായത് 13.8 ലക്ഷം - 28.8 ശതമാനം മാത്രം. പട്ടികവിഭാഗങ്ങളുടെ പദ്ധതി നിർവ്വഹണത്തിലും അനാസ്ഥ പ്രകടമാണ്. ലഭിച്ച പദ്ധതി വിഹിതത്തിൽ 12.7 ലക്ഷം പട്ടികവിഭാഗങ്ങൾക്കുവേണ്ടിയായിരുന്നു. ചെലവഴിച്ചത് 2.8 ലക്ഷം - 21.6 ശതമാനം മാത്രം. ഗ്രാമപഞ്ചായത്തിന്റെ ആസൂത്രണരാഹിത്യത്താൽ സർക്കാർ ഉത്തരവ് 381/03 തീയതി: 9-7-2003 പ്രകാരമാണ് ചെലവഴിക്കാതെ ബാക്കി നിന്ന 34.2 ലക്ഷം ലാപ്സായത്. ജനങ്ങൾക്ക് വികസനം നിഷേധിക്കുന്ന ഇത്തരം സമീപനങ്ങൾ ഗൗരവമായി കാണണം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 3.23.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

31. സമിതി, പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി ആരാഞ്ഞതിന് പട്ടിക വിഭാഗക്കാർക്കുള്ള പദ്ധതികളുടെ 85% പ്രവൃത്തികളും പൂർത്തിയായിട്ടുണ്ടെന്നും ഒരു വർഷവും തുക സ്പിൽ ഓവറായിട്ടില്ലായെന്നും പാണ്ടനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

32. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**33. പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

## കാവാലം ഗ്രാമപഞ്ചായത്ത്

**കുടിവെള്ള വിതരണത്തിന് പൈപ്പ് വാങ്ങൽ - വാങ്ങിയവ ഉപയോഗിച്ചില്ല**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക നമ്പർ 2.4)

സാങ്കേതിക അംഗീകാരമില്ലാത്ത ടി പ്രോജക്ട് അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ടെന്റർ ക്ഷണിക്കാതെയും 2,25,940 രൂപ ചെലവഴിച്ച് പല ഘനത്തിലുള്ള പി.വി.സി. പൈപ്പുകളും ഫിറ്റിംഗ്സും വാങ്ങിയിട്ടുണ്ട്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും രണ്ട് വർഷം കഴിഞ്ഞിട്ടും (ഓഡിറ്റ് തീയതി വരെ) വാങ്ങിയ സാധനങ്ങളുടെ ഗണ്യമായ ഭാഗം പഞ്ചായത്ത് ഓഫീസിൽ ഉപയോഗിക്കാതെ കിടക്കുകയാണ്. വ്യക്തമായ കണക്കുകളില്ലാതെയും വാങ്ങലിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ അവഗണിച്ചുകൊണ്ടും വാങ്ങിയ സാധനങ്ങൾ ഉപയോഗിക്കാതിരിക്കുകയും ചെയ്തത് ധനദുർവിനിയോഗമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 3.24.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

34. പദ്ധതി നടത്തിപ്പിനുവേണ്ടി വാങ്ങിയ പൈപ്പുകളുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞതിന്, കാവാലം ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കോളനികളിൽ മഴക്കാലത്ത് കെട്ടിനിൽക്കുന്ന വെള്ളം തോട്ടിലേക്ക് ഒഴുക്കികളയാൻ പൈപ്പുകൾ ഉപയോഗിച്ചിരുന്നുവെന്നും പഞ്ചായത്തിലെ പല സ്ഥലങ്ങളിലേക്കും കുടിവെള്ളം എത്തിക്കാനാണ് പദ്ധതി മുഖേന ഉദ്ദേശിച്ചിരുന്നതെന്നും കാവാലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

35. നിർവ്വഹണ ഉദ്യോഗസ്ഥ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ പഞ്ചായത്തിനെതിരെ വിധി വരാനിടയായ സാഹചര്യം അന്വേഷിച്ചിട്ടുണ്ടോ; ആരാണ് കേസ് നടത്തിയത്; എന്തായിരുന്നു വാദം തുടങ്ങിയവ പരിശോധിച്ചിട്ടുണ്ടോ; ആലപ്പുഴ ജില്ല ഡി.ഡി.പി യുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ പേരിൽ എത്ര കേസ്സുകൾ ഹൈക്കോടതിയിൽ പെന്റിംഗ് ഉണ്ട്; ഈ കേസുകളൊക്കെ പരിശോധിക്കാൻ എന്തെങ്കിലും സംവിധാനമുണ്ടോ എന്നീ വിശദാംശങ്ങൾ സമിതി ആരാഞ്ഞു. ആയതിന് ജില്ലാ തലത്തിൽ സ്യൂട്ട് സെൽ പ്രവർത്തിക്കുന്നുണ്ടെന്നും എന്നാൽ ടി സെൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലുള്ളതല്ലായെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (ഇൻ-ചാർജ്) മറുപടി നൽകി. പ്രസ്തുത പദ്ധതിയിൽ വലിയ രീതിയിലുള്ള

ക്രമക്കേട് നടന്നതായി നിരീക്ഷിച്ച സമിതി പഞ്ചായത്തുകളിലെ ക്രമക്കേടുകൾ പരിശോധിക്കാൻ ഒരു സംവിധാനവുമില്ലാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കേസുമായി ബന്ധപ്പെട്ട കാര്യങ്ങൾ മോണിറ്റർ ചെയ്യാനായി ഡി.ഡി.പി. യിൽ ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കണമെന്ന് അഭിപ്രായപ്പെടുകയും 7-1-2019-ൽ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് അനുകൂലമായി വിധി വന്നപ്പോൾ പഞ്ചായത്ത് സെക്രട്ടറി ഇതുമായി ബന്ധപ്പെട്ട് എന്ത് നടപടി സ്വീകരിച്ചെന്നും ഇതിനെതിരെ അപ്പീൽ നൽകാതിരുന്ന തെന്തുകൊണ്ടെന്നും ആരാഞ്ഞു. ആയതിന് ഇതു സംബന്ധിച്ചുമുള്ള അപ്പീൽ ഹർജി ഫലവത്താകില്ല എന്നുള്ള നിയമോപദേശമാണ് പഞ്ചായത്തിന് ലഭിച്ചിരുന്നതെന്ന്, കാവാലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

36. സർക്കാരിന് നഷ്ടമുണ്ടായപ്പോൾ ബന്ധപ്പെട്ട സെക്രട്ടറി എന്ത് നിലപാട് സ്വീകരിച്ചുവെന്നുള്ളത് സംബന്ധിച്ച് മിനിട്സിൽ എന്തെങ്കിലും രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ആയത് ലഭ്യമാണെന്ന സെക്രട്ടറിയുടെ മറുപടിയെ തുടർന്ന് പ്രസ്തുത മിനിട്സ് ഹാജരാക്കാൻ സമിതി നിർദ്ദേശിക്കുകയുണ്ടായി. പഞ്ചായത്തിന് നഷ്ടമുണ്ടാകുന്ന വിഷയത്തിൽ ആ തീരുമാനം സർക്കാരിനെ അറിയിക്കുക എന്നുള്ളതാണ് ബന്ധപ്പെട്ട സെക്രട്ടറിയുടെ ഉത്തരവാദിത്വമെന്നും സർക്കാരിൽ നിന്നും ലഭിക്കുന്ന മറുപടിയുടെ അടിസ്ഥാനത്തിലായിരിക്കണം സെക്രട്ടറിയുടെ തീരുമാനമെന്നും സമിതി ചൂണ്ടിക്കാണിക്കുകയും ചെയ്തു. ഒരു വക്കീലിന്റെ നിയമോപദേശം മാത്രം സ്വീകരിച്ച നടപടി ശരിയാണോ എന്ന ചോദ്യം ഉന്നയിച്ചതിന് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചെങ്കിലും ആർ.ആർ. നടപടികൾക്കെതിരെ അവർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ആർ.ആർ. നടപടികൾ മരവിപ്പിച്ചുകൊണ്ട് 7-1-2019-ൽ അവർക്കനുകൂലവിധി ഉണ്ടാകുകയും ചെയ്തുവെന്നും ഈ സാഹചര്യത്തിലാണ് വീണ്ടും അപ്പീലിന് പോകാതിരുന്നതെന്നും കാവാലം നഗരസഭ സെക്രട്ടറി മറുപടി നൽകി.

37. ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതികൾക്ക് അതത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ യാതൊരു മേൽനോട്ടവും ഓഡിറ്റിംഗും നടത്തുന്നില്ല എന്നുള്ളത് ഗുരുതരമായ പ്രശ്നമാണെന്ന് വിലയിരുത്തിയ സമിതി, പഞ്ചായത്ത് സമിതി ഒരു ജനകീയ സമിതിയാണെന്നും പഞ്ചായത്തിന് നഷ്ടമുണ്ടായ വിഷയമാകുമ്പോൾ ബന്ധപ്പെട്ട സെക്രട്ടറി അതിനെതിരെ സർക്കാരിന്റെ ഡിസെന്റ് രേഖപ്പെടുത്തണമെന്ന് അഭിപ്രായപ്പെടുകയും ഈ കേസുമായി ബന്ധപ്പെട്ട ഫയൽ അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ ഹാജരാക്കി നിയമോപദേശം തേടി അപ്പീൽ ഹർജി സമർപ്പിക്കാൻ സാധിക്കുമോ, സിവിൽ കേസിന് സാധ്യതയുണ്ടോ എന്നീ കാര്യങ്ങൾ പരിശോധിക്കണമെന്നും ടി കേസ് നടത്തിയ വർഷവും തീയതിയും എന്ത് നിയമോപദേശമാണ് വക്കീൽ നൽകിയത്, കോടതിയിൽ വക്കീൽ എന്ത് വാദമാണ് നടത്തിയത്, കേസ് കൃത്യമായും നടത്തിയിട്ടുണ്ടോ തുടങ്ങിയവ പരിശോധിച്ച് വിവരങ്ങൾ സമിതി മുമ്പാകെ ലഭ്യമാക്കുവാനും നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**38. കാവാലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശവിധേയമായ പദ്ധതിയിൽ വലിയ രീതിയിലുള്ള ക്രമക്കേട് നടത്തിയിട്ടുള്ളതായും ഇത്തരത്തിൽ പഞ്ചായത്തുകളിലെ ക്രമക്കേടുകൾക്കെതിരെയുള്ള നടപടികളിന്മേലുള്ള കോടതി വിധികൾക്കെതിരെ തുടർനടപടികൾ പരിശോധിക്കാൻ ഒരു സംവിധാനമില്ലാത്തതായും സമിതി നിരീക്ഷിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കേസുമായി ബന്ധപ്പെട്ട കാര്യങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി ഡി.ഡി.പി.യിൽ ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**39. ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതികൾക്ക് അതത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ യാതൊരു മേൽനോട്ടവും ഓഡിറ്റിംഗും നടത്തുന്നില്ല എന്നുള്ളത് ഗുരുതരമായ പ്രശ്നമാണെന്ന് സമിതി വിലയിരുത്തുന്നു.**

**40. പഞ്ചായത്ത് സമിതി ഒരു ജനകീയ സമിതിയായതിനാൽ, പഞ്ചായത്തിന് നഷ്ടമുണ്ടായ വിഷയത്തിൽ ബന്ധപ്പെട്ട സെക്രട്ടറി അതിനെതിരെ സർക്കാരിന്റെ ഡിസെന്റ് രേഖപ്പെടുത്തണമെന്നും ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട കേസ് സംബന്ധിച്ച ഫയൽ അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ ഹാജരാക്കി നിയമോപദേശം തേടി അപ്പീൽ ഹർജി സമർപ്പിക്കാൻ സാധിക്കുമോ, സിവിൽ കേസിന് സാധ്യതയുണ്ടോ എന്നീ കാര്യങ്ങൾ പരിശോധിക്കണമെന്നും പ്രസ്തുത കേസ് നടത്തിയ വർഷവും തീയതിയും, എന്ത് നിയമോപദേശമാണ് വക്കീൽ നൽകിയത്; കോടതിയിൽ വക്കീൽ എന്ത് വാദമാണ് നടത്തിയത്, കേസ് കൃത്യമായും നടത്തിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്

**ബാലകൈരളി നഴ്സറി സ്കൂൾ - ചെലവുകൾക്ക് അംഗീകാരമില്ല**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക നമ്പർ 2.4)

പാവപ്പെട്ട കുട്ടികൾക്ക് മികച്ച പ്രീ-സ്കൂൾ വിദ്യാഭ്യാസം നൽകുന്നതിന് രൂപം കൊടുത്ത ബാലകൈരളി നഴ്സറി സ്കൂളുകൾ 25-5-1999 മുതൽ പ്രവർത്തിച്ചു വരുന്നു. ടി സ്കൂളിലെ അദ്ധ്യാപികമാർക്ക് ഓണറേറിയം നൽകുന്നതിന് 2002-03-ൽ പ്രോജക്ട് തയ്യാറാക്കിയെങ്കിലും ഡി.പി.സി.-യുടെ അംഗീകാരം ലഭിച്ചില്ല. ഓണറേറിയം

മൂന്നുമാസക്കാലത്തേയ്ക്ക് പരിമിതപ്പെടുത്തണമെന്നും പ്രോജക്ട് ഐ.സി.ഡി.എസ്.-നോട് സംയോജിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒരു മാസത്തിനുള്ളിൽ ഗവൺമെന്റിൽ സമർപ്പിക്കണമെന്നുമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2003-04-ൽ സംസ്ഥാന ആസൂത്രണ ബോർഡ് അംഗീകാരം നൽകി. എന്നാൽ ടി നിർദ്ദേശങ്ങൾ പാലിക്കാതെ മൂന്നുമാസത്തിലധികം വേതനം നൽകിയതു വഴിയും കെട്ടിട നിർമ്മാണത്തിനും ഭക്ഷണത്തിനുമായും ആകെ 4,71,368 രൂപ ചെലവഴിച്ചിട്ടുണ്ട്. അംഗീകാരമില്ലാതെ തുക ചെലവഴിച്ചത് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 3.25.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

41. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിൽ 1998-99 മുതൽ ബാലകൈരളി നഴ്സറി സ്കൂൾ പ്രോജക്ട് നടന്നുവരുന്നുണ്ടെന്നും 2003-04-ൽ സംസ്ഥാന ആസൂത്രണ ബോർഡ് ബാലകൈരളി നഴ്സറി സ്കൂൾ പ്രോജക്ടിന് അംഗീകാരം നൽകിയെന്നും ടി പ്രോജക്ട് ഇപ്പോൾ നന്നായി മുന്നോട്ട് പോകുന്നെന്നും മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

42. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**43. പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**രസീത് ബുക്ക് മോഷ്ടിച്ച് പണാപഹരണം നടത്തി ജീവനക്കാരനെ സസ്പെന്റ് ചെയ്തു**

മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായി നടത്തിയ രസീത് പരിശോധനയിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കൃഷി ഓഫീസർക്ക് നൽകിയിരുന്ന 57552-ാം നമ്പർ രസീത് ബുക്ക് നഷ്ടപ്പെട്ടതായി കണ്ടെത്തി ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.2 പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

ഇതേ തുടർന്ന് പഞ്ചായത്ത് അധികൃതർ നടത്തിയ അന്വേഷണത്തിൽ പഞ്ചായത്തിലെ എൽ.ഡി. ക്ലാർക്കായ ശ്രീ.കെ.എസ്. റജി രസീത് ബുക്ക് ഉപയോഗിച്ച് ₹1,35,200 തിരിമറി നടത്തിയതായി ബോദ്ധ്യപ്പെടുകയും 9-10-2012-ലെ പഞ്ചായത്ത് പ്രസിഡന്റിന്റെ

സി2/7803/2012 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത ജീവനക്കാരനെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും ചെയ്തു. തുടർന്ന് ശ്രീ. കെ.എസ്.റജി 6-11-12-ൽ 1120210512-ാം നമ്പർ രസീത് പ്രകാരം ₹1,35,200 പഞ്ചായത്ത് ഫണ്ടിൽ അടവാക്കി.

പ്രസ്തുത ജീവനക്കാരനെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുവാൻ 15-11-2012-ൽ പഞ്ചായത്ത് അധികൃതർ മണ്ണഞ്ചേരി പോലീസ് സ്റ്റേഷനിൽ പരാതി നൽകി.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2013-14; ഖണ്ഡിക 3.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

44. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിൽ 2009-10 ൽ പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി നടത്തിയ രസീത് പരിശോധനയിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കൃഷി ഓഫീസർക്ക് നൽകിയിരുന്ന രസീത് ബുക്ക് നഷ്ടപ്പെട്ടതായി കണ്ടെത്തിയിരുന്നെന്നും പഞ്ചായത്തിലെ എൽ.ഡി. ക്ലാർക്കായ ശ്രീ.കെ.എസ്. റജി ടി രസീത് ബുക്ക് ഉപയോഗിച്ച് പണം അപഹരിച്ചിരുന്നെന്നും എന്നാൽ പിന്നീട് ടിയാൻ പണം തിരികെ ഒടുക്കിയത് പരിഗണിച്ച് ക്രിമിനൽ കേസ് പിൻവലിച്ചിരുന്നെന്നും മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

45. എൽ.ഡി. ക്ലാർക്കായ ശ്രീ. കെ. എസ്. റജിക്കെതിരെയുള്ള ക്രിമിനൽ കേസ് പിൻവലിച്ച പഞ്ചായത്ത് സമിതിയുടെ തീരുമാനവും സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചതും തെറ്റായ നടപടിയാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

**നിഗമനങ്ങൾ/ശിപാർശകൾ**

**46. പണാപഹരണം നടത്തിയ എൽ.ഡി. ക്ലാർക്കായ ശ്രീ.കെ.എസ്. റജിക്കെതിരെയുള്ള ക്രിമിനൽ കേസ് പിൻവലിച്ച പഞ്ചായത്ത് സമിതിയുടെ തീരുമാനവും ടിയാനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചതും തെറ്റായ നടപടിയാണെന്ന് സമിതി വിലയിരുത്തുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

കുമാരപുരം ഗ്രാമപഞ്ചായത്ത്

എസ്റ്റിമേറ്റിൽ തിരുത്തൽ വരുത്തി, നിശ്ചയിച്ച പ്രകാരം ജോലി നിർവ്വഹിച്ചില്ല

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക നമ്പർ 3.4)

നാരകത്തറ മുതലമുക്ക് റോഡ് 855 മീറ്റർ നീളത്തിൽ റീടാർ ചെയ്യാൻ 3,24,726 രൂപയുടെ അടങ്കൽ നിശ്ചയിച്ച് 5.55 ശതമാനം കുറഞ്ഞ നിരക്കിൽ ചെയ്യാൻ ടെന്റർ നൽകി. ഇതിനുശേഷം റോഡിന്റെ സ്ഥിതിയിൽ വന്ന മാറ്റം പുനഃപരിശോധിക്കുകയും

പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശിപാർശ ചെയ്തത് പ്രകാരം എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് അടങ്കൽ തുകയിൽ നിലനിർത്തി (ടെന്റർ ഡിഡക്ഷൻ ഇല്ലാതെ) പണി നിർവ്വഹിക്കാൻ പഞ്ചായത്ത് സമിതി തീരുമാനിക്കുകയും ചെയ്തു. ടി തീരുമാനത്തിന് വിരുദ്ധമായി എസ്റ്റിമേറ്റ് തുക 3,43,000 രൂപ എന്ന് പദ്ധതി രേഖയിൽ തിരുത്തുകയും എസ്റ്റിമേറ്റിലെ ഗ്രാവൽ വേലയും മെറ്റൽ വിരിക്കലും മാത്രം നടത്തി കോൺട്രാക്ടർക്ക് 3,42,734 രൂപ മൂല്യം നിശ്ചയിച്ച് തുക നൽകുകയും ചെയ്തു. ചെയ്ത പണിയാകട്ടെ 855 മീറ്ററിനുപകരം 350 മീറ്ററായി ചുരുങ്ങുകയും 3,25,000 രൂപ സാങ്കേതികാനുമതിയും ഭരണാനുമതിയും നൽകിയ പണിയുടെ അടങ്കൽ സെക്രട്ടറി 3,43,000 ആയി തിരുത്തുകയും തുടർന്ന് തുക നൽകുകയും ചെയ്തു. റീടാറിംഗ് ഉൾപ്പെടെ നിശ്ചയിച്ച് പണിയിൽ മെറ്റലിംഗ് മാത്രം നടത്തിയിട്ട് ശേഷിക്കുന്ന പണി പൂർത്തീകരിച്ചില്ല. കരാർ അനുസരിച്ചുള്ള തുടർനടപടികളും പഞ്ചായത്തിൽനിന്നും സ്വീകരിച്ചിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 3.27.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

47. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കുമാരപുരം ഗ്രാമപഞ്ചായത്തിലെ നാരകത്തറ-മുതലമുക്ക് റോഡ് റീടാർ ചെയ്യാൻ 3,24,726 രൂപയുടെ അടങ്കൽ നിശ്ചയിക്കുകയും ടെണ്ടർ നടപടി സ്വീകരിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തുവെന്നും മഴ മൂലം റോഡിന്റെ സ്ഥിതിയിൽ മാറ്റമുണ്ടായതിനാൽ പഞ്ചായത്ത് ഭരണസമിതിയുടെ അനുമതിയോടു കൂടി എസ്റ്റിമേറ്റ് കോസ്റ്റ് റീകാസ്റ്റ് ചെയ്യേണ്ടതായി വന്നെന്നും പദ്ധതി നല്ല രീതിയിൽ പൂർത്തിയാക്കിയിട്ടുണ്ടെന്നും കുമാരപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

48. അന്നത്തെ വർക്ക് ഫയലും എസ്റ്റിമേറ്റും എം ബുക്കും ഓഡിറ്റിൽ ഹാജരാക്കാതിരുന്നതിനുള്ള കാരണം സമിതി ആരാഞ്ഞതിന് പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്നും പഞ്ചായത്ത് സമിതി ആയത് വിശദമായി പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനുശേഷം റോഡ് പ്രവൃത്തികളെല്ലാം നല്ല രീതിയിൽ നടത്തിയിട്ടുള്ളതാണെന്നും ജനങ്ങൾ ഈ റോഡ് നല്ല രീതിയിൽ ഉപയോഗിച്ചു വരുന്നെന്നും ടി റോഡ് റീടാർ ചെയ്യാൻ 3,24,726 രൂപയുടെ അടങ്കൽ നിശ്ചയിച്ച് 5.5 ശതമാനം കുറഞ്ഞ നിരക്കിൽ ടെണ്ടർ നൽകുകയാണുണ്ടായതെന്നും കുമാരപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

49. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**50. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

(എ) ചെറുകിട വ്യവസായം (പട്ടികജാതി വനിത)

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ 3.20)

പഞ്ചായത്തിലെ സ്ഥിരതാമസക്കാരായ 22 പട്ടികജാതി വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുക എന്ന പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ബാങ്ക് ലോൺ ലഭ്യമാകുന്ന മുറയ്ക്ക് 10,000 രൂപ വീതം സബ്സിഡി അനുവദിച്ചുനൽകുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന 2,20,000 രൂപയും ട്രഷറിയിൽ നിന്നും പിൻവലിച്ച് കാനറാബാങ്കിന്റെ കായംകുളം ശാഖയിൽ ഒടുക്കിയിട്ടുണ്ട്. ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ അർഹത, ബാങ്ക് ലോൺ ലഭ്യമാക്കിയതിന്റെ രേഖകൾ, ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ തുടങ്ങിയവ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. നേരിട്ട് അന്വേഷിച്ചതിൽ 15 ഗുണഭോക്താക്കൾക്ക് മാത്രമാണ് നാളിതുവരെ ബാങ്ക് ലോൺ ലഭ്യമാക്കിയതെന്നും സബ്സിഡി ഇനത്തിൽ ബാങ്കിൽ നിക്ഷേപിച്ച തുക വിതരണം നടത്തിയിട്ടില്ലായെന്നും കാണുകയുണ്ടായി. ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന് മുമ്പ് പദ്ധതിപ്പണം പൂർണ്ണമായും പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ച ക്രമവിരുദ്ധമായ നടപടിമൂലം പദ്ധതിപ്പണം ചെലവഴിക്കപ്പെടാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുവാൻ കാരണമായി. സബ്സിഡി ഇനത്തിൽ ബാങ്കിൽ അധികം ഒടുക്കിയതുക തിരികെ ഈടാക്കുവാനും ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പുകൾ തുക ഫലപ്രദമായി ഉപയോഗിച്ചു എന്ന് ഉറപ്പുവരുത്തുവാനും നടപടി സ്വീകരിക്കേണ്ടതാണ്. ചെലവഴിച്ച 2,20,000 രൂപ തടസ്സപ്പെടുത്തുന്നു.

(ബി) വനിതാ ഘടക പദ്ധതിയിലെ ക്രമക്കേടുകൾ

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക നമ്പർ 3.2)

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പദ്ധതിയുടെ 25 ഗുണഭോക്താക്കളിൽ ആനുകൂല്യം കൈപ്പറ്റിയത് 12 പുരുഷന്മാർ.

മറ്റ് ക്രമക്കേടുകൾ,

1. 25 പേർക്ക് സ്വയംതൊഴിൽ സംരംഭത്തിന് സബ്സിഡിയിനത്തിൽ 10,000 രൂപ വീതം നൽകുന്നതിന് 2.5 ലക്ഷം രൂപ എസ്.ബി.ഐ.യുടെ കായംകുളം ശാഖയിൽ സബ്സിഡി അക്കൗണ്ടിൽ അടച്ചിരുന്നു (ലോൺ ആപ്ലിക്കേഷൻ തയ്യാറാക്കാതെ 25 പേരുടെ സബ്സിഡി ബാങ്കിൽ അടച്ചത് ശരിയല്ല.)
2. 19 പേർക്ക് ബാങ്കിൽ നിന്നും ലോൺ അനുവദിച്ചിരുന്നുവെങ്കിലും സബ്സിഡി തുക വിതരണം ചെയ്തിട്ടില്ലെന്ന് നേരിട്ടുള്ള അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടു.
3. ലോൺ അനുവദിക്കാത്ത 6 പേരുടെ സബ്സിഡി തുകയായ 60,000 രൂപ തിരികെ ശ്രീ. ഷംനാദിന്റെ പേരിൽ നൽകുവാൻ ചെക്കിന്റെ മറുവശത്ത് പഞ്ചായത്ത് പ്രസിഡന്റ് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 1-9-2006-ൽ കായംകുളം കാനറാ ബാങ്കിന്റെ ശാഖയിൽ ടിയാന്റെ സ്വകാര്യ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ എസ്.ബി.-5194) ടി തുക ക്രെഡിറ്റ് ചെയ്തു.
4. ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ടി അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ചിട്ടുണ്ടെന്ന് കാനറാ ബാങ്കിൽ നിന്നും അറിയിച്ചു.
5. ഇപ്രകാരം പിൻവലിച്ച തുക പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല. സബ്സിഡിയിനത്തിൽ പിൻവലിച്ച തുകയിൽ 60,000 രൂപ സ്വകാര്യ അക്കൗണ്ടിലേക്ക് മാറ്റി വി.ഇ.ഒ. ധനദുർവിനിയോഗം നടത്തി.

(സി) ട്രഷറിയിൽ നിന്നും പിൻവലിച്ച പദ്ധതി തുക വിതരണം ചെയ്തില്ല.

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ 3.17)

ഇരട്ട ലക്ഷംവീട് ഒറ്റവീടാക്കൽ എന്ന പദ്ധതിക്കായി നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. 30-3-2006-ൽ 2,85,917 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും 1,12,500 രൂപ മാത്രമേ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളൂ. ബാക്കിയായ 1,74,417 രൂപ ടി ഉദ്യോഗസ്ഥൻ കൈവശം വച്ചിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

**ചെറുകിട വ്യവസായം (വികലാംഗർ)**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ 3.19)

പഞ്ചായത്തിലെ സ്ഥിരതാമസക്കാരും വികലാംഗരുമായ 10 ഗുണഭോക്താക്കൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുക എന്ന പദ്ധതി

പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ബാങ്ക് ലോൺ ലഭ്യമാകുന്ന മുറയ്ക്ക് 10,000 രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ച് നൽകുക എന്നതായിരുന്നു ലക്ഷ്യം. പദ്ധതിക്കായി വകയിരുത്തിയിരുന്ന 1,00,000 രൂപ പിൻവലിച്ച് കാനറാ ബാങ്കിന്റെ കായംകുളം ശാഖയിൽ ഒടുക്കി. ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ അർഹത, ബാങ്ക് ലോൺ ലഭ്യമാക്കിയതിന്റെ രേഖകൾ, ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ തുടങ്ങിയവ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. നേരിട്ട് അന്വേഷണം നടത്തിയതിൽ 6 ഗുണഭോക്താക്കൾക്ക് മാത്രമാണ് വായ്പ ലഭ്യമായിട്ടുള്ളതെന്നും സബ്സിഡി ഇനത്തിൽ പിൻവലിച്ച തുക വിതരണം നടത്തിയിട്ടില്ലായെന്നും കാണുകയുണ്ടായി. ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനുമുമ്പ് പദ്ധതിപ്പണം പൂർണ്ണമായും പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ചത് ക്രമപ്രകാരമല്ല. ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പുകൾ ആയത് ഫലപ്രദമായി ഉപയോഗിച്ചുവെന്നതിനും രേഖകളില്ല. ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

**പദ്ധതി വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിൽ വീഴ്ച**

ലക്ഷങ്ങൾ ചെലവഴിക്കപ്പെടുന്ന പദ്ധതികളിൽ അവയുടെ ചെലവ് സംബന്ധിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കാതിരിക്കുന്ന പ്രവണത തുടർന്നുവരുന്നു. രേഖകളുടെ അഭാവം പദ്ധതി ഭൗതികലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്നു വിലയിരുത്തുന്നതിന് വിഘാതം സൃഷ്ടിക്കുന്നു. വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന വിവിധ പദ്ധതികളിൽ ട്രഷറിയിൽനിന്നും പിൻവലിച്ച തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതിരിക്കൽ, ബാക്കി തുക തിരികെ അടയ്ക്കാതിരിക്കുക എന്നീ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയവയിൽ മിക്ക പ്രധാന രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിവിധ സർക്കാർ/സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കുന്നില്ല. സർക്കാർ ഒരു സാമ്പത്തികവർഷം വിവിധ പദ്ധതികൾക്കായി ചെലവഴിക്കുന്ന തുകയിൽ എത്രമാത്രം പദ്ധതികൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നു എന്നത് വിലയിരുത്താൻ ചെലവ് രേഖകളിലൂടെ മാത്രമേ കഴിയൂ. ഓഡിറ്റ് സമയത്ത് ഫയലുകളും വൗച്ചറുകളും കൈപ്പറ്റ് രസീതുകളുടെ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ വൻതുക ഓഡിറ്റ് റിപ്പോർട്ടുകളിൽ തടസ്സമായി നിലനിൽക്കുന്നു. രേഖകൾ ഹാജരാക്കാത്തതുമൂലം പദ്ധതി വിലയിരുത്തുന്നത് സാധിക്കാത്ത ചില പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല/പഞ്ചായത്തിന്റെ പേര് | ഓ.റി. വർഷം/ ഖ. നമ്പർ | പദ്ധതി | തുക (രൂപ) |
|---|---|---|---|---|
| 1 | മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്ത് | 2006-07/ 3.6 | സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ | 38,45,859 |
| 2 | കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് | 2006-07/ 3.(1) എ.ജെ | വി.ഇ.ഒ നടപ്പിലാക്കിയ വിവിധ പദ്ധതികൾ | 4,26,500 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2008-09; ഓഡിറ്റ് ഖണ്ഡിക 3.5.5(എ), 3.5.5.(ബി), 3.5.5(സി), 3.7.1, ഓഡിറ്റ് റിപ്പോർട്ട് 2009-10; ഓഡിറ്റ് ഖണ്ഡിക 2.10)

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

51. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ ഉത്തരവാദിയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. എ. എം. ഷംനാദ് ഇപ്പോൾ സർവ്വീസിലുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിൽ ടിയാൻ സർവ്വീസിലുണ്ടെന്ന് കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥനെതിരെ ആലപ്പുഴ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്സ് (ഇൻ-ചാർജ്) സമിതിയെ ബോധിപ്പിച്ചു.

52. വി.ഇ.ഒ. ഓഫീസുകളിൽ പ്രത്യേകമായി ഹാജർ പുസ്തകം ഉണ്ടാകണമെന്നും എവിടെയൊക്കെ വി.ഇ.ഒ. ഓഫീസുണ്ടോ അവിടെയെല്ലാം ഹാജർ പുസ്തകം വയ്ക്കണമെന്നും ഇക്കാര്യങ്ങളിൽ ബന്ധപ്പെട്ട സെക്രട്ടറി പരിശോധന നടത്തണമെന്നും അഭിപ്രായപ്പെട്ട സമിതി ശ്രീ. എ. എം. ഷംനാദ് ഏതൊക്കെ ഓഫീസുകളിൽ ജോലി ചെയ്തു; എവിടെയെല്ലാം ടിയാനെതിരെ ആക്ഷേപം ഉയർന്നിട്ടുണ്ട്; ഉണ്ടെങ്കിൽ നിലവിലെ സ്ഥിതി എന്നിവയും ടിയാനെ എപ്പോഴാണ്, എങ്ങനെയാണ് സർവ്വീസിൽ തിരിച്ചെടുത്തത്, സർവ്വീസിൽ തിരിച്ചെടുക്കാനുണ്ടായ സാഹചര്യമെന്താണ് തുടങ്ങിയവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും പ്രസ്തുത വിഷയത്തിന്മേൽ വിജിലൻസ് കേസിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതിനും നിർദ്ദേശിച്ചു.

53. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് വിവിധ പദ്ധതികൾക്കുവേണ്ടി ചെലവാക്കിയ തുക സംബന്ധിച്ച രേഖകളുടെ പരിശോധന നാളിതുവരെ നടത്തിയിട്ടില്ലായെന്ന് താമരക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

54. വിവിധ പദ്ധതികൾക്കായി ചെലവാക്കിയ തുക സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാനും ആയതിന്റെ വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കാനും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**55. പഞ്ചായത്ത് സെക്രട്ടറിമാർ വി.ഇ.ഒ.മാരെ നിയന്ത്രിക്കുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. വി.ഇ.ഒ. ഓഫീസുകളിൽ പ്രത്യേകമായി ഹാജർ പുസ്തകം ഉണ്ടാകണമെന്നും എവിടെയൊക്കെ വി.ഇ.ഒ. ഓഫീസുണ്ടോ അവിടെയെല്ലാം ഹാജർ പുസ്തകം വയ്ക്കണമെന്നും ഇക്കാര്യങ്ങളിൽ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി പരിശോധന നടത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**56. പദ്ധതി നിർവ്വഹണം സംബന്ധിച്ച ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കാതിരിക്കുകയും പിന്നീട് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ മറുപടി നൽകാതിരിക്കുകയും ചെയ്ത വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. വി.ഇ.ഒ. ശ്രീ. എ. എം. ഷംനാദ് ഏതൊക്കെ ഓഫീസുകളിൽ ജോലി ചെയ്തു; എവിടെയെല്ലാം ടിയാനെതിരെ ആക്ഷേപം ഉയർന്നിട്ടുണ്ട്; ഉണ്ടെങ്കിൽ നിലവിലെ സ്ഥിതി, എന്നിവയും ടിയാനെ എപ്പോൾ, എങ്ങനെ സർവ്വീസിൽ തിരിച്ചെടുത്തു, സർവ്വീസിൽ തിരിച്ചെടുക്കാനുണ്ടായ സാഹചര്യമെന്ത് തുടങ്ങിയവ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും വിജിലൻസ് കേസ് നിലനിൽക്കുന്ന പരാമർശങ്ങളിന്മേൽ വിജിലൻസ് കേസിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**57. മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശ വിധേയമായ വിവിധ പദ്ധതികൾക്കായി ചെലവാക്കിയ തുക സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാനും ആയതിന്റെ വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കാനും സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

പുന്നപ്ര തെക്ക് പഞ്ചായത്ത്

**കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് പ്രവർത്തന മൂലധനം**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06, ഖണ്ഡിക നമ്പർ 3-7)

കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി വരുമാനം ലഭ്യമാകുന്ന സംരംഭങ്ങൾ സൃഷ്ടിക്കുന്നതിന് പദ്ധതി വിഹിതത്തിൽ നിന്നും 5,000 രൂപ വീതം റിവോൾവിംഗ് ഫണ്ട് അനുവദിച്ചുനൽകുന്നതായിരുന്നു പദ്ധതി. ഗ്രൂപ്പുകളുടെ

സമ്പാദ്യത്തിന് ആനുപാതികമായി നൽകുന്ന തുക ഗ്രൂപ്പുകളുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനു പകരം വ്യക്തികൾക്ക് ചെക്കായി നൽകുകയാണ് ചെയ്തത്. ടി തുക വിനിയോഗിച്ച് സ്വന്തമായി ബിസിനസ് ആരംഭിച്ചതിനും ബാങ്ക് ലോൺ ലഭ്യമാക്കിയതിനും രേഖകളില്ല. റിവോൾവിംഗ് ഫണ്ട് റിവോൾവ് ചെയ്യുന്നതിന് ധനസഹായം നൽകിയ തുക തിരികെ അടയ്ക്കുന്നതുമില്ല. പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2008-09; ഖണ്ഡിക 3.5.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

58. പ്രസ്തുത പ്രോജക്ടിന്റെ ഫയലുകൾ, ബാങ്ക് പാസ് ബുക്കുകൾ, അനുബന്ധ രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടോയെന്ന സമിതി ചോദ്യത്തിന് 2005-06 വർഷത്തിൽ കുടുബശ്രീ അയൽക്കൂട്ടങ്ങൾക്ക് പ്രവർത്തനമൂലധനം എന്ന പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ. ശ്രീ. കെ. ഫൈസൽ ആയിരുന്നെന്നും ആയത് കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട് അനുവദിച്ചു നൽകുന്ന പദ്ധതിയായിരുന്നെന്നും പഞ്ചായത്ത് സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 16-12-2013-ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് നടന്നപ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ടി പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ ഹാജരാക്കിയിരുന്നില്ലെന്നും 17-12-2013-ന് രേഖകൾ ഹാജരാക്കാമെന്നുള്ള കത്തും 26-12-2013-ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഫയൽ ഹാജരാക്കിയിട്ടുണ്ടെന്നുള്ള കത്തുമാണ് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ലഭിച്ചതെന്നും എന്നാൽ ഫയൽ ഹാജരാക്കിയിട്ടില്ല എന്നുള്ള വിവരമാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ചിരുന്നതെന്നും നിലവിൽ ടി ഫയൽ ഓഫീസിൽ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. റിവോൾവിംഗ് ഫണ്ട് നിലവിൽ ആരുടെ കൈവശമാണുള്ളതെന്ന സമിതി ചോദ്യത്തിന് അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിൽ വരവ് വയ്ക്കുകയും പഞ്ചായത്തിന് ആയത് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്ന് പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

59. പ്രസ്തുത വിഷയത്തിൽ വിശദമായ റിപ്പോർട്ട് രണ്ടാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**60. പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിലെ പരാമർശവിധേയമായ പ്രസ്തുത വിഷയത്തിന്മേൽ വിശദമായ റിപ്പോർട്ട് ബന്ധപ്പെട്ട രേഖകൾ സഹിതം രണ്ടാഴ്ചക്കുള്ളിൽ ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഓഡിറ്റ് നിരീക്ഷണങ്ങൾ - ത്രിതല പഞ്ചായത്തുകൾ**

**ലക്ഷങ്ങൾ ചെലവഴിച്ചിട്ടും; പൂർത്തീകരിക്കാത്ത; ലക്ഷ്യം നിറവേറ്റാത്ത; പദ്ധതികളെ സംബന്ധിച്ചുള്ള പൊതു നിരീക്ഷണം**

1998-99 മുതൽ 2005-06 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളിൽ പൊതുവായി കാണപ്പെട്ടിട്ടുള്ള ഓഡിറ്റ് നിരീക്ഷണം ക്രോഡീകരിച്ച് താഴെ കൊടുക്കുന്നു.

| | | | | | |
|---|---|---|---|---|---|
| 1 | 2003-04 | 2.10 | താമരക്കുളം ഗ്രാമ പഞ്ചായത്ത് | 9,12,305 | 24-3-1999-ൽ ആരംഭിച്ച അഞ്ച് പ്രവൃത്തികൾക്ക് മൊത്തം 9,12,305 രൂപ നിർമ്മിതി കേന്ദ്രം പ്രോജക്ട് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. (3/99 മുതൽ 3/04 വരെ) 3/04 ൽ പൂർത്തീകരിച്ച അറവു ശാല നാളിതുവരെ പ്രവർത്തന ക്ഷമമായിട്ടില്ല. പരിസ്ഥിതി നിയന്ത്രണ ബോർഡിന്റെയും മെഡിക്കൽ ബോർഡിന്റെയും അനുമതി ലഭിച്ചിട്ടില്ല. മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സൗകര്യം കണക്കിലെടുത്തിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

61. സമിതി പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് ആരാഞ്ഞതിന് 2003-04-ൽ പൂർത്തീകരിച്ച അറവുശാല നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ലായെന്നും ആധുനിക അറവുശാല സ്ഥാപിക്കുന്നതിന് ടി സ്ഥലം അപര്യാപ്തമായതിനാലും ജനവാസമുള്ള സ്ഥലത്തിനടുത്താണ് ടി കെട്ടിടം സ്ഥിതി ചെയ്യുന്നത് എന്നതിനാലും പരിസരവാസികളിൽ നിന്നുണ്ടായ എതിർപ്പുമൂലം ടി സ്ഥാപനം പ്രവർത്തന സജ്ജമാക്കാൻ കഴിയാതെ പോകുകയുണ്ടായിയെന്നും അറവുശാലയ്ക്കായി നിർമ്മിച്ച കെട്ടിടം എം.സി.എഫ്. ആയും സെഗ്രിഗേഷൻ സെന്റർ ആയും പ്രവർത്തന സജ്ജമാക്കുന്നതിന് പഞ്ചായത്ത്

തീരുമാനിച്ചിട്ടുണ്ടെന്നും ജൈവവും അജൈവവുമായ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിക്കുന്ന വർക്ക് ടി കെട്ടിടത്തിൽ നടന്നുകൊണ്ടിരിക്കുകയാണെന്നും താമരക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

62. താമരക്കുളം വെയിറ്റിംഗ് ഷെഡ്, വേടരപ്ലാവ് കുടുംബക്ഷേമ ഉപകേന്ദ്രം ചുറ്റുമതിൽ നിർമ്മാണം, ചാരുംമൂട് വെയിറ്റിംഗ് ഷെഡ് നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചോയെന്ന സമിതിയുടെ ചോദ്യത്തിന് എല്ലാ പദ്ധതികളും പൂർത്തീകരിക്കുകയുണ്ടായെന്നും നിലവിൽ അറവുശാല മാത്രമാണ് പൂർത്തീകരിക്കാത്ത പദ്ധതിയെന്നും താമരക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

63. അറവുശാല സംബന്ധിച്ച വിവരങ്ങൾ രേഖാമൂലം സമിതി മുമ്പാകെ ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

64. **താമരക്കുളം ഗ്രാമപഞ്ചായത്തിലെ പരാമർശവിധേയമായ അറവുശാല സംബന്ധിച്ച വിവരങ്ങൾ രേഖാമൂലം ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

| | | | | | |
|---|---|---|---|---|---|
| 1 | 2004-05 | 2(9) | മാവേലിക്കര താമരക്കുളം | 96,380 | വനിതാ കാന്റീൻ നിർമ്മാണം എന്ന പദ്ധതിപ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കി രണ്ടുവർഷം കഴിഞ്ഞിട്ടും പദ്ധതി വിഭാവനം ചെയ്തിരുന്ന പ്രകാരമുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയോ കാന്റീൻ നടത്തുന്നതിന് അനിവാര്യമായ വെള്ളവും വൈദ്യുതിയും ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. പദ്ധതി പണം വിനിയോഗിച്ചത് ലക്ഷ്യം കൈവരിച്ചിട്ടില്ല |

65. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**66. പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

| | | | | | |
|---|---|---|---|---|---|
| 1 | 2004-05 | 2(10) | മാവേലിക്കര താമരക്കുളം | 2,06,250 | പരിശീലനം നൽകിയ സ്ഥാപനം അംഗീകാരമുള്ളതാണെന്നതിനും നൽകിയ കോഴ്സിന് സർക്കാർ അംഗീകാരം നൽകിയതാണെന്നതിനും രേഖകളില്ല. കരാർ വ്യവസ്ഥകൾ പ്രകാരം സ്ഥാപനം പഞ്ചായത്തിൽ സ്ഥാപിച്ചിരിക്കുന്ന കമ്പ്യൂട്ടറുകളുടെയും അനുബന്ധ സാധനങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല. പരിശീലന പരിപാടിയിൽ പങ്കെടുത്തതായി രേഖപ്പെടുത്തിയിട്ടുള്ള 151 കുട്ടികളുടെയും കോഴ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ല. |

67. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**68. പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

ആറാട്ടുപ്പുഴ ഗ്രാമപഞ്ചായത്ത്

**പദ്ധതി നിർവ്വഹണത്തിനുവേണ്ടി ഗുണഭോക്തൃ വിഹിതം പിരിച്ചത് - പഞ്ചായത്ത് രസീത് ഉപയോഗിച്ചിട്ടില്ല - ഗുരുതരമായ സാമ്പത്തിക ക്രമക്കേട്**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07, ഖണ്ഡിക നമ്പർ: 2-35)

2006-07 വർഷം വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ 3 പ്രോജക്ടുകൾക്ക് ഗുണഭോക്തൃ വിഹിതം അംഗീകൃത പദ്ധതി രേഖയിൽ വിഭാവനം ചെയ്തിരുന്നു. ഗ്രാമപഞ്ചായത്ത് പദ്ധതികൾ നിർവ്വഹിക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്മാർ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന ഗുണഭോക്തൃ വിഹിതം ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്ന രസീതുപയോഗിച്ച് ഗുണഭോക്താക്കളിൽ നിന്നും ശേഖരിക്കണമെന്നും ഇപ്രകാരം ലഭിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിൽ അടച്ച്

ആവശ്യാനസരണം ചെലവഴിക്കേണ്ടതുമാണെന്ന് വിവിധ സർക്കുലറുകളിലൂടെ സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. എ. എം. ഷംനാദ് ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചില്ല. പഞ്ചായത്തിലെ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരായ കൃഷി ഓഫീസർ, വെറ്ററിനറി സർജൻ മുതലായവർ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ നിന്നും രസീതുബുക്കുകൾ വാങ്ങിയിട്ടുണ്ട്. പഞ്ചായത്തിലെ രസീതുബുക്കുകൾ ഉപയോഗിക്കാതെ വി.ഇ.ഒ. വെള്ളപേപ്പറിൽ സ്വന്തം കൈപ്പടയിലെഴുതിയാണ് ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റിയിരിക്കുന്നത്. ഈ പിരിവിൽ താഴെ പറയുന്ന ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്തിന്റെ രസീതുബുക്കുകളുപയോഗിക്കാത്തതിനാൽ എത്ര ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിച്ചു എന്നതിന് രേഖയില്ല.

2. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനമില്ലാതെ ടിയാൾ പെരുമ്പള്ളി സർവ്വീസ് സഹകരണ ബാങ്കിൽ വി.ഇ.ഒ. ആറാട്ടുപുഴ എന്ന പേരിൽ അക്കൗണ്ട് തുടങ്ങുകയും (നമ്പർ 2184) ആയതിൽ 19-3-2007 മുതൽ 27-4-2007 വരെയുള്ള വിവിധ തീയതികളിലായി 3,60,500 രൂപ ഗുണഭോക്തൃ വിഹിതമായി നിക്ഷേപിച്ചിട്ടുള്ളതായും കാണുന്നു. പഞ്ചായത്ത് ഫണ്ടിൽ ടി തുക ഇപ്രകാരം സ്വന്തം അക്കൗണ്ടിൽ നിക്ഷേപിച്ചത് ഗുരുതരമായ ക്രമക്കേടാണ്.

ഗുണഭോക്തൃ വിഹിതം വിഭാവനം ചെയ്തിരുന്നതും പദ്ധതി സഹായം കൈപ്പറ്റിയതായും കാണിച്ചിട്ടുള്ള പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് വിഹിതം | | പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന ഗുണഭോക്താക്കളുടെ എണ്ണം | പദ്ധതി സഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം | പദ്ധതി സഹായം കൈപ്പറ്റിയവരിൽ നിന്നും ലഭിക്കേണ്ട ഗുണഭോക്തൃ വിഹിതം |
|---|---|---|---|---|
| 1. | സോപ്പ്പൊടി നിർമ്മാണം പ്രോജക്ട് നമ്പർ 007/06-07 | 80 | 68 | 170000 (68-2500) |
| 2 | കയർനിർമ്മാണ യൂണിറ്റ് പ്രോജക്ട് നമ്പർ 008/06-07 | 80 | 65 | 162500 (65-2500) |
| 3. | പുരുഷസംഘങ്ങൾക്ക് മൈക്രോ സംരംഭം പ്രോജക്ട് നമ്പർ 009/06-07 | 16 | 16 | 40000 (16-2500) |
| **ആകെ** | | 176 | 149 | **372500** |

ഇപ്രകാരം പദ്ധതി ധനസഹായം കൈപ്പറ്റിയതായി നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കി വെച്ചിരിക്കുന്ന രേഖകൾ പ്രകാരം തന്നെ ഗുണഭോക്തൃ വിഹിതയിനത്തിൽ 3,72,500 രൂപ ടി ബാങ്ക് അക്കൗണ്ടിൽ വരവ് വരേണ്ടതാണ്. എന്നാൽ ടി അക്കൗണ്ടിൽ 19-3-2007 മുതൽ 26-4-2007 വരെ ആകെ 3,60,500 രൂപ മാത്രമാണ് വരവ് വന്നിരിക്കുന്നത്. ഇവിടെ ആകെ വരേണ്ട തുകയിൽ 12,000 രൂപ (372500-360500) കുറവായാണ് അടച്ചിരിക്കുന്നത്.

ടി അക്കൗണ്ട് പരിശോധിച്ചതിൽ ടി അക്കൗണ്ടിൽ നിന്നും തുക കൈപ്പറ്റേണ്ട എഗ്രിമെന്റ് വെച്ച കരാറുകാർ (സോപ്പുപൊടി വിതരണം, ചകിരി വിതരണം എന്നിവയ്ക്കുവേണ്ടി) സഹായധനം കൈപ്പറ്റേണ്ട പുരുഷസംഘങ്ങൾ എന്നിവരിൽ ഒന്നും ഉൾപ്പെടാത്ത വിധു എന്ന വ്യക്തിക്ക് 11-7-2007 ലെ 11644-ാം നമ്പർ ചെക്ക് പ്രകാരം 45,000 രൂപ നൽകിയിരിക്കുന്നു. പദ്ധതി പ്രവർത്തനവുമായി ബന്ധമില്ലാത്ത ഈ വ്യക്തിക്ക് പണം നൽകിയത് ഗുരുതരമായ സാമ്പത്തിക ക്രമക്കേടാണ്. മാത്രമല്ല ടി അക്കൗണ്ടിൽ ഓഡിറ്റ് സമയം വരെ 3000 രൂപ നീക്കിയിരുപ്പായി അവശേഷിക്കുകയും ചെയ്യുന്നു. ഇതിൽ നിന്നെല്ലാം തന്നെ ടിയാൻ ഗുണഭോക്തൃ വിഹിതം പിരിവിൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാണ്. ആയതിനാൽ അനധികൃതമായി ആരംഭിച്ച ടി അക്കൗണ്ടിൽ നിന്നും പിൻവലിച്ച 45,000 രൂപയും പിരിച്ചതായി കാണിച്ചിരിക്കുന്ന തുകയിൽ നിന്നും കുറവായി അടച്ച 12,000 രൂപയും ഉൾപ്പെടെ 57,000 രൂപ ടിയാനിൽ നിന്നും ഈടാക്കേണ്ടതും ഈ പിരിവിനെ കുറിച്ചും പദ്ധതി നടത്തിപ്പിനെക്കുറിച്ചും വിശദമായ അന്വേഷണം നടത്തേണ്ടതുമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2009-10; ഖണ്ഡിക 3.4.1(i))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

69. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2006-07 വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ 3 പ്രോജക്ടുകൾക്ക് ഗുണഭോക്തൃ വിഹിതം അംഗീകൃത പദ്ധതി രേഖയിൽ വിഭാവനം ചെയ്തിരുന്നെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്ന രസീത് ഉപയോഗിച്ച് പഞ്ചായത്ത് ഫണ്ടിൽ അടച്ച് ആവശ്യാനുസരണം ചെലവഴിക്കേണ്ടതാണെന്നും എന്നാൽ ടി ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എം. ഷംനാദ് പഞ്ചായത്ത് രസീത് ബുക്ക് ഉപയോഗിക്കാതെ വെള്ള പേപ്പറിൽ സ്വന്തം കൈപ്പടയിലെഴുതിയാണ് ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കളിൽനിന്നും കൈപ്പറ്റിയിരിക്കുന്നതെന്നും ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

70. 2006-07-ൽ വ്യാജ രസീത് ഉപയോഗിച്ച് തട്ടിപ്പ് നടത്തിയതിന് എം. ഷംനാദിനെതിരെ പഞ്ചായത്ത് അധികൃതർ പോലീസിൽ കേസ് കൊടുത്തശേഷം പ്രസ്തുത കേസിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**71. ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ 2006-07 വർഷം നടപ്പിലാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിൽ വ്യാജ രസീത് ഉപയോഗിച്ച് തട്ടിപ്പ് നടത്തിയതിന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എം. ഷംനാദിനെതിരെ പഞ്ചായത്ത് അധികൃതർ പോലീസിൽ കേസ് നൽകിയ ശേഷം പ്രസ്തുത കേസിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**എസ്.സി. വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം - പദ്ധതി ധനം മുൻകൂറായി നൽകി പദ്ധതി പ്രവർത്തനം നടത്തിയിട്ടില്ല.**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ 2-31

(പ്രോജക്റ്റ് നമ്പർ എസ്. 080/06-07)

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അർഹരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുക എന്ന ഉദ്ദേശത്തോടുകൂടി ആവിഷ്കരിച്ച ഒരു പദ്ധതിയാണിത്.

അംഗീകൃത പദ്ധതി രേഖ പ്രകാരം വിവിധ വാർഡുകളിലെ ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുക്കുന്ന എട്ട് ഗുണഭോക്താക്കൾക്ക് പരിശീലനം നൽകാൻ പദ്ധതി ധനത്തിൽ നിന്നും 50,000 രൂപ ചെലവഴിക്കുവാനാണ് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിരുന്നത്.

പരിശീലനം നൽകുന്നതിന് യോഗ്യമായ സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ യാതൊരുവിധ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. എന്നാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 6-11-2006 ലെ 1(1) (11)-ാം നമ്പർ തീരുമാനപ്രകാരം റീ ടെണ്ടർ ചെയ്യുവാൻ തീരുമാനിച്ചതായി കാണുന്നു. എന്നാൽ ഏതുകാരണത്താലാണ് ഇപ്രകാരം ഒരു തീരുമാനമെടുത്തതെന്ന് വ്യക്തമല്ല. എത്ര ക്വട്ടേഷൻ ലഭിച്ചുവെന്നോ, അതോ ക്വട്ടേഷൻ ഒന്നും തന്നെ ലഭിച്ചിട്ടില്ലേയെന്നുമുള്ള വിവരങ്ങളൊന്നും തന്നെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി ഇപ്രകാരം ഒരു തീരുമാനം എടുത്തുവെങ്കിലും പിന്നീട് വീണ്ടും ക്വട്ടേഷൻ ക്ഷണിച്ചതിന്റെയോ ഇതിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ലഭിച്ചതിന്റെയോ ഒന്നും തന്നെ വിവരങ്ങൾ ഫയലിൽ ഇല്ല. എന്ന് മാത്രമല്ല പഞ്ചായത്ത് കമ്മിറ്റിയുടെ മിനിട്ട്സിൽ ടി വിഷയത്തെപ്പറ്റി യാതൊരു തീരുമാനവും എടുത്തതായി കാണുന്നില്ല.

എന്നാൽ ഇതൊന്നും പരിഗണിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. 28-12-2006-ൽ ഷൈലേന്ദ്രൻ, കമിത്തറയിൽ, കള്ളിക്കാട് എന്ന വ്യക്തിയെ ഈ പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുത്തു എന്ന് കാണിച്ച് കരാർ വെക്കാനാവശ്യപ്പെട്ടു. എന്നാൽ ടിയാന്റെ പേരിൽ വാങ്ങിച്ചിട്ടുള്ള മുദ്രപത്രം യാതൊരു രേഖപ്പെടുത്തലും വരുത്താതെ ഫയലിൽ ഇട്ടിട്ടുണ്ട്. എന്നുമാത്രമല്ല പദ്ധതി നടത്തിപ്പിനുവേണ്ടി പദ്ധതിരേഖയിൽ വകയിരുത്തിയിരുന്ന മുഴുവൻതുകയും (50,000 രൂപ) ഈ വ്യക്തിക്ക് കൊടുക്കുകയും ചെയ്തിട്ടുണ്ട്. (ഡി.ഡി. നമ്പർ 473609 തീയതി കാണിച്ചിട്ടില്ല) ഈ വ്യക്തിക്ക് സ്വന്തമായി കമ്പ്യൂട്ടർ ട്രെയിനിംഗ് നൽകുന്നതിന് യോഗ്യമായ ട്രെയിനിംഗ് സെന്റർ ഉണ്ടോ, ഒരു ഗുണഭോക്താവിന് ട്രെയിനിംഗ് നൽകുന്നതിന് എന്ത് ചെലവാകും, ഏത് കോഴ്സിലാണ് ട്രെയിനിംഗ് നൽകുക, പ്രതിഫലം നൽകേണ്ടവിധം, പരിശീലനത്തിന് ശേഷം നൽകേണ്ട സർട്ടിഫിക്കറ്റുകൾ, കോഴ്സിന്റെ കാലാവധി ഇവയൊന്നും തന്നെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്താതെ യാതൊരു കരാറും ചമയ്ക്കാതെയാണ് ഷൈലേന്ദ്രൻ എന്ന വ്യക്തിക്ക് പണം നൽകിയിരിക്കുന്നത്. മുൻകൂറായി പദ്ധതി നടത്തിപ്പിനുവേണ്ടി വകയിരുത്തിയ പണം മുഴുവൻ നൽകിയെങ്കിലും ആർക്കും തന്നെ പരിശീലനം നൽകിയിട്ടില്ല. തുടർന്ന് തീയതി വയ്ക്കാത്ത കത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തുക തിരിച്ചടയ്ക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും തുക നാളിതുവരെ തിരിച്ചടച്ചിട്ടില്ല. 50,000 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ശ്രീ. എം. ഷംനാദ്, വി,ഇ.ഒ.യിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ: ശ്രീ. ഷംനാദ് (വി.ഇ.ഒ.), പ്രദാൻമൂട്,

പ്രദാൻമൂട് ജംഗ്ഷൻ, കായംകുളം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2009-10; ഖണ്ഡിക 3.4.1(ii))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

72. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**73. ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്

**ഇരട്ട ലക്ഷംവീട് ഒറ്റയാക്കൽ - പദ്ധതി നിർവ്വഹിക്കാതെ വ്യാജ രേഖകൾ തയ്യാറാക്കി ട്രഷറിയിൽ നിന്നും പണം പിൻവലിച്ചു**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07, ഖണ്ഡിക നമ്പർ 2-26

ഗ്രാമപഞ്ചായത്തിൽ ഇരട്ടലക്ഷം വീടുകളിൽ താമസിക്കുന്നവരുടെ വീടുകൾ ഒറ്റയാക്കുന്ന പദ്ധതിയ്ക്കായി 33,00,000 രൂപ നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ. ട്രഷറിയിൽനിന്നും മാറി 14 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രാദേശിക പരിശോധന നടത്തിയതിൽ ഈ വ്യക്തികളുടെ ആരുടെയും വീടുകൾ ഒറ്റവീടാക്കിയിട്ടില്ല എന്ന് ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിലുള്ള അന്വേഷണത്തിൽ ഗുണഭോക്താക്കൾക്ക് ആർക്കുംതന്നെ തുക ലഭ്യമാക്കിയിട്ടില്ല എന്ന് ഗുണഭോക്താക്കൾ രേഖാമൂലം ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്.

ഇപ്രകാരം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുവാനെന്ന പേരിൽ ട്രഷറിയിൽനിന്നും പദ്ധതി ധനം പിൻവലിക്കുകയും അതിനുശേഷം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി വ്യജരേഖയുണ്ടാക്കി പൊതുപണം ദുർവിനിയോഗം ചെയ്യുകയും ചെയ്ത വി.ഇ.ഒ.യുടെ നടപടി ഗുരുതരമായ ക്രമക്കേടായി ഓഡിറ്റിൽ കണക്കാക്കുന്നു. ആയതിനാൽ ടി തുക 12% പലിയടക്കം ഉത്തരവാദിയായ വി.ഇ.ഒ.യിൽ നിന്നും ഈടാക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ: ശ്രീ. എ. ഷംനാദ്, (വി.ഇ.ഒ.), പ്രദാൻമൂട്,

പ്രദാൻമൂട് ജംഗ്ഷൻ, കായംകുളം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2009-10; ഖണ്ഡിക 3.8.4(i))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

74. ഇരട്ടലക്ഷം വീട് ഒറ്റയാക്കൽ പദ്ധതി നിർവ്വഹിക്കാതെ വ്യാജ രേഖകൾ തയ്യാറാക്കി ട്രഷറിയിൽ നിന്നും പണം പിൻവലിച്ച നിർവ്വഹണ ഉദ്യോഗസ്ഥനെതിരെ വിജിലൻസ് കേസെടുത്തിട്ടുണ്ടോയെന്ന സമിതി ചോദ്യത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ 3,34,758 രൂപ ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കിയതായി അറിയിച്ചിട്ടുണ്ടെന്നും എന്നാലും ഇതിന്മേൽ അന്വേഷണം ആവശ്യമാണെന്നതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് കേസെടുത്തിട്ടുള്ളതും കോട്ടയം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ

ജഡ്ജസ് വിജിലൻസ് കോടതിയുടെ പരിഗണനയിലാണെന്നും 1-11-2019 മുതൽ വിചാരണ ആരംഭിക്കുമെന്നും അറിയിച്ചിട്ടുള്ളതായി ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

75. പ്രസ്തുത വിഷയം സംബന്ധിച്ച് പഞ്ചായത്ത് ഭരണസമിതി ചർച്ച നടത്തിയില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് പഞ്ചായത്ത് ഭരണ സമിതി ടി വിഷയം ചർച്ച ചെയ്യുകയും വിജിലൻസ് കേസെടുക്കുകയും മൂന്ന് കേസുകൾ അന്വേഷിക്കുകയും ചെയ്തുവെന്നും ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

76. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**77. ഉത്തരവാദിയായ ഉദ്യോഗസ്ഥൻ വി.ഇ.ഒ. ആയ ശ്രീ. എ. ഷംനാദിൽ നിന്നും തുക ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്നും വിജിലൻസ് കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

**ഖരമാലിന്യ നിർമ്മാർജ്ജനം - പദ്ധതിവിഹിതത്തിൽ നിന്നും 7,00,000 രൂപ മാനദണ്ഡങ്ങൾ മറികടന്ന് ചെലവഴിച്ചു**

പ്രോജക്ട് നമ്പർ 05/07-08 അടങ്കൽ 7,00,000 രൂപ (പദ്ധതി വിഹിതം)

ചെലവഴിച്ച തുക: 7,00,000 രൂപ ബിൽ 9/07-08 തീയതി: 31-3-2008

ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം

നമ്പർ 504/07/ഡി.പി.ഒ/ആലപ്പുഴ/ഡിപിസി/14-11-2007.

2007-08 വർഷം പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി വിഹിതമുപയോഗിച്ച് നടപ്പിലാക്കിയ ഒരു പദ്ധതിയായിരുന്നു ഇത്. തൻവർഷം 7,00,000 രൂപ ചെലവഴിക്കപ്പെട്ട ഈ പദ്ധതിയുടെ അംഗീകൃത പദ്ധതിരേഖകൾ പ്രകാരം തുക വകയിരുത്തിയിട്ടുള്ളതിന്റേയും ചെലവഴിച്ചിട്ടുള്ളതിന്റെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | പഞ്ചായത്ത്തല ശിൽപ്പശാല | 3,000 | നോട്ടീസ്, ബാനർ, ഭക്ഷണം എന്നിവയ്ക്ക് |
| 2 | വാർഡ്തല ശിൽപശാല | 17,000 | വാർഡ് 1 ന് 1000 രൂപ വീതം |
| 3 | മലിനജലം ഒഴുക്കിക്കളയുന്ന പ്രവർത്തനം | 5,10,000 | മസ്റ്റർ റോൾ പ്രകാരം തൊഴിലാളികൾക്ക് നൽകിയത് |
| 4. | കൃഷിക്ക് വിത്ത്, വളം | 1,67000 | കായിപ്പുറം എസ്.സി.ബി. കേരള കാർഷിക സർവ്വകലാശാല എന്നിവയ്ക്ക് നൽകിയത് |
| 5. | ട്രാൻസ്പോർട്ടിംഗ് ചാർജ്ജ്, പാക്കിംഗ് ചാർജ്ജ് | 3,000 | - |
| | ആകെ | 7,00,000 | |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ ഗുരുതരമായ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 9-5-2005-ലെ ജി.ഒ.(ആർടി)1875/05-ാം നമ്പർ ഉത്തരവുപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഖരമാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകേണ്ട ഏജൻസി ക്ലീൻകേരള മിഷൻ മാത്രമാണ്. എന്നാൽ ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ അപ്രകാരം അനുമതി വാങ്ങിയിട്ടില്ല.

2. ഖരമാലിന്യ സംസ്കരണമെന്ന പേരിൽ നടപ്പിലാക്കിയ ഈ പദ്ധതിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലോ വ്യക്തിഗത ഗുണഭോക്താക്കൾക്കോ മാലിന്യ സംസ്കരണത്തിനായി പ്ലാന്റ് നിർമ്മിച്ചിട്ടില്ല. പകരം വിവിധ വാർഡുകളിലായി തോടുകൾ വെട്ടി വൃത്തിയാക്കി എന്നപേരിൽ തൊഴിലാളികൾക്ക് കൂലിയിനത്തിൽ 5,10,000 രൂപ ചെലവഴിച്ചതായി റോളിൽ കാണിച്ചിരിക്കുന്നു.

2007-08 വർഷം സാമ്പത്തിക മേഖലയിലുൾപ്പെടുത്തി കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തോട് വെട്ട് എന്ന ഒരു പദ്ധതി നടപ്പിലാക്കുകയും ആയതിനുവേണ്ടി 1,83,500 രൂപയും കുളംവെട്ട് പദ്ധതിക്കായി 3,16,000 രൂപയും പദ്ധതിവിഹിതത്തിൽ നിന്നും ചെലവഴിച്ചിരിക്കെയാണ് ഖരമാലിന്യ നിർമ്മാർജ്ജന പ്ലാന്റ് എന്ന പദ്ധതി പ്രകാരം 5,10,000 രൂപ തോട്വെട്ടിന് വേണ്ടി മാത്രം വീണ്ടും ചെലവഴിച്ചിരിക്കുന്നത്. ഇപ്രകാരം വെട്ടിയിട്ടുള്ള തോടുകൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല. ഗ്രാമസഭയിൽ പദ്ധതിക്കുള്ള ഗുണഭോക്തൃ പ്രദേശം തെരഞ്ഞെടുത്തതായും കാണുന്നില്ല.

3. ഖരമാലിന്യ സംസ്കരണമെന്ന ഈ പദ്ധതി പ്രകാരം ആകെ ചെലവഴിക്കപ്പെട്ട 7,00,000 രൂപയിൽ 1,20,000 രൂപ വേപ്പിൻ പിണ്ണാക്ക്, വേപ്പെണ്ണ എന്നിവ വാങ്ങുന്നതിന് (7500 കിലോ വേപ്പിൻപിണ്ണാക്ക് 14 രൂപ പ്രകാരം 1,05,000, വേപ്പെണ്ണ 150 കി. 100 രൂപ പ്രകാരം 15,000 ആകെ 1,20,000) കായിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. 1300-ന് നൽകിയതും 47,000 രൂപ പച്ചക്കറി വിത്തുകൾ വാങ്ങിയതിന് അസോസിയേറ്റ് ഡയറക്ടർ, റീജിയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ, കുമരകം എന്ന സ്ഥാപനത്തിന് നൽകിയതുമാണ്. എന്നാൽ, ഇതേ വർഷം തന്നെ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കാർഷിക മേഖലയിലുൾപ്പെടുത്തി സമഗ്ര പച്ചക്കറി കൃഷി, സമഗ്ര പുരയിട കൃഷി എന്നിവയ്ക്കായി ലക്ഷക്കണക്കിന് രൂപ പച്ചക്കറി വിത്തുകളും വളങ്ങളും വാങ്ങുവാനായി ചെലവഴിച്ചിട്ടുണ്ട്. വസ്തുത ഇതായിരിക്കേ, ഖരമാലിന്യ നിർമ്മാർജ്ജനം എന്ന പേരിൽ ഈ പദ്ധതിയ്ക്കായി തുക ചെലവഴിച്ചത് അംഗീകരിക്കാവുന്നതല്ല. (2 സ്ഥാപനങ്ങളുടെയും ഒറിജിനൽ ബിൽ ഹാജരാക്കിയിട്ടില്ല.)

4. ഇപ്രകാരം വാങ്ങിയ പച്ചക്കറി വിത്തുകളും വളങ്ങളും ആരെങ്കിലും കൈപ്പറ്റിയതിന് യാതൊരു രേഖകളുമില്ല.

5. സാംക്രമിക രോഗ നിവാരണം മാസ്സ് ക്ലോറിനേഷൻ എന്നിങ്ങനെ 2 പദ്ധതികൾ മെഡിക്കൽ ഓഫിസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആരോഗ്യ മേഖലയിൽ ഇതേ വർഷംതന്നെ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന് തൻവർഷം 42,554 രൂപ (31,048+11,506) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വീണ്ടും ഇതേ ഉദ്ദേശ ലക്ഷ്യങ്ങൾ ഉൾപ്പെടുത്തിയാണ് ഖരമാലിന്യ നിർമ്മാർജ്ജനം എന്ന പേരിൽ തുക ചെലവഴിച്ചിരിക്കുന്നത്.

6 ചുരുക്കത്തിൽ ഖരമാലിന്യ നിർമ്മാർജ്ജനം എന്ന പേരിൽ അംഗീകാരം വാങ്ങിയ ഈ പദ്ധതിയിൽ അതുമായി ബന്ധപ്പെട്ട് യാതൊരുവിധ പ്രവർത്തനങ്ങളും നടത്തിയിട്ടില്ല. തോടുവെട്ടുമായി ബന്ധപ്പെട്ട് ഹാജരാക്കിയ ഭൂരിപക്ഷം മസ്റ്റർറോളുകളിലും ഏത് മാസമാണ് വേല നിർവ്വഹിച്ചതെന്നുപോലും രേഖപ്പെടുത്തിയിട്ടില്ല. ഈ പദ്ധതി പ്രകാരം ചെലവഴിക്കപ്പെട്ട തുക പഞ്ചായത്തിന്റെ വികസനത്തിന് യാതൊരുതരത്തിലും ഉപകാരപ്പെടാതെ പാഴായതായി ഓഡിറ്റിൽ കരുതുന്നു. ഏതുവിധേനയും പദ്ധതിപ്പണം ചെലവഴിക്കാനുള്ള ഒരുപാധി മാത്രമായാണ് ഈ പദ്ധതി നടപ്പിലാക്കിയതെന്നും ഓഡിറ്റിൽ കരുതുന്നു. പദ്ധതി നിർവ്വഹണം സംബന്ധിച്ചോ ആയതിന്റെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ചോ യാതൊരുവിധ മോണിറ്ററിംഗും നിർവ്വഹിക്കപ്പെട്ടിട്ടില്ലായെന്നതും ശ്രദ്ധേയമാണ്. മേൽ സൂചിപ്പിച്ച അപാകതകളുടെ വെളിച്ചത്തിൽ പദ്ധതി ലക്ഷ്യങ്ങൾക്ക്

വിരുദ്ധമായി ചെലവഴിച്ച 7,00,000 രൂപയിൽ പദ്ധതി നിർദ്ദേശങ്ങളിൽ ഉൾപ്പെടാത്ത പച്ചക്കറി വിത്തും വളവും വാങ്ങിയതിന്റെ ചെലവായി കാണിച്ച 1,70,000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സർക്കാർ നിർദ്ദേശാനുസരണമുള്ള മസ്റ്ററുകളുടെയും അനുബന്ധ രേഖകളുടേയും അഭാവത്തിൽ തോടുവെട്ടിനും മറ്റുമായി ചെലവഴിച്ച 5,10,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2009-10; ഖണ്ഡിക 3.8.6(i))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

78. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2007-08-ൽ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാഥമിക ആരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതിയെന്നും ടി പ്രോജക്ടിന്റെ പേരു സൂചിപ്പിക്കുന്നതുപോലെ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിച്ച് മാലിന്യ സംസ്കരണം നടത്തുന്ന ഒരു പദ്ധതിയായിരുന്നില്ല ഇതെന്നും ടി പ്രദേശത്തെ മലിനമായിക്കിടക്കുന്ന തോടുകൾ വൃത്തിയാക്കുക എന്നുള്ളതായിരുന്നു പദ്ധതിയുടെ ഉദ്ദേശമെന്നും ഇതിന്റെ അടങ്കൽ തുക 7,00,000 രൂപയാണെന്നും കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

79. ടി പദ്ധതി വിജയകരമായി നടപ്പിലാക്കാൻ സാധിച്ചോയെന്ന സമിതിയുടെ ചോദ്യത്തിന് പദ്ധതി വിജയകരമായി നടപ്പിലാക്കാൻ സാധിച്ചെന്നും തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഉപയോഗയോഗ്യമല്ലാതെ കിടന്ന തോടുകളും കുളങ്ങളും വൃത്തിയാക്കുന്നുണ്ടെന്നും കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. വിത്തും വളവും കൈപ്പറ്റിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കാതിരുന്നതിനുള്ള കാരണം സമിതി ആരാഞ്ഞതിന് പച്ചക്കറി വിത്തുകളും വളങ്ങളും കൈപ്പറ്റിയതിന്റെ രേഖകളുടെ ഒർജിനൽ വൗച്ചർ സമർപ്പിക്കാത്തതുകൊണ്ടാണ് ഓഡിറ്റിന്റെ പ്രാദേശിക പരിശോധനാ വേളയിൽ ഹാജരാക്കാൻ സാധിക്കാതിരുന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറെ ബോദ്ധ്യപ്പെടുത്തി ഉടൻതന്നെ രേഖകൾ ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

80. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**81. കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശ വിധേയമായ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ വിത്തും വളവും കൈപ്പറ്റിയതിന്റെ രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

ചെന്നിത്തല-തൃപ്പെരുംതുറ ഗ്രാമപഞ്ചായത്ത്

**നിയമവിരുദ്ധമായി കെട്ടിട നികുതി ഒഴിവാക്കി**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 2(1)

- 207895 രൂപയുടെ കെട്ടിട നികുതി നിയമ വിരുദ്ധമായി എഴുതിത്തള്ളി.
- ഒന്നിലധികം കെട്ടിടങ്ങൾ ഉള്ളവരുടേയും വലിയ കെട്ടിടങ്ങളുള്ളവരുടേയും നികുതി ദരിദ്രരുടെ പേരിൽ എഴുതിത്തള്ളി.

ഗ്രാമപഞ്ചായത്തിൽ ദാരിദ്ര്യം മൂലം കെട്ടിട നികുതി ഒടുക്കുവാൻ ബുദ്ധിമുട്ടുന്ന ആളുകളുടെ 1000 രൂപയിൽ കവിയാത്ത കെട്ടിടനികുതി കേരള പഞ്ചായത്ത് രാജ് കടങ്ങൾ എഴുതിത്തള്ളൽ നിയമം അനുസരിച്ച് എഴുതിത്തള്ളുന്നതിന് 12-3-2008-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു. (തീരുമാനം-5(2)) പഞ്ചായത്തിലെ 11 വാർഡുകളിൽപ്പെട്ട 2000 പേരുടെ കെട്ടിട നികുതി ഇതനുസരിച്ച് ഒഴിവാക്കി നൽകിയതായാണ് മിനിട്ട്സിലെ രേഖ. വാർഷിക കണക്കുപ്രകാരം കുടിശ്ശിക 57,517 രൂപയും, തൻവർഷത്തെ 1,40,478 രൂപയും, ലൈബ്രറി സെസ് 9900 രൂപയും ഉൾപ്പെടെ ആകെ 2,07,895 രൂപ കെട്ടിടനികുതിയിനത്തിൽ എഴുതിത്തള്ളിയിട്ടുണ്ട്. ഇങ്ങനെ എഴുതിത്തള്ളിയ കെട്ടിട നികുതിയിൽ നല്ലൊരുഭാഗം 100 രൂപ മുതൽ 1000 രൂപ വരെ കെട്ടിട നികുതി ചുമത്തപ്പെട്ട വലിയ കെട്ടിടങ്ങളുടേതാണെന്ന് മിനിട്ട്സിലെ രേഖകളിൽ നിന്നും വ്യക്തമാകുന്നു. മാത്രമല്ല, ഒരേ ആളിന്റെ പേരിലുള്ള ഒന്നിലധികം കെട്ടിടങ്ങളുടെ നികുതിയും നിയമവിധേയമല്ലാതെ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഒഴിവാക്കലിന് ആധാരമായ രേഖകളൊന്നും ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കെട്ടിട നികുതി ഒഴിവാക്കിയ ഏതാനും വ്യക്തികളുടെ പേരിനുനേരെ വിമുക്തഭടൻ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കെട്ടിട ഉടമകളുടെ അപേക്ഷയോ വിമുക്തഭടനാണെന്നതിനുള്ള രേഖകളോ ലഭ്യമാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത്‌രാജ് (കെട്ടിടനികുതിയും അതിന്മേലുള്ള സർച്ചാർജ്ജും) ചട്ടങ്ങൾ (ചട്ടം 20) പ്രകാരം പഞ്ചായത്തിന് ഏതെങ്കിലും വ്യക്തിയെ ദാരിദ്ര്യത്തിന്റെ കാരണത്താൽ കെട്ടിടനികുതി അടയ്ക്കുന്നതിൽനിന്നും മുഴുവനായോ ഭാഗികമായോ ഒഴിവാക്കാവുന്നതാണ്. എന്നാൽ ഈ ചട്ടപ്രകാരമുള്ള ഒഴിവാക്കൽ ഒരേസമയം ഒരു വർഷത്തിൽ കൂടുതൽ കവിയാൻ പാടുള്ളതല്ല. എന്നു മാത്രമല്ല, ഇപ്രകാരമുള്ള ഒഴിവാക്കൽ പ്രതിവർഷം 3,000 രൂപയോ അതിൽ കൂടുതലോ വരുമാനമുള്ള വ്യക്തികൾക്ക് നൽകുവാൻ പാടുള്ളതല്ല. വരുമാനം നിശ്ചയിക്കുന്നതിനായി വില്ലേജ് ഓഫീസറിൽ നിന്നും ലഭിച്ച വരുമാന സർട്ടിഫിക്കറ്റ് പരിഗണിക്കേണ്ടതാണ്. എന്നാൽ ഈ നിബന്ധനകളൊന്നും പഞ്ചായത്തിൽ നടത്തിയ കെട്ടിടനികുതി ഒഴിവാക്കലിന് പാലിച്ചിട്ടില്ല.

ഒരേ ഗുണഭോക്താവിന്റെ പേരിലുള്ള ഒന്നിലധികം കെട്ടിടങ്ങളുടെ നികുതി എഴുതിത്തള്ളിയത് ദാരിദ്ര്യം മൂലമാണ് എന്ന വാദം യുക്തിസഹമല്ല.

1998-ലെ കേരള പഞ്ചായത്ത്‌രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ) ചട്ടങ്ങൾ പ്രകാരം വസൂലാക്കാൻ സാധിക്കാത്തതായ തുകകളെ സംബന്ധിച്ച് അവ വസൂലാക്കാൻ ചുമതലപ്പെട്ട ജീവനക്കാർ, അതിനുള്ള കാരണങ്ങൾ സഹിതം സെക്രട്ടറിക്ക് റിപ്പോർട്ട് നൽകണം. സെക്രട്ടറി അത് പരിശോധിച്ച് കുടിശ്ശികക്കാരനിൽ നിന്നും തുക ഈടാക്കാനുള്ള നിയമപരമായ എല്ലാ നടപടി ക്രമങ്ങളും സ്വീകരിച്ചുവെങ്കിലും അവ പരാജയപ്പെട്ടുവെന്നും കുടിശ്ശികക്കാരനിൽ നിന്ന് ജപ്തി മുഖേന തുക ഈടാക്കാൻ അയാൾക്ക് വസ്തുവകകൾ ഒന്നും ഇല്ലെന്നും സാക്ഷ്യപ്പെടുത്തണം. അങ്ങനെയുള്ള എല്ലാ തുകകളുടെയും ഒരു ലിസ്റ്റ്, തുക എഴുതിത്തള്ളേണ്ടതിന്റെ കാരണങ്ങൾ കാണിച്ചുകൊണ്ടുള്ള റിപ്പോർട്ട് സഹിതം ആറുമാസത്തിൽ ഒരിക്കൽ തയ്യാറാക്കി പഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനക്ക് സമർപ്പിക്കുകയും വേണം. സെക്രട്ടറിയുടെ റിപ്പോർട്ട് പരിഗണിച്ച ശേഷം സ്റ്റാന്റിംഗ് കമ്മിറ്റിക്ക് തുക എഴുതിത്തള്ളാൻ പഞ്ചായത്തിനോട് ശിപാർശ ചെയ്യാവുന്നതാണ്. പഞ്ചായത്ത് കമ്മിറ്റി അങ്ങനെയുള്ള തുക എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കുമ്പോൾ കുടിശ്ശിക ഈടാക്കാൻ സാധിക്കുന്ന എല്ലാ നടപടികളും കൈക്കൊണ്ടിരുന്നുവെന്നും അത് ഈടാക്കാനുള്ള സാദ്ധ്യത വളരെ കുറവാണ് എന്നുമുള്ള കാര്യം ഉറപ്പാക്കേണ്ടതാണ്.

എന്നാൽ കെട്ടിട നികുതി എഴുതിത്തള്ളുന്നതിന് മുന്നോടിയായി പഞ്ചായത്തിൽ ഈ നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല. മാത്രമല്ല, ഈ എഴുതിത്തള്ളിയതിന്റെ ആനുകൂല്യത്തിൽ നല്ലൊരു പങ്കും തികച്ചും അനർഹരായ വ്യക്തികളാണ് കൈപ്പറ്റിയിട്ടുള്ളത്. കെട്ടിട നികുതി 100% പിരിവ് നടത്തിയെന്ന് ഉന്നതാധികാരികളെ ബോദ്ധ്യപ്പെടുത്തുന്നതിനായി കുടിശ്ശികയുള്ള എല്ലാ തുകയും എഴുതിത്തള്ളി ബാലൻസ് ഇല്ല എന്ന് വരുത്തുക

മാത്രമാണുണ്ടായതെന്നും വ്യക്തമാണ്. ഈ നടപടി മൂലം തനതുവരുമാനമിനത്തിൽ വൻ തുകയാണ് പഞ്ചായത്തിന് നഷ്ടമായത്. ഇത് പഞ്ചായത്ത് അധികാരികളുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ അലംഭാവവും വീഴ്ചയുമായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആകയാൽ ഈ വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തുന്നതിനും സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് അനർഹരായ വ്യക്തികളുടെ കെട്ടിട നികുതി ഒഴിവാക്കുക വഴി പഞ്ചായത്തിന് നഷ്ടമായ തുക തിട്ടപ്പെടുത്തുന്നതിനും ഭരണവകുപ്പിനോട് ശിപാർശ ചെയ്യുന്നു. ഇപ്രകാരം തിട്ടപ്പെടുത്തുന്ന തുക നിയമവിധേയമല്ലാത്ത തീരുമാനം എടുത്ത പഞ്ചായത്തു കമ്മിറ്റി അംഗങ്ങളിൽ നിന്നും സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കി തിരിച്ചടയ്ക്കേണ്ടതാണ്.

<u>ഉത്തവാദിയായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. പി. എം. അലക്സാണ്ടർ (സെക്രട്ടറി),

സൂസൻ വില്ല, ചുനക്കര, ചാരുംമൂട്.

2.12-3-08 ലെ കമ്മിറ്റി അംഗങ്ങൾ

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 5.1.3(i))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

82. നിയമവിരുദ്ധമായി കെട്ടിട നികുതി ഒഴിവാക്കിയതിനെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടിയെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് നിയമവിധേയമല്ലാതെ അനർഹരായ വ്യക്തികളുടെ കെട്ടിട നികുതി ഒഴിവാക്കിയതുവഴി പഞ്ചായത്തിന് നഷ്ടമായ 1,37,809 രൂപ 16 പേരിൽ നിന്നും ഈടാക്കാനായി സർക്കാർ ഉത്തരവുണ്ടായിരുന്നുവെന്നും പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ, സെക്രട്ടറി എന്നിവർ ഉൾപ്പെടെ 16 പേരിൽനിന്നും 8,613 രൂപ വീതം ഈടാക്കാൻ 12-3-2008-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി നിർദ്ദേശം നൽകുകയുണ്ടായിയെന്നും. ഇതിൽ ശ്രീമതി ഷീജ സത്യപാലൻ 8,613 രൂപ പഞ്ചായത്തിൽ തിരിച്ചടച്ചതായും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ബാക്കിയുള്ളവർ സർക്കാരിന് റിവ്യൂ ഹർജി സമർപ്പിക്കുകയുണ്ടായെന്നും ചെന്നിത്തല-തൃപ്പെരുംതുറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

83. ഉത്തരവാദിയായ ഉദ്യോഗസ്ഥർ നൽകിയ റിവ്യൂ ഹർജിയുടെ നിലവിലെ സ്ഥിതിയെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് റിവ്യൂ ഹർജിയുടെ നിലവിലെ സ്ഥിതി ഡി.ഡി.പി. തലത്തിൽ അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ചെന്നിത്തല-തൃപ്പെരുംതുറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

84. ഓരോ ജില്ലയിലെയും പഞ്ചായത്തുകളിൽ ഓരോ മാസവും ഓരോ ദിവസവും നടക്കുന്ന കമ്മിറ്റികളിൽ ചട്ടവിരുദ്ധമായി എന്തെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ അവയ്ക്കെതിരെ നടപടി സ്വീകരിക്കാൻ ഡി.ഡി.പി.മാർ ശിപാർശ ചെയ്യണമെന്നും പഞ്ചായത്തിൽ ക്രമക്കേട് നടക്കുന്നുണ്ടോ, ഫയൽ കൃത്യമാണോ എന്നിവ പരിശോധിക്കേണ്ടത് അതത് കാലത്തെ ഡി.ഡി.പി.മാരുടെ ഉത്തരവാദിത്വമാണെന്നും അഭിപ്രായപ്പെട്ട സമിതി ആവശ്യമായ നടപടി ഡി.ഡി.പി. മാരുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും പ്രസ്തുത തുക തിരിച്ച് പിടിക്കാനുള്ള നടപടി സർക്കാർ അടിയന്തരമായി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു.

**നിഗമനങ്ങളും/ശിപാർശകളും**

**85. ഓരോ ജില്ലയിലെയും പഞ്ചായത്തുകളിൽ ഓരോ മാസവും ഓരോ ദിവസവും നടക്കുന്ന കമ്മിറ്റികളിൽ ചട്ടവിരുദ്ധമായി എന്തെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ അവയ്ക്കെതിരെ നടപടി സ്വീകരിക്കാൻ ഡി.ഡി.പി.മാർ ശിപാർശ ചെയ്യണമെന്നും പഞ്ചായത്തിൽ ക്രമക്കേട് നടക്കുന്നുണ്ടോ, ഫയൽ കൃത്യമാണോ എന്നിവ പരിശോധിക്കേണ്ടത് അതത് കാലത്തെ ഡി.ഡി.പി.മാരുടെ ഉത്തരവാദിത്വമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതിന് ആവശ്യമായ നടപടി ഡി.ഡി.പി.മാരുടെ ഭാഗത്തു നിന്നും ഉണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**86. നിയമവിധേയമല്ലാതെ അനർഹരായവരുടെ കെട്ടിട നികുതി ഒഴിവാക്കിയത് വഴി പഞ്ചായത്തിന് നഷ്ടം വന്ന 1,37,809 രൂപ തിരിച്ചു പിടിക്കാനുള്ള നടപടി അടിയന്തരമായി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

ചെന്നിത്തല - തൃപ്പെരുംതുറ ഗ്രാമപഞ്ചായത്ത്

40.45 ലക്ഷത്തിന്റെ പെൻഷൻ വിതരണത്തിന് രേഖയില്ല.

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-17

- മണിയോർഡർ രസീത്, മണിയോർഡർ കൈപ്പറ്റ് രസീത് എന്നിവ ഇല്ല.
- പുതിയ പെൻഷൻകാരുടെ അപേക്ഷകളും ഇല്ല.
- പെൻഷൻ വിതരണ രജിസ്റ്ററും സൂക്ഷിക്കുന്നില്ല.

ഓഡിറ്റ് വർഷം വിവിധ പെൻഷനുകളുടെ വിതരണത്തിന് 40,45,551 രൂപ ട്രഷറയിൽ നിന്നും പിൻവലിച്ചതായി കാണുന്നു. അരക്കോടിയോളം രൂപ ചെലവഴിച്ചിട്ടും ആ ഗൗരവം ഉൾക്കൊണ്ട് രേഖകളും രജിസ്റ്ററുകളും കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രേഖകൾ കൃത്യമല്ലാത്തതിനാൽ ധനാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ സംശയിക്കാവുന്നതാണ്.

കർഷക തൊഴിലാളി/വിധവ/വാർദ്ധക്യകാല/വികലാംഗ/അവിവാഹിത പെൻഷനുകളുടെ വിതരണത്തിന് എന്ന് കാണിച്ചാണ് ട്രഷറിയിൽ നിന്നും പണം പിൻവലിച്ചിരിക്കുന്നത്. പെൻഷനുകൾ മണിഓർഡർ ആയാണ് അയക്കുന്നത്. മണി ഓർഡർ രസീത്, പെൻഷൻകാരുടെ ലിസ്റ്റ്, മണി ഓർഡർ കൈപ്പറ്റ് രസീത്, മടങ്ങിവന്ന പെൻഷനുകളുടെ വിവരം, ബില്ലിന്റെ പകർപ്പുകൾ, ഓരോ ബില്ലിലും പിൻവലിച്ച പണത്തിന്റെ ചെലവ് വിവരം, ഏത് കാലത്തേക്കാണ് പെൻഷൻ അയച്ചത് എന്നീ വിവരങ്ങൾ കൃത്യമല്ല. അപ്രോപ്രിയേഷൻ രജിസ്റ്റർ, പെൻഷൻ രജിസ്റ്ററുകൾ, മടങ്ങിവന്ന പെൻഷനുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. മണി ഓർഡർ രസീത്, മണി ഓർഡർ കൈപ്പറ്റ് രസീത് എന്നിവയുടെ അഭാവത്തിൽ പെൻഷൻ വിതരണം കൃത്യമായി നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

പുതായി പെൻഷൻ നൽകിയവരുടെ അപേക്ഷ, അർഹതാ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമായില്ല. പെൻഷൻ അപേക്ഷകരുടെ വിവരണം കാണിക്കുന്ന രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

39 മാസം വരെയുള്ള പെൻഷൻ കുടിശ്ശിക നൽകിയതായി കാണുന്നു (കർഷക തൊഴിലാളി പെൻഷൻ-ബിൽ 08/07-08/ 3-7-07) ഇങ്ങനെ നിരവധി മാസങ്ങളിലെ കുടിശ്ശിക നൽകുമ്പോൾ ആയതിന്റെ അർഹത തെളിയിക്കപ്പെട്ടിട്ടില്ല. മാത്രമല്ല കുടിശ്ശിക പെൻഷനുകളുടെ മണി ഓർഡർ കൈപ്പറ്റ് രസീതും സൂക്ഷിച്ചിട്ടില്ല.

27 ബില്ലുകളിലാണ് 40,55,551 രൂപ പിൻവലിച്ചത്. പല ബില്ലുകളുടേയും പകർപ്പുകൾ സൂക്ഷിച്ചിട്ടില്ല. ഒരു ബില്ലിൽ പിൻവലിക്കുന്ന തുകയിൽനിന്നും പെൻഷൻ, കുടിശ്ശിക പെൻഷൻ, മണി ഓർഡർ കമ്മീഷൻ, മണി ഓർഡർ ഫാറം വില എന്നിവ നൽകുന്നുണ്ട്. എന്നാൽ ഇവയുടെ ചെലവ് വിവരം ലഭ്യമല്ല.

ഓരോ പെൻഷനുകളുടേയും വിശദാംശം താഴെ:-

1. <u>കർഷക തൊഴിലാളി പെൻഷൻ:</u>

കർഷക തൊഴിലാളി പെൻഷൻ വിതരണത്തിന് 8 ബില്ലുകളിൽ 27,63,399 രൂപ ട്രഷറയിൽ നിന്നും പിൻവലിച്ചു. വിശദാംശം:-

| ക്രമ നം. | ബിൽ നം./തീയതി | തുക |
|---|---|---|
| 1 | 08/07-08/03.07.07 | 6,86,824 |
| 2 | 308/07-08/17.08.07 | 10,05,939 |
| 3 | 412/07-08/04.10.07 | 13,440 |
| 4 | 566/07-08/19.12.07 | 5,43,568 |
| 5 | 729/07-08/08.02.08 | 2,53,560 |
| 6 | 764/07-08/(തീയതി ഇല്ല) | 11,160 |
| 7 | 785/07-08/04.03.08 | 3,000 |
| 8 | 902/07-08/29.03.08 | 2,45,908 |
| | **ആകെ** | **27,63,399** |

ക്രമ നമ്പർ 1, 2, 5, 8 എന്നീ ബില്ലുകളിൽ പിൻവലിച്ച തുകകൾക്ക് മാത്രമാണ് മണി ഓർഡർ അയച്ചതിന് പോസ്റ്റ് ഓഫീസിൽ നിന്നും രസീത് ഹാജരാക്കിയിരിക്കുന്നത്. ബാക്കി ബില്ലുകളിൽ പിൻവലിച്ച തുകയ്ക്ക് പോസ്റ്റ് ഓഫീസ് രസീത്, പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് എന്നിവയില്ല. ഈ രേഖകളുടെ അഭാവത്തിൽ ട്രഷറിയിൽനിന്ന് പിൻവലിച്ച തുകയ്ക്ക് മണിഓർഡർ അയച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. 8 ബില്ലുകളിൽ അയച്ച പെൻഷൻ മണി ഓർഡർ ഗുണഭോക്താക്കൾ കൈപ്പറ്റി എന്ന് തെളിയിക്കുന്ന മണിഓർഡർ കൈപ്പറ്റ് രസീത് കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല. അതിനാൽ പെൻഷനുകൾ കൃത്യമായി ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

ബിൽ 08/07-08/03.07.07-ൽ 5/06 മുതൽ 10/06 വരെയുള്ള പെൻഷൻ നൽകാനാണ് 6,86,824 രൂപ പിൻവലിച്ചത്. 876 പേർക്ക് 720 രൂപ നിരക്കിൽ മുഴുവൻ കാലത്തേക്കും പെൻഷൻ അയച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ 11 പേർക്ക് 5 മാസത്തേയും 10 പേർക്ക് 4-ഉം, 19 പേർക്ക് 3-ഉം, ഒരാൾക്ക് ഒരു മാസത്തേയും പെൻഷൻ

നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ പുതുതായി അനുവദിച്ചവരുടെ അപേക്ഷ, അർഹതാരേഖകൾ എന്നിവ സൂക്ഷിച്ചിട്ടില്ല. പുതുതായി പെൻഷൻ അനുവദിക്കുന്നവരുടെ വിവരം പ്രത്യേകം ഫയൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഇവർ ആരെന്ന് പോലും വ്യക്തമല്ല.

മാത്രമല്ല ബിൽ 308/07-08/17.8.07-ൽ പിൻവലിച്ച 10,05,939 രൂപയിൽ നിന്നും 11/06 മുതൽ 7/07 വരെയുള്ള പെൻഷൻ 862 പേർക്ക് നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. തുടർന്ന് ബിൽ 729/07-08/08.02.08-ൽ പിൻവലിച്ച 2,53,560 രൂപ 12/07 മുതൽ 1/08 വരെയുള്ള പെൻഷൻ വിതരണത്തിനാണെന്ന് വൗച്ചറിൽ നിന്ന് മനസ്സിലാക്കുന്നു. 921 പേർക്കാണ് പെൻഷൻ അയച്ചത്. പെൻഷൻകാരുടെ എണ്ണം വർദ്ധിച്ചെങ്കിലും അവരുടെ അപേക്ഷ, അർഹതാ രേഖകൾ എന്നിവയില്ല.

ഓരോ ബില്ലുകളിലും പെൻഷൻ കുടിശ്ശിക നൽകിയതായി കാണുന്നു. വിശദാംശം:-

| ക്രമ നം. | ബിൽ നം./തീയതി | കുടിശ്ശിക പെൻഷന്റെ വിവരം |
|---|---|---|
| 1 | 08/07-08/03.07.07 | ഒരാൾക്ക് 4,680 രൂപ |
| 2 | 308/07-08/17.08.07 | 6 പേർക്ക് 2,010 രൂപ വീതം |
| 3 | 729/07-08/08.02.08 | ഒരാൾക്ക് 2,000 രൂപ |

കൂടാതെ 412, 764, 785 എന്നീ ബില്ലുകളിൽ പിൻവലിച്ച തുകകൾ ചെറുതായതിനാൽ അവയും കുടിശ്ശിക നൽകാൻ വേണ്ടിയാണെന്ന് സംശയിക്കുന്നു. കുടിശ്ശിക നൽകുമ്പോൾ അതിന്റെ വിശദാംശം പ്രത്യേകം ഫയലായി എഴുതി സൂക്ഷിക്കുന്നില്ല. പെൻഷൻകാർ കുടിശ്ശിക കൈപ്പറ്റിയതിനും തെളിവില്ല.

ഗ്രാമപഞ്ചായത്തിൽ ഏറ്റവും അധികം പെൻഷൻകാരുള്ളത് കർഷക തൊഴിലാളി പെൻഷനാണ്. കാൽകോടിയിലധികം രൂപയാണ് ഈ ഇനത്തിൽ ട്രഷറിയിൽനിന്നും പിൻവലിച്ചിരിക്കുന്നത്. ആ ഗൗരവത്തോടെ രേഖകൾ സൂക്ഷിച്ചിട്ടില്ല. ബില്ലിന്റെ കോപ്പി, പെൻഷൻ ലിസ്റ്റ്, മണി ഓർഡർ രസീത്, മടങ്ങിവന്ന പെൻഷനുകളുടെ വിവരം, മണി ഓർഡർ കൈപ്പറ്റ് രസീത് എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ല. കൃത്യമായ രേഖകളുടെ അഭാവത്തിൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ ഓഡിറ്റിൽ സംശയിക്കുന്നു.

2. <u>വാർദ്ധക്യകാല പെൻഷൻ:-</u>

4 ബില്ലുകളിൽ 5,54,091 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചതായി കാണുന്നു. വിശദാംശം:-

| ക്രമ നമ്പർ | ബിൽ നം./തീയതി | തുക |
|---|---|---|
| 1 | 264/07-08/23.07.07 | 1,99,717 |
| 2 | 335/07-08/20.08.07 | 54,340 |
| 3 | 573/07-08/27.12.07 | 1,66,903 |
| 4 | 886/07-08/19.03.08 | 1,33,131 |
| | **ആകെ** | **5,54,091** |

ഇതിൽ ക്രമ നമ്പർ 1, 2 ബില്ലുകളിൽ പിൻവലിച്ച തുകകൾക്ക് മാത്രമാണ് മണി ഓർഡർ അയച്ചതിന് പോസ്റ്റ് ഓഫീസ് രസീത് ഹാജരാക്കിയത്. ക്രമ നമ്പർ 3, 4 ബില്ലുകളിൽ പിൻവലിച്ച തുകകൾക്ക് മണിഓർഡർ അയച്ചിട്ടുണ്ടോയെന്ന് മണി ഓർഡർ രസീതിന്റെ അഭാവത്തിൽ ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ക്രമ നമ്പർ 3-ലെ ബില്ലിൽ പിൻവലിച്ച തുകയുടെ യാതൊരു രേഖകളും ഓഡിറ്റിന് ലഭ്യമായില്ല. പെൻഷൻ കാലം, പെൻഷൻകാരുടെ പട്ടിക, ചെലവിന്റെ വിശദാംശം എന്നിവ പോലും ലഭ്യമായില്ല. മേൽ ബില്ലുകളിൽ അയച്ച മണി ഓർഡറുകളിൽ എത്രയെണ്ണം പെൻഷൻകാർ കൈപ്പറ്റി, എത്രയെണ്ണം മടങ്ങി വന്നു എന്നിവ രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

3. <u>വികലാംഗ പെൻഷൻ:-</u>

5 ബില്ലുകളിൽ 3,16,145 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചതായി കാണുന്നു. വിശദാംശം:-

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി | തുക |
|---|---|---|
| 1 | 265/07-08/23.07.07 | 66,591 |
| 2 | 333/07-08/23.08.07 | 44,394 |
| 3 | 454/07-08/16.10.07 | 47,140 |
| 4 | 634/07-08/16.01.08 | 47,140 |
| 5 | 890/07-08/19.03.08 | 1,10,880 |
| | **ആകെ** | **3,16,145** |

ഇതിൽ ക്രമ നമ്പർ 4, 5 എന്നീ ബില്ലുകളിൽ പിൻവലിച്ച തുകയുടെ യാതൊരു രേഖകളും ലഭ്യമല്ല. പെൻഷൻ കാലം, പെൻഷൻകാരുടെ ലിസ്റ്റ്, മണി ഓർഡർ രസീത് എന്നിവയില്ല. രേഖകളുടെ അഭാവത്തിൽ മണി ഓർഡർ അയച്ചിട്ടുണ്ടോ എന്നതിന് ഉറപ്പില്ല. ക്രമ നമ്പർ 1, 2 ബില്ലുകളിൽ പിൻവലിച്ച തുക 151 പേർക്ക് മണി ഓർഡർ അയച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ക്രമ നമ്പർ 3-ലെ തുക 160 പേർക്ക് മണി ഓർഡർ അയച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. പുതുതായി പെൻഷൻ നൽകിയ 9 പേരുടെ അപേക്ഷ, അർഹതാരേഖ എന്നിവ ഓഡിറ്റിന് ലഭ്യമായില്ല. 5 ബില്ലുകളിൽ അയച്ച മണി ഓർഡറുകൾ പെൻഷൻകാർ കൈപ്പറ്റി എന്ന് തെളിയിക്കുന്ന മണി ഓർഡർ രസീത് സൂക്ഷിച്ചിട്ടില്ല. മടങ്ങിവന്ന പെൻഷനുകളുടെ കൃത്യമായ വിവരം ലഭ്യമല്ല.

4. <u>വിധവാ പെൻഷൻ:-</u>

ഓഡിറ്റ് വർഷം വിധവാ പെൻഷൻ നൽകുന്നതിന് മൂന്ന് തവണയായി 3,26,943 രൂപ പിൻവലിച്ചതായി കാണുന്നു. ബിൽ ബുക്കിലെ രേഖപ്പെടുത്തലല്ലാതെ മറ്റ് യാതൊരു രേഖകളും ഓഡിറ്റിന് ലഭ്യമല്ല.

<u>ബിൽ ബുക്കിൽ നിന്നുള്ള വിവരം:-</u>

| **ക്രമ നമ്പർ** | **ബിൽ നമ്പർ/തീയതി** | **തുക** |
|---|---|---|
| 1 | 332/07-08/23.08.07 | 71,335 |
| 2 | 633/07-08/16.01.08 | 26,558 |
| 3 | 889/07-08/19.03.08 | 2,29,050 |
| | **ആകെ** | **3,26,943** |

ബിൽ കോപ്പി, പെൻഷൻ കാലയളവ്, പെൻഷൻകാരുടെ പട്ടിക, മണി ഓർഡർ രസീത്, മണി ഓർഡർ കൈപ്പറ്റ് രസീത്, മടങ്ങിവന്ന പെൻഷനുകളുടെ വിവരം, പിൻവലിച്ച തുകയുടെ ചെലവ് വിശദാംശം എന്നിവയുടെ അഭാവത്തിൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേട് സംശയിക്കുന്നു.

5. <u>അവിവാഹിത പെൻഷൻ:-</u>

4 ബില്ലുകളിൽ 84,973 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചു. വിശദാംശം:-

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി | തുക |
|---|---|---|
| 1 | 266/07-08/23.07.07 | 23,100 |
| 2 | 334/07-08/23.08.07 | 17,350 |
| 3 | 635/07-08/16.01.08 | 27,744 |
| 4 | 888/07-08/19.03.08 | 16,779 |
| | **ആകെ** | **84,973** |

2/07 മുതൽ 3/08 വരെ പെൻഷൻ നൽകുന്നതിനാണ് തുക പിൻവലിച്ചത്. ക്രമ നമ്പർ 1, 2 ബില്ലുകൾക്ക് പെൻഷൻ പട്ടിക, മണി ഓർഡർ രസീത് എന്നിവയുണ്ട്. എന്നാൽ മണി ഓർഡർ കൈപ്പറ്റ് രസീത് ഇല്ല. ക്രമ നമ്പർ 3, 4 ബില്ലുകൾക്ക് മണി ഓർഡർ രസീത്, മണി ഓർഡർ കൈപ്പറ്റ് രസീത് എന്നിവയില്ല.

മേൽ പരാമർശിച്ച ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ വിവിധ പെൻഷൻ വിതരണത്തിലെ ആകെ ചെലവ് തുക 40,45,551 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>ഉത്തരവാദികളായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. പി. എം. അലക്സാണ്ടർ (സെക്രട്ടറി),

   സൂസൻ വില്ല, ചുനക്കര, ചാരുംമൂട്.

2. ശ്രീ. റോമിയോ, LDC, ലിന്റാഡേൽ, പുത്തുവിളപ്പടി, ചെന്നിത്തല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 5.7.1(1)].

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

87. 2007-08-ൽ പഞ്ചായത്തിൽനിന്നും നൽകിയ പെൻഷനുകളുടെ വിതരണം സംബന്ധിച്ച് പോസ്റ്റോഫീസിൽ നിന്നുള്ള സാക്ഷ്യപത്രം ലഭിക്കുകയുണ്ടായെന്നും മണിയോർഡർ പ്രകാരമാണ് അന്ന് പെൻഷൻ വിതരണം നടത്തിയിട്ടുള്ളതെന്നും അതിന്റെ രേഖകളൊന്നും കൈവശമില്ലായെന്നും ഇത് സംബന്ധിച്ച സമിതി ചോദ്യത്തിന് ചെന്നിത്തല-തൃപ്പെരുംതുറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

ട്രഷറിയിൽനിന്നും എങ്ങനെയാണ് കൂടുതൽ തുക പിൻവലിച്ചതെന്ന് ആരാഞ്ഞ സമിതി ഇത് സംബന്ധിച്ച റിപ്പോർട്ട് ഡി.ഡി.പി. സമിതി മുമ്പാകെ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**88. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച് ഡി.ഡി.പി. അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

പട്ടണക്കാട് ഗ്രാമപഞ്ചായത്ത്

**വ്യാജ ഡ്രൈവിംഗ് ലൈസൻസ് നൽകി പദ്ധതി പണം കൈപ്പറ്റി**

ഓഡിറ്റ് റിപ്പോർട്ട് വർഷം :- 2005-06 ഖണ്ഡിക നമ്പർ : 3(7)

- ഡ്രൈവിംഗ് സ്കൂൾ ഉടമ പഞ്ചായത്തിൽ ഹാജരാക്കിയ 20 ലൈസൻസുകളും ആർ. ടി. ഒ.-യുടെ സാക്ഷ്യപത്രം.
- ഡ്രൈവിംഗ് പരിശീലന സ്ഥാപനത്തെ തെരഞ്ഞെടുത്തതിന് രേഖയില്ല.

ഡ്രൈവിംഗ് പരിശീനത്തിന് കരാർ ഏറ്റെടുത്ത സ്ഥാപനം ഗുണഭോക്താക്കളുടെ പേരിൽ വ്യാജ ഡ്രൈവിംഗ് ലൈസൻസ് ചമച്ച് പദ്ധതിപണം കൈപ്പറ്റിയതായി കണ്ടെത്തി.

2005-06 വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടാണ്. പട്ടികജാതി യുവതീയുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകി ലൈസൻസ് നേടിക്കൊടുക്കുന്ന ഈ പദ്ധതിയുടെ നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ ഗുണഭോക്താക്കളായ-

1. വി. ജെ. ഹരികുമാർ, വിയാത്രു കോളനി, അന്ധകാരനഴി പി. ഒ.

2. ബിജു കെ. എസ്, കൈതത്തറ, പട്ടണക്കാട് പി. ഒ.

3. ജയേഷ് പി. എസ്., പരുത്തികാട്ടുവെളി, പട്ടണക്കാട് പി. ഒ.

4. ജയേഷ് സി . എസ്., ചിറയിൽ, പട്ടണക്കാട് പി. ഒ.

5. ജ്യോതിഷ് കുമാർ പി. എ, പനയ്ക്കാം തോടത്ത്, പട്ടണക്കാട് പി. ഒ.

6. പ്രസാദ് കെ., വാണിയത്തു ലക്ഷം വീട്

7. ഹരീഷ് എൻ. എച്ച്, നിവർത്തിൽ, പട്ടണക്കാട് പി. ഒ. (7 പേർ) എന്നിവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരല്ല.

ഡ്രൈവിംഗ് പരിശീലനത്തിനായി ക്വട്ടേഷൻ ക്ഷണിച്ചതു സംബന്ധിച്ച ഒരു രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല. 23-11-2005-ൽ മനക്കോടം ഫ്രണ്ട്സ് മോട്ടോർ ഡ്രൈവിംഗ് സ്കൂൾ പ്രൊപ്രൈറ്റർ ശ്രീ. എ. എക്സ്. ആന്റണിയുമായി ഡ്രൈവിംഗ് പരിശീലനത്തിന് ആളൊന്നിന് 2500 രൂപ പ്രകാരം സമ്മതിച്ച് പഞ്ചായത്തുമായി കരാർ വച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം കുറഞ്ഞ ക്വട്ടേഷൻ വയ്ക്കുന്ന സ്കൂളുകളിൽ ഗുണഭോക്താക്കളെ പരിശീലനത്തിന് വിടുമെന്നും പഠനം പൂർത്തിയാക്കി ലൈസൻസ് നൽകുന്ന മുറയ്ക്ക് ഡ്രൈവിംഗ് സ്കൂളുകൾക്ക് പണം നൽകുമെന്നും വ്യവസ്ഥയുണ്ട്. ഇതിൽ നിന്നും വ്യത്യസ്തമായി ലേണേഴ്സ് ലൈസൻസ് എടുത്തുനൽകുമ്പോൾ പ്രോജക്ടിൽ പറയുന്ന തുകയുടെ 25% തുകയിൽ അധികരിക്കാത്ത തുക ആവശ്യപ്പെടുന്ന പക്ഷം അഡ്വാൻസായി നൽകുന്നതും ബാക്കി തുക ഡ്രൈവിംഗ് പഠിപ്പിച്ച് ലൈസൻസ് എടുത്തുനൽകി ആയതിന്റെ പകർപ്പ് പഞ്ചായത്തിൽ ഹാജരാക്കുന്ന മുറയ്ക്ക് പഞ്ചായത്തിൽ നിന്നും നൽകുന്നതാണെന്നും കരാർ വച്ചത് അംഗീകൃത പ്രോജക്ട് നിർദ്ദേശത്തിന് വിരുദ്ധമാണ്.

ഈ പ്രോജക്ടിന് 17-3-2006-ൽ അഡ്വാൻസായി 12,000 രൂപയും (ഡി. ഡി. നം. 76582/17.03.2006) 29-3-2006-ൽ ഗുണഭോക്തൃ വിഹിതമായി 6000 രൂപയും (വൗച്ചർ നം.60/3-06) ശ്രീ. എ. എക്സ്. ആന്റണിക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പ് പഞ്ചായത്തിൽ ഹാജരാക്കിയ മുറയ്ക്ക് ബാക്കിതുക 32,000 രൂപ (ഡി.ഡി.നം.478690/13-4-2006) കൂടി നൽകിയിട്ടുണ്ട്. എന്നാൽ ലൈസൻസ് പകർപ്പുകൾ വ്യാജമാണെന്ന് പ്രാഥമിക പരിശോധനയിൽ സംശയിക്കത്തക്ക നിലയിലാണ് ഹാജരാക്കിയിട്ടുള്ളത്. ശ്രദ്ധയിൽപ്പെട്ട ചില അപാകതകൾ ഇവയാണ്.

(1) ശ്രീ. പ്രസാദ് കെ.-യുടെ പേരിലുള്ള എ.സി.എൽ 42248/06 നമ്പർ ലൈസൻസിന്റെ അഡ്രസിൽ വീട്ടുപേര് ഒഴികെ മറ്റൊന്നും രേഖപ്പെടുത്തിയിട്ടില്ല.

(2) ഒരേ ദിവസം നൽകിയിട്ടുള്ള ലൈസൻസുകൾക്ക് ക്രമം തെറ്റിച്ച് നമ്പർ നൽകിയിരിക്കുന്നു.

(3) യഥാർത്ഥ ഗുണഭോക്താവിന് നൽകാതെ ടി ഗുണഭോക്താവ് ഉൾപ്പെടുന്ന റേഷൻകാർഡിലെ മറ്റ് അംഗത്തിന് പരിശീലനം നൽകിയിരിക്കുന്നു. ശരിയായ പരിശോധനകൂടാതെ പദ്ധതിപ്പണം കരാറുകാരന് അനുവദിച്ചുനൽകിയ നടപടി ധനദുർവ്യയമായി ഓഡിറ്റിൽ കാണുന്നു. തുടർന്നു നടത്തിയ അന്വേഷണത്തിൽ ചേർത്തല ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ 19-8-2008-ലെ എൽ/1837/08-ാം നമ്പർ കത്ത് പ്രകാരം 20 ഡ്രൈവിംഗ് ലൈസൻസുകളും വ്യാജമാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

ഈ പദ്ധതിയിലെ ഗുണഭോക്താവായ ശ്രീ. ആർ. രാജേഷ് 26-3-2007-ൽ മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിൽ ഡ്രൈവിംഗ് സ്കൂൾ അധികാരികൾ ഗുണഭോക്താക്കളിൽ നിന്നും അധികതുക വാങ്ങിയെന്നും നാളിതുവരെ യഥാക്രമം ക്ലാസ് നടത്തുകയോ ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ലായെന്നും പരാമർശിച്ചിട്ടുണ്ട്. ഡ്രൈവിംഗ് ലൈസൻസുകൾ വ്യാജമായി ചമച്ച് പദ്ധതിപ്പണം ദുർവിനിയോഗം ചെയ്ത നടപടി അത്യന്തം ഗൗരവമായി വീക്ഷിക്കപ്പെടേണ്ടതാണ്. ഈ ക്രമക്കേടുകൾക്ക് ഉത്തരവാദിയായവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കേണ്ടതും വ്യാജ ലൈസൻസ് ചമച്ചവർക്കെതിരെ സമഗ്രമായ അന്വേഷണം നടത്തി ക്രിമിനൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

ഗുണഭോക്താക്കൾക്ക് നൽകിയ 20 ലൈസൻസുകളും വ്യാജമാണെന്ന് ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഡ്രൈവിംഗ് പരിശീലന സ്ഥാപന ഉടമ ശ്രീ. എ. എക്സ്. ആന്റണിക്ക് കൊടുത്ത 50,000 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വ്യാജ ലൈസൻസ് രേഖകളുടെ അടിസ്ഥാനത്തിൽ തുക ചെലവഴിച്ച നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് 50,000 രൂപ ഈടാക്കേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:-</u>

ശ്രീ. റ്റി. കെ. മോഹനൻ, സെക്രട്ടറി (വിരമിച്ചു)

കോയിപ്പള്ളിൽ വീട്, പുതിയവിള. പി. ഒ., പത്തിയൂർ -690531.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 5.2.10(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

89. സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് ആരാഞ്ഞതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ. റ്റി. കെ. മോഹനൻ സർവ്വീസിൽനിന്നും വിരമിക്കുകയും പലിശ സഹിതം തുക തിരികെ പഞ്ചായത്തിൽ ഒടുക്കി രസീത് കൈപ്പറ്റിയിട്ടുണ്ടെന്നും എന്നാൽ വ്യാജ ലൈസൻസ് നൽകിയതിന്റെ പേരിൽ ഡ്രൈവിംഗ് പരിശീലന സ്ഥാപന ഉടമയായ ശ്രീ. എ. എക്സ്. ആന്റണിക്കെതിരെ പഞ്ചായത്ത് ക്രിമിനൽ കേസും പ്രൈവറ്റ് അന്യായവും ഫയൽ ചെയ്തിട്ടുണ്ടെന്നും തുടർന്ന് രണ്ടാം പ്രതിയായ സെക്രട്ടറിയെ വെറുതെ വിടുകയും ഒന്നാം പ്രതിയായ എ. എക്സ്. ആന്റണി ഒളിവിലായതിനാൽ കേസ് സ്പ്ലിറ്റ് അപ്പ് ചെയ്ത് പുതിയ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും പട്ടണക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

പ്രസ്തുത വിഷയത്തിന്മേൽ വിശദമായ വിവരങ്ങളടങ്ങുന്ന റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**90. പട്ടണക്കാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശവിധേയമായ വിഷയത്തിന്മേൽ വിശദമായ വിവരങ്ങളടങ്ങുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

കൈനകരി ഗ്രാമപഞ്ചായത്ത്

**അംഗൻവാടികളിലൂടെ സാരസ്വാതാരിഷ്ട വിതരണം - ക്രമവിരുദ്ധം**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 3(11)

ഗ്രാമപഞ്ചായത്തിലെ അംഗൻവാടികളിലെ 380-ഓളം വരുന്ന പ്രീ-സ്കൂൾ കുട്ടികളുടെ ആരോഗ്യ സംരക്ഷണവും ബുദ്ധിവികാസവും ലക്ഷ്യമാക്കി ആയുർവ്വേദ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതിയാണിത്.

പദ്ധതി നിർവ്വഹണത്തിൽ ഔഷധിയിൽ നിന്നും 28-3-2006-ൽ സാരസ്വതാരിഷ്ടം (ഗോൾഡ്) 10 മി. ലി.ന്റെ 3574 ബോട്ടിൽ 1,70,980 രൂപയ്ക്ക് വാങ്ങി വിതരണം നടത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാനാണ് സർക്കാർ നിർദ്ദേശം എന്നിരിക്കെ ഇത്തരത്തിലൊരു പദ്ധതി തയ്യാറാക്കിയത് ക്രമവിരുദ്ധമാണ്.

അംഗൻവാടി കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായി സാമൂഹ്യക്ഷേമ വകുപ്പിന്റെ നിർദ്ദേശാനുസരണം കൃത്യമായി തയ്യാറാക്കിയ ചാർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ ദിവസവും കുട്ടികൾക്ക് അംഗൻവാടികളിലൂടെ പോഷകാഹാരം തയ്യാറാക്കി നൽകുന്നുണ്ട്. കൂടാതെ സർക്കാർ നിർദ്ദേശ പ്രകാരം അധിക പോഷണത്തിനായി അമൃതം ഫുഡ് സപ്ലിമെന്റും നൽകുന്നുണ്ട്. ഇതിനുപുറമേ പി.എച്ച്.സി. വഴി പ്രീ-സ്കൂൾ കുട്ടികൾക്ക് വൈറ്റമിൻ തുള്ളിമരുന്നുകളും വിതരണം ചെയ്യുന്നുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഇത്തരത്തിലൊരു പദ്ധതിയ്ക്കായി തുക ചെലവഴിച്ചത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് കാണുന്നു. ആയതിനാൽ, ഈ ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

വാങ്ങിയ അരിഷ്ടം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി കൃത്യമായ വിതരണ വിവരം തയ്യാറാക്കിയിട്ടില്ല. അരിഷ്ടം കുട്ടികൾക്ക് നൽകേണ്ട അളവ്, കാലദൈർഘ്യം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. വാങ്ങിയ അരിഷ്ടം എത്ര ഘട്ടമായി വിതരണം ചെയ്തുവെന്നും രേഖപ്പെടുത്തിയിട്ടില്ല. വിതരണത്തിനായി അംഗൻവാടി വർക്കർമാർ 11 ഘട്ടങ്ങളിൽ

മരുന്ന് കൈപ്പറ്റിയതായി വെള്ളപേപ്പറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചില സെന്ററുകളിൽ 13, 14 ഘട്ടങ്ങളായി മരുന്നുകൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആകെ വിതരണ വിവരം കൂട്ടിയെഴുതിയിട്ടില്ല. നൽകിയ മരുന്നിന്റെ അളവും കൈപ്പറ്റിയ കുട്ടികളുടെ എണ്ണവും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വിതരണ വിവരം പൂർണ്ണമല്ല.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:-</u>

ശ്രീ. എസ്. രാജേഷ് (ആയുർവ്വേദ മെഡിക്കൽ ഓഫീസർ)

'രാജീവം' പഴവങ്ങാടി, ആലപ്പുഴ.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 5-2-11(1)].

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

91. സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് ആരാഞ്ഞതിന് 2005-06-ൽ കൈനകരി ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ 380-ഓളംവരുന്ന പ്രീ-സ്കൂൾ കുട്ടികളുടെ ആരോഗ്യസംരക്ഷണവും ബുദ്ധിവികാസവും ലക്ഷ്യമാക്കി ആയുർവ്വേദ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതിയാണിതെന്നും ഔഷധിയിൽനിന്നുമാണ് സാരസ്വതാരിഷ്ടം വാങ്ങിയതെന്നുംകൈനകരി ഗ്രാമപഞ്ചായത്ത്സെക്രട്ടറി മറുപടി നൽകി.

92. സാരസ്വതാരിഷ്ടം ഒരുമിച്ചാണോ വാങ്ങിയതെന്ന സമിതി ചോദ്യത്തിന് 14 ഘട്ടങ്ങളിലായാണ് അങ്കണവാടികളിൽ അവ വിതരണം നടത്തിയതെന്നും ഇതിന്റെ ഉദ്ദേശ്യശുദ്ധി പരിഗണിക്കണമെന്നും സർക്കാർ സ്ഥാപനമായ ഔഷധിയിൽ നിന്നുമാണ് അരിഷ്ടം വിതരണം ചെയ്തിട്ടുള്ളതെന്നും ആയതിന്റെ രേഖകൾ കൈവശമുണ്ടെന്നും കൈനകരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

93. അങ്കണവാടികളിൽ എന്തൊക്കെ നൽകണം എന്നുള്ളതിനെക്കുറിച്ച് സർക്കാരിന് കൃത്യമായ നടപടിക്രമമുണ്ടായിട്ടും അവയൊന്നും പാലിക്കാതെ കുട്ടികൾക്ക് ബുദ്ധി വികാസത്തിന്റെ പേരിൽ സാരസ്വതാരിഷ്ടം നൽകിയതും അവ സർക്കാർ സ്ഥാപനത്തിൽ നിന്നാണെങ്കിൽപോലും വാങ്ങിയത് തെറ്റായ നടപടിയാണെന്നും ഇതിന്റെ നടപടിക്രമം ശരിയല്ല എന്നുള്ളതും സമിതി പ്രത്യേകം ചൂണ്ടിക്കാണിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**94. അങ്കണവാടികളിൽ എന്തൊക്കെ നൽകണം എന്നുള്ളതിനെക്കുറിച്ച് സർക്കാരിന് കൃത്യമായ നടപടിക്രമമുണ്ടായിട്ടും അവയൊന്നും പാലിക്കാതെ കുട്ടികൾക്ക് ബുദ്ധിവികസനത്തിന്റെ പേരിൽ സാരസ്വതാരിഷ്ടം നൽകിയതും അവ സർക്കാർ സ്ഥാപനത്തിൽ നിന്നാണെങ്കിൽ പോലും വാങ്ങിയതും തെറ്റായ നടപടിയാണെന്നും പദ്ധതിനിർവ്വഹണത്തിനായി സ്വീകരിച്ച നടപടിക്രമം ശരിയായിരുന്നില്ല എന്നും സമിതി അഭിപ്രായപ്പെടുന്നു.**

ഓഡിറ്റ് ഖണ്ഡിക

ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്

**പേപ്പർ ബാഗ് നിർമ്മാണം-ഒരേ പരിശീലനത്തിന് രണ്ട് നിരക്ക്**

ഓഡിറ്റ് റിപ്പോർട്ട് വർഷം:2007-08, ഖണ്ഡിക നമ്പർ:3-38

പഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റുകളിൽപ്പെട്ട 20 പട്ടികജാതി വനിതകൾക്ക് 30 ദിവസം (ദിവസം 8 മണിക്കൂർ) പേപ്പർ ബാഗ് നിർമ്മാണത്തിൽ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ 1 ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി (നം. 55/08). ട്രെയിനിംഗിനും ടെൻഡർ ചെലവുകൾക്കുമായി 25,000 രൂപയും അസംസ്കൃത വസ്തുക്കൾക്കായി 75000 രൂപയും ഉൾപ്പെടെയാണ് 1 ലക്ഷം രൂപ വികസന ഫണ്ടിൽ വകയിരുത്തിയത്. ഇതിലേക്കായി ക്വട്ടേഷൻ ക്ഷണിച്ചു. റ്റി. യേശുദാസ്, തയ്യിശ്ശേരിയിൽ ഏജൻസീസ്, പ്രയാർ വടക്ക് എന്നയാളിന്റെ 1 ലക്ഷം രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ചതായാണ് രേഖ. ടിയാൻ തീയതി ഇടാതെ എഴുതി നൽകിയ എഗ്രിമെന്റിൽ, 20 പേർക്ക് 2008 മാർച്ചിൽ ആരംഭിച്ച് ഏപ്രിൽ വരെ നീണ്ടുനിൽക്കുന്ന പരിശീലന പരിപാടിയിൽ 16-ൽപ്പരം തരത്തിലുള്ള കവറുകളുടെ നിർമ്മാണ പരിശീലനവും അസംസ്കൃത വസ്തുക്കൾ ഉൾപ്പെടെ പരിശീലനാർത്ഥികൾക്കുള്ള ഭക്ഷണവും ലഭ്യമാക്കാം എന്ന് സമ്മതിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി 1 ലക്ഷം രൂപ 469961/09.04.2008 നമ്പർ ഡി.ഡി പ്രകാരം ശ്രീ. യേശുദാസിന് സെക്രട്ടറി നൽകി.

ഇതോടൊപ്പം പഞ്ചായത്തിലെ ജനറൽ വിഭാഗത്തിൽപ്പെട്ട 20 കുടുംബശ്രീ വനിതകൾക്ക് പേപ്പർബാഗ് നിർമ്മാണ പരിശീലനത്തിനായി തനത് ഫണ്ടിനത്തിൽ 50,000 രൂപ വകയിരുത്തി മറ്റൊരു പ്രോജക്ടും തൻവർഷം തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നു (നം.12/08). ട്രെയിനിംഗിന് 10,000 രൂപയും അസംസ്കൃത വസ്തുക്കൾക്കായി 40,000 രൂപയും ഉൾപ്പെടെയാണ് 50,000 രൂപ ഈ പ്രോജക്ടിൽ വകയിരുത്തിയിരുന്നത്.

ഇതിലേക്കായി റ്റി. യേശുദാസ്, തയ്യിശ്ശേരിൽ ഏജൻസീസ്, പ്രയാർ എന്ന വ്യക്തിയുടെ 50,000 രൂപയുടെ ടെൻഡർ അംഗീകരിക്കുയും കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്. 26-3-2004-ൽ വാങ്ങിയ മുദ്രപത്രത്തിൽ വച്ച കരാറിൽ (എഗ്രിമെന്റ് നമ്പരും തീയതിയും രേഖപ്പെടുത്തി യിട്ടില്ല) 20 പേർക്ക് 30 ദിവസം നീണ്ടുനിൽക്കുന്ന മുഴുദിന പരിശീലന പരിപാടിയിൽ 16-ൽ പരം കവറുകളുടെ നിർമ്മാണപരിശീലനവും അസംസ്കൃത വസ്തുക്കൾ ഉൾപ്പെടെ പരിശീലനാർത്ഥികൾക്കുള്ള ഭക്ഷണവും ലഭ്യമാക്കാം എന്ന് ടിയാൻ സമ്മതിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 50,000 രൂപ 004690/29-5-2008 നമ്പർ ചെക്ക് പ്രകാരം ശ്രീ. യേശുദാസിന് സെക്രട്ടറി പിൻവലിച്ച് നൽകിയിട്ടുണ്ട്. ഈ പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകളും ലഭിച്ച ക്വട്ടേഷനുകളും രേഖാമൂലം ആവശ്യപ്പെട്ടിട്ടും ഓഡിറ്റിൽ ഹാജരാക്കിയില്ല.

(ബി) ജനറൽ പട്ടികജാതി വിഭാഗത്തിൽ 20 പേർക്ക് വീതം ഒരേ വിഷയത്തിൽ ഒരേ കാലയളവിലാണ് പരിശീലനം നൽകിയത് (23-2-2008 മുതൽ 25-3-2008 വരെ). രണ്ട് വിഭാഗത്തിൽപ്പെട്ടവരുടെയും പരിശീലന ചുമതല ഏറ്റെടുത്ത വ്യക്തി ഒരാളാണ്. പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്കായി വാങ്ങിയ അസംസ്കൃത സാധനങ്ങൾക്കൊപ്പം രണ്ട് പ്രിന്റിംഗ് മെഷീനുകൾ വാങ്ങിയിട്ടുള്ളതൊഴിച്ചാൽ (8,000 രൂപ) രണ്ടുപരിശീലന പരിപാടികൾക്കുമായി വാങ്ങിയ അസംസ്കൃത വസ്തുക്കളും സമാനമാണ്. ഇതിലേക്കായി കരാറുകാരൻ ഹാജരാക്കിയ ചെലവ് വൗച്ചറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്കുള്ള പരിശീലനം | ജനറൽ ഗുണഭോക്താക്കൾക്കുള്ള പരിശീലനം |
|---|---|---|---|
| 1 | അസംസ്കൃത വസ്തുക്കൾ | 42,630<br>(ബിൽ.നം. 57/26.03.08) | 16,060<br>(ബിൽ.നം. 56/26.03.08) |
| 2 | ഫാക്കൽറ്റി ഫീസ് | 33,000 | 18,000 |
| 3 | ലഘുഭക്ഷണം, ചായ, ഊണ്. | 24,670 | 16,300 |
| | ആകെ | 1,00,300 | 50,360 |

ഇതിൽനിന്നും സമാനരീതിയിൽ ഉള്ളതും, ഒരേ വ്യക്തി തന്നെ നടത്തിയതുമായ ഈ പരിശീലന പദ്ധതികൾക്കായി വിഭിന്നമായ തുകയാണ് കരാറുകാരൻ ഈടാക്കിയതെന്ന് വ്യക്തമാണ്. ഒരേ ഇനം പേപ്പർ ബാഗുകളുടെ നിർമ്മാണ പരിശീലനത്തിന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട 20 ഗുണഭോക്താക്കൾക്കായി 1 ലക്ഷം രൂപ പിൻവലിച്ചപ്പോൾ,

ജനറൽ വിഭാഗത്തിൽപ്പെട്ട 20 പേർക്കായി 50,000 രൂപ മാത്രമാണ് നൽകിയത്. ജനറൽ വിഭാഗം പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തുകയോ ആയത് ഈടാക്കുകയോ ചെയ്തിട്ടില്ല. ഇതിൽ നിന്നും യാതൊരു തത്വദീക്ഷയുമില്ലാതെ പദ്ധതിപ്പണം പ്രോജക്ടിൽ വകയിരുത്തി എന്ന കാരണത്താൽ മാത്രം പിൻവലിക്കുകയാണുണ്ടായ തെന്ന് വ്യക്തമാണ്. ഇപ്രകാരം യുക്തിസഹമല്ലാത്ത പ്രോജക്ട് തയ്യാറാക്കി പദ്ധതിപ്പണം പിൻവലിക്കുക വഴി 50,000 രൂപയുടെ അധിക ചെലവാണ് ഉണ്ടായത്. ഇത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നുമുള്ള കുറ്റകരമായ അനാസ്ഥയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആകയാൽ ഈ വിഷയത്തിലേക്ക് ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പട്ടികജാതി വിഭാഗം ഗുണഭോക്താക്കളുടെ പരിശീലനത്തിനായി വാങ്ങിയ മെഷീനുകളുടെ വിലയിനത്തിലുള്ള 8,000 രൂപ കിഴിച്ച് ഈ പ്രോജക്ടിനായി (ജനറൽ പ്രോജക്ടിൽനിന്നും വിഭിന്നമായി) അധികം ചെലവഴിച്ച 42,000 രൂപ പദ്ധതി അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ, പഞ്ചായത്ത് സെക്രട്ടറി എന്നിവരിൽനിന്നും തുല്യമായി ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

(സി) ലഭ്യമായ രേഖകൾ പ്രകാരം (ഹാജർ സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ) പരിശീലന പരിപാടികൾ നടന്നിട്ടുള്ളത് 23-2-2008 മുതൽ 25-3-2008 വരെയാണ്. ഇതേ കാലയളവിൽ തന്നെ ഫാഷൻ ടെക്നോളജി പരിശീലനം, ലതർ പ്രോഡക്ട് പരിശീലനം എന്നിവയും പഞ്ചായത്തിൽ നടന്നിട്ടുണ്ട്. ഈ പരിശീലന പരിപാടികളെല്ലാം ദിവസം 8 മണിക്കൂർവച്ച് മുഴുദിന പരിശീലന പരിപാടിയായാണ് നടത്തിയതെന്നാണ് രേഖ. പേപ്പർബാഗ് നിർമ്മാണ പരിശീലനത്തിൽ (പട്ടികജാതി) പങ്കെടുത്തതായി കാണിച്ചിട്ടുള്ള താഴെപ്പറയുന്ന വ്യക്തികൾ ഇതേ കാലയളവിൽ തന്നെ മറ്റ് ട്രെയനിംഗ് പരിപാടികളിലും പങ്കെടുത്തതായി കാണിച്ച് തുക പിൻവലിച്ചിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കുടുംബശ്രീ യൂണിറ്റിന്റെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | മീരാ എസ്. ആനന്ദ്, ആനന്ദ ഭവനം, കണ്ണമംഗലം വടക്ക്, ചെട്ടികുളങ്ങര.പി.ഒ. | ഹരിശ്രീ, കുടുംബശ്രീ വാർഡ്-17 | ഫാഷൻ ഡിസൈനിംഗ് പരിശീലന പരിപാടിയിലേക്കും ഗുണഭോക്താവായി കാണിച്ച് തുക മാറിയിട്ടുണ്ട്. ഫോട്ടോ യുൾപ്പെടെ ടിയാളുടേതായുള്ള അനുബന്ധ രേഖകൾ എല്ലാം രണ്ട് ഫയലിലും ഒന്നു തന്നെയാണ്. |
| 2 | ഭാരതി, കയ്യാമ്പള്ളി കിഴക്കതിൽ, (പേള.പി.ഒ) | സൗപർണ്ണിക വാർഡ്- 20 | ഫാഷൻ ഡിസൈനിംഗ് പരിശീലന പരിപാടിയിലേക്കും ഗുണഭോക്താവായി കാണിച്ച് തുക മാറിയിട്ടുണ്ട്. ഫോട്ടോ യുൾപ്പെടെ ടിയാളുടേതായുള്ള അനുബന്ധ |

| | | | |
|---|---|---|---|
| | | | രേഖകൾ എല്ലാം രണ്ടു- ഫയലിലും ഒന്നുതന്നെയാണ്. |
| 3 | രമ, പന്നയിൽ തറയിൽ, കൈതവടക്ക്, ചെട്ടികുളങ്ങര. | പരാശക്തി വാർഡ്-18 | ഇതേ കാലയളവിൽ നടന്ന ലെതർ പ്രോഡക്ട് നിർമ്മാണ പരിശീലനത്തിലേയും ഗുണഭോക്താവായി കാണിച്ച് തുക മാറിയിട്ടുണ്ട്. രണ്ട് ഫയലിനോടൊപ്പമുള്ള അനുബന്ധ രേഖകൾ ഒന്നുതന്നെയാണ്. |

ഇപ്രകാരം ഒരേ കാലയളവിൽ ദിവസം 8 മണിക്കൂർ വച്ച് നടത്തിയതായി പറയുന്ന പരിശീലന പരിപാടികളിൽ ഒരേ വ്യക്തികളുടെ പേരുവിവരം ഉൾപ്പെടുത്തി തുക പിൻവലിച്ചുനൽകിയതിൽ നിന്നും, വ്യാജ രേഖകൾ ചമച്ച് പദ്ധതി തുക ചെലവഴിക്കുകയാണുണ്ടായതെന്ന് വ്യക്തമാണ്. ആകയാൽ ഹാജരാക്കിയ രേഖകളിൽ പ്രതിപാദിക്കും പ്രകാരം പരിശീലന പരിപാടി യഥാവിധി നടന്നിട്ടുണ്ടോയെന്ന് ഓഡിറ്റിൽ സംശയിക്കുന്നു. ഇതിനുമേൽ നടത്തിയ ഓഡിറ്റ് അന്വേഷണത്തിന് സി.ഡി.എസ്. ചാർജ്ജ് ഓഫീസർ നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

ഈ പരിപാടിയുടെ നടത്തിപ്പ് കരാറുകാരനിൽ നിക്ഷിപ്തമായിരുന്നതിനാൽ ഹാജർ രേഖപ്പെടുത്തലും മറ്റും കരാറുകാരനാണ് ചെയ്തിരുന്നത്. പദ്ധതിയുടെ മേൽനോട്ടം സി.ഡി.എസ്. ചെയർപേഴ്സണും അംഗങ്ങളുമായിരുന്നു നിർവ്വഹിച്ചിരുന്നത്. അപേക്ഷ സ്വീകരിക്കുന്നതിലും ഹാജർ രേഖപ്പെടുത്തുന്നതിലും കരാറുകാരനും സി.ഡി.എസ്. ഭാരവാഹികൾക്കുമുണ്ടായ കൈപിശകാണ് ഗുരുതരമായ ഈ വീഴ്ചയ്ക്ക് കാരണം. ആകയാൽ ഈ വിഷയത്തിൽ സമഗ്രമായ അന്വേഷണത്തിന് ഓഡിറ്റിൽ ശിപാർശ ചെയ്യുന്നു. ടി വ്യക്തികൾ ഒന്നിലധികം പരിശീലന പരിപാടികളിൽ പങ്കെടുത്തതായി കാണിച്ച് അധികം പിൻവലിച്ച 15,000 രൂപ പലിശ സഹിതം കരാറുകാരനിൽനിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് അധിക ചെലവിന് ഉത്തരവാദികളായ സി.ഡി.എസ്. ചെയർപേഴ്സൺ, ചാർജ് ഓഫീസർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി തിരിച്ചടയ്ക്കേണ്ടതാണ്.

(ഡി) പരിശീലനം നൽകിയതായി കാണിച്ചിട്ടുള്ള വ്യക്തികൾ ഈ വിഷയത്തിൽ പരിജ്ഞാനമുള്ളവരാണെന്നതിന് രേഖയൊന്നുമില്ല.

(ഇ) അസംസ്കൃതസാധനങ്ങളും മെഷീനുകളും വാങ്ങിയതിന്റേതായി ഹാജരാക്കിയ ബില്ലുകൾ ശ്രീ. യേശുദാസിന്റെ പേരിലുള്ള തയ്യിശ്ശേരിൽ ഏജൻസീസ്, പ്രയാർ, ഓച്ചിറ എന്ന സ്ഥാപനത്തിന്റെയാണ്. 67,000 രൂപയുടേതായി ഹാജരാക്കിയ ബില്ലുകളിലാകട്ടെ ടാക്സ് രജിസ്ട്രേഷൻ നമ്പർ പോലും ഇല്ല. ഇതിൽനിന്നും ഈ ബില്ലുകളുടെ വിശ്വാസ്യത ഓഡിറ്റിൽ സംശയിക്കുന്നു.

(എഫ്) ഈ പരിശീലന പരിപാടിയിൽപ്പെടുത്തി സെക്രട്ടറിയുടെ പേരിൽ വാങ്ങിയ 2 പ്രിന്റിംഗ് മെഷീനുകൾ ഉൾപ്പെടെയുള്ള സാധനങ്ങൾ ഒന്നും സ്റ്റോക്കിലെടുത്തിട്ടില്ല. വാങ്ങിയ മെഷീനുകൾ പരിശീലന ശേഷം കരാറുകാരൻ തിരികെ ഏൽപ്പിച്ചതായും

രേഖയില്ല. ഇതുസംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ടെൻഡർ ലഭിച്ചയാൾ മെഷീനുകൾ സ്വന്തമായി ലഭ്യമാക്കി പരിശീലനം നൽകിയിട്ടുള്ളതിനാൽ തിരികെ ലഭിച്ചിട്ടില്ല എന്ന മറുപടിയാണ് ചാർജ് ഓഫീസർ നൽകിയത്. എന്നാൽ പരിശീലന പരിപാടിയ്ക്കായി കരാറുകാരന് പദ്ധതിപ്പണം നൽകി സെക്രട്ടറിയുടെ പേരിൽ വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കേണ്ടതും പരിശീലനശേഷം മെഷീനുകൾ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതുമായിരുന്നു. ഇതിന്റെ അഭാവത്തിൽ ഇതിലേക്കായി ചെലവഴിച്ച 8,000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കി തിരിച്ചടയ്ക്കേണ്ടതാണ്.

(ജി) അംഗീകൃത പ്രോജക്ടിൽ ഭക്ഷണ ചെലവുകൾക്കായി യാതൊരു തുകയും വകയിരുത്തിയിരുന്നില്ല. എന്നാൽ പട്ടികജാതി ഗുണഭോക്താക്കൾക്കായുള്ള പ്രോജക്ടിൽപ്പെടുത്തി 24,670 രൂപയും ജനറൽ പ്രോജക്ടിൽപ്പെടുത്തി 16,300 രൂപയും ചെലവഴിച്ചതായാണ് രേഖ. അംഗീകൃത പ്രോജക്ടിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി തുക ചെലവഴിച്ച നടപടി ക്രമവിരുദ്ധമാണ്. ആകയാൽ ഈ ഇനത്തിൽ ചെലവഴിച്ച 40,970 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(എച്ച്) പരിശീലനം ലഭിച്ച വ്യക്തികളെ ഉൾപ്പെടുത്തി പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുകയും അതുവഴി അവരുടെ വരുമാനവർദ്ധനവുമായിരുന്നു ലക്ഷ്യമിട്ടിരുന്നത്. ഇതിലേയ്ക്കായാണ് മെഷീനുകൾ ഉൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങിയതും. എന്നാൽ പരിശീലനത്തിനായി പദ്ധതി തുക പിൻവലിച്ചതൊഴികെ യാതൊരു തുടർപ്രവർത്തനവും ഇതു സംബന്ധമായി നടന്നതായി രേഖയില്ല.

(ഐ) പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണം സംബന്ധിച്ച് മോണിറ്ററിംഗ് നടന്നതിനും രേഖയില്ല. മേൽവിവരിച്ച അപാകതകളുടെ വെളിച്ചത്തിൽ ഈ പ്രോജക്ടുകളുടെ സമഗ്രമായ അന്വേഷണത്തിനും, ഓഡിറ്റിൽ അംഗീകരിക്കാതിരുന്ന ചെലവുതുകകൾ ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതിനും ശിപാർശ ചെയ്യുന്നു.

<u>ഉത്തരവാദികളായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. എൻ. എസ്. പ്രകാശ്, സെക്രട്ടറി (വിരമിച്ചു), നല്ലവീട്ടിൽ, ഇലിപ്പക്കുളം പി.ഒ., 690503

2. ശ്രീ. എ. മഹേന്ദ്രൻ, പ്രസിഡന്റ്, വല്യത്ത് കിഴക്കേതിൽ, മേനാമ്പള്ളി, പത്തിയൂർ പി.ഒ.

3. ശ്രീ. എസ്. സുനിൽകുമാർ (മെമ്പർ), കൊട്ടയ്ക്കാട്ടേത്ത് തറയിൽ, കൈതത്തെക്ക്, ചെട്ടികുളങ്ങര. പി.ഒ.

4. ശ്രീ. എ. കെ. ഹരിദാസ് (മെമ്പർ) പള്ളേമ്പിൽ, കാർത്തിക, ഓലകെട്ടിയമ്പലം, പി.ഒ.

5. ശ്രീ. ചിറ്റോടിത്തറ ഭാസ്കരൻ (മെമ്പർ), ചിറ്റോടിത്തറ, മറ്റംവടക്ക്, തട്ടാരമ്പലം പി.ഒ.

6. ശ്രീ. ചെങ്കിളിൽ രാജൻ, ശ്രീമതി ലളിതാ ശശിധരൻ, ശ്രീമതി ചന്ദ്രലേഖ സി., അഡ്വ. കെ. വിജയൻപിള്ള, ശ്രീ. കെ. പി. ശശി, ശ്രീ. വി. ഗോപാലകൃഷ്ണൻ, ശ്രീമതി വി. മോഹനകുമാരി, ശ്രീ. വി. രാഘവൻ, അഡ്വ. കെ. ബി. പ്രേംദീപ്, ശ്രീമതി ശ്രീലത, ശ്രീ. സുരേഷ് തട്ടാവഴി, ശ്രീ. പി. ജയകുമാർ, ശ്രീ. ആർ. രാജേന്ദ്രദാസ്, ശ്രീമതി ലതാരഘു, ശ്രീമതി അംബികാദേവി, ശ്രീമതി ഹേമ.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 5.2.12(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

95. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പേപ്പർ ബാഗ് നിർമ്മാണത്തിന് ജനറൽ, പട്ടികജാതി വിഭാഗങ്ങളിലായി രണ്ട് പ്രോജക്ടുകൾ ആയിരുന്നു ഉണ്ടായിരുന്നതെന്നും ഇതിന്റെ അടങ്കൽ തുക 1,50,000 രൂപയാണെന്നും കരാറുകാരനായ ശ്രീ. യേശുദാസിന്റെ മേൽവിലാസത്തിൽ തെറ്റുണ്ടെന്നുള്ളത് കഴിഞ്ഞ ദിവസം നടത്തിയ അന്വേഷണത്തിൽ നിന്നാണ് മനസ്സിലാക്കാൻ സാധിച്ചതെന്നും വില്ലേജ്, താലൂക്ക് ഓഫീസുകളിൽനിന്നും ഇതുവരെയും അതിനുള്ള മറുപടി ലഭിച്ചില്ലായെന്നും മേൽവിലാസം ബോദ്ധ്യപ്പെട്ടാൽ ടിയാനെതിരെയുള്ള ആർ.ആർ. നടപടി പുനരാരംഭിക്കുമെന്നും ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

96. പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്കായി വാങ്ങിയ അസംസ്കൃത സാധനങ്ങൾക്കൊപ്പം രണ്ട് പ്രിന്റിംഗ് മെഷീനുകൾ വാങ്ങുകയും എന്നാൽ പരിശീലനത്തിനായി പദ്ധതി തുക പിൻവലിച്ചതൊഴികെ യാതൊരു തുടർ പ്രവർത്തനങ്ങളും നടന്നതായി രേഖയിലില്ലായെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചതിനെ തുടർന്ന് അന്നത്തെ സെക്രട്ടറിയായിരുന്ന എൻ.എസ്. പ്രകാശിൽനിന്നും ആർ.ആർ. നടപടികൾക്ക് റിക്വിസിഷൻ 2014-ൽ നൽകിയിട്ടുള്ളതാണെന്നും അതിന്റെ നടപടി പൂർത്തീകരിച്ചിട്ടില്ലായെന്നും ടിയാൻ 6-2-2019-ൽ മരണപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കിയിരുന്നുവെന്ന് ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

97. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**98. പരാമർശവുമായി ബന്ധപ്പെട്ട് പ്രസ്തുത പദ്ധതിയുടെ കരാറുകാരനിൽനിന്നും തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറി മരണപ്പെട്ടതിനാൽ ടിയാനെതിരെയുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കി ശേഷിക്കുന്ന പഞ്ചായത്ത് അംഗങ്ങളിൽ നിന്നും കൂടി ആർ.ആർ. നടപടിയിലൂടെ തുക ഈടാക്കാനും സമിതി ശിപാർശ ചെയ്യുന്നു.**

ബുധനൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഓട്ടോറിക്ഷാ വാങ്ങൽ - പദ്ധതിപണം നിഷ്ക്രിയാവസ്ഥയിൽ**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ:3(9)

2007-08 വാർഷിക പദ്ധതിയുടെ ഭാഗമായി ഓട്ടോറിക്ഷാ ഡ്രൈവിംഗ് പരിശീലനം സിദ്ധിച്ച തൊഴിൽരഹിതരായ 5 പട്ടികജാതി വനിതകൾക്ക് ഉപജീവന മാർഗ്ഗം ലഭ്യമാക്കുകയെന്ന ഉദ്ദേശത്തോടെ നടപ്പാക്കുവാനുദ്ദേശിച്ച ഓട്ടോറിക്ഷാ വാങ്ങി നൽകൽ എന്ന പദ്ധതി ഭൗതികലക്ഷ്യം നേടാതെ പദ്ധതി ധനം പാഴാക്കുവാനിടയായി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമസഭയിൽ തെരഞ്ഞെടുക്കപ്പെടുന്ന 5 ഗുണഭോക്താക്കൾക്ക് ബാങ്ക് വായ്പയും പദ്ധതിധനത്തിൽ നിന്നുള്ള സബ്സിഡിയും ഉപയോഗിച്ച് ഓട്ടോറിക്ഷാ വാങ്ങുന്നതിനായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഗുണഭോക്താക്കൾ ആവശ്യമായ രേഖകൾ ബാങ്കിൽ ഹാജരാക്കുമ്പോൾ, വായ്പ അനുവദിച്ചതായി ബാങ്കിൽ നിന്നും അറിയിപ്പ് ലഭിച്ചതിനുശേഷം വായ്പാ കാലാവധി തീരുന്നതിനു മുമ്പ് ഓട്ടോറിക്ഷാ കൈമാറ്റം ചെയ്യുകയോ, വിൽക്കുകയോ ചെയ്യില്ലായെന്ന് ഗുണഭോക്താവുമായി സെക്രട്ടറി കരാർ വച്ചിട്ട് സബ്സിഡി തുക ബാങ്കിലടയ്ക്കണമെന്നായിരുന്നു വ്യവസ്ഥ.

പദ്ധതിയുടെ ഗുണഭോക്താക്കളായി ശ്രീമതിമാർ കവിത ജെ.എം., ഷീജാ.റ്റി.ആർ., അമ്പിളി.കെ., ഉദയകുമാരി റ്റി. എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. 13-3-2007-ൽ എസ്.ബി.ടി. എണ്ണയ്ക്കാട് ബ്രാഞ്ച് മാനേജർക്ക് പദ്ധതിയുടെ സബ്സിഡി തുക അനുവദിക്കുവാൻ അപേക്ഷ നൽകുവാനും ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കുവാൻ നടപടി സ്വീകരിക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി കത്തയച്ചു. കത്തിനു മറുപടിയായി വായ്പ അനുവദിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുമ്പോൾ വായ്പ അനുവദിക്കുന്നതാണെന്ന് ബാങ്കിൽ നിന്നും 16-3-2007-ൽ അറിയിച്ചു. എന്നാൽ

ഗുണഭോക്താക്കൾ വായ്പയ്ക്ക് ആവശ്യമായ രേഖകൾ ഹാജരാക്കുകയോ, ബാങ്കിൽ നിന്നും വായ്പ അനുവദിക്കുകയോ, ഗുണഭോക്താക്കളുമായി കരാർ വെയ്ക്കുകയോ ചെയ്യാതെ 4 ഗുണഭോക്താക്കൾക്കുള്ള സബ്സിഡി തുക 80,000 രൂപ 13-4-2007-ൽ എസ്.ബി.ടി. എണ്ണയ്ക്കാട് ബ്രാഞ്ചിൽ നിക്ഷേപിച്ചു.

നാളിതുവരെ ഗുണഭോക്താക്കൾ രേഖകൾ ഹാജരാക്കാത്തതിനാൽ വായ്പ അനുവദിക്കപ്പെട്ടിട്ടില്ല. 3 വർഷമായി പദ്ധതി ധനം ഉപയോഗരഹിതമായി പലിശ പോലും ലഭ്യമാകാതെ ഒരു വാണിജ്യബാങ്കിൽ കിടക്കുന്നതിനിടയായി.

പദ്ധതി നടത്തിപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് പദ്ധതി ധനം ഉപയോഗ രഹിതമായി കിടക്കുവാനിടയാക്കിയ സെക്രട്ടറിയുടെ നടപടി ക്രമവിരുദ്ധമാണ്. പദ്ധതി നടപ്പാക്കുന്ന തീയതി വരെയോ, തുക ബാങ്കിൽ നിന്നും തിരികെ ലഭിക്കുന്ന തീയതി വരേയോ ഉള്ള കാലയളവിലേയക്ക് 12% നിരക്കിൽ ഈ തുകയ്ക്ക് പലിശ ഈടാക്കി പഞ്ചായത്ത് ഫണ്ടിലേയ്ക്കടക്കേണ്ടതാണ്.

പദ്ധതി നടപ്പാക്കുവാൻ/പണം തിരികെ ലഭിക്കുവാൻ സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥ:</u>

ശ്രീമതി ഇ.വി. സരസമ്മ (സെക്രട്ടറി),

അമ്പാട്ട് പുത്തൻ വീട്, എണ്ണയ്ക്കാട്ട് പി.ഒ.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 5.3.3(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

99. പ്രസ്തുത വിഷയം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ബാങ്കിൽനിന്നും റീഫണ്ട് ചെയ്ത തുക സബ്ട്രഷറിയിൽ തിരികെ അടച്ചിട്ടുണ്ടെന്നും ബുധനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

100. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**101. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്

**തൊഴിൽ പരിശീലന പദ്ധതികൾ - പദ്ധതി ലക്ഷ്യം സാക്ഷാത്കരിച്ചില്ല**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3-18

| | |
|---|---|
| ✚ | തൊഴിൽ പരിശീലനത്തിനായി വാങ്ങിയ ഉപകരണങ്ങൾ അന്യാധീനപ്പെട്ടു. |
| ✚ | പരിശീലനാർത്ഥികളുടെ ഹാജർ വിവരമില്ല. |
| ✚ | പരിശീലനത്തിനുശേഷം ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക എന്ന ലക്ഷ്യം നടപ്പിലായില്ല. |

2007-08 വർഷം വി.ഇ.ഒ.(കട്ടച്ചിറ) നടപ്പാക്കിയ താഴെപ്പറയുന്ന സ്വയം തൊഴിൽ പരിശീലന പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി 3,95,000 രൂപ സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നൽകിയിരുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേരും നമ്പരും | നൽകിയ തുക | ഡി.ഡി.നം/തീയതി |
|---|---|---|---|
| 1 | ഗാർമെന്റ് മേക്കിംഗ് പരിശീലനം (7) | 1,00,000 | 89467515/30.03.08 |
| 2 | കേറ്ററിംഗ് പരിശീലനം-വനിത (4) | 1,00,000 | 89467514/30.03.08 |
| 3 | പേപ്പർ അധിഷ്ഠിത പരിശീലനം (2) | 65,000 | 89467510/30.03.08 |
| 4 | ഭക്ഷ്യാധിഷ്ഠിത ഉല്പന്ന പരിശീലനം - വനിത (5) | 60,000 | 89467513/30.03.08 |
| 5 | വിവിധോൽപ്പന്നങ്ങളുടെ പരിശീലനം - വനിത (3) | 40,000 | 89467512/30.03.08 |
| 6 | പാൽ ഉൽപ്പന്ന നിർമ്മാണ - പരിശീലനം വനിത (6) | 30,000 | 89467511/30.03.08 |
| | ആകെ | 3,95, 000 | |

**പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.**

1. വിവിധ പരിശീലന പരിപാടികൾക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് രേഖാമൂലം ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ അപേക്ഷയോ, അവരുടെ അർഹതാ മാനദണ്ഡം തെളിയിക്കുന്ന രേഖകളോ ഇല്ല.

3. പരിശീലന സ്ഥാപനം ഹാജരാക്കിയ ചെലവു കണക്കുപ്രകാരം അവർ കൈപ്പറ്റിയ തുകയുടെ 50% ഉം ട്രെയിനിംഗ് മെറ്റീരിയൽസിന്റെ വിലയിനത്തിലാണ് കാണിച്ചിട്ടുള്ളത്. എന്നാൽ ഏതെല്ലാം മെറ്റീരിയൽസ് വാങ്ങി എന്നതു സംബന്ധമായി ബില്ലുകൾ ഹാജരാക്കുകയോ, പരിശീലന ശേഷം മെറ്റീരിയൽസ് തിരികെ ലഭിക്കുകയോ ചെയ്തിട്ടില്ല. ഗാർമെന്റ് മേക്കിംഗ് പരിശീലനത്തിനായി വാങ്ങുന്ന മെഷീനുകൾ പരിശീലനശേഷം ആരംഭിക്കുന്ന ഗാർമെന്റ് മേക്കിംഗ് യൂണിറ്റുകൾക്ക് നൽകാമെന്നിരിക്കേ ഇതിലേയ്ക്കായി വാങ്ങിയ സാധനങ്ങൾ തിരികെ വാങ്ങാതിരുന്നതിനുള്ള കാരണം വ്യക്തമല്ല.

4. പരിശീലന സ്ഥാപനം ഹാജരാക്കിയ ചെലവ് കണക്കുപ്രകാരം അവർ കൈപ്പറ്റിയ തുക ട്രെയിനിംഗ് മെറ്റീരിയൽസിന്റെ വില, പഠിതാക്കൾക്കുള്ള റിഫ്രഷ്മെന്റ് ചാർജ്ജ്, ഫ്രൈറ്റ് ചാർജ്ജ്, ടെലിഫോൺ/പോസ്റ്റേജ്, പ്രിന്റിംഗ്, സ്റ്റേഷനറി, ഹാൾവാടക എന്നീ ഇനങ്ങളിലായി വിനിയോഗിച്ചു എന്ന് കാണിച്ചിട്ടുണ്ടെങ്കിലും ഇതിനാസ്പദമായ യാതൊരു ചെലവു രേഖകളും (ബിൽ, വൗച്ചർ, കൈപ്പറ്റ് രസീത് മുതലായവ) ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളുടേതായി ഹാജർ രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ ഒഴികെ യാതൊന്നും അവർ ലഭ്യമാക്കിയിട്ടില്ല.

5. പരിശീലനം പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് അംഗീകൃത പ്രോജക്ടിലെ വ്യവസ്ഥ പ്രകാരം സർട്ടിഫിക്കറ്റ് നൽകേണ്ടതുണ്ടായിരുന്നുവെങ്കിലും എത്ര പേർക്ക് ഇതനുസരിച്ച് സർട്ടിഫിക്കറ്റ് ലഭിച്ചു എന്ന് വ്യക്തമല്ല. രേഖാമൂലം ആവശ്യപ്പെട്ടുവെങ്കിലും കുറച്ചുപേർക്ക് നൽകിയ സർട്ടിഫിക്കറ്റ് പകർപ്പ് മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റിൽ ഹാജരാക്കിയത്. ഇതുമൂലം എത്രപേർ പരിശീലനം വിജയകരമായി പൂർത്തിയാക്കിയെന്ന് വ്യക്തമല്ല.

6. പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്നത് പ്രകാരം പരിശീലനം പൂർത്തിയാക്കിയവരെ ഉൾപ്പെടുത്തി ചെറുകിട വ്യവസായ/തൊഴിൽ യൂണിറ്റുകൾ ആരംഭിച്ചു എന്നതിന് യാതൊരു തെളിവുകളുമില്ല. ഇതുസംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിറം എന്ന പേരിൽ ഒരു ഗാർമെന്റ് യൂണിറ്റ് ആരംഭിച്ചുവെന്നും 4 പേപ്പർ ക്യാരിബാഗ് യൂണിറ്റുകൾ ആരംഭിച്ചുവെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ലായെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി.

7. ചെറുകിട തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുക എന്ന ആത്യന്തിക ലക്ഷ്യം മുന്നിൽ കണ്ട് പരിശീലനത്തിനായി 4 ലക്ഷത്തോളം രൂപ മുടക്കിയെങ്കിലും പരിശീലനം നൽകിയതൊഴിച്ചാൽ പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണമായും പ്രാവർത്തികമാക്കാൻ

കഴിഞ്ഞില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഇത് ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നുമുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആകയാൽ 4 ലക്ഷം രൂപ ചെലവഴിച്ച ഈ പദ്ധതി ലക്ഷ്യം കൈവരിക്കാതിരുന്നതിനുള്ള വിശദീകരണം നൽകേണ്ടതാണ്. മേൽ അപാകതകളുടെ വെളിച്ചത്തിൽ ഇതിലേയ്ക്കായി ചെലവഴിച്ച 3,95,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ശ്രീ. ജയലാൽ, വി.ഇ.ഒ., കട്ടച്ചിറ,

നല്ലവീട്ടിൽ, വേടരപ്ലാവ് പി.ഒ., ചാരുംമൂട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 5.3.4(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

102. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**103. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വനിതാ തൊഴിൽ പരിശീലനം - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.**

പുലിയൂർ ഗ്രാമപഞ്ചായത്ത്, ഓഡിറ്റ് റിപ്പോർട്ട് വർഷം 2009-2010

ആലപ്പുഴ ഖണ്ഡിക 3-13

- വികസന ഫണ്ടിൽ നിന്നും പിൻവലിച്ചത് 2,18,050 രൂപ
- ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് മാനദണ്ഡമനുസരിച്ചല്ല.
- പരിശീലനത്തെ തുടർന്ന് യൂണിറ്റുകൾ സ്ഥാപിക്കണമെന്ന കരാർ ചമച്ചില്ല.

വനിതകൾക്ക് പരിശീലനം നൽകി തൊഴിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 2009-10 വർഷം 6 പദ്ധതികളിലായി വികസനഫണ്ടിൽ നിന്നും 2,18,050 രൂപ പിൻവലിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | മേഖല | പിൻവലിച്ച തുക | ഡി.ഡി. നം./ തീയതി |
|---|---|---|---|---|---|
| 1 | എം. 0075/10 | ഭക്ഷ്യ സംസ്കരണം - പരിശീലനം നൽകി യൂണിറ്റ് സ്ഥാപിക്കൽ | SCP | 50,000 | 466834/09.04.2010 (ബിൽ 777/2009-10, 24.03.2010) |
| 2. | എസ്. 0076/10 | മെഴുകുതിരി നിർമ്മാണം - പരിശീലനം നൽകി യൂണിറ്റ് സ്ഥാപിക്കൽ | SCP | 50,000 | 4668/09.04.2010 (ബിൽ 779/2009-10, 24.03.2010) |
| 3. | എസ്. 88/9-10 | ബ്യൂട്ടീഷൻ പരിശീലനം | SCP | 46,800 | 466840/06.04.2010 (ബിൽ 780/2009-10, 29.03.2010) |
| 4. | എസ്. 0074/10 | പേപ്പർ ബാഗ്, ഫയൽ പാഡ്, കവർ നിർമ്മാണം - പരിശീലനം നൽകി യൂണിറ്റ് സ്ഥാപിക്കൽ | SCP | 30,000 | 466836/09.04.2010 (ബിൽ 782/2009-10, 29.03.2010) |
| 5. | എസ്. 31/10 | പേൾ ജ്യൂവൽ നിർമ്മാണം - പരിശീലനം നൽകി യൂണിറ്റ് സ്ഥാപിക്കൽ | ജനറൽ | 30,000 | 466838/09.04.2010 (ബിൽ 784/2009-10, 29.03.2010) |
| 6. | എസ്. 87/9-10 | സാരി ഡിസൈനിംഗ് | SCP | 11,250 | 466837/09.04.2010 (ബിൽ 787/2009-10, 29.03.2010) |

ആറ് പദ്ധതികളും പഞ്ചായത്ത് സെക്രട്ടറിയാണ് നടപ്പാക്കിയത്. ചെങ്ങന്നൂരിലെ ഭാരത് സേവക് സമാജ് സംഘടനയാണ് ആറ് പദ്ധതികൾക്കും പരിശീലനം നൽകിയിരുന്നത്.

**പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ:-**

1. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. കുടുംബശ്രീ യൂണിറ്റുകളിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത്.

ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചിട്ടില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ കുടുംബശ്രീ, എ.ഡി.എസ്.,സി.ഡി.എസ്.-കൾക്ക് അധികാരമില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള പരമാധികാരം ഗ്രാമസഭയ്ക്കാണെന്ന നിയമം ലംഘിച്ചിരിക്കുകയാണ്.

2. പരിശീലനം ലഭിച്ചവരെക്കുറിച്ച് വ്യക്തമായ വിവരങ്ങളടങ്ങിയ രേഖകൾ ലഭ്യമല്ല. ആറ് പദ്ധതികളിൽ 5 എണ്ണവും പ്രത്യേക ഘടക പദ്ധതിയാണ്. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ പട്ടികജാതിക്കാർ തന്നെയാണോ എന്നതിന് തെളിവില്ല.

3. 3/2010-ന് പൂർത്തിയായ പരിശീനത്തിന്റെ രേഖകൾ 2/2011-ൽ ഓഡിറ്റ് നടക്കുമ്പോഴും ഹാജരാക്കിയിട്ടില്ല. യൂണിറ്റിന്റെ സ്ഥാപന/പ്രവർത്തന രേഖകൾ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. പരിശീലനാർത്ഥികളിൽ നിന്നും പരിശീലനത്തിനുശേഷം യൂണിറ്റുകൾ സ്ഥാപിക്കുമെന്ന കരാർ ചമച്ചിട്ടില്ല.

4. പദ്ധതി പ്രകാരമുള്ള യൂണിറ്റുകൾ ഒന്നും തന്നെ നിലവിൽ പ്രവർത്തിക്കുന്നില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. രേഖകൾ ഹാജരാക്കാത്തതിനുള്ള വിശദീകരണം അംഗീകരിക്കത്തക്കതല്ല. വികസന ഫണ്ടിൽ നിന്നും 2,18,050 രൂപ ചെലവഴിച്ചിട്ടും പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടില്ല.

ഖണ്ഡിക സമാഹൃത റിപ്പോർട്ടിലേയ്ക്ക് ശിപാർശ ചെയ്യുന്നതായും നിലവിലെ സ്ഥിതി ലഭ്യമാക്കാനും 14-5-2012-ൽ ആലപ്പുഴ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.ജി.എ(4) 405/2012 നമ്പർ കത്ത് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകി. ഓഡിറ്റ് പരിശീലനം നേടിയവർ ബാങ്ക് ലോണുകൾ സംഘടിപ്പിക്കുന്നതിലും മറ്റും മുഴുകിയിരുന്നതിനാലാണ് യൂണിറ്റ് സ്ഥാപിക്കാനാകാതെ വന്നത് എന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. അതിനുശേഷമുള്ള ഓഡിറ്റ് പരിശോധനയിലും യൂണിറ്റുകളൊന്നും പ്രവർത്തിക്കുന്നില്ല എന്ന് ബോധ്യപ്പെട്ടു.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥ:</u>

ശ്രീമതി പി. വത്സലകുമാരിയമ്മ, സെക്രട്ടറി

കാർത്തിക, പൂഴിക്കാട്, കുടശ്ശനാട് പി.ഒ., പന്തളം, പത്തനംതിട്ട.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2011-12; ഖണ്ഡിക 4.12)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

104. വനിതകൾക്ക് പരിശീലനം നൽകിയ തൊഴിൽ യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന സമിതി ചോദ്യത്തിന് തൊഴിൽ യൂണിറ്റ് പ്രവർത്തിക്കുന്നില്ലായെന്നും പദ്ധതി ഗുണഭോക്താക്കളായ ഓരോരുത്തരും വിവിധ സ്ഥാപനങ്ങളിൽ മികച്ച രീതിയിൽ സ്വയം പ്രവർത്തിക്കുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും പുലിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

105. പരിശീലനം ലഭിച്ചവർ ഏതെങ്കിലും മേഖലകളിൽ തൊഴിൽ ചെയ്യുന്നുണ്ടോയെന്ന സമിതി ചോദ്യത്തിന് ബ്യൂട്ടീഷ്യൻ പരിശീലനം, സാരി ഡിസൈനിംഗ് തുടങ്ങി വിവിധ യൂണിറ്റുകളിൽ പരിശീലനം ലഭിച്ചവർ അതത് മേഖലകളിൽ പ്രവർത്തിക്കുന്നുണ്ടെന്നും സർക്കാരിന്റെ അനുമതിയോടുകൂടി ചെങ്ങന്നൂരിലുള്ള ഭാരത് സേവക് സമാജ് എന്ന ഏജൻസിയെയാണ് തൊഴിൽ പരിശീലനത്തിനായി ഏൽപ്പിച്ചതെന്നും പുലിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

106. എത്രപേർക്ക് കൃത്യമായ പരിശീലനം നൽകി, അതുകൊണ്ട് എത്ര പേർ ജോലി ചെയ്ത് ജീവിക്കുന്നുണ്ട് എന്നീ വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**107. പുലിയൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വനിതാ തൊഴിൽ പരിശീലന പദ്ധതി പ്രകാരം എത്ര പേർക്ക് കൃത്യമായ പരിശീലനം നൽകി, അപ്രകാരം പരിശീലനം ലഭിച്ച എത്ര പേർ ജോലി ചെയ്ത് ജീവിക്കുന്നുണ്ട് എന്നീ വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

ആലപ്പുഴ ജില്ല

**വ്യാജബില്ലുകൾ ചമച്ച് ധനാപഹരണം കൃഷി ഓഫീസർക്ക് സസ്പെൻഷൻ**

തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2010-11, 2011-12 വർഷങ്ങളിലെ ഓഡിറ്റ് വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട ബില്ലുകൾ പരിശോധിച്ചതിൽ, വി.എഫ്.പി.സി.കെ., ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും തെങ്ങിൻ തൈകൾ, പച്ചക്കറി വിത്തുകൾ എന്നിവ വാങ്ങിയതിന്റെ ബില്ലുകളും തുറവൂർ തെക്ക് സഹകരണ സംഘത്തിൽ നിന്നും നെൽവിത്ത്, വളം എന്നിവ വാങ്ങിയതിന്റെ ബില്ലുകളും വ്യാജമാണെന്ന് സ്ഥാപനങ്ങളുമായി നടത്തിയ കത്തിടപാടുകളിൽ നിന്നും ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടു.

വിശദമായ പരിശോധനയിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകുവാൻ പിൻവലിച്ച ₹27,68,455 നിർവ്വഹണ ഉദ്യോഗസ്ഥൻ അപഹരിച്ചതായി ഓഡിറ്റിൽ കണ്ടെത്തി.

ഈ വിഷയം സംബന്ധിച്ച് സർക്കാരിന് സ്പെഷ്യൽ ലെറ്റർ അയയ്ക്കുകയും (ലെറ്റർ നം. എൽ.എഫ്.പി.റ്റി/58671/2013 തീയതി 15-4-2013) ഓഡിറ്റ് റിപ്പോർട്ടിൽ (നം.എൽ.എഫ്.എ-പി2/123/2012, തീയതി:30.04.2013) പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ക്രമക്കേടുകൾക്ക് ഉത്തരവാദിയായ കൃഷി ഓഫീസർ ശ്രീ. കെ. പി. സുനിലിനെ സസ്പെൻഡ് ചെയ്തതായും ഈ വിഷയത്തിൽ വിജിലൻസ് അന്വേഷണം നടക്കുന്നതായും ഗവ.സെക്രട്ടറി, തദ്ദേശസ്വയംഭരണ (എബി) വകുപ്പിൽ നിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. (കത്ത് നം.28180/എബി1/ 13/തസ്വഭ. തീയതി 13.12.2013)

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2013-14; ഖണ്ഡിക 3.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

108. നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട ബില്ലുകൾ വ്യാജമാണെന്ന് സ്ഥാപനങ്ങളുമായി നടത്തിയ കത്തിടപാടുകളിൽ നിന്നും ഓഡിറ്റ് വകുപ്പിന് ബോദ്ധ്യപ്പെട്ടു എന്നത് സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന സമിതി ചോദ്യത്തിന് ഇതുസംബന്ധിച്ച് അന്വേഷിച്ചതിൽ പ്രസ്തുത ബില്ലുകൾ വ്യാജമാണെന്ന് വി.എഫ്.പി.സി.കെ.-യുടെ റിപ്പോർട്ടിൽനിന്നും അറിയാൻ കഴിഞ്ഞെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ നിലവിൽ പാലക്കാട് ജില്ലയിൽ സർവ്വീസിലുണ്ടെന്നും ടിയാനെതിരെ ആലപ്പുഴ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിൽ കേസ് നിലവിലുണ്ടെന്നും ടിയാനെ സസ്പെന്റ് ചെയ്ത ശേഷം സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകേണ്ട തുകയായ 27,68,455 രൂപ ടിയാൻ തിരിച്ചടച്ചിട്ടില്ലെന്നും തുറവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

109. ഇത്തരത്തിലുള്ള വിഷയങ്ങളിൽ എന്തുകൊണ്ട് ക്രിമിനൽ കേസ് എടുക്കാതിരുന്നെന്ന സമിതി ചോദ്യത്തിന് നിർവ്വഹണ ഉദ്യോഗസ്ഥനെതിരെ ക്രിമിനൽ കേസ് എടുക്കാൻ പഞ്ചായത്ത് സമിതിയാണ് ശിപാർശ ചെയ്യേണ്ടതെന്ന് തുറവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

110. ഇത്തരത്തിൽ അഴിമതി നടത്തിയവർക്കെതിരെ വിജിലൻസ് കേസ് ഉണ്ടെന്നുള്ള പേരിൽ ക്രിമിനൽ കേസ് കൊടുക്കാതിരുന്ന നടപടിയെ രൂക്ഷമായി വിമർശിച്ച സമിതി ഇതിന്മേൽ ക്രിമിനൽ കേസ് കൊടുത്തശേഷം അതിന്റെ സ്ഥിതിയെ സംബന്ധിച്ച വിശദാംശം അറിയിക്കണമെന്ന് നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**111. ഉറവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശ വിധേയമായ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനെതിരെ ക്രിമിനൽ കേസ് എടുക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്നതിനെ സമിതി രൂക്ഷമായി വിമർശിക്കുന്നു. ടിയാനെതിരെ ക്രിമിനൽ കേസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച ശേഷം അതിന്റെ സ്ഥിതി സംബന്ധിച്ച വിശദാംശം അറിയിക്കമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പട്ടികജാതി/വർഗ്ഗ പദ്ധതികളുടെ അവലോകനം**

പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനായുള്ള പ്രത്യേക ഘടക പദ്ധതികൾ നടപ്പാക്കുന്നതിലേയ്ക്ക് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയുടെ ഭാഗമായി നൽകിയിട്ടുണ്ട്.

പട്ടികജാതി/വർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസം, ആരോഗ്യം, ഊർജ്ജ സങ്കേതങ്ങൾ, കുടിവെള്ള-കക്കൂസ് സൗകര്യങ്ങൾക്ക് മുൻഗണന, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യം, ഭക്ഷണ വിതരണം തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക നിബന്ധനകൾ നിലവിലുണ്ട്. എന്നാൽ സബ്സിഡി മാനദണ്ഡങ്ങളിൽ വിഭാവനം ചെയ്ത പൊതുലക്ഷ്യത്തിനും യുക്തിക്കും നിരക്കാത്ത രീതിയിൽ സബ്സിഡി നൽകുകയെന്ന പരിഗണന മാത്രം വച്ച് പ്രോജക്ട് ഏറ്റെടുക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള ചില അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

(എ) പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിലേയ്ക്ക് അർഹരായ വിദ്യാർത്ഥികൾക്ക് ദേശീയ, അന്തർദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം, പഠനം എന്നിവയ്ക്കും പ്രൊഫഷണൽ കോളേജുകളിലെ കോഴ്സുകളിലേയ്ക്കുള്ള എൻട്രൻസ് കോച്ചിംഗിനും പഠനത്തിനും ധനസഹായം നൽകുന്നതിനായി പദ്ധതികൾ രൂപീകരിക്കാവുന്നതാണ്. കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 18 വയസ്സിനുതാഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും പഠനോപകരണങ്ങൾ നൽകുന്നതിനും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ഉപയോഗിക്കാവുന്നതാണ്. എന്നാൽ വിദ്യാഭ്യാസ ഉന്നമനത്തിന് നൽകേണ്ട തുക പലപ്പോഴും ഏതെങ്കിലും ഒരു ആസ്തി വിതരണം മാത്രമായി പരിമിതപ്പെടുത്തി ചെലവഴിച്ചുതീർക്കുന്ന പ്രവണത നിലനിൽക്കുന്നു.

(ബി) മറ്റു പദ്ധതികൾ നടപ്പിലാക്കിയതിൽ വന്നിട്ടുള്ള സമാന വീഴ്ചകളുടെ വിശദാംശം പട്ടികയായി നൽകുന്നു.

| ഇനം | തദ്ദേശസ്വയം ഭരണ സ്ഥാപനം | ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക | തുക | അപാകത | കാരണം |
|---|---|---|---|---|---|
| കുടിവെള്ളം | തഴക്കര ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ ജില്ല | 2015-16 ഖ.3-1 | 56,89,000 | തുക വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചു. ജലസ്രോതസ്സുകളുടെ ദൗർലഭ്യം കാരണം പദ്ധതി നടപ്പായില്ല. പുതിയ പദ്ധതി കണ്ടെത്തിയില്ല | സബ്സിഡി മാർഗ്ഗരേഖ 9.3(ix)-ന് പ്രഥമ മുൻഗണന നൽകി പദ്ധതി നടപ്പാക്കിയില്ല. |

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ ലക്ഷ്യം കാണാതെ പരാജയപ്പെടുന്നതിന് തെളിവാണ് മേൽ പരാമർശങ്ങൾ. ഈ വിഭാഗങ്ങൾക്കായുള്ള പദ്ധതികളിൽ നിർബന്ധിത വകയിരുത്തലും ധനവിനിയോഗവും പൂർണ്ണമായും ഉറപ്പാക്കാൻ ശ്രമിക്കുന്നതോടൊപ്പം പദ്ധതി നിർവ്വഹണം പൂർത്തീകരിക്കുമ്പോൾ നിർദ്ദിഷ്ട വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നു എന്ന് ഉറപ്പാക്കാനുള്ള നടപടികൾ കൂടി ഉണ്ടാകേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2016-17; ഖണ്ഡിക 7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

112. പ്രസ്തുത പദ്ധതി ഏത് വർഷമാണ് ആരംഭിച്ചതെന്നും പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും സമിതി ചോദ്യമുന്നയിച്ചതിന് 2008-2009 മുതൽ 2010-11 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമായി (4 കുടിവെള്ള പദ്ധതികൾ) തഴക്കര ഗ്രാമപഞ്ചായത്തിൽ ജില്ലാപഞ്ചായത്തും, ബ്ലോക്ക് പഞ്ചായത്തും ചേർന്ന് ഒരു കോടി ഒരു ലക്ഷം രൂപയുടെ സംയുക്തപദ്ധതിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായെന്നും, സിംഗിൾ പ്രോജക്ടിന് എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും അത് പ്രായോഗികമല്ലാത്തതിനാലാണ് ജോയിന്റ് പ്രോജക്ടിന് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും ഇതുമായി ബന്ധപ്പെട്ട് ഒരു കോടി രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചതായും എന്നാൽ ആരും ടെണ്ടർ ഏറ്റെടുക്കാത്തതിനാൽ കരാർ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിച്ചില്ലെന്നും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്ന് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിച്ചിട്ടുള്ളതായും തഴക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

113. പദ്ധതി അടിയന്തരമായി പൂർത്തീകരിച്ച് കുടിവെള്ളം ലഭ്യമാക്കണമെന്നും, ആയതിന്റെ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാനും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

114. **തഴക്കര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശവിധേയമായ കുടിവെള്ള പദ്ധതി അടിയന്തരമായി പൂർത്തീകരിച്ച് കുടിവെള്ളം ലഭ്യമാക്കണമെന്നും അത് സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാനും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

കുത്തിയതോട് ഗ്രാമപഞ്ചായത്ത്

**നിക്ഷേപപ്രവൃത്തികൾ-നടപടിക്രമങ്ങൾ പാലിക്കുന്നില്ല**

ഒരു പ്രോജക്ടിന്റെ നിർവ്വഹണത്തിനായി ഒരു വകുപ്പ്/പൊതുമേഖല സ്ഥാപനത്തിന് തുക മുൻകൂറായി നൽകി നിർവ്വഹണം നടത്തുന്ന രീതിയാണ് ഡെപ്പോസിറ്റ് വർക്കുകൾ. ബന്ധപ്പെട്ട സ്ഥാപനവുമായി നിർവ്വഹണം സംബന്ധിച്ച് ധാരണയിലെത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും ഡി.പി.സി. അംഗീകാരവും വാങ്ങുന്നു. കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളെ/ഏജൻസികളെ മേൽപ്പറഞ്ഞ രീതിയിൽ പ്രവൃത്തി ഏൽപ്പിക്കുകയാണെങ്കിൽ, സ.ഉ.(പി)177/06/ഫിൻ. തീയതി 12-4-2006 പ്രകാരം എസ്റ്റിമേറ്റ് തുക ഡെപ്പോസിറ്റ് ചെയ്യാവുന്നതാണ്. തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനുമുൻപ് തദ്ദേശസ്വയംഭരണ സ്ഥാപനം ബന്ധപ്പെട്ട സ്ഥാപനം/വകുപ്പുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. പണി പൂർത്തിയാക്കി ഫൈനൽ ബിൽ നൽകിയശേഷം വിശദമായ വിനിയോഗ പത്രിക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനം നൽകേണ്ടതാണ്.

ഡെപ്പോസിറ്റ് വർക്കുകളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാതെ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന ഏകദേശ അടങ്കലിന്റെ അടിസ്ഥാനത്തിൽ പദ്ധതി അംഗീകാരം വാങ്ങിയ ശേഷം തികച്ചും അവ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമച്ച് പദ്ധതി തുക മാത്രം ഡെപ്പോസിറ്റ് ചെയ്യുന്ന പ്രവണത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കണ്ടുവരുന്നു. മുൻകൂറായി നൽകിയ തുകയുടെ വിശദവിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇത് ചെയ്തതായി കാണുന്നില്ല. സ്ഥാപനങ്ങൾ കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതുമൂലം നാളിതുവരെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി

മാറ്റിവച്ച തുകയിൽ എത്രമാത്രം ക്രമീകരിക്കാനുണ്ടെന്ന് നിർണ്ണയിക്കുക സാധ്യമല്ല. വെറും റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് KSEB, KWA തുടങ്ങിയ സ്ഥാപനങ്ങൾക്ക് തുക നൽകുന്നത്. ആയതിനാൽ നിർവ്വഹണ ഏജൻസികൾ അധികം തുക കൈപ്പറ്റാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. തുക ഒടുക്കുവരുത്തുകയല്ലാതെ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഏജൻസികളും യാതൊരു ശുഷ്കാന്തിയും കാണിക്കുന്നില്ല. ഗുണഭോക്തൃ വിഹിതം സംബന്ധിച്ചോ, പൂർത്തീകരണം സംബന്ധിച്ചോ വ്യവസ്ഥകളൊന്നുമില്ലെന്ന് മാത്രമല്ല തുക നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞ് പദ്ധതി അവലോകനം നടത്തുമ്പോൾ പല പദ്ധതികളും വിവിധ കാരണങ്ങളാൽ റദ്ദ് ചെയ്തിട്ടുള്ളതായും കാണുന്നു. അപ്രകാരം റദ്ദ് ചെയ്തിട്ടുള്ള പദ്ധതികൾക്കായി ഒടുക്കുവരുത്തിയ തുകകൾ കരാർ നിർദ്ദേശപ്രകാരം മടക്കി നൽകാതെ നിർവ്വഹണ ഏജൻസികളുടെ ഡെപ്പോസിറ്റ് അക്കൗണ്ടിൽ സൂക്ഷിച്ചുവരുന്നത് പദ്ധതി നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൈദ്യുതീകരണം, കുടിവെള്ള വിതരണം തുടങ്ങിയ അടിസ്ഥാന വികസന പദ്ധതികൾക്ക് സർക്കാർ ഏജൻസികളിലും മറ്റ് സ്ഥാപനങ്ങളിലും നിക്ഷേപം നടത്തി വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതികൾ പൂർത്തിയാക്കിയതിനുള്ള രേഖകൾ ലഭ്യമാക്കുന്നില്ല. ഓരോ പ്രവൃത്തിയുടെയും അംഗീകൃത പ്രോജക്ട് എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം, മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ട് പൂർത്തീകരണ സാക്ഷ്യപത്രം, ഗുണഭോക്തൃ ഗ്രൂപ്പിനെ പദ്ധതി ഏൽപ്പിച്ചുകൊണ്ടുള്ള കരാർ എന്നിവയെല്ലാം ചെലവിന്റെ കൃത്യതയും പദ്ധതി ലക്ഷ്യം കൈവരിക്കലും ഉറപ്പുവരുത്തുവാൻ അനിവാര്യമാണ്. പ്രസ്തുത രേഖകളൊന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാകുന്നില്ല. പല സ്ഥാപനങ്ങളും 1996-ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം കരാറിൽ ഏർപ്പെടുന്നതായും കാണുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടച്ച തുക മൃതനിക്ഷേപമായി തുടരുന്നു. തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ അടിസ്ഥാന സൗകര്യമേർപ്പെടുത്തുക, കുടിവെള്ള പ്രശ്നം പരിഹരിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു.

പ്രവൃത്തികളുടെ മോണിട്ടറിംഗ് നടത്തുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് ഗുരുതരമായ വീഴ്ചയുണ്ട്. പൂർത്തീകരിച്ചതും അവശേഷിക്കുന്നതുമായ നിക്ഷേപ പദ്ധതികളെക്കുറിച്ചും വിവരങ്ങൾ ലഭ്യമല്ല.

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖകൾ പ്രകാരം പ്രോജക്ട് തയ്യാറാക്കി ഭരണ/ സാങ്കേതികാനുമതി ലഭ്യമാക്കി നിർവ്വഹണ ഏജൻസിയെ ഏൽപ്പിച്ച് പ്രവൃത്തി പൂർത്തിയാക്കിയ രേഖകളെല്ലാം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, പെർഫോർമൻസ് റിപ്പോർട്ട് എന്നിവ സഹിതം തദ്ദേശസ്വയംഭരണ സ്ഥാപനം സൂക്ഷിക്കേണ്ടതാണ്.

പതിനൊന്നാം പദ്ധതിയുടെ ഭാഗമായ സമ്പൂർണ്ണ ഊർജ്ജ സുരക്ഷ സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ജി.ഒ. (പി) നം.95/2008/ഫിൻ തീയതി 23-2-2008 പ്രകാരം നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച അനെർട്ടിൽ (Agency for Non Convetional Energy & Rural Technology) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലക്ഷക്കണക്കിന് രൂപ നിക്ഷേപിക്കുകയുണ്ടായി. എന്നാൽ ഇതുവരെയും പദ്ധതി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും നിർവ്വഹണ ഏജൻസിയ്ക്ക് കൈമാറിയ ലക്ഷക്കണക്കിന് രൂപ ഉപയോഗിക്കാതെ കിടക്കുന്നുണ്ട്.

വിവിധ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | സ്ഥാപനത്തിന്റെ പേര് | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക നിക്ഷേപിച്ച സ്ഥാപനം | നിക്ഷേപിച്ച തുക (രൂപ) |
|---|---|---|---|---|---|---|
| 1 | ആലപ്പുഴ | കുത്തിയതോട് ഗ്രാമപഞ്ചായത്ത് | 09-10 | 3-9 | കെ. ഡബ്ല്യൂ.എ. | 4,50,000 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2011-12; ഖണ്ഡിക 2.6)

115. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**116. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കുത്തിയതോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ജില്ലാ പഞ്ചായത്ത്**

**1. പദ്ധതി നിർവ്വഹണം: നിഷ്ക്രിയാസ്തികൾ കുന്നുകൂടുന്നു**

| | |
|---|---|
| പ്രാദേശിക വികസനം: ദിശ തെറ്റുന്നു. | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം നിഷ്ക്രിയാസ്തികൾ കുന്നുകൂടാൻ ഇടയാകുന്നു. ലക്ഷ്യമിട്ട ഭൗതിക നേട്ടം കൈവരിക്കാതെ പദ്ധതിവിഹിതം കോടികളാണ് പാഴാവുന്നത്. ഇതിലൂടെ പ്രാദേശിക വികസനം ദിശ തെറ്റുന്നു. 2004-2005 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ ഇതിന് തെളിവാണ്. |
| നിർമ്മാണ പദ്ധതികൾ സമയക്ലിപ്തത തെറ്റിക്കുന്നു.<br><br>പദ്ധതി വിഹിതം: കോടികൾ നിക്ഷേപമായി; പദ്ധതികൾ പാതിവഴിക്ക് ഉപേക്ഷിച്ചു. | നിർമ്മാണ സ്വഭാവമുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല. (പത്രിക 1 കാണുക) ചിലത് അനന്തമായി നീളുന്നു. ചിലത് മുൻകൂറുകളിൽ ഒതുങ്ങി. മുൻകൂറുകൾ വർഷങ്ങൾ കഴിഞ്ഞിട്ടും ക്രമീകരിച്ചില്ല.<br><br>വൈദ്യുതീകരണം, കുടിവെള്ളം/ജലസേചനം, ഭവന നിർമ്മാണം, തൊഴിൽ പദ്ധതികൾ തുടങ്ങിയവ സർക്കാർ ഏജൻസികളിലും മറ്റ് സ്ഥാപനങ്ങളിലും നിക്ഷേപമായി തുടരുന്നു. ചില പദ്ധതികളാകട്ടെ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. മാറിയ സാഹചര്യത്തിൽ പഴയ എസ്റ്റിമേറ്റിൽ ഇവയുടെ പൂർത്തീകരണം അസാധ്യമാണ്. ഫലത്തിൽ കോടികളുടെ പാഴ്ചെലവാണ് ഇവ വരുത്തിയിരിക്കുന്നത്. പൂർത്തിയായ പദ്ധതികൾ അധികവും തുടർപ്രവർത്തനമില്ലാതെ നിശ്ചലാവസ്ഥയിലാണ്. |
| ഉല്പാദനമേഖല പദ്ധതികൾ പാളി | ഉത്പാദനമേഖല പദ്ധതികളിൽ വാങ്ങിയ ട്രാക്ടർ, കൊയ്ത്ത് മെതിയന്ത്രം, കറവയന്ത്രം എന്നിവയിൽ അധികവും ഉപയോഗ ശൂന്യമായി നശിക്കുന്നു. കാർഷികാഭിവൃദ്ധി ലക്ഷ്യമിട്ട് വിത്തും വളവും സൗജന്യമായി നൽകാൻ തയ്യാറാക്കിയ പദ്ധതികൾ ധനസഹായവിതരണമായി പരിമിതപ്പെട്ടു. ഉൽപ്പാദന വർദ്ധന യെന്നത് സാമ്പത്തിക നേട്ടം കൈവരിക്കലായി ചുരുങ്ങി. |
| ജനപങ്കാളിത്തം പരിമിതം പദ്ധതിധനവിനിയോഗത്തിൽ ക്രമക്കേട് ഗുരുതരം | ജനപങ്കാളിത്തം പരിമിതപ്പെട്ടതും പദ്ധതികൾ അപ്രായോഗികമായതും നിർവ്വഹണത്തിൽ അപാകതകൾ പെരുകിയതും മോണിട്ടറിംഗ് സംവിധാനം നിശബ്ദമാക്കപ്പെട്ടതുമാണ് ഭൂരിഭാഗം പദ്ധതികളുടേയും പാളിച്ചകൾക്ക് കാരണം. പദ്ധതി നിർവ്വഹണത്തിൽ മാത്രമല്ല ധനവിനിയോഗത്തിലും ഗുരുതരമായ ക്രമക്കേടുകൾ വ്യാപകമാണ്. വകമാറ്റി ചെലവ് ചെയ്യലും ഏറെയുണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത തകർക്കുന്നവയാണിത്. |

| | |
|---|---|
| മരാമത്ത് പദ്ധതികൾ= ധനദുർവിനിയോഗം | 1(i) മരാമത്ത് പണികൾ<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ ഏറ്റവും കുറഞ്ഞ ഫലപ്രാപ്തിയും ഏറ്റവും കൂടിയ ധനദുർവിനിയോഗവും കെടുകാര്യസ്ഥതയും സുതാര്യതയില്ലായ്മയും ധൂർത്തും പൊതുമരാമത്ത് പണികളിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മരാമത്ത് പണികൾക്ക് ചെലവഴിച്ച കോടികളുമായി തുലനം ചെയ്യുമ്പോൾ കൈവരിച്ച നേട്ടങ്ങൾ നാമമാത്രമാണ്. |
| എഞ്ചിനീയർമാരുടേയും കരാറുകാരുടേയും രാഷ്ട്രീയക്കാരുടേയും മേധാവിത്വം | അധികാര വികേന്ദ്രീകരണം ജനകീയാസൂത്രണത്തിലൂടെ കേരളവികസന പദ്ധതിയായി വളർന്നിട്ടും പൊതുമരാമത്ത് പണികളിൽ ജനപങ്കാളിത്തം ഭൂരിഭാഗം സ്ഥാപനങ്ങളിലും തീരെയില്ല. ഉദ്യോഗസ്ഥർ-പ്രത്യേകിച്ചും എഞ്ചിനീയർമാർ, കരാറുകാർ, രാഷ്ട്രീയ നേതാക്കൾ എന്നിവരുടെ മേധാവിത്വം പൊതുമരാമത്ത് പണികളിൽ പ്രകടമാണ്. എസ്റ്റിമേറ്റ്, പ്രോജക്ട് റിപ്പോർട്ട് തുടങ്ങിയവ ലളിതമലയാളത്തിൽ തയ്യാറാക്കണമെന്ന നിർദ്ദേശം 99 ശതമാനം എഞ്ചിനീയർമാരും പാലിക്കുന്നില്ല. സാങ്കേതികതയുടെ പുകമറയിൽ മരാമത്ത് പദ്ധതി നിർവ്വഹണം അവ്യക്തമായി തുടരുന്നു. |
| മരാമത്ത് പദ്ധതി നിർവ്വഹണം: മോണിട്ടറിംഗ് സമിതി രൂപീകരിച്ചില്ല.<br><br>കേരള വികസനപദ്ധതിയിൽ കരാറുകാരുടെ കുത്തക | 1997-1998 മുതൽ 2001-2002 വരെ മരാമത്ത് പദ്ധതികൾക്ക് ഗുണഭോക്തൃ സമിതികളെങ്കിലുമുണ്ടായിരുന്നു. പണികൾ അന്ന് അനന്തമായി നീണ്ടതിനാലും ബിനാമി ഇടപാടുകൾ വ്യാപകമായതിനാലും 2002-2003 മുതൽ കേരള വികസന പദ്ധതിയുടെ ഭാഗമായി 25,000 രൂപയ്ക്ക് മുകളിലുള്ള പണികൾ ടെണ്ടർ വേലയായി നിർദ്ദേശിക്കപ്പെട്ടു. ഇതിൽ ഉണ്ടാകാമായിരുന്ന അപകടങ്ങൾക്ക് എതിരെ സർക്കാർ ജാഗ്രതാ നിർദ്ദേശവും നൽകിയിരുന്നു. ടെണ്ടർ വേലകളുടെ സുതാര്യതയും ഉത്തരവാദിത്വവും ഗുണമേന്മയും ഉറപ്പാക്കാൻ ഗുണഭോക്തൃസമിതി മാതൃകയിൽ കമ്മിറ്റി രൂപീകരിച്ച് മോണിട്ടറിംഗ് നടത്തണമെന്ന് സർക്കാർ ഉത്തരവ് (ജി.ഒ.(എം.എസ്)20/2002;6.6.2002) ഉണ്ടായിരുന്നു. ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉത്തരവ് പാലിച്ചില്ല. മാത്രമല്ല പരസ്പര ധാരണയിലൂടെ നിരക്ക് ക്വാട്ട് ചെയ്ത് മത്സര സ്വഭാവത്തിലുള്ള ടെണ്ടറുകൾക്ക് സാധ്യതയില്ലാതാക്കി പൊതുമരാമത്ത് പണികളിൽ കരാറുകാരുടെ കുത്തക രൂപപ്പെടുന്നത് തടയാനും സ്ഥാപനങ്ങൾ ശ്രമിച്ചില്ല. |

| | |
|---|---|
| സുപ്രധാന രേഖകൾ സൂക്ഷിക്കുന്നില്ല | മരാമത്ത് പണികളുടെ നിർവ്വഹണത്തിൽ സ്ഥാപനങ്ങളുടെ അലംഭാവം പ്രതിഫലിപ്പിക്കുന്നതാണ് ഇവയുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പ്. സർക്കാർ നിർദ്ദേശം ഉണ്ടായിരുന്നിട്ടും പണികൾ - ഏറ്റെടുത്തവ, പൂർത്തിയാക്കിയവ, പൂർത്തിയാക്കാൻ ശേഷിക്കുന്നവ എന്നീ വിവരങ്ങൾ വിശദീകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല. അവസാന ബിൽ തീർപ്പാക്കുമ്പോഴാണ് പല പണികളും തുടർപദ്ധതിയായി അംഗീകരിച്ചിട്ടില്ലെന്ന് അറിയുന്നത്. പണികൾക്ക് നൽകിയ മുൻകൂറുകൾ കൃത്യമായി രജിസ്റ്റർ സൂക്ഷിച്ച് രേഖപ്പെടുത്താത്തതിനാൽ അവസാന ബില്ലിൽ മുൻകൂർ ക്രമീകരിക്കാതെ തുക നൽകി അധിക ചെലവും വരുത്തുന്നുണ്ട്. |
| മുൻകൂർ: നിയമലംഘനം വ്യാപകം | മരാമത്ത് പണികളുടെ നിർമ്മാണ പുരോഗതി വിലയിരുത്താതെയും ചെയ്ത പണികളുടെ മൂല്യനിർണ്ണയം അളവ് പുസ്തകത്തിൽ രേഖപ്പെടുത്താതെയും വർഷം തോറും വൻ തുകകൾ മുൻകൂർ നൽകുന്നു. കരാറുകാർക്ക് മുൻകൂർ നൽകുന്നതിൽ കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡ് ഖണ്ഡിക 10.2.22 നോട്ട് 4, 10, 2.23 എന്നിവയിലെ നിബന്ധനകൾ ലംഘിക്കുന്നതോടൊപ്പം പ്രത്യേകാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| എസ്റ്റിമേറ്റ്: യാഥാർത്ഥ്യ ബോധമില്ല: വ്യതിചലനം ഏറുന്നു. | മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുന്നില്ല. എസ്റ്റിമേറ്റ് വ്യതിചലനം വ്യാപകമാണ്. പണിയുടെ ഗുണനിലവാരം ഹനിക്കുന്നതും അധിക ചെലവിന് ഇടയാക്കുന്നതുമാണിത്. ചീഫ് ടെക്നിക്കൽ എക്സാമിനറും ചീഫ് എഞ്ചിനീയറും പുറപ്പെടുവിച്ച നിർദ്ദേശങ്ങളും കേരള സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ, ഇന്ത്യൻ റോഡ് കോൺഗ്രസ് സ്പെസിഫിക്കേഷൻ എന്നിവ ലംഘിച്ച് പണിനടത്തുന്നതും അധിക ചെലവിന് ഇടയാക്കുന്നു. |

പത്രിക -1

**പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളിൽ രണ്ട് വർഷത്തിലധികമായി പൂർത്തിയാക്കാതെ കിടക്കുന്ന മരാമത്ത് പണികളുടെ വിവരം**

(31-3-2005-ലെ സ്ഥിതി) (ഓഡിറ്റ് റിപ്പോർട്ടുകളിൽ ലഭ്യമായ വിവരങ്ങൾ)

| ജില്ല | പൂർത്തിയാക്കാനുള്ള മരാമത്ത് പണികളുടെ എണ്ണം | | | | | അടങ്കൽ തുക (ആകെ) | ആകെ ചെലവ് | ബാക്കി |
|---|---|---|---|---|---|---|---|---|
| | ഗ്രാമപഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | നഗരസഭ | ആകെ | | | |
| ആലപ്പുഴ | - | - | 19 | 130 | 149 | 2,66,11,537 | 1,90,18,700 | 75,92,837 |

[(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 1.1.1(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

117. ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ പൂർത്തിയാക്കാനുള്ള 19 പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന്, പ്രസ്തുത 19 പദ്ധതികൾ ഏതൊക്കെയെന്നുള്ള വിവരം ഓഡിറ്റിന് ലഭ്യമാക്കാത്തതിനാലാണ് രേഖകൾ ഹാജരാക്കാൻ സാധിക്കാത്തതെന്ന് ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**118. ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ പൂർത്തിയാക്കാനുള്ള 19 പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഓഡിറ്റ് നിരീക്ഷണങ്ങൾ-ത്രിതലപഞ്ചായത്തുകൾ**

**ലക്ഷങ്ങൾ ചെലവഴിച്ചിട്ടും; പൂർത്തീകരിക്കാത്ത ലക്ഷ്യം നിറവേറ്റാത്ത; പദ്ധതികളെ സംബന്ധിച്ചുള്ള പൊതുനിരീക്ഷണം**

1998-99 മുതൽ 2005-06 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളിൽ പൊതുവായി കാണപ്പെട്ടിട്ടുള്ള ഓഡിറ്റ് നിരീക്ഷണം ക്രോഡീകരിച്ച് താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഓ.റി. വർഷം | ഖ. നമ്പർ | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | പദ്ധതിയുടെ സംക്ഷിപ്തവിവരണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 2005-06 | 3-40 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 9,80,000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്ന തിനായി 2004-05-ലും 2005-06 ലും 9.8 ലക്ഷം രൂപ പദ്ധതി വിഹിതം ചെലവഴിച്ച് നടപ്പാക്കിയ പദ്ധതി ലക്ഷ്യം കണ്ടില്ല. ഉയർന്ന മാർക്ക് നേടി 4-ാം ക്ലാസ് വിജയിച്ച ഇരുപത് വിദ്യാർത്ഥികൾക്ക് റസിഡൻഷ്യൽ രീതിയിൽ വിദ്യാഭ്യാസം നൽകുകയായി രുന്നു ലക്ഷ്യം. ഇതിനായി |

| | | | | | |
|---|---|---|---|---|---|
| | | | | | കറ്റാനം ബഥനി ആശ്രമത്തെയും പോപ് പയസ് സ്കൂളിനേയും തെരഞ്ഞെടുത്തു. കുട്ടികളെ യഥാസമയം തെരഞ്ഞെടുത്ത് നൽകാതിരുന്നതാണ് പദ്ധതി പരാജയപ്പെടാൻ കാരണം 28-11-2000 -ലെ 4969/പി(3)2000/ തസ്വഭവ. സർക്കുലറിന്റെ നിർദ്ദേശത്തിന് വിരുദ്ധമാണ്. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

119. പട്ടികജാതി കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്ന പദ്ധതിക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതെങ്ങനെ, ഏതൊക്കെ ക്ലാസ്സിലെ കുട്ടികൾ, പദ്ധതിക്ക് അനുവദിച്ച ഫണ്ട് എന്നിവയെക്കുറിച്ച് ചോദ്യമുന്നയിച്ചതിന്, പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസർ പ്രത്യേക മാനദണ്ഡങ്ങളോടുകൂടി 25 കുട്ടികളെ തെരഞ്ഞെടുത്തെന്നും തൊട്ടടുത്ത വർഷം ഇതിൽ 9 കുട്ടികൾ പത്താം ക്ലാസ് കഴിഞ്ഞുപോയതിനാൽ അതേ വിഭാഗത്തിൽ നിന്നും 9 കുട്ടികളെക്കൂടി കണ്ടെത്തേണ്ടിയിരുന്നെന്നും എന്നാൽ ആ വർഷം പ്രോജക്ടിന് അനുമതി ലഭിച്ചത് ഡിസംബർ മാസത്തിലായതിനാൽ അടുത്ത അദ്ധ്യയനവർഷത്തിനുമുമ്പ് നിർവ്വഹണ ഉദ്യോഗസ്ഥന് കുട്ടികളെ കണ്ടെത്താൻ കഴിഞ്ഞില്ലെന്നും, 5 മുതൽ 10-ാം ക്ലാസ് വരെയുള്ള ബാക്കി 16 കുട്ടികളെ 2005-06 വർഷം രണ്ട് എയ്ഡഡ് സ്കൂളുകളിലാക്കി പദ്ധതി നടപ്പിലാക്കിയിരുന്നെന്നും എന്നാൽ ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ സ്കൂളുകൾ പദ്ധതി ഏറ്റെടുക്കുന്നതിൽ സന്നദ്ധത കാണിക്കാത്തതിനാൽ, പദ്ധതി തുടർന്ന് നടപ്പാക്കാൻ സാധിച്ചിരുന്നില്ലെന്നും ആദ്യത്തെ വർഷം ഫണ്ട് അനുവദിച്ചിരുന്നെങ്കിലും രണ്ടാമത്തെ വർഷം ഫണ്ട് ലഭ്യമാക്കാനെടുത്ത കാലതാമസമാണ് സ്കൂളുകളെ പദ്ധതിയിൽ നിന്നും പിന്തിരിപ്പിച്ചതെന്നും ആയതിനാൽ

സ്കൂൾ തന്നെ കുട്ടികളെ പിരിച്ചുവിടുകയും കുട്ടികൾ മറ്റ് ചില സ്കൂളുകളിലായി പഠനം തുടരുന്ന സാഹചര്യത്തിൽ പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കാത്തതായും ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. മേൽ പദ്ധതി കൊണ്ട് കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് വിവരമറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**120. പ്രസ്തുത പദ്ധതി മൂലം കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

### അക്ഷയ പദ്ധതി നിർവ്വഹണം

ആധുനിക കമ്മ്യൂണിക്കേഷൻ സംവിധാനങ്ങൾ സ്ഥാപിച്ചുകൊണ്ട് വിവര സംവേദക സാങ്കേതികവിദ്യയുടെ സാധ്യതകൾ സാധാരണക്കാർക്ക് കൂടി ലഭ്യമാക്കുന്നതിന് വിവരസാങ്കേതിക വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പരിപാടിയാണ് അക്ഷയ. ഗ്രാമപഞ്ചായത്തുകൾ മുഖേനയും നഗരപ്രദേശങ്ങളിൽ മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ മുഖേനയുമാണ് ഈ പരിപാടി നടപ്പാക്കുന്നത്.

കമ്പ്യൂട്ടർ/ഐ.ടി. സങ്കേതങ്ങളെ ജനങ്ങൾക്ക് പരിചയപ്പെടുത്തുക, അവ ഉപയോഗിക്കുന്നതിനുള്ള കേന്ദ്രങ്ങൾ ഓരോ ഗ്രാമത്തിലും സ്ഥാപിക്കുക, ആവശ്യമായ വിവരങ്ങൾ കൈയെത്തും ദൂരത്ത് ലഭ്യമാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ.

പരീക്ഷണ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ വിജയകരമായി നടപ്പാക്കിയതിനെ തുടർന്ന് ഈ പരിപാടി മറ്റുജില്ലകളിലേക്കും വ്യാപിപ്പിച്ചു. അക്ഷയ കേന്ദ്രങ്ങൾ വഴി ഒരു കുടുംബത്തിൽ ഒരാൾക്കെങ്കിലും കമ്പ്യൂട്ടർ പരിശീലനം നൽകി ഐ.ടി. സാക്ഷരനാക്കുന്നു. പരിശീലനചെലവ് ഗ്രാമപ്രദേശങ്ങളിൽ ഒരു കുടുംബത്തിലെ ഒരാൾക്ക് ഗ്രാമപഞ്ചായത്ത് 60 രൂപ, ബ്ലോക്ക് പഞ്ചായത്ത് 10 രൂപ, ജില്ലാ പഞ്ചായത്ത് 10 രൂപ ഗുണഭോക്താവ് 40 രൂപ എന്ന നിരക്കിലാണ് വഹിക്കേണ്ടത്. അതേ സമയം നഗരപ്രദേശങ്ങളിൽ ഒരു കുടുംബത്തിലെ ഒരാൾക്ക് മുനിസിപ്പാലിറ്റി/കോർപ്പറേഷൻ 80 രൂപ, ഗുണഭോക്താവ് 40 രൂപ എന്ന നിരക്കിലാണ് വഹിക്കേണ്ടത്. ഇതിനാവശ്യമായ തുക വിവിധ പദ്ധതികളുടെ ഗുണഭോക്തൃ വിഹിതത്തിൽ നിന്ന് കണ്ടെത്താവുന്നതാണ്. പ്രസ്തുത ഗുണഭോക്തൃവിഹിതം ഗ്രാമപ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്ത് 20 രൂപ, ബ്ലോക്ക് പഞ്ചായത്ത് 10 രൂപ, ജില്ലാ പഞ്ചായത്ത് 10 രൂപ എന്ന നിരക്കിൽ നൽകാവുന്നതാണ്.

5-5-2004-ലെ ജി.ഒ. (ആർ.റ്റി) 3330/04/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ പരിപാടിക്കുള്ള വിഹിതം ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ പേരിൽ ആരംഭിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. അക്ഷയ പരിപാടിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ ഒന്നുവീതം കോർപ്പറേഷനുകളിൽ രണ്ടുവീതവും സോഷ്യൽ-അനിമേറ്റർമാരെ നിയമിക്കാവുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്ന അനിമേറ്റർമാർക്ക് ഐ.ടി. മിഷൻ നൽകുന്ന ഓണറേറിയത്തിന് പുറമേ പ്രതിമാസം 500 രൂപ കൺവേയ്സ് ആന്റ് കമ്മ്യൂണിക്കേഷൻ അലവൻസായി നൽകേണ്ടതാണ്. ഇതിന് പദ്ധതി വിഹിതം/തനത് ഫണ്ട് /പൊതു ആവശ്യ ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്.

എന്നാൽ ഗുണഭോക്തൃ വിഹിതം മുൻകൂറായി ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടിലടച്ച ശേഷം യഥാസമയം നിർവ്വഹണ ഏജൻസിക്ക് നൽകണമെന്നാണ് ജി.ഒ. (എം.എസ്.) 40/04/പ്ലാനിംഗ്/31-3-2004 ഖണ്ഡിക 7-5-02(5) പ്രകാരവും ജി.ഒ. (എം.എസ്.)183/07/തസ്വഭവ/24/07.07 ഖണ്ഡിക 6.17(ii) പ്രകാരവും സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഈ ഉത്തരവ് ലംഘിച്ചുകൊണ്ട് ഗുണഭോക്തൃവിഹിതം ബന്ധപ്പെട്ട അക്ഷയ കേന്ദ്രങ്ങളിൽ അടയ്ക്കുന്നതിനാൽ ഇങ്ങനെ വിനിയോഗിച്ച തുകയുടെ കണക്കും ഗുണഭോക്തൃവിഹിതം അടച്ച എന്ന് ഉറപ്പാക്കിയതിനുശേഷമാണോ പരിശീലനം നൽകിയതെന്ന വിവരവും വ്യക്തമല്ല.

തദ്ദേശസ്വയംഭരണ സ്ഥാപനം നിക്ഷേപിക്കുന്ന തുക വളരെ പരിമിതമായി മാത്രം വിനിയോഗിക്കപ്പെടുന്നതിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | നിക്ഷേപിച്ച തുക (രൂപ) | വിനിയോഗിച്ച തുക (രൂപ) | ശേഷിക്കുന്ന തുക (രൂപ) |
|---|---|---|---|
| ആലപ്പുഴ ജില്ല 31-3-2009 വരെ | | | |
| ജില്ലാ പഞ്ചായത്ത് | 45,18,180 | 54,640 | 44,63,480 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 2.13)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

121. പ്രസ്തുത വിഷയത്തെ സംബന്ധിച്ചും ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനെക്കുറിച്ചും സമിതി ചോദ്യമുന്നയിച്ചതിന്, പദ്ധതിയുടെ പുരോഗതിയും മോണിട്ടറിംഗും നടത്തിയിട്ടുള്ളതാണെന്നും വരവുചെലവ് കണക്കുകൾ അംഗീകരിച്ചിട്ടുള്ളതാണെന്നും പദ്ധതി നിർവ്വഹണ ഏജൻസികൾ വിശദമായ വിനിയോഗ രേഖകൾ നൽകിയിരുന്നില്ലെന്നും ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. പ്രസ്തുത പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ധനവിനിയോഗ രേഖകൾ ഓഡിറ്റ് മുൻപാകെ ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**122. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ധനവിനിയോഗ രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് മുമ്പാകെ ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

## ആലപ്പുഴ ജില്ലാ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**വികലാംഗക്ഷേമപദ്ധതി- 19.03 ലക്ഷം ചെലവായിട്ടും ലക്ഷ്യം നേടിയില്ല.**

ഓഡിറ്റ് റിപ്പോർട്ട് വർഷം:2008-09, ഖണ്ഡിക നമ്പർ 3(12)

- വികലാംഗ ക്ഷേമ പദ്ധതി-19,00,000-പാഴായി
- കരാർ വയ്ക്കാതെ ഖാദി ബോർഡ് വക സ്ഥലത്ത് നിർമ്മാണ പ്രവർത്തനം നടത്തി.
- കരാറില്ലാത്ത പ്രവൃത്തിക്കും തുക നൽകി.

2007-08 വർഷം ജില്ലാ പഞ്ചായത്തും സംസ്ഥാന വികലാംഗ കോർപ്പറേഷനും സംയുക്തമായി ഏറ്റെടുത്ത ഏകവർഷ പദ്ധതികളാണ് വികലാംഗ സഹായോപകരണ നിർമ്മാണ യൂണിറ്റ് (പ്രൊജക്റ്റ് നമ്പർ 85/08) ലിംബ് ഫിറ്റിംഗ് സെന്റർ (പ്രൊജക്റ്റ് നമ്പർ 102/08) എന്നിവ. ഈ പദ്ധതിയുടെ നടത്തിപ്പിനായി 24-3-2008-ൽ വികലാംഗ ക്ഷേമ കോർപ്പറേഷനുമായി ജില്ലാ പഞ്ചായത്ത് കരാറിൽ ഏർപ്പെടുകയും (നമ്പർ 47/07-08 തീയതി 24-3-08) അതിന്റെ അടിസ്ഥാനത്തിൽ 18,47,000 രൂപ വികലാംഗക്ഷേമ കോർപ്പറേഷന് നൽകുകയും ചെയ്തു. പദ്ധതിയുടെ പ്രവർത്തന കലണ്ടർ പ്രകാരം പദ്ധതി പ്രവർത്തനങ്ങൾ 2007 ഡിസംബറിൽ ആരംഭിച്ച് മാർച്ച് 2008-ൽ പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് തീയതി വരെ (09/09) വികലാംഗ സഹായോപകരണ നിർമ്മാണശാല പ്രവർത്തനക്ഷമമായിട്ടില്ലെന്ന് മാത്രമല്ല 2008-09 വർഷത്തെ പദ്ധതി നടപടിക്രമങ്ങളിൽ താഴെപ്പറയുന്ന അപാകതകളും ഉള്ളതായി കാണുന്നു.

മേൽപദ്ധതിയ്ക്കായി 12-2-2008-ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി, വികലാംഗക്ഷേമ കോർപ്പറേഷൻ എം.ഡി., ഫോർമാൻ എന്നിവർ ചേർന്ന് നടത്തിയ അന്വേഷണത്തിൽ ആര്യാട് ബ്ലോക്ക് പഞ്ചായത്തിനടുത്തുള്ള 2 കെട്ടിടങ്ങളോടു കൂടിയ 1.5 ഏക്കർ സ്ഥലം പദ്ധതിയ്ക്ക് വളരെ അനുയോജ്യമാണെന്നും അമ്പലപ്പുഴ തെക്ക് പഞ്ചായത്തിൽ ക്ഷേത്രത്തിന് മുൻവശമുള്ള സ്ഥലം (കുഞ്ചൻ നമ്പ്യാർ സ്മാരക ട്രസ്റ്റ് വക) കോമ്പൗണ്ട് വാൾ കെട്ടി ഷെഡ്ഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചാൽ നിർമ്മാണശാല മാത്രം ആരംഭിക്കാവുന്നതാണെന്നും കണ്ടെത്തിയിരുന്നു. ഈ വിവരം മാനേജിംഗ് ഡയറക്ടർ 12-2-2008-ലെ 03/ബി2/08/വി.ക്ഷേ.കോ/എംആർഎസ് സി നമ്പർ കത്ത് പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. വികലാംഗ ക്ഷേമ കോർപ്പറേഷൻ തയ്യാറാക്കിയ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ടിലും പദ്ധതി അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 24-3-2008-ലെ കരാറിൽ കേരള സംസ്ഥാന ഖാദി ബോർഡിന്റെ വാടയ്ക്കലുള്ള സ്ഥലവും കെട്ടിടവും പ്രോജക്ടുകൾക്കുവേണ്ടി ജില്ലാ പഞ്ചായത്ത് കോർപ്പറേഷന് ലഭ്യമാക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാറിലെ 5-ാം നമ്പർ നിബന്ധന പ്രകാരം ജില്ലാ പഞ്ചായത്ത് ലഭ്യമാക്കുന്ന കെട്ടിടത്തിന്റെ പ്രാരംഭ മെയിന്റനൻസ് പ്രവൃത്തികൾ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖാന്തരം നടത്തുന്നതും പ്രസ്തുത പ്രവൃത്തികൾക്കുവേണ്ടി വരുന്ന തുക ജില്ലാ പഞ്ചായത്തിൽ നിന്ന് കോർപ്പറേഷന് നൽകുന്ന തുകയിൽ നിന്നും ജില്ലാ പഞ്ചായത്ത് പാസ്സാക്കുന്ന ബിൽ പ്രകാരം കോർപ്പറേഷൻ നൽകുന്നതുമാണ്.

മേൽപ്പറഞ്ഞ ഖാദി ബോർഡ് വക സ്ഥലം വാടക രഹിതമായി ജില്ലാ പഞ്ചായത്തിന് കൈമാറണമെന്ന് വകുപ്പുമന്ത്രി ഉൾപ്പെടെയുള്ളവർക്ക് പലതവണ ജില്ലാ പഞ്ചായത്തിൽ നിന്നും കത്തിടപാടുകൾ നടത്തിയെങ്കിലും ഖാദി ബോർഡിന്റെ അംഗീകാരത്തിനുവിധേയമായി കെട്ടിടങ്ങൾ പ്രതിമാസ വാടക അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന് വിട്ടുതരുന്നതിന് തീരുമാനമായിട്ടുണ്ടെന്ന് ഖാദി ഗ്രാമവ്യവസായ ബോർഡ് സെക്രട്ടറി ജില്ലാ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട് (കത്ത് നമ്പർ കെ. ബി. 183/08/കെ5 തീയതി 12-3-2008). എന്നാൽ ഖാദി ബോർഡുമായി വാടക കരാറിൽ ഏർപ്പെടാതെ തന്നെ ജില്ലാ പഞ്ചായത്ത് മേൽപ്പറഞ്ഞ സ്ഥലത്ത് നിർമ്മാണശാല ആരംഭിക്കുന്നതിനാവശ്യമായ മെയിന്റനൻസ് പ്രവൃത്തികളും ചുറ്റുമതിൽ നിർമ്മാണവും നടത്തുകയും താഴെപ്പറയും പ്രകാരം തുക ചെലവാക്കുകയും ചെയ്തു.

| ക്രമ നമ്പർ | നടത്തിയ പ്രവൃത്തിയുടെ വിവരം | നൽകിയ തുക | തുക കൈപ്പറ്റിയതിന്റെ വിവരം/ തുക നൽകിയ ഡിഡി നമ്പർ/ തീയതി | കുറിപ്പ് |
|---|---|---|---|---|
| 1 | ബോർവെൽ സ്ഥാപനം | 3,450 | ശ്രീ. മനരാജ്<br>183311/<br>6-8-08 | ജില്ലാ പഞ്ചായത്ത് നിർദ്ദേശം അനുസരിച്ച് വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും നൽകി |
| 2 | കെട്ടിടം മെയിന്റനൻസ് | 31,568 | ശ്രീ. മനരാജ്<br>140177/<br>1-1-09 | ജില്ലാ പഞ്ചായത്ത് നിർദ്ദേശം അനുസരിച്ച് വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നും നൽകി. |
| 3 | വയറിംഗ് | 1,58,846 | ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ<br>139548/<br>17-1-09 | ജില്ലാ പഞ്ചായത്ത് നിർദ്ദേശം അനുസരിച്ച് വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നും നൽകി. |
| 4 | ചുറ്റുമതിൽ നിർമ്മാണം | എ. 56000 (മൊബിലൈസേഷൻ അഡ്വാൻസ്) | നിർമ്മിതി കേന്ദ്രം<br>184800/<br>6-10-08 | ജില്ലാ പഞ്ചായത്ത് നിർദ്ദേശം അനുസരിച്ച് വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നും നൽകി |
| | | ബി. 56000<br>യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നൽകിയ മുൻകൂർ | ചെക്ക് നമ്പർ. 2636414/<br>25-11-08 | കരാറിലെ നിബന്ധനയ്ക്ക് വിരുദ്ധമായി ഡിപിഎഫ് എ-1 ൽ നിന്നും നൽകി. |
| **ആകെ** | | **3,05,864** | | |
| **നികുതി ഉൾപ്പെടെ** | | **3,10,500** | | |

വികലാംഗ സഹായ ഉപകരണങ്ങളും ലിംബ് ഫിറ്റിംഗ് സെന്ററും നിർമ്മിക്കുവാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. എന്നാൽ ടി കെട്ടിടവും സ്ഥലവും ഇത്തരം വ്യവസായ സംരംഭത്തിന് അനുയോജ്യമാണോയെന്നത് സംബന്ധിച്ച് സാങ്കേതിക പരിശോധന നടത്തിയിട്ടുള്ളതായോ, തൽസംബന്ധമായ നിർദ്ദേശങ്ങൾ ലഭിച്ചതായോ കാണുന്നില്ല. ആവശ്യമായ ഭൗതിക പരിസ്ഥിതി സൗകര്യങ്ങൾ പരിഗണിക്കാതെയും ഖാദി ബോർഡുമായി കെട്ടിട അവകാശം സംബന്ധിച്ച കരാറിൽ ഏർപ്പെടാതെയും മേൽപ്പറഞ്ഞ നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ജില്ലാ പഞ്ചായത്ത് തീരുമാനമെടുത്തതും കരാറിന് വിരുദ്ധമായി ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചുറ്റുമതിൽ നിർമ്മാണത്തിന് 56,000 രൂപ നൽകിയതും ക്രമപ്രകാരമല്ല. പദ്ധതി പണം നൽകി 1.5 വർഷം കഴിഞ്ഞിട്ടും കരാർ പ്രകാരമുള്ള നിർമ്മാണശാലയുടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ വികലാംഗ ക്ഷേമ കോർപ്പറേഷന് നൽകിയ തുകയിൽ ജില്ലാ പഞ്ചായത്ത് നിർദ്ദേശമനുസരിച്ച് നൽകിയ തുകകൾ [3450+31568+158846+56000+4636 (നികുതികൾ)] ഒഴികെയുള്ള 15,92,500 രൂപ പലിശ സഹിതം വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നും മെയിന്റനൻസ് പ്രവൃത്തികൾക്ക് ചെലവായ 3,10,500 രൂപ ഖാദി ബോർഡുമായി വാടക സംബന്ധിച്ച കരാറിൽ ഏർപ്പെടാതെ മെയിന്റനൻസ് പ്രവൃത്തികൾക്ക് ചെലവ് ചെയ്യുന്നതിന് തീരുമാനമെടുത്ത ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, സെക്രട്ടറി എന്നിവരിൽനിന്നും ഈടാക്കേണ്ടതുമാണ്. ആകെ 19,03,000 രൂപ (18,47,000+56,000) 2007-08-ൽ 18,47,000 രൂപ 08-09-ൽ 56,000 രൂപ.

ഉത്തരവാദികളായ ഉദ്യോഗസ്ഥർ:

1. ശ്രീ. പി. കെ. മോഹനൻ (സെക്രട്ടറി), ഷാംഗ്രില,
   ഇസ്താന റോഡ്, അമ്പലപ്പുഴ പി. ഒ.
2. ശ്രീ. എസ്. വി. കലേശൻ, എ. (അഡീഷണൽ ചാർജ്ജ്),
   ഗ്രീഷ്മം, കലവൂർ പി. ഒ. ആലപ്പുഴ
3. ശ്രീ. ആർ. നാസർ (പ്രസിഡന്റ്),
4. ഐശ്വര്യ, മുട്ടത്തിപ്പറമ്പ് പി. ഒ., ആലപ്പുഴ.

   മറ്റ് ജില്ലാ പഞ്ചായത്ത് അംഗങ്ങൾ

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 5.3.5 (1))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

123. വികലാംഗ സഹായോപകരണ നിർമ്മാണശാല ഖാദി ബോർഡ് വക ഭൂമിയിൽ പ്രവർത്തനമാരംഭിക്കാൻ കാരണമെന്തെന്നും അതു സംബന്ധിച്ചുള്ള രേഖകൾ നിലവിലുണ്ടോയെന്നും സമിതി ചോദ്യമുന്നയിച്ചതിന്, മേൽ പറഞ്ഞ നിർമ്മാണശാല പ്രവർത്തിക്കാൻ ആദ്യം തീരുമാനിച്ചിരുന്നത് അമ്പലപ്പുഴ തെക്ക് പഞ്ചായത്തിലെ കുഞ്ചൻ നമ്പ്യാർ സ്മാരക ട്രസ്റ്റ് വക ഭൂമിയിലായിരുന്നെന്നും എന്നാൽ പ്രസ്തുത സ്ഥലവുമായി ബന്ധപ്പെട്ട് കേസ് നിലനിന്നിരുന്നതിനാൽ പദ്ധതി അവിടെ ആരംഭിക്കാൻ സാധിക്കാത്തതിനാൽ, വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം ഖാദിബോർഡ് ഡയറക്ടർ ഖാദിബോർഡ് വക സ്ഥലവും കെട്ടിടവും പദ്ധതിക്കുവേണ്ടി വാടക രഹിതമായി നൽകാമെന്ന് പറഞ്ഞിരുന്നതായും അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ആരംഭിച്ചതെന്നും ഇതു സംബന്ധിച്ചുള്ള രേഖകൾ നിലവിലുണ്ടെന്നും പ്രസ്തുത നിർമ്മാണ ശാലയിൽ ഏകദേശം പത്ത് ലക്ഷത്തോളം രൂപ വില വരുന്ന ഉപകരണങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നും എന്നാൽ വികലാംഗ കോർപ്പറേഷൻ അംഗങ്ങൾക്ക് അവിടെ എത്തിച്ചേരാനുള്ള ബുദ്ധിമുട്ട് കാരണം പ്രസ്തുത പദ്ധതി പ്രവർത്തനം നിലച്ചിരിക്കുകയാണെന്നും ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത കരാറിൽ ഖാദി ബോർഡ് വക കെട്ടിടം വാടകരഹിതമായി പ്രവർത്തിക്കുന്നതിനുള്ള അനുമതിയെക്കുറിച്ചുള്ള പരാമർശത്തെക്കുറിച്ചും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ആലപ്പുഴ ജില്ലാ പഞ്ചായത്തും വികലാംഗക്ഷേമ കോർപ്പറേഷനുമായുള്ള രേഖകൾ ഉണ്ടായിരുന്നോ എന്നും സമിതി ചോദ്യമുന്നയിച്ചതിന്, മേൽ പറഞ്ഞ രീതിയിൽ ഖാദിബോർഡ് വക പരാമർശം ഇല്ലായിരുന്നെന്നും എന്നാൽ വികലാംഗ കോർപ്പറേഷനുമായി രേഖകൾ ഉണ്ടായിരുന്നെന്നും ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. വികലാംഗ ക്ഷേമ കോർപ്പറേഷൻ പദ്ധതി നിർത്തലാക്കിയപ്പോൾ ജില്ലാ പഞ്ചായത്ത് സ്വീകരിച്ച നടപടിയെക്കുറിച്ചും എന്തൊക്കെ ഉപകരണങ്ങളാണ് നിർമ്മാണശാലയിൽ നിർമ്മിക്കുന്നതെന്നും സമിതി ചോദ്യമുന്നയിച്ചപ്പോൾ, ജില്ലാ പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ലെന്ന് ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും, 2007-ലെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റാണ് വികലാംഗക്ഷേമ കോർപ്പറേഷനുമായി പദ്ധതി ആസൂത്രണം ചെയ്യുകയും എഗ്രിമെന്റ് ഉണ്ടാക്കുകയും വികലാംഗർക്ക് ഉപകരണങ്ങൾ വിലകുറച്ച് നൽകുകയും ചെയ്തതെന്നും കൃത്രിമ കൈ, കാൽ, വീൽ ചെയർ, വാക്കിംഗ് സ്റ്റിക്ക് തുടങ്ങിയ ഉപകരണങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്തും വികലാംഗ കോർപ്പറേഷനുമായുള്ള കരാറിന്റെ അടിസ്ഥാനത്തിലാണ് ഇത് സാധ്യമായതെന്നും എന്നാൽ രണ്ട് വർഷം പിന്നിട്ടപ്പോൾ വികലാംഗ കോർപ്പറേഷൻ, ആലപ്പുഴ യൂണിറ്റ് നടത്തുന്നതിൽ തൊഴിൽ പ്രശ്നങ്ങളുണ്ടെന്ന് പറയുകയും ഉപകരണങ്ങൾ പ്രസ്തുത യൂണിറ്റിൽ നിന്നും കൊണ്ടുപോകുകയും നിലവിൽ വികലാംഗ കോർപ്പറേഷൻ

ഉപകരണങ്ങൾ നിർമ്മിക്കുകയും വികലാംഗർക്ക് വിലക്കിഴിവിൽ നൽകുകയും ചെയ്യുന്നുണ്ടെന്ന് ആലപ്പുഴ ജില്ലാ പഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് സമിതിയെ ബോധ്യപ്പെടുത്തി. വികലാംഗ കോർപ്പറേഷൻ പ്രസ്തുത പദ്ധതിയോട് നിരുത്തരവാദപരമായാണ് പെരുമാറിയതെന്നും ഇതിനെതിരെയുള്ള നടപടി ആലപ്പുഴ ജില്ലാ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്ത് തീരുമാനമെടുക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**124. പരാമർശവിധേയമായ വികലാംഗ സഹായോപകരണ നിർമ്മാണശാല യൂണിറ്റ് നടത്തിക്കൊണ്ട് പോകുന്നതിൽ വികലാംഗക്ഷേമ കോർപ്പറേഷൻ നിരുത്തരവാദപരമായാണ് പെരുമാറിയതെന്ന് സമിതി നിരീക്ഷിക്കുന്നു. ഇതിനെതിരെ നടപടി സ്വീകരിക്കുന്നത് ആലപ്പുഴ ജില്ലാ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്ത് തീരുമാനിക്കണമെന്നും അത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്റ്റീം കിച്ചൺ യൂണിറ്റ് സ്ഥാപിച്ചില്ല- 4,50,000 രൂപയുടെ ഉപകരണങ്ങൾ തുരുമ്പെടുക്കുന്നു**

ആലപ്പുഴ ജില്ലാപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2013-14 ഖണ്ഡിക 3-8:

- ഉപകരണങ്ങൾ വാങ്ങി നൽകിയത് ഭൗതിക സാഹചര്യം ഒരുക്കാതെ
- 2013-14 സാമ്പത്തിക വർഷം വാങ്ങിയ ഉപകരണങ്ങൾ ഇതുവരെയും സ്ഥാപിക്കാതെ തുരുമ്പെടുത്ത നിലയിൽ
- പദ്ധതി മോണിട്ടറിംഗ് നടന്നില്ല.

സർക്കാർ ഹയർ സെക്കന്ററി/ഹൈസ്കൂളുകളോടു ചേർന്നുള്ള എൽ.പി. സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണത്തിന് സ്റ്റീം കിച്ചൺ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 13,50,000 രൂപ ചെലവഴിച്ച് (മെയിന്റനൻസ് ഗ്രാന്റ്/നോൺ റോഡ് ബിൽ നം.21/31-3-2014) 2013-14 വർഷം നടപ്പാക്കിയ പദ്ധതിയാണിത് (നം.എസ്.ഒ.301/14). പ്രസ്തുത പദ്ധതി പ്രകാരം 4,50,000 രൂപ വിലയുള്ള ഒരു കിച്ചൻ യൂണിറ്റ് മങ്കൊമ്പ് എ.റ്റി.വി. ഗവൺമെന്റ് ഹൈസ്കൂളിന് നൽകിയെങ്കിലും യൂണിറ്റിന്റെ സാമഗ്രികൾ നാളിതുവരെയും

സ്ഥാപിക്കാതെ തുരുമ്പെടുത്ത അവസ്ഥയിലാണ്. എൽ.പി. വിഭാഗത്തിൽ കുട്ടികളുടെ എണ്ണം തീരെ കുറവായ ഈ സ്കൂളുകളിൽ ഇത്തരമൊരു യൂണിറ്റ് ആവശ്യമില്ലായിരുന്നുവെന്നും ഷെഡ് ഇല്ലാത്തത് കാരണമാണ് യൂണിറ്റ് സ്ഥാപിക്കാത്തതെന്നും സ്കൂൾ അധികൃതർ വിശദീകരിച്ചു. പദ്ധതി വിഭാവനം ചെയ്ത വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ യഥാർത്ഥത്തിൽ സ്റ്റീം കിച്ചൺ ആവശ്യമായ സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കുകയോ യൂണിറ്റ് സ്ഥാപിക്കാനാവശ്യമായ ഭൗതിക സാഹചര്യം ഉറപ്പാക്കുകയോ ചെയ്തില്ല. ബിൽ പ്രകാരം പിൻവലിച്ച മുഴുവൻ തുകയും (ഇൻസ്റ്റലേഷൻ ചാർജ് സഹിതം) യൂണീക് സിസ്റ്റംസ്, തഴിപ്പ്, ചേർത്തല, ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകി നിർവ്വഹണം അവസാനിപ്പിക്കുകയാണുണ്ടായത്. നിർവ്വഹണത്തിലുണ്ടായ വീഴ്ച മൂലമാണ് 4,50,000 രൂപയുടെ ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനാകാതെ പോയത്. ആയതിനാൽ, പദ്ധതിയ്ക്കായി ചെലവഴിച്ച 4,50,000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നു.

പ്രസ്തുത പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ശിപാർശ ചെയ്യുന്ന വിവരം 17-5-2016-ലെ കെ.എസ്.എ.-എ.എൽ.പി./പി.9/2016-ാം നമ്പർ കത്ത് പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ശ്രീ. ജിമ്മി കെ. ജോസ്, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ,
കാട്ടിക്കാട്ട് ഹൗസ്, തുമ്പോളി പി. ഒ., ആലപ്പുഴ.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2015-16; ഖണ്ഡിക 8.12)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

125. മങ്കൊമ്പ് എ.റ്റി.വി. ഗവൺമെന്റ് സ്കൂളിൽ സ്റ്റീം കിച്ചൺ യൂണിറ്റ് സ്ഥാപിക്കുന്നതിന് കാലതാമസമുണ്ടായത് എന്തുകൊണ്ടെന്ന് സമിതി ചോദ്യമുന്നയിച്ചതിന്, പ്രസ്തുത സ്കൂളിന്റെ ഭക്ഷണപ്പുര മരം വീണ് തകർന്നതായും കെട്ടിടത്തിന്റെ പുനർ നിർമ്മാണം പുരോഗമിക്കുകയാണെന്നും നിലവിൽ 45 കുട്ടികൾക്ക് മാത്രമാണ് ഭക്ഷണം തയ്യാറാക്കേണ്ടി വരുന്നതെന്നും ഇത്രയും ചെറിയ അളവിൽ ഭക്ഷണം തയ്യാറാക്കാൻ സ്റ്റീം കിച്ചൺ യൂണിറ്റിന്റെ ആവശ്യകതയില്ലെന്നും ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. പ്രസ്തുത വിഷയത്തിൽ വിശദമായ റിപ്പോർട്ട് രണ്ടാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**126. യാതൊരു പഠനവും നടത്താതെ പദ്ധതി വിഭാവനം ചെയ്തതിനാലാണ് മങ്കൊമ്പ് എ.റ്റി.വി. ഗവൺമെന്റ് സ്കൂളിൽ സ്റ്റീം കിച്ചൺ യൂണിറ്റ് സ്ഥാപിക്കാൻ കഴിയാത്തതെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പകൽ വീടുകൾ - പത്ത് നിർമ്മിച്ചതിൽ എട്ടും പ്രവർത്തനരഹിതമായ കെട്ടിടങ്ങളും സംവിധാനങ്ങളും മാത്രമായി**

[ആലപ്പുഴ ജില്ലാ പഞ്ചായത്ത്, ഓ.റി.2015-16, ഖ.3.3]

മുഹമ്മ, ഹരിപ്പാട്, പുളിങ്കുന്ന്, വള്ളിക്കുന്നം, മാരാരിക്കുളം (തെക്ക്), ബുധനൂർ, മണ്ണഞ്ചേരി, ചെന്നിത്തല-തൃപ്പെരുന്തുറ, അരൂർ, അമ്പലപ്പുഴ (തെക്ക്) എന്നീ പഞ്ചായത്തുകളിൽ ആലപ്പുഴ ജില്ലാ പഞ്ചായത്ത്, വിവിധ വർഷങ്ങളിലെ പദ്ധതികളിൽ ഉൾപ്പെടുത്തി 10 പകൽ വീടുകൾ നിർമ്മിച്ചിരുന്നു. ഈ കെട്ടിടങ്ങൾ നാളിതുവരെയും വൈദ്യുതീകരിച്ചിട്ടില്ല. പകൽ വീടുകൾക്കായി പണിത 10 കെട്ടിടങ്ങളിൽ 8 എണ്ണവും നിർദ്ദിഷ്ടാവശ്യത്തിന് ഉപയോഗിക്കാതിരിക്കുക വഴി ഇതിലേക്കായി ചെലവഴിച്ച 69,02,621 രൂപ പാഴ്ച്ചെലവായി. പകൽ വീടുകൾ പ്രവർത്തനക്ഷമമല്ലെങ്കിലും ഇവയുടെ ആവശ്യത്തിനായി ടെലിവിഷൻ, യോഗാമാറ്റ്, ഡോർമാറ്റ്, വെയിംഗ് മെഷീൻ, കാരംസ് ബോർഡ്, ചെസ് ബോർഡ് എന്നിവ വാങ്ങുന്നതിലേക്ക് 2015-16 വർഷം 1,72,200 രൂപ വിനിയോഗിച്ചിട്ടുണ്ട്. പ്രവർത്തിക്കാത്ത പകൽവീടുകൾക്കായി ചെലവഴിച്ച തുകയും പാഴ്ച്ചെലവായി.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2016-17; ഖണ്ഡിക 4.6.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

127. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**128. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തൊഴിൽ സംരംഭങ്ങൾ അടച്ചുപൂട്ടി; പദ്ധതി വിഹിതം 4.02 കോടി നഷ്ടം**

തൊഴിലും വ്യവസായവികസനവും ലക്ഷ്യമിട്ട് ജനകീയാസൂത്രണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം ചെലവഴിച്ച് സ്ഥാപിച്ച തൊഴിൽ സംരംഭങ്ങൾ ഇപ്പോൾ അടച്ചുപൂട്ടിയതോ പ്രവർത്തനം നിലച്ചതോ ആയ അവസ്ഥയിലാണ്. ഇവയുടെ സ്ഥാപനചെലവ് കോടികൾ പാഴായി.

ഇടുക്കി, പാലക്കാട്, മലപ്പുറം ഒഴികെയുള്ള ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഓഡിറ്റിന് ലഭ്യമായ കണക്കുകൾ പ്രകാരം അടച്ചുപൂട്ടിയതോ പ്രവർത്തനം നിലച്ചതോ ആയ തൊഴിൽ സംരംഭങ്ങൾക്ക് ചെലവ് 4.02 കോടിയാണ്. സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാൻ സാധ്യത വിരളമായതിനാൽ ഈ തുക നഷ്ടപ്പെട്ടതായി കണക്കാക്കാം.

ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ വിഷയത്തിൽ ലഭ്യമായ ചില വിവരങ്ങൾ:-

ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്ത് സ്ഥാപിച്ച വ്യവസായ വികസന കോംപ്ലക്സിൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങിയില്ല. ഇതിന് ചെലവഴിച്ച 2,51,074 രൂപ പാഴായി.

(2000-01 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2)

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 2.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

129. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**130. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

മുതുകുളം ബ്ലോക്ക് പഞ്ചായത്ത്

**ഓഡിറ്റ് നിരീക്ഷണങ്ങൾ - ത്രിതല പഞ്ചായത്തുകൾ**

ലക്ഷങ്ങൾ ചെലവഴിച്ചിട്ടും; പൂർത്തീകരിക്കാത്ത; ലക്ഷ്യം നിറവേറ്റാത്ത; പദ്ധതികളെ സംബന്ധിച്ചുള്ള പൊതു നിരീക്ഷണം

1998-99 മുതൽ 2005-06 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളിൽ പൊതുവായി കാണപ്പെട്ടിട്ടുള്ള ഓഡിറ്റ് നിരീക്ഷണം ക്രോഡീകരിച്ച് താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഓ.റി. വർഷം | ഖ. നമ്പർ | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | പദ്ധതിയുടെ സംക്ഷിപ്ത വിവരണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 2005-06 | 3.16 (എ) | മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | 3,10,000 | മുതുകുളം പി.എച്ച്.സി.-യിൽ ഒരു വനിതാ വാർഡ് നിർമ്മിക്കുന്നതിനായി 1999-2000-ൽ 2,20,000 രൂപ, 2000-01-ൽ 2,30,000 രൂപ വകയിരുത്തി. 31-3-2000 വരെ 3,10,000 രൂപ ചെലവഴിച്ചു (കൺവീനർ) 30-1-2007 വരെ പണി പൂർത്തീകരിച്ചില്ല. റൂഫ് വാർത്ത് ഭിത്തി ഭാഗികമായി തേച്ചനിലയിലാണ്. മൂല്യ നിർണ്ണയം നടത്തിയതായി തെളിവില്ല. കെട്ടിടം നശിച്ചു കൊണ്ടിരിക്കുകയാണ്. |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 2 | 2004-05 | 3.7 | മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | 1,63,200 | ബിരുദധാരികളായ 17 പട്ടികജാതി വനിതകൾക്ക് പി.ജി.ഡി.സി.എ. വിദ്യാഭ്യാസം നൽകുന്നതിനായി നടപ്പിലാക്കിയ ടി പദ്ധതി പ്രകാരം പരിശീലനം നൽകിയ സ്ഥാപനങ്ങൾക്ക് പി.ജി.ഡി. സി.എ. കോഴ്സ് നടത്തുന്നതിന് അംഗീകാരമുണ്ടെന്നതിന് രേഖകളില്ല. മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ ലെറ്റർ പാഡിൽ തയാറാക്കിയിരിക്കുന്ന കോഴ്സ് സർട്ടിഫിക്കറ്റുകൾ പരിശീലനം സിദ്ധിച്ച വിദ്യാർത്ഥികൾ കൈപ്പറ്റിയിട്ടില്ല. മേൽ അപാകതകളിൽനിന്നും പരിശീലനം നൽകിയ സ്ഥാപനങ്ങളുടെ സംശുദ്ധി ചോദ്യം ചെയ്യപ്പെടുന്നു. പദ്ധതിപ്പണം പാഴായതായി വിലയിരുത്തുന്നു. |
| 3 | 2004-05 | 2(9) | മാവേലിക്കര താമരക്കുളം | 96,380 | വനിതാ കാന്റീൻ നിർമ്മാണം എന്ന പദ്ധതി പ്രകാരം കെട്ടിടനിർമ്മാണം പൂർത്തിയാക്കി രണ്ടുവർഷം കഴിഞ്ഞിട്ടും പദ്ധതി വിഭാവനം ചെയ്തിരുന്ന |

| | | | | | |
|---|---|---|---|---|---|
| | | | | | പ്രകാരമുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയോ, കാന്റീൻ നടത്തുന്നതിന് അനിവാര്യമായ വെള്ളവും വൈദ്യുതിയും ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. പദ്ധതിപണം വിനിയോഗിച്ചത് ലക്ഷ്യം കൈവരിച്ചിട്ടില്ല. |
| 4 | 2004-05 | 2(10) | മാവേലിക്കര - താമരക്കുളം | 2,06,250 | പരിശീലനം നൽകിയ സ്ഥാപനം അംഗീകാര മുള്ളതാണെന്നതിനും നൽകിയ കോഴ്സിന് സർക്കാർ അംഗീകാരം നൽകിയതാ ണെന്നതിനും രേഖകളില്ല. കരാർ വ്യവസ്ഥകൾ പ്രകാരം സ്ഥാപനം പഞ്ചായത്തിൽ സ്ഥാപിച്ചിരിക്കുന്ന കമ്പ്യൂട്ടറുകളുടെയും അനുബന്ധ സാധനങ്ങളുടെയും ഗുണ നിലവാരം ഉറപ്പുവരുത്തിയിട്ടില്ല. പരിശീലന പരിപാടിയിൽ പങ്കെടുത്തതായി രേഖപ്പെടുത്തിയിട്ടുള്ള 151 കുട്ടികളുടെയും കോഴ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ല. |
| 5 | 2004-05 | 2(7) | കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് | 35,000 | കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കായി |

| | | | | | |
|---|---|---|---|---|---|
| | | | | | ആവിഷ്കരിച്ച പദ്ധതി (അക്ഷയ കമ്പ്യൂട്ടർ സെന്റർ) 5 വ്യക്തികൾക്ക് മാത്രമായി പരിമിതപ്പെടുത്തി. കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും ലഭ്യമാക്കിയതിനോ, അവ ഉപയോഗിച്ച് കമ്പ്യൂട്ടർ സെന്റർ പ്രവർത്തനം ആരംഭിച്ചതിനോ രേഖകളില്ല. |
| 6 | 2004-05 | 2(9) | കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് | 65,000 | വ്യാപകമായ പരസ്യം നൽകിയിട്ടും പദ്ധതിയുടെ നിർവ്വഹണത്തിനുള്ള ക്വട്ടേഷൻ അംഗീകരിച്ചിരിക്കുന്നത് കുടുംബശ്രീ യൂണിറ്റിലെ ഒരംഗത്തിന്റേത് തന്നെയാണ്. ക്വട്ടേഷൻ അംഗീകരിച്ച വ്യക്തിക്കല്ല കോഴിക്കുഞ്ഞുങ്ങളെ നൽകിയിരിക്കുന്നത്. പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾക്ക് പദ്ധതിയിലൂടെ സാമ്പത്തികാഭിവൃദ്ധി ഉണ്ടായെന്ന് തെളിയിക്കുന്ന രേഖകളില്ല. |
| 7 | 2004-05 | 2.14 | കണ്ടല്ലൂർ | 16,800 | പദ്ധതി |

| | | | | | |
|---|---|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത് | | നിർവ്വഹണത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ബാങ്ക് വായ്പ എന്നിവ - ഉറപ്പാക്കിയതായി രേഖയില്ല. ആടുകളെ വാങ്ങിയതിന്റെ രേഖകളില്ല. പദ്ധതിക്കായി പണം ചെലവഴിക്കപ്പെട്ടതിന് വളരെ നാളുകൾക്കുശേഷം മാത്രം നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിലേർപ്പെട്ടതായാണ് രേഖകൾ. പദ്ധതിയുടെ സംശുദ്ധി ഓഡിറ്റിൽ സംശയിക്കുന്നു. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹ്യത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 3.1)

സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

131. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**132. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഡി.പി.സി.യുടെ അംഗീകാരമില്ലാത്ത പ്രവൃത്തികൾ-നിയമ/ചട്ട വിരുദ്ധമായി നടപ്പിലാക്കി**

മരാമത്ത് പണികൾ ഉൾപ്പെടെ പല പ്രോജക്ടുകളും, ജില്ലാ ആസൂത്രണ ബോർഡിന്റെയോ, ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെയോ അംഗീകാരമില്ലാതെ നടപ്പാക്കിയിട്ടുണ്ട്. സബ്സിഡി മാനദണ്ഡങ്ങൾക്കും സ്റ്റോർപർച്ചേസ് നിയമങ്ങൾക്കും,

സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായി ഈ പദ്ധതികൾ പലതും നടപ്പിലാക്കപ്പെട്ടതിനാൽ പദ്ധതിപ്പണം ശരിയായ രീതിയിൽ വിനിയോഗിക്കപ്പെട്ടിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഓഡിറ്റ് റിപ്പോർട്ട് വർഷം ഖണ്ഡിക നമ്പർ | തുക | പദ്ധതി | അപാകതകൾ |
|---|---|---|---|---|
| പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2005-06<br>3.7 | 35,000 | എസ്.റ്റി. കുടുംബ വാസസ്ഥലം മണ്ണിട്ടുയർത്തൽ (100% സബ്സിഡി) | 1. ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറും ജില്ലാതല ടെക്നിക്കൽ സമിതിയും അംഗീകാരം നൽകിയിട്ടില്ല.<br>2. അംഗീകൃത സമിതിയുടെയും ടെക്നിക്കൽ സമിതിയുടെയും അംഗീകാരം നേടിയിട്ടില്ല |
| പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2005-06<br>3.8 | 4,91,980 | കൊച്ചുവേളി-തെക്കുംതല റോഡ് നിർമ്മാണം | ജില്ലാ ആസൂത്രണ സമിതിയുടെയും ടെക്നിക്കൽ സമിതിയുടെയും അംഗീകാരം നേടിയിട്ടില്ല |

| | | | | |
|---|---|---|---|---|
| പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2005-06 3.8 | 3,69,267 | തുറവൂർ- പാലത്തറ മുട്ടംപുറം റോഡ് നിർമ്മാണം | ജില്ലാ ആസൂത്രണ സമിതിയുടെയും ടെക്നിക്കൽ സമിതിയുടെയും അംഗീകാരം നേടിയിട്ടില്ല |
| പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2005-06 3.8 | 3,01,997 | അരൂർ- വെട്ടുകടവ് റോഡ് ടാറിംഗ് | ജില്ലാ ആസൂത്രണ സമിതിയുടെയും ടെക്നിക്കൽ സമിതിയുടെയും അംഗീകാരം നേടിയിട്ടില്ല |
| പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2005-06 3.8 | - | തുറവൂർ- വെട്ടിക്കാട് ഹരിജൻ കോളനി റോഡ് നിർമ്മാണം | ജില്ലാ ആസൂത്രണ സമിതിയുടെയും ടെക്നിക്കൽ സമിതിയുടെയും അംഗീകാരം നേടിയിട്ടില്ല |
| പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2005-06 3.5 | 3,99,819 | കോട്ടംതുരുത്ത് ഗ്രാമ പഞ്ചായത്ത് നീണ്ടകര– സെന്റ് മാർട്ടിൻ മണ്ണൂച്ചിറ റോഡ് നിർമ്മാണം | ജില്ലാ ആസൂത്രണ സമിതിയുടെയും ടെക്നിക്കൽ സമിതിയുടെയും അംഗീകാരമില്ല. 1265 എം3 ഗ്രാവൽ ഫില്ലിംഗിന് ഉപയോഗിച്ചെങ്കിലും ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. |

| | | | | |
|---|---|---|---|---|
| ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | 2004-05 3.9 | 6,14,000 | സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | ഭരണാനുമതിയും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും ഇല്ല. 1,63,400 രൂപയ്ക്ക് ഫർണിച്ചറും, 4,35,000 രൂപയ്ക്ക് പ്രൊജക്ടറും വാങ്ങി. ടെന്റർ ക്ഷണിച്ചിട്ടില്ല. ഫർണിച്ചർ സ്റ്റോക്കിലെടുത്തിട്ടില്ല. വിതരണ വിവരങ്ങളില്ല. |
| അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2003-04 2.2 | 49,475 | പ്രീ-മെട്രിക് ഹോസ്റ്റലിലെ സൗകര്യം മെച്ചപ്പെടുത്തൽ | ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരമില്ല. |
| മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | 2004-05 3.24 | - | പത്തിയൂർ പഞ്ചായത്തിൽ കോയിക്കൽ മുക്ക് മുതൽ പടിഞ്ഞാറോട്ട് സൈഡ് കെട്ടുക | ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരമില്ല. 5/1999 മുതൽ 12/2000 വരെ നടന്ന പണിയുടെ അളവ്, 1-2-2005-ലാണ് എടുത്തിട്ടുള്ളത്. ഹാജരാക്കിയ മസ്റ്റർറോൾ തൊഴിലാളികൾ ഒപ്പിടാത്തതും അപൂർണ്ണവുമാണ്. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.21.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

133. പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ എസ്.റ്റി. കുടുംബവാസസ്ഥലം മണ്ണിട്ടുയർത്തൽ (100% സബ്സിഡി) പദ്ധതിയെക്കുറിച്ചും പദ്ധതി നടത്തിപ്പിൽ വന്ന നഷ്ടം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനെക്കുറിച്ചും സമിതി ചോദ്യമുന്നയിച്ചതിന്, പട്ടികവർഗ്ഗ കോളനികൾ തോടിന്റെ തീരത്തായിരുന്നതിനാലും മഴക്കാലത്ത് തോട്ടിൽ നിന്നുള്ള വെള്ളം കെട്ടി നിന്ന് പ്രസ്തുത കോളനി നിവാസികളുടെ ജീവിതം ദുസ്സഹമാകുന്ന സാഹചര്യമുണ്ടായിരുന്നതിനാലുമാണ് പരിഹാരമെന്നോണം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി പദ്ധതി ആവിഷ്കരിച്ച് മേൽ പറഞ്ഞ വാസസ്ഥലം മണ്ണിട്ടുയർത്തിയതെന്നും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടം വന്ന തുക ഈടാക്കിയിട്ടില്ലെന്നും പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു. സർക്കാർ ഉത്തരവ് പ്രകാരം ടി പദ്ധതിക്ക് സബ്സിഡി അനുവദിച്ചിട്ടില്ലെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചതിന്, പട്ടികവർഗ്ഗക്കാരുടെ വാസസ്ഥലം മണ്ണിട്ടുയർത്തൽ പദ്ധതിക്ക് സർക്കാർ ഉത്തരവ് ഉള്ളതിനാലാണ് സബ്സിഡി അനുവദിച്ചതെന്ന് പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

134. കൊച്ചുവേളി-തെക്കുംതല റോഡ് നിർമ്മാണം സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

135. തുറവൂർ-പാലത്തറ മുട്ടുംപുറം റോഡ് നിർമ്മാണം സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

136. അരൂർ - വെട്ടുകടവ് റോഡ് ടാറിംഗ് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

137. തുറവൂർ - വെട്ടിക്കാട് ഹരിജൻ കോളനി റോഡ് നിർമ്മാണം സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

138. കോട്ടംതുരുത്ത് ഗ്രാമപഞ്ചായത്ത് നീണ്ടകര-സെന്റ് മാർട്ടിൻ മണ്ണുച്ചിറ റോഡ് നിർമ്മാണം സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി നിർദ്ദേശിച്ചു.

139. സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് സമിതി ചോദ്യമുന്നയിച്ചതിന്, ഭരണാനുമതിയും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും ഇല്ലാതെയും ടെണ്ടർ ക്ഷണിക്കാതെയും വാങ്ങിയ ഫർണിച്ചർ, പ്രോജക്ടർ എന്നിവ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകളില്ലാത്തതിനാലാണ് ഹാജരാക്കാൻ സാധിക്കാതിരുന്നതെന്ന് ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു. ഡി.പി.സി.യുടെ അംഗീകാരമില്ലാതെ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫണ്ട് ചെലവഴിച്ചതുസംബന്ധിച്ച് സർക്കാരിൽ നിന്നും സാധൂകരണം ആവശ്യപ്പെടുന്നതിന് സമിതി നിർദ്ദേശിച്ചു.

140. പ്രീ-മെട്രിക് ഹോസ്റ്റലിലെ സൗകര്യം മെച്ചപ്പെടുത്തൽ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിൻമേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

141. പത്തിയൂർ പഞ്ചായത്തിൽ കോയിക്കൽ മുക്ക് മുതൽ പടിഞ്ഞാറോട്ട് സൈഡ് കെട്ടുക എന്ന പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**142. പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട എസ്.റ്റി. കുടുംബങ്ങളുടെ വാസസ്ഥലം മണ്ണിട്ടുയർത്തൽ (100% സബ്സിഡി) എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ബോധ്യപ്പെടുത്തിയ വിവരങ്ങളുടെയും കൊച്ചുവേളി-തെക്കുംതല റോഡ് നിർമ്മാണം, തുറവൂർ-പാലത്തറ മുട്ടുംപുറം റോഡ് നിർമ്മാണം, അരൂർ-വെട്ടുകടവ് റോഡ് ടാറിംഗ്, തുറവൂർ-വെട്ടിക്കാട് ഹരിജൻ കോളനി റോഡ് നിർമ്മാണം, കോട്ടംതുരുത്ത് ഗ്രാമപഞ്ചായത്ത് നീണ്ടകര– സെന്റ് മാർട്ടിൻ മണ്ണുച്ചിറ റോഡ് നിർമ്മാണം എന്നീ ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**143. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിൽ ഡി.പി.സി.യുടെ അംഗീകാരമില്ലാത്ത പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഫണ്ട് ചെലവഴിച്ചതു സംബന്ധിച്ച് സർക്കാരിൽ നിന്നും സാധൂകരണം ആവശ്യപ്പെടുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**144. അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിലെ പ്രീ-മെട്രിക് ഹോസ്റ്റലുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**145. മുതുകുളം ബ്ലോക്ക് പഞ്ചായത്തിൽ ഡി.പി.സി.യുടെ അംഗീകാരമില്ലാത്ത പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഫണ്ട് ചെലവഴിച്ചതു സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**ബ്ലോക്ക് പഞ്ചായത്ത്**

മുതുകുളം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഐ.എ.വൈ. ഭവനനിർമ്മാണം - ക്രമക്കേടുകൾ :**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക നമ്പർ 3.3)

മുതുകുളം ബ്ലോക്കിൽ നിന്നും ഐ.എ.വൈ. ധനസഹായം ഉപയോഗിച്ച് കണ്ടല്ലൂർ പഞ്ചായത്ത് നടത്തിയ ഭവനനിർമ്മാണ പദ്ധതികളിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ള ഗുണഭോക്താക്കളിൽ നിന്ന് ആവശ്യമായ രേഖകൾ വാങ്ങിയശേഷം പ്രസ്തുത പഞ്ചായത്തിലെ വി.ഇ.ഒ. ബ്ലോക്ക് ഹൗസിംഗ് ഓഫീസറുടെ സഹായത്തോടെ ഗുണഭോക്താക്കൾക്കുപകരം മറ്റൊരാളുടെ ഫോട്ടോ പതിച്ച്, ആൾമാറാട്ടം നടത്തി ആനുകൂല്യം നൽകിയിരിക്കുന്നു. യഥാർത്ഥ ഗുണഭോക്താവിന് ആനുകൂല്യം ലഭിച്ചില്ല. അനർഹരായവർക്ക് ആൾമാറാട്ടത്തിലൂടെ ആനുകൂല്യം നൽകിയത് കൂടാതെ, വ്യക്തമായ രേഖകളില്ലാതെയും, സ്വന്തമായി ഭവനം ഇല്ലാത്തവർക്കുപോലും ആനുകൂല്യം നൽകിയിട്ടുണ്ട്. വിജിലൻസ് അന്വേഷണത്തിന് കളക്ടർ ശിപാർശ ചെയ്തെങ്കിലും തുടർനടപടികൾ വിശദീകരിക്കപ്പെട്ടില്ല. അനധികൃതമായി കൊടുത്ത തുകകൾ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്ന് ഈടാക്കാൻ നിർദ്ദേശമുണ്ടാകേണ്ടതാണ്.

ഓഡിറ്റ് ഖണ്ഡിക

**എസ്.ജി.ആർ.വൈ.-ഭക്ഷ്യധാന്യ വിനിയോഗത്തിലെ ക്രമക്കേടുകൾ :**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ 3.10)

ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ 7 റോഡുകൾ എസ്.ജി.ആർ.വൈ. പദ്ധതിയും, എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ടും ഉപയോഗിച്ച് പൂർത്തീകരിക്കുന്നതിനായി ഗുണഭോക്തൃ സമിതി കൺവീനർമാർക്ക്, വേലകളുടെ നടത്തിപ്പിനുവേണ്ടി കരാർ വച്ച

ഉടൻ തന്നെ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന മുഴുവൻ അരി വിഹിതവും (അതായത് ഏഴ് വേലകൾക്കും കൂടി 518.12 ടൺ അരി) മുൻകൂറായി നൽകി. ഇപ്രകാരം മുഴുവൻ അരിയും മുൻകൂറായി നൽകിയെങ്കിലും ഓഡിറ്റ് തീയതി വരെ വേലകൾ ഒന്നും തന്നെ ആരംഭിക്കുകപോലും ഉണ്ടായിട്ടില്ല. ഗുണഭോക്തൃ സമിതി വഴി നടപ്പിലാക്കുന്ന ഒരു പ്രവൃത്തിയ്ക്ക് നൽകാവുന്ന പരമാവധി മുൻകൂർ ഒരു ലക്ഷം രൂപ ആണെന്നിരിക്കെ ഏഴ് പ്രവൃത്തികൾക്കുംകൂടി പരമാവധി ഏഴ് ലക്ഷം രൂപ മാത്രമാണ് മുൻകൂറായി നൽകാവുന്നത്. ഇതിന് വിരുദ്ധമായി കിലോഗ്രാമിന് 6.20 രൂപ നിരക്കിൽ 32,12,344 രൂപയുടെ അരി മുൻകൂറായി നൽകിയത് ക്രമവിരുദ്ധമാണ്. യാതൊരു ഈടും നൽകാതെ മാർക്കറ്റിൽ 70 ലക്ഷം രൂപ വിലമതിക്കുന്ന അരി നൽകിയത് നാളിതുവരെ ഇതിന്റെ വിതരണ വിവരം, മറ്റ് രേഖകൾ എന്നിവ ഹാജരാക്കാത്തതും ഗുരുതരമായ ക്രമക്കേടാണ്. നഷ്ടം കണക്കാക്കി സെക്രട്ടറി, കൺവീനർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 3.28.1, 3.28.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

146. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**147. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ആര്യാട് ബ്ലോക്ക് പഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**തൊഴിൽ സംരംഭങ്ങൾ അടച്ചുപൂട്ടി; പദ്ധതി വിഹിതം 4.02 കോടി നഷ്ടം**

തൊഴിലും വ്യവസായ വികസനവും ലക്ഷ്യമിട്ട് ജനകീയാസൂത്രണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിവിഹിതം ചെലവഴിച്ച് സ്ഥാപിച്ച തൊഴിൽ സംരംഭങ്ങൾ ഇപ്പോൾ അടച്ചുപൂട്ടിയതോ പ്രവർത്തനം നിലച്ചതോ ആയ അവസ്ഥയിലാണ്. ഇവയുടെ സ്ഥാപന ചെലവ് കോടികൾ പാഴായി.

ഇടുക്കി, പാലക്കാട്, മലപ്പുറം ഒഴികെയുള്ള ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഓഡിറ്റ് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം അടച്ചുപൂട്ടിയതോ പ്രവർത്തനം നിലച്ചതോ ആയ തൊഴിൽ സംരംഭങ്ങൾക്ക് ചെലവ് 4.02 കോടിയാണ്. സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാൻ സാധ്യത വിരളമായതിനാൽ ഈ തുക നഷ്ടപ്പെട്ടതായി കണക്കാക്കാം.

ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ വിഷയത്തിൽ ലഭ്യമായ ചില വിവരങ്ങൾ:-

ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്ത് 28,46,263 രൂപ ചെലവഴിച്ച് കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ ഗോഡൗൺ നിർമ്മിച്ചെങ്കിലും കയർ വ്യവസായവുമായി ബന്ധപ്പെട്ട യാതൊരു പണികളും ആരംഭിച്ചിട്ടില്ല.

(2000-01 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 34, 35)

ആലപ്പുഴ ജില്ലയിൽ ഈ ഇനത്തിൽ നഷ്ടപ്പെട്ട തുകയുടെ വിവരം താഴെ പത്രികയിൽ

| **ജില്ല** | **തുക** |
|---|---|
| ആലപ്പുഴ | 42,30,117 |
| **ആകെ** | **42,30,117** |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 2.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

148. ആര്യാട് ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച പ്രസ്തുത കെട്ടിടത്തിന്റെ നിലവിലെ സ്ഥിതിയെന്തെന്നും മേൽ സൂചിപ്പിച്ച കെട്ടിടം പൊളിച്ചുമാറ്റുവാൻ പോകുന്നുവെന്ന ഓഡിറ്റ് പരാമർശത്തെക്കുറിച്ചും സമിതി ചോദ്യമുന്നയിച്ചതിന്, പ്രസ്തുത കെട്ടിടവും കെട്ടിടം ഉൾപ്പെടുന്ന സ്ഥലവും 2017-ലെ സർക്കാർ ഉത്തരവ് പ്രകാരം അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ (അസാപ്) കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മിക്കുന്നതിനായി വിട്ടു നൽകിയിട്ടുണ്ടെന്നും അതിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണെന്നും കയർ വ്യവസായത്തിനുള്ള ഫാക്ടറി മാതൃകയിലാണ് ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത കെട്ടിടം നിർമ്മിച്ചതെന്നും എന്നാൽ അങ്ങനെയൊരു കെട്ടിടത്തിൽ അസാപ്പിന്റെ പ്രവർത്തനങ്ങൾ നടത്താൻ ബുദ്ധിമുട്ടുള്ളതിനാലാണ് പ്രസ്തുത കെട്ടിടം പൊളിച്ചുനീക്കാൻ തീരുമാനിച്ചതെന്നും ആര്യാട് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി സമിതി മുമ്പാകെ വിശദീകരിച്ചു. ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായ തുക തിരിച്ചുകിട്ടുന്നതിന്റെ സാധ്യതയെക്കുറിച്ച് സമിതി ആരാഞ്ഞതിന്, ബ്ലോക്ക് പഞ്ചായത്ത് നഷ്ടപരിഹാരം ആവശ്യപ്പെട്ടിട്ടില്ലെന്നും അസാപ്പിന്റെ പ്രവർത്തനങ്ങൾ വഴി പ്രദേശവാസികൾക്ക് ഗുണമുണ്ടാകുമെന്നും സമിതിയെ ബോധ്യപ്പെടുത്തി. ആര്യാട് ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, ഗോഡൗൺ

എന്നിവ പൊളിക്കുമ്പോൾ, പ്രസ്തുത കെട്ടിടങ്ങൾ നിർമ്മിക്കാൻ ചെലവായ തുക, നഷ്ടപരിഹാരമായി നൽകുന്ന കാര്യം സർക്കാർ പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. സർക്കാർ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**149. ആര്യാട് ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച കയർ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, ഗോഡൗൺ എന്നിവ പൊളിക്കുമ്പോൾ, പ്രസ്തുത കെട്ടിടങ്ങൾ നിർമ്മിക്കാൻ ചെലവായ തുക, നഷ്ടപരിഹാരമായി നൽകുന്ന കാര്യം സർക്കാർ പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ആര്യാട് ബ്ലോക്ക് - ആലപ്പുഴ ജില്ല

ഓഡിറ്റ് ഖണ്ഡിക

(എ) കുടുംബശ്രീ/വനിത എസ്.എച്ച്.ജി.കൾക്ക് തൊഴിൽ സംരംഭം തുടങ്ങുന്നതിനുള്ള ധനസഹായം.

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2005-06, ഖണ്ഡിക നമ്പർ 3.7

നല്ല രീതിയിൽ പ്രവർത്തിക്കുന്ന 20 വനിത സ്വയംസഹായ സംഘങ്ങൾക്ക് പദ്ധതി വിഹിതത്തിൽ നിന്നും സബ്സിഡിയും ബാങ്ക് വായ്പയും ലഭ്യമാക്കി തൊഴിൽ സംരംഭത്തിന് സജ്ജമാക്കുക എന്ന പദ്ധതിപ്രകാരം ഒരു ഗ്രൂപ്പിന് 10,000 രൂപ ക്രമത്തിൽ 2 ലക്ഷം രൂപ 20 ഗ്രൂപ്പുകൾക്കായി പിൻവലിച്ച് നൽകിയിട്ടുണ്ട്. ഗ്രൂപ്പുകളുടെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള റിപ്പോർട്ടോ, തൊഴിൽ സംരംഭം തുടങ്ങിയതിന്റെ വരവുചെലവ് കണക്കുകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രവർത്തനത്തിന്റെ തുടർ നടപടികളെക്കുറിച്ച് ഒരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല. പദ്ധതി തുകയുടെ വിനിയോഗം ശരിയായ രീതിയിൽ നടന്നിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(ബി) എസ്. സി. സ്വയംസഹായ സംഘത്തിന് റിവോൾവിംഗ് ഫണ്ട്

ഓഡിറ്റ് റിപ്പോർട്ട് വർഷം : 2005-06, ഖണ്ഡിക നമ്പർ 3.6

പദ്ധതി പ്രകാരം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 10,000 രൂപ വീതം എസ്.സി. വിഭാഗത്തിലെ 5 വനിത സ്വയംസഹായ സംഘങ്ങൾക്ക് പദ്ധതി വിഹിതത്തിൽ നിന്നും നൽകി. പദ്ധതിപ്പണം വിനിയോഗിച്ച് തൊഴിൽ സംരംഭം തുടങ്ങിയതിന്റെയോ, തൊഴിൽ തുടരുന്നതിന്റെ പ്രവർത്തന റിപ്പോർട്ടോ മോണിട്ടറിംഗ് റിപ്പോർട്ടോ ഇല്ല. ചെലവിന്റെ നിജസ്ഥിതി അന്വേഷണ വിധേയമാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2008-09; ഖണ്ഡിക 3.5.10 (എ)&(ബി))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

150. ആര്യാട് ബ്ലോക്ക് പഞ്ചായത്തിലെ 20 വനിത സ്വയം സഹായ സംഘങ്ങളും എസ്.സി. വിഭാഗത്തിലെ 5 സ്വയം സഹായ സംഘങ്ങളും നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് സമിതി ചോദ്യമുന്നയിച്ചതിന്, 20-ൽ 5 സ്വയം സഹായ സംഘങ്ങൾ മാത്രമേ നിലവിൽ പ്രവർത്തിക്കുന്നുള്ളൂ എന്നും എന്നാൽ 20 സംഘങ്ങൾക്കും 10000 രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ടെന്നും മാനദണ്ഡപ്രകാരമുള്ള ഗ്രേഡിംഗ് നടത്തിയിട്ടാണ് തുക കൈമാറിയതെന്നും എസ്.സി. വിഭാഗത്തിലെ 5 വനിത സ്വയം സഹായ സംഘങ്ങൾക്കും റിവോൾവിംഗ് ഫണ്ട് കൊടുത്തിരുന്നെന്നും അവ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നെങ്കിലും കാലക്രമേണ പ്രവർത്തനം നിലച്ചതായും ഇവയിൽ 2 സംഘങ്ങളുടെ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ടെന്നും മറ്റുള്ളവ സംബന്ധിച്ച് യാതൊരു രേഖയുമില്ലെന്നും ആര്യാട് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി മറുപടി പറഞ്ഞു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഫണ്ട് ചെലവഴിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തണമെന്നും മേലിൽ ഫണ്ട് പാഴായി പോകുന്ന പ്രവൃത്തികൾ ഉണ്ടാകരുതെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**151. നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനം നിലച്ചതായി സമിതി നിരീക്ഷിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഫണ്ട് ചെലവഴിക്കുന്നതിൽ ആര്യാട് ബ്ലോക്ക് പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തണമെന്നും ഫണ്ട് പാഴായി പോകുന്ന പ്രവർത്തികൾ ഉണ്ടാകരുതെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ലക്ഷങ്ങൾ ചെലവഴിച്ചിട്ടും; പൂർത്തീകരിക്കാത്ത; ലക്ഷ്യം നിറവേറ്റാത്ത; പദ്ധതികളെ സംബന്ധിച്ചുള്ള പൊതു നിരീക്ഷണം.**

| ക്രമ നമ്പർ | ഓ.റി. വർഷം | ഖ. നമ്പർ | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | പദ്ധതിയുടെ സംക്ഷിപ്ത വിവരണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| ആലപ്പുഴ ജില്ല | | | | | |
| 5 | 2004-05 | 3-1 | ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് | 1,46,000 | ഉളവുകാട് നെല്ലുല്പാദക സമിതിയുടെ 200 ഏക്കർ പുഞ്ചപ്പാടം കൃഷി യോഗ്യമാക്കുന്നതിന് 40 HP മോട്ടോർ വാങ്ങുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസിന് നൽകാൻ തുക പിൻവലിച്ചിട്ടുണ്ട്. മോട്ടോറും പെട്ടിയും ലഭിച്ചതായോ അവ സമിതിയ്ക്ക് കൈമാറിയതായോ കൃഷി ഇറക്കി നെല്ലുല്പാദനം വർദ്ധിപ്പിച്ചതായോ രേഖകളില്ല. പദ്ധതി സഫലീകരിച്ചിട്ടില്ല. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

152. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിലെ ഉളവുകാട് പാടശേഖരസമിതിയ്ക്ക് ലഭ്യമാക്കിയ യന്ത്രസാമഗ്രികൾ നിലവിൽ പ്രവർത്തനക്ഷമമാണോ എന്ന് സമിതി ചോദ്യമുന്നയിച്ചതിന്, 2011 വരെ പെട്ടി, പറ, മോട്ടോർ എന്നിവ ഉൾപ്പെടുന്ന യന്ത്രസാമഗ്രികൾ പ്രവർത്തനക്ഷമമായിരുന്നെന്നും അതുമൂലം നെല്ലുൽപാദന വർദ്ധനവ് ഉണ്ടായിരുന്നതായും എന്നാൽ നിലവിൽ പാടശേഖരം കൃഷി ചെയ്യാതെ കിടക്കുന്ന സാഹചര്യമായതിനാൽ പ്രസ്തുത ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ലെന്നും അവ പാടശേഖര സമിതിയുടെ കൈവശമാണെന്നും ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു.

ഓഡിറ്റ് ഖണ്ഡിക

| ക്രമ നം. | ഓ.റി. വർഷം | ഖ. നം. | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | പദ്ധതിയുടെ സംക്ഷിപ്ത വിവരണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| ആലപ്പുഴ ജില്ല | | | | | |
| 14 | 2005-06 | 3-8 | ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | 1,48,000 | വനിതകൾക്ക് ഫേബ്രിക് പെയിന്റിംഗിലും ഇലക്ട്രിക് എംബ്രോയ്ഡറിയിലും പരിശീലനം നൽകുന്നതിന് ലക്ഷ്യമിട്ട പദ്ധതി പ്രകാരം 48 വനിതകൾക്ക് ഫേബ്രിക് പെയിന്റിംഗിലും 50 വനിതകൾക്ക് ഇലക്ട്രിക് എംബ്രോയ്ഡറിയിലും പരിശീലനം നൽകി. പദ്ധതി ഭാരത് സേവക് സമാജ് എന്ന സ്ഥാപനം മുഖേന നിർവ്വഹിച്ചതിന് സർക്കാരിന്റെ പ്രത്യേക അനുമതി നേടിയിട്ടില്ല. ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തെരഞ്ഞെടുത്തിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | | | | | പരിശീലനം നൽകിയെന്നതിന് ആധാരമായി മാസം/വർഷം എന്നിവയൊന്നും രേഖപ്പെടുത്താത്ത ഒരു ഹാജർ ഷീറ്റിന്റെ ഫോട്ടോകോപ്പി മാത്രമാണ് ഹാജരാക്കിയിരിക്കുന്നത്. പരിശീലനം വിജയകരമായി പൂർത്തിയാക്കിയതിനും സർട്ടിഫിക്കറ്റ് നൽകിയതിനും രേഖകളില്ല. |

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

153. പരാമർശവിധേയമായ പദ്ധതിയിലൂടെ ഗുണഭോക്താവിന് നേട്ടമുണ്ടായിട്ടുണ്ടോ എന്ന് സമിതി ചോദ്യമുന്നയിച്ചതിന്, ഭാരത് സേവക് സമാജ് എന്ന സ്ഥാപനം മുഖേനയാണ് പ്രസ്തുത പദ്ധതിയിലൂടെ പരിശീലനം നൽകിയതെന്നും പരിശീലനം ലഭിച്ചതിൽ ഭൂരിഭാഗം പേരും പ്രസ്തുത മേഖലകൾ ഉപജീവനമാർഗ്ഗമായി സ്വീകരിച്ച് മുന്നോട്ടു പോകുന്നുണ്ടെന്നും ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ വിശദീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**154. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഡെപ്പോസിറ്റ് വേലകൾക്ക് തുക നൽകി-പദ്ധതി പൂർത്തീകരണ/വിനിയോഗ രേഖകളില്ല**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി, കേരള ഗ്രൗണ്ട് വാട്ടർ വകുപ്പ് എന്നീ സ്ഥാപനങ്ങളിലേക്ക് വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി തുക

നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ടി പദ്ധതികൾ വിജയകരമായി പൂർത്തീകരിച്ചതിനുള്ള യാതൊരുവിധ രേഖകളും ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് വേലകൾ സമയബന്ധിതമായി ചെയ്തുതീർക്കുന്നുണ്ടോയെന്ന് തുടർ നിരീക്ഷണം നടക്കുന്നില്ല. ഇപ്രകാരം നിക്ഷേപിക്കപ്പെട്ട തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | വർഷം ഖണ്ഡിക | തുക | വിവരണം |
|---|---|---|---|
| ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | 2004-05 3.2 | 4,12,000 | ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിൽപ്പെട്ട മൈലാടുംമുകൾ കോളനിയിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതി 4,12,000 രൂപ ഭൂജല വകുപ്പ് ആലപ്പുഴ ജില്ലാ ഓഫീസർക്ക് നൽകി. പൂർത്തീകരണ രേഖ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഇല്ല. |
| ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | 2004-05 3.3 | 5,55,650 | വൈദ്യുതിലൈൻ നീക്കൽ എന്ന പദ്ധതിയ്ക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ തുക ഒടുക്കി. പദ്ധതിയുടെ പൂർത്തീകരണരേഖ, വൈദ്യുതി ബോർഡിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 3.21.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

### ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്

വർഷം 2004-05, ഖണ്ഡിക 3.2

155. മൈലാടുംമുകൾ കോളനിയിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ചോദ്യമുന്നയിച്ചതിന്, ഭരണിക്കാവ് ബ്ലോക്കിലെ ഏറ്റവുമുയർന്ന പ്രദേശമാണ് പ്രസ്തുത കോളനിയെന്നും കോളനിയിൽ 12 പട്ടികജാതി കുടുംബങ്ങളും മറ്റ് 25 കുടുംബങ്ങളും വസിക്കുന്നുണ്ടെന്നും അവർ ടി പദ്ധതിയെ

ആശ്രയിച്ചാണ് ജീവിക്കുന്നതെന്നും കോളനിയിൽ കുഴൽക്കിണറും വാട്ടർടാങ്കും നിർമ്മിച്ചിട്ടുണ്ടെന്നും അവ ഇപ്പോഴും ഉപയോഗത്തിലാണെന്നും കുടിവെള്ള പ്രശ്നം പരിഹരിച്ചിട്ടുണ്ടെന്നും ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു.

**വൈദ്യുതിലൈൻ നീക്കൽ**

156. വൈദ്യുതിലൈൻ നീക്കൽ പദ്ധതിയുടെ രേഖകളെക്കുറിച്ച് സമിതി ചോദ്യമുന്നയിച്ചതിന് പ്രസ്തുത രേഖകൾ സർക്കാരിന് ഹാജരാക്കിയിട്ടുണ്ടെന്ന് ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടുള്ള വിശദ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**157. മൈലാട്ടുംമുകൾ കോളനിയിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**158. വൈദ്യുതിലൈൻ നീക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

| ക്രമ നമ്പർ | ഓ.റി. വർഷം | ഖ. നമ്പർ | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | പദ്ധതിയുടെ സംക്ഷിപ്ത വിവരണം |
|---|---|---|---|---|---|
| 11 | 2002-03 | 2(4) | അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 10,400 | സന്ധ്യാബാംബൂ വർക്ക്സ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സംഘാംഗങ്ങൾക്ക് തൊഴിൽ ഉറപ്പുവരുത്തി സാമ്പത്തിക സ്ഥിതി |

| | | | | | |
|---|---|---|---|---|---|
| | | | | | മെച്ചപ്പെടുത്തുന്നതിനുമായി ആവിഷ്കരിച്ച ടി പദ്ധതിക്ക് പ്രസിഡന്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, തുക പിൻവലിച്ചു. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല. ബ്ലോക്ക് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വയംസഹായ സംഘങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പ് ഉൾപ്പെട്ടിട്ടില്ല. ഗ്രേഡിംഗ് നടത്തിയിട്ടില്ല. പദ്ധതി ഉദ്ദേശ്യലക്ഷ്യം കൈവരിച്ചതായി തെളിവുകളില്ല. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഓഡിറ്റ് ഖണ്ഡിക 3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

159. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**160. അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട പ്രസ്തുത പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്**

ഓഡിറ്റ് ഖണ്ഡിക

| ക്രമ നമ്പർ | ഓ.റി. വർഷം | ഖ. നമ്പർ | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | പദ്ധതിയുടെ സംക്ഷിപ്ത വിവരണം |
|---|---|---|---|---|---|
| 9 | 2004-05 | 3.13 | ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 1,98,051 | ഓഫീസ് മെയിന്റനൻസും കമ്പ്യൂട്ടർ റൂം നവീകരണവും -കോൺട്രാക്ടർക്ക് 40,579 രൂപ അധികം നൽകി, വൈദ്യുതീകരണം നടത്തിയതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയെങ്കിലും പദ്ധതി പൂർത്തീകരണം സംബന്ധിച്ച സാക്ഷ്യപ്പെടുത്തലുകൾ ഇല്ല. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

161. പ്രസ്തുത ഓഡിറ്റ് പരാമർശത്തിൻമേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**162. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശത്തിന്മേൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്

**നെഹ്റു പാർക്ക് നവീകരണം:**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ 3.7)

2004-05 വർഷത്തെ മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് 75,000 രൂപയും ബേസിക് ടാക്സ് ഗ്രാന്റിൽ നിന്ന് 1,00,000 രൂപയും ഉൾപ്പെടുത്തി നെഹ്റു പാർക്ക്

നവീകരണമെന്ന പേരിൽ രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കുകയുണ്ടായി. മൽസര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കാതെ രണ്ട് പ്രോജക്ടുകളും ഒരേ കോൺട്രാക്ടർക്ക് എസ്റ്റിമേറ്റ് നിരക്കിൽ തന്നെ നൽകി. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പലതും പൊരുത്തക്കേടുകൾ നിറഞ്ഞവയും പൂർത്തീകരിച്ചെന്ന രേഖപ്പെടുത്തലുള്ള പല പ്രവൃത്തികളും സൈറ്റ് വെരിഫിക്കേഷനിൽ പൂർത്തീകരിച്ചിട്ടില്ലെന്ന് ബോദ്ധ്യമായതും പ്രവൃത്തി നടത്തിപ്പിലെ ക്രമക്കേടിലേയ്ക്ക് വിരൽ ചൂണ്ടുന്നവയുമാണ്. ആദ്യ പ്രോജക്ടിൽ 13,500 രൂപ പാർക്ക് മോടിപിടിപ്പിക്കാനുള്ള ഗാർഡൻ പ്ലാന്റ്സ് വാങ്ങാൻ 'ട്രോപ്പിക്കൽ ഗാർഡന്' നൽകിയതായി പറയുന്നു. നാമമാത്രമായ ചെടികൾ മാത്രമേ ഗാർഡനിൽ ഇപ്പോഴുള്ളൂ. വാങ്ങിയ ചെടികളുടെ ബില്ല്, സ്റ്റോക്ക് എന്നിവ സൂക്ഷിച്ചിട്ടില്ല. രണ്ടാം പ്രോജക്ടിൽ 24,156 രൂപ ഇരുമ്പ് ബെഞ്ചുകൾ സ്ഥാപിക്കുന്നതിനായി ചെലവുചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ പാർക്കിൽ അങ്ങനെയൊരു സംവിധാനം സ്ഥാപിച്ചു കാണാനില്ല. ശരിയായ രീതിയിൽ പ്രോജക്ട് നടപ്പിലാക്കാതെ പൊതുധനദുർവിനിയോഗം ചെയ്യപ്പെട്ടു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 3.29.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

163. പ്രസ്തുത ഓഡിറ്റ് പരാമർശത്തിൻമേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**164. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനു സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് - ആലപ്പുഴ ജില്ല

**മാർഗ്ഗനിർദ്ദേശം ലംഘിച്ച് ഐ.എ.വൈ. ധനസഹായം നൽകി.**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ 3.1)

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2-3-2000-ലെ 1530/പി.ബി/2000/ തസ്വഭവ, 23-10-2001-ലെ 8034/പി.ബി.1/2001/തസ്വഭവ.(ആർ.ഡി.പി.ബി.) എന്നീ സർക്കുലറുകളിലെ ഐ.എ.വൈ. മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് നിലവിൽ വാസയോഗ്യമായ വീടുള്ള വ്യക്തികൾക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകി. ഇന്ദിര

ആവാസ് യോജന പദ്ധതിയുടെ ജനറൽ/പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് അധിക ധനസഹായം നൽകുന്നതിനായി നടപ്പിലാക്കിയ പദ്ധതികളിലാണ് ഇപ്രകാരം ക്രമക്കേടുകൾ നടന്നിട്ടുള്ളത്. ജനറൽ വിഭാഗത്തിൽ 12,30,000 രൂപയും പട്ടികജാതി വിഭാഗത്തിൽ 55,67,500 രൂപയും 2007-08 വർഷം വികസന ഫണ്ടിൽ നിന്നും ഭവനനിർമ്മാണത്തിന് ചെലവഴിച്ചിട്ടുണ്ട്. ഭവനരഹിതരായ/വാസയോഗ്യമായ വീടില്ലാത്ത ഗുണഭോക്താക്കൾക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. ഇതിനു വിരുദ്ധമായി നിലവിൽ വാസയോഗ്യമായ വീടുള്ളവരെ "എക്സ്റ്റൻഷൻ" എന്ന് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തി ഭവനനിർമ്മാണത്തിനുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റിൽപ്പെടുത്തി അവർക്ക് ആനുകൂല്യം നൽകി. ഇപ്രകാരം ക്രമവിരുദ്ധമായി ആകെ 9,20,000 രൂപ ചെലവഴിച്ചിട്ടുണ്ട്. വി.ഇ.ഒ.മാരിൽനിന്നും സ്റ്റേജ് സർട്ടിഫിക്കറ്റിന്റെയും ഹൗസിംഗ് ഓഫീസറുടെ പരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളത്. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വീട് നൽകിയ വി.ഇ.ഒ.മാർക്ക് എതിരെ ബി.ഡി.ഒ. മെമ്മോ നൽകിയതായി ഹൗസിംഗ് ഓഫീസർ ഓഡിറ്റിൽ അറിയിച്ചു. നിയമവിരുദ്ധമായി ചെലവഴിക്കപ്പെട്ട 9,20,000 രൂപ ഈടാക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥർ:

1. ശ്രീ. ജി. മോഹനൻ നായർ, ഹൗസിംഗ് എക്സ്റ്റൻഷൻ ഓഫീസർ,
   കരുത്തല വീട്, കളവംകോട്, ചേർത്തല
2. ശ്രീ. എൻ.പി. ചന്ദ്രൻ, ഹൗസിംഗ് എക്സ്റ്റൻഷൻ ഓഫീസർ,
   നെടുവേലിൽ വീട്, തോട്ടകം, മാണിക്യമംഗലം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2009-10; ഖണ്ഡിക 3.8.16(i))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

165. പ്രസ്തുത ഓഡിറ്റ് പരാമർശത്തിൻമേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**166.സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പൊതുമരാമത്ത് പ്രവൃത്തികൾ**

ചെയ്യാത്ത പ്രവൃത്തികൾ ചെയ്തതായി രേഖപ്പെടുത്തി - അധികം ചെലവു ചെയ്തു

[ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ ജില്ല, 2015-16 ഓ.റി.ഖ 3-1]

ബ്ലൂസ്റ്റാർ കമ്പനിയുടെ 2 ടണ്ണിന്റെ 3 സ്റ്റാർ എയർ കണ്ടിഷനർ ഒന്നിന് ഫിറ്റിംഗ് & സർവ്വീസ് ചാർജ്ജ് അടക്കം 41,500 രൂപ മാർക്കറ്റ് വിലയുള്ളപ്പോൾ വെർച്വൽ ക്ലാസ് റൂം എന്ന പദ്ധതിയുടെ നിർവ്വഹണ ഏജൻസി 91,600 രൂപ നിരക്കിൽ 2 എണ്ണത്തിന് 1,83,200 രൂപയുടെ ഇൻവോയിസ് നൽകി. ഇതനുസരിച്ച് തുക നൽകി.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2016-17; ഖണ്ഡിക 5.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

167. പ്രസ്തുത ഓഡിറ്റ് പരാമർശത്തിൻമേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**168. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനു സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്**

| ക്രമ നമ്പർ | ഓ.റി. വർഷം | ഖ. നമ്പർ | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | പദ്ധതിയുടെ സംക്ഷിപ്ത വിവരണം |
|---|---|---|---|---|---|
| 6 | 2005-06 | 3.1 | തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 1,44,16,350 | 2003-04, 2004-05, 2005-06 വർഷങ്ങളിൽ ഐ.എ.വൈ സ്കീമുമായി ചേർന്ന് 378 വീടുകൾ നിർമ്മാണത്തിന് മൊത്തം 1,44,16,350 |

| | | | | | |
|---|---|---|---|---|---|
| | | | | | രൂപ ചെലവഴിച്ചു. 267 വീടുകൾ മാത്രമേ പൂർത്തീകരിച്ചുള്ളൂ. പദ്ധതി ശരിയാം വിധം മോണിറ്ററിംഗ് നടത്തിയില്ല. രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ഭൗതിക ലക്ഷ്യം 30% സാക്ഷാൽക്കരിക്കപ്പെട്ടിട്ടില്ല. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

169. പ്രസ്തുത ഓഡിറ്റ് പരാമർശത്തിൻമേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**170. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്

**സർക്കാർ ഉത്തരവിന് വിരുദ്ധമായി ഗുണഭോക്തൃസമിതി കൺവീനർ മുഖേന വേലകൾ നിർവ്വഹിച്ചു**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ 3.13)

3-11-2003-ലെ ജി.ഒ.(പി)322/03/തസ്വഭവ പ്രകാരം 25,000 രൂപയ്ക്ക് മുകളിൽ വരുന്ന എല്ലാ വേലകളും ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കാതെ ടെന്റർ തന്നെ ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. എന്നാൽ ടി വേല കൺവീനറാണ് നിർവ്വഹിച്ചിരിക്കുന്നത്. ചട്ടവിരുദ്ധമായും നടപടിക്രമങ്ങൾ പാലിക്കാതെയുമാണ്

ഗുണഭോക്തൃസമിതി യോഗം ചേർന്നിട്ടുള്ളത്. 1997-ലെ കേരള പഞ്ചായത്ത്രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം) ചട്ടം (13)-ൽ ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തി നടത്തുന്ന സംഗതികളിൽ പദ്ധതികൊണ്ടു പ്രയോജനം ലഭിക്കുന്ന പ്രദേശത്തെ ജനങ്ങളുടെ യോഗം വിളിക്കണമെന്നും അവരിൽ നിന്നും എക്സിക്യൂട്ടീവ് കമ്മിറ്റിയെ തെരഞ്ഞെടുക്കണമെന്നും അതിൽ മൂന്നിൽ ഒന്ന് വനിതകളായിരിക്കണമെന്നും പഞ്ചായത്ത് അംഗം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗമായിരിക്കണമെന്നും നിഷ്കർഷിക്കുന്നു. എന്നാൽ ഗുണഭോക്തൃസമിതി മീറ്റിംഗിൽ ഈ നടപടിക്രമങ്ങൾ ഒന്നും പാലിച്ചിട്ടില്ല. ഗുണഭോക്തൃസമിതി കൺവീനർ എന്ന നിലയിൽ പണി ഏറ്റെടുക്കുന്നയാൾ തന്നെ പഞ്ചായത്തിലെ "നബാർഡ്" പ്രവൃത്തിയായ കോയിക്കൽമുക്ക്, കാഞ്ഞിരംതുരുത്ത് റോഡുനിർമ്മാണത്തിന് 'എ' ക്ലാസ് കോൺട്രാക്ടർ എന്ന നിലയിൽ 23-9-2002-ൽ ടെന്റർ സമർപ്പിച്ചിട്ടുണ്ട്. കേരളാ പഞ്ചായത്ത്രാജ് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടം 13(5) പ്രകാരം മേൽപ്പറഞ്ഞ ബിനാമി ഇടപാടുനടന്നതായി കണ്ടെത്തിയാൽ ടി ഇടപാടിന് കാരണക്കാരായവർ പഞ്ചായത്തുഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കാവുന്നതാണ്. (ആ നിലയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. ജെ. ബന്നി, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. സോമൻ എന്നിവർ നടപടി നേരിടാൻ ബാദ്ധ്യസ്ഥരാണ്.) ഗുണഭോക്തൃസമിതി പഞ്ചായത്ത് സെക്രട്ടറിയുമായി കരാർ വയ്ക്കുമ്പോൾ കരാറിൽ കൺവീനർ, ചെയർമാൻ, മറ്റ് കമ്മിറ്റി അംഗങ്ങൾ എന്നിവരും ഒപ്പുവയ്ക്കേണ്ടതാണ്. ഇപ്രകാരം ഒരു കരാർ ചമച്ചിട്ടില്ല. ആയതിനാൽ കൺവീനർ ബിനാമി ആണെന്നതിൽ സംശയമില്ല. പണിപൂർത്തിയായി ബന്ധപ്പെട്ട കണക്കുകൾ, ബാങ്ക് പാസ്ബുക്ക്, വൗച്ചറുകൾ, വിശദമായ വരവ്-ചെലവ് കണക്കുകൾ ഇവയൊന്നും പഞ്ചായത്തിൽ തിരികെ ഏൽപ്പിച്ചിട്ടില്ല.

കോൺട്രാക്ടർ ബിനാമി കൺവീനർ ആയപ്പോൾ മരാമത്തുബില്ലിൽനിന്നും ഈടാക്കേണ്ട വിൽപ്പന നികുതി, ആദായ നികുതി, ക്ഷേമനിധി വിഹിതം എന്നിവ പഞ്ചായത്ത് ഫണ്ടിൽ നിന്നും കൊടുക്കേണ്ടി വന്നു. ഈ ഇനത്തിൽ ചെലവാക്കിയ 22,304 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനും ക്രമക്കേട് സംബന്ധിച്ച സമഗ്ര അന്വേഷണത്തിനും ശിപാർശ ചെയ്യുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 3.30.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

171. പ്രസ്തുത വിഷയത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചും പഞ്ചായത്തിന് പ്രോഫിറ്റ് ടാക്സ് നൽകേണ്ടിവന്നിരുന്നോയെന്നും സമിതി ചോദ്യമുന്നയിച്ചതിന്, ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി 2005-ൽ അനുമതി ലഭിച്ച പ്രോജക്ട് ആയിരുന്നെന്നും നടപ്പ് സാമ്പത്തിക വർഷത്തിൽതന്നെ പണി പൂർത്തിയാക്കേണ്ടതായിട്ടുള്ളതിനാലാണ് ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചതു-പോലെ, പ്രസ്തുത പണി ടെണ്ടർ ചെയ്യാതെ ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചതെന്നും ആയതിനാൽ പ്രോഫിറ്റ് ടാക്സ് നൽകേണ്ടതായി വന്നെന്നും ഹരിപ്പാട് ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ സമിതിയെ ബോധിപ്പിച്ചു. മേൽ സൂചിപ്പിച്ച പ്രവൃത്തി നിയമവിരുദ്ധമാണെന്നും തുടർന്ന് ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

172. **ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ അറ്റകുറ്റപണി ടെണ്ടർ ചെയ്യാതെ ഗുണഭോക്തൃസമിതിയെ ഏൽപ്പിച്ചത് നിയമവിരുദ്ധമാണെന്ന് നിരീക്ഷിച്ച സമിതി ഭാവിയിൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കണമെന്ന് നിർദ്ദേശിക്കുന്നു.**

കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

| ക്രമ നമ്പർ | ഓ.റി. വർഷം | ഖ. നമ്പർ | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | പദ്ധതിയുടെ സംക്ഷിപ്ത വിവരണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 2004-05 | 2.4 | കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് | 20,900 | പരമ്പരാഗത കരകൗശല നിർമ്മാണ യൂണിറ്റ് എന്ന പദ്ധതിപ്രകാരം വർണാമാറ്റ് ആന്റ് വീവിംഗ് യൂണിറ്റ് എന്ന സ്ഥാപനത്തിന് നൽകിയ തുകയുടെ ചെലവ് രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | | | | | വീവിംഗ് യൂണിറ്റ് സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ തുകയുടെ കൈപ്പറ്റ് രസീത് മാത്രം ലഭ്യമാക്കി. പദ്ധതി ലക്ഷ്യം കൈവരിക്കപ്പെട്ടു എന്നുള്ളതിന് യാതൊരു തെളിവുമില്ല. ചെലവ് തടസ്സപ്പെടുത്തുന്നു. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 3.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

173. പ്രസ്തുത ഓഡിറ്റ് പരാമർശത്തിൻമേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

174. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് - ആലപ്പുഴ ജില്ല

ഓഡിറ്റ് ഖണ്ഡിക

**വനിതാ സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ - അനർഹർക്ക് ആനുകൂല്യം നൽകിയത്**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ 3.5)

പ്രോജക്ട് നമ്പർ എസ്-014/07 അടങ്കൽ - 3,00,000

ബ്ലോക്ക് പഞ്ചായത്തിൽപ്പെടുന്ന 5 പഞ്ചായത്തുകളിലെ കുറഞ്ഞത് 6 മാസം തുടർച്ചയായി പ്രവർത്തിക്കുന്നതും 1-ാം ഗ്രേഡിംഗ് കഴിഞ്ഞതുമായ 30 വനിതാ സ്വാശ്രയ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടിനത്തിൽ 10,000 രൂപ വീതം നൽകുന്നതായിരുന്നു പദ്ധതി. സ്വാശ്രയ ഗ്രൂപ്പുകളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, കരാർപത്രം,

6 മാസത്തിലേറെയായി പ്രവർത്തനം നടത്തിവരുന്ന എന്ന സാക്ഷ്യപത്രം എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രം തുക നൽകേണ്ട ഈ പദ്ധതിയിൽ ആനുകൂല്യം ലഭിച്ച എല്ലാ ഗ്രൂപ്പുകളും ബാങ്ക് അക്കൗണ്ട് ആരംഭിച്ചിരിക്കുന്നത് 12/06-ൽ (പദ്ധതിപ്പണം ചെലവഴിക്കുന്നതിന് 3 മാസം മുമ്പ്) മാത്രമാണ്. ഗ്രേഡിംഗിൽ മിനിമം മാർക്ക് ലഭിച്ചിട്ടില്ലാത്ത 6 ഗ്രൂപ്പുകൾക്കും പദ്ധതി ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതി ആനുകൂല്യം ലഭിച്ച ഗ്രൂപ്പുകളുടെ ബാങ്ക് അക്കൗണ്ടിൽനിന്നും പിൻവലിച്ച തുക പദ്ധതി വിഭാവനം ചെയ്തിരുന്നതുപോലെ തിരികെ ഒടുക്കിയിട്ടില്ല. ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പുകൾ ഹാജരാക്കിയ എഗ്രിമെന്റ് പ്രകാരമുള്ള തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചുവോ എന്നതും വ്യക്തമല്ല. വ്യക്തമായ മോണിട്ടറിംഗും നിർവ്വഹിക്കപ്പെട്ടിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി ഇക്കാര്യം പരിശോധിച്ച് അനർഹർക്ക് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2008-09; ഖണ്ഡിക 3.5.9)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

175. പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ചോദ്യമുന്നയിച്ചതിന്, കുറഞ്ഞത് 6 മാസം തുടർച്ചയായി പ്രവർത്തിക്കാത്തതും ഗ്രേഡിംഗിൽ മിനിമം മാർക്ക് ലഭിക്കാത്തതുമായ 30 വനിത സ്വാശ്രയ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് കൊടുത്തതിനെക്കുറിച്ചാണ് ഓഡിറ്റ് പരാമർശമെന്നും എന്നാൽ മേൽ പറഞ്ഞവയിൽ 12 ഗ്രൂപ്പുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും 2000 മുതൽ പ്രവർത്തിക്കുന്ന 8 വനിത സ്വാശ്രയ ഗ്രൂപ്പുകളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് മൂന്ന് പഞ്ചായത്തുകളിൽ നിന്നും ശേഖരിച്ചിട്ടുണ്ടെന്നും കഞ്ഞിക്കുഴി ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസർ സമിതിയെ അറിയിച്ചു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

176. **പരാമർശവിധേയമായ പ്രസ്തുത പദ്ധതിനടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**നഗരസഭകൾ**

**മാവേലിക്കര നഗരസഭ**

ഓഡിറ്റ് ഖണ്ഡിക

മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ

| നഗരസഭ | ഓഡിറ്റ് വർഷം | പരാമർശം | തുക |
|---|---|---|---|
| **ആലപ്പുഴ ജില്ല** | | | |
| മാവേലിക്കര | 99-00 | റെഡിമെയ്ഡ് ഗാർമെന്റ്സ് | 53,480 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2003-04; ഖണ്ഡിക 6.13)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

177. പ്രസ്തുത വിഷയത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് പട്ടികജാതി/പട്ടികവർഗ്ഗ പുനരുദ്ധാരണ പദ്ധതിക്കായി 1998-99 കാലയളവിൽ മാവേലിക്കര നഗരസഭ 148 തയ്യൽ മെഷീനുകൾ വാങ്ങിയിരുന്നതായും എന്നാൽ അവ വിതരണം ചെയ്യുന്നതിൽ ക്രമക്കേടുണ്ടെന്ന് കാണിച്ച് ശ്രീ വാസുദേവൻ എന്ന വ്യക്തി കേസ് നൽകിയിരുന്നതായും അതുകാരണം തയ്യൽമെഷീൻ വിതരണം തടസ്സപ്പെടുകയും 28 എണ്ണം ബാക്കിയായതായും അതിനുശേഷം 1999-2000 കാലയളവിൽ 10 യൂണിറ്റുകൾക്കായി 100 തയ്യൽ മെഷീൻ നഗരസഭ വീണ്ടും വാങ്ങിയതായും മേൽ സൂചിപ്പിച്ച 28 തയ്യൽ മെഷീനുകൾ ബാക്കിയുണ്ടായിരുന്ന സാഹചര്യത്തിൽ 100 എണ്ണം വീണ്ടും വാങ്ങി എന്നതാണ് ഓഡിറ്റ് പരാമർശമെന്നും എന്നാൽ ബാക്കിയായ 28 മെഷീനുകൾ ഓംബുഡ്സ്മാൻ നിർദ്ദേശം അനുസരിച്ച് വിതരണം ചെയ്തിരുന്നതായും പ്രസ്തുത വിതരണത്തിന്റെ റിപ്പോർട്ട് ഓംബുഡ്സ്മാന് നൽകിയിരുന്നതായും മാവേലിക്കര നഗരസഭ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. പ്രസ്തുത വിഷയം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

178. **പരാമർശവിധേയമായ പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**മാവേലിക്കര നഗരസഭ**

**കാലിത്തൊഴുത്ത് നിർമ്മാണം - ക്രമവിരുദ്ധമായി സബ്സിഡി നൽകി:**

(ഓഡിറ്റ് റിപ്പോർട്ട് - 2000-01, ഖണ്ഡിക 2-22)

നഗരസഭയുടെ കാലിത്തൊഴുത്ത് നിർമ്മാണ പദ്ധതിയുടെ നിർവ്വഹണത്തിൽ ക്രമവിരുദ്ധമായി സബ്സിഡി നൽകിയതായി കാണുന്നു. ഇതിനാൽ പദ്ധതിവിഹിതം 1,35,473 രൂപ അധികം ചെലവായി. 1999-2000-ൽ ആവിഷ്കരിച്ച് 2000-01-ൽ സീനിയർ വെറ്ററിനറി സർജൻ നിർവ്വഹിച്ച പദ്ധതിയിൽ 4,860 രൂപ ചെലവു വരുന്ന 90 ചതുരശ്ര അടി വിസ്തീർണ്ണമുള്ള തൊഴുത്ത് നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്. പദ്ധതിവിഹിതവും ഗുണഭോക്തൃ വിഹിതവും സ്വരൂപിച്ച് പദ്ധതി നടപ്പാക്കേണ്ടതുണ്ട്. പദ്ധതിയുടെ ധനകാര്യ വിശകലനം അനുസരിച്ച് ഗുണഭോക്തൃ വിഹിതത്തിൽ 50% ഗുണഭോക്താവ് നഗരസഭയിൽ അടയ്ക്കണമെന്നും ബാക്കി 50% സന്നദ്ധ സേവനമായി നിറവേറ്റണമെന്നും നിഷ്കർഷിച്ചിരുന്നു. എന്നാൽ ഗുണഭോക്താവ് സ്വയം വഹിക്കേണ്ട സന്നദ്ധസേവനത്തിന് ഉൾപ്പെടുത്തിയിരുന്ന തുക കൂടി പദ്ധതി വിഹിതത്തിൽ നിന്നും നൽകിയായിരുന്നു ആനുകൂല്യവിതരണം.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കും പദ്ധതി നിർദ്ദേശങ്ങൾക്കും വിരുദ്ധമായി ഇത്തരത്തിൽ 111 പേർക്കായി അധികമായി നൽകിയ 1,35,473 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 4.11.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

179. നഗരസഭയുടെ കാലിത്തൊഴുത്ത് നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള ക്രമക്കേടിനെ സംബന്ധിച്ചും അതിനെതുടർന്ന് നഗരസഭ സ്വീകരിച്ച നടപടിയെ സംബന്ധിച്ചും സമിതി ചോദ്യമുന്നയിച്ചതിന്, 2000-01 കാലയളവിൽ നഗരസഭാ പരിധിയിലെ പാവപ്പെട്ട ക്ഷീരകർഷകരുടെ പരിരക്ഷക്കും പാലുൽപാദന വർദ്ധനവിനുമായാണ് പദ്ധതി തയ്യാറാക്കിയിരുന്നതെന്നും രണ്ടുവർഷം കഴിഞ്ഞിട്ടും പദ്ധതി നടപ്പിലാക്കാതെ സ്പിൽ ഓവർ ആകുന്ന സാഹചര്യത്തിലാണ് സീനിയർ വെറ്ററിനറി സർജന്റെ സഹായത്തോടെ പദ്ധതി നടപ്പിലാക്കിയതെന്നും 4860 രൂപ ചെലവുവരുന്ന 90 ചതുരശ്ര അടി വിസ്തീർണ്ണമുള്ള തൊഴുത്ത് നിർമ്മിച്ച് ഗുണഭോക്താവിന് നൽകുന്ന പദ്ധതിയാണെന്നും ടി പദ്ധതിയുടെ ഗുണഭോക്തൃ വിഹിതത്തിന്റെ 50% ഗുണഭോക്താവ് നഗരസഭയിൽ അടക്കണമെന്നും ബാക്കി 50%

സന്നദ്ധ സേവനമായി നിറവേറ്റണമെന്നും നിഷ്കർഷിച്ചിരുന്നുവെന്നും എന്നാൽ പദ്ധതി നടപ്പിലാക്കിയപ്പോൾ 111 പേർക്ക് പ്ലാൻ ഫണ്ടിൽ നിന്നും മുഴുവൻ തുകയും നൽകി എന്നതാണ് ഓഡിറ്റ് പരാമർശമെന്നും പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ സർവ്വീസിൽ നിന്നും വിരമിച്ചതായും, പദ്ധതി നടത്തിപ്പിൽ ടിയാന് സംഭവിച്ച നോട്ടപ്പിശക് മാപ്പാക്കണമെന്നും തുക ഈടാക്കുന്നതിൽ നിന്നും ടിയാനെ ഒഴിവാക്കണമെന്നും അപേക്ഷിച്ച് പ്രസ്തുത നിർവ്വഹണ ഉദ്യോഗസ്ഥൻ സർക്കാരിലേക്ക് കത്തയച്ചിരുന്നതായും എന്നാൽ മേൽ വിഷയം സംബന്ധിച്ച അന്തിമ തീരുമാനം നിയമസഭാ സമിതിയിൽ നിക്ഷിപ്തമാണെന്ന കാരണം ചൂണ്ടിക്കാട്ടി സർക്കാർ പ്രസ്തുത കത്ത് നിരസിച്ചതായും മാവേലിക്കര നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

180. **ആലപ്പുഴ നഗരസഭാ സെക്രട്ടറി ബോധ്യപ്പെടുത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാവേലിക്കര നഗരസഭയുമായി ബന്ധപ്പെട്ട പരാമർശ വിധേയമായ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**പൊതുപരാമർശങ്ങൾ**

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർ കൈപ്പറ്റിയിട്ട് പണി പൂർത്തീകരിച്ചിട്ടില്ല**

ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ മരാമത്ത് പ്രവർത്തിയ്ക്ക് മുൻകൂർ നൽകിയതുവഴിയും നഗരസഭകളിൽ വിവിധ വിഭാഗം ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി അവർ ആവശ്യപ്പെടുന്ന പ്രകാരവും മുൻകൂറുകൾ നൽകാറുണ്ട്. എന്നാൽ ടി തുകകൾ ഒന്നുംതന്നെ ബന്ധപ്പെട്ട വൗച്ചറുകൾ സഹിതം ക്രമീകരിക്കുകയോ, തുകകൾ ബാക്കിയുണ്ടെങ്കിൽ തിരിച്ചടയ്ക്കുകയോ ചെയ്യുന്നില്ല. അതിനാൽ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽനിന്നും നല്ലൊരു തുക ജീവനക്കാരുടെ കൈവശം നിൽക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | തുക |
|---|---|---|---|
| മാവേലിക്കര നഗരസഭ | 1968-69 മുതൽ 2001-02 | 4-6 | 4,35,136 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 3.21.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

181. 1968-69 മുതൽ 2001-02 വരെയുള്ള കാലയളവിൽ വിവിധ ആവശ്യങ്ങൾക്കായി നഗരസഭ 4,35,136 രൂപ മുൻകൂറായി ജീവനക്കാർക്ക് നൽകി എന്നതാണ് ഓഡിറ്റ് പരാമർശമെന്നും എന്നാൽ സർവ്വീസിലുണ്ടായിരുന്ന ജീവനക്കാരിൽനിന്നും 92,530 രൂപ തിരിച്ചുപിടിച്ചിട്ടുണ്ടെന്നും ബാക്കി 3,42,606 രൂപകളുള്ള പ്രവൃത്തികൾ നഗരസഭ നടപ്പിലാക്കിയിട്ടുണ്ടെന്നും എന്നാൽ അതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കാൻ സാധിച്ചിട്ടില്ലെന്നും നിലവിലും ഇത്തരത്തിൽ അഡ്വാൻസ് തുക നൽകുന്നുണ്ടെന്നും മാവേലിക്കര നഗരസഭ സെക്രട്ടറി സമിതി മുൻപാകെ വിശദീകരിച്ചു. നഗരസഭയുടെ പ്രവൃത്തികൾക്കായി അഡ്വാൻസ് നൽകുന്നതും അത് കൈപ്പറ്റി കഴിഞ്ഞാൽ ഉദ്യോഗസ്ഥന്റെ ബാധ്യതയുമാകുന്ന പ്രവണത ശരിയല്ലെന്നും ഏത് സമയത്തും പണമിടപാട് നടത്താൻ കഴിയുന്ന ബാങ്കിംഗ് സംവിധാനം നിലവിലുള്ളപ്പോൾ അഡ്വാൻസ് നൽകുന്നത് തുടരേണ്ടതുണ്ടോയെന്ന് പരിശോധിക്കണമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. സർക്കാർ അനുമതിയോടുകൂടി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

182. **മുൻകൂർ നൽകിയതുമായി ബന്ധപ്പെട്ട പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ സർക്കാരിന് സാധൂകരണത്തിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. സർക്കാരിൽ നിന്നും സാധൂകരണം ലഭിച്ച ശേഷം പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മാവേലിക്കര നഗരസഭ - ആലപ്പുഴ ജില്ല**

**(i) ഫണ്ട് ലഭിച്ചിട്ടും വികസന പദ്ധതികൾ നടപ്പിലാക്കിയില്ല.**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ 3-29, 3-31)

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ഫണ്ട് ലഭിച്ചിട്ടും വികസന പദ്ധതികൾ നഗരസഭ നടപ്പിലാക്കിയില്ല.

ചെറു-ഇടത്തരം നഗരങ്ങളുടെ സംയോജിത വികസന പരിപാടി (Integrated Development Scheme for Small and Medium Towns - IDSMT), ദേശീയ ചേരി വികസന പരിപാടി (N.S.D.P.) എന്നിവയിൽ അംഗീകരിച്ച പദ്ധതികളാണ് മുടങ്ങിയത്. ഇതിൽ ചേരി വികസനത്തിന് ലഭിച്ച ഫണ്ടിൽ 70% വായ്പയാണ്. 13% പലിശയുൾപ്പെടെ വായ്പ തിരിച്ചടയ്ക്കേണ്ടതാണ്. പദ്ധതികൾ നടപ്പാക്കാത്തത്

തിരിച്ചടവ് പ്രതിസന്ധിയിലാക്കും. നഗരസഭയ്ക്ക് സാമ്പത്തിക ബാദ്ധ്യത ഇത് സൃഷ്ടിച്ചേക്കും.

ചെറു-ഇടത്തരം നഗരങ്ങളുടെ വികസന പരിപാടിയിൽ അംഗീകരിച്ച 10-ൽ 6 പദ്ധതികളാണ് അകാരണമായി മുടങ്ങിയത്. 2004-ൽ അംഗീകരിച്ച പദ്ധതികളുടെ അടങ്കൽ 2.5 കോടിയായിരുന്നു. പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം 1,46,52,000 രൂപ സമയത്ത് ലഭിച്ചിരുന്നു.

മുടങ്ങിയ പദ്ധതികളിൽ ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, പുതിയകാവ് മത്സ്യ മാർക്കറ്റ് എന്നീ വരുമാനദായക പദ്ധതികളും ഉൾപ്പെടുന്നു. പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചതല്ലാതെ മിക്ക പദ്ധതികളും പൂർത്തീകരിച്ചില്ല. കരാറുകാരുടെ വീഴ്ചയല്ല നഗരസഭയുടെ കെടുകാര്യസ്ഥതയും ആസൂത്രണരാഹിത്യവുമാണ് പദ്ധതികൾ യാഥാർത്ഥ്യമാക്കാത്തത്. മാത്രമല്ല പദ്ധതികൾ നടപ്പാക്കാത്തതിനാൽ പ്രാരംഭ ചെലവ് പാഴ്ചെലവായി. ദേശീയ ചേരി വികസന പരിപാടിയിൽ ലഭിച്ച 41 ലക്ഷം രൂപ 2006 ആഗസ്റ്റ് 31-ന് മുമ്പ് ചെലവഴിക്കാൻ സർക്കാർ പലപ്രാവശ്യം നഗരസഭയെ ഓർമ്മിപ്പിച്ചതാണ്. ഫണ്ടിൽ നിന്നും 27.5 ലക്ഷം സി.ഡി.എസ്. അക്കൗണ്ടുകളിലേക്ക് വകമാറ്റുക മാത്രമാണ് നഗരസഭ ചെയ്തത്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ശ്രീ. ബി. ശ്രീകുമാർ, റിട്ട. മുനിസിപ്പൽ സെക്രട്ടറി,<br>
അവിട്ടം, റ്റി.എൻ.നഗർ, പ്ലാമൂട് പി.ഒ.,<br>
തിരുവനന്തപുരം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2009-10; ഖണ്ഡിക 3.8.21(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

183. വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച ഫണ്ടിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ചോദ്യമുന്നയിച്ചതിന് എൻ.എസ്.ഡി.പി. പ്രോഗ്രാമിനായി 1,42,05,445 രൂപ കേന്ദ്രസർക്കാരിൽനിന്നും നഗരസഭയ്ക്ക് ലഭിച്ചിരുന്നുവെന്നും പലിശയുൾപ്പെടെ 1,57,35,904 രൂപയുണ്ടായിരുന്നതിൽ 1,19,64,178 രൂപ പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചിട്ടുണ്ടെന്നും ബാക്കി തുക നഗരസഭ അക്കൗണ്ടിൽ തന്നെയുണ്ടെന്നും ടി തുക ചെലവഴിക്കുന്നതിനായി സർക്കാരിലേക്ക് കത്തയച്ചിട്ടുണ്ടെന്നും 2015-ലെ സർക്കാർ ഉത്തരവ് പ്രകാരം

എൻ.എസ്.ഡി.പി. മാനദണ്ഡമനുസരിച്ച് പ്രസ്തുത തുക ചെലവഴിക്കുന്നതിന് അനുമതി ലഭിച്ചിരുന്നുവെന്നും എന്നാൽ നിലവിലെ സാഹചര്യത്തിൽ പ്രവൃത്തികൾ ചെയ്യാൻ ടി തുക പര്യാപ്തമല്ലെന്നും തൻമൂലമാണ് പദ്ധതികൾ നടപ്പിലാക്കാത്തതെന്നും ഐ.ഡി.എസ്.എം.റ്റി.-യുമായി ബന്ധപ്പെട്ട് 10 പദ്ധതികൾ തയ്യാറാക്കിയതിൽ 7 പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ടെന്നും 3 പദ്ധതികൾക്കാവശ്യമായ തുക നഗരസഭ അക്കൗണ്ടിൽ ഉണ്ടെന്നും മാവേലിക്കര നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചു. നഗരസഭ അക്കൗണ്ടിലുള്ള രൂപ സർക്കാർ അനുമതിക്ക് വിധേയമായി ശ്രദ്ധാപൂർവ്വം വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

184. **അവശേഷിക്കുന്ന പ്രവർത്തികൾ സർക്കാർ അനുമതിക്ക് വിധേയമായി പൂർത്തിയാക്കണമെന്നും ചെലവ് വിനിയോഗ കണക്കുകൾ, ലോൺ തിരിച്ചടവ് എന്നിവ സംബന്ധിച്ച റിപ്പോർട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ചെങ്ങന്നൂർ നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ആന്റ് സ്റ്റാൾ നിർമ്മാണത്തിൽ അപാകതകളും ക്രമക്കേടുകളും**

(2000-2001 ചെലവ് ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2(23)

എസ്റ്റിമേറ്റ് പരിഷ്കരിച്ച് അനുമതിവാങ്ങാതെ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ആന്റ് സ്റ്റാൾ നിർമ്മാണത്തിൽ എക്സ്ട്രാ ഇനങ്ങൾ ചെയ്തതിനാൽ നഗരസഭയ്ക്ക് 27,77,471 രൂപയുടെ അധികചെലവ്.

ഷോപ്പിംഗ് കോംപ്ലക്സ് അടിത്തറ കെട്ടുന്നതിന് മണ്ണ് മാറ്റിയപ്പോൾ പാറ കണ്ടുവെന്നും അത് പൊട്ടിച്ചുമാറ്റുന്നതിന് സംരക്ഷിത ബ്ലാസ്റ്റിംഗ് ആവശ്യമാണെന്നും കരാറുകാരൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റിൽ ഇല്ലാതിരുന്ന പ്രൊട്ടക്റ്റഡ് ബ്ലാസ്റ്റിംഗ് എന്നയിനം ചെയ്തുവെന്ന് രേഖപ്പെടുത്തി 23,35,771 രൂപ അനുവദിച്ചു. ലാൽ ബഹദൂർ ശാസ്ത്രി സയൻസ് ആന്റ് ടെക്നോളജി സെന്റർ നിർദ്ദിഷ്ട സൈറ്റിൽ ബോറിംഗും മണ്ണുപരിശോധനയും നടത്തി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഇല്ലാതിരുന്ന ഇനം കരാറുകാരന്റെ ആവശ്യമനുസരിച്ച് എക്സ്ട്രാ ഇനമായി എസ്റ്റിമേറ്റ് പുതുക്കുകയോ അംഗീകാരം വാങ്ങുകയോ ചെയ്യാതെ അനുവദിച്ചത് ക്രമവിരുദ്ധമാണ്. ഷോപ്പിംഗ് കോംപ്ലക്സ്

നിർമ്മാണത്തിന് നാടൻ ഇഷ്ടികയാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രവൃത്തി ആരംഭിച്ചപ്പോൾ നാടൻ ഇഷ്ടിക ദുർലഭമാണെന്നും വില കൂടുതലാണെന്നും ആയതിനാൽ വയർകട്ട് ഇഷ്ടിക ഉപയോഗിക്കാൻ അനുവദിക്കണമെന്നുമുള്ള കരാറുകാരന്റെ ആവശ്യം അംഗീകരിക്കുകയാണുണ്ടായത്. എസ്റ്റിമേറ്റ് പുതുക്കുകയോ അംഗീകാരം വാങ്ങുകയോ ചെയ്തില്ല. ഇതിനാൽ 4,41,700 രൂപ അധികച്ചെലവുണ്ടായി.

മരാമത്തുചട്ടങ്ങൾ ലംഘിച്ച് എസ്റ്റിമേറ്റ് പുതുക്കുകയോ അംഗീകാരം വാങ്ങുകയോ ചെയ്യാതെ എക്സ്ട്രാ ഇനം അനധികൃതമായി അനുവദിക്കപ്പെട്ടതുവഴി 27,77,471 രൂപയുടെ ക്രമവിരുദ്ധ ചെലവ് കാണുന്നു. നഗരസഭയുടെ ആവശ്യപ്രകാരം പ്രത്യേക ഓഡിറ്റ് നടത്തുകയായിരുന്നിട്ടും പരിശോധനയ്ക്ക് ആവശ്യമായ ഫയൽ, എൽ.ബി.എസ്. മണ്ണ് പരിശോധനാ റിപ്പോർട്ട്, കോൺട്രാക്ടറുമായി ഏർപ്പെട്ട കരാർ, എം.ബുക്കുകൾ എന്നിവ ഹാജരാക്കിയില്ല. ഭരണവകുപ്പിന്റെ വിശദമായ അന്വേഷണത്തിന് ശിപാർശ ചെയ്യുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06; ഖണ്ഡിക 3.12.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

185. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ ടെക്നിക്കൽ വിംഗിനെക്കൊണ്ട് അന്വേഷിപ്പിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

186. **ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിരിക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ ടെക്നിക്കൽ വിംഗിനെക്കൊണ്ട് അന്വേഷിപ്പിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ചേർത്തല നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർ കൈപ്പറ്റിയിട്ട് പണി പൂർത്തീകരിച്ചിട്ടില്ല**

ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ മരാമത്ത് പ്രവർത്തിയ്ക്ക് മുൻകൂർ നൽകിയതുവഴിയും നഗരസഭകളിൽ വിവിധ വിഭാഗം ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി അവർ ആവശ്യപ്പെടുന്ന പ്രകാരവും മുൻകൂറുകൾ നൽകാറുണ്ട്. എന്നാൽ ടി തുകകൾ ഒന്നും തന്നെ ബന്ധപ്പെട്ട വൗച്ചറുകൾ സഹിതം ക്രമീകരിക്കുകയോ, തുകകൾ ബാക്കിയുണ്ടെങ്കിൽ തിരിച്ചടയ്ക്കുകയോ ചെയ്യുന്നില്ല. അതിനാൽ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്നും

നല്ലൊരു തുക ജീവനക്കാരുടെ കൈവശം നിൽക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

| സ്ഥാപനം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | തുക |
|---|---|---|---|
| ചേർത്തല നഗരസഭ | 2000-01 | 2-1 | 1,01,750 |
| ചേർത്തല നഗരസഭ | 2001-02 | 2-1 | 1,39,075 |
| ചേർത്തല നഗരസഭ | 2002-03 | 2-4 | 79,725 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 3.21.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

187. മരാമത്ത് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

188. **ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ച മരാമത്ത് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല**

ഓഡിറ്റ് സമയത്ത് രേഖാമൂലം ആവശ്യപ്പെട്ടിട്ടും ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖയില്ലാത്ത ചെലവ് ധനാപഹരണമായി കണക്കാക്കാവുന്നതാണ്. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാതിരുന്നത് പൊതു ധന വിനിയോഗത്തിന്റെ സുതാര്യതയും വിശ്വാസ്യതയും നഷ്ടമാക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | തുക |
|---|---|---|---|---|
| 1 | ചേർത്തല നഗരസഭ | 2000-01 | 2.4 | 13,63,342 |
| 2 | ചേർത്തല നഗരസഭ | 2001-02 | 2.4 | 17,10,433 |
| 3 | ചേർത്തല നഗരസഭ | 2002-03 | 2.6 | 8,02,795 |
| 4 | ചേർത്തല നഗരസഭ | 2002-03 | 2.23 | 4,75,147 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 3.21.2)

189. പൊതു ധനവിനിയോഗവുമായി ബന്ധപ്പെട്ട രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

190. **ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട പൊതു ധനവിനിയോഗ രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ചേർത്തല നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**മൈത്രി ഭവന പദ്ധതി-ഭവന നിർമ്മാണ ബോർഡിൽ തുക അടച്ചു-വീട്ട നിർമ്മാണം പൂർത്തീകരിച്ചില്ല**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2000-2001 (ചെലവ്) ഖണ്ഡിക നമ്പർ: 2-6)

1998-1999-ൽ നടപ്പാക്കിയ മൈത്രി ഭവന നിർമ്മാണ പദ്ധതിയുടെ തുടർച്ചയായി 1999-2000 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി എൻ.എസ്.ഡി.പി-യുമായി സംയോജിച്ചുകൊണ്ട് നടപ്പിലാക്കിയ പദ്ധതിയിൽ 5000 രൂപ എൻ.എസ്.ഡി.പി. വിഹിതവും 4000 രൂപ നഗരസഭാ വിഹിതവും 3500 രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെ 12,500 രൂപയാണ് ഒരു വീടിനായി ഭവന നിർമ്മാണ

ബോർഡിൽ അടയ്ക്കേണ്ടിയിരുന്നത്. എന്നാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുമുമ്പുതന്നെ 84 പേരുടെ പദ്ധതി വിഹിതമായ 2,500 രൂപ വീതം 2,10,000 രൂപയും എൻ.എസ്.ഡി.പി. വിഹിതം 4,20,000 രൂപയും ഉൾപ്പെടെ 6,30,000 രൂപ ഭവന നിർമ്മാണ ബോർഡിൽ അടച്ചു. ഫയലിലെ തുടർന്നുള്ള രേഖപ്പെടുത്തലുകൾ പ്രകാരം നഗരസഭയ്ക്ക് 49 ഗുണഭോക്താക്കളുടെ അപേക്ഷകൾ മാത്രമേ ഭവനനിർമ്മാണ ബോർഡിൽ അടയ്ക്കാൻ കഴിഞ്ഞുള്ളൂവെന്നും 6 ഗുണഭോക്താക്കളുടെ 5,000 രൂപ വീതമുള്ള ഗുണഭോക്തൃ വിഹിതം 30,000 രൂപ ഹൗസിംഗ് ബോർഡിൽ അടച്ചതായും വ്യക്തമാക്കുന്നു. എന്നാൽ ടി ഗുണഭോക്തൃ വിഹിതം നഗരസഭാ ഫണ്ടിലോ എൻ.എസ്.ഡി.പി. ഫണ്ടിലോ വരവ് വന്നതായി തെളിവില്ല. മേൽ പ്രകാരം 6,60,000 രൂപ ഭവനനിർമ്മാണ ബോർഡിൽ അടച്ചെങ്കിലും വീട് നിർമ്മാണം സംബന്ധിച്ച യാതൊരു രേഖയും ലഭ്യമല്ല. ദരിദ്ര ജനവിഭാഗങ്ങളുടെ പാർപ്പിട സൗകര്യം മെച്ചപ്പെടുത്തുന്നതിന് രൂപീകരിക്കപ്പെടുന്ന പദ്ധതികൾ ഫലപ്രദമായി പൂർത്തീകരിക്കപ്പെടുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 4.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

191. പ്രസ്തുത പദ്ധതി പ്രകാരം വീട് നിർമ്മിച്ചിട്ടുണ്ടോ എന്ന് സമിതി ചോദ്യമുന്നയിച്ചതിന്, വീട് നിർമ്മിച്ചിട്ടില്ലെന്നും എന്നാൽ പദ്ധതി നടത്തിപ്പിനുവേണ്ടി 6,60,000 രൂപ ഭവനനിർമ്മാണ ബോർഡിൽ അടച്ചിരുന്നുവെന്നും എന്നാൽ വീട് നിർമ്മാണം സംബന്ധിച്ച് രേഖകളൊന്നും ലഭ്യമല്ലെന്നും ചേർത്തല നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത പദ്ധതി നടപ്പാക്കാത്ത സാഹചര്യത്തിൽ ഭവന നിർമ്മാണ ബോർഡിൽ അടച്ച 6,60,000 രൂപ എത്രയും വേഗം സർക്കാരിലേക്ക് തിരിച്ചടക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

192. **പരാമർശവിധേയമായ മൈത്രി ഭവന പദ്ധതി നടപ്പാക്കാത്ത സാഹചര്യത്തിൽ ഭവന നിർമ്മാണ ബോർഡിൽ അടച്ച 6,60,000 രൂപ എത്രയും വേഗം സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ശമ്പളം നൽകുന്നതിന് കേന്ദ്ര പദ്ധതിയായ യു.പി.എ. ഫണ്ടിൽ നിന്നും തുക വകമാറ്റി**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2001-2002 (ചെലവ്) ഖണ്ഡിക നമ്പർ: 2-4 ബി)

നഗരസഭാ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി 12/01-ൽ 3 ലക്ഷം രൂപ യു.പി.എ. അക്കൗണ്ടിൽ നിന്നും നഗരസഭാ അക്കൗണ്ടിലേയ്ക്ക് വകമാറ്റി. എന്നാൽ തുക തിരികെ യു.പി.എ. അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല. ദാരിദ്ര നിർമ്മാർജ്ജനത്തിനും കേന്ദ്രാവിഷ്കൃതവുമായ പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നതിനുമായി നൽകുന്ന ഫണ്ടുകൾ നഗരസഭയുടെ ദൈനംദിന ചെലവുകൾക്കായി വിനിയോഗിക്കുന്നത് ടി തുകയുടെ വിനിയോഗം സംബന്ധിച്ച നിയമ ലംഘനമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 4.4.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

193. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

194. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം - 18.5 ലക്ഷം പാഴ്ചെലവ്**

ചേർത്തല നഗരസഭ വക പൊതുശ്മശാനത്തിൽ ഒരു ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിനായി 2007 മാർച്ച് മുതൽ 2010 ജനുവരി വരെ ആകെ 18,48,454 രൂപ ചെലവഴിച്ചു. ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം - (13,97,205 രൂപ), ഗ്യാസ് ക്രിമറ്റോറിയം പൂർത്തീകരണം (2,40,635 രൂപ) ക്രിമറ്റോറിയത്തിലേയ്ക്ക് റോഡും ഷെഡും നിർമ്മിക്കൽ (2,10,614 രൂപ) എന്നിവയ്ക്കായി പ്രോജക്ട് നം. 17/2006-07, 15/2007-08, 14/2007-08 എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് 18,48,454 രൂപ ചെലവഴിച്ചത്.

ശ്മശാനത്തിന്റെ ഔപചാരിക ഉദ്ഘാടനം 14-12-2008-ൽ നടന്നുവെങ്കിലും നാളിതുവരെ (ആഗസ്റ്റ് 2014) ക്രിമറ്റോറിയം ഉപയോഗിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 27, തീയതി 25-8-12), ക്രിമറ്റോറിയം പ്രവർത്തനരഹിതമാണെന്നും നഗരസഭയിൽ ഇപ്രകാരം ഒരു ക്രിമറ്റോറിയത്തിന്റെ ആവശ്യകത സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുള്ളതായി അറിവില്ലെന്നും ക്രിമറ്റോറിയം പ്രയോജനപ്രദമാക്കാൻ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല എന്നും മുനിസിപ്പൽ എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്.

ചേർത്തല നഗരസഭയിലെ ജനങ്ങൾ തങ്ങളുടെ വീട്ടുവളപ്പിലാണ് ഇപ്പോഴും ദഹനം നടത്താറുള്ളത്. ക്രിമറ്റോറിയം നിർമ്മിക്കുന്നതിനുമുമ്പും പൊതുശ്മശാനത്തിൽ ദഹനം നടത്തുവാൻ പൊതുജനങ്ങൾ താൽപ്പര്യം കാണിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം ഒരു ക്രിമറ്റോറിയം നഗരസഭയിൽ ആവശ്യമില്ലായിരുന്നുവെന്നും ആവശ്യകത സംബന്ധിച്ച് യാതൊരു പഠനവും നടത്താതെ ചെലവഴിച്ച 18.5 ലക്ഷം രൂപ പാഴ്ച്ചെലവായതായും ഓഡിറ്റ് വിലയിരുത്തുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2013-14; ഖണ്ഡിക 4.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

195. ചേർത്തല നഗരസഭ വക പൊതുശ്മശാനം നിലവിൽ പ്രവർത്തനക്ഷമമാണോയെന്നും ശ്മശാനം സ്ഥാപിതമായതിനുശേഷവും നഗരസഭ പരിധിയിലെ താമസക്കാർ അവരുടെ വീട്ടുവളപ്പിൽ ശവസംസ്കാരം നടത്തുന്നുണ്ടോയെന്നും സമിതി ചോദ്യമുന്നയിച്ചതിന്, പൊതുശ്മശാനം നിലവിൽ പ്രവർത്തനക്ഷമമല്ലെന്നും ശ്മശാനത്തിലെ ഗ്യാസ് ക്രിമറ്റോറിയം പ്രവർത്തനക്ഷമമാക്കുന്നതിനായി അത് സ്ഥാപിച്ച കമ്പനി പരിശോധന നടത്തിയിരുന്നെന്നും നിലവിൽ നഗരസഭാ പരിധിയിൽ വീട്ടുവളപ്പിൽ ശവസംസ്കാരം നടത്തുന്നതിന് വിലക്കുകളില്ല എന്നും ചേർത്തല നഗരസഭ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. ശ്മശാനം പ്രവർത്തനക്ഷമമാക്കിയാൽ മാത്രമേ ജനങ്ങൾ ശവസംസ്കാരത്തിനായി പൊതു- ശ്മശാനത്തെ ആശ്രയിക്കുകയുള്ളുവെന്നും അതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

196. **ചേർത്തല നഗരസഭ വക പൊതുശ്മശാനം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

കായംകുളം നഗരസഭ

<u>ഓഡിറ്റ് ഖണ്ഡിക</u>

**എൻ.എസ്.ഡി.പി. ഫണ്ടുപയോഗിച്ച് നിർമ്മിച്ച കമ്മ്യൂണിറ്റി ലാട്രിൻ പ്രയോജനം ലഭ്യമാക്കാനായില്ല:**

(ഓഡിറ്റ് റിപ്പോർട്ട്: 2004-05 ഖണ്ഡിക നമ്പർ 2-16)

2003-04 ലെ കേരള വികസന പദ്ധതിയുടെ ഭാഗമായി വ്യക്തിഗത കക്കൂസും കുളിമുറിയും സ്ഥാപിക്കാൻ സ്ഥലസൗകര്യമില്ലാത്തയിടങ്ങളിൽ താമസിക്കുന്ന പുത്തൻകണ്ടം കോളനിയിലെ (വാർഡ് 8) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള

50 കുടുംബങ്ങൾക്ക് ഉപയോഗിക്കുന്നതിനായി ദേശീയ ചേരി വികസന പദ്ധതിയുടെ ഫണ്ടുപയോഗിച്ച് 3,03,240 രൂപ ചെലവിൽ 03-01-05-ൽ നിർമ്മാണം പൂർത്തിയാക്കിയ പൊതു കക്കൂസും കുളിമുറിയും വൈദ്യുതീകരണത്തിന്റെയും വാട്ടർ കണക്ഷന്റെയും അഭാവത്തിൽ നാളിതുവരെ ഉപയോഗക്ഷമമാകാതെ അവശേഷിക്കുന്നു. പദ്ധതിവിഹിതം ഉപയോഗരഹിതമായി കിടക്കുന്നതൊഴിവാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 4.12.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

197. പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ചോദ്യമുന്നയിച്ചതിന് 2003-04-ലെ കേരള വികസന പദ്ധതിയുടെ ഭാഗമായി പുത്തൻകണ്ടം കോളനിയിലെ ദാരിദ്ര്യരേഖക്ക് താഴെയുള്ള 50 കുടുംബങ്ങൾക്ക് പൊതുകക്കൂസും കുളിമുറിയും നിർമ്മിച്ചുനൽകുന്ന പദ്ധതിയാണിതെന്നും വൈദ്യുതി, വാട്ടർ കണക്ഷൻ എന്നിവയുടെ അഭാവത്തിൽ ഉപയോഗരഹിതമായിക്കിടന്ന പ്രസ്തുത പദ്ധതി 2014-15 കാലയളവിൽ പുനരുദ്ധരിക്കുന്നതിനുവേണ്ടി 50,000 രൂപയുടെ പദ്ധതി നഗരസഭ ആവിഷ്കരിച്ചിരുന്നതായും എന്നാൽ മേൽപ്പറഞ്ഞ പൊതുകക്കൂസും കുളിമുറിയും സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന്റെ ഒരുവശം തോടും അവയുടെ ചുമരും സെപ്റ്റിക് ടാങ്കും വീണ്ടും കീറിയിരിക്കുന്നതായും അതിനാൽ ചുമർ ബലപ്പെടുത്തി മാത്രമേ അവ ഉപയോഗയോഗ്യമാക്കാൻ സാധിക്കുകയുള്ളൂവെന്നും കായംകുളം നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചു. എത്രയും വേഗം പൊതുകക്കൂസും കുളിമുറിയും ഉപയോഗയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

198. **കായംകുളം നഗരസഭ എത്രയുംവേഗം പരാമർശവിധേയമായ പദ്ധതി പ്രകാരം നിർമ്മിച്ച പൊതുകക്കൂസും കുളിമുറിയും ഉപയോഗയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**വനിതാ ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് നിർമ്മാണം-പദ്ധതിധനം ഉപയോഗ-രഹിതമായി:**

(ഓഡിറ്റ് റിപ്പോർട്ട്: 2004-05 ഖണ്ഡിക നം. 2-17)

ചെറുകിട വനിതാ വ്യവസായ യൂണിറ്റുകൾക്ക് പ്രോൽസാഹനം നല്കുന്നതിനായി ജനകീയാസൂത്രണത്തിന്റെയും കേരള വികസന പദ്ധതിയുടെയും ഭാഗമായി 20,48,100 രൂപ ചെലവിൽ 2004-ൽ വനിതാ ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് നിർമ്മാണം പൂർത്തിയാക്കി. എന്നാൽ വ്യവസായ യൂണിറ്റുകൾ ഒന്നും നാളിതുവരെ സ്ഥാപിച്ചിട്ടില്ല. പദ്ധതിത്തുക 20 ലക്ഷത്തിലധികം ചെലവഴിച്ചിട്ടും പദ്ധതി ലക്ഷ്യം കൈവരിക്കാതെ വർഷങ്ങളായി ഉപയോഗരഹിതമായി കിടക്കുന്ന സാഹചര്യം നിലനിൽക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 4.12.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

199. പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ചോദ്യമുന്നയിച്ചതിന്, 2007-ൽ പൂർത്തിയായ പ്രസ്തുത പദ്ധതി 2008-ൽ ഏറ്റെടുത്ത് നടത്തുന്നതിലേക്കായി വനിത സ്വയം സഹായ സംഘങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചുവെന്നും കായംകുളം വ്യാപാരി വ്യവസായ സഹകരണ സംഘം ക്വട്ടേഷൻ നൽകിയെന്നും ടി സംഘത്തിലെ സ്ത്രീ തൊഴിലാളികൾ പ്രസ്തുത ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രവർത്തിപ്പിക്കുന്നതിൽ സന്നദ്ധത പ്രകടിപ്പിച്ചതുകാരണം പ്രസ്തുത സ്ഥലത്ത് ഫ്ലോർമിൽ, തയ്യൽ പരിശീലനം, സോഡാമേക്കിംഗ് എന്നിവ ആരംഭിച്ചതായും പ്രസ്തുത സംഘത്തിന് പത്ത് വർഷത്തേക്ക് ലീസിന് നൽകിയതായും 2018-ൽ സ്ത്രീകൾക്ക് ഹാൻഡ്‌ലൂം വീവിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള സംരംഭം ആരംഭിക്കാൻ താൽപര്യമുണ്ടെന്ന് കുടുംബശ്രീ അറിയിച്ചതുപ്രകാരം അവർക്ക് സ്ഥലം കൊടുക്കാൻ തീരുമാനിച്ചതിനാൽ കായംകുളം വ്യാപാരി വ്യവസായ സഹകരണ സംഘത്തിന്റെ ലൈസൻസ് റദ്ദാക്കിയതായും അതിൽ പ്രതിഷേധിച്ച് ടി സഹകരണ സംഘം ഹൈക്കോടതിയിൽ കേസ് നൽകിയതായും കുടുംബശ്രീക്ക് സ്ഥലം നൽകാനുള്ള തീരുമാനം സ്റ്റേ ചെയ്തതായും സ്റ്റേ വെക്കേറ്റ് ചെയ്യാൻ നഗരസഭയും ഹൈക്കോടതിയെ സമീപിച്ചതായും കായംകുളം നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതി അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

200. **കുടുംബശ്രീക്ക് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ സ്ഥലം നൽകാനുള്ള തീരുമാനത്തിൽ പ്രതിഷേധിച്ച് കായംകുളം വ്യാപാരി വ്യവസായ സഹകരണസംഘം ഹൈക്കോടതിയിൽ നൽകിയ കേസിന്റെ നിലവിലെ സ്ഥിതി അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കൊതുകുനിവാരണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല**

(ഓഡിറ്റ് റിപ്പോർട്ട്: 2004-05 ഖണ്ഡിക നം. 2-19)

കേരള വികസന പദ്ധതിയിൽ കൊതുക് നിവാരണത്തിനായി 2004-05-ൽ 2,00,000 രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കിയിരുന്നു. പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. (ഫയൽ നമ്പർ 17740/04). പദ്ധതി പ്രകാരം കൊതുകുനിവാരണത്തിനായി പരിശീലനം നൽകുക, പ്രവർത്തകർക്ക് യൂണിഫോം വാങ്ങുക, ആവശ്യമായ പമ്പുസെറ്റും കീടനാശിനിയും വാങ്ങുക തുടങ്ങിയവയായിരുന്നു ലക്ഷ്യമിട്ടിരുന്നത്. ഇതിന്റെ ഭാഗമായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും 71,000 രൂപയ്ക്ക് 40 പിത്തളയിൽ നിർമ്മിതമായതും 8 ലിറ്റർ ശേഷിയുള്ളതുമായ ഹാൻഡ് പമ്പ് വാങ്ങിയിട്ടുണ്ട്. 30-3-2005-ലെ നോട്ട് പ്രകാരം 4-4-2005-ൽ 653773 നമ്പർ ചെക്കുപ്രകാരം തുക നൽകി. ലഭിച്ച പമ്പുകൾ സ്റ്റോക്കിൽ ചേർത്തതായുള്ള സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടുമില്ല. പമ്പുസെറ്റുകൾ വാങ്ങിയതല്ലാതെ പദ്ധതി രേഖയിൽ സൂചിപ്പിച്ചിരുന്ന യാതൊരു നടപടിയും തുടർന്ന് സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല.

നഗരസഭയിൽ കൊതുകുനിവാരണത്തിനായി പ്രത്യേക വിഭാഗവും സജ്ജീകരണവും ഉള്ളപ്പോൾ തന്നെ, ഇതിനായി ഒരു പദ്ധതി ആസൂത്രണം ചെയ്യുകയും എന്നാൽ വിഭാവനം ചെയ്ത രീതിയിൽ അത് നടപ്പാക്കാതിരുന്നതും ശരിയായ നടപടിയല്ല. പദ്ധതി ശരിയായ രീതിയിൽ നിർവ്വഹിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 4.12.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

201. കേരള വികസന പദ്ധതിയിൽ നിന്നും ലഭിച്ച തുക ഉപയോഗിച്ച് പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

202. **കേരള വികസന പദ്ധതിയിൽനിന്നും ലഭിച്ച തുക ഉപയോഗിച്ച് പരാമർശവിധേയമായ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വികസന പദ്ധതികൾക്ക് സ്ഥലമെടുപ്പ്-വിശദമായ പഠനം നടത്താത്തതിനാൽ 54.99 കോടിയുടെ വിവിധ പദ്ധതികൾ ആരംഭിക്കാനായില്ല**

കായംകുളം നഗരസഭ – പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങാതെ 3.5 കോടി രൂപ റ്റി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചു.

(കായംകുളം നഗരസഭ, ആലപ്പുഴ ജില്ല ഓ.റി 2014-15, ഖണ്ഡിക 3-2)

2013-14 വർഷം ആരംഭിച്ച് 2014-15-ൽ സ്പിൽ ഓവർ പദ്ധതിയായി അംഗീകാരം വാങ്ങി വികസന ഫണ്ടിൽ നിന്നും 3.5 കോടി രൂപ കളക്ടറുടെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചു. എന്നാൽ താഴെപ്പറയുന്ന വിവിധ വികസന പദ്ധതികൾക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് ഇപ്പോഴും സാഫല്യത്തിലെത്തിക്കുവാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പ്രോജക്റ്റ് നമ്പർ | 13-14 വർഷം നിക്ഷേപിച്ച തുക | 14-15 വർഷം നിക്ഷേപിച്ച തുക | ആകെ നിക്ഷേപം |
|---|---|---|---|---|---|
| 1. | അറവുശാലയ്ക്ക് സ്ഥലമെടുപ്പ് | 131/14<br>160/15 | 50,00,000<br>309955/<br>31-3-14 | 25,00,000<br>792409/<br>9-4-15 | 75,00,000 |
| 2. | സ്റ്റേഡിയം സ്ഥലമെടുപ്പ് | 129/14<br>069/15 | 75,00,000<br>309954/<br>31-3-14 | 125,00,000<br>792411/<br>9-4-15 | 200,00,000 |
| 3. | ഗവ. ഐ.ടി.ഐ. | 130/14<br>152/15 | 25,00,000<br>309953/<br>31-3-14 | 50,00,000<br>792410/<br>9-04-15 | 75,00,000 |
| **ആകെ** | | | **150,00,000** | **200,00,000** | **350,00,000** |

സ്ഥലമെടുപ്പ് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ, മുകളിൽ പരാമർശിച്ചിരിക്കുന്ന 3 പദ്ധതികൾക്കും കൂടി, കായംകുളം നഗരസഭാ പ്രദേശത്തുള്ള 139.51 ആർ നിലം ഏറ്റെടുക്കുന്നതിന് നഗരസഭ തീരുമാനിച്ചു. എന്നാൽ ഭൂവുടമകളുമായി സംസാരിച്ച് ധാരണയിലെത്തുകയോ സർക്കാർ ഉത്തരവ് (എം.എസ്സ്) നം. 9/2008/ത.സ്വ.ഭ.വ. തീയതി 7-01-08 പ്രകാരം മൂല്യം തിട്ടപ്പെടുത്തുകയോ ചെയ്തില്ല. ആയതിനാൽ വകയിരുത്തിയ തുക ജില്ലാ കളക്ടറുടെ റ്റി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചു.

നഗരസഭ മേൽചേർത്ത പട്ടികയിൽ പരാമർശിച്ചിരിക്കുന്ന പദ്ധതികൾക്കു വേണ്ടി വാങ്ങുവാൻ ഉദ്ദേശിച്ച സ്ഥലം അതാത് പദ്ധതികൾക്ക് അനുയോജ്യമാണെന്ന് ഉത്തരവാദിത്തപ്പെട്ട സ്ഥാനീയരിൽ നിന്നും വാങ്ങിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

നഗരസഭ വാങ്ങുവാൻ ഉദ്ദേശിച്ച 139.51 ആർ സ്ഥലം റവന്യൂ വകുപ്പിന്റെ രേഖകൾ പ്രകാരം നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008-ന്റെ പരിധിയിൽ വരുന്നതാണെന്നും അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഈ സ്ഥലം നിർദ്ദിഷ്ട പദ്ധതികൾക്ക് ഉപയോഗപ്പെടുത്തുവാൻ സാധിക്കുമോയെന്നുള്ളത് സ്ഥിരീകരിച്ചിട്ടില്ല.

2010-11 സാമ്പത്തികവർഷം കായംകുളം നഗരത്തിൽ പരിമിതമായ സൗകര്യത്തിൽ പ്രവർത്തനമാരംഭിച്ച ഗവ. ഐ.ടി.ഐ.-ക്ക് ആവശ്യമായ സ്ഥല സൗകര്യം ലഭ്യമാക്കുവാൻ 2016-17 വർഷത്തിലും നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. ഇതിനായി 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലായി ആകെ 75,00,000 രൂപ ജില്ലാ കളക്ടറുടെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും സ്ഥലമേറ്റെടുക്കലിന് വേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്താൽ ഈ സ്ഥാപനത്തിൽ പുതിയ വിദ്യാർത്ഥികളുടെ പ്രവേശനം നിർത്തിവെയ്ക്കുമെന്ന് ഓരോ വർഷവും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നഗരസഭയെ അറിയിച്ചുവരുന്നുണ്ടെങ്കിലും തുടർ നടപടി ഉണ്ടായിട്ടില്ല.

മുകളിൽ പരാമർശിച്ചിരിക്കുന്ന കാരണങ്ങളാൽ നഗരസഭ കണ്ടെത്തിയ പ്രദേശങ്ങൾ സമീപഭാവിയിൽ ഉദ്ദേശിച്ച ലക്ഷ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുവാൻ സാധ്യമാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. വർഷങ്ങളായി കളക്ടറുടെ സസ്പെൻസ് അക്കൗണ്ടിൽ വൻ തുക നിഷ്ക്രിയമായി അവശേഷിക്കുകയും പദ്ധതികൾ നടപ്പിലാക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, വസ്തു ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്താൻ ഉടൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2016-17; ഖണ്ഡിക 4.7.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

203. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

204. **പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നതോടൊപ്പം പരാമർശം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്യുന്നു.**

ഹരിപ്പാട് നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**കാർഷിക യന്ത്രവൽക്കരണം ലക്ഷ്യം നേടിയില്ല**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ കാർഷിക യന്ത്രവൽക്കരണ പദ്ധതികൾ ലക്ഷ്യം കണ്ടില്ല. ഇതിന് ചെലവഴിച്ച പദ്ധതി വിഹിതം ലക്ഷങ്ങൾ പാഴായി.

കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനും ഉല്പാദന ചെലവ് കുറയ്ക്കുന്നതിനും വേണ്ടിയാണ് പ്രത്യേക പരിഗണന നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൻ തോതിൽ കാർഷിക യന്ത്രങ്ങൾ വാങ്ങിയത്. അംഗീകൃത പദ്ധതികളിൽ ചിലതിലെങ്കിലും ഗുണഭോക്തൃ വിഹിതം വകയിരുത്തിയിരുന്നെങ്കിലും ഇവ പിരിക്കാതെ ഭൂരിഭാഗം പദ്ധതികളും പദ്ധതി വിഹിതത്തിലാണ് നടപ്പാക്കിയത്.

കാർഷിക യന്ത്രവത്ക്കരണ പദ്ധതികളിൽ പാളിച്ച സംഭവിക്കാൻ പ്രധാന കാരണം കൃഷിയിടങ്ങൾക്കും കൃഷിരീതിക്കും അനുയോജ്യമായ യന്ത്രങ്ങൾ വാങ്ങാതിരുന്നതും യന്ത്രങ്ങളുടെ ഉടമസ്ഥതയും പ്രവർത്തനവും ജനകീയ സമിതികളെ ഏൽപ്പിക്കാതിരുന്നതും മോണിട്ടറിംഗ് സംവിധാനം പാഴായതുമാണ്.

കാർഷിക യന്ത്രങ്ങളുടെ നടത്തിപ്പ് പാടശേഖര/കാർഷിക സമിതികളെ ഏൽപ്പിക്കുവാനായിരുന്നു നിർദ്ദേശം. പരിമിതമായിപ്പോലും ജനാധിപത്യം ഇല്ലാത്ത ഇത്തരം സമിതികളെ ഏൽപ്പിച്ച യന്ത്രങ്ങൾ ചില വ്യക്തികൾ കൈയ്യടക്കിയതിന്

ഉദാഹരണം നിരവധിയാണ്. കൃഷി ഭവനുകളുടെ മോണിട്ടറിംഗ് നിർദ്ദേശിക്കപ്പെട്ടിരുന്നെങ്കിലും കൃഷി ഓഫീസർമാർ യന്ത്രങ്ങളുടെ വരവ്/ചെലവ് കണക്കുകൾ പരിശോധിച്ചതിന് തെളിവില്ല. ഇതിനാൽ ട്രാക്ടർ/ടില്ലർ പോലുള്ള യന്ത്രങ്ങൾ കൃഷിക്ക് മാത്രമായി ഉപയോഗിച്ചു എന്നത് ഉറപ്പാക്കാനും കഴിഞ്ഞില്ല.

കാർഷിക യന്ത്രവൽക്കരണ പദ്ധതികളുടെ സമകാല സ്ഥിതി വിവരിക്കുന്നതിന് ഓഡിറ്റ് റിപ്പോർട്ടുകളിൽ ലഭ്യമായ തിരഞ്ഞെടുത്ത വിവരങ്ങൾ താഴെ:

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഗ്രാമപഞ്ചായത്ത് 3,06,180 രൂപയ്ക്ക് വാങ്ങിയ മെതി യന്ത്രങ്ങളിൽ 4 എണ്ണം ഉപയോഗശൂന്യമായി.

(2000-01, 2001-02 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 6)

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 2.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

205. കാർഷിക യന്ത്രവൽക്കരണ പദ്ധതിയുടെ ഭാഗമായി ഹരിപ്പാട് ഗ്രാമപഞ്ചായത്ത് വാങ്ങിയ 4 മെതിയെന്ത്രങ്ങൾ നിലവിൽ ഉപയോഗയോഗ്യമാണോ യെന്നും അവ എപ്പോഴെങ്കിലും ഉപയോഗിച്ചിട്ടുണ്ടോ എന്നും സമിതി ചോദ്യമുന്നയിച്ചതിന് 1999-2000 കാലഘട്ടത്തിൽ പ്രസ്തുത ഗ്രാമപഞ്ചായത്ത് വാങ്ങിയ 4 മെതി യന്ത്രങ്ങൾ പാടശേഖര സമിതികൾക്ക് നൽകുന്നതിനായി അഗ്രികൾച്ചറൽ ഓഫീസർക്ക് കൈമാറിയിരുന്നതായും എന്നാൽ അവ പാടശേഖര സമിതിക്ക് നൽകാതെ സൂക്ഷിച്ചിരുന്നതായും അതുമായി ബന്ധപ്പെട്ട ഫയലുകൾ ലഭ്യമല്ലെന്നും നിലവിൽ ഇതുവരെ ഉപയോഗിക്കാത്ത യന്ത്രങ്ങൾ നഗരസഭയുടെ 8-ാം വാർഡിലുള്ള ശിശുവിഹാർ കോമ്പൗണ്ടിലുണ്ടെന്നും ഹരിപ്പാട് നഗരസഭ സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

206. **ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഹരിപ്പാട് നഗരസഭാ സെക്രട്ടറി ബോധ്യപ്പെടുത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

ഹരിപ്പാട് ഗ്രാമപഞ്ചായത്ത് - ആലപ്പുഴ ജില്ല

**കുടുംബശ്രീ യൂണിറ്റുകൾക്ക് വികസന ഫണ്ടിൽ നിന്നും നൽകിയ തുക വിനിയോഗിച്ച് തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചില്ല**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക 3(5))

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതകൾക്ക് മുഴുവൻ സമയ തൊഴിൽ ലഭ്യമാക്കുന്ന തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ദാരിദ്ര്യ നിർമ്മാർജ്ജനം യാഥാർത്ഥ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. ജനറൽ വിഭാഗത്തിൽപ്പെട്ട 3 ഗ്രൂപ്പുകൾക്ക് പദ്ധതി വിഹിതം 3 ലക്ഷം രൂപയും ബാങ്ക് വായ്പ 3 ലക്ഷം രൂപയും നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം 30,000 രൂപയും ഉൾപ്പെടെ ആകെ 6.30 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു ഗ്രൂപ്പിന് പദ്ധതി വിഹിതം, ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം എന്നീ ഇനങ്ങളിൽ യഥാക്രമം 1.11 ലക്ഷം രൂപയും 1 ലക്ഷം രൂപയും 10,000 രൂപയും ഉൾപ്പെടെ ആകെ 2.21 ലക്ഷം രൂപയുമാണ് പദ്ധതി അടങ്കൽ. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിൽ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള കുടുംബശ്രീ മിഷന്റെ പങ്കാളിത്തം ഉണ്ടായിട്ടില്ല.

നാളികേര സംഭരണ യൂണിറ്റ്, നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റ് (ജനറൽ), നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റ് (പട്ടികജാതി), പേപ്പർബാഗ്/പേപ്പർ പ്ലേറ്റ് നിർമ്മാണ യൂണിറ്റ് എന്നിങ്ങനെ 4 യൂണിറ്റുകൾ രൂപീകരിച്ചു. ഓരോ ഗ്രൂപ്പിനും 1 ലക്ഷം രൂപ വീതം ആകെ 4 ലക്ഷം രൂപ പദ്ധതിവിഹിതത്തിൽ നിന്നും നൽകി. ബാങ്ക് വായ്പയുടെ സഹായത്തോടെ നടത്തുന്ന ഈ പദ്ധതിയുടെ പദ്ധതി വിഹിതം ബാങ്കിനാണ് നൽകേണ്ടതെങ്കിലും തുക യൂണിറ്റുകൾക്ക് നേരിട്ട് നൽകി. യൂണിറ്റുകളുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിനും തുക ബാങ്കിൽ നിക്ഷേപിച്ചതിനും യാതൊരു രേഖകളുമില്ല. യൂണിറ്റ് ആരംഭിക്കുന്നതിന് ആവശ്യമായ ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം എന്നിവ ഉറപ്പാക്കാതെയാണ് പദ്ധതിവിഹിതം യൂണിറ്റുകൾക്ക് കൈമാറിയത്. യൂണിറ്റുകൾ ആരംഭിക്കുന്നതിനായി യന്ത്രോപകരണങ്ങളോ, സാധന സാമഗ്രികളോ വാങ്ങിയിട്ടില്ല. യൂണിറ്റുകളിലെ അംഗങ്ങൾക്ക് പരിശീലനത്തിനായി തുക വകയിരുത്തിയിരുന്നെങ്കിലും ഇപ്രകാരം പരിശീലനം നടത്തിയതിന് യാതൊരു രേഖകളുമില്ല. പഞ്ചായത്ത് പ്രദേശത്ത് ആരംഭിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്നും ഡി. ആന്റ് ഒ. ലൈസൻസ് എടുക്കേണ്ടതാണെങ്കിലും ഇപ്രകാരം ലൈസൻസ് നൽകിയിട്ടില്ലാത്തത് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചില്ല എന്നതിന് വ്യക്തമായ തെളിവാണ്. ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ഈ പദ്ധതിക്കായി 4,00,000

രൂപ പദ്ധതിവിഹിതത്തിൽ നിന്നും ചെലവഴിച്ചുവെങ്കിലും യാതൊരു ഫലപ്രാപ്തിയുമില്ലാതെ പാഴ്ച്ചെലവായി അവശേഷിച്ചു.

യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ തുകകൾ ഗ്രൂപ്പുകളുടെ അക്കൗണ്ടുകളിൽ പിൻവലിക്കാതെ അവശേഷിക്കുന്നുണ്ട് എന്നാണ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. പാഴ്ച്ചെലവായിപ്പോയ പദ്ധതിപ്പണം പലിശസഹിതം ബന്ധപ്പെട്ട യൂണിറ്റുകളിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ശ്രീ. വി. ചന്ദ്രശേഖരൻപിള്ള (റിട്ട.) സെക്രട്ടറി,
സോപാനം, പുന്നപ്ര പി.ഒ., ആലപ്പുഴ

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2009-10; ഖണ്ഡിക 3.8.5(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

207. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

208. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പണികൾ**

| | |
|---|---|
| മരാമത്ത് പണികൾ - ധനദുർവിനിയോഗം | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ ഏറ്റവും കുറഞ്ഞ ഫലപ്രാപ്തിയും ഏറ്റവും കൂടിയ ധനദുർവിനിയോഗവും കെടുകാര്യസ്ഥതയും സുതാര്യതയില്ലായ്മയും ധൂർത്തും പൊതുമരാമത്ത് പണികളിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മരാമത്ത് പണികൾക്ക് ചെലവഴിച്ച കോടികളുമായി തുലനം ചെയ്യുമ്പോൾ കൈവരിച്ച നേട്ടങ്ങൾ നാമമാത്രമാണ്. |

| | |
|---|---|
| എഞ്ചിനീയർമാരുടേയും കരാറുകാരുടേയും രാഷ്ട്രീയക്കാരുടേയും മേധാവിത്വം | അധികാര വികേന്ദ്രീകരണം ജനകീയാസൂത്രണത്തിലൂടെ കേരളവികസന പദ്ധതിയായി വളർന്നിട്ടും പൊതുമരാമത്ത് പണികളിൽ ജനപങ്കാളിത്തം ഭൂരിഭാഗം സ്ഥാപനങ്ങളിലും തീരെയില്ല. ഉദ്യോഗസ്ഥർ - പ്രത്യേകിച്ചും എഞ്ചിനീയർമാർ, കരാറുകാർ, രാഷ്ട്രീയ നേതാക്കൾ എന്നിവരുടെ മേധാവിത്വം പൊതുമരാമത്ത് പണികളിൽ പ്രകടമാണ്. എസ്റ്റിമേറ്റ്, പ്രോജക്ട് റിപ്പോർട്ട് തുടങ്ങിയവ ലളിതമലയാളത്തിൽ തയ്യാറാക്കണമെന്ന നിർദ്ദേശം 99 ശതമാനം എഞ്ചിനീയർമാരും പാലിക്കുന്നില്ല. സാങ്കേതികതയുടെ പുകമറയിൽ മരാമത്ത് പദ്ധതി നിർവ്വഹണം അവ്യക്തമായി തുടരുന്നു. |
| മരാമത്ത് പദ്ധതി നിർവ്വഹണം:<br>മോണിട്ടറിംഗ് സമിതി രൂപീകരിച്ചില്ല.<br>കേരള വികസന പദ്ധതിയിൽ കരാറുകാരുടെ കുത്തക | 1997-1998 മുതൽ 2001-2002 വരെ മരാമത്ത് പദ്ധതികൾക്ക് ഗുണഭോക്തൃ സമിതികളെങ്കിലുമുണ്ടായിരുന്നു. പണികൾ അന്ന് അനന്തമായി നീണ്ടതിനാലും ബിനാമി ഇടപാടുകൾ വ്യാപകമായതിനാലും 2002-2003 മുതൽ കേരള വികസന പദ്ധതിയുടെ ഭാഗമായി 25,000 രൂപയ്ക്ക് മുകളിലുള്ള പണികൾ ടെണ്ടർ വേലയായി നിർദ്ദേശിക്കപ്പെട്ടു. ഇതിൽ ഉണ്ടാകാമായിരുന്ന അപകടങ്ങൾക്ക് എതിരെ സർക്കാർ ജാഗ്രതാ നിർദ്ദേശവും നൽകിയിരുന്നു. ടെണ്ടർ വേലകളുടെ സുതാര്യതയും ഉത്തരവാദിത്വവും ഗുണമേന്മയും ഉറപ്പാക്കാൻ ഗുണഭോക്തൃസമിതി മാതൃകയിൽ കമ്മിറ്റി രൂപീകരിച്ച് മോണിട്ടറിംഗ് നടത്തണമെന്ന് സർക്കാർ ഉത്തരവ് (ജി.ഒ. (എം.എസ്) 20/2002; 6-6-2002) ഉണ്ടായിരുന്നു. ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉത്തരവ് പാലിച്ചില്ല. മാത്രമല്ല പരസ്പര ധാരണയിലൂടെ നിരക്ക് ക്വോട്ട് ചെയ്ത് മത്സര സ്വഭാവത്തിലുള്ള ടെണ്ടറുകൾക്ക് സാധ്യതയില്ലാതാക്കി പൊതുമരാമത്ത് പണികളിൽ കരാറുകാരുടെ കുത്തക രൂപപ്പെടുന്നത് തടയാനും സ്ഥാപനങ്ങൾ ശ്രമിച്ചില്ല. |
| സുപ്രധാന രേഖകൾ സൂക്ഷിക്കുന്നില്ല | മരാമത്ത് പണികളുടെ നിർവ്വഹണത്തിൽ സ്ഥാപനങ്ങളുടെ അലംഭാവം പ്രതിഫലിപ്പിക്കുന്നതാണ് ഇവയുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പ്. സർക്കാർ നിർദ്ദേശം ഉണ്ടായിരുന്നിട്ടും പണികൾ-ഏറ്റെടുത്തവ, പൂർത്തിയാക്കിയവ, പൂർത്തിയാക്കാൻ |

| | |
|---|---|
| | ശേഷിക്കുന്നവ എന്നീ വിവരങ്ങൾ വിശദീകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല. അവസാന ബില്ല് തീർപ്പാക്കുമ്പോഴാണ് പല പണികളും തുടർപദ്ധതിയായി അംഗീകരിച്ചിട്ടില്ലെന്ന് അറിയുന്നത്. പണികൾക്ക് നൽകിയ മുൻകൂറുകൾ കൃത്യമായി രജിസ്റ്റർ സൂക്ഷിച്ച് രേഖപ്പെടുത്താത്തതിനാൽ അവസാന ബില്ലിൽ മുൻകൂർ ക്രമീകരിക്കാതെ തുക നൽകി അധിക ചെലവും വരുത്തുന്നുണ്ട്. |
| മുൻകൂർ നിയമലംഘനം വ്യാപകം | മരാമത്ത് പണികളുടെ നിർമ്മാണ പുരോഗതി വിലയിരുത്താതെയും ചെയ്ത പണികളുടെ മൂല്യനിർണ്ണയം അളവ് പുസ്തകത്തിൽ രേഖപ്പെടുത്താതെയും വർഷം തോറും വൻതുകകൾ മുൻകൂർ നല്കുന്നു. കരാറുകാർക്ക് മുൻകൂർ നൽകുന്നതിൽ കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡ് ഖണ്ഡിക 10.2.22 നോട്ട് 4.10.2.23 എന്നിവയിലെ നിബന്ധനകൾ ലംഘിക്കുന്നതോടൊപ്പം പ്രത്യേകാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| എസ്റ്റിമേറ്റ്: യാഥാർത്ഥ്യബോധമില്ല: വ്യതിചലനം ഏറുന്നു. | മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുന്നില്ല. എസ്റ്റിമേറ്റ് വ്യതിചലനം വ്യാപകമാണ്. പണിയുടെ ഗുണനിലവാരം ഹനിക്കുന്നതും അധികചെലവിന് ഇടയാക്കുന്നതുമാണിത്. ചീഫ് ടെക്നിക്കൽ എക്സാമിനറും ചീഫ് എഞ്ചിനീയറും പുറപ്പെടുവിച്ച നിർദ്ദേശങ്ങളും കേരളാ സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ, ഇന്ത്യൻ റോഡ് കോൺഗ്രസ് സ്പെസിഫിക്കേഷൻ എന്നിവ ലംഘിച്ച് പണി നടത്തുന്നതും അധിക ചെലവിന് ഇടയാക്കുന്നു. |

## പത്രിക – 1

**പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളിൽ രണ്ട് വർഷത്തിലധികമായി പൂർത്തിയാക്കാതെ കിടക്കുന്ന മരാമത്ത് പണികളുടെ വിവരം**

(31-03-2005-ലെ സ്ഥിതി) (ഓഡിറ്റ് റിപ്പോർട്ടുകളിൽ ലഭ്യമായ വിവരങ്ങൾ)

| ജില്ല | പൂർത്തിയാക്കാനുള്ള മരാമത്ത് പണികളുടെ എണ്ണം | | | | | അടങ്കൽ തുക (ആകെ) | | |
|---|---|---|---|---|---|---|---|---|
| | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | നഗര സഭ | ആകെ | | ആകെ ചെലവ് | ബാക്കി |
| ആലപ്പുഴ | -- | -- | 19 | 130 | 149 | 26611537 | 19018700 | 7592837 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 1.1.1(i)]

209. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

210. **പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നതോടൊപ്പം ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച**

തനത് നികുതി/നികുതി ഇതര വരുമാനം ദൈനംദിന ചെലവുകൾക്ക് തികയാത്ത സ്ഥാപനങ്ങളിൽ പോലും നികുതി പിരിവിൽ കുടിശ്ശിക നിൽക്കുന്നതായി കാണുന്നു. യഥാസമയം പിരിച്ചെടുക്കാത്ത നികുതികൾ കാലഹരണപ്പെടുമെന്നിരിക്കെ നികുതി കുടിശ്ശിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക അടിത്തറയെ പ്രതികൂലമായി ബാധിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 243(3)-ാം വകുപ്പ്, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 539(2) എന്നിവ പ്രകാരം യഥാസമയം നടപടി എടുക്കുന്നതിലുണ്ടായ വീഴ്ചമൂലം പഞ്ചായത്തിന്/മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും നിയമാനുസൃതമുള്ള ഒരു അന്വേഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ/ ഉദ്യോഗസ്ഥന്മാരുടെയോ വീഴ്ചമൂലമാണെന്ന് കാണുകയും ചെയ്താൽ അങ്ങനെ പഞ്ചായത്ത്/മുനിസിപ്പാലിറ്റിക്ക് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നോ ഉദ്യോഗസ്ഥന്മാരിൽ നിന്നോ ഈടാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത വകുപ്പു പ്രകാരമുള്ള നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൊന്നും സ്വീകരിക്കുന്നില്ല.

നികുതി കുടിശ്ശികയ്ക്ക് ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ജില്ല | സ്ഥാപനം | വർഷം | കുടിശ്ശിക തുക | റിമാർക്സ് |
|---|---|---|---|---|
| ആലപ്പുഴ | ആലപ്പുഴ നഗരസഭ | 2008-09 | 86,39,055 | നികുതി കുടിശ്ശിക -70,11,083<br>നികുതിയേതര കുടിശ്ശിക - 16,27,972 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2011-12; ഖണ്ഡിക 2.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

211. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

212. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ടി. പി. രാമകൃഷ്ണൻ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം
2022 ഡിസംബർ 6

## അനുബന്ധം I

# പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വകുപ്പ് | നിഗമനങ്ങളും/ശിപാർശകളും |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2 | തദ്ദേശസ്വയം ഭരണ വകുപ്പ് | മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനായി വാങ്ങിയ സ്ഥലത്ത് വ്യവസായ എസ്റ്റേറ്റ് ആരംഭിച്ചിട്ടുണ്ടെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ എഴുപുന്ന ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 5 | ” | ഏകദേശം പത്ത് വർഷം കഴിഞ്ഞിട്ടും ഉത്തരവാദിയായ ഉദ്യോഗസ്ഥൻ തുക തിരിച്ചടച്ചിട്ടില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. ശ്രീ.ബിജുകുമാർ-ൽ നിന്നും പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിനുണ്ടായ നഷ്ടത്തുക റിക്കവറി നടത്തുവാൻ നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടിയും നിലവിലെ സ്ഥിതിയും സംബന്ധിച്ചുള്ള റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു. |
| 3 | 11,12 | ” | ശ്രീ. കെ. എൻ. രാജൻ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന വിവിധ പദ്ധതികൾ ഏതൊക്കെയായിരുന്നുവെന്നും പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണ്;ടി പദ്ധതികളൊക്കെ യാഥാർത്ഥ്യമായോ; പൂർത്തീകരിച്ചോ തുടങ്ങിയവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഓഡിറ്റ് പരാമർശത്തിന്മേൽ ഡി.ഡി.പി.യുടെ ഓഫീസ് എന്ത് നടപടി സ്വീകരിച്ചുവെന്ന സമിതിയുടെ ചോദ്യത്തിന് വ്യക്തമായ മറുപടി ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത ഓഡിറ്റ് ഒബ്ജക്ഷൻ സംബന്ധിച്ചും ടി വിഷയവുമായി ബന്ധപ്പെട്ട ഫയൽ കാണാതായതിന്മേലും ഡി.ഡി.പി. സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു. |
| 4 | 15 | തദ്ദേശസ്വയം ഭരണ വകുപ്പ് | 2002-03 സാമ്പത്തിക വർഷം ഫിഷറീസ് ഇൻസ്പെക്ടർ മുഖേന നടപ്പിലാക്കിയ പദ്ധതിയുടെ രേഖകൾ ലഭ്യമായിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത രേഖകൾ പരിശോധിച്ച ശേഷം റിപ്പോർട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 5 | 18 | ” | അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശവിധേയമായ പദ്ധതികൾ സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്ററിലുള്ള രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 6 | 20,22 | ” | പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 27 | ” | തകഴി ഗ്രാമപഞ്ചായത്തിലെ പരാമർശവിധേയമായ പദ്ധതിയുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. ശ്രീ. സതീഷ് കുമാറിനെതിരെ റിക്കവറി നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | 30 | തദ്ദേശസ്വയം ഭരണ വകുപ്പ് | വെൺമണി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട എസ്.ജി.ആർ.വൈ-ഭക്ഷ്യധാന്യ വിതരണം എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച ക്യാഷ് ബുക്ക്, വർക്ക് രജിസ്റ്റർ, ഫയലുകൾ എന്നിവ പഞ്ചായത്തിന്റെ കൈവശമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത രേഖകൾ അടിയന്തരമായി സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 9 | 33 | ” | പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 38,39,40 | ” | കാവാലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശവിധേയമായ പദ്ധതിയിൽ വലിയ രീതിയിലുള്ള ക്രമക്കേട് നടത്തിയിട്ടുള്ളതായും ഇത്തരത്തിൽ പഞ്ചായത്തുകളിലെ ക്രമക്കേടുകൾക്കെതിരെയുള്ള നടപടികളിന്മേലുള്ള കോടതി വിധികൾക്കെതിരെ തുടർനടപടികൾ പരിശോധിക്കാൻ ഒരു സംവിധാന മില്ലാത്തതായും സമിതി നിരീക്ഷിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കേസുമായി ബന്ധപ്പെട്ട കാര്യങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി ഡി.ഡി.പി.-യിൽ ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.<br><br>ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതികൾക്ക് അതത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ യാതൊരു മേൽനോട്ടവും ഓഡിറ്റിംഗും നടത്തുന്നില്ല എന്നുള്ളത് ഗുരുതരമായ പ്രശ്നമാണെന്ന് സമിതി വിലയിരുത്തുന്നു.<br><br>പഞ്ചായത്ത് സമിതി ഒരു ജനകീയ സമിതിയായതിനാൽ, പഞ്ചായത്തിന് നഷ്ടമുണ്ടായ വിഷയത്തിൽ ബന്ധപ്പെട്ട സെക്രട്ടറി അതിനെതിരെ സർക്കാരിന്റെ ഡിസെന്റ് രേഖപ്പെടുത്തണമെന്നും |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട കേസ് സംബന്ധിച്ച ഫയൽ അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ ഹാജരാക്കി നിയമോപദേശം തേടി അപ്പീൽ ഹർജി സമർപ്പിക്കാൻ സാധിക്കുമോ, സിവിൽ കേസിന് സാധ്യതയുണ്ടോ എന്നീ കാര്യങ്ങൾ പരിശോധിക്കണമെന്നും പ്രസ്തുത കേസ് നടത്തിയ വർഷവും തീയതിയും, എന്ത് നിയമോപദേശമാണ് വക്കീൽ നൽകിയത്, കോടതിയിൽ വക്കീൽ എന്ത് വാദമാണ് നടത്തിയത്, കേസ് കൃത്യമായും നടത്തിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 11 | 43 | തദ്ദേശസ്വയം ഭരണ വകുപ്പ് | പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 46 | ” | പണാപഹരണം നടത്തിയ എൽ.ഡി. ക്ലാർക്കായ ശ്രീ.കെ.എസ്. റജിക്കെതിരെയുള്ള ക്രിമിനൽ കേസ് പിൻവലിച്ച പഞ്ചായത്ത് സമിതിയുടെ തീരുമാനവും ടിയാനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചതും തെറ്റായ നടപടിയാണെന്ന് സമിതി വിലയിരുത്തുന്നു. |
| 13 | 50 | ” | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 55,56,57 | ” | പഞ്ചായത്ത് സെക്രട്ടറിമാർ വി.ഇ.ഒ.-മാരെ നിയന്ത്രിക്കുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. വി.ഇ.ഒ. ഓഫീസുകളിൽ പ്രത്യേകമായി ഹാജർ പുസ്തകം ഉണ്ടാകണമെന്നും എവിടെയൊക്കെ വി.ഇ.ഒ. ഓഫീസുണ്ടോ അവിടെയെല്ലാം ഹാജർ പുസ്തകം വയ്ക്കണമെന്നും ഇക്കാര്യങ്ങളിൽ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി പരിശോധന നടത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പദ്ധതി നിർവ്വഹണം സംബന്ധിച്ച ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കാതിരിക്കുകയും പിന്നീട് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ മറുപടി നൽകാതിരിക്കുകയും ചെയ്ത വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. വി.ഇ.ഒ. ശ്രീ. എ. എം. ഷംനാദ് ഏതൊക്കെ ഓഫീസുകളിൽ ജോലി ചെയ്തു; എവിടെയെല്ലാം ടിയാനെതിരെ ആക്ഷേപം ഉയർന്നിട്ടുണ്ട്; ഉണ്ടെങ്കിൽ നിലവിലെ സ്ഥിതി, എന്നിവയും ടിയാനെ എപ്പോൾ, എങ്ങനെ സർവ്വീസിൽ തിരിച്ചെടുത്തു, സർവ്വീസിൽ തിരിച്ചെടുക്കാനുണ്ടായ സാഹചര്യമെന്ത് തുടങ്ങിയവ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും വിജിലൻസ് കേസ് നിലനിൽക്കുന്ന പരാമർശങ്ങളിന്മേൽ വിജിലൻസ് കേസിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.<br><br>മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശവിധേയമായ വിവിധ പദ്ധതികൾക്കായി ചെലവാക്കിയ തുക സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാനും ആയതിന്റെ വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കാനും സമിതി നിർദ്ദേശിക്കുന്നു. |
| 15 | 60 | തദ്ദേശസ്വയം ഭരണ വകുപ്പ് | പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിലെ പരാമർശവിധേയമായ പ്രസ്തുത വിഷയത്തിന്മേൽ വിശദമായ റിപ്പോർട്ട് ബന്ധപ്പെട്ട രേഖകൾ സഹിതം രണ്ടാഴ്ചക്കുള്ളിൽ ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 16 | 64 | ” | താമരക്കുളം ഗ്രാമപഞ്ചായത്തിലെ പരാമർശവിധേയമായ അറവുശാല സംബന്ധിച്ച വിവരങ്ങൾ രേഖാമൂലം ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 17 | 66,68 | തദ്ദേശസ്വയം ഭരണ വകുപ്പ് | പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 18 | 71 | ” | ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ 2006-07 വർഷം നടപ്പിലാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിൽ വ്യാജ രസീത് ഉപയോഗിച്ച് തട്ടിപ്പ് നടത്തിയതിന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എം. ഷംനാദിനെതിരെ പഞ്ചായത്ത് അധികൃതർ പോലീസിൽ കേസ് നൽകിയ ശേഷം പ്രസ്തുത കേസിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 19 | 73 | ” | ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു. |
| 20 | 77 | ” | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ വി.ഇ.ഒ. ആയ ശ്രീ. എ. ഷംനാദിൽ നിന്നും തുക ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്നും വിജിലൻസ് കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 21 | 81 | ” | കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശ വിധേയമായ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ വിത്തും വളവും കൈപ്പറ്റിയതിന്റെ രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 22 | 85,86 | തദ്ദേശസ്വയം ഭരണ വകുപ്പ് | ഓരോ ജില്ലയിലെയും പഞ്ചായത്തുകളിൽ ഓരോ മാസവും ഓരോ ദിവസവും നടക്കുന്ന കമ്മിറ്റികളിൽ ചട്ടവിരുദ്ധമായി എന്തെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ അവയ്ക്കെതിരെ നടപടി സ്വീകരിക്കാൻ ഡി.ഡി.പി.-മാർ ശിപാർശ ചെയ്യണമെന്നും പഞ്ചായത്തിൽ ക്രമക്കേട് നടക്കുന്നുണ്ടോ, ഫയൽ കൃത്യമാണോ എന്നിവ പരിശോധിക്കേണ്ടത് അതത് കാലത്തെ ഡി.ഡി.പി.-മാരുടെ ഉത്തരവാദിത്വമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതിന് ആവശ്യമായ നടപടി ഡി.ഡി.പി.-മാരുടെ ഭാഗത്തു നിന്നും ഉണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു.<br><br>നിയമവിധേയമല്ലാതെ അനർഹരായവരുടെ കെട്ടിട നികുതി ഒഴിവാക്കിയത് വഴി പഞ്ചായത്തിന് നഷ്ടം വന്ന 1,37,809 രൂപ തിരിച്ചു പിടിക്കാനുള്ള നടപടി അടിയന്തരമായി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 23 | 88 | ” | പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച് ഡി.ഡി.പി. അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 24 | 90 | ” | പട്ടണക്കാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശവിധേയമായ വിഷയത്തിന്മേൽ വിശദമായ വിവരങ്ങളടങ്ങുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 25 | 94 | ” | അങ്കണവാടികളിൽ എന്തൊക്കെ നൽകണം എന്നുള്ളതിനെക്കുറിച്ച് സർക്കാരിന് കൃത്യമായ നടപടിക്രമമുണ്ടായിട്ടും അവയൊന്നും പാലിക്കാതെ കുട്ടികൾക്ക് ബുദ്ധിവികസനത്തിന്റെ പേരിൽ സാരസ്വതാരിഷ്ടം നൽകിയതും അവ സർക്കാർ സ്ഥാപനത്തിൽ നിന്നാണെങ്കിൽ പോലും വാങ്ങിയതും തെറ്റായ നടപടിയാണെന്നും പദ്ധതി നിർവ്വഹണത്തിനായി സ്വീകരിച്ച നടപടിക്രമം ശരിയായിരുന്നില്ല എന്നും സമിതി അഭിപ്രായപ്പെടുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 26 | 98 | തദ്ദേശസ്വയം ഭരണ വകുപ്പ് | പരാമർശവുമായി ബന്ധപ്പെട്ട് പ്രസ്തുത പദ്ധതിയുടെ കരാറുകാരനിൽനിന്നും തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറി മരണപ്പെട്ടതിനാൽ ടിയാനെതിരെയുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കി ശേഷിക്കുന്ന പഞ്ചായത്ത് അംഗങ്ങളിൽ നിന്നും കൂടി ആർ.ആർ. നടപടിയിലൂടെ തുക ഈടാക്കാനും സമിതി ശിപാർശ ചെയ്യുന്നു. |
| 27 | 101,103 | ” | സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 28 | 107 | ” | പുലിയൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വനിതാ തൊഴിൽ പരിശീലന പദ്ധതി പ്രകാരം എത്ര പേർക്ക് കൃത്യമായ പരിശീലനം നൽകി, അപ്രകാരം പരിശീലനം ലഭിച്ച എത്ര പേർ ജോലി ചെയ്ത് ജീവിക്കുന്നുണ്ട് എന്നീ വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 29 | 111 | ” | തുറവൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശ വിധേയമായ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനെതിരെ ക്രിമിനൽ കേസ് എടുക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്നതിനെ സമിതി രൂക്ഷമായി വിമർശിക്കുന്നു. ടിയാനെതിരെ ക്രിമിനൽ കേസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച ശേഷം അതിന്റെ സ്ഥിതി സംബന്ധിച്ച വിശദാംശം അറിയിക്കമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 30 | 114 | തദ്ദേശസ്വയം ഭരണ വകുപ്പ് | തഴക്കര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശ വിധേയമായ കുടിവെള്ളപദ്ധതി അടിയന്തരമായി പൂർത്തീകരിച്ച് കുടിവെള്ളം ലഭ്യമാക്കണമെന്നും അത് സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാനും സമിതി നിർദ്ദേശിക്കുന്നു. |
| 31 | 116 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കുത്തിയതോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 32 | 118 | ” | ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ പൂർത്തിയാക്കാനുള്ള 19 പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 33 | 120 | ” | പ്രസ്തുത പദ്ധതിമൂലം കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 34 | 122 | ” | പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ധനവിനിയോഗ രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് മുമ്പാകെ ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 35 | 124 | ” | പരാമർശവിധേയമായ വികലാംഗ സഹായോപകരണ നിർമ്മാണശാല യൂണിറ്റ് നടത്തിക്കൊണ്ട് പോകുന്നതിൽ വികലാംഗക്ഷേമ കോർപ്പറേഷൻ നിരുത്തരവാദപരമായാണ് പെരുമാറിയതെന്ന് സമിതി നിരീക്ഷിക്കുന്നു. ഇതിനെതിരെ നടപടി സ്വീകരിക്കുന്നത് ആലപ്പുഴ ജില്ലാ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്ത് തീരുമാനിക്കണമെന്നും അത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 36 | 126 | തദ്ദേശസ്വയം ഭരണ വകുപ്പ് | യാതൊരു പഠനവും നടത്താതെ പദ്ധതി വിഭാവനം ചെയ്തതിനാലാണ് മങ്കൊമ്പ് എ.റ്റി.വി. ഗവൺമെന്റ് സ്കൂളിൽ സ്റ്റീം കിച്ചൺ യൂണിറ്റ് സ്ഥാപിക്കാൻ കഴിയാത്തതെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 37 | 128,130, 132 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 38 | 142,143, 144,145 | ” | പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട എസ്.റ്റി. കുടുംബങ്ങളുടെ വാസസ്ഥലം മണ്ണിട്ടുയർത്തൽ (100% സബ്സിഡി) എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ബോധ്യപ്പെടുത്തിയ വിവരങ്ങളുടെയും കൊച്ചുവേളി-തെക്കുംതല റോഡ് നിർമ്മാണം, തുറവൂർ-പാലത്തറ മുട്ടുംപുറം റോഡ് നിർമ്മാണം, അരൂർ-വെട്ടുകടവ് റോഡ് ടാറിംഗ്, തുറവൂർ-വെട്ടിക്കാട് ഹരിജൻ കോളനി റോഡ് നിർമ്മാണം, കോട്ടംതുരുത്ത് ഗ്രാമപഞ്ചായത്ത് നീണ്ടകര– സെന്റ് മാർട്ടിൻ മണ്ണാച്ചിറ റോഡ് നിർമ്മാണം എന്നീ ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.<br><br>ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിൽ ഡി.പി.സി.-യുടെ അംഗീകാരമില്ലാത്ത പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഫണ്ട് ചെലവഴിച്ചതു സംബന്ധിച്ച് സർക്കാരിൽ നിന്നും സാധൂകരണം ആവശ്യപ്പെടുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിലെ പ്രീ-മെട്രിക് ഹോസ്റ്റലുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.<br><br>മുതുകുളം ബ്ലോക്ക് പഞ്ചായത്തിൽ ഡി.പി.സി.-യുടെ അംഗീകാരമില്ലാത്ത പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഫണ്ട് ചെലവഴിച്ചതു സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 39 | 147 | തദ്ദേശസ്വയം ഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 40 | 149 | ” | ആര്യാട് ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച കയർ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, ഗോഡൗൺ എന്നിവ പൊളിക്കുമ്പോൾ, പ്രസ്തുത കെട്ടിടങ്ങൾ നിർമ്മിക്കാൻ ചെലവായ തുക, നഷ്ടപരിഹാരമായി നൽകുന്ന കാര്യം സർക്കാർ പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 41 | 151 | ” | നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനം നിലച്ചതായി സമിതി നിരീക്ഷിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഫണ്ട് ചെലവഴിക്കുന്നതിൽ ആര്യാട് ബ്ലോക്ക് പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തണമെന്നും ഫണ്ട് പാഴായി പോകുന്ന പ്രവർത്തികൾ ഉണ്ടാകരുതെന്നും സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 42 | 154 | തദ്ദേശസ്വയം ഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 43 | 157,158 | ” | മൈലാട്ടുംമുകൾ കോളനിയിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.<br>158. വൈദ്യുതിലൈൻ നീക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 44 | 160 | ” | അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട പ്രസ്തുത പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 45 | 162,164, 166,168, 170 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശത്തിന്മേൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 46 | 172 | ” | ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ അറ്റകുറ്റപണി ടെണ്ടർ ചെയ്യാതെ ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചത് നിയമവിരുദ്ധമാണെന്ന് നിരീക്ഷിച്ച സമിതി ഭാവിയിൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കണമെന്ന് നിർദ്ദേശിക്കുന്നു. |
| 47 | 174 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനു സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 48 | 176 | തദ്ദേശസ്വയം ഭരണ വകുപ്പ് | പരാമർശവിധേയമായ പ്രസ്തുത പദ്ധതിനടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 49 | 178 | ” | പരാമർശവിധേയമായ പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 50 | 180 | ” | ആലപ്പുഴ നഗരസഭാ സെക്രട്ടറി ബോധ്യപ്പെടുത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാവേലിക്കര നഗരസഭയുമായി ബന്ധപ്പെട്ട പരാമർശ വിധേയമായ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 51 | 182 | ” | മുൻകൂർ നൽകിയതുമായി ബന്ധപ്പെട്ട പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ സർക്കാരിന് സാധൂകരണത്തിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. സർക്കാരിൽ നിന്നും സാധൂകരണം ലഭിച്ച ശേഷം പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 52 | 184 | ” | അവശേഷിക്കുന്ന പ്രവർത്തികൾ സർക്കാർ അനുമതിക്ക് വിധേയമായി പൂർത്തിയാക്കണമെന്നും ചെലവ് വിനിയോഗ കണക്കുകൾ, ലോൺ തിരിച്ചടവ് എന്നിവ സംബന്ധിച്ച റിപ്പോർട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 53 | 186 | ” | ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിരിക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ ടെക്നിക്കൽ വിംഗിനെക്കൊണ്ട് അന്വേഷിപ്പിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 54 | 188 | തദ്ദേശസ്വയം ഭരണ വകുപ്പ് | ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ച മരാമത്ത് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 55 | 190 | ” | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട പൊതു ധനവിനിയോഗ രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 56 | 192 | ” | പരാമർശവിധേയമായ മൈത്രി ഭവന പദ്ധതി നടപ്പാക്കാത്ത സാഹചര്യത്തിൽ ഭവന നിർമ്മാണ ബോർഡിൽ അടച്ച 6,60,000 രൂപ എത്രയും വേഗം സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 57 | 194 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 58 | 196 | ” | ചേർത്തല നഗരസഭ വക പൊതുശ്മശാനം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 59 | 198 | ” | കായംകുളം നഗരസഭ എത്രയുംവേഗം പരാമർശവിധേയമായ പദ്ധതി പ്രകാരം നിർമ്മിച്ച പൊതുകക്കൂസും കുളിമുറിയും ഉപയോഗയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 60 | 200 | തദ്ദേശസ്വയം ഭരണ വകുപ്പ് | കുടുംബശ്രീക്ക് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ സ്ഥലം നൽകാനുള്ള തീരുമാനത്തിൽ പ്രതിഷേധിച്ച് കായംകുളം വ്യാപാരി വ്യവസായ സഹകരണസംഘം ഹൈക്കോടതിയിൽ നൽകിയ കേസിന്റെ നിലവിലെ സ്ഥിതി അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 61 | 202 | ” | കേരള വികസന പദ്ധതിയിൽനിന്നും ലഭിച്ച തുക ഉപയോഗിച്ച് പരാമർശവിധേയമായ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 62 | 204 | ” | പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നതോടൊപ്പം പരാമർശം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്യുന്നു. |
| 63 | 206 | ” | ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഹരിപ്പാട് നഗരസഭാ സെക്രട്ടറി ബോധ്യപ്പെടുത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 64 | 208 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 65 | 210 | ” | പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നതോടൊപ്പം ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്യുന്നു. |
| 66 | 212 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 60 | 200 | തദ്ദേശസ്വയംഭരണ വകുപ്പ് | കുടുംബശ്രീക്ക് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ സ്ഥലം നൽകാനുള്ള തീരുമാനത്തിൽ പ്രതിഷേധിച്ച് കായംകുളം വ്യാപാരി വ്യവസായ സഹകരണസംഘം ഹൈക്കോടതിയിൽ നൽകിയ കേസിന്റെ നിലവിലെ സ്ഥിതി അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 61 | 202 | ” | കേരള വികസന പദ്ധതിയിൽനിന്നും ലഭിച്ച തുക ഉപയോഗിച്ച് പരാമർശവിധേയമായ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 62 | 204 | ” | പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നതോടൊപ്പം പരാമർശം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്യുന്നു. |
| 63 | 206 | ” | ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഹരിപ്പാട് നഗരസഭാ സെക്രട്ടറി ബോധ്യപ്പെടുത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 64 | 208 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 65 | 210 | ” | പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുന്നതോടൊപ്പം ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്യുന്നു. |
| 66 | 212 | ” | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2019-21) -2004-05, 2007-08, 2008-09, 2009-10, 2016-17 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - ആലപ്പുഴ ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഖണ്ഡികകൾ**

| വർഷം/ ഖണ്ഡിക | ബ്ലോക്ക് പഞ്ചായത്ത് | പരാമർശം | മറുപടി |
|---|---|---|---|
| 2004-05 2.3 | മുതുകുളം | ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്ത് സ്ഥാപിച്ച വ്യവസായ വികസന കോംപ്ലക്സിൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങിയിട്ടില്ല. ഇതിന് ചെലവഴിച്ച 2,51,074/- രൂപ പാഴായി. | ഓഡിറ്റ് നിർദ്ദേശം പാലിച്ചുകൊണ്ട് വർഷങ്ങളായി മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ വ്യവസായ കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. രണ്ട് മുറികളിൽ ഒരെണ്ണം ശ്രീ. നന്ദു എന്നയാളും, മറ്റൊന്ന് ശ്രീമതി. മിനി കലാധരൻ, അനഘ നിവാസ് എന്നയാളുമാണ് വ്യവസായത്തിനായി ഉപയോഗിക്കുന്നത്. പ്രതിമാസം 2,625/- രൂപ വീതം രണ്ട് മുറികൾക്കായി പ്രതിമാസം 5,250/- രൂപ വാടകയായി ലഭിച്ചുകൊണ്ടിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് സമിതിയുടെ തീരുമാനം അനുസരിച്ചാണ് ടി വ്യവസായ കോംപ്ലക്സ് വാടകയ്ക്ക് കൊടുത്തിട്ടുള്ളത്. |
| 2004-05 2.3 | ആര്യാട് | ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്ത് 28,46,263/- രൂപ ചെലവഴിച്ച് കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, ഗോഡൗൺ നിർമ്മിച്ചെങ്കിലും കയർ വ്യവസായവുമായി ബന്ധപ്പെട്ട യാതൊരു പണികളും ആരംഭിച്ചിട്ടില്ല. | 14/05/1998 ൽ ആലപ്പുഴ ജില്ല പഞ്ചായത്ത് വാങ്ങിയ 1ഏക്കർ 5 സെന്റ് സ്ഥലത്ത് 1997-98, 1998-99, 1999-2000 എന്നീ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി വ്യവസായ വികസന ഓഫീസർ നിർവഹണഉദ്യോഗസ്ഥനായി കെട്ടിട നിർമ്മാണം 2000-01 ൽ പൂർത്തിയാക്കി<br>അമ്പലപ്പുഴ താലൂക്കിലെ ചെറുകിട കയർ തൊഴിലാളികളെ ചൂഷണത്തിൽ നിന്നും രക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടി ചകിരി ഉൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കൾ നൽകുന്നതിന് ഉദ്ദേശിച്ചിരുന്നു. കയർ മേഖലയിൽ ജോലിചെയ്യുന്നവരെ ഉൾപ്പെടുത്തി സൊസൈറ്റി രൂപീകരിച്ചു.അതുമായി ബന്ധപ്പെട്ട പ്രാദേശിക കാരണങ്ങളാൽ പ്രവർത്തനം ആരംഭിക്കുന്നതിന് സാധിച്ചില്ല.<br><br>24.7.2016 ൽ ബഹു.ധനകാര്യ മന്ത്രിയും സ്ഥലം എം.എൽ.എയുമായ |

| | | | |
|---|---|---|---|
| | | | ഡോ.ടി.എം.തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ ടി 1 ഏക്കർ 5 സെന്റ് സ്ഥലം അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മിക്കുവാനായി വിട്ടു നൽകുന്നതിന് തത്വത്തിൽ അംഗീകരിച്ചു.<br>04/08/2016 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം പ്രകാരം കയർ കോമൺ ഫെസിലിറ്റി സെന്റർ കെട്ടിടം, അസാപ്പിന് വിട്ടു നൽകുന്നതിന് ജില്ലാപഞ്ചായത്തിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. സ.ഉ(സാധാ)നമ്പർ 803/2017/തസ്വഭവ തിയതി 21.3.2017 പ്രകാരം കയർ കോമൺഫെസിലിറ്റി സെന്റർ നിൽക്കുന്ന സ്ഥലവും കെട്ടിടവും അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് വിട്ടു നൽകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br>ടി കമ്മ്യൂണിറ്റി സ്കിൽ സെന്റർ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തുള്ള വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും പൊതുജനങ്ങൾക്കും ജില്ലയിലെ പരമ്പരാഗത തൊഴിൽ മേഖലയായ കയർ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കുമായുള്ള നൈപുണ്യവികസനത്തിനും വേണ്ടി ഉപയോഗപ്പെടുത്തണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്.<br>ടി സർക്കാർ ഉത്തരവ് പ്രകാരം സ്ഥലവും കെട്ടിടവും അസാപ്പിന് വിട്ടു നൽകുന്നതിലേക്കായി ആലപ്പുഴ ജില്ലാ പഞ്ചായത്തുമായി കരാർ വെക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് ബ്ലോക്ക് പഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| 2007-08<br>3.15 | ഭരണിക്കാവ് | ഉളവുക്കാട് നെല്ലുല്പാദക സമിതിയുടെ 200 ഏക്കർ പുഞ്ചപ്പാടം കൃഷിയോഗ്യമാക്കുന്നതിന് 40 എച്ച് പി മോട്ടോർ വാങ്ങുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസിന് നൽകാൻ തുക പിൻവലിച്ചിട്ടുണ്ട്. മോട്ടോറും പെട്ടിയും ലഭിച്ചതായോ അവ സമിതിക്ക് | ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് 2004-05 സാമ്പത്തിക വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തരിശു കിടന്നിരുന്ന കരിങ്ങാലിപ്പുഞ്ചയിൽ വെള്ളം വറ്റിച്ച് കൃഷി ഇറക്കുന്നതിനായി കർഷകരുടെ ആവശ്യപ്രകാരം മോട്ടോർ, പെട്ടി, പറ എന്നിവ ഉളവുക്കാട് നെല്ലുൽപാദക പാടശേഖര സമിതിക്ക് |

| | | | |
|---|---|---|---|
| | | കൈമാറിയതായോ കൃഷി ഇറക്കി നെല്ലുൽപാദനം വർദ്ധിപ്പിച്ചതായോ രേഖകളിൽ ഇല്ല. പദ്ധതി സഫലീകരിച്ചിട്ടില്ല | നൽകിയിരുന്നു. തുടർന്നുള്ള 4 വർഷങ്ങളിൽ ടി മോട്ടോർ ഉപയോഗിച്ച് വെള്ളം വറ്റിച്ച് കൃഷി ഇറക്കിയിരുന്നു. തുടർന്ന്, കൃഷി ഇറക്കാൻ സാധിക്കാതെ കരിങ്കാലിപ്പുല്ല തരിശായി കിടക്കുന്നതിനാൽ ടി മോട്ടോറും പെട്ടിയും പറയും പാടശേഖരസമിതിയുടെ പക്കൽ ഉണ്ടെന്ന് പാടശേഖര സമിതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| 2007-08<br><br>3.1.6 | തൈക്കാട്ടുശ്ശേരി | ചെലവഴിച്ച തുക- 1,44,16,350/-<br>2003-04, 2004-05, 2005-06 വർഷങ്ങളിൽ ഐ.എ.വൈ സ്കീമായി ചേർന്ന് 378 വീടുകൾ നിർമ്മാണത്തിന് മൊത്തം 1,44,16,350/- രൂപ ചെലവഴിച്ചു. 267 വീടുകൾ മാത്രമേ പൂർത്തീകരിച്ചുള്ളൂ. പദ്ധതി ശരിയാംവിധം മോണിറ്ററിംഗ് നടത്തിയിട്ടില്ല. രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ഭൗതിക ലക്ഷ്യം 30% സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല. | പരാതികൾ പരിഹരിച്ച് ഗ്രാമസഭ അംഗീകരിച്ച മുൻഗണനാ ഗുണഭോക്തൃ പട്ടിക ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച ശേഷം ആയത് ബ്ലോക്ക് പഞ്ചായത്ത് സമിതി അംഗീകരിക്കുക മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് ചെയ്യുന്നത്. ഓഡിറ്റ് പരാമർശിച്ച വർഷങ്ങളിലെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.<br>ഭവന നിർമ്മാണത്തിന്റെ മേൽ നോട്ടം വഹിക്കുന്നത് ബന്ധപ്പെട്ട വി.ഇ.ഒ യും ഹൗസിംഗ് ഓഫീസറുമാണ്. നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിൽ ഗുണഭോക്താക്കൾ സമർപ്പിക്കുന്ന ചിത്രങ്ങളുടെ നിജസ്ഥിതി പരിശോധന; വി.ഇ.ഒ യുടെയും ഹൗസിംഗ് ഓഫീസറുടെയും നിരന്തര നിർമ്മാണ സ്ഥല സന്ദർശനങ്ങളുടെയും ശേഷം നൽകുന്ന ശിപാർശ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഗഡു തുകകൾ അനുവദിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ ഗൗരവ ബുദ്ധ്യാ ഉൾക്കൊള്ളുകയും ഭാവിയിൽ ഇക്കാര്യങ്ങളിൽ നിതാന്ത ജാഗ്രതയും സൂക്ഷ്മതയും പുലർത്തുകയും ചെയ്യുമെന്ന് ബോധിപ്പിച്ചുകൊള്ളുന്നു. ടി കാലയളവിലെ ഭവന നിർമ്മാണങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>ജില്ലാ പഞ്ചായത്ത് ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ നിന്നും ലഭ്യമാക്കുന്ന രജിസ്റ്ററുകളിലാണ് ഗുണഭോക്താവിന്റെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നത്. ഓഡിറ്റ് പരാമർശം ഉൾക്കൊണ്ട് തുടർവർഷങ്ങളിൽ ഗ്രാമ പഞ്ചായത്ത് തിരിച്ച് ഗുണഭോക്തൃ രജിസ്റ്ററുകൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും കൂടാതെ ടി രജിസ്റ്ററുകളോടൊപ്പം ചെക്ക് ഇഷ്യൂ രജിസ്റ്റർ, ക്യാഷ് ബുക്കുകൾ |

| | | | |
|---|---|---|---|
| | | | എന്നിവയും യഥാസമയം എഴുതി സൂക്ഷിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>2003-04 വർഷത്തിൽ ഭവന നിർമ്മാണ ധനസഹായം അനുവദിച്ച 154 ഗുണഭോക്താക്കളിൽ 153 പേരും ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ശ്രീമതി.കാർത്തി ഗോപി എന്നയാൾ കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ച് അടക്കുകയും ചെയ്തിട്ടുണ്ട്. 2004-05 വർഷത്തിൽ ഭവന നിർമ്മാണ ധനസഹായം അനുവദിച്ച 108 ഗുണഭോക്താക്കളിൽ 107 പേരും ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ശ്രീമതി.മങ്ക സുകുമാരൻ എന്നയാൾ കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ച് അടക്കുകയും ചെയ്തിട്ടുണ്ട്. 2005-06 വർഷത്തിൽ ഭവന നിർമ്മാണ ധനസഹായം അനുവദിച്ച 116 ഗുണഭോക്താക്കളിൽ 115 പേരും ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ശ്രീമതി.ശോഭന രാജൻ എന്നയാൾ കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ച് അടക്കുകയും ചെയ്തിട്ടുണ്ട്. ശ്രീമതി. രാജേശ്വരി എന്നയാളിന്റെ ഭവനം ലൈഫ് പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. കരാർ വച്ച മുഴുവൻ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ച സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.<br><br>കേന്ദ്രാവിഷ്കൃത ഭവന പദ്ധതിയായ ഐ.എ.വൈ ഭവന നിർമ്മാണം സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്ത് മുഖേനയാണ് നടപ്പാക്കുന്നത്. ഓഡിറ്റ് പരാമർശം അംഗീകരിക്കുന്നുവെന്നും തുടർ വർഷങ്ങളിൽ, മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഭവന നിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രവുംകൂടി ഗുണഭോക്താവിൽ നിന്ന് വാങ്ങി ഫയലിൽ സൂക്ഷിക്കുന്നുണ്ടെന്നും ബോധിപ്പിച്ച് കൊള്ളുന്നു. ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| 2007-08<br><br>3.17 | മുളകുളം | ചെലവഴിച്ച തുക - 3,10,000/-<br>മുളകുളം പി.എച്ച്.സി യിൽ ഒരു വനിതാ വാർഡ് നിർമ്മിക്കുന്നതിനായി 1999-2000 ൽ 2,20,000/- രൂപ 2000-01-ൽ 2,30,000/- രൂപ വകയിരുത്തി. 31.03.2000 വരെ 3,10,000-/- രൂപ ചെലവഴിച്ചു.(കൺവീനർ) 30.01.2007 വരെ പണി പൂർത്തീകരിച്ചില്ല. റൂഫ് വാർത്ത് ഭിത്തി ഭാഗികമായി തേച്ച നിലയിലാണ്. മൂല്യനിർണ്ണയം നടത്തിയതായി തെളിവില്ല. കെട്ടിടം നശിച്ചുകൊണ്ടിരിക്കുകയാണ്. | മുളകുളം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ വനിത വാർഡ് എന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ആശുപത്രിയിൽ മരുന്നുകൾ സൂക്ഷിച്ചിരുന്ന കെട്ടിടം തീപിടിച്ച് നശിച്ച സാഹചര്യത്തിൽ ഈ കെട്ടിടത്തിൽ താൽകാലികമായി മരുന്നുകൾ സൂക്ഷിച്ചിരിക്കുകയാണെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 2007-08<br><br>3.19 | ചെങ്ങന്നൂർ | <u>ചെങ്ങന്നൂർചെലവഴിച്ച തുക - 1,98,051/-</u><br>ഓഫീസ് മെയിന്റനൻസും കമ്പ്യൂട്ടർ റൂം നവീകരണവും- കോൺട്രാക്ടർക്ക് 40,579/- രൂപ അധികം നൽകി, വൈദ്യുതീകരണം നടത്തിയതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയെങ്കിലും പദ്ധതി പൂർത്തീകരണം സംബന്ധിച്ച സാക്ഷ്യപ്പെടുത്തലുകൾ ഇല്ല. | 2004-05 സാമ്പത്തിക വർഷം നടപ്പാക്കിയ ടി പ്രോജക്ടിന് 2,00,000/- രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ആണ് ലഭിച്ചിരുന്നത്. റിപ്പയർ ജോലികൾക്കായി 1,45,000/- രൂപയും വൈദ്യുതീകരണ ജോലികൾക്കായി 55,000/- രൂപയുമാണ് അംഗീകാരം നല്കിയത്. വൈദ്യുതീകരണം ഒഴികെയുള്ള സിവിൽ പ്രവൃത്തിക്ക് 1,45,000/- രൂപയ്ക്ക് ടെണ്ടർ ക്ഷണിക്കുകയും ടി പ്രവൃത്തി 15.5% കുറഞ്ഞ നിരക്കിൽ 1,22,517/- രൂപയ്ക്ക് കരാർ ചമയ്ക്കുകയും ചെയ്തു. എന്നാൽ പ്രവൃത്തി നിർവഹണം നടത്തി വരുമ്പോൾ കെട്ടിടം അറ്റകുറ്റപ്പണികളായതിനാൽ സ്വാഭാവികമായി ഉണ്ടാകാവുന്നതും മുൻകൂട്ടി കാണാൻ കഴിയാത്തതുമായ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത അധിക ജോലികൾ കൂടി ചെയ്യെങ്കിൽ മാത്രമേ ടി കെട്ടിടം പ്രവർത്തനയോഗ്യമാകൂ എന്ന് ബോധ്യപ്പെടുകയും ഇതിന് 1,73,000/- ആവശ്യമാണെന്ന് അസ്സി.എക്സി. എൻജിനീയർ കമ്മറ്റിയെ ബോധ്യപ്പെടുത്തുകയും 23/03/2015 തീയതിയിലെ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനപ്രകാരം ടി വർദ്ധിപ്പിച്ച തുകയ്ക്ക് അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ട്. 2 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയിൽ വ്യതിയാനം വരാതെ തന്നെ നടത്തിയ പ്രവൃത്തിയുടെ അന്തിമബിൽ പ്രകാരം 1,63,096.50 രൂപയ്ക്ക് സിവിൽ |

| | | | |
|---|---|---|---|
| | | | പ്രവൃത്തികളും 34,955/- രൂപയ്ക്ക് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. |
| 2007-08<br>3.1.10 | കഞ്ഞിക്കുഴി | ചെലവഴിച്ച തുക - 20,900/-<br>പരമ്പരാഗത കരകൗശല നിർമ്മാണ യൂണിറ്റ് എന്ന പദ്ധതി പ്രകാരം വർണ്ണ മാറ്റ് ആന്റ് വീവിംഗ് യൂണിറ്റ് എന്ന സ്ഥാപനത്തിന് നൽകിയ തുകയുടെ ചെലവ് വൗച്ചറുകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല. വീവിംഗ് യൂണിറ്റ് സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ തുകയുടെ കൈപ്പറ്റ് രസീത് മാത്രം ലഭ്യമാക്കി. പദ്ധതി ലക്ഷ്യം കൈവരിക്കപ്പെട്ടു എന്നുള്ളതിന് യാതൊരു തെളിവുമില്ല. ചെലവ് തടസ്സപ്പെടുത്തുന്നു. | 2004-05 സാമ്പത്തിക വർഷത്തിൽ കഞ്ഞിക്കുഴി ബ്ലോക്കിലെ പട്ടികജാതി വികസന ഓഫീസറായ ശ്രീ.പി.ജി.അശോകൻ നടപ്പിലാക്കിയ പദ്ധതിയായ കരകൗശല ഉല്പാദന യൂണിറ്റിനായി ചെലവഴിച്ച 20,900/- രൂപയുടെ ചെലവ് വൗച്ചറുകൾ ഹാജരാക്കുന്നതിനായി പല പ്രാവശ്യം ബ്ലോക്ക് പഞ്ചായത്തിൽ ടി ഉദ്യോഗസ്ഥന് അറിയിപ്പ് നല്കിയിരുന്നു. എന്നാൽ ടിയാൾ വൗച്ചറുകൾ ഒന്നും തന്നെ ഹാജരാക്കിയിരുന്നില്ല. ടി തുക ടിയാനിൽ നിന്ന് ഈടാക്കുന്നതിനായി പ്രസ്തുത കാലയളവിലെ പട്ടികജാതി വികസന ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ നാളിതുവരെ തുക തിരിച്ചടച്ചിട്ടില്ല. ഈ പദ്ധതി നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ 2.7.2011-ൽ മരണപ്പെട്ടതായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 2007-08<br>3.1.11 | അമ്പലപ്പുഴ | ചെലവഴിച്ച തുക - 10,400/-<br>സന്ധ്യാബൊംബെ വർക്സ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സംഘാംഗങ്ങൾക്ക് തൊഴിൽ ഉറപ്പു വരുത്തി സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുമായി ആവിഷ്കരിച്ച ടി പദ്ധതിക്ക് പ്രസിഡന്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, തുക പിൻവലിച്ച്. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല. ബ്ലോക്ക് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വയംസഹായ സംഘങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പ് ഉൾപ്പെട്ടിട്ടില്ല. ഗ്രേഡിംഗ് നടത്തിയിട്ടില്ല. പദ്ധതി ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചതായി തെളിവുകളില്ല. | പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു സംഘം ആളുകളുടെ ഒരു ഗ്രൂപ്പിനാണ് ഇത്തരത്തിൽ റിവോൾവിംഗ് ഫണ്ട് നല്കിയിട്ടുള്ളത്. രജിസ്റ്റർ ചെയ്തിട്ടുള്ള സംഘത്തിന്റെ അഭാവത്തിലാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്. സംഘാംഗങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി തുക നല്കുകയാണ് ഉണ്ടായത്. തുക തിരികെ പിടിക്കുന്നത് നിലവിലെ സാഹചര്യത്തിൽ അപ്രായോഗികമാണ്. ഈ സാഹചര്യത്തിൽ റിവോൾവിംഗ് ഫണ്ട് നല്കിയ നടപടിക്ക് സാധൂകരണം നല്കി, ഓഡിറ്റ് തടസ്സവാദം ഒഴിവാക്കണമെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. |
| 2007-08 | മുതുകുളം | ചെലവഴിച്ച തുക - 1,63,200/- | 31.03.2004 ലെ ജി.ഒ.(എം.എസ്) നമ്പർ 04/04/ Planning നമ്പർ |

| | | | |
|---|---|---|---|
| 3.1.12 | | ബിരുദധാരികളായ 17 പട്ടികജാതി വനിതകൾക്ക് പി.ജി.ഡി.സി.എ വിദ്യാഭ്യാസം നൽകുന്നതിനായി നടപ്പിലാക്കിയ ടി പദ്ധതി പ്രകാരം പരിശീലനം നൽകിയ സ്ഥാപനങ്ങൾക്ക് പി.ജി.ഡി.സി.എ കോഴ്സ് നടത്തുന്നതിന് അംഗീകാരം ഉണ്ടെന്നതിന് രേഖകളില്ല. കൂടാതെ ബ്ലോക്ക് പഞ്ചായത്തിന്റെ ലെറ്റർ പാഡിൽ തയ്യാറാക്കിയിരിക്കുന്ന കോഴ്സ് സർട്ടിഫിക്കറ്റുകൾ പരിശീലനം സിദ്ധിച്ച വിദ്യാർത്ഥികൾ കൈപ്പറ്റിയിട്ടില്ല. മേൽ അപാകതകളിൽ നിന്നും പരിശീലനം നൽകിയ സ്ഥാപനങ്ങളുടെ സംശുദ്ധി ചോദ്യം ചെയ്യപ്പെടുന്നു. പദ്ധതി പണം പാഴായതായി വിലയിരുത്തുന്നു. | ഉത്തരവിലെ പാര 7.4.2(vi) പ്രകാരം സി-ഡിറ്റിന്റെ അംഗീകാരമുള്ള കോഴ്സുകൾ നടത്തുന്ന ഗവ. അംഗീകൃത സ്ഥാപനങ്ങളിൽ ഗുണഭോക്താക്കൾക്ക് ട്രെയിനിംഗ് നൽകുന്നതിന് അനുവാദമുള്ളതിനാലും, ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ഗവ. അംഗീകൃത സ്ഥാപനങ്ങളിലാണ് പരിശീലനം നടത്തിയിട്ടുള്ളതെന്ന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയ്ക്ക് ബോധ്യപ്പെട്ടു. പരിശീലനം പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ലെറ്റർ പാഡിൽ സർട്ടിഫിക്കറ്റ് നൽകണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് ടി സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുള്ളതും, എന്നാൽ അതോടൊപ്പം തന്നെ ബന്ധപ്പെട്ട സ്ഥാപനങ്ങൾ PGDCA കോഴ്സിന്റെ നിയമാനുസരണമുള്ള പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. |
| 2007-08<br><br>3.1.13 | തൈക്കാട്ടുശ്ശേരി | ചെലവഴിച്ച തുക - 29,000/-<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതി പ്രകാരം 20 വനിതകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. എന്നാൽ പരിശീലനം പൂർത്തിയാക്കുകയോ പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് വിതരണം നടത്തുകയോ ചെയ്തിട്ടില്ല. മോണിറ്ററിംഗ് സമിതി പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് നടത്തിയിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിക്കാതെ തുക പാഴായി. | ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2005-06 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ പട്ടികജാതി വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനുള്ള 29,000/- രൂപയുടെ പദ്ധതിയിൽ 20 വനിതകൾക്ക് പരിശീലനം നൽകിയിരുന്നു. പരിശീലനം പൂർത്തിയാക്കി 20 വനിതകൾക്കും സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിരുന്നു. വിദ്യാർത്ഥികൾ പഠനം പൂർത്തീകരിച്ചതിന്റെ ഹാജർ വിവരങ്ങൾ (കോഴ്സ് കാലയളവിന്റെ അവസാന മാസങ്ങളിലെ) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. MS Word, DOS എന്നിവയിൽ പഠനം പൂർത്തിയാക്കി പരീക്ഷ പാസ്സായ വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റ് കൈപ്പറ്റിയിട്ടുണ്ട്. സർട്ടിഫിക്കറ്റ് കൈപ്പറ്റാതിരുന്നവർ ഇതിനോടകം ഓഫീസിൽ നേരിട്ട് ഹാജരായി ആയത് കൈപ്പറ്റിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | തൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ പദ്ധതി വിഭാവനം ചെയ്ത രീതിയിൽ പൂർത്തീകരിക്കുകയും, പദ്ധതി ലക്ഷ്യം നിറവേറ്റപ്പെടുകയും ചെയ്തിട്ടുള്ളത് ബോദ്ധ്യപ്പെട്ട് ഓഡിറ്റ് തടസ്സവാദം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |
| 2007-08<br>3.1.14 | ഭരണിക്കാവ് | ചെലവഴിച്ച തുക - 1,48,000/-<br>വനിതകൾക്ക് ഫെബ്രിക് പെയിന്റിംഗിലും ഇലക്ട്രിക് എംബ്രോയിഡറിംഗിലും പരിശീലനം നൽകുന്നതിന് ലക്ഷ്യമിട്ട പദ്ധതി പ്രകാരം 48 വനിതകൾക്ക് ഫെബ്രിക് പെയിന്റിംഗിലും 50 വനിതകൾക്ക് ഇലക്ട്രിക് എംബ്രോയിഡറിംഗിലും പരിശീലനം നൽകി. പദ്ധതി ഭാരത് സേവക് സമാജ് എന്ന സ്ഥാപനം മുഖേന നിർവ്വഹിച്ചതിന് സർക്കാരിന്റെ പ്രത്യേക അനുമതി നേടിയിട്ടില്ല. ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തെരഞ്ഞെടുത്തിട്ടില്ല. പരിശീലനം നൽകി എന്നതിന് ആധാരമായി മാസം/വർഷം എന്നിവയൊന്നും രേഖപ്പെടുത്താത്ത ഒരു ഹാജർ ഷീറ്റിന്റെ ഫോട്ടോകോപ്പി മാത്രമാണ് ഹാജരാക്കിയിരിക്കുന്നത്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നതിനും സർട്ടിഫിക്കറ്റ് നൽകിയതിനും രേഖകളില്ല. | വനിതകൾക്ക് ഫെബ്രിക് പെയിന്റിംഗിലും ഇലക്ട്രിക് എംബ്രോയിഡറിയിലും പരിശീലനം നൽകുന്നതിന് ഭാരത് സേവക് സമാജ് എന്ന സ്ഥാപനത്തെ നിയോഗിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമുണ്ടായിരുന്നു എന്നതറിയാതെയാണ് ടി സ്ഥാപനത്തെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തത്. സാധ്യമായ മാർഗ്ഗങ്ങളിലൂടെ അന്വേഷിച്ചെങ്കിലും ടി പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ കണ്ടെത്താൻ സാധിച്ചില്ല എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു. നിലവിൽ പ്രസ്തുത സ്ഥാപനത്തിന് സർക്കാർ അംഗീകാരമുണ്ടെന്ന് അറിയിക്കുന്നു. ഈ സാഹചര്യത്തിൽ 2004-05 സാമ്പത്തിക വർഷത്തിൽ പദ്ധതി നിർവ്വഹണത്തിൽ സംഭവിച്ച പിഴവ് മാപ്പാക്കി തുടർനടപടികൾ ഒഴിവാക്കണമെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. |
| 2007-08<br>3.2.13 | ഭരണിക്കാവ് | ഡെപ്പോസിറ്റ് വേലകൾക്ക് തുക നൽകി-പദ്ധതി പൂർത്തീകരണ/വിനിയോഗ രേഖകളില്ല.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി, കേരള ഗ്രൗണ്ട് വാട്ടർ വകുപ്പ് എന്നീ സ്ഥാപനങ്ങളിലേക്ക് വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ടി പദ്ധതികൾ | • 2004-05 സാമ്പത്തിക വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ ബന്ധപ്പെട്ട ഡിവിഷൻ മെമ്പർമാരുൾപ്പെട്ട ഒരു സമിതിയെ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി നിയോഗിച്ചു. പ്രസ്തുത കുടിവെള്ള പദ്ധതി പ്രദേശം സന്ദർശിച്ചതിൽ ഗുണഭോക്താക്കൾ കുടിവെള്ള പദ്ധതി നിലവിൽ നല്ല രീതിയിൽ |

<table>
<tr>
<td></td>
<td></td>
<td>
വിജയകരമായി പൂർത്തീകരിച്ചതിനുള്ള യാതൊരു വിധ രേഖകളും ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നുണ്ടോയെന്ന് തുടർനിരീക്ഷണം നടക്കുന്നില്ല. ഇപ്രകാരം നിക്ഷേപിക്കപ്പെട്ട തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം ഖണ്ഡിക</th><th>തുക</th><th>വിവരണം</th></tr>
<tr><td>2004-05<br>3.2</td><td>412000</td><td>ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിൽപ്പെട്ട [illegible] കോളനിയിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതി 4,12,000/- രൂപ ഭൂജല വകുപ്പ് ആലപ്പുഴ ജില്ലാ ഓഫീസർക്ക് നൽകി. പൂർത്തീകരണ രേഖ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയില്ല.</td></tr>
<tr><td>2004-05<br>3.3</td><td>555650</td><td>വൈദ്യുത ലൈൻ നീക്കൽ എന്ന പദ്ധതിക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ തുക ഒടുക്കി. പദ്ധതിയുടെ പൂർത്തീകരണ രേഖ വൈദ്യുതി ബോർഡിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, കംപ്ലീഷൻ</td></tr>
</table>
</td>
<td>
പ്രവർത്തിക്കുന്നതായി ബോദ്ധ്യപ്പെട്ടതായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>
• സാദ്ധ്യമായ മാർഗങ്ങളിലൂടെ അന്വേഷിച്ചെങ്കിലും വൈദ്യുത ലൈൻ നീക്കൽ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളൊന്നും കണ്ടെത്താൻ കഴിഞ്ഞില്ല എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
</td>
</tr>
</table>

<table>
<tr><td></td><td></td><td><table><tr><td></td><td></td><td>സർട്ടിഫിക്കറ്റ് പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.</td></tr></table></td><td></td></tr>
<tr><td>2007-08<br>3.21.4</td><td>പട്ടണക്കാട്</td><td><u>ഡി.പി.സി യുടെ അംഗീകാരമില്ലാത്ത പ്രവൃത്തികൾ - നിയമ/ചട്ടവിരുദ്ധമായി നടപ്പിലാക്കി.</u><br>മരാമത്ത് പണികൾ ഉൾപ്പെടെ പല പ്രോജക്ടുകളും, ജില്ല ആസൂത്രണ ബോർഡിന്റെയോ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെയോ അംഗീകാരമില്ലാതെ നടപ്പിലാക്കിയിട്ടുണ്ട്. സബ്സിഡി മാനദണ്ഡങ്ങൾക്കും സ്റ്റോർ പർച്ചേസ് നിയമങ്ങൾക്കും, സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായി ഈ പദ്ധതികൾ പലതും നടപ്പിലാക്കപ്പെട്ടതിനാൽ പദ്ധതി പണം ശരിയായ രീതിയിൽ വിനിയോഗിക്കപ്പെട്ടിട്ടില്ല<br><table><tr><th>വർഷം ഖണ്ഡിക</th><th>തുക</th><th>പദ്ധതി</th><th>അപാകതകൾ</th></tr><tr><td>2005-06<br>3.7</td><td>35,000</td><td>എസ് റ്റി കുടുംബ വാസസ്ഥലം മണ്ണിട്ടുയർത്തൽ</td><td>1. ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറും ജില്ലാതല ടെക്നിക്കൽ സമിതിയും അംഗീകാരം നൽകിയിട്ടില്ല.<br>2. അംഗീകൃത സബ്സിഡി</td></tr></table></td><td><u>പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്</u><br><table><tr><th>ഖണ്ഡിക</th><th>നിലവിലെ സ്ഥിതി</th></tr><tr><td>2005-06<br>3.7</td><td>ഈ പ്രോജക്ടിന് 25.02.2006 ലെ ജില്ലാ ആസൂത്രണ സമിതി 586 /05/ ഡി.പി.സി/ ബി.സി/ 40200/എ.എൽ.പി നമ്പരായി അംഗീകാരം നൽകിയിട്ടുണ്ട്. ടെക്നിക്കൽ അഡ്വൈസറി കമ്മറ്റി ഇതിന്റെ സ്വീകാര്യതയെക്കുറിച്ച് അഭിപ്രായ വ്യത്യാസങ്ങളൊന്നും ഉന്നയിച്ചിരുന്നില്ല. പ്രോജക്ട് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കും മാർഗ്ഗരേഖകൾക്കും അനുസരിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്. അനിവാര്യമായ സാങ്കേതിക മാനദണ്ഡങ്ങളും, ധനകാര്യ നിബന്ധനകളും പാലിച്ചിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കുന്നതിന് അനുവാദം നൽകാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു എന്നാണ് ടെക്നിക്കൽ അഡ്വൈസറി കമ്മറ്റി ശുപാർശ ചെയ്തിട്ടുള്ളത്. ഈ പ്രോജക്ടിന് 2006-07 സ്പിൽ ഓവർ സാങ്ഷൻ ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ കോളനികൾ തോടിന്റെ തീരത്തായതിനാൽ മഴക്കാലത്ത് തോട്ടിൽ നിന്നും വെള്ളം കയറിയും, വെള്ളം കെട്ടി നിന്ന് കോളനി നിവാസികളുടെ ജീവിതം ദുസ്സഹമാകുന്ന</td></tr></table></td></tr>
</table>

| | | | |
|---|---|---|---|
| | | | ഇനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. |
| 2005-06 3.8 | 4,91,980 | കൊച്ചുവെളി-തെക്കുംതല റോഡ് നിർമ്മാണം | ജില്ലാ ആസൂത്രണ സമിതിയുടെയും ടെക്നിക്കൽ സമിതിയുടെയും അംഗീകാരം നേടിയിട്ടില്ല. |
| 2005-06 3.8 | 369267 | ഇറവൂർ-പാലത്തറ മുട്ടംപുറം റോഡ് നിർമ്മാണം | ജില്ലാ ആസൂത്രണ സമിതിയുടെയും ടെക്നിക്കൽ സമിതിയുടെയും അംഗീകാരം നേടിയിട്ടില്ല. |
| 2005-06 3.8 | 301997 | അള്ളൂർ-വെട്ടുകാവ് റോഡ് ടാറിംഗ് | ജില്ലാ ആസൂത്രണ സമിതിയുടെയും ടെക്നിക്കൽ സമിതിയുടെയും അംഗീകാരം നേടിയിട്ടില്ല. |
| 2005-06 3.8 | - | ഇറവൂർ-വെട്ടിക്കാട് ഹരിജൻ കോളനി റോഡ് നിർമ്മാണം | ജില്ലാ ആസൂത്രണ സമിതിയുടെയും ടെക്നിക്കൽ സമിതിയുടെയും അംഗീകാരം നേടിയിട്ടില്ല. |
| 2005-06 | 399819 | കോട്ടക്കുളത്ത് | ജില്ലാ ആസൂത്രണ |

| | |
|---|---|
| | അവസ്ഥയ്ക്ക് പരിഹാരമായാണ് ബ്ളോക്ക് പഞ്ചായത്ത് ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ടി റിപ്പോർട്ട് അനുസരിച്ച് 18.02.2014 ൽ നടന്ന ഓഡിറ്റ് അദാലത്തിൽ മറുപടി സമർപ്പിക്കുകയും തുടർന്ന് 21.03.2014 ലെ എൽ.എഫ്.ജി.എ.5-/ബി.പി. അദാലത്ത്/26(60)/14 നമ്പർ കത്ത് പ്രകാരം ടി ബാധ്യതയിൽ പറഞ്ഞിരിക്കുന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് ഭരണസമിതിയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയത് സംബന്ധിച്ച നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 2005-06 3.8 | 2005-06 വർഷം എസ്.ജി.ആർ.വൈ പദ്ധതിയുമായി പ്ളാൻ ഫണ്ട് സംയോജിപ്പിച്ച് നടപ്പാക്കിയ പ്രോജക്ടുകൾക്കെല്ലാം തന്നെ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയിരുന്നതാണ്. ഈ പദ്ധതികളെല്ലാം തന്നെ പ്ളാൻ ഫണ്ട് മാത്രം ഉപയോഗിച്ച് നിർവ്വഹണം നടത്തുന്നതിന് വേണ്ടി തയ്യാറാക്കിയതും ജില്ലാതല ടെക്നിക്കൽ അഡ്വൈസറി കമ്മറ്റിയുടെ ശുപാർശയോടെ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയിരുന്നതുമാണ്. ഈ പ്രവൃത്തികളെല്ലാം തന്നെ സുനാമി ബാധിത മേഖലയിൽപ്പെടുന്നതായിരുന്നതിനാൽ ബ്ളോക്ക് പഞ്ചായത്തിന്റെ ആവശ്യപ്രകാരം സുനാമി സ്പെഷ്യൽ എസ്.ജി.ആർ.വൈ പ്രകാരമുള്ള |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 3.5 | | ഗ്രാമപഞ്ചായത്ത് നിണ്ടകര-സെൻറ് മാർട്ടിൻ മണ്ണേച്ചിറ റോഡ് നിർമ്മാണം | സമിതിയുടെയും ടെക്നിക്കൽ കമ്മിറ്റിയുടെയും അംഗീകാരം ഇല്ല. 1265 എം3 ഗ്രാവൽ ഫില്ലിംഗിന് ഉപയോഗിച്ചെങ്കിലും ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. | | ഭക്ഷ്യധാന്യം ജില്ലാ ഗ്രാമവികസന ഏജൻസിയിൽ നിന്നും അനുവദിച്ചുകയും ഭക്ഷ്യധാന്യത്തിന്റെ വിലകൂടി ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ സമിതി പുതുക്കിയ ഭരണാനുമതി നൽകി പ്രവൃത്തികൾ നടപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്. ഏജ ഫണ്ടും എസ്.ജി.ആർ.വൈയുമായി സംയോജിപ്പിക്കുമ്പോൾ എസ്.ജി.ആർ.വൈ യുടെ മാർഗ്ഗനിർദ്ദേശം പാലിക്കണമെന്നുള്ളതിനാലാണ് എസ്.ജി.ആർ.വൈ പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി നൽകുവാൻ കോംപിറ്റന്റ് അതോറിറ്റിയായ ഡി.ആർ.ഡി.എ. അസി.എക്സിക്യൂട്ടീവ് എൻജിനിയറിൽ നിന്നും സാങ്കേതികാനുമതി വാങ്ങി പ്രവൃത്തി നടപ്പിലാക്കിയത്. റഗുലർ എസ്.ജി.ആർ.വൈ പ്രവൃത്തികൾക്കാണ് അക്കാലയളവിൽ വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയിരുന്നത്. സ്പെഷ്യൽ എസ്.ജി.ആർ.വൈ പ്രവൃത്തികൾ വാർഷിക കർമ്മ പദ്ധതിയിൽ ഉൾക്കൊള്ളിക്കുന്ന രീതി നിലവിലില്ലാതിരുന്നതിനാലാണ് ഇപ്രകാരം ചെയ്തിട്ടുള്ളത്.ടി മറുപടി 14.02.2014 ലെ ഓഡിറ്റ് അദാലത്തിൽ സമർപ്പിക്കുകയും അതനുസരിച്ച് 21.03.2014 ലെ എൽ.എഫ്. ജി.എ.5-/ബി.പി. അദാലത്ത് /26(60)/14 നമ്പർ കത്ത് പ്രകാരം. ടി പരാമർശം ഒഴിവാക്കിയിട്ടുണ്ട്. |
| | | വർഷം ഖണ്ഡിക | ഇക | പദ്ധതി | അപാകതകൾ | | |
| | ഭരണിക്കാവ് | 2004-05 3.24 | | പത്തിയൂർ പഞ്ചായത്തിൽ കോയിക്കൽ മുക്ക് മുതൽ പടിഞ്ഞാറോട്ട് സൈഡ് കെട്ടുക. | ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ഇല്ല. 5/1999 മുതൽ 12/2000 വരെ നടന്ന പണിയുടെ അളവ്, 01.02.2005 -ലാണ് എടുത്തിട്ടുള്ളത്. ഹാജരാക്കിയ മസ്റ്റർ റോൾ | 2005-06 3.5 | നിണ്ടകര സെൻറ് മാർട്ടിൻ - മണ്ണേച്ചിറ റോഡ് നിർമ്മാണം എന്ന പ്രവൃത്തി 2005-2006 |

| | | | |
|---|---|---|---|
| | | | തൊഴിലാളികൾ ഒപ്പിടാത്തതും അപൂർണ്ണവുമാണ്. |

| വർഷം ഖണ്ഡിക | തുക | പദ്ധതി | അപാകതകൾ |
|---|---|---|---|
| 2004-05 3.24 | - | പത്തിയൂർ പഞ്ചായത്തിൽ കോയിക്കൽ മുക്ക് മുതൽ പടിഞ്ഞാറോട്ട് സൈഡ് കെട്ടുക. | ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ഇല്ല. 5/1999 മുതൽ 12/2000 വരെ നടന്ന പണിയുടെ അളവ്, 01.02.2005 -ലാണ് എടുത്തിട്ടുള്ളത്. ഹാജരാക്കിയ മസ്റ്റർ റോൾ തൊഴിലാളികൾ ഒപ്പിടാത്തതും അപൂർണ്ണവുമാണ്. |

| വർഷം ഖണ്ഡിക | തുക | പദ്ധതി | അപാകതകൾ |
|---|---|---|---|
| 2004-05 3.24 | - | പത്തിയൂർ പഞ്ചായത്തിൽ | ജില്ലാ ആസൂത്രണ സമിതിയുടെ |

| | | | |
|---|---|---|---|
| | അമ്പലപ്പുഴ, | | ലെ കേരള വികസന പദ്ധതിയിൽ പ്പെടുത്തി 2,00,000/- രൂപ അടങ്കലോടു കൂടി നമ്പർ. 586/08/ഡി.പി.ഒ/ആലപ്പുഴ/ ബി.ഒ.40200, തിയതി 16.05.05 പ്രകാരം ജില്ലാ. ആസൂത്രണ സമിതി അംഗീകരിച്ചിട്ടുള്ളതാണ്. പിന്നീട് ഈ പ്രവൃത്തിയ്ക്ക് 3,00,000/- രൂപയുടെ ഭക്ഷ്യധാന്യം അനുവദിച്ചു കൊണ്ട് സുനാമി ബാധിത പ്രദേശത്ത് സ്പെഷ്യൽ എസ്.ജി.ആർ.വൈ സ്കീമിൽ പെടുത്തി 5,00,000/- രൂപയുടെ പുതുക്കിയ ഭരണാനുമതി 23.08.05 ലെ ഇ.2769/05 ഉത്തരവ് പ്രകാരം ജില്ലാ ഗ്രാമ വികസന ഏജൻസി പ്രോജക്ട് ഓഫീസർ നൽകിയിട്ടുണ്ട്. എസ്.ജി.ആർ.വൈ പദ്ധതിയുമായി മറ്റു പദ്ധതികൾ സംയോജിപ്പിക്കുമ്പോൾ എസ്.ജി.ആർ.വൈയുടെ നടപടി ക്രമങ്ങളാണ് പാലിക്കേണ്ടതെന്ന് എസ്.ജി. ആർ.വൈ. മാർഗ്ഗ നിർദ്ദേശങ്ങൾ അനുശാസിക്കുന്നു. എസ്.ജി.ആർ.വൈ പദ്ധതിയുടെ സാങ്കേതികാനുമതി ജില്ലാ ഗ്രാമവികസന ഏജൻസി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് നൽകി വന്നിരുന്നത്. അതിനാലാണ് പുതുക്കിയ പദ്ധതിയ്ക്ക് ഡി.ആർ.ഡി.എ. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് സാങ്കേതികാനുമതി വാങ്ങി പദ്ധതി നടപ്പിലാക്കിയത്. ടി മറുപടി 14.02.2014 ലെ ഓഡിറ്റ് അദാലത്തിൽ സമർപ്പിക്കുകയും അതനുസരിച്ച് 21.03.2014 ലെ എൽ. എഫ്.ജി.എ.5-/ബി.പി. അദാലത്ത് / |

| | | | | | | |
|---|---|---|---|---|---|---|
| | മുതുകുളം | | | കോയിക്കൽ മുക്ക് മുതൽ പടിഞ്ഞാറോട്ട് സൈഡ് കെട്ടുക. | അംഗീകാരം ഇല്ല. 5/1999 മുതൽ 12/2000 വരെ നടന്ന പണിയുടെ അളവ്, 01.02.2005 -ലാണ് എടുത്തിട്ടുള്ളത്. ഹാജരാക്കിയ മസ്റ്റർ റോൾ തൊഴിലാളികൾ ഒപ്പിടാത്തതും അപൂർണ്ണവുമാണ്. | 26(60)/14 നമ്പർ കത്ത് പ്രകാരം ടി പരാമർശം ഒഴിവാക്കിയിട്ടുണ്ട്. |

**ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്**

ആകെ 6,14,000/- രൂപ അടങ്കൽ തുകയുള്ള പ്രോജക്റ്റിന് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ അംഗീകാരം വാങ്ങിയിട്ടില്ല, ഭരണാനുമതിയും നൽകിയിട്ടില്ല എന്ന പരാമർശം പരിശോധിച്ചു. സാദ്ധ്യമായ രീതിയിൽ അന്വേഷണം നടത്തിയെങ്കിലും ബന്ധപ്പെട്ട ഫയലുകളോ രേഖകളോ കണ്ടെത്താൻ സാധിച്ചില്ല എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്**

പ്രീ-മെട്രിക് ഹോസ്റ്റലിൽ സൗകര്യം മെച്ചപ്പെടുത്തൽ എന്ന പദ്ധതിയിൽ എസ്.സി.ഡി.ഒ യുടെ റിപ്പോർട്ടിൻ പ്രകാരം അടിയന്തിര സാഹചര്യത്തിൽ ചെലവഴിച്ച തുകയാണ് . കൈമാറിയിട്ടുള്ളത്. പിന്നീട് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങാൻ സാധിച്ചില്ല. പട്ടികജാതി വിദ്യാർത്ഥികൾക്ക് അടിയന്തിര സാഹചര്യത്തിൽ നൽകേണ്ടി വന്ന തുക കൈമാറ്റം ചെയ്ത നടപടി സാധൂകരിച്ച് ഓഡിറ്റ് തടസ്സവാദം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

**മുതുകുളം ബ്ലോക്ക് പഞ്ചായത്ത്**

ബഹു. കേരള ഹൈക്കോടതിയുടെ 30.09.2004 ലെ OS. No. 31516/03 പ്രകാരം ടി പ്രവൃത്തി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ചെക്ക് മെഷർ ചെയ്യുന്ന നിശ്ചിത നിരക്കിൽ തുക നൽകണമെന്ന

| | | | |
|---|---|---|---|
| | | | ഉത്തരവിന്റെ അടിസ്ഥാനത്തിൽ 20.10.2004 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരമാണ് കൺവീനർക്ക് തുക നൽകിയിട്ടുള്ളതെന്ന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തി. ടി തീയതിക്കകം ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങാൻ കഴിയാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം തുക നല്കുകയാണ് ചെയ്തിട്ടുള്ളത്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ അനുവദിക്കുന്ന തുക നൽകണമെന്ന് ഹൈക്കോടതി ഉത്തരവ് ഉള്ളതിനാൽ വൗച്ചറുകൾക്ക് പ്രസക്തിയില്ലെന്ന് കമ്മിറ്റി വിലയിരുത്തി. കോടതി അലക്ഷ്യ നടപടികളിൽ നിന്നും ഒഴിവാകുന്നതിന് വേണ്ടി അനിവാര്യമായ നടപടിക്രമങ്ങൾ പാലിച്ച് സെക്രട്ടറി തുക നൽകിയിട്ടുള്ളതിനാൽ ആഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. |
| 2007-08<br>3.28.1 | മുതുകുളം | <u>ഐ.എ.വൈ ഭവന നിർമ്മാണം - ക്രമക്കേടുകൾ</u><br>മുതുകുളം ബ്ലോക്കിൽ നിന്നും ഐ.എ.വൈ ധനസഹായം ഉപയോഗിച്ച് കണ്ടല്ലൂർ പഞ്ചായത്ത് നടത്തിയ ഭവന നിർമ്മാണ പദ്ധതികളിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ള ഗുണ ഭോക്താക്കളിൽ നിന്ന് ആവശ്യമായ രേഖകൾ വാങ്ങിയ ശേഷം പ്രസ്തുത പഞ്ചായത്തിലെ വി.ഇ.ഒ ബ്ലോക്കിലെ ഹൗസിംഗ് ഓഫീസറുടെ സഹായത്തോടെ ഗുണഭോക്താക്കൾക്ക പകരം മറ്റൊരാ ളുടെ ഫോട്ടോ പതിച്ച്, ആൾമാറാട്ടം നടത്തി ആനുകൂല്യം നൽകിയിരിക്കുന്നു. യഥാർത്ഥ ഗുണ ഭോക്താവിന് ആനുകൂല്യം ലഭിച്ചില്ല. അനർഹർക്ക് ആൾമാറാട്ടത്തിലൂടെ ആനുകൂല്യം നൽകിയത് കൂടാതെ, വ്യക്തമായ രേഖകളില്ലാതെയും, സ്വന്ത മായി ഭൂമി ഇല്ലാത്തവർക്ക പോലും ആനുകൂല്യം നൽകിയിട്ടുണ്ട്. വിജിലൻസ് | മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ ഐ. എ. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 2003-04 വർഷത്തിൽ ശ്രീമതി. ദ്രൗപദി ചാന്നാട്ടി, ബേബി ഭവനം(വയലിൽ), കണ്ടല്ലൂർ (8-ാം വാർഡ്) എന്നയാൾക്ക് 27,300/- രൂപ നൽകിയിരുന്നു. എന്നാൾ ടിയാൾക്ക് അസുഖമായതിനാൽ പകരം മകളായ ശ്രീമതി. ബിന്ദു ആയിരുന്നു തുക കൈപ്പറ്റിയിരുന്നത്. ടി ഗുണഭോക്താവിന് അനുവദിച്ച തുക ലഭിച്ചിട്ടില്ലെന്നും ആൾമാറാട്ടം നടത്തി തട്ടിയെടുത്തിട്ടുള്ളതാണെന്നും പരാതി ഉയർന്ന സാഹചര്യത്തിൽ ക്രൈം നം. 45/2005 പ്രകാരം കനകക്കുന്ന് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ നടന്ന അന്വേഷണത്തിൽ ആദ്യം ടി ഗുണഭോക്താവ് തുക ലഭിച്ചിട്ടില്ലെന്നും ഇതിനെപ്പറ്റി തനിക്ക് അറിയില്ലെന്നും പോലീസിന് മൊഴി നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ കണ്ടല്ലൂർ പഞ്ചായത്തിലെ വി.ഇ.ഒ ആയിരുന്ന ശ്രീ. എ.റ്റി.തമ്പിച്ചനെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും |

| | | | |
|---|---|---|---|
| | | അന്വേഷണത്തിന് കളക്ടർ ശുപാർശ ചെയ്തെങ്കിലും, തുടർനടപടികൾ വിശദീകരിക്കപ്പെട്ടില്ല. അനധികൃതമായി കൊടുത്ത തുകകൾ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്ന് ഈടാക്കാൻ നിർദ്ദേശമുണ്ടാകേണ്ടതാണ്. | സസ്പെൻഡ് ചെയ്യുകയും ചെയ്തു. എന്നാൽ ടി ഗുണഭോക്താവ് പിന്നീട് മൊഴി മാറ്റിപ്പറയുകയും ആയത് അമ്പലപ്പുഴ മജിസ്ട്രേറ്റ് കോടതി രേഖപ്പെടുത്തുകയും ചെയ്തു. തന്റെ മകൻ മദ്യപാനിയായതു കൊണ്ട് അവൻ അറിഞ്ഞാൽ വീട് വെയ്ക്കുന്നതിന് പണം ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമുള്ളതുകൊണ്ടാണ് അങ്ങനെ പറഞ്ഞതെന്നും തനിക്ക് തുക ലഭിച്ചിട്ടുണ്ടെന്നും തന്റെ മരുമകൾ ബിന്ദുവാണ് തുക ഒപ്പിട്ട് വാങ്ങിയതെന്നും വീട് പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ കേസ് തീർപ്പാക്കിയിട്ടുള്ളതായി അറിയുന്നു.<br>വകുപ്പുതല അന്വേഷണം നടത്തിയപ്പോൾ ടി ഗുണഭോക്താവ് വീട് നിർമ്മിച്ചതായി കണ്ടെത്തിയിരുന്നു. ടി പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ ആയിരുന്ന ശ്രീ. എ.റ്റി തമ്പിച്ചൻ മരണപ്പെട്ടതായും, അന്നത്തെ ഹൗസിംഗ് ആഫീസർ ശ്രീ. അബ്ദുൾ സലാം സർവ്വീസിൽ നിന്നും വിരമിച്ചെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 2007-08<br>3.28.2 | മുതുകുളം | <u>എസ് ജി ആർ വൈ - ഭക്ഷ്യധാന്യ വിനിയോഗത്തിലെ ക്രമക്കേടുകൾ</u><br>ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ 7 റോഡുകൾ എസ്ജിആർവൈ പദ്ധതിയും, എം എൽ എ യുടെ പ്രത്യേക വികസന ഫണ്ടും ഉപയോഗിച്ച് പൂർത്തീകരിക്കുന്നതിനായി ഗുണഭോക്തൃസമിതി കൺവീനർമാർക്ക്, വേലകളുടെ നടത്തിപ്പിന് വേണ്ടി കരാർ വച്ച ഉടൻ തന്നെ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന മുഴുവൻ അരി വിഹിതവും മുൻകൂറായി നൽകി. ഇപ്രകാരം മുഴുവൻ അരിയും മുൻകൂറായി നൽകിയെങ്കിലും ഓഡിറ്റ് തിയതി വരെ വേലകൾ ഒന്നും തന്നെ ആരംഭിക്കുക പോലുമുണ്ടായിട്ടില്ല. | 8.8.2019 ലെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ VE2/AIP & 05/09 ALP നമ്പർ കത്ത് പ്രകാരം ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് സുനാമി സ്പെഷ്യൽ SGRY പദ്ധതിക്കായി അനുവദിച്ച ഫണ്ട് ദുരുപയോഗവുമായി ബന്ധപ്പെട്ട് വിജിലൻസ് യൂണിറ്റിൽ മേൽ നമ്പരുകളിലായി അന്വേഷണം നടന്നിട്ടുണ്ടെന്നും, അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് തിരുവനന്തപുരം വിജിലൻസ് ട്രിബ്യൂണലിൽ വിചാരണ നടന്ന് കൊണ്ടിരിക്കുന്നതായും റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൂടാതെ സർക്കാർ ഉത്തരവ് നമ്പർ സഉ(സാധാ)100/2015 വിജിലൻസ്, തിയതി 1/7/2015 പ്രകാരം തൃക്കുന്നപ്പുഴ പോലീസ് സ്റ്റേഷനിൽ 10/3/2015 ൽ ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കുന്ന പ്രവൃത്തിക്ക് നൽകാവുന്ന പരമാവധി തുക 1 ലക്ഷം ആണെന്നിരിക്കെ 7 പ്രവൃത്തികൾക്കും കൂടി 32,12,344/- രൂപയുടെ അരി മുൻകൂറായി നൽകിയത് ക്രമവിരുദ്ധമാണ്. യാതൊരു ഈടും നൽകാതെ മാർക്കറ്റിൽ 70 ലക്ഷം രൂപ വിലമതിക്കുന്ന അരി നൽകിയതും നാളിത് വരെ ഇതിന്റെ വിതരണ വിവരം , മറ്റ് രേഖകൾ എന്നിവ ഹാജരാക്കാത്തതും ഗുരുതരമായ ക്രമക്കേടാണ്. | ചെയ്തിട്ടുണ്ട്. |
| 2007-08<br>3.29.1 | ചെങ്ങന്നൂർ | <u>നെഹ്റു പാർക്ക് നവീകരണം</u><br>2004-05 വർഷത്തെ മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് 75,000/- രൂപയും ബേസിക് ടാക്സ് ഗ്രാന്റിൽ നിന്ന് 1,00,000/- രൂപയും ഉൾപ്പെടുത്തി നെഹ്റു പാർക്ക് നവീകരണമെന്ന പേരിൽ രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കുകയുണ്ടായി. മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കാതെ രണ്ട് പ്രോജക്ടുകളും ഒരേ കോൺട്രാക്ടർക്ക് എസ്റ്റിമേറ്റ് നിരക്കിൽ തന്നെ നൽകി. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പലതും പൊരുത്തക്കേടുകൾ നിറഞ്ഞവയും, പൂർത്തീകരിച്ചെന്ന് രേഖപ്പെടുത്തിയുള്ള പല പ്രവർത്തികളും സൈറ്റ് വെരിഫിക്കേഷനിൽ പൂർത്തീകരിച്ചിട്ടില്ലെന്ന് ബോദ്ധ്യമായതും, പ്രവൃത്തി നടത്തിപ്പിലെ ക്രമക്കേടിലേക്ക് വിരൽ ചൂണ്ടുന്നവയാണ്. ആദ്യ പ്രോജക്ടിൽ 13,500/- രൂപ പാർക്ക് മോടിപിടിപ്പിക്കാനുള്ള ഗാർഡൻ പ്ലാന്റ്സ് വാങ്ങാൻ ട്രോപ്പിക്കൽ ഗാർഡന് നൽകിയതായി പറയുന്നു. നാമമാത്രമായ ചെടികൾ മാത്രമേ ഗാർഡനിൽ ഇപ്പോഴുള്ളൂ. വാങ്ങിയ ചെടികളുടെ ബില്ല്, സ്റ്റോക്ക് എന്നിവ സൂക്ഷിച്ചിട്ടില്ല. രണ്ടാം പ്രോജക്ടിൽ 24,156/- രൂപ | 2004-05 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എസ്0114/2005 നമ്പരായി നെഹ്റുപാർക്ക് നവീകരണം എന്ന പ്രോജക്ട് 1,00,000/- രൂപ ബേസിക് ടാക്സ് ഗ്രാന്റ് വകയിരുത്തി 13/08/2004 ലെ ആലപ്പുഴ ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരത്തോടെ ഏറ്റെടുക്കുകയുണ്ടായി. ടി പ്രവൃത്തിയുടെ നടത്തിപ്പിനായി (ബി.പി 809/05) 01/01/2005 തിയതിയിൽ പുനർദർഘാസ് പരസ്യ നോട്ടീസ് പ്രകാരം 2005 ജനവരി 9 തിയതിയിലെ ദേശാഭിമാനി ദിനപത്രത്തിൽ 7-ാം പേജിൽ ടി മത്സരാധിഷ്ഠിത ടെണ്ടർ പ്രസിദ്ധപ്പെടുത്തുകയും ഏറ്റവും കുറഞ്ഞ നിരക്കായി എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട്ചെയ്ത റ്റി.വി ശിവപ്രസാദ് എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ച് നൽകി. 24/01/2005 ൽ 7/2004-05 കരാർ നമ്പരായി കരാർവെച്ച് 01/02/2005 ൽ ടി പണികൾ ആരംഭിച്ചിട്ടുള്ളതുമാണ്.<br>ടി വർഷം തന്നെ എസ് 0240/05 നമ്പരായി നെഹ്റു പാർക്ക് മോടിപിടിപ്പിക്കൽ എന്ന പേരിൽ മെയിന്റനൻസ് ഗ്രാന്റ് 75,000/- രൂപ വകയിരുത്തി മറ്റൊരു പ്രോജക്ടിന് 2005 ഫെബ്രുവരിയിൽ അംഗീകാരം ലഭിക്കുകയും 06/03/2005 ലെ ദേശാഭിമാനി ദിനപത്രത്തിൽ ടി പ്രവൃത്തിക്ക് മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുകയും 10/03/2005 ൽ ഏറ്റവും കുറഞ്ഞ നിരക്കായി എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട്ചെയ്ത റ്റി.വി ശിവപ്രസാദ് എന്ന കരാറുകാരന് തന്നെ ടി പ്രവൃത്തിയും |

| | | | |
|---|---|---|---|
| | | ഇരുന്ന് ബഞ്ചുകൾ സ്ഥാപിക്കുന്നതിനായി ചെലവു ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ പാർക്കിൽ അങ്ങനെയൊരു സംവിധാനം സ്ഥാപിച്ച് കാണാനില്ല. ശരിയായ രീതിയിൽ പ്രോജക്ട് നടപ്പിലാക്കാതെ പൊതുധനം ദുർവിനിയോഗം ചെയ്യപ്പെട്ടു. | അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ കരാർ നമ്പർ 49/04-05 18/03/2005 എന്നതാണ്. ടി പ്രവൃത്തി 18/03/2005 ൽ തന്നെ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടി പത്രപരസ്യങ്ങളുടെ പകർപ്പ് ആഡിറ്റിന് പരിശോധനാ വിധേയമാക്കാൻ കഴിയാതെ വന്നതുകൊണ്ടാണ് ടെണ്ടർ ക്ഷണിക്കാതെ പ്രവൃത്തി നടത്തി എന്ന പരാമർശം ഉണ്ടായത്. ടി പത്രപരസ്യങ്ങൾ പിന്നീട് അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) ആലപ്പുഴ നേരിട്ട് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.<br><br>ഒരു മാസത്തെ വ്യത്യാസത്തിൽ മാത്രം ഒരേ പ്രവൃത്തി സ്ഥലത്ത് ഒരേ കരാറുകാരനാൽ നടത്തപ്പെട്ട രണ്ട് വ്യത്യസ്ത പ്രവൃത്തികളുടെ അളവുകൾ എം ബുക്കിൽ രേഖപ്പെടുത്തി തീയതി രേഖപ്പെടുത്താതെ ഒപ്പ് വെച്ചതിന ശേഷം പിന്നീട് തീയതി രേഖപ്പെടുത്തിയപ്പോൾ ടി എം ബുക്കുകൾ തമ്മിൽ മാറി പോയതുകൊണ്ടാണ് കരാർ തീയതിക്ക് മുമ്പ് അളവുകൾ രേഖപ്പെടുത്തിയതായി എം ബുക്കിൽ നിന്നും മനസിലാകുന്നത്. തീയതി പിന്നീട് രേഖപ്പെടുത്തിയപ്പോൾ ബുക്കുകൾ തമ്മിൽ മാറിപ്പോയതാണെന്ന് അസിസ്റ്റന്റ് എൻജിനിയർ അറിയിച്ചിട്ടുണ്ട്. എം ബുക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള എല്ലാ പ്രവൃത്തികളും (ഇരുന്ന് കസേരകൾ ഒഴികെ) ആഡിറ്റ് ടീം നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.<br><br>ട്രോപ്പിക്കൽ ഗാർഡനിൽ നിന്നും ചെടികൾ യഥാ തിയതിയിൽ സ്ഥാപിച്ചിട്ടുള്ളതായിരുന്നു എങ്കിലും തുടർപരിപാലനത്തിന് ആവശ്യമായ സംവിധാനങ്ങൾ, ജോലിക്കാർ ഇല്ലാതിരുന്നതുകൊണ്ടും കാലാവസ്ഥയുടെ വ്യതിയാനം കൊണ്ടും 100 കണക്കിന് പൊതുജനങ്ങൾ കയറി ഇറങ്ങുന്ന ആഫീസ് ആയതിനാൽ പൊതുസ്ഥലത്ത് നിൽക്കുന്ന ചെടികൾ അത്തരത്തിൽ നഷ്ടപ്പെട്ടതുകൊണ്ടാണ് ഏകദേശം രണ്ട് വർഷങ്ങൾക്ക ശേഷം നടന്ന ആഡിറ്റിൽ ടി ചെടികൾ പൂർണ്ണമായും കാണാൻ കഴിയാതെ |

| | | | |
|---|---|---|---|
| | | | വന്നത്. അന്നത്തെ കേരള നിയമ സഭയിലെ പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്ത ടി പാർക്കിൽ ചെടികൾ സ്ഥാപിക്കാതെയാണ് പദ്ധതി നടപ്പാക്കിയതെന്ന് പറയുവാൻ കഴിയില്ല. ചെടികൾ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിരുന്നതാണെങ്കിലും ടി ബില്ലുകൾ തിരിച്ച് കിട്ടാത്തവിധം നഷ്ടപ്പെട്ടു പോയതുകൊണ്ടാണ് ഓഡിറ്റിൽ ഹാജരാക്കാൻ കഴിയാതെ വന്നിട്ടുള്ളത്. ടി ബിൽ നം 378, 26/03/2005 തിയതി എന്നിവ അളവു പുസ്തകത്തിൽ രേഖപ്പെടുത്തി മെഷർ ചെയ്യുകയും ചെക്ക് മെഷർ ചെയ്യുകയും നേരിട്ട് ബോധ്യപ്പെടുകയും ചെയ്തതിന്റെ വെളിച്ചത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്.<br><br>30/03/2005 ൽ പാർക്കിൽ തുറസ്സായ സ്ഥലത്ത് സ്ഥാപിച്ച ഇരുമ്പ് കസേരകൾ തുടർന്ന് ഉണ്ടായ സ്വാഭാവികമായ കാലാവസ്ഥാവ്യതിയാനങ്ങളും കാലവർഷമഴയുമേറ്റ് തുരുമ്പ് പിടിച്ചതിനാൽ ഒന്നര വർഷങ്ങൾക്കുശേഷം റിപ്പയറിംഗിനായി കരാറുകാരൻ തന്നെ കൊണ്ടുപോയതിനാലാണ് ഓഡിറ്റ് സമയത്ത് ടി കസേരകൾ നേരിട്ട് കണ്ട് പരിശോധിക്കാൻ കഴിയാതെവന്നതെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. ഓഡിറ്റ് പൂർത്തീകരിച്ച് ഏതാനും ആഴ്ചകൾക്കുള്ളിൽ ടി കസേരകൾ ആഫീസിൽ തിരികെ കൊണ്ടുവരികയും പാർക്കിൽ സ്ഥാപിക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അനുമതി ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ഓഡിറ്റ് വിഭാഗത്തിന്റെ അനുമതി കൂടാതെ പാർക്കിൽ സ്ഥാപിക്കുന്നതിന് അനുവദിക്കരുതെന്ന് ഓഡിറ്റ് ടീം വാക്കാൽ നിർദ്ദേശിച്ചിരുന്നതിനാൽ സെക്രട്ടറി ഇതിന് അനുമതി നൽകിയിട്ടില്ല. ഇവ ഇപ്പോൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആഫീസ്, പട്ടികജാതി വികസന ആഫീസ് |

| | | | |
|---|---|---|---|
| | | | എന്നിവയുടെ വരാന്തയിൽ സ്ഥാപിച്ചിട്ടുള്ളതും ടി ആഫീസുകളിൽ എത്തുന്ന പൊതുജനങ്ങളുടെ സൗകര്യാർത്ഥം ഉപകാരപ്രദമായ രീതിയിൽ ഇപ്പോൾ ഉപയോഗിച്ചുവരുന്നതുമാണ്. 2004-05 ൽ വാങ്ങിയ ടി ഇരുമ്പ് കസേരകൾ ഇപ്പോഴും യാതൊരു കേടും കൂടാതെ സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു.<br>കൂടാതെ, ടി പാർക്ക് ഇപ്പോൾ വളരെ മനോഹരമായി സംരക്ഷിച്ച് ചെടികൾ നട്ട് പിടിപ്പിച്ച് പരിപാലിച്ചു വരുന്നതുമാണ്. ഈ സാഹചര്യത്തിൽ സാമ്പത്തിക നഷ്ടം വരുത്തിയെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള ഇനങ്ങൾ മൂലം സർക്കാരിന് യാതൊരുവിധ സാമ്പത്തിക നഷ്ടങ്ങളും സംഭവിച്ചിട്ടില്ലാത്തതിനാലും ടി സാധനങ്ങൾ സംരക്ഷിച്ചുവരുന്നതിനാലും, ഫയലുകൾ കൃത്യമായി സൂക്ഷിക്കുന്നതിലും ഓഡിറ്റിന് ഹാജരാക്കുന്നതിലും ഉണ്ടായ വീഴ്ചകളും അളവ് പുസ്തകം പോലെ രേഖകളിൽ തീയതി രേഖപ്പെടുത്തിയതിൽ ഉണ്ടായ അസിസ്റ്റന്റ് എൻജിനീയറുടെ വീഴ്ചയും മാപ്പാക്കി ഓഡിറ്റ് നടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.<br>ടി വിഷയത്തിന്മേൽ 37,656/- രൂപയുടെ സർചാർജ്ജ് നോട്ടീസ് പ്രകാരം ടി തുക അടയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.കെ.കെ.മന്നൻ (റിട്ട. സെക്രട്ടറി) മന്നനിവാസ്, ഇറവൂർ നോർത്ത്, മണക്കാല പി.ഒ, ന് 05.08.2011, 04.01.2012 തീയതികളിൽ കത്തുകൾ അയച്ചിട്ടുണ്ട്. തുകകൾ നാളിതുവരെ അടച്ചിട്ടില്ല. കൂടാതെ ഭരണവകുപ്പിൽ നിന്നും അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) ആലപ്പുഴ, ബ്ലോക്ക് ആഫീസിൽ നേരിട്ടെത്തി ഫയലുകൾ പരിശോധിക്കുകയും ടെണ്ടർ പരസ്യങ്ങളുടെയും ഇരുമ്പ് കസേരകളുടെയും നിജസ്ഥിതി ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ടി സാഹചര്യത്തിൽ ഇത് സംബന്ധമായ ഓഡിറ്റ് നടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. |
| 2007-08 | ഹരിപ്പാട് | <u>സർക്കാർ ഉത്തരവിന് വിരുദ്ധമായി ഗുണഭോക്തൃ സമിതി</u> | ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ അറ്റകുറ്റ പണി |

| | | | |
|---|---|---|---|
| 3.30.1 | | **കൺവീനർ മുഖേന വേലകൾ നിർവ്വഹിച്ചു.**<br>03.11.2003-ലെ ജി.ഒ.(പി) 322/03/തസ്വഭവ പ്രകാരം 25,000/- രൂപയ്ക്ക് മുകളിൽ വരുന്ന എല്ലാ വേലകളും ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കാതെ ടെണ്ടർ തന്നെ ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. എന്നാൽ ടി വേല കൺവീനറാണ് നിർവ്വഹിച്ചിരിക്കുന്നത്. ചട്ടവിരുദ്ധമായും നടപടി ക്രമങ്ങൾ പാലിക്കാതെയുമാണ് ഗുണഭോക്തൃ സമിതി യോഗം ചേർന്നിട്ടുള്ളത്. 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം) ചട്ടം (13)-ൽ ഗുണഭോക്തൃ സമിതി മുഖേന പ്രവൃത്തി നല്കുന്ന സംഗതികളിൽ പദ്ധതി കൊണ്ട് പ്രയോജനം ലഭിക്കുന്ന പ്രദേശത്തെ ജനങ്ങളുടെ യോഗം വിളിക്കണമെന്നും അവരിൽ നിന്നും എക്സിക്യൂട്ടീവ് കമ്മിറ്റിയെ തെരഞ്ഞെടുക്കണമെന്നും അതിൽ മൂന്നിൽ ഒന്ന് വനിതകളായിരിക്കണമെന്നും പഞ്ചായത്ത് അംഗം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗമായിരിക്കണമെന്നും നിഷ്കർഷിക്കുന്നു. എന്നാൽ ഗുണഭോക്തൃ സമിതി മീറ്റിംഗിൽ ഈ നടപടിക്രമങ്ങൾ ഒന്നും പാലിച്ചിട്ടില്ല. ഗുണഭോക്തൃ സമിതി കൺവീനർ എന്ന നിലയിൽ പണി ഏറ്റെടുക്കുന്നയാൾ തന്നെ പഞ്ചായത്തിലെ നമ്പർഡ് പ്രവൃത്തിയായ കോയിക്കൽ മുക്ക്, കാഞ്ഞിരംകുളത്ത് റോഡുനിർമ്മാണത്തിന് എ ക്ലാസ് കോൺട്രാക്ടർ എന്ന നിലയിൽ 23.09.2002-ൽ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടം 13 (5) പ്രകാരം മേൽപ്പറഞ്ഞ ബിനാമി ഇടപാട് നടന്നതായി കണ്ടെത്തിയാൽ ടി ഇടപാടിന് | അടിയന്തരമായി പൂർത്തീകരിക്കേണ്ട സാഹചര്യമായതിനാലും ടി പണി ടെണ്ടർ ചെയ്താൽ മാർച്ച് 31-ന് മുമ്പ് പണി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുമെന്ന് ബ്ലോക്ക് പഞ്ചായത്ത് സമിതിക്ക് ബോധ്യമുള്ളതിനാലുമാണ് ടി പ്രവൃത്തി ഗുണഭോക്തൃസമിതിയെ ഏൽപിക്കാൻ തീരുമാനിച്ചത്. പ്രസ്തുത തീരുമാനം മൂലം സർക്കാരിനോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല.<br>ഗുണഭോക്തൃ സമിതി രൂപീകരണത്തിനായി നോട്ടീസ് നൽകിയിരുന്നെങ്കിലും പൊതുജനങ്ങൾ പങ്കെടുക്കാത്ത സാഹചര്യത്തിലും ടി പ്രവൃത്തി മാർച്ച് 31-ന് മുമ്പായി പൂർത്തീകരിക്കേണ്ടതായിട്ടുള്ളതിനാലും ആണ് ഈ പ്രവൃത്തിയുടെ യഥാർത്ഥ ഗുണഭോക്താക്കളായ ഈ ഓഫീസിലെ ജീവനക്കാരെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി ഗുണഭോക്തൃസമിതി രൂപീകരിക്കേണ്ടി വന്നത്.<br>മെപ്പടി വർക്കിന്റെ കൺവീനറായ ശ്രീ.ഗോപിനാഥൻ നായർ എന്ന വ്യക്തിയെ തെരഞ്ഞെടുത്തത് ജനപ്രതിനിധികളോ ജീവനക്കാരോ കൺവീനർ സ്ഥാനത്ത് വരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് വേണ്ടിയായിരുന്നു. ടിയാൻ ഈ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ആളായതിനാലാണ് ടിയാനെ ഗുണഭോക്തൃ കൺവീനറായി തിരഞ്ഞെടുത്തത്. ടി പ്രവൃത്തി ചെയ്തിട്ടുള്ളതും മെപ്പടി വർക്കിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഗുണഭോക്തൃ കൺവീനർ വർക്ക് എന്ന നിലയിൽ ഒഴിവാക്കിയാണ്.<br>ടി പ്രവർത്തിക്ക് ഗുണഭോക്തൃ സമിതി കൺവീനറായി തിരഞ്ഞെടുത്തിട്ടുള്ള ശ്രീ. ഗോപിനാഥൻ നായരും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. ബെന്നിയും കരാറിൽ ഒപ്പ് വെച്ചിട്ടുള്ളതാണ്.<br>മേൽ പ്രവർത്തിക്ക് ചിലവായ മുഴുവൻ തുകയുടെയും ബില്ലുകളും |

| | | | |
|---|---|---|---|
| | | കാരണക്കാരായവർ പഞ്ചായത്തു ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കാവുന്നതാണ്. ആ നിലയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ.ബെന്നി, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. സോമൻ എന്നിവർ നടപടി നേരിടാൻ ബാദ്ധ്യസ്ഥരാണ്. ഗുണഭോക്തൃ സമിതി പഞ്ചായത്ത് സെക്രട്ടറിയുമായി കരാർ വയ്ക്കുമ്പോൾ കരാറിൽ കൺവീനർ, ചെയർമാൻ, മറ്റ് കമ്മിറ്റി അംഗങ്ങൾ എന്നിവരും ഒപ്പുവയ്ക്കേണ്ടതാണ്. ഇപ്രകാരം ഒരു കരാർ ചമച്ചിട്ടില്ല. ആയതിനാൽ കൺവീനർ ബിനാമി ആണെന്നതിൽ സംശയമില്ല. പണി പൂർത്തിയായി ബന്ധപ്പെട്ട കണക്കുകൾ ബാങ്ക് പാസ് ബുക്ക്, വൗച്ചറുകൾ, വിശദമായ വരവ് ചെലവ് കണക്കുകൾ ഇവയൊന്നും പഞ്ചായത്തിൽ തിരികെ ഏൽപിച്ചിട്ടില്ല.<br>കോൺട്രാക്ടർ ബിനാമി കൺവീനർ ആയപ്പോൾ മൊത്തമുള്ള ബില്ലിൽ നിന്നും ഈടാക്കേണ്ട വിൽപ്പന നികുതി, ആദായ നികുതി, ക്ഷേമനിധി വിഹിതം എന്നിവ പഞ്ചായത്ത് ഫണ്ടിൽ നിന്നും കൊടുക്കേണ്ടി വന്നു. ഈ ഇനത്തിൽ ചെലവാക്കിയ 22,304/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനും, ക്രമക്കേട് സംബന്ധിച്ച സമഗ്ര അന്വേഷണത്തിനും ശുപാർശ ചെയ്യുന്നു. | വൗച്ചറുകളും കമ്മിറ്റി പാസാക്കി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.<br>ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ കാലപ്പഴക്കം മൂലവും കൃത്യമായി അറ്റകുറ്റപ്പണി നടത്താത്തതുമൂലവും നശിച്ച് പോകുമായിരുന്ന പൊതുമുതൽ കാര്യക്ഷമമായി പരിരക്ഷിക്കുക എന്നത് മാത്രമായിരുന്നു ലക്ഷ്യം.<br>ടി വർക്കിന്റെ പാർട്ട് ബില്ലിന്റെ പേയ്മെന്റ് കാലയളവിലാണ് പരാമർശ വിധേയനായ ശ്രീ. ബെന്നി ബി.ഡി.ഒ ആയി പ്രവർത്തിച്ചിരുന്നത്. ടി പേയ്മെന്റിൽ ബില്ലിൽ നിന്നും ഈടാക്കേണ്ട വിൽപന നികുതി, ക്ഷേമനിധി വിഹിതം എന്നിവ നേരിട്ട് കൺവീനറിൽ നിന്നും ഈടാക്കുകയാണുണ്ടായത്. ആയതിനാൽ പ്രസ്തുത പരാമർശത്തിൽ നിന്നും ടിയാനെ ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. ടി ബില്ലിന്റെ ഫൈനൽ പേയ്മെന്റ് നടന്ന കാലയളവിലെ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയി പ്രവർത്തിച്ചിരുന്ന ശ്രീ. എ.കെ.രാജൻ മരണപ്പെട്ടുവെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 2008-09<br>3.5.9 | കഞ്ഞിക്കുഴി | **വനിതാ സ്വയം തൊഴില് സംരംഭങ്ങള്-അനര്ഹര്ക്ക് ആനുകൂല്യം നല്കിയത്**<br>ബ്ലോക്ക് പഞ്ചായത്തില്പ്പെടുന്ന 5 പഞ്ചായത്തുകളിലെ | നിലവിൽ ലഭ്യമായ ഫയലുകൾ പരിശോധിച്ചതിൽ നിന്നും എല്ലാ ഗ്രൂപ്പുകളും 6 മാസത്തിൽ ഏറെയായി പ്രവർത്തിച്ചുവരുന്നതും ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതുമാണ്. ഫയലിൽ പാസ്സ് ബുക്കിന്റെ ഒന്നാം പേജിന്റെയും കോപ്പിയാണ് സൂക്ഷിച്ചിരിക്കുന്നത്. സംഘം |

| | | | |
|---|---|---|---|
| | | കുറഞ്ഞത് 6 മാസം തുടര്ച്ചയായി പ്രവര്ത്തിക്കുന്നതും 1-ാം ഗ്രേഡിംഗ് കഴിഞ്ഞതുമായ 30 വനിതാ സ്വാശ്രയ ഗ്രൂപ്പുകള്ക്ക് റിവോള്വിംഗ് ഫണ്ടിനത്തില് 10,000/- രൂപ വീതം നല്കുന്നതായിരുന്നു പദ്ധതി. ഈ പദ്ധതിയില് ആനുകൂല്യം ലഭിച്ച എല്ലാ ഗ്രൂപ്പുകളും ബാങ്ക് അക്കൗണ്ട് ആരംഭിച്ചിരിക്കുന്നത് .12/06-ല് (പദ്ധതി പണം ചെലവഴിക്കുന്നതിന് 3 മാസം മുമ്പ്) മാത്രമാണ്. ഗ്രേഡിംഗില് മിനിമം മാര്ക്ക് ലഭിച്ചിട്ടില്ലാത്ത 6 ഗ്രൂപ്പുകള്ക്കും പദ്ധതി ആനുകൂല്യം നല്കിയിട്ടുണ്ട്. പദ്ധതി ആനുകൂല്യം ലഭിച്ച ഗ്രൂപ്പുകളുടെ ബാങ്ക് അക്കൗണ്ടില് നിന്നും പിന്വലിച്ച തുക പദ്ധതി വിഭാവനം ചെയ്തിരുന്ന പോലെ തിരികെ ഒടുക്കിയിട്ടില്ല. ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പുകള് ഹാജരാക്കിയ എഗ്രിമെന്റ് പ്രകാരമുള്ള തൊഴില് സംരംഭങ്ങള് ആരംഭിച്ചുവോ എന്നതും വ്യക്തമല്ല. വ്യക്തമായ മോണിട്ടറിംഗും നിര്വ്വഹിക്കപ്പെട്ടിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി ഇക്കാര്യം പരിശോധിച്ച് അനര്ഹര്ക്ക് നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്. | തുടങ്ങിയ തീയതിയും ബാങ്ക് പാസ്സ് ബുക്ക് അക്കൗണ്ട് നമ്പരും അപേക്ഷയില് തന്നെ കാണിച്ചിട്ടുള്ളതും വി.ഇ.ഒ മാര് ശുപാര്ശ ചെയ്തിട്ടുള്ളതുമാണ്.<br>ഫീല്ഡ് തല പരിശോധനയില് റിവോള്വിംഗ് ഫണ്ട് ലഭിച്ച 30 ഗ്രൂപ്പുകളും നന്നായി പ്രവര്ത്തിക്കുന്നുണ്ടെന്ന് ഓരോ പഞ്ചായത്തിലെയും കുടുംബശ്രീ, സി.ഡി.എസ് റിപ്പോര്ട്ട് ചെയ്തിട്ടുണ്ട്. 2010 മുതല് ബ്ലോക്കില് പ്രവര്ത്തിച്ചിരുന്ന സ്വയം സഹായ സംഘങ്ങള് കുടുംബശ്രീയില് ലയിപ്പിച്ചതിനാല് ഈ ഗ്രൂപ്പുകളുടെ മേല്നോട്ട ചുമതല കുടുംബശ്രീ സി.ഡി.എസില് നിക്ഷിപ്തമാണ്. 2014-ലെ ബൈലോ ഭേദഗതി പ്രകാരം 20 അംഗങ്ങളില് കൂടുതലുള്ള കുടുംബശ്രീകള് 2 കുടുംബശ്രീ യൂണിറ്റായി പ്രവര്ത്തിക്കേണ്ടതാണെന്ന നിര്ദ്ദേശ പ്രകാരം 13 കുടുംബശ്രീ യൂണിറ്റുകള് വേറെ പേരുകള് സ്വീകരിച്ച് 2 യൂണിറ്റുകളായി പ്രവര്ത്തിച്ചുവരുന്നു. 10,000/- രൂപ റിവോള്വിംഗ് ഫണ്ടും 15,000/- രൂപ ബാങ്ക് വായ്പയും എടുത്ത് ചെറിയ സംരംഭങ്ങള് ആരംഭിച്ച ഈ ഗ്രൂപ്പുകള് നന്നായി പ്രവര്ത്തിക്കുന്നതുകൊണ്ടും വായ്പാ തിരിച്ചടവ് കൃത്യമായതുകൊണ്ടും വലിയ തുകകള് ബാങ്ക് ഈ ഗ്രൂപ്പുകള്ക്ക് വായ്പ നല്കിയതായും അറിയാന് കഴിഞ്ഞിട്ടുണ്ട്.<br>രണ്ടാമതായി പറയുന്നത് ഗ്രേഡിംഗില് പാസ്സാകാത്ത 6 ഗ്രൂപ്പുകള്ക്ക് ഫണ്ട് അനുവദിച്ചു എന്നുള്ളതാണ്. ഗ്രേഡിംഗിന് 2 തരത്തിലുള്ള ഗ്രേഡിംഗ് ഫോറങ്ങളാണ് ഉപയോഗിക്കുന്നത്. ഒന്നില് 120 മാര്ക്ക് വാങ്ങിയാല് പാസ്സാകും, രണ്ടാമത്തതില് 136 മാര്ക്ക് വാങ്ങിയാല് പാസ്സാകും. കൃപ SHG ക്ക് 119 മാര്ക്ക് ലഭിച്ചിരിക്കുന്നതായി കാണുന്നതിന്റെ കാരണം 11-ാമത്തെ ചോദ്യത്തിനുള്ള മാര്ക്ക് കൂട്ടാതിരുന്നതുകൊണ്ടാണ്. പരാമര്ശ സംബന്ധമായ ഗ്രൂപ്പുകളുടെ പൂര്ണ്ണമായ ഗ്രേഡിംഗ് ഷീറ്റ് ഫയലില് വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ഇടങ്ങുന്നതിന് 10000/- രൂപ റിവോൾവിംഗ് ഫണ്ടും, 15000/- രൂപ ക്യാഷ് ക്രഡിറ്റും ഉൾപ്പെടെ 25000/- രൂപ ബാങ്ക് നല്കുകയും സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടി തുക ബാങ്കിൽ തിരിച്ചടക്കുന്നതിന്റെ രേഖ ഗ്രൂപ്പുകാരുടെ കൈവശമുള്ളതാണെന്ന് വി.ഇ.ഒമാരുടെ സന്ദർശനത്തിലും ഇവരുടെ മാസം തോറുമുള്ള മീറ്റിംഗിലും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. മോണിറ്ററിംഗ് നടത്തിയതിന്റെ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.<br><br>2010 മുതൽ ഈ ഗ്രൂപ്പുകൾ നന്നായി പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് സി.ഡി.എസ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശത്തിൽ നിന്ന് ഒഴിവാക്കണമെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. |
| 2008-09<br>3.5.10 | ആര്യാട് | **<u>എ) കുടുംബശ്രീ/വനിത എസ്.എച്ച്.ജി കള്ക്ക് തൊഴില് സംരംഭം ഇടങ്ങുന്നതിനുള്ള ധനസഹായം</u>**<br>നല്ല രീതിയില് പ്രവര്ത്തിക്കുന്ന 20 വനിതാ സ്വയംസഹായ സംഘങ്ങള്ക്ക് പദ്ധതി വിഹിതത്തില് നിന്നും സംരംഭത്തിന് സഹായമേകുക എന്ന പദ്ധതി പ്രകാരം ഒരു ഗ്രൂപ്പിന് 10,000/- രൂപ ക്രമത്തില് 2 ലക്ഷം രൂപ 20 ഗ്രൂപ്പുകള്ക്കായി പിന്വലിച്ച് നല്കിയിട്ടുണ്ട്. ഗ്രൂപ്പുകളുടെ പ്രവര്ത്തനത്തെ സംബന്ധിച്ചുള്ള റിപ്പോര്ട്ടോ, തൊഴില് സംരംഭം ഇടങ്ങിയതിന്റെ വരവുചെലവ് കണക്കുകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രവര്ത്തനത്തിന്റെ ഇടര്നടപടികളെക്കുറിച്ച് ഒരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല. പദ്ധതി തുകയുടെ വിനിയോഗം ശരിയായ രീതിയില് നടന്നിട്ടുണ്ടോയെന്ന് | (എ) കുടുംബശ്രീ/വനിത എസ്.എച്ച്.ജി. കൾക്ക് തൊഴിൽ സംരംഭം ഇടങ്ങുന്നതിനുള്ള ധനസ ഹായം.<br>നല്ല രീതിയിൽ പ്രവർത്തിക്കുന്ന 20 വനിത സ്വയം സഹായ സംഘങ്ങൾക്ക് പദ്ധതി വിഹിതത്തിൽ നിന്നും സബ്സിഡിയും ബാങ്ക് വായ്പയും ലഭ്യമാക്കി തൊഴിൽ സംരംഭത്തിന് സഹായമേകുക എന്ന പദ്ധതി പ്രകാരം ഒരു ഗ്രൂപ്പിന് 10,000/- രൂപ ക്രമത്തിൽ 20 ഗ്രൂപ്പുകൾക്ക് താഴെ പറയും പ്രകാരം 2,00,000/- രൂപ നൽകിയിട്ടുണ്ട്. |

| ക്രമ നമ്പർ | എസ്.എച്ച്.ജി. ഗ്രൂപ്പിന്റെ പേര് | പഞ്ചായത്ത്/ വാർഡ് | തുക | അനുവദിച്ച വിവരം |
|---|---|---|---|---|
| 1 | റൂത്ത് | ആര്യാട്/13 | 10,000 | ഡി.ഡി.നം 1402574867 തിയതി |

ഉറപ്പുവരുത്തേണ്ടതാണ്.

| | | | | |
|---|---|---|---|---|
| | | | | 03/03/2006 |
| 2 | ഉദയശ്രീ | ആര്യാട്/12 | 10,000 | ഡി.ഡി.നം. 1402574868 തീയതി 03/03/2006 |
| 3 | ശ്രീലക്ഷ്മി | ആര്യാട്/11 | 10,000 | ഡി.ഡി.നം. 1402574869 തീയതി 03/03/2006 |
| 4 | തോമസ് | മാരാരിക്കുളം തെക്ക്/4 | 10,000 | ഡി.ഡി.നം. 1402574870 തീയതി 03/03/2006 |
| 5 | ഗോകുലം | മാരാരിക്കുളം തെക്ക്/1 | 10,000 | ഡി.ഡി.നം. 1402574871 തീയതി 03/03/2006 |
| 6 | ഹലീമ | മണ്ണഞ്ചേരി/11 | 10,000 | ഡി.ഡി.നം. 1402574872 തീയതി 03/03/2006 |
| 7 | ദിവ്യ ജ്യോതി | മണ്ണഞ്ചേരി/19 | 10,000 | ഡി.ഡി.നം. 1402574873 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | തീയതി: 03/03/2006 |
| | | | 8 | മൂകാംബിക | മണ്ണഞ്ചേരി/12 | 10,000 | ഡി.ഡി.നം 1402574874 തീയതി: 03/03/2006 |
| | | | 9 | പല്ലവി | മണ്ണഞ്ചേരി/20 | 10,000 | ഡി.ഡി.നം 1402574875 തീയതി: 03/03/2006 |
| | | | 10 | ധനി | മാരാരിക്കുളം തെക്ക്/18 | 10,000 | ഡി.ഡി.നം 1402574876 തീയതി: 03/03/2006 |
| | | | 11 | റെഡ് സ്റ്റാർ | മാരാരിക്കുളം തെക്ക്/15 | 10,000 | ഡി.ഡി.നം 1402574877 തീയതി: 03/03/2006 |
| | | | 12 | സെവൻ റോസ് | മാരാരിക്കുളം തെക്ക്/13 | 10,000 | ഡി.ഡി.നം 1402574878 തീയതി: 03/03/2006 |
| | | | 13 | ലിറ്റിൽ ഫ്ളവർ | മാരാരിക്കുളം തെക്ക്/18 | 10,000 | ഡി.ഡി.നം 1402574879 തീയതി: |

| | | | | |
|---|---|---|---|---|
| | | | | 03/03/2006 |
| 14 | പാർവ്വതി | മാരാരിക്കുളം തെക്ക്/19 | 10,000 | ഡി.ഡി.നം 1402574880 തിയതി: 03/03/2006 |
| 15 | കരുണ | മാരാരിക്കുളം തെക്ക്/20 | 10,000 | ഡി.ഡി.നം 1402574881 തിയതി: 03/03/2006 |
| 16 | യോജന | മാരാരിക്കുളം തെക്ക്/20 | 10,000 | ഡി.ഡി.നം 1402574882 തിയതി: 03/03/2006 |
| 17 | സുഗത | മാരാരിക്കുളം തെക്ക്/20 | 10,000 | ഡി.ഡി.നം 1402574883 തിയതി: 03/03/2006 |
| 18 | ഡയാന | മാരാരിക്കുളം തെക്ക്/19 | 10,000 | ഡി.ഡി.നം 1402574884 തിയതി: 03/03/2006 |
| 19 | അപർണ | ആര്യാട്/10 | 10,000 | ഡി.ഡി.നം 1402574885 തിയതി: 03/03/2006 |

| | | | | |
|---|---|---|---|---|
| 20 | ആരതി | ആര്യാട്/10 | 10,000 | ഡി.ഡി.നം<br>1402574886<br>തിയതി:<br>03/03/2006 |

ടി ഗ്രൂപ്പുകളുടെ പ്രവർത്തന റിപ്പോർട്ട് ഇതോടൊപ്പം സമർപ്പിക്കുന്നു.

1) റൂത്ത്, എസ്.എച്ച്.ജി., ആര്യാട് ഗ്രാമപഞ്ചായത്ത്, വാർഡ്-16

ഈ തുക വിനിയോഗിച്ച് സോപ്പ് പൊടി, മെഴുക് തിരി എന്നീ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്ത് വരുന്നതും, 2010 മുതൽ റൂത്ത് കുടുംബശ്രീ യൂണിറ്റായി ഇപ്പോഴും പ്രവർത്തിച്ച് വരുന്നതായി റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

2) ദിവ്യജ്യോതി, എസ്.എച്ച്.ജി., മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്, വാർഡ്-19

നിലവിൽ ഈ ഗ്രൂപ്പ് പ്രവർത്തിച്ചുവരുന്നതായി റിപ്പോർട്ട് ചെയ്യുന്നു.

3) ഗോകുലം, എസ്.എച്ച്.ജി., മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്, വാർഡ്-1

നിലവിൽ ഈ ഗ്രൂപ്പ് പ്രവർത്തിച്ചുവരുന്നതായി റിപ്പോർട്ട് ചെയ്യുന്നു.

4) അപർണ്ണ, എസ്.എച്ച്.ജി., ആര്യാട് ഗ്രാമപഞ്ചായത്ത്, വാർഡ്-10

നിലവിൽ ടി ഗ്രൂപ്പ് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നതായി റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

5) ആരതി, എസ്.എച്ച്.ജി., ആര്യാട് ഗ്രാമപഞ്ചായത്ത്, വാർഡ്-10

അരിയും മറ്റ് വീട്ടു സാധനങ്ങളും വിതരണം ചെയ്യുന്ന യൂണിറ്റായി പ്രവർത്തിച്ചുവരുന്നതായി റിപ്പോർട്ട് ചെയ്യുന്നു.

കൂടാതെ ടി ഗ്രൂപ്പുകളോടൊപ്പം തൊഴിൽ സംരംഭം

| | | | |
|---|---|---|---|
| | | | ഉപജീവനത്തിന് ധനസഹായം നൽകിയ താഴെ പറയുന്ന ഗ്രൂപ്പുകളായ<br>6) ശ്രീലക്ഷ്മി എസ്.എച്ച്.ജി., ആര്യാട് ഗ്രാമപഞ്ചായത്ത്, വാർഡ്-11,<br>7) തെരേസ്, എസ്.എച്ച്.ജി., മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്, വാർഡ്-4<br>8) ഹിമ, എസ്.എച്ച്.ജി., മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്, വാർഡ്-11<br>9) മൂകാംബിക, എസ്.എച്ച്.ജി., മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്, വാർഡ്-12<br>10) പല്ലവി, എസ്.എച്ച്.ജി., മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്, വാർഡ്-20<br>11) ധനി, എസ്.എച്ച്.ജി., മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്, വാർഡ്-1<br>12) റെഡ് സ്റ്റാർ, എസ്.എച്ച്.ജി., മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്, വാർഡ്-15<br>13) സെവൻ റോസ്, എസ്.എച്ച്.ജി., മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്, വാർഡ്-15<br>14) ലിറ്റിൽ ഫ്ളവർ, എസ്.എച്ച്.ജി., മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്, വാർഡ്-18<br>15) പൗർണമി, എസ്.എച്ച്.ജി., മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്, വാർഡ്-19<br>16) കരുണ, എസ്.എച്ച്.ജി., മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്, വാർഡ്-20<br>17) യമുന, എസ്.എച്ച്.ജി., മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്, വാർഡ്-20<br>18) സുഹ്റത, എസ്.എച്ച്.ജി., മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്, വാർഡ്-20<br>19) ഡയാന, എസ്.എച്ച്.ജി., മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്, വാർഡ്-19<br>20) ഉദയശ്രീ, എസ്.എച്ച്.ജി., ആര്യാട് ഗ്രാമപഞ്ചായത്ത്, വാർഡ്-12 |

| | | | |
|---|---|---|---|
| | | | മേല്പ്പറഞ്ഞ ഗ്രൂപ്പുകള് പ്രവര്ത്തനം ആരംഭിച്ചുവെങ്കിലും, നിലവില് വിവിധ കാരണങ്ങളാല് ഈ ഗ്രൂപ്പുകള് പ്രവര്ത്തിക്കുന്നില്ല. എങ്കിലും ടി യൂണിറ്റിലെ അംഗങ്ങള് വിവിധ കുടുംബശ്രീ യൂണിറ്റുകളില് ചേര്ന്ന് പ്രവര്ത്തിക്കുന്നതായി റിപ്പോര്ട്ട് ചെയ്യുന്നു. |
| | | <u>ബി) എസ്.സി സ്വയംസഹായ സംഘത്തിന് റിവോള്വിംഗ് ഫണ്ട്</u><br><br>പദ്ധതി പ്രകാരം തൊഴില് സംരംഭങ്ങള് ആരംഭിക്കുന്നതിനായി 10,000/- രൂപ വീതം എസ്.സി വിഭാഗത്തിലെ 5 വനിത സ്വയംസഹായ സംഘങ്ങള്ക്ക് വിനിയോഗിച്ച് തൊഴില് സംരംഭം ഇടങ്ങിയതിന്റേയോ, തൊഴില് ഇടങ്ങുന്നതിന്റെ പ്രവര്ത്തന റിപ്പോര്ട്ടോ മോണിട്ടറിംഗ് റിപ്പോര്ട്ടോ ഇല്ല. ചെലവിന്റെ നിജസ്ഥിതി അന്വേഷണ വിധേയമാക്കേണ്ടതാണ്. | 3.5.10 ബി) എസ്.സി. സ്വയംസഹായ സംഘത്തിന് റിവോള്വിംഗ് ഫണ്ട്<br><br>പദ്ധതി പ്രകാരം തൊഴില് സംരംഭങ്ങള് ആരംഭിക്കുന്നതിനായി 10,000/- രൂപ വീതം എസ്.സി. വിഭാഗത്തിലെ അഞ്ച് വനിതാ സ്വയംസഹായ സംഘങ്ങള്ക്ക് പദ്ധതി വിഹിതത്തില് നിന്ന് നല്കി. പദ്ധതി പണം വിനിയോഗിച്ച് സ്വയം സംരംഭങ്ങള് ഇടങ്ങിയതിന്റേയോ തൊഴില് ഇടങ്ങുന്നതിന്റേയോ പ്രവര്ത്തന റിപ്പോര്ട്ടോ മോണിറ്ററിംഗ് റിപ്പോര്ട്ടോ ഇല്ല എന്നത് സംബന്ധിച്ച്.<br>തിരുവോണം, ആര്യാട് ഗ്രാമപഞ്ചായത്ത്, (വാര്ഡ്-4), സൂര്യപ്രഭ-(വാര്ഡ്-5), വിണ്ണ് (വാര്ഡ്-7) എന്നീ എസ്.എച്ച്.ജി. ഗ്രൂപ്പുകള്ക്കും, മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിലെ ആദിത്യ-(വാര്ഡ്-2), പഞ്ചമി (വാര്ഡ്-5) എന്നീ ഗ്രൂപ്പുകള്ക്ക് റിവോള്വിംഗ് ഫണ്ട് നല്കിയിട്ടുള്ളത്. പ്രസ്തുത ഗ്രൂപ്പുകളും നല്ല രീതിയില് പ്രവര്ത്തിക്കുന്നു. എന്നാല് കാലക്രമേണ ഗ്രൂപ്പുകള് പ്രവര്ത്തനരഹിതമായിട്ടുള്ളതാണെന്നും, ഇതില് ആദിത്യ ഗ്രൂപ്പിന് അനുവദിച്ച റിവോള്വിംഗ് ഫണ്ട് നാളിതുവരെ വിനിയോഗിച്ചിട്ടില്ലായെന്നും, ആയത് അവരുടെ ബാങ്ക് അക്കൗണ്ടില് ഇപ്പോഴും നിക്ഷേപിച്ചിട്ടുള്ളതാണെന്നും റിപ്പോര്ട്ട് ചെയ്യുന്നു. (ബാങ്ക് പാസ് ബുക്ക് ലഭ്യമല്ല) തിരുവോണം, സൂര്യപ്രഭ എന്നീ ഗ്രൂപ്പുകളുടെ ബാങ്ക് പാസ് ബുക്ക് പരിശോധനയ്ക്കായി സമര്പ്പിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| | | | ചെറുകിട ഗ്രാമീണ ഉൽപ്പന്നങ്ങൾക്ക് കാലക്രമത്തിൽ ഗണ്യമായ മാർക്കറ്റ് ലഭ്യത കുറഞ്ഞതും മറ്റ് ഉൽപ്പന്നങ്ങളോട് മത്സരിച്ച് നിലനിൽക്കുവാൻ സാഹചര്യം ഇല്ലാതിരുന്നതിനാലും വരുമാനക്കുറവ് നിമിത്തം നിത്യവൃത്തിക്കായി മറ്റ് ജോലിയിൽ വ്യാപൃതരായതും തൊഴിലുറപ്പ് പോലുള്ള പദ്ധതികളിൽ ഏർപ്പെട്ട് പ്രവർത്തിക്കുന്നതിനാലും ടി ഉൽപ്പന്നങ്ങളുടെ നിർമ്മാണം ശരിയായി മുന്നോട്ട് പോകുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടാണ് ഗ്രൂപ്പുകൾ പലതും ഇപ്പോൾ പ്രവർത്തന രഹിതമാണെന്ന് ബോധ്യപ്പെടുന്നു. ഗ്രൂപ്പുകൾക്ക് എല്ലാംതന്നെ എസ്.ജി.എസ്.വൈ. മാനദണ്ഡ പ്രകാരമാണ് സംഘങ്ങൾക്ക് തുക അനുവദിച്ചിരിക്കുന്നത് .. പ്രസ്തുത ഗ്രൂപ്പ് അംഗങ്ങളിൽ ഭൂരിഭാഗം പേരും മറ്റ് തൊഴിലുകളോടൊപ്പം വിവിധ കുടുംബശ്രീ / സ്വാശ്രയ സംഘങ്ങളിൽ ചേർന്ന് പ്രവർത്തിക്കുന്നതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടു. 2012-ൽ എസ്.ജി.എസ്.വൈ. പദ്ധതിയിൽ സർക്കാർ നിർത്തലാക്കിയതിന് ശേഷം പ്രസ്തുത ഗ്രൂപ്പുകളുടെ അവലോകനം, പുനരുജ്ജീവിപ്പിക്കൽ, സംഘാടനം തുടങ്ങിയ മോണിറ്ററിംഗ് പ്രവർത്തികൾ ഓഫീസ് തലങ്ങളിൽ ചെയ്തുവന്നിട്ടില്ലാത്തതും ടി ഗ്രൂപ്പുകളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. എന്നിരുന്നാലും സർക്കാർ ഉദ്ദേശിച്ച ഫലപ്രാപ്തി പ്രാഥമിക കാലഘട്ടത്തിൽ യൂണിറ്റുകൾ പ്രയോജനപ്പെടുത്തി വിജയിപ്പിച്ചിട്ടുള്ളതും തുക യഥാവിധി വിനിയോഗിച്ചിട്ടുള്ളതായും ബോധ്യപ്പെട്ടിട്ടുള്ളതാണ് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |
| 2009-10<br>3.8.16 | ചെങ്ങന്നൂർ | <u>മാർഗ്ഗനിർദ്ദേശം ലംഘിച്ച് ഐ എ വൈ ധനസഹായം നല്കി</u><br><br>തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2-3-2000 ലെ 1530/പി ബി/2000/തസ്വഭവ, 23/10/2001 ലെ 8034/പി ബി | ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2007-08 വർഷത്തിൽ ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം പട്ടികജാതി, ജനറൽ വിഭാഗങ്ങളിൽപെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് സഹായം നൽകുകയുണ്ടായി. ടി പദ്ധതി പ്രകാരം വാസയോഗ്യമായ ഭവനമില്ലാത്തവരെ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾ സമർപ്പിക്കുന്ന |

| | | | |
|---|---|---|---|
| | | 1/2001/തസ്വഭവ(ആർഡിപി ബി)എന്നീ സർക്കലറുകളിലെ ഐ എ വൈ മാർഗ്ഗനിർദ്ദേശങ്ങള് ലംഘിച്ച് കൊണ്ട് നിലവിൽ വാസയോഗ്യമായ വീടുള്ള വ്യക്തികള്ക്ക് ഭവനനിർമാണത്തിന് ആനുകൂല്യം നൽകി. ഇന്ദിര ആവാസ് യോജന പദ്ധതിയുടെ ജനറൽ/പട്ടികജാതി വിഭാഗത്തിൽപെട്ട ഗുണഭോക്താക്കള്ക്ക് അധിക ധനസഹായം നൽകുന്നതിനായി നടപ്പിലാക്കിയ പദ്ധതികളിലാണ് ഇപ്രകാരം ക്രമക്കേടുകൾ നടന്നിട്ടുള്ളത്. ജനറൽ വിഭാഗത്തിൽ 12,30,000 രൂപയും പട്ടികജാതി വിഭാഗത്തിൽ 55,67,500 രൂപയും 2007-08 വർഷം വികസന ഫണ്ടിൽ നിന്നും ഭവനനിർമാണത്തിന് ചെലവഴിച്ചിട്ടുണ്ട്. ഭവനരഹിതരായ /വാസയോഗ്യമായ വീടില്ലാത്ത ഗുണഭോക്താക്കൾക്കാണ് ആനുകൂല്യത്തിന് അർഹയുള്ളത്. ഇതിന് വിരുദ്ധമായി നിലവിൽ വാസയോഗ്യമായ വീടുള്ളവരെ എക്സ്റ്റെൻഷൻ എന്ന് വിതരണ രജിസ്റ്ററിൽ ഗ്രൂപ്പുകളും ബാങ്ക് അക്കൗണ്ട് ആരംഭിച്ചിരിക്കുന്നത് 12/06 ൽ (പദ്ധതിപ്പണം ചെലവഴിക്കുന്നതിന് 3 മാസം മുൻപ് )മാത്രമാണ്. ഗ്രേഡിങ്ങിൽ മിനിമം മാർക്ക് ലഭിച്ചിട്ടില്ലാത്ത 6 ഗ്രൂപ്പുകൾക്കും പദ്ധതി ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതി ആനുകൂല്യം ലഭിച്ച ഗ്രൂപ്പുകളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക പദ്ധതി വിഭാവനം ചെയ്യുന്നത് പോലെ തിരികെ ഒടുക്കിയിട്ടില്ല. ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പുകളങ്ങ ഹാജരാക്കിയ എഗ്രിമെന്റ് പ്രകാരമുള്ള തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചുവോ എന്നതും വ്യക്തമല്ല. വ്യക്തമായ മോണിട്ടറിങ്ങും നിർവ്വഹിക്കപ്പെട്ടിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി ഇക്കാര്യം പരിശോധിച്ച് | ഗ്രാമസഭ ലിസ്റ്റിൽ നിന്നാണ് ഗുണഭോക്കൾക്ക് സഹായം നൽകി വരുന്നത്. ഇപ്രകാരം ലഭിക്കുന്ന ഗുണഭോക്തൃ ലിസ്റ്റ് അതാത് വില്ലേജ് എക്സ്റ്റൻഷൻ ആഫീസർമാർ പരിശോധിച്ച് അർഹത ബോദ്ധ്യപ്പെട്ട ശേഷം ആവശ്യമായ റിപ്പോർട്ടുകൾ സഹിതമാണ് ബ്ലോക്ക് പഞ്ചായത്തിലേക്ക് കരാർ വച്ച് ധനസഹായം ലഭ്യമാക്കുന്നതിനായി അയയ്ക്കുന്നത്. ഈ നടപടികൾ പാലിച്ചുതന്നെയാണ് തദ്വർഷം ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുള്ളത്.<br>എന്നാൽ 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട 12 ഗുണഭോക്താക്കൾക്കും ജനറൽ വിഭാഗത്തിൽപ്പെട്ട 8 ഗുണഭോക്താക്കൾക്കും വാസയോഗ്യമായ വീടുണ്ടായിരുന്നുവെന്നും ഇവർക്ക് ധനസഹായത്തിന് അർഹതയില്ലായിരുന്നുവെന്നും ടി തുക ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.<br>ഈ വിഷയത്തിൽ ബന്ധപ്പെട്ട വി.ഇ.ഒ മാർക്ക് മെമ്മോ നൽകുകയും ഇവർ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. ടി മറുപടിയുടെയും അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ ആഡിറ്റിൽ പരാമർശിക്കപ്പെട്ട ക്രമക്കേടുകൾ ഈ വിഷയത്തിൽ ഉണ്ടായിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടു.<br>പരാമർശവിധേയമായ 20 ഗുണഭോക്താക്കളുടെയും നിലവിലുണ്ടായിരുന്ന വീടുകൾ കാലപ്പഴക്കത്താൽ തകർന്നതും വാസയോഗ്യമല്ലാത്തതുമായ അവസ്ഥയിലുമായിരുന്നതിനാൽ രണ്ടോ മൂന്നോ സെന്റ് സ്ഥലത്ത് വളരെ വർഷങ്ങൾക്ക് മുമ്പ് പണിയപ്പെട്ട ടി വീടുകൾ പൂർണ്ണമായും പൊളിച്ചു നീക്കിയതിനു ശേഷം പുതിയ വീട് നിർമ്മിക്കുവാനാണ് ടി ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ പട്ടികജാതി, ജനറൽ വിഭാഗത്തിൽപ്പെട്ട നിർധനരും കിടപ്പിലായ രോഗികൾ ഉൾപ്പെടുന്നതും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുമായ ടി കുടുംബങ്ങൾക്ക്, തങ്ങൾ |

| | | | |
|---|---|---|---|
| | | അനർഹർക്ക് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് | താമസിച്ചുവന്നിരുന്ന വീട് പൂർണ്ണമായും പൊളിച്ചുമാറ്റി പുതിയ ഷെഡ് വെയ്ക്കുന്നതിന് സാമ്പത്തിക മാർഗ്ഗമില്ലാത്തവർ ആയിരുന്നു. ടിയാളുകൾ തങ്ങൾ താമസിച്ചു വന്നിരുന്ന മുറികൾ, പുതിയ വീട് നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പൊളിച്ചു നീക്കിക്കൊള്ളാം എന്ന് സമ്മതിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തികച്ചും മാനുഷിക പരിഗണന മാത്രം നൽകിയാണ് ടി വീടുകൾ നിർമ്മിക്കുന്നതിന് 1,2 ഗഡുക്കൾ അനുവദിച്ചത്. ടി കാര്യങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിക്ക് തികഞ്ഞ ബോധ്യവും അറിവും ഉള്ള വസ്തുതകളാണ്. എന്നാൽ ടി വീടുകളുടെ നിർമ്മാണം പാതി വഴിയിൽ എത്തിയപ്പോഴാണ് ബ്ലോക്കിലെ പുതിയ എക്സ്റ്റൻഷൻ ആഫീസർ (ഹൗസിംഗ്) ആയി ശ്രീ.വിജയകുമാർ ചാർജ്ജ് എടുക്കുകയും ടി ഗുണഭോക്താക്കളുടെ വാസയോഗ്യമല്ലാത്ത വീടുകളുടെ ഭാഗങ്ങൾ പൂർണ്ണമായും പൊളിച്ചുനീക്കിയിട്ടില്ലായെന്നും നിലവിലുള്ള വീട് എക്സ്റ്റന്റ് ചെയ്യുവാൻ ആണ് സഹായം അനുവദിച്ചിരിക്കുന്നതെന്നും പറയുകയും നിലവിലെ ടി കുടുംബങ്ങളുടെ അവസ്ഥയും യഥാർത്ഥ വസ്തുതകളും അവഗണിച്ച് ടി സഹായങ്ങൾ അർഹത ഇല്ലാത്തതാണെന്നും പദ്ധതി രജിസ്റ്ററിൽ ബന്ധപ്പെട്ട പേജുകളിൽ പിന്നീട് എക്സ്റ്റൻഷൻ എന്ന് രേഖപ്പെടുത്തുകയും ചെയ്തു. കൂടാതെ ആഡിറ്റ് ടീമിന് മുമ്പാകെ ടി വിഷയം തെറ്റിദ്ധാരണാജനകമായി അവതരിപ്പിക്കുകയും ചെയ്തു. രജിസ്റ്ററിലെ ടി രേഖപ്പെടുത്തലിന്റെയും ടി ഉദ്യോഗസ്ഥന്റെ തെറ്റായ റിപ്പോർട്ടിന്റെയും വെളിച്ചത്തിലാണ് ലോക്കൽ ഫണ്ട് ആഡിറ്റ് ടി വീടുകൾ വാസയോഗ്യമായിരുന്നുവെന്നും നിലവിലെ വീട് പൊളിച്ചുമാറ്റാതെ വീട്ട പണിയാൻ അനുവദിച്ചതിനാൽ അർഹത ഇല്ലാത്ത ആളുകൾക്ക് ധനസഹായം നൽകിയെന്നും പരാമർശിക്കപ്പെട്ടിട്ടുള്ളത്. ടി റിപ്പോർട്ടിന്റെ വെളിച്ചത്തിൽ . ടി കുടുംബങ്ങൾക്ക് നൽകി വന്ന ധനസഹായം നിർത്തി വെയ്ക്കുകയും തുടർന്ന് നാളിതുവരെ തുടർ ഗഡുക്കൾ നൽകിയിട്ടില്ലാത്തതുമാണ്. |

| | | | |
|---|---|---|---|
| | | | ഉടമകളാണെന്നതാൽ തന്നെ സർക്കാരിൽ നിന്നും തുടർന്നും ധനസഹായം ലഭിക്കില്ല എന്ന അറിവിന്റെ വെളിച്ചത്തിൽ പണികൾ പൂർത്തീകരിക്കാൻ കഴിയാതെ വരികയും പൊളിച്ചുനീക്കണമെന്ന് സമ്മതിച്ചിരുന്ന വീടിന്റെ ഭാഗങ്ങൾ പൂർണ്ണമായും പൊളിച്ചുനീക്കിയിട്ടില്ലാത്തതുമാണ്. ടി ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിക്കുവാൻ കഴിയാത്ത അവസ്ഥയിൽ ആയിരുന്നെങ്കിലും ഇപ്പോൾ ടി വീടുകൾ ഭൂരിഭാഗവും സ്വന്തം നിലയിലും ചെലവിലും ഇതര പണികൾ പൂർത്തീകരിച്ച് താമസിച്ചുവരുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.<br>ടി വിഷയത്തിൽ യാതൊരുവിധ അഴിമതിയോ ധന ദുർവിനിയോഗമോ മാനദണ്ഡലംഘനമോ ഉണ്ടായിട്ടില്ല. മറിച്ച് തികച്ചും അർഹരായ കുടുംബങ്ങളുടെ പ്രത്യേക സാഹചര്യങ്ങൾ മനസ്സിലാക്കി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അറിവോടെ, തികച്ചും മാനുഷിക പരിഗണനകൾക്ക് അർഹരായ പട്ടികജാതി വിഭാഗത്തിലെ ഉൾപ്പെടെയുള്ള 20 കുടുംബങ്ങൾക്ക് വാസയോഗ്യമല്ലാത്ത വീടുകൾ പൊളിച്ചുമാറ്റുവാൻ സാവകാശം നൽകിയെന്ന നടപടി മാത്രമാണ് ഉണ്ടായിട്ടുള്ളത്. ഗുണഭോക്താക്കളുടെ സാമൂഹ്യ സാഹചര്യം നേരിട്ട് കണ്ട് ബോദ്ധ്യപ്പെടുന്ന ഉദ്യോഗസ്ഥനെന്ന നിലയിലും ഗ്രാമ വികസനത്തിന്റെ അന്തസത്ത പ്രാവർത്തികമാക്കാൻ പരിശ്രമിക്കുന്ന ഉദ്യോഗസ്ഥനെന്ന നിലയിലും മാത്രമാണ് വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ, ഹൗസിംഗ് ആഫീസർ, സെക്രട്ടറി എന്നിവർ പ്രവർത്തിച്ചിട്ടുള്ളത്. തികച്ചും നിരുത്തരവാദിത്തപരമായി പെരുമാറിയ ശ്രീ.വിജയകുമാർ (ഹൗസിംഗ് എക്സ്റ്റൻഷൻ ആഫീസർ ) എന്ന ഉദ്യോഗസ്ഥൻ ആഡിറ്റ് ടീമിനെ തെറ്റിദ്ധരിപ്പിച്ചതുമൂലം ഉണ്ടായ പ്രസ്തുത പരാമർശം ഒഴിവാക്കിത്തരണമെന്ന് നിയമസഭാ സമിതിയോട് അപേക്ഷിക്കുന്നു.<br>ടി ആഡിറ്റ് പരാമർശത്തിന് കാരണക്കാരനായ ശ്രീ. വിജയകുമാർ എന്ന ഉദ്യോഗസ്ഥന്റെ പൊതുജനങ്ങളോടുള്ള തെറ്റായ പെരുമാറ്റവും |

| | | | |
|---|---|---|---|
| | | | സമീപനവും ബന്ധപ്പെട്ട കമ്മിറ്റി ടി വിഷയം ഓഡിറ്റ് നടന്ന കാലയളവിന് മുമ്പ് തന്നെ വിശദമായി ചർച്ച ചെയ്യുകയും ടിയാനെ സ്ഥലം മാറ്റുന്നതിനായി നടപടികൾ സ്വീകരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുള്ളതുമാണ്.<br>അതിനാൽ ടി ആഡിറ്റ് പരാമർശവും ഉദ്യോഗസ്ഥർക്കെതിരെയുള്ള നടപടികളും ഒഴിവാക്കി പാവപ്പെട്ടവരും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ 20 കുടുംബങ്ങൾക്ക് നിഷേധിക്കപ്പെട്ട സാമൂഹ്യനീതി ഉറപ്പാക്കി ബാക്കി തുക അനുവദിക്കുന്നതിന അനുമതി നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. |
| 2016-17<br><br>5.1 | ചെങ്ങന്നൂർ | <u>ചെയ്യാത്ത പ്രവൃത്തികൾ ചെയ്തതായി രേഖപ്പെടുത്തി-അധികം ചെലവ് ചെയ്തു.</u><br>ബ്ലൂസ്റ്റാർ കമ്പനിയുടെ 2 ടണ്ണിന്റെ 3 സ്റ്റാർ എയർ കണ്ടീഷണർ ഒന്നിന് ഫിറ്റിംഗ് ആന്റ് സർവ്വീസ് ചാർജടക്കം 41,500/- രൂപ മാർക്കറ്റ് വിലയുള്ളപ്പോൾ വെർച്വൽ ക്ലാസ്സ് റൂം എന്ന പദ്ധതിയുടെ നിർവ്വഹണ ഏജൻസി 91,600/- രൂപ നിരക്കിൽ 2 എണ്ണത്തിന് 1,83,200/- രൂപയുടെ ഇൻവോയിസ് നൽകി. ഇതനുസരിച്ച് തുക നൽകി. | ചെങ്ങന്നൂർ ബ്ലോക്ക് വിർച്വൽ ക്ലാസ്സ് റൂം സജ്ജീകരിക്കൽ പ്രവൃത്തിയുടെ ഭാഗമായി 2 ടൺ കപ്പാസിറ്റിയുള്ള ടൺ എയർ കണ്ടീഷണറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും ഉൾപ്പെട്ടിരുന്നു. ടി ടൺ എയർ കണ്ടീഷണറുകളുടെ വില, സാധാരണ വയറിംഗ് മാത്രമുണ്ടായിരുന്ന മുറിയിൽ എയർ കണ്ടീഷണർ സ്ഥാപിക്കുന്നതിനായി നിലവിലുള്ളതിലും അധികമായി കനത്ത കൂടിയ കേബിൾ ഉപയോഗിച്ച് പ്രധാന കണക്ഷൻ ബോർഡിൽ നിന്നും വയറിംഗ്, മറ്റ് ഇൻസ്റ്റലേഷൻ, 2 സ്റ്റെബിലൈസറുകൾ, സ്വിച്ച് ബോർഡുകൾ , 32 ആംപിയർ മോഡ്യുലാർ സ്വിച്ചുകൾ, എം. സി.ബി മെറ്റൽ ബോക്സ് സ്വിച്ചുകൾ സഹിതം ഇണങ്ങിയ സാമഗ്രികൾ ഉൾപ്പെടെ സൗണ്ട് പ്രൂഫിംഗ് സീലിംഗും ക്ലാസ്സ് മുറിയിലെ വിലമതിക്കുന്ന മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് കേട് വരാത്ത വിധത്തിൽ സുരക്ഷിത് മുൻതൂക്കം നല്കി അനുയോജ്യമായ രീതിയിൽ സ്ഥാപിക്കുന്നതിനാവശ്യമായ നിരക്കായ 1,60,000/- യും നികുതികൾ ഉൾപ്പെടെ 1,83,200/ രൂപയാണ് ഇൻവോയ്സിൽ കാണിച്ചിട്ടുള്ളത്. ഇത് സൈറ്റ് പരിശോധന നടത്തി അളവുകളെടുത്ത് തയ്യാറാക്കി നല്കിയതാണ്. ഇതോടൊപ്പമുള്ള വാല്യുവേഷൻ പരിശോധിച്ചാൽ അത് വ്യക്തമാകുന്നതാണ്. |

| | | | |
|---|---|---|---|
| | | | സാധാരണ ഒരു റീട്ടെയ്ലറിൽ നിന്നും ക്വട്ടേഷൻ വാങ്ങുമ്പോൾ അവർ , നിലവിൽ വയറിംഗ് ചെയ്ത് സ്വിച്ച് ബോർഡുകൾ ഫിറ്റ് ചെയ്ത് ഭൗതികമായി സജ്ജമായ ഒരു കെട്ടിടത്തിലേക്ക് നിർദ്ദിഷ്ട സ്ഥാനത്ത് അവരുടെ ഉല്പന്നം സ്ഥാപിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ ജോലികൾക്കുള്ള ക്വട്ടേഷനാണ് നല്കുന്നത്. ഇതിൽ എ.സി യൂണിറ്റിന്റെ വിലക്കൊപ്പം ലേബർ ചാർജ്ജ് മാത്രമേ അധികമായി ഉൾപ്പെടുകയുള്ളൂ. ബാക്കി ജോലികൾ ചെയ്യേണ്ടത് ഉപഭോക്താവിന്റെ ഉത്തരവാദിത്തമാണ്. ടി ജോലികൾ കൂടി സ്ഥാപനം ചെയ്യണമെന്ന് ആവശ്യപ്പെട്ടാൽ, അവർ നേരിട്ട് സൈറ്റ് പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ടി തുക കൂടി അധികമായി ഉൾപ്പെടുത്തിയ ഇൻവോയ്സ് സഹിതം ക്വട്ടേഷൻ നല്കുകയാണ് പതിവ്. വിർച്വൽ ക്ലാസ്സ് മുറിയിൽ എ. സി വാങ്ങി ഇൻസ്റ്റാൾ ചെയ്യുന്നതിനായി ശരിയായ തുകയാണ് ചെലവഴിച്ചിട്ടുള്ളത് എന്ന് സ്ഥാപിക്കുന്നതിനായി ആഡിറ്റ് ആഫീസർ വ്യക്തിപരമായി വാങ്ങിയ ക്യൂ.ആർ.എസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ വിർച്വൽ ക്ലാസ്സ് മുറിയുടെ ആവശ്യകതയ്ക്കനുസൃതമായതല്ല എന്നും ടി ക്വട്ടേഷനും യഥാർത്ഥ പ്രവൃത്തിയുടെ വിശദാംശങ്ങളും താരതമ്യം ചെയ്ത് പരിശോധിച്ചാൽ വ്യക്തമാകും.<br>ടി എ.സി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി എൽ എസ്. പ്രൊവിഷനാണ് സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. ടി പ്രവൃത്തിക്കായി പ്രത്യേകം തയ്യാറാക്കിയ എസ്റ്റിമേറ്റനുസരിച്ച് നിർവ്വഹണ സ്ഥാപനം ഇ ടെണ്ടർ നടത്തിയാണ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുള്ളത് എന്നാണ് സിഡ്കോ നല്കിയ മറുപടി. ഇതനുസരിച്ച് ബ്ലൂ സ്റ്റാർ കമ്പനിയുടെ 2 ടൺ 5 സ്റ്റാർ എ. സി (രണ്ടെണ്ണം) ആണ് സ്ഥാപിച്ചിരുന്നത്. ടി വിർച്വൽ ക്ലാസ്സ് മുറി പണികൾ പൂർത്തീകരിച്ച ശേഷം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് 21/12/2016 -ാം തീയതി മുതൽ നിരന്തരം പരിശീലന പരിപാടികൾ ഇവിടെ നടന്നുവരികയുമാണ്. എന്നാൽ പിന്നീട് ഷോർട്ട് സർക്യൂട്ട് |

| | | | |
|---|---|---|---|
| | | | മൂലം എ സി യൂണിറ്റുകൾക്ക് തകരാർ സംഭവിക്കുകയും വാറന്റി കാലയളവിലായതിനാൽ മാറ്റി സ്ഥാപിക്കുന്നതിനായി ടി യൂണിറ്റുകൾ അഴിച്ചു കൊണ്ടു പോകുകയും പകരം പുതിയ എ സി യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്യുന്നു. ടി യൂണിറ്റുകൾ 3 സ്റ്റാർ ആയിരുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. ടി വിഷയം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ ആയവ മാറ്റി സ്ഥാപിക്കുന്നതിനോ അല്ലാത്ത പക്ഷം ടി ഇനത്തിൽ വരുന്ന വില വ്യത്യാസം തിരികെയടയ്ക്കുന്നതിനോ സിഡ്കോയ്ക്ക് നിർദ്ദേശം നൽകിയതനുസരിച്ച് ടി സ്ഥാപനം 33,158/- രൂപ തിരികെ അടയ്ക്കുകയും ടി തുക ചെലാൻ മുഖേന സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് അടച്ചിട്ടുള്ളതാണ്.<br>ഈ സാഹചര്യത്തിൽ ടി പരാമർശം ഒഴിവാക്കണമെന്ന് ബഹു നിയമസഭാസമിതിയോട് അപേക്ഷിക്കുന്നു. |

[illegible]

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത റിപ്പോർട്ടിൻമേൽ ആലപ്പുഴ ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| ക്രമ നം | ഖണ്ഡിക നം. | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശ വിഷയത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 2.1 | എഴുപുന്ന ഗ്രാമപഞ്ചായത്ത്- തുടർ പ്രവർത്തനമില്ല പദ്ധതികൾക്ക് ഏറ്റെടുത്ത 4.81 കോടിരൂപയുടെ ഭൂമി പാഴാകുന്നു.<br><br>ആലപ്പുഴ ജില്ലയിലെ എഴുപുന്ന ഗ്രാമപഞ്ചായത്തിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സ്ഥലംവാങ്ങൽ 676065/- രൂപ അടങ്കലിൽ ( വികസനഫണ്ട് 676065/-) തയ്യാറാക്കുകയും സ്ഥലം വാങ്ങുന്നതിനായി 675672/- രൂപ ചെലവാക്കുകയും ചെയ്തു. കുറഞ്ഞ് നിരക്കിൽ താല്പര്യപത്രം നൽകിയ സ്ഥലം ഏറ്റെടുക്കാതെ കൂടിയ നിരക്കിലുള്ള സ്ഥലം ഏറ്റെടുത്തു. | <u>എഴുപുന്ന ഗ്രാമപഞ്ചായത്ത്-</u><br>എഴുപുന്ന ഗ്രാമപഞ്ചായത്തിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സ്ഥലംവാങ്ങൽ 676065/- രൂപ അടങ്കലിൽ ( വികസനഫണ്ട് 676065/-) തയ്യാറാക്കുകയും സ്ഥലം വാങ്ങുന്നതിനായി 675672/- രൂപ ചെലവാക്കുകയും ചെയ്തു. കുറഞ്ഞ നിരക്കിലുള്ള സ്ഥലങ്ങളിലേക്ക് വഴി സൗകര്യം ലഭ്യമായിരുന്നില്ലാത്തതും പിന്നീട് വഴി ലഭ്യമാകുന്നതിനുള്ള സാധ്യത കുറവുമായിരുന്നു. കൂടിയ നിരക്കിലുള്ള സ്ഥലത്തിന് വഴി ലഭ്യതയുള്ളതിനാലും വ്യവസായ സാധ്യത കൂടുതലുള്ളതിനാലും പഞ്ചായത്ത് കമ്മറ്റിയുടെ ഏകകണ്ഠമായ തീരുമാന പ്രകാരമാണ് ടി സ്ഥലം വാങ്ങിയിട്ടുള്ളത്. ടി സ്ഥലത്ത് പിന്നീടുള്ള വർഷങ്ങളിൽ പദ്ധതി തുക ചെലവഴിച്ച് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയും കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതുമാണ്. ആയത് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ടി കെട്ടിടത്തിലെ ഒരു മുറി ലേഡീസ് വെൽഫെയർ സൊസൈറ്റിയ്ക്ക് തയ്യൽ യൂണിറ്റിനായി വാടകയ്ക്ക് നൽകിയിട്ടുള്ളതും മെറ്റീരിയൽ കളക്ഷൻ സെന്ററിന്റെ താല്കാലിക യൂണിറ്റായി പ്രവർത്തിച്ചുവരുന്നതുമാണ്. എഴുപുന്ന ഗ്രാമപഞ്ചായത്തിലെ തൊഴിൽരഹിതരായ യുവതികളുടെ തൊഴിലില്ലായ്മ പരിഹരിയ്ക്കുന്നതിന് സ്വയം തൊഴിൽസംരംഭങ്ങൾ ആരംഭിയ്ക്കുന്നതിന് വേണ്ടിയാണ് സ്ഥലം വാങ്ങി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളത്. ടി സ്ഥലത്ത് മെറ്റീരിയൽ കളക്ഷൻ സെന്ററിന് ആവശ്യമായ കെട്ടിടം നിർമ്മിച്ചിട്ടുള്ളതും മഹാത്മാഗാന്ധിദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ഫലവൃക്ഷതൈ നേഴ്സറി പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത പദ്ധതി ഏറ്റെടുത്തത് മൂലം പഞ്ചായത്തിനോ സർക്കാറിനോ നഷ്ടം സംഭവിച്ചിട്ടില്ലാത്തതാണ്. മെറ്റീരിയൽ കളക്ഷൻ സെന്റർ പണി പൂർത്തിയായതിന് ശേഷം ടി അജൈവ മാലിന്യങ്ങൾ ടി കെട്ടിടത്തിലേക്ക് മാറ്റി ബാക്കി മുറികൾ എസ്.സി.വിഭാഗത്തിൽപ്പെട്ട വനിത സംരംഭകർക്ക് വാടകയ്ക്ക് നൽകുന്നതുമാണ് എന്ന വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007/2008 വർഷത്തെ സമാഹൃത ആഡിറ്റ് റിപ്പോർട്ടിൻമേൽ
ആലപ്പുഴ ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.

| ക്രമ നമ്പർ | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1. | ഖണ്ഡിക 3.1.(5) | <u>മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്</u><br>(ആഡിറ്റ് റിപ്പോർട്ട് വർഷം 2004-05 ഖണ്ഡിക 3-1 തുക 1,46,000/-) ഉളവുകാട് നെല്ലുല്പാദക സമിതിയുടെ 200 ഏക്കർ പുഞ്ചപ്പാടം കൃഷിയോഗ്യമാക്കുന്നതിന് 40 എച്ച്.പി മോട്ടോർ വാങ്ങുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസിന് നൽകാൻ തുക പിൻവലിച്ചിട്ടുണ്ട് മോട്ടോറും പെട്ടിയും ലഭിച്ചതായോ അവ സമിതിയ്ക്ക് കൈമാറിയതായോ കൃഷിയിറക്കി നെല്ലുല്പ്പാദനം വർദ്ധിപ്പിച്ചതായോ രേഖകളില്ല. പദ്ധതി സഫലീകരിച്ചിട്ടില്ല. | സമാഹൃത ആഡിറ്റ് റിപ്പോർട്ടിലെ പ്രസ്തുത പരാമർശം മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2004-05 വർഷത്തെ ലോക്കൽഫണ്ട് ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ലായെന്നും ടി പരാമർശം മണ്ണഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റേതാണെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| 2 | 3-1-(8) | <u>മാവേലിക്കര താമരക്കുളം</u><br><br>24/3/1999 ൽ ആരംഭിച്ച അഞ്ച് പ്രവൃത്തികൾക്ക് മൊത്തം 9,12,305/- രൂപ നിർമ്മിതി കേന്ദ്രം പ്രോജക്ട് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.(3/99 മുതൽ 3/04 വരെ) 3/04 ൽ പൂർത്തീകരിച്ച അറവുശാല നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. പരിസ്ഥിതി നിയന്ത്രണ ബോർഡിന്റെയും മെഡിക്കൽ ബോർഡിന്റെയും അനുമതി ലഭിച്ചിട്ടില്ല. മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സൗകര്യം കണക്കിലെടുത്തിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. | ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മാവേലിക്കര - താമരക്കുളം ഗ്രാമപഞ്ചായത്തിൽ 1998-99 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിലാണ് ഗ്രാമീണ അറവുശാല നിർമ്മിക്കുന്നതിനായിട്ടുള്ള പ്രോജക്ട് തയ്യാറാക്കിയത്. ഇതനുസരിച്ച് ജില്ലാ നിർമ്മിതി കേന്ദ്രത്തെയാണ് പഞ്ചായത്ത് നിർവ്വഹണ ഏജൻസിയായി തിരഞ്ഞെടുക്കുകയും, നിർമ്മിതി കേന്ദ്രം ടി അറവുശാല നിർമ്മാണം പൂർത്തീകരിച്ചത് 3/2004 ൽ ആണ്. അറവുശാലാ കെട്ടിടത്തോട് അനുബന്ധമായി കശാപ്പു ചെയ്യുന്ന മൃഗത്തെ പാർപ്പിക്കുന്ന ലയറേജ്, മലിന ജലവും ദ്രവമാലിന്യവും സംഭരിക്കുന്നതിന് ആവശ്യമായ സെപ്റ്റിക് ടാങ്ക്, ജല നിർഗ്ഗമനത്തിനായി ഒരു സോക്ക് പിറ്റ് ഖരമാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് ഒരു ടാങ്ക് എന്നിവയാണ് നിർമ്മിച്ചത്. ജനകീയാസൂത്രണത്തിന്റെ ആരംഭകാലഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതി ആയതിനാൽ ശാസ്ത്രീയമായി സംസ്കരിക്കുന്നത് സംബന്ധിച്ച വ്യക്തമായ കാഴ്ചപ്പാട് രൂപീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ഇതിനാവശ്യമായ സജ്ജീകരണങ്ങൾ ഇതോടൊപ്പം ഒരുക്കിയിരുന്നില്ല. ഈ കാരണത്താലാണ് സ്ഥാപനത്തിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ആരോഗ്യ വകുപ്പ് അധികൃതരുടെയും അനുമതിയോടെ പ്രവർത്തനം ആരംഭിക്കാൻ കഴിയാതെപോയത്.പഞ്ചായത്ത് ടി കെട്ടിടത്തിന് വൈദ്യുതിയും, വാട്ടർകണക്ഷനും എടുത്തിട്ടുണ്ട്. അടുത്തടുത്ത് ജനവാസമുള്ള സ്ഥലത്താണ് ടി കെട്ടിടം സ്ഥിതി ചെയ്യുന്നതിനാലും തുടർന്ന് പരിസരവാസികളിൽ നിന്നുണ്ടായ എതിർപ്പ് മൂലവും സ്ഥാപനം പ്രവർത്തന സജ്ജമാക്കാൻ കഴിയാതെ പോവുകയുണ്ടായി. നിലവിലത്തെ അവസ്ഥയിൽ മാലിന്യ നിർമ്മാർജ്ജനം എന്നത് ഏറ്റവും അത്യാവശ്യമായതിനാലും അനിവാര്യ ചുമതല ആയതിനാലും അറവുശാല നടപ്പാക്കുവാൻ സാധിക്കുകയില്ല എന്ന് പഞ്ചായത്തിന് ബോധ്യപ്പെട്ടതിനാലും, ടി കെട്ടിടം നിഷ്ക്രിയ ആസ്തിയായി തുടരാതിരിക്കുന്നതിനും ടി കെട്ടിടം മാലിന്യം ശേഖരിക്കുന്നതിനും തരം തിരിക്കുന്നതിനുമായിട്ടുള്ള എം.സി.എഫ്<br><br>(മെറ്റീരിയൽ കളക്ഷൻ ആൻഡ് ഫെസിലിറ്റേഷൻ സെന്റർ) ആയും സെഗ്രിഗേഷൻ സെന്ററായും പ്രവർത്തന സജ്ജമാക്കുന്നതിന് പഞ്ചായത്ത് തീരുമാനിക്കുകയും ജനോപകാരപ്രദമായ ടി സെന്റർ നിലവിൽ നല്ലരീതിയിൽ പ്രവർത്തിച്ച് വരികയുമാണെന്ന വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| 3 | 3-1-(15) | <u>മാവേലിക്കര താമരക്കുളം</u><br><br>വനിതാ കാന്റീൻ നിർമ്മാണം എന്ന പദ്ധതി പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കി ഒരു വർഷം കഴിഞ്ഞിട്ടും പദ്ധതി വിഭാവനം ചെയ്തിരുന്ന പ്രകാരമുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയോ, കാന്റീൻ നടത്തുന്നതിന് അനിവാര്യമായ വെള്ളവും വൈദ്യുതിയും ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. പദ്ധതി പണം വിനിയോഗിച്ച് ലക്ഷ്യം കൈവരിച്ചിട്ടില്ല. | മാവേലിക്കര - താമരക്കുളം ഗ്രാമപഞ്ചായത്തിലെ 2004-05 സാമ്പത്തിക വർഷത്തെ കേരള വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 96,380/-രൂപ ചെലവഴിച്ച് താമരക്കുളം ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ അയൽകൂട്ടങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അഞ്ച് വനിതകളെ ഉൾപ്പെടുത്തി ഒരു വനിതാ കാന്റീൻ ആരംഭിക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. എന്നാൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച അവസരത്തിൽ കെട്ടിടത്തിലേക്കുള്ള വൈദ്യുതിയും, വാട്ടർകണക്ഷനും ലഭിച്ചിരുന്നില്ല. ഈ സ്ഥലത്ത് പുതിയ വനിതാ കാന്റീൻ എന്ന സംരംഭത്തിന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടും സംരംഭകർ മുന്നോട്ട് വന്നില്ല. ടി കെട്ടിടത്തിന് ഇപ്പോൾ വൈദ്യുതിയും, വാട്ടർകണക്ഷനും ലഭിച്ചിട്ടുണ്ട്. പ്രോജക്ട് വിഭാവനം ചെയ്ത രീതിയിൽ സംരംഭകർ ആരും ഏറ്റെടുക്കുവാൻ തയ്യാറാകത്തില്ല എന്ന് കമ്മറ്റിക്ക് ഉത്തമബോധ്യം വന്നതിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15/11/2011 ലെ സാധാരണ യോഗത്തിന്റെ 4-ാം നമ്പർ തീരുമാനമനുസരിച്ച് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കുടുംബക്ഷേമ ഉപകേന്ദ്രം ഈ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിക്കുകയും സ്ത്രീകൾക്കും കുട്ടികൾക്കും വളരെയധികം പ്രയോജനപ്രദമായ രീതിയിൽ ഈ കെട്ടിടത്തിൽ താമരക്കുളം കുടുംബക്ഷേമ ഉപകേന്ദ്രം പ്രവർത്തിച്ചുവരികയുമായിരുന്നു. എന്നാൽ തൊട്ടടുത്തായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തനം നടന്നുവരികയാൽ താൽക്കാലികമായി ഈ ഉപകേന്ദ്രം നിലവിൽ പഞ്ചായത്തിന്റെ വക ഇ.എം.എസ് ഹാളിലേക്ക് മാറ്റിയിട്ടുള്ളതും ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണത്തിന് ശേഷം വീണ്ടും ടി കെട്ടിടത്തിൽ തന്നെ ഉപകേന്ദ്രം പ്രവർത്തിപ്പിക്കുന്നതുമാണെന്ന് ബോധിപ്പിക്കുന്നു. ഇതുമൂലം സർക്കാരിനോ പഞ്ചായത്തിനോ നഷ്ടം ഉണ്ടായിട്ടില്ലാത്തതും പദ്ധതി പ്രകാരം നിർമ്മിച്ച കെട്ടിടം സക്രിയമാക്കുകയും ചെയ്തിട്ടിട്ടുണ്ടെന്ന വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| 4 | 3-1-(16) | <u>മാവേലിക്കര താമരക്കുളം</u><br><br>പരിശീലനം നല്‍കിയ സ്ഥാപനം അംഗീകാരമുള്ളതാണെന്നതിനും നല്‍കിയ കോഴ്സിന് സര്‍ക്കാര്‍ അംഗീകാരം നല്‍കിയതാണെന്നതിനും രേഖകളില്ല. കരാര്‍ വ്യവസ്ഥകള്‍ പ്രകാരം സ്ഥാപനം പഞ്ചായത്തില്‍ സ്ഥാപിച്ചിരിക്കുന്ന കംപ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളും ഗുണനിലവാരം ഉറപ്പു വരുത്തിയിട്ടില്ല. പരിശീലന പരിപാടിയില്‍ പങ്കെടുത്തതായി രേഖപ്പെടുത്തിയിട്ടുള്ള 151 കുട്ടികളുടെ കോഴ്സ് സര്‍ട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ല. | മാവേലിക്കര - താമരക്കുളം ഗ്രാമപഞ്ചായത്തിലെ 2004-05 വര്‍ഷത്തെ കേരള വികസന പദ്ധതിയില്‍ ഉള്‍പ്പെടുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിര്‍വ്വഹണ ഉദ്യോഗസ്ഥനായ ടി പ്രോജക്ട് നടപ്പാക്കുന്നതിന് പഞ്ചായത്തുമായി കരാറില്‍ ഏര്‍പ്പെട്ട കമ്പ്യൂട്ടക് ഗ്രൂപ്പ് ഓഫ് ഇന്‍സ്റ്റിറ്റ്യൂഷന്‍സ് മെഡിക്കല്‍ കോളേജ് തിരുവനന്തപുരം എന്ന സ്ഥാപനം കേന്ദ്ര സര്‍ക്കാരിന്റെയും ടാറ്റ സണ്‍സിന്റെയും സംയുക്ത സംരംഭമായ CMC ലിമിറ്റഡിന്റെ കോഴ്സ് നടത്തുന്നതിനുള്ള അംഗീകൃത സ്ഥാപനമാണ്. കംപ്യൂട്ടര്‍ മെയിന്റനന്‍സ് കോര്‍പ്പറേഷന്റെ (CMC ലിമിറ്റഡിന്റെ) 84 മണിക്കൂര്‍ ദൈര്‍ഘ്യമുള്ള കമ്പ്യൂട്ടര്‍ അവയര്‍നെസ്സ് പ്രോഗ്രാം എന്ന പരിശീലന പരിപാടിക്ക് സംസ്ഥാന സര്‍ക്കാര്‍ 3500/- രൂപ ഫീസ് നിശ്ചയിച്ച് അംഗീകരിച്ചിട്ടുള്ളതാണ്. ടി പ്രോജക്ടിന് മൊത്തം വകയിരുത്തിയ 4,12,500/- രൂപയുടെ 50% തുകയ്ക്ക് പഞ്ചായത്തുമായുള്ള കരാറിന്റെ അടിസ്ഥാനത്തില്‍ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നല്‍കിയിട്ടുള്ളതുമാണ്. പ്രോജക്ട് പ്രകാരം ടി സ്ഥാപനം 151 ഗുണഭോക്താക്കള്‍ക്ക് 84 മണിക്കൂര്‍ കമ്പ്യൂട്ടര്‍ പരിശീലനം നല്‍കി പരീക്ഷ നടത്തുകയും സര്‍ട്ടിഫിക്കറ്റുകള്‍ നല്‍കുകയുമുണ്ടായി. ഇതെ തുടര്‍ന്ന് ബാക്കി തുക നല്‍കുന്നതിനുള്ള സ്ഥാപനത്തിന്റെ അപേക്ഷ 24/2/2006 ലെ 4 (16) നമ്പര്‍ തീരുമാന പ്രകാരം ബാക്കി നല്‍കുവാനുള്ള 206250/- രൂപ 23/3/2006 ലെ ഡി.ഡി.നം.016785 പ്രകാരം നല്‍കിയിട്ടുള്ളതുമാണ്. കാലപ്പഴക്കത്താല്‍ പ്രസ്തുത കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഉപയോഗയോഗ്യമല്ലെന്ന് ബോധ്യപ്പെടുകയും പ്രാദേശിക അന്വേഷണത്തില്‍ 151 പേര്‍ക്ക് സര്‍ട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുള്ളതും പദ്ധതി ഉദ്ദേശ്യലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്നും സെക്രട്ടറി റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| 5 | 3-1-(17) | **കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്**<br><br>കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കായി ആവിഷ്ക്കരിച്ച പദ്ധതി (അക്ഷയ കമ്പ്യൂട്ടർ സെന്റർ) 5 വ്യക്തികൾക്ക് മാത്രമായി പരിമിതപ്പെടുത്തി കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും ലഭ്യമാക്കിയതിനോ അവ ഉപയോഗിച്ച് കമ്പ്യൂട്ടർ സെന്റർ) പ്രവർത്തനം ആരംഭിച്ചതിനോ രേഖകളില്ല | കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് 2004-05 വർഷത്തിലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി വാർഡ് 9ലെ എ.ഡി.എസ് ന് കംപ്യൂട്ടർ സെന്റർ ആരംഭിക്കുന്നതിന് വേണ്ടി ഏറ്റെടുത്ത പദ്ധതിയാണിത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 5 വനിതകളെ ഉൾപ്പെടുത്തി ബാങ്ക് ലോണും ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ 100000/- രൂപയ്ക്കുള്ള പദ്ധതിയായിരുന്നു ഇത്. കായംകുളം സിൻഡിക്കേറ്റ് ബാങ്കിൽ നിന്നുമാണ് ലോൺ അനുവദിച്ചിരുന്നത്. 9-ാം വാർഡിലെ എസ്.എൻ.ഡി.പി ശാഖായോഗത്തിന്റെ ഒരുമുറി വാടകയ്ക്ക് എടുക്കുകയും ഏകദേശം 10 വർഷക്കാലത്തോളം സെന്റർ നല്ല രീതിയിൽ പ്രവർത്തിച്ച് വരികയും ചെയ്തിരുന്നു. എന്നാൽ ആധുനിക സൗകര്യങ്ങളുള്ള ധാരാളം കംപ്യൂട്ടർ സെന്ററുകൾ വന്നതോടുകൂടിയും അവയോട് കിടപിടിക്കാൻ സാധിക്കാതെ വന്നതിനാലും സെന്റർ നഷ്ടത്തിലായി. എന്നിരിക്കിലും 17.06.2013 ൽ ബാങ്കിലെ ലോൺതുക പൂർണ്ണമായും തിരിച്ചടച്ചിട്ടുള്ളതും പദ്ധതിയുടെ ഉദ്ദേശലക്ഷ്യം കൈവരിച്ചിട്ടുള്ളതുമാണെന്ന വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 6 | 3-1-(18) | **കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്**<br><br>വ്യാപകമായ പരസ്യം നല്കിയിട്ടും പദ്ധതിയുടെ നിർവ്വഹണത്തിനുള്ള ക്വട്ടേഷന് അംഗീകരിച്ചിരിക്കുന്നത് കുടുംബശ്രീ യൂണിറ്റിലെ അംഗത്തിന്റെ മകനെയാണ് ക്വട്ടേഷൻ അംഗീകരിച്ച വ്യക്തിക്കല്ല കോഴിക്കുഞ്ഞുങ്ങളെ നല്കിയിരിക്കുന്നത്.പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾക്ക് | **കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്**<br><br>18-01-2006 ലെ 1(2) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം വെറ്റിനറി സർജനെ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയുടെ ക്വട്ടേഷൻ അംഗീകരിച്ച് നൽകിയിട്ടുള്ള കുടുംബശ്രീ യൂണിറ്റിലെ അംഗമായ ശ്യാമള, ശൈലവനം എന്നയാൾക്ക് പദ്ധതിക്കാവശ്യമായ കോഴി, മരുന്ന് എന്നിവ വിതരണം ചെയ്യുന്നതിന് സാധ്യമാകത്തില്ല എന്ന് ബോധ്യമായതിൽ 2 മാസം പ്രായമുള്ള കോഴികളെ സർക്കാര് അംഗീകൃത നഴ്സറികളിൽ നിന്നും വാങ്ങി നൽകണന് തീരുമാനിച്ചു. അതനുസരിച്ച് വയലാർ ഗ്രാമപഞ്ചായത്തില് പ്രവർത്തിക്കുന്ന സർക്കാര് അംഗീകൃത എഗ്ഗര് നഴ്സറിയില് നിന്നും കോഴിക്കുഞ്ഞുങ്ങളെ വാങ്ങി. ടി കോഴിക്കുഞ്ഞുങ്ങളെ മണ്ണുത്തിയിൽ നിന്നവാങ്ങിവളർത്തി ആവശ്യമായ പ്രതിരോധകുത്തിവയ്പുകൾ നൽകിയതായി വെറ്റിനറി സർജന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഹാച്ചറീസ് മൃഗസംരക്ഷണ വകുപ്പിന്റെ അംഗീകാരമുള്ളതാണ് ജി.ഒ(ആർ.റ്റി) നം. 2019/89 എഡി/ തിയതി 12-12-1989 പ്രകാരം ടി പദ്ധതിക്കായി medi - 3 set, Animal health care ൽ നിന്നും മരുന്നും |

| | | | |
|---|---|---|---|
| | | പദ്ധതിയിലൂടെ സാമ്പത്തിക അഭിവൃദ്ധി ഉണ്ടായെന്ന് തെളിയിക്കുന്ന രേഖകളില്ല. | വാങ്ങിയിട്ടുണ്ട്. കോഴി, കൂട്, വല, തീറ്റ, മരുന്ന് എന്നിവ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തിട്ടുള്ളതാണ്. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. വെറ്റിനറി സർജന് ചുമതലയേറ്റപ്പോൾ നിർദ്ദേശ പ്രകാരം അംഗീകൃത നഴ്സറിയില് നിന്നും ക്വട്ടേഷന് പരിഗണിക്കാതെ കോഴിക്കുഞ്ഞുങ്ങളെ വാങ്ങി പഞ്ചായത്ത് അംഗീകരിച്ചാണ് കുടുംബശ്രീക്ക് നൽകിയിട്ടുള്ളത്. ഇത് മൂലം പഞ്ചായത്തിന് യാതൊരു നഷ്ടവും ഉണ്ടായിട്ടില്ല എന്നും വളരെ സുതാര്യമായാണ് പദ്ധതി നടപ്പിലാക്കിയതെന്നും കമ്മറ്റിക്ക് ബോദ്ധ്യപ്പെട്ടു. 07-12-2012 ല് ആലപ്പുഴ ലോക്കല് ഫണ്ട് അധികൃതർ നടത്തിയിട്ടുള്ള പ്രാദേശിക പരിശോധനയിൽ സർക്കാര് നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടില്ലെങ്കിലും പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുള്ളതായി ഓഡിറ്റ് അധികാരികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 7 | 3-1-(19) | <u>കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്</u><br><br>പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ അടിസ്ഥാന രേഖകളായ ബാങ്ക് വായ്പ എന്നിവ ഉറപ്പാക്കിയതായി രേഖയില്ല. ആട്ടുകളെ വാങ്ങിയതിൻറെ രേഖകളില്ല. പദ്ധതിയ്ക്കായി പണം ചെലവഴിക്കപ്പെട്ടതിന് വളരെ നാളുകൾക്ക് ശേഷം മാത്രം നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിൽഏർപ്പെട്ടതായാണ് രേഖകൾ. പദ്ധതിയുടെ സംശുദ്ധി ഓഡിറ്റിൽ സംശയിക്കുന്നു. | <u>കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്</u><br><br>ബാങ്ക് ലോണും പദ്ധതി വിഹിതവും ഉൾപ്പെടുത്തിയിരുന്ന പ്രോജക്ടിന് കണ്ടല്ലൂർ എസ് സി ബി 1410ൽ- നിന്നും ലോൺ അനുവാദസാക്ഷ്യപത്രം ലഭിച്ചത് 26-3-2015 ലാണ്. ആയതിന്റെ അടിസ്ഥാനത്തില് 20-54-2005ൽ- പദ്ധതിവിഹിതം 16753-/ രൂപ ബാങ്കിന് കൈമാറി. ഗുണഭോക്തൃ സമിതി യോഗം കൂടി ആട്ടുകളെ വാങ്ങുന്നതിന് തീരുമാനിച്ച് വെറ്റിനറി സർജൻ ഉൾപ്പെടെ 6പേരടെ ഉപസമിതിയെ ചുമതലപ്പെടുത്തി-09-01 .2005ൽ- ഗുണഭോക്താക്കൾ ആട്ടുകളെ കൈമാറ്റം ചെയ്യുന്നതല്ല എന്നുള്ള എഗ്രിമെന്റ് വെച്ചിട്ടുണ്ട്. ഗുണഭോക്താക്കള് ആടിനെ ഗുണഭോക്തൃ സമിതിയുടെ പക്കൽ നിന്നും കൈപ്പറ്റി എന്നുള്ള കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എല്ലാ അംഗങ്ങളും ആടിനെ വളർത്തുന്നതിനുള്ള അടിസ്ഥാനസൗകര്യം ഒരുക്കുകയും എല്ലാവർക്കും ആടിനെ ലഭിക്കുകയും ചെയ്തിട്ടുള്ളതിനാൽ ബാങ്കിൽ നിന്നും തുക ഗുണഭോക്തൃസമിതി കൺവീനര് 29-12-2015ൽ- നൽകുന്നതിനുള്ള ഉത്തരവ് ഉണ്ട് .16 ആട്ടുകളെയും United India Insurance Company ഒരു വർഷത്തേക്ക് ഇൻഷ്വര് ചെയ്തിട്ടുണ്ട് .2004-05 ലെ പദ്ധതി പണം നഷ്ടമാകാതിരിക്കാൻ പദ്ധതി തുക ബാങ്കിലേക്ക് നൽകുകയും ലോണ് അനുവാദവും തുടർന്ന് ഗുണഭോക്തൃസമിതി യോഗം ചേരല്, ഗുണമേന്മയുള്ള ആട്ടുകളെ കണ്ടെത്തി വാങ്ങൽ, എഗ്രിമെന്റ് വെയ്ക്കൽ, ഇൻഷ്വറൻസ് നടപടിക്രമങ്ങൾ |

| | | | |
|---|---|---|---|
| | | | എന്നിവയെല്ലാം പൂർത്തീകരിച്ചിട്ടുള്ളതായി പഞ്ചായത്ത് കമ്മിറ്റിക്ക് ഉത്തമ ബോദ്ധ്യമുള്ളതും പ്രവർത്തനങ്ങൾക്കിടയില് ഉണ്ടായ കാലതാമസം മനപ്പൂർവ്വം നിർവ്വഹണ ഉദ്യോഗസ്ഥൻ വരുത്തിയിട്ടില്ലാത്തതും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം കൈവരിച്ചിട്ടുണ്ട് എന്ന് കമ്മറ്റിക്ക് ബോധ്യമുള്ളതുമാണ്. 15 വർഷം മുമ്പുള്ള ഓഡിറ്റ് പരാമർശം ആയതിനാലും ഓഡിറ്റിൽ കണ്ടെത്തിയ എല്ലാ അപാകതകളും പരിഹരിച്ചിട്ടുള്ളതിനാലും പ്രാദേശിക അന്വേഷണത്തിൽ ആനുകൂല്യം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെട്ടതിനാലും നിലവിലുള്ള ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് പഞ്ചായത്ത് കമ്മറ്റി അഭ്യർത്ഥിച്ച തീരുമാനിച്ചിട്ടുണ്ടെന്ന വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 8 | 3.22.1 | <u>വെണ്മണി ഗ്രാമപ്പഞ്ചായത്ത്</u><br><br><u>എസ്സ്.ജി.ആർ.വൈ ഭക്ഷ്യ</u> ധാന്യവിതരണം<br><br>(ആഡിറ്റ് റിപ്പോർട്ട് വർഷം 2003-04 ഖണ്ഡിക നമ്പർ 2.3 )<br><br>വെണ്മണി ഗ്രാമപ്പഞ്ചായത്തിലെ രേഖകൾ പരിശോധിച്ചതിൽ 2002-03ൽ 10 ടണ്ണും 2003-04ൽ 75 ടണ്ണും ഉൾപ്പെടെ ആകെ 85 ടൺ അരി കേന്ദ്രാവിഷ്കൃത പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി അനുവദിക്കുകയുണ്ടായി. എന്നാൽ അരിയുടെ വിതരണം, ഏറ്റെടുത്ത പ്രവർത്തികളെപ്പറ്റിയുള്ള കർമ്മ പദ്ധതി, എസ്റ്റിമേറ്റ്, | പഞ്ചായത്ത് ഓഫീസിന്റെ അറ്റകുറ്റപ്പണി നടത്തിയപ്പോൾ ഫയലുകളും രേഖകളും മാറ്റി വയ്ക്കുകയും ആഡിറ്റ് സമയത്ത് അവ കണ്ടെത്തി ഹാജരാക്കാൻ കഴിയാതെ വന്നതിനാലുമാണ് ഖണ്ഡികയിൽ പറയുന്ന ആഡിറ്റ് പരാമർശം ഉണ്ടായത്.<br><br>സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ എസ്.ജി.ആർ.വൈ. ഭക്ഷ്യധാന്യ വിതരണം എന്ന പ്രവർത്തിയുമായി ബന്ധപ്പെട്ട രേഖകൾ തിരച്ചിൽ നടത്തി കണ്ടെത്തി സൂക്ഷിച്ചിട്ടുണ്ടെന്ന് കാണിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ആലപ്പുഴ ഓഫീസിൽ 21.08.2019 ലെ എ2-5378/19 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെന്ന വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | ഗുണഭോക്തൃ സമിതി യുടെ വിവരങ്ങൾ, തൊഴിലാളികൾക്ക് അരിയും പണവും വിതരണം ചെയ്തതിന്റെ മസ്റ്റർറോൾ, മരാമത്തു ബില്ലുകൾ എന്നിവ ഒന്നും തന്നെ പഞ്ചായത്തിൽ ലഭ്യമല്ല. വികലമായി തയ്യാറാക്കപ്പെട്ട കാഷ് ബുക്കിലെ രേഖപ്പെടുത്തൽ അനുസ രിച്ച് ഈ രണ്ട് വർഷങ്ങളിലുമായി ആകെ 489124/- രൂപ വിവിധ ചെക്കുകൾ പ്രകാരം വിവിധ വ്യക്തികൾക്ക് (പ്രവർത്തികൾ ഏറ്റെടുക്കുന്നവർ എന്നനുമാനിക്കുന്നവർ) നൽകിയതായി കാണുന്നു.<br><br>ഈയിനത്തിൽ ചെലവഴിച്ച തുകയെപ്പറ്റിയും ഭക്ഷ്യധാന്യ വിതരണ ത്തെപ്പറ്റിയും സമഗ്രമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. | |
| 9 | 3.23.1 | <u>പാണ്ടനാട് ഗ്രാമപഞ്ചായത്ത്</u><br><br><u>ആസൂത്രണരാഹിത്യം 34.2 ലക്ഷം നഷ്ട പ്പെടുത്തി.</u> (ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03 ഖണ്ഡിക നമ്പർ 2.1) | കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപാർട്ട്മെന്റ് 2012 ൽ നടത്തിയ ഓഡിറ്റ് അദാലത്തിൽ പ്രസ്തുത പരാമർശം സംബന്ധിച്ച് പഞ്ചായത്ത് നൽകിയ മറുപടിയുടെയും കമ്മിറ്റി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ആലപ്പുഴയുടെ 1/02/2012 ലെ എൽ.എഫ്.ജി.എ.5- |

| | | | |
|---|---|---|---|
| | | സമയ ബന്ധിതമായി പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങി നിർവ്വഹിക്കാതെ ഗ്രാമ പഞ്ചായത്ത് പദ്ധതിവിഹിതം 34.2 ലക്ഷം നഷ്ടപ്പെടുത്തി. 2002–03 കേരള വികസന പദ്ധതികൾക്ക് 48.02 ലക്ഷം പദ്ധതി വിഹിതം ലഭിച്ചിരുന്നു. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കാത്തതിനാൽ ചിലവഴിക്കാനായത് 13.8 ലക്ഷം – 28.8 ശതമാനം മാത്രം. പട്ടിക വിഭാഗങ്ങളുടെ പദ്ധതി നിർവ്വഹണത്തിലും അനാസ്ഥ പ്രകടമാണ്. ലഭിച്ച പദ്ധതി വിഹിതത്തിൽ 12.7 ലക്ഷം പട്ടിക വിഭാഗങ്ങൾക്ക് വേണ്ടിയായിരുന്നു. ചിലവഴിച്ചത് 2.8 ലക്ഷം 21.6 ശതമാനം മാത്രം. ഗ്രാമപഞ്ചായത്തിന്റെ ആസൂത്രണ രാഹിത്യത്താൽ സർക്കാർ ഉത്തരവ് 381/03 തീയതി. 09/07/2003 പ്രകാരമാണ് ചിലവഴിക്കാതെ ബാക്കി നിന്ന 34.2 ലക്ഷം ലാപ്സായത്. ജനങ്ങൾക്ക് | 1832/11 നമ്പർ കത്ത് പ്രകാരം ടി പരാമർശം ഒഴിവാക്കിയിട്ടുള്ളതാണ്.<br><br>പഞ്ചായത്തിലെ 2002–03 സാമ്പത്തിക വർഷത്തിൽ പദ്ധതി നിർവ്വഹണത്തിനായി 2001-02 വർഷത്തെ നീക്കിയിരിപ്പ് ജനറൽ വിഭാഗത്തിൽ 1133823/- രൂപയും പട്ടികജാതി വിഭാഗത്തിൽ 591089/- രൂപയും ഉൾപ്പെടെ 1724912/- രൂപയും, 2002–03 വർഷത്തെ പദ്ധതി വിഹിതം 3084000/- രൂപയും ഉൾപ്പെടെ 48.08 ലക്ഷം രൂപയ്ക്ക് പ്രോജക്ട് തയ്യാറാക്കി ആസൂത്രണസമിതി അംഗീകാരം വാങ്ങിയിരുന്നു. എന്നാൽ 2001-02 വർഷത്തെ പദ്ധതി വിഹിതം 2, 3 ഗഡുക്കൾ മാർച്ച് അവസാന വാരത്തിലാണ് ലഭിച്ചിരുന്നത്. തന്മൂലം 2001–02 വർഷത്തെ ഒട്ടുമിക്ക പദ്ധതികളും 2002–03 വർഷത്തിൽ തുടർ പദ്ധതികളായി നടപ്പിലാക്കേണ്ടതായി വന്നു. ആയതിനാൽ 2002–03 വർഷത്തെ പദ്ധതി നടത്തിപ്പിന് ഇത് സാരമായി ബാധിച്ചു. കൂടാതെ 2002–03 വർഷത്തെ പദ്ധതി വിഹിതത്തിന്റെ 3, 4 ഗഡുക്കൾ സാമ്പത്തിക വർഷത്തിന്റെ അവസാനമാണ് ലഭ്യമായത്. ആയതുകൊണ്ട് ടി തുക 31/03/2003 അകം പൂർണ്ണമായി ചെലവഴിക്കാനായില്ല.<br><br>2002–03 വർഷത്തെ പദ്ധതി രൂപീകരിക്കുന്നതിലും നടപ്പിലാക്കുന്നതിലും ഭരണസമിതിയും സെക്രട്ടറിയും പ്രത്യേക ശ്രദ്ധ നൽകിയിരുന്നുവെങ്കിലും നിർവ്വഹണ ഘട്ടത്തിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ സാങ്കേതിക അനുമതി ലഭിക്കുന്ന കാര്യത്തിലും കേന്ദ്രാവിഷ്കൃത പദ്ധതികൾ, കേരള വികസന പദ്ധതികൾ എന്നിവ സംയോജിപ്പിച്ചുകൊണ്ട് പദ്ധതി രൂപീകരിച്ചതിനാലും നിർവ്വഹണ ഘട്ടത്തിൽ തടസ്സങ്ങൾ നേരിട്ടതും പദ്ധതി ചെലവ് കറയുവാൻ കാരണമായിട്ടുള്ളതാണ്. 2003–04 വർഷത്തിൽ ടി തുക പൂർണ്ണമായും ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും സർക്കാരിന്റെ 09.07.2003 ലെ 381/03 നമ്പർ ഉത്തരവ് പ്രകാരം അവശേഷിച്ച തുക മരവിപ്പിച്ചതിനാൽ ടി ഫണ്ട് തുടർവർഷം പൂർണ്ണമായും വിനിയോഗിക്കുവാൻ കഴിഞ്ഞില്ല. ബോധപൂർവ്വമല്ലാതെ സംഭവിച്ച ടി അപാകത മാപ്പാക്കണമെന്നുള്ള അന്നത്തെ സെക്രട്ടറിയുടെ അപേക്ഷയും വിശദീകരണവും പഞ്ചായത്ത് കമ്മിറ്റി വിശദമായി പരിശോധിക്കുകയും തുടർന്നുള്ള വർഷങ്ങളിൽ പദ്ധതിതുക ചെലവഴിക്കുന്നതിൽ വളരെയേറെ ശ്രദ്ധപതിപ്പിച്ച വികസന പ്രവർത്തനങ്ങൾ വിട്ടുകൂടാതെ നടപ്പിലാക്കിയിട്ടുള്ളതുമാണ്. പിന്നീടുള്ള വർഷങ്ങളിൽ പദ്ധതിതുക 85 ശതമാനത്തിന് മുകളിൽ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളതുമാണ്. BbXnsâ |

| | | | |
|---|---|---|---|
| | | വികസനം നിഷേധിക്കുന്ന ഇത്തരം സമീപനം ഗൗരവമായി കാണുന്നു. | അടിസ്ഥാനത്തിൽ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ആലപ്പുഴയുടെ 1/02/2012 ലെ എൽ.എഫ്.ജി.എ.5-1832/11 നമ്പർ കത്ത് പ്രകാരം ടി പരാമർശം ഒഴിവാക്കിയിട്ടുള്ളതാണ്. |
| 10 | 3.24.1 | **<u>കാവാലംഗ്രാമപഞ്ചായത്ത്</u>**<br><br>**<u>കുടിവെള്ള വിതരണത്തിന് പൈപ്പ് വാങ്ങൽ – വാങ്ങിയവ ഉപയോഗിച്ചില്ല</u>** (ആഡിറ്റ് റിപ്പോർട്ട് വർഷം 2003 –2004 ഖണ്ഡിക നമ്പർ 2.4)<br><br>സാങ്കേതിക അംഗീകാരം ഇല്ലാത്ത ടി പ്രോജക്റ്റ് അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ടെണ്ടർ ക്ഷണിക്കാതെയും 225940/- രൂപ ചെലവഴിച്ച് പല വ്യാസത്തിലുള്ള പി.വി.സി പൈപ്പുകളും ഫിറ്റിംഗ്സുകളും വാങ്ങിയിട്ടുണ്ട്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും 2 വർഷം കഴിഞ്ഞിട്ടും ( ഓഡിറ്റ് തീയതി വരെ) | ഓഡിറ്റ് പരാമർശത്തിനുത്തരവാദിയായ മുൻ സെക്രട്ടറി ശ്രീമതി കെ സുലേഖയിൽ നിന്ന് തുക ഈടാക്കുന്നതിനായി 29/02/2012 ലെ ഗ്രാമ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം ഓൺലൈൻ മുഖേന റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിരുന്നു. ആയതിനെതിരെ ടിയാരി ഹൈക്കോടതിയിൽ WP(C) No. 33165 of 2015 ആയി അന്യായം ഫയൽ ചെയ്തിരുന്നു. 07/01/2019 ലെ കോടതി വിധിയിൽ, 1994 ലെ കേരള പഞ്ചായത്തരാജ് ആക്ട് സെക്ഷൻ 215(9) പ്രകാരം ചെലവ് നടന്ന് 4 വർഷത്തിനുള്ളിൽ സർചാർജ് നോട്ടീസ്/സർചാർജ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ലാത്തതിനാൽ ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ട് പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് റവന്യൂ റിക്കവറി നടപടി സ്വീകരിക്കാൻ അധികാരമില്ലാത്തതായും, രേഖകൾ ഹാജരാക്കാത്തതു മൂലം നഷ്ടം തിട്ടപ്പെടുത്തി സർചാർജ് നോട്ടീസ് നൽകാൻ കഴിഞ്ഞിട്ടില്ല എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സ്റ്റേറ്റ്മെന്റ് നൽകിയിട്ടുള്ളതിനാലും റവന്യൂറിക്കവറി നടപടി റദ്ദ് ചെയ്തിരിക്കുന്നു. ടി വിധിയിന്മേൽ അപ്പീൽ നൽകുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് അഡ്വ. ആസാദ് ബാബുവിൽ നിന്നും നിയമോപദേശം നേടിയിട്ടുള്ളതും അപ്പീൽ നടപടി ഫലവത്താകില്ലായെന്ന് 17/07/19 ൽ നിയമോപദേശം ലഭിച്ചിട്ടുണ്ടെന്നുമുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. ഓഡിറ്റ് വർഷത്തെ തുടർന്നുള്ള കാലയളവിൽ പൈപ്പുകൾ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | വാങ്ങിയ സാധനങ്ങളുടെ ഗണ്യമായ ഭാഗം പഞ്ചായത്താഫീസിൽ ഉപയോഗിക്കാതെ കിടക്കുകയാണ്. വ്യക്തമായ കണക്കുകളില്ലാതെയും വാങ്ങലിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ അവഗണിച്ചു കൊണ്ടും വാങ്ങിയ സാധനങ്ങൾ ഉപയോഗിക്കാതെയിരിക്കുകയും ചെയ്തത് ധന ദുർവിനിയോഗമാണ്. | |
| 11 | 3.25.1 | <u>മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്</u><br><br>ബാലകൈരളി നഴ്സറി സ്ക്കൂൾ -ചെലവുകൾക്ക് അംഗീകാരമില്ല. (ഓഡിറ്റ് റിപ്പോർട്ട് വർഷം. 2003-04, ഖണ്ഡിക നമ്പർ. 2.4)<br><br>പാവപ്പെട്ട കുട്ടികൾക്ക് മികച്ച പ്രീ-സ്കൂൾ വിദ്യാഭ്യാസം നൽകുന്നതിന് രൂപം കൊടുത്ത ബാലകൈരളി നഴ്സറി സ്ക്കൂൾ 25-05-1999 മുതൽ പ്രവർത്തിച്ചു വരുന്നു. ടി സ്കൂളിലെ അധ്യാപികമാർക്ക് ഓണറേറിയം | <u>മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്</u><br><br>മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിലെ 3 ഉം 4 ഉം വയസുള്ള കുട്ടികളുടെ സമഗ്ര വികസനത്തിനായി ലക്ഷ്യം വെച്ചുകൊണ്ട് നടപ്പിലാക്കുന്ന പ്രോജക്ടാണ് ബാലകൈരളി നേഴ്സറി സ്ക്കൂൾ. ബഹു.സംസ്ഥാന ആസൂത്രണ ബോർഡിന്റെ 09/07/2003 ലെ നമ്പർ 2200/2003/ഡി.പി/എസ്.പി.സി നമ്പർ കത്തും 11/11/2003 ലെ 2200/2003/ഡി.പി.എസ്.ബി നമ്പർ കത്തും പ്രകാരം മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചാത്ത് 2003-2004 വർഷം തയ്യാറാക്കിയ ബാലകൈരളി നേഴ്സറി സ്ക്കൂൾ പ്രോജക്ടിൽ തുടർപദ്ധതി എന്ന നിലയിൽ അനുമതി നൽകിയും, 2003-2004 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 15 നേഴ്സറി സ്ക്കൂളുകൾ തുടർന്ന് നടത്തുന്നതിനുള്ള സ്പിൽഓവർ പ്രോജക്ടുകൾ ഉൾപ്പെടെ വികേന്ദ്രീകരണ ആസൂത്രണ സംസ്ഥാനതലകോർഡിനേഷൻ |

| | | | |
|---|---|---|---|
| | | നൽകുന്നതിന് 2002-03 ൽ പ്രോജക്റ്റ് തയ്യാറാക്കിയെങ്കിലും അംഗീകാരം ലഭിച്ചില്ല ഓണറേറിയം 3 മാസകാലത്തെയ്ക്ക് പരിമിതപ്പെടുത്തണമെന്നും പ്രോജക്റ്റ് ഐ.സി.ഡി.എസ്.നോട് സംയോജിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒരുമാസത്തിനുള്ളിൽ ഗവൺമെന്റിൽ സമർപ്പിക്കണമെന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2003-04-ൽ സംസ്ഥാന ആസൂത്രണ ബോർഡ് അംഗീകാരം നൽകി. എന്നാൽ ടി നിർദ്ദേശങ്ങൾ പാലിക്കാതെ മൂന്ന് മാസത്തിലധികം വേതനം നൽകിയതുവഴിയും കെട്ടിട നിർമ്മാണത്തിനും ഭക്ഷണത്തിനുമായി ആകെ 4,71,368 രൂപ ചെലവഴിച്ചിട്ടുണ്ട്. അംഗീകാരമില്ലാതെ തുക ചെലവഴിച്ചത് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. | സമിതി തീരുമാന പ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് പ്രത്യേക അനുവാദം നൽകിയിരുന്നു. ടി അനുവാദത്തിൽ പദ്ധതി വിഹിതത്തിൽ നിന്നും അദ്ധ്യാപികമാർക്ക് ഹോണറേറിയം നൽകുന്നത് 3 മാസകാലയളവിലേയ്ക്ക് മാത്രം പരിമിതപ്പെടുത്തേണ്ടതാണ്. പദ്ധതിയുടെ ധനകാര്യ വിശകലനത്തിൽ ഒരു സാമ്പത്തിക വർഷം രണ്ട് പ്രാവശ്യത്തേയ്ക്ക് മാത്രമെ അദ്ധ്യാപികമാർക്ക് ഹോണറേറിയം വിതരണം ചെയ്യുന്നുള്ളു. ആയത് അനുസരിച്ച് സാമ്പത്തിക വർഷം ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ ആദ്യത്തെ 6 മാസത്തേയ്ക്ക് സീനിയർ അദ്ധ്യാപികമാർക്ക് ആകെ 3725/- രൂപയും ജൂനിയർക്ക് 3500/- രൂപയും മറ്റ് അദ്ധ്യാപികമാർക്ക് 3000/- രൂപയും സെപ്റ്റംബർ മാസവും അടുത്ത 6 മാസത്തേയ്ക്ക് മാർച്ച് മാസവും അദ്ധ്യാപകർക്ക് ഹോണറേറിയം 1 വർഷത്തിൽ 2 മാസത്തിൽ വിതരണം ചെയ്യുന്ന രീതിയിലാണ് പ്രോജക്ട് നടപ്പിലാക്കിയിരുന്നത്. 2004-2005 വർഷത്തെ വാർഷികപദ്ധതിയിലും വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതിയുടെ തീരുമാന പ്രകാരം 20.11.2013 ലെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2400/2004/ഡി.സി/ഡി.പി/എസ്.പി.സി നമ്പർ കത്ത് പ്രകാരം അനുമതി നൽകിയിരുന്നു. ടി അനുമതിയിലും പ്രോജക്ടിൽ വിഭാവനം ചെയ്തിരിക്കുന്നത്പോലെ പദ്ധതി വിഹിതത്തിൽ നിന്നും അദ്ധ്യാപകർക്കുള്ള ഹോണറേറിയം 2 മാസത്തേയ്ക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. 2003-2004 സാമ്പത്തിക വർഷത്തെ ജനകീയാസൂത്രണം പദ്ധതിയിൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ അനുമതി വാങ്ങിയ ബാലകൈരളി നേഴ്സറി സ്കൂൾ പ്രോജക്ടിൽ അദ്ധ്യാപകർക്കുള്ള ഹോണറേറിയം, കുട്ടികൾക്കുള്ള ഭക്ഷണം സ്കൂൾ കെട്ടിട നിർമ്മാണത്തിന് വസ്തു വാങ്ങലും, കെട്ടി നിർമ്മണം ഉൾപ്പെടെയുമാണ് തുക ചെലവഴിച്ചിട്ടുള്ളതെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. 2005-2006 മുതൽ ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടുകൂടി ടി പ്രോജക്ട് തുടർന്ന് നടത്തി വരുന്നതാണ് എന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | |
| 12 | 3.26<br><br>(3.26.1) | <u>തകഴി ഗ്രാമപഞ്ചായത്ത്</u><br><br>സമ്പൂർണ്ണ ശുചിത്വ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് കൊടുക്കുന്നതിന് (1500,500 രൂപ വീതം) വി.ഇ.ഒ കൈപ്പറ്റിയ 128000/-രൂപയ്ക്ക് ചെലവ് രേഖകൾ ഹാജരാക്കാതെ ഒരു രജിസ്റ്ററിൽ കുറച്ച് പേരുടെ പേരുകൾ എഴുതി ഒപ്പ് രേഖപ്പെടുത്തി 1500/- രൂപ വീതം നൽകിയതായി കാണപ്പിരിക്കുന്നു.ടി ഒപ്പുകൾ വ്യാജമാണെന്ന് സൂക്ഷ്മപരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.ചേർത്തിട്ടുള്ള ഗുണഭോക്താക്കളുടെ പേരുകൾ ആവർത്തിച്ച് രേഖപ്പെടുത്തി തുക നൽകിയതായി കാണുന്നു.ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത 23 പേർക്ക് തുക നൽകിയതായി | തകഴി ഗ്രാമപഞ്ചായത്തിലെ 2002/03 ലെ കേരളാ സ്റ്റേറ്റ് ഓഡിറ്റ് പരാമർശത്തിന് വിധേയനായ വി.ഇ.ഒ. ശ്രീ.സതീഷ്കുമാർ എന്ന വ്യക്തിക്ക് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം 03/10/2007 ൽ അയച്ച് നൽകിയിരുന്നുവെങ്കിലും മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ 07/03/2012 ലും 16/03/2012 ലും സമാഹൃത റിപ്പോർട്ടിന്റെ കോപ്പി ഉൾപ്പെടെ കത്തുകൾ അയയ്ക്കുകയും ചെയ്തിട്ടുണ്ട്. പലപ്രാവശ്യം പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടും മറുപടി നൽകാത്തത് ഗുരുതരമായ അനാസ്ഥയായി ഗ്രാമപഞ്ചായത്ത് കമ്മറ്റി വിലയിരുത്തുകയും ആയതിനാൽ ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ തുകയും നിയമാനുസൃതമായ പലിശയും ശ്രീ.സതീഷ്കുമാറിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 06.08.2019 ന് ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുവാൻ ആലപ്പുഴ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും 21.08.2019 ലെ നം.2019/8117 നമ്പറായി റവന്യൂ റിക്കവറി നടപടികൾ തുടങ്ങിയിട്ടുള്ളതായും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | കണ്ടെപ്പെട്ടു. ഗുണഭോക്താക്കളുടെ അപേക്ഷയോ അനുബന്ധരേഖകളോ ഇല്ലാതെ 30 പേർക്ക് ധന സഹായം നൽകിയിട്ടുണ്ട്.എന്നാൽ ടി പണികൾ സംബന്ധിച്ച്യാതൊരുവിധമോ ണിറ്ററിംഗ് റിപ്പോർട്ടുകളും നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയിട്ടില്ല എന്നിവയാണ് ഓഡിറ്റ് പരാമർശങ്ങൾ. | |
| 13 | 3.27.1 | <u>കുമാരപുരം ഗ്രാമപഞ്ചായത്ത്</u> – ആഡിറ്റ് റിപ്പോർട്ട് വർഷം 2004–05 ഖണ്ഡിക 3.4എസ്റ്റിമേറ്റിൽ തിരുത്തൽ വരുത്തി, നിശ്ചയിച്ച പ്രകാരം ജോലി നിർവ്വഹിച്ചില്ല. (ഓഡിറ്റ് റിപ്പോർട്ട് വർഷം. 2004–05, ഖണ്ഡിക നമ്പർ. 3.4)<br><br>നാരകത്തറ മുതലമുക്ക് റോഡ് 855 മീറ്റർ നീളത്തിൽ റീടാർ ചെയ്യാൻ 3,24,726 രൂപയുടെ അടങ്കൽ നിശ്ചയിച്ച് 5.55 ശതമാനം കുറഞ്ഞ നിരക്കിൽ ചെയ്യാൻ ടെണ്ടർ നൽകി. ഇതിനുശേഷം | കുമാരപുരം ഗ്രാമപഞ്ചായത്തിലെ നാരകത്തറ മുതലമുക്ക് റോഡ് റീടാറിംഗ് നടത്തുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 60 മീറ്റർ മാത്രം ഉയർത്തി ഗ്രാവലിംഗും മെറ്റലിംഗും ചെയ്തു. ശേഷിക്കുന്ന 795 മീറ്റർ റീടാറിംഗ് മാത്രം ചെയ്ത് പണി പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ തുടർന്ന് വന്ന കാലവർഷം മൂലം റോഡിന്റെ പല ഭാഗങ്ങളും പൊളിഞ്ഞ്പോവുകയും വലിയ കുഴികൾ ഉണ്ടാവുകയും ചെയ്തു. ഈ ഭാഗം ഗ്രാവൽ ഇട്ട് ഉയർത്തി മെറ്റല് ചെയ്തതിന് ശേഷം മാത്രമേ റീടാറിംഗ് ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്നും ആയതിന് എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യണമെന്ന് ടി പ്രവർത്തിയുടെ നിർവ്വഹണ ഘട്ടത്തിൽ പഞ്ചായത്ത് അസി.എൻജിനീയർ സാങ്കേതിക ഉപദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ അടങ്കൽ തുകയിൽ മാറ്റം വരുത്താതെ ടി പ്രവർത്തിയുടെ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിന് പഞ്ചായത്ത് 30.11.2004 ൽ തീരുമാനിച്ചു. പ്രസ്തുത റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 60 മീറ്ററിന് പകരം 350 മീറ്റർ കൊത്തി ഇളക്കി ഉയർത്തി ഡബിൾമെറ്റലിംഗ് ചെയ്ത് ടാർ ചെയ്യുന്നതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും, 60 മീറ്ററിന് പകരം 350 മീറ്റർ ഏറ്റവും നന്നായി പൂർത്തിയാക്കുവാൻ സാധിക്കുകയും ബാക്കി ഭാഗത്തെ റീടാറിംഗ് ഒഴിവാക്കേണ്ടിയും വന്നു. പദ്ധതിയുടെ അടങ്കൽ തുകയായ 325000/– രൂപയിൽ |

| | | | |
|---|---|---|---|
| | | റോഡിന്റെ സ്ഥിതിയിൽ വന്ന മാറ്റം പുന.പരിശോധിക്കുകയും പഞ്ചായത്ത് അസി.എഞ്ചിനീയർ ശുപാർശ ചെയ്തതുപ്രകാരം എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് അടങ്കൽ തുകയിൽ നിലനിർത്തി (ടെണ്ടർ ഡിഡക്ഷൻ ഇല്ലാതെ) പണിനിർവ്വഹിക്കാൻ പഞ്ചായത്ത് സമിതി തീരുമാനിക്കുകയും ചെയ്തു. ടി തീരുമാനത്തിന് വിരുദ്ധമായി എസ്റ്റിമേറ്റ് തുക 3,43,000 എന്ന് പദ്ധതി രേഖയിൽ തിരുത്തുകയും എസ്റ്റിമേറ്റിലെ ഗ്രാവൽ വേലയും മെറ്റൽ വിരിക്കലും മാത്രം നടത്തി കോൺട്രാക്ടർക്ക് 3,42,734 രൂപ മൂല്യം നിശ്ചയിച്ച് തുക നൽകുകയും ചെയതു. ചെയ്ത പണിയാകട്ടെ 855 മീറ്ററിനുപകരം 350 മീറ്ററായി ചുരുങ്ങുകയും 3,25,000 രൂപ സാങ്കേതികാനുമതിയും ഭരണാനുമതിയും നൽകിയ പണിയുടെ അടങ്കൽ സെക്രട്ടറി 3,43,000 ആയി തിരുത്തുകയും, തുടർന്ന് തുക നൽകുകയും ചെയ്തു. റീടാറിംഗ് ഉൾപ്പെടെ | ആകെ 323712 രൂപയാണ് ടി പ്രവർത്തിയുടെ വിനിയോഗത്തിന് ഉപയോഗിച്ചിട്ടുള്ളത്. മറ്റ് പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്ന ടി റോഡ് ഗതാഗതയോഗ്യമാക്കിയതിനാലും ലക്ഷ്യം കൈവരിച്ചതിനാലും, ടി പ്രവർത്തിയുടെ നിർവ്വഹണം മൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നും അപേക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | നിശ്ചയിച്ച പണിയിൽ മെറ്റലിംഗ് മാത്രം നടത്തിയിട്ട് ശേഷിക്കുന്ന പണി പൂർത്തീകരിച്ചില്ല. കരാർ അനുസരിച്ചുള്ള തുടർനടപടികളും പഞ്ചായത്തിൽ നിന്നും സ്വീകരിച്ചിട്ടില്ല | |

**കേരള സംസ്ഥാന ആഡിറ്റ് 2008-09 സമാഹൃതറിപ്പോർട്ടിൻമേൽ ആലപ്പുഴ ജില്ലയിലെ**

**ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത നടപടി പരിഹാര പത്രിക**

| ക്രമ നമ്പർ | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 3 | 4 | 5 |
| 1 | 3.5.5 (എ) | **കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്**<br>ചെറുകിട വ്യവസായം – (പട്ടികജാതി വനിത)<br>ഓഡിറ്റ് റിപ്പോർട്ട് 2005- 06 ഖണ്ഡിക നമ്പർ 3-20<br>പഞ്ചായത്തിലെ സ്ഥിരതാമസക്കാരായ 22 പട്ടികജാതി വനിതകൾക്ക് സ്വയം തൊഴിൽ.<br>സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുക എന്ന പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ബാങ്ക് ലോൺ ലഭ്യമാകുന്ന മുറയ്ക്ക് 10000/-രൂപ വീതം സബ്സിഡി അനുവദിച്ച് നൽകുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ഈ പദ്ധതിക്കായി വകയിരുത്തിയിരുന്ന 220000/-രൂപയും ട്രഷറിയിൽ നിന്നും പിൻവലിച്ച് കാനറബാങ്കിന്റെ കായംകുളം ശാഖയിൽ മടക്കിയിട്ടുണ്ട്. ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ അർഹത ബാങ്ക് ലോൺ ലഭ്യമാക്കിയതിന്റെ രേഖകൾ, ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ തുടങ്ങിയവ | **കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്**<br>പദ്ധതി നിർവഹണം സംബന്ധിച്ച രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്താതിരിക്കുകയും പിന്നീട് വിശദീകരണം ആവശ്യപ്പെട്ടിട്ടും മറുപടി നൽകാതെ നിരുത്തരവാദപരമായി പെരുമാറുകയും ചെയ്ത വി.ഇ.ഒ.ശ്രീ. ഷംനാദിനെതിരെ യുക്തമായ നടപടി സ്വീകരിച്ച് പഞ്ചായത്തിനുണ്ടായ നഷ്ടം ടിയാളിൽ നിന്നും ഈടാക്കി നൽകുന്നതിനും ടിയാൻറെ നിഷേധാത്മക നിലപാടിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് ഗ്രാമവികസനകമ്മീഷണർക്ക് 12/3/2012 ൽ കത്ത് നൽകിയിരുന്നു. എന്നാൽ ടിയാൾക്കെതിരെ ക്രിമിനൽകേസും , വിജിലൻസ് കേസും രജിസ്റ്റർ ചെയ്തിട്ടുള്ളതിനാല് വകുപ്പുതല നടപടി സ്വീകരിക്കുന്നത് അഭികാമ്യമല്ലെന്ന് ടി ഓഫീസില് നിന്നും അറിയിച്ചിട്ടുള്ളതുമാണ്. ടി വിഷയം സംബന്ധിച്ച് നിലവിലെ സ്ഥിതിവിവരങ്ങൾ ലഭ്യമാക്കുന്നതിന് 5/8/2013 ല് ഗ്രാമവികസനകമ്മീഷണർക്ക് കത്ത് നൽകിയിട്ടുള്ളതുമാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | രേഖാമൂലം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. നേരിട്ട് അന്വേഷിച്ചതിൽ 15 ഗുണഭോക്താക്കൾക്ക് മാത്രമാണ് നാളിതുവരെ ബാങ്ക് ലോൺ ലഭ്യമാക്കിയതെന്നും സബ്സിഡിയിനത്തിൽ ബാങ്കിൽ നിക്ഷേപിച്ച തുക വിതരണം നടത്തിയിട്ടില്ലായെന്നും കാണുകയുണ്ടായി. ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന് മുമ്പ് പദ്ധതിപ്പണം പൂർണ്ണമായി പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ച ക്രമവിരുദ്ധമായ നടപടിമൂലം പദ്ധതിപണം ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുവാൻ കാരണമായി. സബ്സിഡിയിനത്തിൽ ബാങ്കിൽ അധികം ഒടുക്കിയ തുക തിരികെ ഈടാക്കുവാനും ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പുകൾ തുക ഫലപ്രദമായി ഉപയോഗിച്ചെന്ന് ഉറപ്പുവരുത്തുവാനും നടപടി സ്വീകരിക്കേണ്ടതാണ്. ചെലവഴിച്ച 220000/- രൂപ തടസ്സപ്പെടുത്തുന്നു. | |
| | 3.5.5 (ബി) | കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്<br><br><u>വനിതാ ഘടക പദ്ധതിയിലെ ക്രമക്കേടുകൾ</u><br><br>ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05 ഖണ്ഡിക 3-2<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പദ്ധതിയുടെ 25 ഗുണഭോക്താക്കളിൽ ആനുകൂല്യം കൈപ്പറ്റിയത് 12 പുരുഷന്മാർ. മറ്റു ക്രമക്കേടുകൾ | കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്<br><br>പരാമർശവിഷയങ്ങൾസംബന്ധിച്ച് ശ്രീ. ഷംനാദ്, വി.ഇ.ഒ നടത്തിയ ക്രമക്കേടുകൾ ആലപ്പുഴ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ VC 9/10/ALP നമ്പരായി കേസ് രജിസ്റ്റർചെയ്ത് അന്വേഷിച്ചുവരുന്നു. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പരിഗണനയിലായതിനാൽ പ്രസ്തുത കേസിന്റെ തീർപ്പിന വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കേസിന്റെ അടുത്ത വിചാരണ തീയതി 30.08.2018 ആണെന്ന് വിജിലൻസ് & ആന്റി കറപ്ഷൻ |

| | | | |
|---|---|---|---|
| | | 1. 25 പേർക്ക് സ്വയംതൊഴിൽ സംരംഭത്തിന് സബ്സിഡിയിനത്തിൽ10,000രൂപ വിതം നൽകുന്നതിന് 2.5 ലക്ഷംരൂപ എസ്.ബി.ഐയുടെ കായംകുളം ശാഖയിൽ സബ്സിഡി അക്കൗണ്ടിൽ അടച്ചിരുന്നു. (ലോൺ ആപ്ലിക്കേഷൻ തയ്യാറാക്കാതെ 25 പേരുടെ സബ്സിഡി ബാങ്കിൽ അടച്ചത് ശരിയല്ല.<br><br>2. 10 പേർക്ക് ബാങ്കിൽ നിന്നും ലോൺ അനുവദിച്ചിരുന്നുവെങ്കിലും സബ്സിഡിതുക വിതരണംചെയ്തിട്ടില്ലെന്ന് നേരിട്ടുള്ള അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടു.<br><br>3. ലോൺ അനുവദിക്കാത്ത 6 പേരുടെ സബ്സിഡി തുകയായ 60000/- രൂപ തിരികെ ശ്രീ. ഷംനാദിന്റെ പേരിൽ നൽകുവാൻ ചെക്കിന്റെ മറുവശത്ത് പഞ്ചായത്ത് പ്രസിഡന്റ് ശുപാർശചെയ്തതിന്റെ അടിസ്ഥാനത്തിൽ 1/9/2006 ൽ കായംകുളം കാനറ ബാങ്കിന്റെ ശാഖയിൽ ടിയാന്റെ സ്വകാര്യ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ എസ്.ബി – 5194) ടി തുക ക്രഡിറ്റ് ചെയ്തു.<br><br>4. ക്രഡിറ്റ് കാർഡ് ഉപയോഗിച്ച് ടി അക്കൗണ്ടിൽ നിന്നും ടി തുക പിൻവലിച്ചിട്ടുണ്ടെന്ന് കാനറ ബാങ്കിൽ നിന്നും അറിയിച്ചു.<br><br>5. ഇപ്രകാരം പിൻവലിച്ചതുക പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല. സബ്സിഡിയിനത്തിൽ പിൻവലിച്ചതുകയിൽ 60000/- രൂപ സ്വകാര്യഅക്കൗണ്ടിലേക്ക് മാറ്റി വി.ഇ.ഒ ധനദുർവിനിയോഗം നടത്തി. | ബ്യൂറോ, ആലപ്പുഴ ഓഫീസിൽ നിന്നും അറിയിച്ചിട്ടുള്ളതായും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | 3.5.5(സി) | കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്<br><br>ട്രഷറിയിൽ നിന്നും പിൻവലിച്ച പദ്ധതി തുക വിതരണം ചെയ്തില്ല.<br><br>ആഡിറ്റ് റിപ്പോർട്ട് 2005-06 ഖണ്ഡിക 3-17<br><br>ഇരട്ട ലക്ഷംവീട് ഒറ്റ വീടാക്കൽ എന്ന പദ്ധതിക്കായി നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ 30/3/2006 ൽ 285917/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും 112500/- രൂപ മാത്രമേ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളൂ. ബാക്കിയായ 1,74,417/- രൂപ ടി ഉദ്യോഗസ്ഥൻ കൈവശം വച്ചിരിക്കുന്നു. | കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്<br><br>പരാമർശ വിഷയങ്ങൾസംബന്ധിച്ച് ശ്രീ.ഷംനാദ്, വി.ഇ.ഒ നടത്തിയ ക്രമക്കേടുകൾ ആലപ്പുഴ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ VC 6/10/ALP നമ്പരായി കേസ് രജിസ്റ്റർചെയ്ത് അന്വേഷിച്ചുവരുന്നു. വിജിലൻസ്& ആന്റി കറപ്ഷൻ ബ്യൂറോയുടെ പരിഗണനയിലായതിനാൽ പ്രസ്തുത കേസിന്മേൽ തീർപ്പിന വിധേയമായി തുടർനടപടികള് സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കേസിന്റെ അടുത്ത വിചാരണ തീയതി 30.08.2019 ആണെന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ആലപ്പുഴ ഓഫീസിൽ നിന്നും അറിയിച്ചിട്ടുള്ളതായും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 2. | ഖണ്ഡിക<br>3.5.6 | പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്<br><br>കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് പ്രവർത്തന മൂലധനം<br><br>ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-2006,ഖണ്ഡിക നമ്പർ 3 -7 | പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിൽ 2005/2006 വർഷത്തിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് പ്രവർത്തന മൂലധനം എന്ന പ്രോജക്ട് 101500/-രൂപ അടങ്കലായി വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ളതാണ്.ആയതു സംബന്ധിച്ച് അന്നത്തെ ഓഡിറ്റ് ഓഫീസറായിരുന്ന ശ്രീ.പി.സാബുവിനെ 15 അയൽകൂട്ടങ്ങളുടെ അക്കൗണ്ടിൽ പദ്ധതി പ്രകാരം ലഭിച്ച ആനുകൂല്യം വരവ് വന്നതിന്റെ പാസ്സ് ബുക്ക് കോപ്പികൾ ടി ഗ്രൂപ്പുകൾ നടത്തിയിട്ടുള്ള സ്വയം തൊഴിൽ സംരംഭങ്ങളെ സംബന്ധിച്ച കുടുംബശ്രീ ചെയർപേഴ്സന്റെ സാക്ഷ്യപത്രം , ബന്ധപ്പെട്ട സംരംഭങ്ങളുടെ പ്രോജക്ട് റിപ്പോർട്ട്, പ്രോജക്ട് ഫയൽ, എന്നിവ സഹിതം ഹാജരാക്കുകയും അവ പരിശോധിച്ച് |

| | | | |
|---|---|---|---|
| | | കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി വരുമാനം ലഭ്യമാക്കുന്ന സംരംഭങ്ങൾ സൃഷ്ടിക്കുന്നതിന് പദ്ധതി വിഹിതത്തിൽ നിന്നും 5,000/- രൂപ വീതം റിവോൾവിംഗ് ഫണ്ട് അനുവദിച്ചു നൽകുന്നതായിരുന്നു പദ്ധതി.ഗ്രൂപ്പുകളുടെ സമ്പാദ്യത്തിന് ആനുപാതികമായി നൽകുന്ന തുക ഗ്രൂപ്പുകളുടെ അക്കൗണ്ടിൽ നിക്ഷേപിയ്ക്കുന്നതിന് പകരം വ്യക്തികൾക്ക് ചെക്കായി നൽകുകയാണ് ചെയ്തത്.ടി തുക വിനിയോഗിച്ച് സ്വന്തമായി ബിസിനസ്സ് ആരംഭിച്ചതിനും ബാങ്ക് ലോൺ<br><br>ലഭ്യമാക്കിയതിനും രേഖകളില്ല.റിവോൾവിംഗ് ഫണ്ട് റിവോൾവ് ചെയ്യുന്നതിന് ധനസഹായം നൽകിയ തുക തിരികെ അടയ്ക്കുന്നതുമില്ല. പദ്ധതി ലക്ഷ്യം കൈവരിയ്ക്കുന്നുമില്ല. | ബോധ്യപ്പെടുകയും മേൽപരാമർശം ഒഴിവാക്കിതരികയും ചെയ്തിട്ടുള്ളതാണെന്ന് അന്നത്തെ വി.ഇ.ഒ ആയിരുന്ന ശ്രീ.കെ ഫൈസൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും രേഖകളൊന്നും ഹാജരാക്കിയിട്ടില്ലാത്തതാണ്.<br><br>ടി പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക പഞ്ചായത്ത് കമ്മറ്റി പരിശോധിക്കുകയും പഞ്ചായത്തിലെ ഗ്രേഡിംഗിലൂടെ തെരഞ്ഞെടുത്ത 18 അയൽക്കൂട്ടങ്ങൾക്ക് 5000/- രൂപ വീതം ഡി.ഡി ആയിട്ടാണ് നൽകിയിട്ടുള്ളതെന്നും, ആയത് ടി അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിൽ വരവ് വെച്ചിട്ടുള്ളതും ആയത് പഞ്ചായത്തിന് ബോദ്ധ്യമായിട്ടുള്ളതായും അയൽക്കൂട്ടങ്ങൾക്ക് പ്രവർത്തനമൂലധനം നൽകുക എന്ന പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്നും, പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലായെന്നും പഞ്ചായത്ത് കമ്മറ്റിക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |
| 4 | 3.7.1 | കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്<br><br>ചെറുകിട വ്യവസായം (വികലാംഗർ)<br><br>ആഡിറ്റ് റിപ്പോർട്ട് വർഷം 2005-06 ഖണ്ഡിക 3-19<br><br>പഞ്ചായത്തിലെ സ്ഥിരതാമസക്കാരും വികലാംഗരുമായ 10 ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുക എന്ന പദ്ധതി പ്രകാരം ബാങ്ക് | കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്<br><br>പദ്ധതി നിർവഹണം സംബന്ധിച്ച രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്താതിരിക്കുകയും പിന്നീട് വിശദീകരണം ആവശ്യപ്പെട്ടിട്ടും മറുപടി നൽകാതെ നിരുത്തരവാദപരമായി പെരുമാറുകയും ചെയ്ത വി.ഇ.ഒ.ശ്രീ. ഷംനാദിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് ഗ്രാമവികസനകമ്മീഷണർക്ക് 12/3/2012 ൽ കത്ത് നൽകിയിരുന്നു. എന്നാൽ ടിയാൾക്കെതിരെ ക്രിമിനൽകേസും ,വിജിലൻസ് കേസും രജിസ്റ്റർ ചെയ്തിട്ടുള്ളതിനാല് വകുപ്പുതല നടപടി സ്വീകരിക്കുന്നത് അഭികാമ്യമല്ലെന്ന് ടി ഓഫീസിൽ |

30/2023.

| | | | |
|---|---|---|---|
| | | ലോൺ ലഭ്യമാകുന്ന മുറയ്ക്ക് 10000/- രൂപ സബ്സിഡിയിനത്തിൽ അനുവദിച്ച് നൽകുകയെന്നതായിരുന്നു ലക്ഷ്യം. പദ്ധതിക്കായി വകയിരുത്തിയിരുന്ന 1,00,000/- പിൻവലിച്ച് കാനറ ബാങ്കിന്റെ കായംകുളം ശാഖയിൽ ഒടുക്കി. ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ അർഹത, ബാങ്ക് ലോൺ ലഭ്യമാക്കിയതിന്റെ രേഖകൾ,ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ തുടങ്ങിയവ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. നേരിട്ട് അന്വേഷണം നടത്തിയതിൽ 6 ഗുണഭോക്താക്കൾക്ക് മാത്രമാണ് വായ്പ ലഭിച്ചിട്ടുള്ളതെന്നും സബ്സിഡിയിനത്തിൽ പിൻവലിച്ച തുക വിതരണം നടത്തിയിട്ടില്ലായെന്നും കാണുകയുണ്ടായി. ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന് മുൻപ് പദ്ധതി പണം പൂർണ്ണമായി പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ചത് ക്രമപ്രകാരമല്ല. ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പുകൾ ആയത് ഫലപ്രദമായി ഉപയോഗിച്ചു എന്നതിനും രേഖകൾ ഇല്ല. ചെലവഴിച്ച തുക ആഡിറ്റിൽ തടസ്സപ്പെടുത്തിന്നു. | നിന്നും അറിയിച്ചിട്ടുള്ളതുമാണ്. ടി വിഷയം സംബന്ധിച്ച് നിലവിലെ സ്ഥിതിവിവരങ്ങൾ ലഭ്യമാക്കുന്നതിന് 5/8/2019 ൽ ഗ്രാമവികസനകമ്മീഷണർക്ക് കത്ത് നൽകിയിട്ടുള്ളതുമാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

ലോക്കൽ ഫണ്ട് ആഡിറ്റ് - ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത റിപ്പോർട്ടിൻമേൽ ആലപ്പുഴ ജില്ലയിലെഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| ക്രമ നമ്പർ | വർഷം ഖണ്ഡിക നമ്പർ | പരാമർശവിഷയം | സ്വീകരിച്ച നടപടി |
|---|---|---|---|
| 1. | 2009-10<br>3.4.1(1) | **ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്-**<br>3.4.1(1) പദ്ധതി നിർവ്വഹണത്തിന് വേണ്ടി ഗുണഭോക്തൃ വിഹിതം പിരിച്ചത് പഞ്ചായത്ത് രസീത് ഉപയോഗിച്ചിട്ടില്ല - ഗുരുതരമായ സാമ്പത്തിക ക്രമക്കേട്<br>ഓഡിറ്റ് വർഷം 2006-07 ഖണ്ഡിക നമ്പർ 2-35<br><br>2006-2007 വർഷം വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ 3 പ്രോജക്ടുകൾക്ക് ഗുണഭോക്തൃ വിഹിതം അംഗീകൃത പദ്ധതി രേഖയിൽ വിഭാവനം ചെയ്തിരുന്നു. ഗ്രാമപഞ്ചായത്തു പദ്ധതികൾ നിർവ്വഹിക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്മാർ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന ഗുണഭോക്തൃ വിഹിതം ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്ന രസീതുപയോഗിച്ച് ഗുണഭോക്താക്കളിൽ നിന്നും ശേഖരിക്കണമെന്നും ഇപ്രകാരം ലഭിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിൽ അടച്ച് ആവശ്യാനുസരണം ചെലവഴിക്കേണ്ടതുമാണെന്ന് വിവിധ സർക്കുലറുകളിലൂടെ സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. എം. ഷംനാദ് ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചില്ല. പഞ്ചായത്തിലെ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരായ കൃഷി ഓഫീസർ, വെറ്ററിനറി സർജൻ മുതലായവർ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനു വേണ്ടി പഞ്ചായത്തിൽ നിന്നും രസീതുബുക്കുകൾ വാങ്ങിയിട്ടുണ്ട്. പഞ്ചായത്തിലെ രസീതു ബുക്കുകൾ ഉപയോഗിക്കാതെ വി.ഇ.ഒ വെള്ളപേപ്പറിൽ സ്വന്തം കൈപ്പടയിലെഴുതിയാണ് | **ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്-**<br>പദ്ധതി പ്രവർത്തനം ക്രമരഹിതമായി നടത്തിയതു കൊണ്ട് ഉണ്ടായ നഷ്ടം നാളിതുവരെയുള്ള തുകയായ 57000/- രൂപ 17.10.2013 ൽ ആർ.ആർ/2013/6238/48, ആർ.ആർ/2013/6338/4 എന്നീ നമ്പർ പ്രകാരം ബഹു.ജില്ലാ കളക്ടർക്ക് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാൻ ഓൺലൈനായി അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ 57000/ ആർ.ആർ നടപടിയിലൂടെ ടിയാനിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളതായും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റിയിരിക്കുന്നത്. ഈ പിരിവിൽ താഴെ പറയുന്ന ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്തിന്റെ രസീതു ബുക്കുകൾ ഉപയോഗിക്കാത്തതിനാൽ എത്ര ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിച്ചതിന് രേഖയില്ല.

2. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനമില്ലാതെ ടിയാൻ പെരുമ്പള്ളി സർവ്വീസ് സഹകരണ ബാങ്കിൽ വി.ഇ.ഒ. ആറാട്ടുപുഴ എന്ന പേരിൽ അക്കൗണ്ട് തുടങ്ങുകയും ( നമ്പർ സ2184) ആയതിൽ 19/03/2007 മുതൽ 27/04/2007 വരെയുള്ള വിവിധ തീയതികളിലായി 360500 രൂപാ ഗുണഭോക്തൃവിഹിതമായി നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ട ടി തുക ഇപ്രകാരം സ്വന്തം അക്കൗണ്ടിൽ നിക്ഷേപിച്ചത് ഗുരുതരമായ ക്രമക്കേടാണ്. ഗുണഭോക്തൃവിഹിതം വിഭാവനം ചെയ്തിരുന്നതും പദ്ധതി സഹായം കൈപ്പറ്റിയതായും കാണിച്ചിട്ടുള്ള പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന ഗുണഭോക്താക്കളുടെ എണ്ണം | പദ്ധതി സഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം | പദ്ധതി സഹായം കൈപ്പറ്റിയവരിൽ നിന്നും ലഭിക്കുന്ന് ഗുണഭോക്തൃ വിഹിതം |
|---|---|---|---|---|
| 1 | സോപ്പുപൊടിനിർമ്മാ | 80 | 68 | 170000 (68 * 2500) |

| | | | | |
|---|---|---|---|---|
| | ണം പ്രോജകട് നമ്പർ 007/06-07 | | | |
| 2 | കയർ നിർമ്മാണ യൂണിറ്റ് പ്രോജക്ട് നമ്പർ 008/06-07 | 80 | 65 | 162500 (65 * 2500 ) |
| 3 | പുരുഷ സംഘങ്ങ ൾക്ക് മൈക്രോ സംരംഭം പ്രോജക്ട് നമ്പർ 0009/06-07 | 16 | 16 | 40000 ( 16 * 2500 ) |
| ആകെ | | 176 | 149 | 372500 |

ഇപ്രകാരം പദ്ധതി ധനസഹായം കൈപ്പറ്റിയതായി നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കി വച്ചിരുന്ന രേഖകൾ പ്രകാരം തന്നെ ഗുണഭോക്തൃവിഹിതമിനത്തിൽ 3,72,500 രൂപ ടി. ബാങ്ക് അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടതാണ്. എന്നാൽ ടി. അക്കൗണ്ടിൽ 19 -03 -2007 മുതൽ 26 -04 -2007 വരെ ആകെ 3,60,500 രൂപ മാത്രമാണ് വരവ് വന്നിരിക്കുന്നത്. ഇവിടെയും ആകെ വരേണ്ട തുകയിൽ 12,000 രൂപ (372500 - 360500) കുറവാണ് അടച്ചിരിക്കുന്നത്. ടി. അക്കൗണ്ടിൽ പരിശോധിച്ചതിൽ ടി. അക്കൗണ്ടിൽ നിന്നും തുക കൈപ്പറ്റേണ്ട എഗ്രിമെന്റ് വെച്ച കരാറുകാർ (സോപ്പു പൊടി വിതരണം, ചകിരി വിതരണം എന്നിവക്കു വേണ്ടി)

| | | | |
|---|---|---|---|
| | | സഹായധനം കൈപ്പറ്റേ പുരുഷ സംഘങ്ങൾ എന്നിവരിൽ ഒന്നും ഉൾപ്പെടാത്ത വിധം എന്നയാൾക്ക് 11 -07- 2007 ലെ 11644 -ാം നമ്പർ ചെക്ക് പ്രകാരം 45000 രൂപ നൽകിയിരുന്നു. പദ്ധതി പ്രവർത്തനവുമായി ബന്ധമില്ലാത്ത ഈ വ്യക്തിക്ക് പണം നൽകിയത് ഗുരുതരമായ സാമ്പത്തിക ക്രമക്കേടാണ്. മാത്രമല്ല ടി. അക്കൗണ്ടിൽ ഓഡിറ്റ് സമയം വരെ 3000 രൂപ നിക്കിയിരുപ്പായി അവശേഷിക്കുകയും ചെയ്യുന്നു. ഇതിൽ നിന്ന് തന്നെ ടിയാൻ ഗുണഭോക്തൃ വിഹിതം പിരിവൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയിട്ടുണ്ട് വ്യക്തമാണ്. ആയതിനാൽ അനധികൃതമായി ആരംഭിച്ച ടി. അക്കൗണ്ടിൽ നിന്നും പിൻവലിച്ച 45000 രൂപയും, പിരിച്ചതായി കാണിച്ചിരിക്കുന്ന തുകയിൽ കുറവായി അടച്ച 12000 രൂപയും ഉൾപ്പെടെ 57000 രൂപ ടിയാനിൽ നിന്നും ഈടാക്കേണ്ടതും, ഈ പിരിവിനെക്കുറിച്ചും പദ്ധതി നടത്തിപ്പിനെക്കുറിച്ചും വിശദമായ അന്വേഷണം നടത്തേണ്ടതുമാണ്. | |
| | 3.4.1(2) | 3.4.1. (2) എസ്.സി. വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം –പദ്ധതിധനം മുൻകൂറായി നൽകി പദ്ധതി പ്രവർത്തനം നടത്തിയിട്ടില്ല.<br><br>ഓഡിറ്റ് റിപ്പോർട്ട വർഷം 2006–07 ഖണ്ഡിക നമ്പർ 2–31 (പ്രോജക്ട് നമ്പർ എസ് 080/06–07) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അർഹരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്ക്കരിച്ച ഒരു പദ്ധതിയാണിത്. അംഗീകൃത പദ്ധതിരേഖ പ്രകാരം വിവധ വാർഡുകളിലെ ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുക്കുന്ന എട്ട് ഗുണഭോക്താക്കൾക്ക് പരിശീലനം നൽകാൻ പദ്ധതി ധനത്തിൽ നിന്നും 50,000 രൂപ ചെലവഴിക്കുവാനാണ് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിരുന്നത്. പരിശീലനം നൽകുന്നതിന് യോഗ്യമായ സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ യാതൊരുവിധ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. എന്നാൽ | പദ്ധതി പ്രവർത്തനം ക്രമരഹിതമായി നടത്തിയതു കൊണ്ട് ഉണ്ടായ നഷ്ടം (50000/–രൂപ) ഈടാക്കുന്നതിന് 17.10.2013 ൽ ആർ.ആർ/2013/6339/4 നമ്പർ പ്രകാരം ബഹു.ജില്ലാ കളക്ടർക്ക് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാൻ ഓൺലൈനായി അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ 50000/– രൂപ ആർ.ആർ നടപടിയിലൂടെ ടിയാനിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളതായും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | പഞ്ചായത്ത് കമ്മിറ്റിയുടെ 6.11.2006 –ലെ 1(1)(11)–ാം നമ്പർ തീരുമാനപ്രകാരം റീ ടെണ്ടർ ചെയ്യുവാൻ തീരുമാനിച്ചതായി കാണുന്നു. എന്നാൽ ഏതു കാരണത്താലാണ് ഇപ്രകാരം ഒരു തീരുമാനമെടുത്തതെന്ന് വ്യക്തമല്ല. എത്ര ക്വട്ടേഷൻ ലഭിച്ചുവെന്നോ, അതോ ക്വട്ടേഷൻ ഒന്നും തന്നെ ലഭിച്ചിട്ടില്ലായെന്നുമുള്ള വിവരങ്ങളൊന്നും തന്നെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി ഇപ്രകാരം ഒരു തീരുമാനം എടുത്തുവെങ്കിലും പിന്നീട് വീണ്ടും ക്വട്ടേഷൻ ക്ഷണിച്ചതിന്റേയോ ഇതിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ലഭിച്ചതിന്റേയോ ഒന്നും തന്നെ വിവരങ്ങൾ ഫയലിൽ ഇല്ല എന്ന് മാത്രമല്ല പഞ്ചായത്ത് കമ്മിറ്റിയുടെ മിനിട്ട്സിൽ ടി വിഷയത്തെപ്പറ്റി യാതൊരു തീരുമാനവും എടുത്തതായി കാണുന്നില്ല. എന്നാൽ ഇതൊന്നും പരിഗണിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ 28/12/2006ൽ ഷൈലേന്ദ്രൻ കമിത്തറയിൽ കള്ളിക്കാട് എന്ന വ്യക്തിയെ ഈ പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുത്തു എന്ന് കാണിച്ച് കരാർ വെക്കാനാവശ്യപ്പെട്ടു. എന്നാൽ ടിയാന്റെ പേരിൽ വാങ്ങിച്ചിട്ടുള്ള മുദ്രപത്രം യാതൊരു രേഖപ്പെടുത്തലും വരുത്താതെ ഫയലിൽ ഇട്ടിട്ടുണ്ട്. എന്നുമാത്രമല്ല പദ്ധതി നടത്തിപ്പിനുവേണ്ടി പദ്ധതിരേഖയിൽ വകയിരുത്തിയിരുന്ന മുഴുവൻ തുകയും (50,000 രൂപ) ഈ വ്യക്തിക്ക് കൊടുക്കുകയും ചെയ്തിട്ടുണ്ട്. (ഡി.ഡി നമ്പർ 473609 തീയതി കാണിച്ചിട്ടില്ല) ഈ വ്യക്തിക്ക് സ്വന്തമായി കമ്പ്യൂട്ടർ ട്രെയിനിംഗ് നൽകുന്നതിന് യോഗ്യമായ ട്രെയിനിംഗ് സെന്റർ ഉണ്ടോ, ഒരു ഗുണഭോക്താവിന് ട്രെയിനിംഗ് നൽകുന്നതിന് എന്ത് ചെലവാകും ഏത് കോഴ്സിലാണ് ട്രെയിനിംഗ് നൽകുക ,പ്രതിഫലം നൽകേണ്ടവിധം ,പരിശീലനത്തിന് ശേഷം നൽകേണ്ട സർട്ടിഫിക്കറ്റുകൾ ,കോഴ്സിന്റെ കാലാവധി ഇവയൊന്നും തന്നെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്താതെ യാതൊരു കരാറും ചമക്കാതെയാണ് ഷൈലേന്ദ്രൻ എന്ന വ്യക്തിക്ക് പണം നൽകിയിരിക്കുന്നത് .മുൻകൂറായി പദ്ധതി | |

| | | | |
|---|---|---|---|
| | | നടത്തിപ്പിനുവേണ്ടി വകയിരുത്തിയിരുന്ന പണം മുഴുവൻ നൽകിയെങ്കിലും ആർക്കും തന്നെ പരിശീലനം നൽകിയിട്ടില്ല. തുടർന്ന് തീയതി വയ്ക്കാത്ത കത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തുക തിരിച്ചടക്കുവാൻ ആവശ്യപ്പെട്ടെങ്കിലും തുക നാളിതുവരെ തിരിച്ചടച്ചിട്ടില്ല. 50,000 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ശ്രീ.എം.ഷംനാദ് വി.ഇ.ഒയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.<br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : ശ്രീ.എം.ഷംനാദ്(വി.ഇ.ഒ)<br>പ്രദാൻമുട്,<br>പ്രദാൻമുട് ജംഗ്ഷൻ,<br>കായംകുളം | |
| 2. | 2009-10 3.8.4(1) | ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്-<br><br>3.8.4 (1) ഇരട്ടലക്ഷം വീട് ഒറ്റയാക്കൽ -പദ്ധതി നിർവ്വഹിക്കാതെ വ്യാജ രേഖകൾ തയ്യാറാക്കി ട്രഷറിയിൽ നിന്നും പണം പിൻവലിച്ചു.<br><br>ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07ഖണ്ഡിക നമ്പർ 2-20 ഗ്രാമപഞ്ചായത്തിൽ ഇരട്ടലക്ഷം വീടുകളിൽ താമസിക്കുന്നവരുടെ വീടുകൾ ഒറ്റയാക്കുന്ന പദ്ധതിക്കായി 3300000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ ട്രഷറിയിൽ നിന്നും മാറി 14 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രാദേശിക പരിശോധന നടത്തിയതിൽ ഈ വ്യക്തികളുടെ ആരുടെയും വീടുകൾ ഒറ്റവീടാക്കിയിട്ടില്ല എന്ന് ഓഡിറ്റിൽ ബോധ്യപ്പെട്ടു.ഇതിന്റെ അടിസ്ഥാനത്തിലുള്ള അന്വേഷണത്തിൽ ഗുണഭോക്താക്കൾക്ക് ആർക്കും തന്നെ തുക ലഭ്യമാക്കിയിട്ടില്ല എന്ന് ഗുണഭോക്താക്കൾ രേഖാമൂലം ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്. ഇപ്രകാരം ഗുണഭോക്താക്കൾക്ക് വിതരണംചെയ്യുവാനെന്ന പേരിൽ ട്രഷറിയിൽ നിന്നും പദ്ധതി | ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്-<br>പ്രസ്തുത പദ്ധതിക്കായി വി.ഇ.ഒ പിൻവലിച്ച തുക പലിശ ഉൾപ്പെടെ 334756 രൂപ, 258/29-12-2010 നമ്പർ ചെല്ലാൻ പ്രകാരം ഗവൺമെന്റ് അക്കൗണ്ട് ആയ 3604-00-91 എന്ന ഹെഡ്ഓഫ് അക്കൗണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്. സമാഹൃത ആഡിറ്റിൽ പറയുന്ന പ്രസ്തുത പദ്ധതിയുടെ ശരിയായ തുക 300000 രൂപയാണ്. ആയത് സംബന്ധിച്ച് ലോക്കൽ ഫണ്ട് ആഡിറ്റിൽ പരാമർശം ഉണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് വിജിലൻസ് കോടതിയിൽ സി.സി.64/12 നമ്പറായി 01.11.2019 തീയതിയിൽ വിചാരണ തുടങ്ങുമെന്ന് ആലപ്പുഴ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ നിന്നും അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | ധനം പിൻവലിക്കുകയും അതിനുശേഷം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി വ്യാജരേഖയുണ്ടാക്കി പൊതുപണം ദുർവിനിയോഗം ചെയ്യുകയും ചെയ്ത വി.ഇ.ഒയുടെ നടപടി ഗുരുതരമായ ക്രമക്കേടായി ഓഡിറ്റിൽ കണക്കാക്കുന്നു. ആയതിനാൽ ടി തുക 12% പലിശയടക്കം ഉത്തരവാദിയായ വി.ഇ.ഒ.യിൽ നിന്നും ഈടാക്കേണ്ടതാണ്.<br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ : ശ്രീ.എം.ഷാനാദ് (വി.ഇ.ഒ)<br>പ്രദാൻമുട്,<br>പ്രദാൻമുട് ജംഗ്ഷൻ,<br>കായംകുളം | |
| 3 | 3–8–8 | **കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്–ആലപ്പുഴ**<br>**ഖരമാലിന്യ നിർമ്മാർജ്ജനം– പദ്ധതി വിഹിതത്തിൽ നിന്നും 700000/- രൂപ മാനദണ്ഡങ്ങൾ മറി കടന്ന് ചെലവഴിച്ചു.**<br><br>പ്രൊജക്ട് നമ്പർ 5/07–08 അടങ്കൽ 700000(പദ്ധതി വിഹിതം).ചെലവഴിച്ച തുക 700000/- ബിൽ 09/07.08 തീയതി 31.03.2008 ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നമ്പർ 504/07/ഡി.പി.ഒ /ആലപ്പുഴ/ഡി.പി.സി /14.11.2007<br>2007–2008 വർഷം പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ആഫീസർ നിർവഹണ ഉദ്യോഗസ്ഥനായി പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പിലാക്കിയ ഒരു പദ്ധതിയായിരുന്നു .ഇത് തൻവർഷം 700000/- രൂപ ചെലവഴിക്കപ്പെട്ട ഈ പദ്ധതിയുടെ അംഗീകൃത പദ്ധതിരേഖകൾ പ്രകാരം തുക വകയിരുത്തിയിട്ടുള്ളതിന്റെയും ചെലവഴിച്ചിട്ടുള്ളതിന്റെയും വിശദവിവരം ചുവടെ ചേർക്കുന്നു. – | കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ 2007–08 വർഷം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാഥമിക ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയാണ് ഖരമാലിന്യ നിർമാർജ്ജനം പദ്ധതിക്ക് 14.11.2007 ലെ 504/07/DPO /Alpy/DPO/ നമ്പരായി ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രദേശത്ത് ഉണ്ടായികൊണ്ടിരിക്കുന്ന ജന്തുജന്യ രോഗങ്ങൾ (ചിക്കൻ ഗുനിയ ,ഡങ്കിപ്പനി,)എന്നിവയ്ക്ക് അറുതി വരുത്തുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. |

| | | | | | |
|---|---|---|---|---|---|
| | | പഞ്ചായത്ത്തല ശില്പ ശാല | 3000 | നോട്ടീസ് ,ബാനർ ,ഭക്ഷണം എന്നിവയ്ക്ക് | 1. പ്രൊജക്ടിന്റെ പേര് സൂചിപ്പിക്കുന്നപോലെ മാലിന്യ നിർമാർജ്ജന പ്ലാന്റ് സ്ഥാപിച്ച് മാലിന്യം വളമാക്കി മാലിന്യ സംസ്കരണം നടത്തുന്ന ഒരു പദ്ധതി ആയിരുന്നില്ല. അതിനാലാണ് മേൽ പദ്ധതിയ്ക്ക് ക്ലീൻ കേരള മിഷന്റെ അംഗീകാരം വാങ്ങാതിരുന്നത്. പകരം പരിസര ശുചീകരണത്തോടെ ആരോഗ്യ പരിരക്ഷ എന്ന ലക്ഷ്യത്തോടെ പഞ്ചായത്തിൽ കൃഷിയ്ക്കായി ഉപയോഗിക്കാതിരുന്ന സ്ഥലങ്ങളിൽ നീരൊഴുക്ക് തടസ്സപ്പെട്ട് കിടന്നിരുന്ന തോടുകളാണ് ഈ പദ്ധതി പ്രകാരം വെട്ടി വൃത്തിയാക്കിയത് ഖരമാലിന്യ നിർമാർജനം എന്ന പേരിലുള്ള ടി പദ്ധതിവഴി വിത്തും വളവും നൽകി പച്ചക്കറി കൃഷി നടത്തിയതിന്റെ ഉദ്ദേശം മാലിന്യ മുക്തമായ തോടുകളും കുളങ്ങളും തുടർപ്രവർത്തനങ്ങൾ വഴി വൃത്തിയായി സൂക്ഷിക്കുന്നതിന് വേണ്ടിയാണ്. |
| | 2 | വാർഡ്തല ശില്പശാല | 17000 | വാർഡ് ഒന്നിന് 1000 രൂപ വീതം | 2. കായിപ്പുറം സർവ്വീസ് സഹകരണ ബാങ്ക്, കുമരകം റീജണൽ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്നും വിത്തും വളവും വാങ്ങിയതിന്റെ ബില്ല് ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതിനാലാണ് ആഡിറ്റിന് ഹാജരാക്കാൻ കഴിയാതിരുന്നത്. ബില്ലിന്റെ പകർപ്പ് ഉൾപ്പെടെയുള്ള മറ്റ് രേഖകളും വളവും വിത്തും വാങ്ങി ഗുണഭോക്താക്കൾക്കും സംഘടനകൾക്കും കൃഷിക്കായി നൽകിയതിന്റെ രേഖകളും സൂക്ഷിച്ചിട്ടുള്ളതാണ്.<br>2007–08 സാമ്പത്തിക വർഷം 42564/– രൂപ ചെലവാക്കി കൊണ്ട് സാംക്രമിക രോഗനിവാരണം എന്ന പേരിൽ ശുദ്ധജലം അണുവിമുക്തമാക്കുക |

| | | | |
|---|---|---|---|
| 3 | മലിനജലം ഒഴുക്കി കളയുന്ന പ്രവർത്തനം | 510000 | മസ്റ്റർ റോൾ പ്രകാരം തൊഴിലാളികൾക്ക് നൽകിയത് |
| 4 | കൃഷിക്ക് വിത്ത് ,വളം | 167000 | കായിപ്പുറം എസ്.സി.ബി കേരള കാർഷിക സർവ്വകലാശാല എന്നിവയ്ക്ക് നൽകിയത്. |
| 5 | ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് ,പാക്കിംഗ് | 3000 | |

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ ഗുരുതരമായ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.

1)തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 9.5.2005 ലെ ജി.ഒ(ആർ.ടി)1875/05-ാം നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഖരമാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകേണ്ട ഏജൻസി ക്ലീൻ കേരള മിഷൻ മാത്രമാണ് എന്നാൽ ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ അപ്രകാരം അനുമതി വാങ്ങിയിട്ടില്ല.

കൊതുക് മാസ് ക്ലോറിനേഷൻ എന്ന പേരിൽ കൊതുകു കൂത്താടികളുടെ ഉറവിട നശീകരണ പരിപാടിയായ ദ്രുതകർമ്മസേന പരിശീലനവും തുടർപ്രവർത്തനവും എന്ന പദ്ധതികളാണ് നടപ്പിലാക്കിയത്. ടി പദ്ധതികളുടെ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതിയും എന്ന രണ്ട് ലക്ഷ്യങ്ങളാണ് ഉദ്ദേശിക്കുന്നത് .2007-08 വർഷത്തിൽ പകർച്ച വ്യാധികൾ തടയുന്നതിന് വേണ്ടി നടപ്പാക്കിയ ഒരു മാതൃക പദ്ധതിയാണിത്. 2008 ജനുവരി, ഫെബ്രുവരി ,മാർച്ച് മാസങ്ങളിലാണ് തൊഴു വെട്ടുകൾ നടത്തിയത്

3. മുൻവർഷങ്ങളിലെ ആരോഗ്യ നിലവാരം പരിശോധിച്ചതിൽ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ 2004 മുതൽ 2007 വരെ 188 പകർച്ച വ്യാധിരോഗങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നിടത്ത്, 2008 മുതൽ 2011 വരെയുള്ള കാലയളവിൽ 84 ആയി കുറഞ്ഞിട്ടുണ്ട്. വർഷങ്ങളായി ശുചീകരണം നടത്താത്ത പ്രസ്തുത പ്രദേശങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതി വഴി ആരോഗ്യ രംഗത്ത് ആശാവഹമായ നേട്ടം കൈവരിച്ചിട്ടുണ്ട്. ആയത് ഗ്രാമപഞ്ചായത്ത് കമ്മറ്റിക്ക് ഉത്തമ ബോധ്യമുള്ളതാണ്. മേൽ സാഹചര്യം ബോദ്ധ്യപ്പെട്ട് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ സമാഹൃത റിപ്പോർട്ടിലെ 3.8.6(1)ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള മേൽ പദ്ധതിയുടെ നിർവഹണം നടത്തിയ നടപടി സാധൂകരിക്കുന്നതിന് 20.7.2013 തീയതിയിലെ 3-ാം നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരമ ബഹു.സർക്കാരിനോട് അപേക്ഷിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ആഡിറ്റ് വകുപ്പിൽ നിന്നും ബന്ധപ്പെട്ട വൗച്ചറുകൾ പരിശോധന നടത്തിയിട്ടുള്ളതും, നിർവ്വഹണ

| | | | |
|---|---|---|---|
| | | 2)ഖരമാലിന്യ സംസ്കരണം എന്ന പേരിൽ നടപ്പിലാക്കിയ ഈ പദ്ധതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലോ വ്യക്തിഗത ഗുണഭോക്താക്കൾക്കോ മാലിന്യ സംസ്കരണത്തിനായി പ്ലാന്റ് നിർമ്മിച്ചിട്ടില്ല. പകരം വിവിധ വാർഡുകളിലായി തോടുകൾ വെട്ടി വൃത്തിയാക്കി എന്ന പേരിൽ തൊഴിലാളികൾക്ക് കൂലിയിനത്തിൽ 510000 രൂപ ചെലവഴിച്ചതായി മസ്റ്റർ റോളിൽ കാണിച്ചിരിക്കുന്നു.<br><br>2007–08 വർഷം കാർഷിക മേഖലയിൽ ഉൾപ്പെടുത്തി കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി തോട് വെട്ട് എന്ന പദ്ധതി നടപ്പാക്കിയതിന് 183500 രൂപയും കുളം വെട്ടിന് 316000/- രൂപയും പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചിരിക്കുകയാണ്. ഖരമാലിന്യ നിർമാർജ്ജന പ്ലാന്റ് എന്ന പദ്ധതി പ്രകാരം 510000 രൂപ തോടുവെട്ടുന്നതിന് വേണ്ടി മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്.ഇപ്രകാരം വെട്ടിയ തോടുകൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.ഗ്രാമ സഭയിൽ പദ്ധതിക്കുള്ള ഗുണഭോക്തൃ പ്രദേശം തെരഞ്ഞെടുത്തതായും കാണുന്നില്ല. | ഉദ്യോഗസ്ഥനെ നേരിട്ട് കേൾക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പരിശോധനാ വേളയിൽ കായിപ്പുറം സഹകരണ ബാങ്ക്, കുമരകം ആർ.എ..ആർ.എസ് എന്നിവിടങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള ഇൻവോയിസിന്റെ( ട്രഷറിയിൽ സമർപ്പിച്ച ഇൻവോയിന്റെ) പകർപ്പ് നൽകിയിട്ടുള്ളതാണ്.<br><br>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തിയ പ്രാദേശിക പരിശോധനാ റിപ്പോർട്ടിൽ ടി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച മറുപടി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെന്നും, വിത്തും വളവും വാർഡ് മെമ്പർമാരിലൂടെ അംഗൻവാടികൾക്കും, കുടുംബശ്രീ യൂണിറ്റുകൾക്കും, വ്യക്തികൾക്കും വിതരണം ചെയ്തതിന്റെ വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെന്നും, മസ്റ്റർ റോളിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുണ്ടെന്നും ന്യൂനതാ പരിഹാര പത്രികയിൽ ചേർത്തിട്ടുള്ള വിവരങ്ങൾ ഒഴികെ മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുകയോ ചെയ്തിട്ടില്ല.<br><br>ആരോഗ്യ വകുപ്പ് ജീവനക്കാർ നടത്തിയ സർവ്വേയുടെയും ഗ്രാമസഭകളിലെ ചർച്ചകളുടേയും അടിസ്ഥാനത്തിൽ ജല,ജന്തു ജന്യ രോഗങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ള 57 തോടുകൾ കണ്ടെത്തി ഗ്രാമസഭയുടെ അംഗീകാരത്തോടെ ഏറ്റെടുത്തു വൃത്തിയാക്കുകയായിരുന്നു. ഈ പദ്ധതികൊണ്ട് ഉപയോഗയോഗ്യമല്ലാതെ കിടന്ന തോടുകളും, കുളങ്ങളും വൃത്തിയാക്കുക വഴി തുടർന്നുള്ള വർഷങ്ങളിൽ സംസ്ഥാനത്തെയും ചേർത്തല താലൂക്കിലെയും മറ്റ് സ്ഥലങ്ങളിൽ നിന്നു വ്യത്യസ്തമായി ഈ പഞ്ചായത്ത്( )ൽ |

| | | | |
|---|---|---|---|
| | | 3)ഖരമാലിന്യ സംസ്ക്കരണമെന്ന ടി പദ്ധതി പ്രകാരം ആകെ ചെലവഴിക്കപ്പെട്ട 700000 രൂപയിൽ 120000രൂപ വേപ്പിൻ പിണ്ണാക്ക് ,വേപ്പെണ്ണ എന്നിവ വാങ്ങുന്നതിന് (75 കിലോ വേപ്പിൻ പിണ്ണാക്ക് 14 രൂപ പ്രകാരം 150000,വേപ്പെണ്ണ 150 കിലോ 100 രൂപ പ്രകാരം 150000 ആകെ 120000)കായിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 1300 ന് നൽകിയതും 47000/- രൂപ പച്ചക്കറി വിത്തുകൾ വാങ്ങിയതിന് അസോസിയേറ്റ് ഡയറക്ടർ ,റീജ്യണൽ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷൻ കുമരകം എന്ന സ്ഥാപനത്തിന് നൽകിയതുമാണ്.എന്നാൽ ഇതേ വർഷം തന്നെ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കാർഷിക മേഖലയിൽ ഉൾപ്പെടുത്തി സമഗ്ര പച്ചക്കറി കൃഷി ,സമഗ്ര പുരയിട കൃഷി എന്നീ പദ്ധതികൾക്കായി ലക്ഷക്കണക്കിന് രൂപ പച്ചക്കറി വിത്തുകളും വളവും വാങ്ങുന്നതിന് ചെലവഴിച്ചിട്ടുണ്ട് .വസ്തുത ഇതായിരിക്കെ ഖരമാലിന്യ നിർമ്മാർജ്ജനം എന്ന പേരിൽ ഈ പദ്ധതിക്കായി തുക ചെലവഴിച്ചത് അംഗീകരിക്കുന്നില്ല (2 സ്ഥാപനങ്ങളുടെയും ഒർജിനൽ ബില്ലുകൾ ഹാജരാക്കിട്ടില്ല)<br>4) ഇപ്രകാരം വാങ്ങിയ വളങ്ങളും വിത്തുകളും ആരെങ്കിലും കൈപ്പറ്റിയതായി രേഖകളില്ല.<br>5) സാംക്രമിക രോഗ നിവാരണം ,മാസ് ക്ലോറിനേഷൻ എന്നിങ്ങനെ 2 പദ്ധതികൾ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആരോഗ്യമേഖലയിൽ ഇതേ വർഷം തന്നെ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന് തൻ വർഷം 42564 (31048+11506) രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. | ഇത്തരത്തിലുള്ള രോഗങ്ങൾ വളരെ കുറവായിരുന്നു എന്നത് ഈ പദ്ധതിയുടെ വലിയ നേട്ടമാണ്. ആയത് അന്വേഷണത്തിലും പഞ്ചായത്ത് കമ്മറ്റിക്ക് നേരിട്ടും ബോദ്ധ്യമുള്ളതാണെന്ന് റിപ്പോർട്ട് ചെയ്ത്കൊള്ളുന്നു. |

| | | | |
|---|---|---|---|
| | | വീണ്ടും ഇതേ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഉൾപ്പെടുത്തിയാണ് ഖരമാലിന്യ നിർമ്മാർജനം എന്ന പേരിൽ തുക ചെലവഴിച്ചിരിക്കുന്നത്.<br>ചുരുക്കത്തിൽ ഖരമാലിന്യ നിർമ്മാർജ്ജനം എന്ന പേരിൽ അംഗീകാരം വാങ്ങിയ ഈ പദ്ധതിയിൽ അതുമായി ബന്ധപ്പെട്ട് യാതൊരുവിധ പ്രവർത്തനങ്ങളും നടത്തിയിട്ടില്ല. തോടുവെട്ടലുമായി ബന്ധപ്പെട്ട് ഹാജരാക്കിയ ഭൂരിപക്ഷം മസ്റ്റർ റോളുകളിലും ഏത് മാസമാണ് വേല നിർവ്വഹിച്ചതെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഈ പദ്ധതി പ്രകാരം ചെലവഴിക്കപ്പെട്ട തുക പഞ്ചായത്തിന്റെ വികസനത്തിന് യാതൊരു തരത്തിലും ഉപകാരപ്പെടാതെ പാഴായതായി ഓഡിറ്റിൽ കരുതുന്നു. ഏതുവിധേനയും പദ്ധതിപ്പണം ചെലവഴിക്കാനുള്ള ഒരുപാധിമാത്രമായാണ് ഈ പദ്ധതി നടപ്പിലാക്കിയത്. പദ്ധതിനിർവ്വഹണം സംബന്ധിച്ചോ ആയതിന്റെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ചോ യാതൊരുവിധ മോണിറ്ററിംഗും നിർവ്വഹിക്കപ്പെട്ടിട്ടില്ലായെന്നും ശ്രദ്ധേയമാണ്.മേൽ സൂചിപ്പിച്ച അപാകതകളുടെ വെളിച്ചത്തിൽ പദ്ധതി ലക്ഷ്യങ്ങളിൽ ഉൾപ്പെടാത്ത പച്ചക്കറി വിത്തും വളവും വാങ്ങിയതിന്റെ ചെലവായി കാണിച്ച 170000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സർക്കാർ നിർദ്ദേശാനുസരണമുള്ള മസ്റ്റർ റോളുകളുടേയും അനുബന്ധ രേഖകളുടേയും അഭാവത്തിൽ തോടുവെട്ടിനും മറ്റുമായി ചെലവഴിച്ച 510000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ - ഡോ.എം.റ്റി ബിജുമോഹൻ<br>മെഡിക്കൽ ഓഫീസർ<br>ഗംഗ , മുഹമ്മ പി.ഒ ആലപ്പുഴ | |

**ലോക്കൽ ഫണ്ട് ആഡിറ്റിന്റെ 2010-11 വർഷത്തെ സമാഹൃത റിപ്പോർട്ടിലെ ആലപ്പുഴ ജില്ലയിലെ**

**ഗ്രാമ പഞ്ചായത്തുകളെ സംബന്ധിച്ച ആഡിറ്റ് ന്യൂനത നടപടി പരിഹാര പത്രിക**

| ക്രമ നമ്പർ | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശ വിഷയത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 5.1.3 | **ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത്**<br><br>**<u>നിയമവിരുദ്ധമായി കെട്ടിട നികുതി ഒഴിവാക്കി</u>**<br><br>ആഡിറ്റ് റിപ്പോർട്ട് വർഷം 2007-08,ഖണ്ഡിക നമ്പർ 2(1)<br><br>1) 207895/- രൂപയുടെ കെട്ടിടനികുതി നിയമ വിരുദ്ധമായി എഴുതി തള്ളി<br><br>2) ഒന്നിലധികം കെട്ടിടങ്ങൾ ഉള്ളവരുടെയും വലിയ കെട്ടിടങ്ങളുള്ളവരുടെയും നികുതി എഴുതി തള്ളി<br><br>കെട്ടിട നികുതി നിയമവിരുദ്ധമായി എഴുതിതള്ളി ഗ്രാമപഞ്ചായത്തിൽ ദാരിദ്ര്യംമൂലം കെട്ടിട നികുതി ഒടുക്കുവാൻ ബുദ്ധിമുട്ടുന്ന ആളുകളുടെ 1000/-രൂപയിൽ കവിയാത്ത കെട്ടിട നികുതി കേരള പഞ്ചായത്ത് രാജ് കടങ്ങൾ എഴുതിത്തള്ളൽ നിയമം | **ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത്**<br><br>ബഹു.ഗവൺമെന്റ് സെക്രട്ടറിയുടെ 27/7/11 ലെ 39679/എബി1/10 എൽഎസ്ജിഡി നമ്പർകത്ത് പ്രകാരം നിയമവിധേയമല്ലാതെ അനർഹരായ വ്യക്തികളുടെ കെട്ടിടനികുതി ഒഴിവാക്കിയതുവഴി പഞ്ചായത്തിന് നഷ്ടമായ 137809/- രൂപ ഈടാക്കുന്നതിന് 12/03/2008 ൽ കൂടിയ പഞ്ചായത്തു കമ്മറ്റിയിൽ ഹാജരായ സെക്രട്ടറി ഉൾപ്പെടെ 16 പേർക്ക് 8613/രൂപ വീതം ബാദ്ധ്യതയായി നിജപ്പെടുത്തി അവരിൽ നിന്നും ഈടാക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിൽ ശ്രീമതി .ഷീജ സത്യപാലൻ 17/01/13 ൽ 04101155 നമ്പർ രസീത് പ്രകാരം 8613/- രൂപ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ മുൻ പ്രസിഡന്റ് കെ.നാരായണപിള്ള ഉൾപ്പെടെ 12 മുൻ അംഗങ്ങൾ ഗവൺമെന്റിലേയ്ക്ക് 09.02.2012 ൽ സമർപ്പിച്ചിരുന്ന വിശദീകരണത്തിൻമേലും 26.08.2011 ൽ പഞ്ചായത്തംഗം ശ്രീ.ടിനു.വി.ആർ സമർപ്പിച്ച റിവ്യൂ ഹർജിയിൻമേലും അഭിപ്രായം രേഖപ്പെടുത്താൻനിർദ്ദേശിച്ച് 26.11.12 ൽ പഞ്ചായത്ത് |

| | | | |
|---|---|---|---|
| | | അനുസരിച്ച് എഴുതിത്തള്ളുന്നതിന് 12.03.08 ൽ കൂടിയ പഞ്ചായത്തു കമ്മറ്റി തീരുമാനിച്ചിരുന്നു.(തീരുമാനം 5(2))പഞ്ചായത്തിലെ 11 വാർഡുകളിൽപ്പെട്ട 2000 പേരുടെ കെട്ടിടനികുതി ഇതനുസരിച്ച് ഒഴിവാക്കി നൽകിയതായാണ് മിനിട്ട്സിലെ രേഖ.വാർഷിക കണക്കുപ്രകാരം കുടിശ്ശിക 57517/-രൂപയും,തൻവർഷത്തെ 140478/-രൂപയും ലൈബ്രറി സെസ് 9900/-രൂപയും ഉൾപ്പെടെ ആകെ 207895/- രൂപ കെട്ടിട നികുതിയിനത്തിൽ എഴുതിത്തള്ളിയിട്ടുണ്ട്.ഇങ്ങനെ എഴുതിത്തള്ളിയ കെട്ടിടനികുതിയിൽ നല്ലൊരുഭാഗം100/- രൂപ മുതൽ 1000/-രൂപ വരെ കെട്ടിടനികുതി ചുമത്തപ്പെട്ട വലിയ കെട്ടിടങ്ങളുടേതാണെന്ന് മിനിട്ട്സിലെ രേഖകളിൽ നിന്നും വ്യക്തമാക്കുന്നു.മാത്രമല്ല ഒരേ ആളിന്റെ പേരിലുള്ള ഒന്നിലധികം കെട്ടിടങ്ങളുടെ നികുതിയും നിയമവിധേയമല്ലാതെ ഒഴിവാക്കിയിട്ടുണ്ട്.എന്നാൽ ഒഴിവാക്കലിന് ആധാരമായ രേഖകളൊന്നും ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.<br><br>1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ ഏതെങ്കിലും വ്യക്തിയെ ദാരിദ്ര്യത്തിന്റെ കാരണങ്ങളാൽ കെട്ടിടനികുതി അടയ്ക്കുന്നതിൽ നിന്നും മുഴുവനായോ ഭാഗികമായോ ഒഴിവാക്കാവുന്നതാണ് എന്നാൽ ഈ ചട്ടപ്രകാരമുള്ള ഒരേസമയം ഒരുവർഷത്തിൽ കൂടുതൽ കവിയാൻ പാടുള്ളതല്ല എന്നുമാത്രമല്ല ഇപ്രകാരമുള്ള ഒഴിവാക്കൽ പ്രതിവർഷം 3000/- രൂപയോ അതിൽ കൂടുതലുള്ള വരുമാനമുള്ള വ്യക്തികൾക്ക് നല്കുവാൻ പാടുള്ളതല്ല വരുമാനം നിശ്ചയിക്കുന്നതിനായി വില്ലേജ് ആഫീസറിൽ നിന്ന് ലഭിച്ച വരുമാനസർട്ടിഫിക്കറ്റ് പരിഗണിക്കേണ്ടതാണ്.എന്നാൽ ഈനിബന്ധനകളൊന്നും പഞ്ചായത്തിൽ നടത്തിയ | ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. 09/04/2013 ൽ പഞ്ചായത്താഫീസിൽ വെച്ച് ഹിയറിംഗ് നടത്തി റിപ്പോർട്ട് സർക്കാരിലേയ്ക്ക് 12.06.2013 ൽ സമർപ്പിച്ചിട്ടുള്ളതും ആയതിന് 09.04.2014 ൽ സർക്കാരിൽ നിന്നും 39679/എ ബി1/12 നമ്പർ കത്ത് പ്രകാരം നിയമവിധേയമല്ലാതെ അനർഹരായ വ്യക്തികളുടെ ബാദ്ധ്യത ഒഴിവാക്കിയത് സംബന്ധിച്ച് ലഭ്യമായ രേഖകൾ പുനഃപരിശോധിച്ച് ബാദ്ധ്യത പുനർനിർണ്ണയിച്ച്, ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയതിൻ പ്രകാരം ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 19/11/2014 ലെ ഇ6-11590/11 നമ്പർ ഉത്തരവ് പ്രകാരം കെട്ടിടനികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ തയ്യാറാക്കി വയ്ക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും അസിസ്റ്റന്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ടീം രൂപീകരിച്ച് 2014 ഡിസംബർ 31 ന് മുമ്പായി മേൽ രജിസ്റ്ററുകൾ തയ്യാറാക്കി നൽകുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിൽ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ യൂണിറ്റ് 3, മന്നാർ മുഖേന അന്വേഷണം നടത്തുകയും പഞ്ചായത്തിന്റെ 12.03.2008 ലെ 5(11)-ാം നമ്പർ തീരുമാനത്തിനെതിരെ 1995ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 29 ലെ ഉപചട്ടങ്ങൾ (2),(3) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ലെന്നും ആയതുപോലെ 1994 ലെ പഞ്ചായത്ത് രാജ് ആക്ട് 182-ാം വകുപ്പും അതിന്റെ ഉപവകുപ്പും പ്രകാരമുള്ള നടപടിക്രമങ്ങളിൽ കമ്മറ്റിയിൽ ഹാജരായി മിനിട്ട്സ് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നുവെന്നും, മറ്റ് നടപടി ക്രമങ്ങൾ പാലിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടില്ലെന്നും പ്രസ്തുത വിഷയം സംബന്ധിച്ച |

| | | | |
|---|---|---|---|
| | | കെട്ടിടനികുതി ഒഴിവാക്കലിന് പാലിച്ചിട്ടില്ല. ഒരേ ഗുണഭോക്താവിന്റെ പേരിലുള്ള ഒന്നിലധികം കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയത് ദാരിദ്ര്യം മൂലമാണ് എന്ന വാദം യുക്തിസഹജമല്ല<br><br>1998-ലെ കേരള പഞ്ചായത്ത് രാജ് (വസൂലാക്കൽ സാധിക്കാത്ത തുകകൾ എഴുതിതള്ളൽ) ചട്ടങ്ങൾ പ്രകാരം വസൂലാക്കൽ സാധിക്കാത്തതായ തുകകളെ സംബന്ധിച്ച് അവ വസൂലാക്കാൻ ചുമതലപ്പെട്ട ജീവനക്കാർ അതിനുള്ള കാരണങ്ങൾ സഹിതം സെക്രട്ടറിയ്ക്ക് റിപ്പോർട്ട് നൽകണം സെക്രട്ടറി അത് പരിശോധിച്ച് കുടിശ്ശികക്കാരനിൽ നിന്നും തുക ഈടാക്കാനുള്ള നിയമപരമായ എല്ലാ നടപടിക്രമങ്ങളും സ്വീകരിച്ചുവെങ്കിലും അവ പരാജയപ്പെട്ടുവെന്നും കുടിശ്ശികക്കാരനിൽ നിന്നും ജപ്തി മുഖേന തുക ഈടാക്കാൻ അയാൾക്ക് വസ്തുവകകൾ ഒന്നും തന്നെ ഇല്ലെന്നും സാക്ഷ്യപ്പെടുത്തണം അങ്ങനെയുള്ള എല്ലാ തുകകളുടെയും ലിസ്റ്റ് തുക എഴുതി തള്ളേണ്ട കാരണങ്ങൾ കാണിച്ചുകൊണ്ടുള്ള റിപ്പോർട്ട് സഹിതം ആറുമാസത്തിൽ ഒരിക്കൽ തയ്യാറാക്കി പഞ്ചായത്തിന്റെ ധനകാര്യസ്റ്റാൻഡിങ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും വേണം സെക്രട്ടറിയുടെ റിപ്പോർട്ട് പരിഗണിച്ചതിനുശേഷം സ്റ്റാൻഡിങ് കമ്മിറ്റിയ്ക്ക് തുക എഴുതി തള്ളാൻ പഞ്ചായത്തിനോട് ശുപാർശ ചെയ്യാവുന്നതാണ് പഞ്ചായത്ത് കമ്മിറ്റി അങ്ങനെയുള്ള തുക എഴുതി തള്ളുന്നകാര്യം പരിഗണിക്കുമ്പോൾ കുടിശ്ശിക ഈടാക്കാൻ സാധിക്കുന്ന എല്ലാ നടപടികളും കൈക്കൊണ്ടിരുന്നുവെന്നും അത് ഈടാക്കാനുള്ള സാധ്യത വളരെ കുറവാണെന്നും ഉറപ്പാക്കേണ്ടതാണ്. | രേഖകൾ എല്ലാം ഗ്രാമപഞ്ചായത്തിൽ നിന്നും കണ്ടുകിട്ടാത്തവിധം നഷ്ടപ്പെട്ട്പോയിട്ടുണ്ടെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

<table>
<tr>
<td></td>
<td></td>
<td>എന്നാൽ കെട്ടിടനികുതി എഴുതി തള്ളുന്നതിന്റെ മുന്നോടിയായി പഞ്ചായത്തിൽ ഈ നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല മാത്രമല്ല ഈ എഴുതി തള്ളിയതിന്റെ ആനുകൂല്യത്തിൽ നല്ലൊരു പങ്കും തികച്ചും അനർഹരായ വ്യക്തികളാണ് കൈപ്പറ്റിയിട്ടുള്ളത് ഈ നടപടി മൂലം തനതുവരുമാനയിനത്തിൽ നല്ലൊരു തുകയാണ് പഞ്ചായത്തിന് നഷ്ടമായത് ഇത് പഞ്ചായത്ത് അധികാരികളുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ അലംഭാവവും വീഴ്ചയുമായി ഓഡിറ്റിൽ വിലയിരുത്തുന്നു ഈ വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തണമെന്നും സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് അനർഹരായ വ്യക്തികളുടെ കെട്ടിടനികുതി ഒഴിവാക്കുക വഴി പഞ്ചായത്തിന് നഷ്ടമായ തുക തിട്ടപ്പെടുത്തുന്നതിനും ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു ഇപ്രകാരം തിട്ടപ്പെടുത്തുന്നതുക നിയമവിധേയമല്ലാത്ത തീരുമാനം എടുത്ത പഞ്ചായത്തുകമ്മിറ്റി അംഗങ്ങളിൽ നിന്നും സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കി തിരിച്ചടയ്ക്കേണ്ടതാണ്<br><br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ<br>1. ശ്രീ. പി എം അലക്സാണ്ടർ(സെക്രട്ടറി) സുസൻവില്ല,ചുനക്കര,ചാരുംമൂട്<br>2. 12.03.0[illegible]-ലെ കമ്മിറ്റി അംഗങ്ങൾ</td>
<td></td>
</tr>
<tr>
<td>2</td>
<td>2010-11<br><br>ഖ.5.2.10<br>(2005.06</td>
<td><u>പട്ടണക്കാട് ഗ്രാമപഞ്ചായത്ത്</u><br><br>പട്ടിക ജാതി യുവതി യുവാക്കൾക്ക് മോട്ടോർ ഡ്രൈവിംഗ് പരിശീലനം എന്ന പദ്ധതിയിലെ ഗുണഭോക്താവായ</td>
<td><u>പട്ടണക്കാട് ഗ്രാമപഞ്ചായത്ത്</u><br><br>നിർവ്വഹണ ഉദ്യോഗസ്ഥൻ സർവീസിൽ നിന്നും വിരമിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ</td>
</tr>
</table>

| | | | |
|---|---|---|---|
| | 3-7) | ശ്രീ.ആർ.രാജേഷ്- 26.03.2007 ൽ മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിൽ ഡ്രൈവിംഗ് സ്കൂൾ അധികാരികൾ ഗുണഭോക്താക്കളിൽ നിന്നും അധിക തുക വാങ്ങിയെന്നും നാളിതുവരെ യഥാക്രമം ക്ലാസ് നടത്തുകയോ ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ലായെന്നും പരാമർശിച്ചിട്ടുണ്ട്.ഡ്രൈവിംഗ് ലൈസൻസുകൾ വ്യാജമായി ചമച്ച് പദ്ധതിപ്പണം ദുർവിനിയോഗം ചെയ്ത നടപടി അത്യന്തം ഗൗരവമായി വീക്ഷിക്കപ്പെടേണ്ടതാണ്.<br><br>ഈ ക്രമക്കേടുകൾക്ക് ഉത്തരവാദിയായവർക്കെതിരെ വകുപ്പ് തല നടപടി സ്വീകരിക്കേണ്ടതും വ്യാജ ലൈസൻസ് ചമച്ചവർക്കെതിരെ സമഗ്രമായ അന്വേഷണം നടത്തി ക്രിമിനൽ നടപടി സ്വീകരിക്കേണ്ടതുമാണ്. ഗുണഭോക്താക്കൾക്ക് നൽകിയ 20 ലൈസൻസുകളും വ്യാജമാണെന്നു ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഡ്രൈവിംഗ് പരിശീലന സ്ഥാപന ഉടമ ശ്രീ എ.എക്സ് .ആന്റണിക്ക് കൊടുത്ത 50,000 /- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.വ്യാജ ലൈസൻസ് രേഖകളുടെ അടിസ്ഥാനത്തിൽ തുക ചെലവഴിച്ച നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് 50,000 /- രൂപ ഈടാക്കേണ്ടതാണ്.<br><br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ<br><br>ശ്രീ.റ്റി.കെ.മോഹനൻ,സെക്രട്ടറി<br><br>(വിരമിച്ചു)<br><br>കോയിപ്പള്ളിൽ വീട് ,പുതിയ വിള.പി.ഒ,പത്തിയൂർ – 690531 | റ്റി.കെ.മോഹനനൻ 7/12/10 ലെ 43/63773 നമ്പർ രസീത് പ്രകാരം ടി തീയതിവരെയുള്ള പലിശ രൂപ 27885 /- സഹിതം ആകെ 77885/- രൂപ തിരികെ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.<br><br>ആഡിറ്റിൽ പരാമർശിച്ചിട്ടുള്ള വിഷയത്തിൽ പട്ടണക്കാട് പോലീസ് സബ് ഇൻസ്പെക്ടർക്ക്, ഡ്രൈവിംഗ് സ്കൂൾ ഉടമയായ ശ്രീ.ആന്റണിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 18.03.2008 ലും, 28.08.2008 ലും ഗ്രാമപഞ്ചായത്ത് സെക്രട്ടറി D70/2008 . നമ്പരിലുള്ള രണ്ട് കത്തുകൾ . നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ചേർത്തല ജൂനിയർ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ 10/11/2008 ൽ ക്രൈം നമ്പർ 306/08 കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി ക്രിമിനൽ കേസിൽ 5/12/2010 ൽ ചാർജ് റിപ്പോർട്ട് തയ്യാറാക്കുകയും 25/01/2011 ൽ കോടതിയിൽ ചാർജ്ജ് ഷീറ്റ് ഫയൽ ചെയ്യുകയും സി.സി നമ്പർ 220/11 –ാം നമ്പരായിട്ടുള്ള ടി കേസ് കോടതിയിൽ വിചാരണ കഴിഞ്ഞ് 01.02.2019 ൽ ജഡ്ജ്മെന്റ് ആവുകയും ഒന്നാം പ്രതിയായ ആന്റണി അബ്സ്കൗണ്ടിംഗ് ആയതിനാൽ കേസ് സ്പ്ലിറ്റ് അപ്പ് ചെയ്ത് രണ്ടാം പ്രതിയായ സെക്രട്ടറിയെ വെറുതെ വിടുകയും ഒന്നാം പ്രതിക്ക് എതിരായി സി.സി.നമ്പർ 181/19 ആയി പുതിയകേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ടെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| 3 | 5.2.11(1) | **കൈനകരി ഗ്രാമപഞ്ചായത്ത്**<br><br>**അംഗൻവാടികളിലൂടെ സാരസ്വതാരിഷ്ടം – ക്രമവിരുദ്ധം**<br><br>ഗ്രാമ പഞ്ചായത്തിലെ അംഗൻവാടികളിലെ 380 ഓളം വരുന്ന പ്രീ സ്കൂൾ കുട്ടികളുടെ ബുദ്ധി വികാസവും ലക്ഷ്യമാക്കി ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതിയാണ്.<br><br>പദ്ധതി നിർവ്വഹണത്തിൽ ഔഷധിയിൽ നിന്നും 28/3/2006–ൽ _സാരസ്വതാരിഷ്ടം (ഗോൾഡ്) 10.മി.ലി.ന്റെ 3574 ബോട്ടിൽ 170950/– രൂപയ്ക്ക് വാങ്ങി വിതരണം നടത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. ആയുർവേദ ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാനാണ് സർക്കാർ നിർദ്ദേശം എന്നിരിക്കെ ഇത്തരത്തിൽ ഒരു പദ്ധതി തയ്യാറാക്കിയത് ക്രമ വിരുദ്ധമാണ്.<br><br>അംഗൻവാടി കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനായി സാമൂഹ്യക്ഷേമവകുപ്പിന്റെ നിർദ്ദേശാനുസരണം കൃത്യമായി തയ്യാറാക്കിയ ചാർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ ദിവസവും കുട്ടികൾക്ക് അംഗൻവാടികളിലൂടെ പോഷകാഹാരം തയ്യാറാക്കി നൽകുന്നുണ്ട്.കൂടാതെ സർക്കാർ നിർദ്ദേശപ്രകാരം അധിക പോഷണത്തിനായി അമൃതം ഫുഡ് സപ്ലിമെന്റും നൽകുന്നുണ്ട്.ഇതിനുപുറമെ പി.എച്ച്.സി വഴി പ്രീ സ്കൂൾ കുട്ടികൾക്ക് വൈറ്റമിൻ തുള്ളി മരുന്നുകളും വിതരണം ചെയ്യുന്നുണ്ട്.പ്രസ്തുത സാഹചര്യത്തിൽ ഇത്തരത്തിലൊരു പദ്ധതിയ്ക്കായി തുക ചെലവഴിച്ചത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് കാണുന്നു. ആയതിനാൽ ഈ ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം | കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2005–06 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 3(11) അംഗൻവാടികളിലെ കുഞ്ഞുങ്ങൾക്ക് ആരോഗ്യസംരക്ഷണവും ബുദ്ധിവികാസവും എന്ന പദ്ധതി പ്രകാരം 25 അംഗൻവാടികളിലെ 363 കുഞ്ഞുങ്ങൾക്ക് 10 എം എല്ലിന്റെ 3574 ബോട്ടിൽ സാരസ്വതാരിഷ്ടം (ഗോൾഡ്) ആയുർവ്വേദ മെഡിക്കൽ ആഫീസർ മുഖേന അംഗൻവാടി വർക്കർ വഴി വിതരണം ചെയ്തിരുന്നു. ടി പരാമർശത്തിൻമേൽ ഉത്തരവാദിയായ ഡോ. എസ് രാജേഷ് നൽകിയ മറുപടിയിൽ സർക്കാർ സ്ഥാപനമായ ഔഷധിയിൽ നിന്നുമാണ് അരിഷ്ടം വാങ്ങിയിട്ടുള്ളതെന്നും ആയത് സ്റ്റോക്കിൽ ചേർത്ത് വിതരണവിവരം കാണിച്ചിട്ടുണ്ടെന്നും 14 ഘട്ടങ്ങളിലായാണ് അരിഷ്ടം വിതരണം ചെയ്തിട്ടുള്ളതെന്നും ഗുണഭോക്താക്കളായ കുഞ്ഞുങ്ങളുടെ പേരുവിവരം ലിസ്റ്റാക്കി അംഗൻവാടികളിലും ഡിസ്പെൻസറികളിലും സൂക്ഷിച്ചിട്ടുണ്ടെന്നുമുള്ള വിവരം രേഖപ്പെടുത്തിയിട്ടുണ്ട് ആയത് നേരിട്ട് പരിശോധനയ്ക്ക് ബോദ്ധ്യപ്പെടാവുന്നതുമാണ്. ടി പദ്ധതി ഏറ്റെടുത്തത് മൂലം പഞ്ചായത്തിനോ സർക്കാരിനോ ധനനഷ്ടമൊന്നും തന്നെ സംഭവിച്ചിട്ടില്ലായെന്നും ശിശുക്കളുടെ പോഷകാഹാരവിതരണത്തോടൊപ്പം അവരുടെ ബുദ്ധിപരമായ വികാസം കുടി ലക്ഷ്യമിട്ട് ഏറ്റെടുത്ത പദ്ധതിയാണെന്ന് ഭരണസമിതിയ്ക്ക് ഉത്തമബോദ്ധ്യമുള്ളതിനാലും ടി പദ്ധതിയുടെ നിർവ്വഹണത്തിനുള്ള തടസ്സവാദം ഒഴിവാക്കണമെന്ന്<br><br>25/11/2014 ലെ III(1) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അഭ്യർത്ഥിച്ചു തീരുമാനിച്ചിട്ടുണ്ട്. 2018( ) ലെ |

| | | | |
|---|---|---|---|
| | | വാങ്ങേണ്ടതാണ്.<br><br>വാങ്ങിയ അരിഷ്ടം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി കൃത്യമായി വിതരണ വിവരം തയ്യാറാക്കിയിട്ടില്ല. അരിഷ്ടം കുട്ടികൾക്ക് നൽകേണ്ട അളവ് കാലദൈർഘ്യം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. വിതരണത്തിനായി അംഗൻവാടി വർക്കർമാർ 11 ഘട്ടങ്ങളിൽ മരുന്ന് കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആകെ വിതരണ വിവരം കൂട്ടി എഴുതിയിട്ടില്ല. നൽകിയ മരുന്നിന്റെ അളവും കൈപ്പറ്റിയ കുട്ടികളുടെ എണ്ണവും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വിതരണ വിവരം പൂർണ്ണമല്ല.<br><br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ<br>ശ്രീ.എസ്.രാജേഷ് ( അയുർവേദ മെഡിക്കൽ ഓഫീസർ)<br>രാജീവം,പഴവങ്ങാടി,ആലപ്പുഴ. | മഹാപ്രളയത്തിൽ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും നഷ്ടപ്പെട്ടിട്ടുള്ളതിനാൽ രേഖകൾ പരിശോധിക്കുന്നതിനോ തുടർ നടപടികൾ സ്വീകരിക്കുന്നതിനോ കഴിയാത്ത സാഹചര്യമാണുള്ളത് എന്നു സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 4 | 5.2.12 | <u>ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്</u><br><u>പേപ്പർ ബാഗ് നിർമ്മാണം ഒരേ പരിശീലനത്തിന് 2 നിരക്ക്</u><br><u>ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-08, ഖണ്ഡിക നമ്പർ 3-38</u> | |

| | | | |
|---|---|---|---|
| | | പഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റുകളിൽപ്പെട്ട 20 പട്ടികജാതി വനിതകൾക്ക് 30 ദിവസം (ദിവസം 8 മണിക്കൂർ) പേപ്പർ ബാഗ് നിർമ്മാണത്തിൽ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ 1ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി (നം.55/08) ട്രെയിനിങ്ങിനും ടെൻഡർചെലവുകൾക്കുമായി 25000/- രൂപയും അസംസ്കൃതവസ്തുക്കൾക്കായി 75000/- രൂപയും ഉൾപ്പെട്ടാണ് 1ലക്ഷം രൂപ വകയിരുത്തിയത്. ഇതിലേയ്ക്കായി ക്വട്ടേഷൻ ക്ഷണിച്ചു.റ്റി.യേശുദാസ്,തയ്യൂരിൽ ഏജൻസീസ്,പ്രയാർവടക്ക് എന്നയാളിന്റെ 1ലക്ഷം രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ചതായാണ് രേഖ ടിയാൻ തിയതി എഴുതാതെ നൽകിയ എഗ്രിമെന്റിൽ 20 പേർക്ക് 2008 മാർച്ചിൽ ആരംഭിച്ച് ഏപ്രിൽ വരെ നീണ്ടുനിൽക്കുന്ന പരിശീലനപരിപാടിയിൽ 16 ൽ പരം തരത്തിലുള്ള കവറുകളുടെ നിർമ്മാണപരിശീലനവും അസംസ്കൃതവസ്തുക്കൾ ഉൾപ്പെടെ പരിശീലനാർത്ഥികൾക്കുള്ള ഭക്ഷണവും ലഭ്യമാക്കാം എന്നത് സമ്മതിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി 1ലക്ഷം രൂപ 469961/09.04.2008 നമ്പർ ഡി.ഡി പ്രകാരം ശ്രീ യേശുദാസിന് സെക്രട്ടറി നൽകി<br><br>ഇതോടൊപ്പം പഞ്ചായത്തിലെ ജനറൽ വിഭാഗത്തിൽപ്പെട്ട 20 കുടുംബശ്രീ വനിതകൾക്ക് പേപ്പർബാഗനിർമ്മാണപരിശീലനത്തിനായി തനതുഫണ്ടിനത്തിൽ 50000/-രൂപ വകയിരുത്തി മറ്റൊരു പ്രോജക്ടും തൽവർഷം തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നു.(നം.12/08)ട്രെയിനിങ്ങിന് 10000/- രൂപയും അസംസ്കൃതവസ്തുക്കൾക്കായി 40000/-രൂപയും ഉൾപ്പെടെയാണ് 50000/-രൂപ ഈ പ്രോജക്ടിൽ വകയിരുത്തിയിരുന്നത്. ഇതിലേയ്ക്കായി | |

| | |
|---|---|
| ടി.യേശുദാസ്,തയ്യൂഗ്ഗുരിൽ എജൻജസീസ്,പ്രയാർവടക്ക് എന്ന വ്യക്തിയുടെ 50000/- രൂപയുടെ ടെൻഡർ അംഗീകരിക്കുകയും കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്. 26.03.04 ൽ വാങ്ങിയ മുദ്രപത്രത്തിൽ വച്ച കരാറിൽ (എഗ്രിമെന്റ് നമ്പരും തിയതിയും രേഖപ്പെടുത്തിയിട്ടില്ല) 20 പേർക്ക് 30 ദിവസം നീണ്ടുനിൽക്കുന്ന പരിശീലനപരിപാടിയിൽ 16 ൽ പരം തരത്തിലുള്ള കവറുകളുടെ നിർമ്മാണപരിശീലനവും അസംസ്കൃതവസ്തുക്കൾ ഉൾപ്പെടെ പരിശീലനാർത്ഥികൾക്കുള്ള ഭക്ഷണവും ലഭ്യമാക്കാം എന്ന് ടിയാൻ സമ്മതിച്ചിട്ടുണ്ട്.ഈ ഇനത്തിൽ ടിയാന് 50000/- രൂപ 004690/29.05.08 നമ്പർ ചെക്ക് പ്രകാരം ശ്രീ.യേശുദാസിന് പിൻവലിച്ചു നൽകിയിട്ടുണ്ട്.ഈ പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു. | |
| എ) ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകളും ലഭിച്ച ക്വട്ടേഷനുകളും രേഖാമൂലം ആവശ്യപ്പെട്ടിട്ടും ഓഡിറ്റിൽ ഹാജരാക്കിയില്ല | എ) 29/01/2008-ലെ ദേശാഭിമാനി ദിനപ്പത്രത്തിൽ പരസ്യം നൽകിയാണ് പരിശീലകരുടെ ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളത്. 12/02/2008-ലെ V(Ib)7-ാം നമ്പർ തീരുമാനപ്രകാരം ശ്രീ. യേശുദാസിന്റെ 147000/ രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുള്ളതുമാണ്. ടി റിപ്പോർട്ടിന്റെ പകർപ്പും,തീരുമാനത്തിന്റെ പകർപ്പും അംഗീകാരത്തിനായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. (സി2-1611/14 തിയതി .16/10/14) |
| ബി) ജനറൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 20 പേർക്കു വീതം ഒരേ വിഷയത്തിൽ ഒരേ കാലയളവിലാണ് പരിശീലനം നൽകിയത്. (23/02/2008 മുതൽ 25/03/20008 വരെ.) ഓരോ വിഭാഗത്തിൽപ്പെട്ടവരുടേയും പരിശീലന ചുമതല ഏറ്റെടുത്ത വ്യക്തി ഒരാളാണ്.പട്ടിക ജാതി വിഭാഗം ഗുണഭോക്താക്കൾക്കായി വാങ്ങിയ അസംസ്കൃത സാധനങ്ങൾക്കൊപ്പം പ്രിന്റിംഗ് മെഷീനുകൾ വാങ്ങിയിട്ടുള്ളതൊഴിച്ചാൽ 8000-/ രൂപ പരിശീലന പരിപാടി | ബി) 20 മെമ്പർമാരിൽ 17 മെമ്പർമാരിൽ നിന്നും 2000/ രൂപ വീതം പഞ്ചായത്ത് ഈടാക്കിയിട്ടുള്ളതാണ് ശേഷിക്കുന്ന വ്യക്തികളിൽ നിന്നും ആർ.ആർ മുഖേന ഇ ഈടാക്കുന്നതിനായി ബഹു.ജില്ലാ കളക്ടർക്ക് റിക്വിസിഷ നൽകിയിട്ടുള്ളതാണ്. മുൻ സെക്രട്ട ശ്രീ.എൻ.എസ്.പ്രകാശ് 06/02/2019 മരണപ്പെട്ടിട്ടുള്ളതിനാൽ ഇടർ നടപടികളിൽ നിന്ന ഒഴിവാക്കണമെന്നും അപേക്ഷിക്കുന്നു |

കൾക്കുമായി വാങ്ങിയ അസംസ്കൃത വസ്തുക്കളും സമാനമാണ്.ഇതിലേക്കായി കരാറുകാരൻ ഹാജരാക്കിയ ചെലവും, വൗച്ചറുകളുടേയും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്കുള്ള പരിശീലനം | ജനറൽ വിഭാഗം ഗുണഭോക്താക്കൾക്കുള്ള പരിശീലനം |
|---|---|---|---|
| 1 | അസംസ്കൃത വസ്തുക്കൾ | 42630(ബിൽ നം.57/26.03.2008) | 16060(ബിൽ നം.56/26.03.2008) |
| 2 | ഹോണറേറിയം ഫീസ് | 33000 | 18000 |
| 3 | ലഘുഭക്ഷണം ,ചായ, ഊണ് | 24670 | 16300 |
| | ആകെ | 100300 | 50360 |

ഇതിൽ നിന്നും സമാനരീതിയിൽ ഉള്ളതും, ഒരേ വ്യക്തി തന്നെ നടത്തിയതുമായ ഈ പരിശീലന പദ്ധതികൾക്കായി

| | | | |
|---|---|---|---|
| | | വിഭിന്നമായ തുകയാണ് കരാറുകാരൻ ഈടാക്കിയതെന്ന് വ്യക്തമാണ്.മരെ ഇനം പേപ്പർ ബാഗുകളുടെ നിർമ്മാണ പരിശീലനത്തിന് പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട 20 ഗുണഭോക്താക്കൾക്കായി 1 ലക്ഷം രൂപ പിൻവലിച്ചപ്പോൾ ,ജനറൽ വിഭാഗത്തിൽപ്പെട്ട 20 പേർക്കായി 50,000/ – രൂപ മാത്രമാണ് നൽകിയത്. ജനറൽ വിഭാഗം പ്രോജക്ടിൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തുകയോ, ആയത് ഈടാക്കുകയോ ചെയ്തിട്ടില്ല ഇതിൽനിന്നും യാതൊരു തൈാദീക്ഷയുമില്ലാതെ പദ്ധതിപ്പണം പ്രോജക്ടിൽ വകയിരുത്തി എന്ന കാരണത്താൽ മാത്രം പിൻവലിക്കുകയാണുായതെന്ന് വ്യക്തമാണ്.ഇപ്രകാരം യുക്തിസഹമല്ലാത്ത പ്രോജക്ട് തയ്യാറാക്കി പദ്ധതിപ്പണം പിൻവലിക്കുക വഴി 50,000/ – രൂപ യുടെ അധിക ചെലവാണ് ഉണ്ടായത്. ഇത് ബന്ധപ്പെട്ടവരുടെ ഭാഗത്തു നിന്നുമുള്ള കുറ്റകരമായ അനാസ്ഥയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആകയാൽ ഈ വിഷയത്തിലേക്ക് ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പട്ടിക ജാതി വിഭാഗം ഗുണഭോക്താക്കളുടെ പരിശീലനത്തിനായി വാങ്ങിയ മെഷീനുകളുടെ വിലയിനത്തിലുള്ള 8000/– രൂപ കിഴിച്ച് ഈ പ്രോജക്ടിനായി (ജനറൽ പ്രോജക്ടിൽ നിന്നും വിഭിന്നമായി) അധികം ചെലവഴിച്ച 42,000/– രൂപ പദ്ധതി അംഗീകരിച്ച പഞ്ചായത്തു കമ്മിറ്റി അംഗങ്ങൾ, പഞ്ചായത്തു സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി തിരിച്ചടയ്ക്കേണ്ടതാണ്.<br><br>സി) ലഭ്യമാക്കിയ രേഖകൾ പ്രകാരം (ഹാജർ സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ ) പരിശീലന പരിപാടികൾ നടന്നിട്ടുള്ളത് 23.02.2008 | സി) ഇക അടവാക്കണമെന്നാവശ്യപ്പെട്ട് കരാറുകാരന് രജിസ്റ്റേഡ് കത്ത് നൽകിയിട്ടുണ്ട്. ഇടർന്നും ഇക അടയ്ക്കാത്തതിനാൽ ആർ.ആർ 2014/8438/4 നമ്പർ പ്രകാരം ആർ.ആർ നടപടി സ്വീകരിച്ചിട്ടുണ്ട്. |

മുതൽ 25.03.2008 വരെയാണ്. ഇതേ കാലയളവിൽ തന്നെ ഫാഷൻ ടെക്നോളജി പരിശീലനം ,ലതർപ്രോഡക്ട് പരിശീലനം എന്നിവയും പഞ്ചായത്തിൽ നടന്നിട്ടുണ്ട് ഈ പരിശീലന പരിപാടികളെല്ലാം ദിവസം 8 മണിക്കൂർവച്ച് മുഴുവൻ ദിനപരിശീലന പരിപാടിയായാണ് നടത്തിയതെന്നാണ് രേഖ. പേപ്പർബാഗ് നിർമ്മാണ പരിശീലനത്തിൽ (പട്ടിക ജാതി) പങ്കെടുത്തതായി കാണിച്ചിട്ടുള്ള താഴെ പറയുന്ന വ്യക്തികൾ ഇതേ കാലയളവിൽ തന്നെ മറ്റു ട്രെയിനിംഗ് പരിപാടികളിലും പങ്കെടുത്തതായി കാണിച്ച് തുക പിൻവലിച്ചിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും, വിലാസവും | കുടുംബശ്രീ യൂണിറ്റിന്റെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | മീരാ .എസ്.ആനന്ദ് ആനന്ദ ഭവനം, കണ്ണമംഗലം വടക്ക്, ചെട്ടികുളങ്ങര പി.ഒ | ഹരിശ്രീ കുടുംബശ്രീ വാർഡ്–17 | ഫാഷൻ ഡിസൈനിംഗ് പരിശീലന പരിപാടിയിലേക്കും ഗുണഭോക്താവായി കാണിച്ച് തുക മാറിയിട്ടുണ്ട് ഫോട്ടോ യുൾപ്പെടെ |

| | | | |
|---|---|---|---|
| | | | ടിയാളുടേതായുള്ള അനുബന്ധ രേഖകൾ എല്ലാം ഫയലിലും ഒന്നു തന്നെയാണ്. |
| 2 | മാരതി,<br>കയ്യാംമ്പള്ളി കിഴക്കതിൽ പേള പി.ഒ | സ്വപർണ്ണിക,<br>വാർഡ്-20 | ഫാഷൻ ഡിസൈനിംഗ് പരിശീലന പരിപാടിയിലേക്കും ഗുണഭോക്താവായി കാണിച്ച് തുക മാറിയിട്ടുണ്ട് ഫോട്ടോ യുൾപ്പെടെ ടിയാളുടേതായുള്ള അനുബന്ധ രേഖകൾ എല്ലാം ഫയലിലും ഒന്നുതന്നെയാണ്. |
| 3 | രമ<br>പന്നയിൽ തറയിൽ, കൈതവടക്ക്,<br>ചെട്ടികുളങ്ങര | പരാശക്തി<br>വാർഡ് -18 | ഇതേ കാലയളവിൽ തന്നെ ലെതർ പ്രോഡക്ട് നിർമ്മാണ പരിശീലനത്തിലെയും ഗുണഭോക്താവായി കാണിച്ച് തുക |

| | | | |
|---|---|---|---|
| | | | മാറിയിട്ടുണ്ട് ഒ ഫയലിനോടൊപ്പ മുള്ള അനുബന്ധ രേഖകൾ ഒന്നു തന്നെയാണ്. |

ഇപ്രകാരം ഒരേ കാലയളവിൽ ദിവസം 8 മണിക്കൂർ വച്ച് നടത്തിയതായി പറയുന്ന പരിശീലന പരിപാടികളിൽ ഒരേ വ്യക്തികളുടെ പേരുവിവരം ഉൾപ്പെടുത്തി തുക പിൻവലിച്ചു നൽകിയതിൽ നിന്നും, വ്യാജരേഖകൾ ചമച്ച് പദ്ധതി തുക ചെലവഴിക്കുകയാണ് എന്നത് വ്യക്തമാണ്. ആകയാൽ ഹാജരാക്കിയ രേഖകളിൽ പ്രതിപാദിക്കും പ്രകാരം പരിശീലന പരിപാടി യഥാവിധി നടന്നിട്ടുയെന്ന് ഓഡിറ്റിൽ സംശയിക്കുന്നു.ഇതിനു മേൽ നടത്തിയ ഓഡിറ്റ് അന്വേഷണത്തിന് സി. ഡി. എ സ്. ചാർജ്ജ് ഓഫീസർ നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

ഈ പരിപാടിയുടെ നടത്തിപ്പ് കരാറുകാരനിൽ നിക്ഷിപ്തമായിരുന്നതിനാൽ ഹാജർ രേഖപ്പെടുത്തലും മറ്റും കരാറുകാരനാണ് ചെയ്തിരുന്നത്. പദ്ധതിയുടെ മേൽനോട്ടം സി. ഡി. എസ് ചെയർപേഴ്സണും അംഗങ്ങളുമായിരുന്നു നിർവ്വഹിച്ചിരുന്നത്.അപേക്ഷ സ്വീകരിക്കുന്നതിലും ഹാജർ രേഖപ്പെടുത്തുന്നതിലും കരാറുകാരനും സി. ഡി. എസ് ഭാരവാഹികൾക്കു വന്ന കൈപിഴകാണ് ഗുരുതരമായ ഈ വീഴ്ചയ്ക്ക് കാരണം .ആകയാൽ ഈ വിഷയത്തിൽ

| | | | |
|---|---|---|---|
| | | സമഗ്രമായ അന്വേഷണത്തിന് ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു. ടി വ്യക്തികൾ ഒന്നിലധികം പരിശീലന പരിപാടികളിൽ പങ്കെടുത്തതായി കാണിച്ച് അധികം പിൻവലിച്ച 15,000/- രൂപ പലിശ സഹിതം കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേതാണ്. അല്ലാത്തപക്ഷം ആയത് അധിക ചെലവിന് ഉത്തരവാദികളായ സി.ഡി.എസ് ചെയർപേഴ്സൺ, ചാർജ്ജ് ഓഫീസർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി തിരിച്ചടയ്ക്കേതാണ്. | ഡി) ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് സെക്രട്ടറി റിപ്പോർട്ട് നൽകിയിട്ടുണ്ട്. |
| | | ഡി) പരിശീലനം നൽകിയതായി കാണിച്ചിട്ടുള്ള വ്യക്തികൾഈ വിഷയത്തിൽ പരിജ്ഞാനമുള്ളവരാണെന്നതിന് തെളിവൊന്നുമില്ല | ഇ) ബില്ലുകളുടെ ആധികാരികത പൂർണ്ണവും സത്യസന്ധവുമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഇക അനുവദിച്ചിട്ടുള്ളതെന്ന് ബോധിപ്പിച്ച്കൊള്ളുന്നു.എങ്കിലും ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തില് ടാക്സ് രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തിയ ബില്ല് സമർപ്പിക്കുന്നതിന് ശ്രീയേശുദാസിനോട് നിർദ്ദേശിച്ചെങ്കിലും നാളിതുവരെ ടിയാൻ ആയത് ഹാജരാക്കിയിട്ടില്ലാത്തതാണ്. |
| | | ഇ) അസംസ്കൃത സാധനങ്ങളും മെഷീനുകളും വാങ്ങിയ തിന്റേതായി ഹാജരാക്കിയ ബില്ലുകൾ ശ്രീ.യേശുദാസിന്റെ പേരിലുള്ള തൈശ്ശേരിൽ ഏജൻസീസ്, പ്രയാർ ,ഓച്ചിറ എന്ന സ്ഥാപനത്തിന്റേതാണ്.67000/- രൂപയുടേതായി ഹാജരാക്കിയ ബില്ലുകളാകട്ടെ ടാക്സ് രജിസ്ട്രേഷൻ നമ്പരുകൾ പോലും ഇല്ല ഇതിൽ നിന്നും ഈ ബില്ലുകളുടെ വിശ്വാസ്യത ഓഡിറ്റിൽ സംശയിക്കുന്നു. | |
| | | എഫ്) ഈ പരിശീലന പരിപാടിയിൽപെടുത്തി സെക്രട്ടറിയുടെ പേരിൽ വാങ്ങിയ പ്രിന്റിംഗ് മെഷീനുകൾ ഉൾപ്പെടെയുള്ള സാധനങ്ങൾ ഒന്നും സ്റ്റോക്കിൽ എടുത്തിട്ടില്ല വാങ്ങിയ മെഷീനുകൾ പരിശീലന ശേഷം കരാറുകാരൻ തിരികെ ഏൽപ്പിച്ചതായും തെളിവില്ല. ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് [illegible] ടെ | എഫ്) ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിന്റെ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി വാങ്ങിയിട്ടുള്ള ഉപകരണങ്ങൾ പഞ്ചായത്ത് ഓഫീസ് പഴയ കെട്ടിടത്തിന്റെ സ്റ്റോര് റൂമിലാണ് സൂക്ഷിച്ചിരുന്നത്. Fന്നാൽ പുതിയ പഞ്ചായത്താഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് മേപ്പടി സ്റ്റോര് റൂം പൊളിച്ചു മാറ്റിയപ്പോള് ഉപകരണങ്ങൾ ഇപ്പോള് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളില് സൂക്ഷിച്ചിരിക്കുകയാണ്.ഇതെനെട്ടുള്ളം ചിതറിച്ചും കാണപ്പെടുന്ന ടി സാധനങ്ങൾക്കിടയില് നിന്നും പ്രത്യേ നിർമ്മാണവുമായി ബന്ധപ്പെട്ട ഉപകരണങ്ങള് വേർതിരിച്ച് കണ്ടെത്താന് കഴിയാത്ത അവസ്ഥയിലാണ്. |

| | | | |
|---|---|---|---|
| | | ൽണ്ടർ ലഭിച്ച ആൾ മെഷീനുകൾ സ്വന്തമായി ലഭ്യമാക്കി പരിശീലനം നല്കിയിട്ടുള്ളതിനാൽ തിരികെ ലഭിച്ചിട്ടില്ല എന്ന മറുപടിയാണ് ചാർജ്ജ് ഓഫീസർ നൽകിയത്. എന്നാൽ പരിശീലനപരിപാടിക്കായി കരാറുകാരന് പദ്ധതി പണം നല്കി സെക്രട്ടറിയുടെ പേരിൽ വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ എടുക്കേണ്ടതും, പരിശീലനശേഷം മെഷീനുകൾ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതുമായിരുന്നു. ഇതിന്റെ അഭാവത്തിൽ ഇതിലേക്കായി ചെലവഴിച്ച 8000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഈടാക്കി തിരിച്ചടയ്ക്കേണ്ടതാണ്.<br><br>ജി) അംഗീകൃത പ്രോജക്ടിൽ ഭക്ഷണ ചെലവുകൾക്കായി യാതൊരു തുകയും വകയിരുത്തിയിരുന്നില്ല. എന്നാൽ പട്ടികജാതി ഗുണഭോക്താക്കൾക്കായുള്ള പ്രോജക്ടിൽപ്പെടുത്തി 24670/-രൂപയും, ജനറൽ പ്രോജക്ടിൽപ്പെടുത്തി 16,300/-രൂപയും ചെലവഴിച്ചതായാണ് രേഖ. അംഗീകൃത പ്രോജക്ടിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി - പദ്ധതി തുക ചെലവഴിച്ച നടപടി ക്രമവിരുദ്ധമാണ്. ആകയാൽ ഈ ഇനത്തിൽ ചെലവഴിച്ച 40970/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br><br>എച്ച്) പരിശീലനം ലഭിച്ച വ്യക്തികളെ ഉൾപ്പെടുത്തി പേപ്പർ ബാഗ് നിർമ്മാണയൂണിറ്റ് ആരംഭിക്കുകയും ,അതുവഴി അവരുടെ വരുമാനവർദ്ധനവുമായിരുന്നു ലക്ഷ്യമിട്ടിരുന്നത്. ഇതിലേയ്ക്കായാണ് മെഷീനുകൾ ഉൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങിയതും. എന്നാൽ പരിശീലനത്തിനായി പദ്ധതി തുക പിൻവലിച്ചതൊഴികെ യാതൊരു തുടർപ്രവർത്തനവും ഇതു സംബന്ധമായി നടന്നതായി | 8000/- രൂപ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് ആർ.ആർ/2014/8763/4 തീയതി 08/12/14 പ്രകാരം ആർ.ആർ നടപടി സ്വീകരിച്ചിട്ടുണ്ട്. സെക്രട്ടറി ശ്രീ.എൻ.എസ്.പ്രകാശ് 08/02/2019 ന് മരണപ്പെട്ടിട്ടുള്ളതാണെന്ന് ബോധിപ്പിക്കുന്നു.<br><br>ജി) പരിശീലന സമയ ക്രമം രാവിലെ മുതൽ വൈകുന്നേരംവരെ ആയിരുന്നു.പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള ഗുണഭോക്താക്കൾക്ക് പരിശീലനത്തിനായി പരിശീലന കേന്ദ്രത്തിൽ എത്തിയിട്ട് ഉച്ചഭക്ഷണത്തിന് ശേഷം തിരികെ എത്തുന്നതിനുള്ള സാഹചര്യം ഉണ്ടായിരുന്നില്ല.സാമ്പത്തിക ശേഷിയില്ലാത്ത അവർക്ക് മറ്റ് രീതിയില് ഭക്ഷണം സ്വന്തമായി ലഭ്യമാക്കാന് കഴിയാത്തവരായിരുന്നു.പരിശീലന പങ്കാളിത്തം ഉറപ്പാക്കുക എന്ന സദ്ദേശത്തിലാണ് ഭക്ഷണച്ചെലവുകൾക്കായി തുക ചെലവഴിച്ചതെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.മേലിൽ ഇത്തരം അപാകതകള് ആവർത്തിക്കുകയില്ലായെന്നും, പരിശീലന പരിപാടി പൂർത്തീകരിച്ചു എന്നതിനാലും, പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിച്ച് കൊള്ളുന്നു<br><br>എച്ച്) പരിശീലനത്തിന് ശേഷം പരിശീലനം ലഭിച്ച വ്യക്തികളെ ഉൾപ്പെടുത്തി പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് കുടുംബശ്രീയുമായി സംയോജിപ്പിച്ച് തുടങ്ങുവാനുള്ള നടപടികൾ ആരംഭിച്ചപ്പോൾ പരിശീലനം ലഭിച്ച മിക്ക വനിതകളും പഞ്ചായത്ത് പ്രദേശത്തു നിന്നും മാറി പോവുകയും കുറെ പേര് അതിന് വിമുഖത കാണിക്കുകയും ചെയ്തു.ഈ സാഹചര്യത്തിലാണ് തുടർ പ്രവർത്തനങ്ങൾ നടത്താൻ കഴിയാതെ വന്നത് ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് സെക്രട്ടറി |

<table>
<tr>
<td></td>
<td></td>
<td>ചെയ്തില്ല.<br><br>ഐ) പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണം സംബന്ധിച്ച് മോണിറ്ററിംഗ് നടന്നതിനും ചെയ്തില്ല.മേൽവിവരിച്ച അപാകതകളുടെ വെളിച്ചത്തിൽ ഈ പ്രോജക്ടുകളുടെ സമഗ്രമായ അന്വേഷണത്തിനും, ഓഡിറ്റിൽ അംഗീകരിക്കാതിരുന്ന ചെലവു തുകകൾ ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതിനും ശുപാർശ ചെയ്യുന്നു.<br><br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ<br><br>1. ശ്രീ.എൻ.എസ്.പ്രകാശ്,സെക്രട്ടറി(വിരമിച്ചു) നല്ലവീട്ടിൽ,ഇലിപ്പക്കുളം.പി.ഒ<br><br>2. ശ്രീ.എ.മഹേന്ദ്രൻ,പ്രസിഡന്റ്,വല്യത്ത്കിഴക്കതിൽ,മേനാമ്പള്ളി,പത്തിയൂർ പി.ഒ<br><br>3. ശ്രീ.എസ്.സുനിൽകുമാർ(മെമ്പർ)കൊട്ടയ്ക്കാട്ടേത്ത് തറയിൽ,കൈതത്തെക്ക്,ചെട്ടികുളങ്ങര പി.ഒ<br><br>4. ശ്രീ.എ.കെ.ഹരിദാസ്(മെമ്പർ)പള്ളേമ്പിൽ,കാർത്തികമഠ ലേക്കട്ടിയമ്പലം പി.ഒ</td>
<td>അപേക്ഷിച്ചിട്ടുണ്ട്<br><br>ഐ) 20 മെമ്പർമാരിൽ 17 മെമ്പർമാർ 2000/- രൂപ വീതം തിരിച്ചടച്ചിട്ടുണ്ട്. ശേഷിക്കുന്ന വ്യക്തികളിൽ നിന്നും ആർ.ആർ മുഖേന തുക ഈടാക്കുന്നതിനായി റിക്വിസിഷന് നൽകിയിട്ടുള്ളതാണ്. മുൻ സെക്രട്ടറി ശ്രീ.എൻ.എസ്.പ്രകാശ് 06/02/2019 ൽ മരണപ്പെട്ടിട്ടുള്ളതിനാൽ തുടർ നടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്</td>
</tr>
</table>

| | | | |
|---|---|---|---|
| | | 5. ശ്രീ.ചിറ്റോടിത്തറ ഭാസ്കരൻ(മെമ്പർ)ചിറ്റോടിത്തറ,മറ്റംവടക്ക്,തട്ടാരമ്പലം .പി.ഒ<br><br>ശ്രീ.ചെങ്കിളിൽ രാജൻ,ശ്രീമതി.ചന്ദ്രലേഖ,അഡ്വ.കെ.വിജയൻപിള്ള,ശ്രീ.കെ.പി. ശശി,<br><br>ശ്രീ.വി ഗോപാലകൃഷ്ണൻ,ശ്രീമതി.വി,മോഹനകുമാരി,ശ്രീ.വി.രാഘവൻ,<br><br>അഡ്വ.കെ.ബി.പ്രദീപ്,ശ്രീമതി.ശ്രീലത,ശ്രീ.സുരേഷ് തട്ടാവഴി,ശ്രീജു.പി.ജയകുമാർ,ശ്രീ.ആർ.രാജേന്ദ്രദാസ്,ശ്രീമതി. ലതാരാഘവു,ശ്രീമതി.അംബികദേവി,ശ്രീമതി.ഹേമ | |
| 6 | 5.3.3 | ബുധനൂർ ഗ്രാമപഞ്ചായത്ത്–<br><br>ഓട്ടോറിക്ഷാ വാങ്ങൽ പദ്ധതി പണം നിഷ്ക്രിയാവസ്ഥയിൽ<br><br>2007/08 വാർഷിക പദ്ധതിയുടെ ഭാഗമായി ഓട്ടോറിക്ഷാ ഡ്രൈവിംഗ് പരിശീലനം സിദ്ധിച്ച തൊഴിൽരഹിതരായ 5 പട്ടികജാതി വനിതകൾക്ക് ഉപജീവന മാർഗ്ഗം ലഭിക്കുക എന്ന ഉദ്ദേശത്തോടെ നടപ്പാക്കിയ ഓട്ടോറിക്ഷാ വാങ്ങി നൽകൽ എന്ന പദ്ധതി ഭൗതിക ലക്ഷ്യം നേടാതെ പദ്ധതി ധനം പാഴാകുവാൻ ഇടയായി. | ബുധനൂർ ഗ്രാമപഞ്ചായത്ത്–<br><br>30/05/2014 –ാം തീയതി ബാങ്കിൽ നിന്നും 80,000/- രൂപ തിരികെ ലഭിക്കുകയും. ടി വിവരം ബന്ധപ്പെട്ട തുടർനടപടികൾക്കായി ലോക്കൽ ഫണ്ട് അധികാരികളെ അറിയിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 21.07.2014–തീയതിയിൽ മാന്നാർ എസ്.ബി.റ്റിയിൽ SQ 27 എന്ന ചെല്ലാൻ പ്രകാരം 3604-00-911-99 എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്.<br><br>തുടർന്ന് ബഹു. നിയമസഭാ സമിതി മുൻപാകെ പഞ്ചായത്ത് ഹാജരാക്കിയ മേൽ മറുപടി പരിശോധിച്ച് ആധികാരികത റിപ്പോർട്ട് ചെയ്യുന്നതിനായി ഓഡിറ്റ് അധികാരികൾ പഞ്ചായത്തിൽ നടത്തിയ സിറ്റിംഗിൽ |

| | | | |
|---|---|---|---|
| | | ഗ്രാമസഭയുൽ തെരഞ്ഞെടുക്കപ്പെടുന്ന 5 ഗുണഭോക്താക്കൾക്ക് ബാങ്ക് വായ്പയും പദ്ധതി ധനത്തിൽ നിന്നുള്ള സബ്സിഡിയും ഉപയോഗിച്ച് ഓട്ടോറിക്ഷ വാങ്ങുന്നതിനായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത് ഗുണഭോക്താക്കൾ ആവശ്യമായ രേഖകൾ ബാങ്കിൽ ഹാജരാക്കുമ്പോൾ വായ്പ അനുവദിച്ചതായി ബാങ്കിൽ നിന്ന് അറിയിപ്പ് ലഭിച്ചതിനുശേഷം വായ്പ കാലാവധി തീരുന്നതിനുമുമ്പ് ഓട്ടോറിക്ഷ കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യുല്ലായെന്ന് ഗുണഭോക്താവുമായി സെക്രട്ടറി കരാർ വെച്ചിട്ട് സബ്സിഡി തുക ബാങ്കിലടയ്ക്കണമെന്നായിരുന്നു വ്യവസ്ഥ<br><br>പദ്ധതിയുടെ ഗുണഭോക്താക്കളായി കവിതാ ജെ.എം, ഷീജ റ്റി.ആർ, അമ്പിളി കെ, ഉദയകുമാരി റ്റി എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. 13/3/2007-ൽ എസ്.ബി.റ്റി എണ്ണക്കാട് ബ്രാഞ്ച് മാനേജർക്ക് പദ്ധതിയുടെ സബ്സിഡി തുക അനുവദിക്കുവാൻ അപേക്ഷനൽകുവാൻആവശ്യപ്പെട്ടു കൊണ്ട് സെക്രട്ടറി കത്തയച്ചു. കത്തിന് മറുപടിയായി വായ്പ അനുവദിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുമ്പോൾ വായ്പ അനുവദിക്കുന്നതാണെന്നറിയിച്ചു. എന്നാൽ ഗുണഭോക്താക്കൾ ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ സബ്സിഡി തുകയായ 80000/- രൂപ 13/4/2007-ൽ എസ്.ബി.റ്റി എണ്ണക്കാട് ബ്രാഞ്ചിൽ നിക്ഷേപിച്ചു.<br><br>നാളിതുവരെ ഗുണഭോക്താക്കൾ രേഖകൾ ഹാജരാക്കാത്തതിനാൽ വായ്പ അനുവദിക്കപ്പെട്ടിട്ടില്ല. 3 വർഷമായി പദ്ധതി ധനം ഉപയോഗരഹിതമായി പലിശ പോലും ലഭ്യമാകാതെ ഒരു വാണിജ്യ ബാങ്കിൽ | ആവശ്യപ്പെട്ട പരാമർശിത ഇകയായ 80,000 രൂപയുടെ വിനിയോഗം ഉറപ്പാക്കാൻ എല്ലാ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയ ഫയലിൽ ഗുണഭോക്താക്കളുമായി വെച്ചിരുന്ന കരാർ എന്നിവ ഹാജരാക്കിയിരുന്നു. ഇടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമായിരുന്നില്ല. എന്നിരുന്നാൽ തന്നെയും ഇക പൂർണ്ണമായി അടവാക്കിയിട്ടുള്ളതിനാലും സർക്കാരിനോ പഞ്ചായത്തിനോ ' പണാപഹരണമോ കറുകരമായ അനാസ്ഥയോ, ഇല്ലാത്തതിനാലും സർവ്വീസിൽ നിന്ന് വിരമിച്ച മുൻ സെക്രട്ടറി ശ്രീമതി. സരസമ്മയിൽ നിന്നും പലിശ ഈടാക്കണമെന്ന പരാമർശം ഒഴിവാക്കണമെന്ന് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| | | കിടക്കുന്നതിനിടയായി.<br><br>പദ്ധതി മതിപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ച് പദ്ധതി ധനം ഉപയോഗരഹിതമായി കിടക്കുവാനിടയാക്കിയ സെക്രട്ടറിയുടെ നടപടി ക്രമ വിരുദ്ധമാണ്. പദ്ധതി നടപ്പാക്കുന്ന തീയതി വരെയോ തുക ബാങ്കിൽ നിന്ന് തിരികെ ലഭിക്കുന്ന തീയതി വരെയുള്ള കാലയളവിലേക്ക് 12% നിരക്കിൽ പലിശ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.<br><br>ഉത്തരവാദിയായ ഉദ്യോഗസ്ഥ:<br><br>ശ്രീമതി.ഇ.വി.സരസ്സമ്മ,<br><br>അമ്പാട്ട് പുത്തൻ വീട്,<br><br>എണ്ണക്കാട് പി.ഒ. | |
| 6 | 5.3.4 | **<u>മണിക്കാവ് ഗ്രാമപഞ്ചായത്ത്</u>**<br><br>**<u>തൊഴിൽ പരിശീലന പദ്ധതികൾ - പദ്ധതി ലക്ഷ്യം സാക്ഷാത്കരിച്ചില്ല</u>**<br><br>**<u>ആഡിറ്റ് വർഷം : 2007-08,ഖണ്ഡിക നമ്പർ 3-18</u>**<br><br>1)തൊഴിൽ പരിശീലനത്തിനായി വാങ്ങിയ ഉപകരണങ്ങൾ അന്യാധീനപ്പെട്ടു<br><br>2)പരിശീലനാർത്ഥികളുടെ ഹാജർ വിവരമില്ല<br><br>3)പരിശീലനത്തിനുശേഷം ചെറുകിടവ്യവസായ യൂണിറ്റുകൾ ആരംഭിക്കുക എന്ന ലക്ഷ്യം നടപ്പാക്കിയില്ല | **<u>മണിക്കാവ് ഗ്രാമപഞ്ചായത്ത്</u>** |

2007/08 വർഷം ,വി.ഇ.ഒ (കട്ടച്ചിറ) നടപ്പാക്കിയ സ്വയം തൊഴിൽ പരിശീലന പ്രോജക്റ്റുകൾക്കായി 395000/- രൂപ സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നൽകിയിരുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേരും നമ്പരും | നൽകിയ തുക | ഡി.ഡി നമ്പർ, തീയതി |
|---|---|---|---|
| 1 | ഗാർമെന്റ് മേക്കിംഗ് പരിശീലനം -7 | 100000 | 89467515/30 /32008 |
| 2 | കേറ്ററിംഗ് പരിശീലനം, വനിത-4 | 100000 | 89467514/30 /32008 |
| 3 | പേപ്പർ പരിശീലനം -2 | 65000 | 89467510/30 /32008 |
| 4 | മത്സ്യാധിഷ്ഠിത ഉല്പന്ന പരിശീലനം, വനിത-5 | 60000 | 89467513/30 /32008 |
| 5 | വിവിധ ഉൽപന്നങ്ങളുടെ | 40000 | 89467512/30 /32008 |

| | | | |
|---|---|---|---|
| | പരിശീലനം, വനിത-3 | | |
| 6 | പാലുൽപന്ന നിർമ്മാണ പരിശീലനം | 30000 | 89467511/30 /32008 |
| | ആകെ | 395000 | |

<u>പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ</u>

| | |
|---|---|
| 1. പരിശീലന പരിപാടികൾക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്ക് ലഭ്യമായിട്ടില്ല. | 1.ഗുണഭോക്തൃലിസ്റ്റ് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് പരിശോധനയ്ക്കായി 18/10/2014ലെ എ5.15/14 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിട്ടുണ്ട്. |
| 2. തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ അപേക്ഷയോ അർഹത<br>തെളിയിക്കുന്ന രേഖയോ ഇല്ല. | 2) ടി രേഖകൾ പരിശീലനം ഏറ്റെടുത്ത് നടത്തിയ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റിന് നൽകിയിട്ടുണ്ട്. ആയത് അവരുടെ പക്കൽ നിന്നും ലഭ്യമായിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതിലേക്ക് സി.എം.ഡിക്ക് കത്ത് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച റിപ്പോർട്ട് ബഹു.ആലപ്പുഴ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് 18/10/2014-ലെ എ5.15/14 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിട്ടുണ്ട്. |
| 3. പരിശീലന സ്ഥാപനം ഹാജരാക്കിയ ചെലവ് കണക്ക് പ്രകാരം അവർ കൈപ്പറ്റിയ തുകയുടെ 50% ട്രെയിനിംഗ് | 3)കേരള സർക്കാരിന്റെ അംഗീകൃത സ്വയം ഭരണ സ്ഥാപനമാണ് സി.എം.ഡി. സി.എം.ഡി നടത്തുന്ന ഇടപാടുകളുടെ യഥാർത്ഥ രേഖ സൂക്ഷിക്കുന്നു() ഈ |

| | | | |
|---|---|---|---|
| | | മെറ്റീരിയൽസിന്റെ വിലയിനത്തിലാണ് കാണിച്ചിട്ടുള്ളത്. എന്നാൽ ഏതെല്ലാം മെറ്റീരിയൽസ് വാങ്ങി എന്നതു സംബന്ധിച്ച ബില്ലുകൾ ഹാജരാക്കിയിട്ടില്ല. പരിശീലനശേഷം മെറ്റീരിയൽസ് തിരികെ ലഭിക്കുകയോ ചെയ്തിട്ടില്ല ഗാർമെന്റ് മേക്കിങ് പരിശീലനത്തിനായി വാങ്ങുന്ന മെഷീനുകൾ പരിശീലനശേഷം ആരംഭിക്കുന്ന ഗാർമെന്റ് മേക്കിങ് യൂണിറ്റുകൾക്ക് നൽകാമെന്നിരിക്കെ ഇതിലേയ്ക്കായി വാങ്ങിയ സാധനങ്ങൾ തിരികെ വാങ്ങുന്നതിനുള്ള കാരണം വ്യക്തമല്ല. | സ്ഥാപനം തന്നെയാണ്. പരിശീലനത്തിനായി തയ്യാറാക്കി ചെലവഴിച്ച തുകയുടെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകൾ സ്ഥാപനത്തിന് നൽകാമെന്ന് ഒപ്പ് വെച്ച. കരാർ പ്രകാരമുള്ള തുക മാത്രമാണ് കൈപ്പറ്റിയിട്ടുള്ളതെന്നും സർക്കാർ അംഗീകൃത ഏജൻസി എന്ന നിലയിൽ കേന്ദ്രീകൃത പർച്ചേസുകളാണ് നടത്തുന്നതെന്നും അതിൽനിന്നും ഒരു പഞ്ചായത്തിന്റെ മാത്രം ബിൽ വേർതിരിച്ചെടുക്കുക പ്രായോഗികമല്ലെന്നും സി.എം.ഡി അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സി.എം.ഡി നൽകിയിട്ടുള്ള കത്തിന്റെ പകർപ്പും ഇക ഉപയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്. |
| | | 4. പരിശീലന സ്ഥാപനം ഹാജരാക്കിയ ചെലവ് കണക്ക് പ്രകാരം അവർ കൈപ്പറ്റിയ തുക, ട്രെയിനിംഗ് മെറ്റീരിയൽസിന്റെ വില, പ്രിന്റിംഗ് സ്റ്റേഷനറി ഹാൾ വാടക എന്നീ ഇനത്തിൽ വിനിയോഗിച്ചെങ്കിലും ചെലവ് രേഖകൾ(ബിൽ,വൗച്ചർ,കൈപ്പറ്റ് രസീത് മുതലായവ) ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളുടേതായി ഹാജർ രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ ഒഴികെ യാതൊന്നും അവർ ലഭ്യമാക്കിയിട്ടില്ല. | 4)കേരള സർക്കാരിന്റെ അംഗീകൃത സ്വയം<br>ഭരണ സ്ഥാപനമാണ് സി.എം.ഡി. സി.എം.ഡി നടത്തുന്ന ഇടപാടുകളുടെ യഥാർത്ഥ രേഖ സൂക്ഷിക്കുന്നത് ഈ സ്ഥാപനം തന്നെയാണ്. പരിശീലനത്തിനായി തയ്യാറാക്കി ചെലവഴിച്ച തുകയുടെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകൾ സ്ഥാപനത്തിന് നൽകാമെന്ന് ഒപ്പ് വെച്ച കരാർ പ്രകാരമുള്ള തുക മാത്രമാണ് കൈപ്പറ്റിയിട്ടുള്ളതെന്നും സർക്കാർ അംഗീകൃത ഏജൻസി എന്ന നിലയിൽ കേന്ദ്രീകൃത പർച്ചേസുകളാണ് നടത്തുന്നതെന്നും അതിൽനിന്നും ഒരു പഞ്ചായത്തിന്റെ മാത്രം ബിൽ വേർതിരിച്ചെടുക്കുക പ്രായോഗികമല്ലെന്നും സി.എം.ഡി അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സി.എം.ഡി നൽകിയിട്ടുള്ള കത്തിന്റെ |

| | | | |
|---|---|---|---|
| | | | പകർപ്പും തുക ഉപയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട് . |
| | | 5. പരിശീലനം പൂർത്തിയാക്കിയ ഗുണഭോക്താക്കൾ അംഗീകൃത പ്രോജക്ടിലെ വ്യവസ്ഥ പ്രകാരം സർട്ടിഫിക്കറ്റ് നൽകേണ്ടതുണ്ടായിരുന്നെങ്കിലും എത്ര പേർക്ക് ഇതനുസരിച്ച് സർട്ടിഫിക്കറ്റ് ലഭിച്ചു എന്നത് വ്യക്തമല്ല. വളരെ കുറച്ചു പേരുടെ സർട്ടിഫിക്കറ്റ് മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയത്.ഇതുമൂലം എത്ര പേർ പരിശീലനം വിജയകരമായി പൂർത്തീകരിച്ചു എന്നത് വ്യക്തമല്ല. | 5) 180 പേർക്ക് സർട്ടിഫിക്കറ്റ് ലഭിച്ചു |
| | | 6. പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്നത് പ്രകാരം പരിശീലനം പൂർത്തിയാക്കിയവരെ ഉൾപ്പെടുത്തി ചെറുകിട വ്യവസായ തൊഴിൽ യൂണിറ്റുകൾ ആരംഭിച്ചതിന് യാതൊരു തെളിവുമില്ല.ഇതുസംബന്ധമായി നൽകിയ ആഡിറ്റ് അന്വേഷണത്തിന് നിറം എന്ന പേരിൽ ഒരു ഗാർമെന്റ് യൂണിറ്റ് ആരംഭിച്ചുവെന്നും 4 പേപ്പർ ക്യാരി ബാഗ് യൂണിറ്റുകൾ ആരംഭിച്ചെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ലായെന്നും നിർവഹണഉദ്യോഗസ്ഥൻ മറുപടി നൽകി | 6) നിലവില് രാജശ്രീ എംബ്രോയ്ഡറി ആന്ഡ് ഗാർമെന്റ് യൂണിറ്റ്-മണിക്കാവ് വടക്ക്, അനുഗ്രഹ റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ് എന്ന സ്ഥാപനം ഗിരിജഭവനം, മഠത്തിൽപുറമ്പിൽ, മഞ്ഞാടിത്തറ, പള്ളിയിൽ എന്നയാളുടെ വീട്ടിലും, മനാസ് പലഹാരയൂണിറ്റ്-ലില്ലി മാതൃകോണത്ത് തറയിൽ എന്നയാളുടെ വീട്ടിലും , ശ്രുതികറിപൌഡർ എന്ന പേരിൽ മഞ്ഞാടിത്തറയിലും പ്രവർത്തിക്കുന്നു. മൂന്ന് പേപ്പർ ക്യാരി ബാഗ് യൂണിറ്റുകൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ അമിത ഉപയോഗം മൂലം പ്രവർത്തനം നിലച്ചു. |
| | | 7. ചെറുകിട തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുക എന്ന ലക്ഷ്യം<br>മുന്നിൽ കണ്ട് പരിശീലനത്തിനായി 4 ലക്ഷത്തോളം രൂപ ചെലവാക്കിയെങ്കിലും പരിശീലനം | 7) ഗ്രാമപഞ്ചായത്തിലെ തൊഴിൽരഹിതരായ വനിതകൾക്ക് അവരുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിനായും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും |

| | | | |
|---|---|---|---|
| | | നൽകിയതൊഴിച്ചാൽ പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണമായും പ്രവർത്തികമാക്കാൻ കഴിഞ്ഞില്ല ഇത് ബന്ധപ്പെട്ടവരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി ആഡിറ്റിൽ വിലയിരുത്തുന്നു. ആകയാൽ 4 ലക്ഷ്യം രൂപ ചെലവഴിച്ച ടി പദ്ധതി ലക്ഷ്യം കൈവരിക്കാതിരുന്നുള്ള വിശദീകരണം നൽകേണ്ടതാണ്.ഇതിലേയ്ക്കായി ചെലവഴിച്ച 395000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br><br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ<br><br>ശ്ര.ജയലാൽ, വി.ഇ.ഒ<br><br>കുട്ടച്ചിറ,<br><br>നല്ലവീട്ടിൽ, വേടപ്പാവ്.പി.ഒ, ചാരുംമൂട്. | വരുമാന വർദ്ധനവിന് പ്രാപ്തരാക്കി ആയതിലൂടെ ജീവനോപാധി കണ്ടെത്തുന്നതിനും ഉത്പാദനാധിഷ്ഠിതവും സേവാധിഷ്ഠിതവുമായ നൂതന സംരംഭങ്ങൾ കുടുംബശ്രീയുടെ സഹായത്തോടെ ആരംഭിക്കാനുള്ള ഗ്രാമപഞ്ചായത്തിന്റെ ഉദ്യമത്തിന്റെ ഭാഗമായിട്ടാണ് പ്രസ്തുത പദ്ധതികൾ വിഭാവനം ചെയ്ത് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത്. ആയതിന് പഞ്ചായത്ത് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി വിവിധ മേഖലകളിൽ പരിശീലനം നൽകുകയും ആയത് വിജയകരമായി പൂർത്തീകരിക്കുകയും ആയതിലൂടെ ഗ്രാമപഞ്ചായത്തിലെ കുറെയധികം വനിതകൾക്ക് ഒരു പുത്തൻ ഉണർവ് സൃഷ്ടിക്കുവാൻ ഈ പദ്ധതികളിലൂടെ കഴിഞ്ഞിരുന്നു. ഈ പരിശീലന പരിപാടിയിലൂടെ പരിശീലനം സിദ്ധിച്ച വനിതകൾ വിവിധ തൊഴിൽ സംരംഭങ്ങൾ ഇടങ്ങുന്നതിനും വിവിധ തൊഴിൽ മേഖലകളിൽ പ്രസ്തുത പരിശീലനത്തിലൂടെ ആർജ്ജിച്ച അറിവ് ഉപയോഗിച്ച് ജീവസന്ധാരണത്തിനുള്ള വരുമാനം കണ്ടെത്തുന്നതിനും വളരെയധികം സഹായിച്ചിട്ടുള്ളതുമാണ്.ഇപ്പോഴും വിവിധ വാർഡുകളിലായി 4 സംരംഭങ്ങൾ പ്രവർത്തിച്ച് വരുന്നുമാണ്. ഈ സംരംഭങ്ങളിലൂടെ ലഭിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട വരുമാനം ലഭിക്കുന്ന മറ്റുതൊഴിലുകൾ നേടിയിട്ടുള്ളവർ ഒഴികെ ഈ പദ്ധതിയിലൂടെ പരിശീലനം സിദ്ധിച്ചവർ ഇപ്പോഴും ഈ മേഖലകളിലുള്ള തൊഴിലുകളിൽ ഏർപ്പെടുന്നുണ്ട്. ആയതിന് പഞ്ചായത്തും കുടുംബശ്രീയും എല്ലാ സൗകര്യവും നൽകുകയും ചെയ്തിട്ടുണ്ട് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട് |

| | | | |
|---|---|---|---|
| 6 | 5.7.1 | **ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത്**<br>**<u>40.45 ലക്ഷത്തിന്റെ പെൻഷൻ വിതരണത്തിന് രേഖയില്ല</u>**<br><br>ഓഡിറ്റ് വർഷം വിവിധ പെൻഷനുകളുടെ വിതരണത്തിന് 4045551/ -രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചതായി കാണുന്നു.അരക്കോടിയോളം രൂപ ചെലവഴിച്ചിട്ടും ആ ഗൗരവം ഉൾക്കൊണ്ട് രേഖകൾ കൃത്യമല്ലാത്തതിനാൽ ധനാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ സംശയിക്കാവുന്നതാണ്.കർഷക തൊഴിലാളി /വിധവ/വാർദ്ധക്യ/വികലാംഗ/അവിവാഹിത പെൻഷനുകളുടെ വിതരണത്തിന് എന്ന് കാണിച്ചാണ് ട്രഷറിയിൽ നിന്നും പണം പിൻവലിച്ചിരിക്കുന്നത്.പെൻഷനുകൾ മണിഓർഡർ ആയാണ് അയയ്ക്കുന്നത്.മണിഓർഡർ രസീത്,പെൻഷൻകാരുടെ ലിസ്റ്റ് ,മണിഓർഡർ കൈപ്പറ്റ് രസീത് മടങ്ങിവന്ന പെൻഷനുകളുടെ വിവരം ബില്ലിന്റെ പകർപ്പുകൾഓരോ ബില്ലിലും പിൻവലിച്ച പണത്തിന്റെ ചെലവ് വിവരം ഏത് കാലത്തേക്കാണ് പെൻഷൻ അയച്ചത് എന്നീ വിവരങ്ങൾ കൃത്യമല്ല.അപ്രോപ്രിയേഷൻ രജിസ്റ്റർ പെൻഷൻ രജിസ്റ്ററുകൾ മടങ്ങിവന്ന പെൻഷനുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല മണിഓർഡർ രസീത് മണിഓർഡർ കൈപ്പറ്റ് രസീത് എന്നിവയുടെ അഭാവത്തിൽ പെൻഷൻ വിതരണം കൃത്യമായി നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.പുതുതായി പെൻഷൻ നൽകിയവരുടെ അപേക്ഷ അർഹതാരേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമായില്ല.പെൻഷൻ അപേക്ഷകരുടെ വിവരണം കാണിക്കുന്ന രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.39 മാസം വരെയുള്ള പെൻഷൻ കുടിശ്ശിക ന്ൽകിയതായി കാണുന്നു.(കർഷക തൊഴിലാളി പെൻഷൻ-ബിൽ 06/07-08/03.07.07)ഇങ്ങനെ നിരവധി മാസങ്ങളിലെ കുടിശ്ശിക നൽകുമ്പോൾ ആയതിന്റെ | ചെന്നിത്തല-തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ വിവിധ പെൻഷനുകളുടെ വിതരണം സംബന്ധിച്ച് 2007-08 സാമ്പത്തിക വർഷം 10 തീയതികളിലായി 4213577/- രൂപയ്ക്കും, 24.04.2008 തീയതിയിൽ 245658/- രൂപയ്ക്കും മണിഓർഡർ അയച്ച തുകയ്ക്കുള്ള സാക്ഷ്യപത്രം പോസ്റ്റ് ഓഫീസിൽ നിന്നും ലഭിച്ചിട്ടുണ്ട്. എന്നാൽ പെൻഷൻ അയച്ചതിന്റെ രേഖകളോ, പെൻഷൻ ഗുണഭോക്താക്കൾ ആയത് കൈപ്പറ്റിയതിന്റെ രേഖകളോ ലഭ്യമായിട്ടില്ല എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്ന് ബോധിപ്പിക്കുന്നു. |

അർഹത തെളിയിക്കപ്പെട്ടിട്ടില്ല മാത്രമല്ല കുടിശ്ശിക പെൻഷനുകളുടെ മണിഓർഡർ കൈപ്പറ്റ് രസീതും സൂക്ഷിച്ചിട്ടില്ല.27 ബില്ലുകളിലാണ് 4065551/-രൂപ പിൻവലിച്ചത്.പല ബില്ലുകളുടേയും പകർപ്പുകൾ സൂക്ഷിച്ചിട്ടില്ല.ഒരു ബില്ലിൽ പിൻവലിക്കുന്ന തുകയിൽ നിന്നും പെൻഷൻ കുടിശിക പെൻഷൻ,മണി ഓർഡർ കമ്മീഷൻ മണിഓർഡർഫാറം വില എന്നിവ നൽകുന്നുണ്ട്.എന്നാൽ ഇവയുടെ ചെലവ് വിവരം ലഭ്യമല്ല. ഓരോ പെൻഷനുകളുടെയും വിശദാംശം താഴെ

**1.കർഷകതൊഴിലാളി പെൻഷൻ**

കർഷക തൊഴിലാളി പെൻഷൻ വിതരണത്തിന് ബില്ലുകളിൽ 2763390/-രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച വിശദാംശം

| ക്രമനം | ബിൽനം /തീയതി | തുക |
|---|---|---|
| 1 | 66/07-08/03.07.07 | 6,06,824 |
| 2 | 306/07-08/17.08.07-ൽ | 10,06,930 |
| 3 | 412/07-08/04.10.07 | 15,440 |
| 4 | 588/07-08/19.12.07 | 5,43,566 |
| 5 | 729/07-08/08.02.08 | 2,53,560 |
| 6 | 764/07-08(തീയതി ഇല്ല) | 11,160 |
| 7 | 786/07-08/04.03.08 | 3,000 |
| 8 | 802/07-08/28.03.08 | 2,45,906 |
| ആകെ | | 2763390 |

ക്രമ നമ്പർ 1,2,5,8 എന്നീ ബില്ലുകളിൽ പിൻവലിച്ച തുകകൾക്ക് മാത്രമാണ് മണിഓർഡർ അയച്ചതിന് പോസ്റ്റോഫീസിൽനിന്നും രസീത് ഹാജരാക്കിയിരിക്കുന്നത്.ബാക്കി ബില്ലുകളിൽ പിൻവലിച്ച തുകയ്ക്ക് പോസ്റ്റോഫീസ് രസീത് പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് എന്നിവയില്ല.ഈ രേഖകളുടെ അഭാവത്തിൽ ട്രഷറിയിൽ നിന്ന് പിൻവലിച്ച തുകയ്ക്ക് മണിഓർഡർ അയച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കാൻകഴിഞ്ഞിട്ടില്ല.

ബില്ലുകളിൽ അയച്ച പെൻഷൻ മണിഓർഡർ ഗുണഭോക്താക്കൾ കൈപ്പറ്റി എന്നു തെളിയിക്കുന്ന മണിഓർഡർ കൈപ്പറ്റ് രസീത് കൃത്യമായി ഫയൽചെയ്ത് സൂക്ഷിച്ചിട്ടില്ല.അതിനാൽ പെൻഷനുകൾ കൃത്യമായി ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.ബിൽ 98/07-03.07.07ൽ 05/06 മുതൽ 10/06 വരെയുള്ള പെൻഷൻ നൽകാനാണ്888824/രൂപ പിൻവലിച്ചത് .876 പേർക്ക് 720/-രൂപ നിരക്കിൽ മുഴുവൻ കാലത്തേക്കും പെൻഷൻ അയച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.കൂടാതെ 11 പേർക്ക് 5 മാസത്തേയും 10പേർക്ക് 4 ഉം 19 പേർക്ക് 3 ഉം ഒരാൾക്ക് ഒരു മാസത്തേയും പെൻഷൻ നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു.ഇങ്ങനെ പുതുതായി അനുവദിച്ചവരുടെ അപേക്ഷ അർഹതാരേഖകൾ എന്നിവ സൂക്ഷിച്ചിട്ടില്ല.പുതുതായി പെൻഷൻ അനുവദിക്കുന്നവരുടെ വിവരം പ്രത്യേകം ഫയൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.ഇവർ ആരെന്ന് പോലും വ്യക്തമല്ല.മാത്രമല്ല ബിൽ 309/07-08/17.08.07 ൽ പിൻവലിച്ച 1005939 രൂപയിൽ നിന്നും 11/06 മുതൽ 07/07 വരെയുള്ള പെൻഷൻ862 പേർക്ക് നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു.തുടർന്ന് ബിൽ 729/07-08/08.02.08ൽ പിൻവലിച്ച 253560/-രൂപ 12/07 മുതൽ 01/08 വരെയുള്ള പെൻഷൻ വിതരണത്തിനാണെന്ന് വൗച്ചറിൽ നിന്ന് മനസ്സിലാക്കുന്നു.921 പേർക്കാണ് പെൻഷൻ അയച്ചത് .പെൻഷൻകാരുടെ എണ്ണം വർദ്ധിച്ചെങ്കിലും അവരുടെ അപേക്ഷ അർഹതാ രേഖകൾ എന്നിവയില്ല. ഓരോ ബില്ലുകളിലും പെൻഷൻ കുടിശ്ശിക നൽകിയതായി കാണുന്നു.വിശദാംശം

| ക്രമനമ്പർ | ബിൽനം /തീയതി | കുടിശ്ശിക പെൻഷന്റെ വിവരം |
|---|---|---|
| 1 | 98/07-08/03.07.07 | [illegible] |
| 2 | 309/07-08/17.08.07 | 6 പേർക്കുള്ള തുക വീതം |
| 3 | 729/07-08/08.02.08 | [illegible]/ തുക |

കൂടാതെ 412764785 എന്നീ ബില്ലുകളിൽ പിൻവലിച്ച തുകകൾ ചെറുതായതിനാൽ അവയും കുടിശ്ശിക നൽകാൻ വേണ്ടിയാണെന്ന് സംശയിക്കുന്നു.കുടിശ്ശിക നൽകുമ്പോൾ അതിന്റെ വിശദാംശം പ്രത്യേകം ഫയലായി എഴുതി സൂക്ഷിക്കുന്നില്ല.പെൻഷൻകാർ കുടിശ്ശിക കൈപ്പറ്റിയതിനും തെളിവില്ല.ഗ്രാമപഞ്ചായത്തിൽ ഏറ്റവും അധികം പെൻഷൻകാരുള്ളത് കർഷക തൊഴിലാളി പെൻഷനാണ്.കാൽകോടിയിലധികം രൂപയാണ് ഈ ഇനത്തിൽ ട്രഷറിയിൽ നിന്നും പിൻവലിച്ചിരിക്കുന്നത്.ആ ഗൗരവത്തോടെ രേഖകൾ സൂക്ഷിച്ചിട്ടില്ല.ബില്ലിന്റെ കോപ്പി പെൻഷൻ ലിസ്റ്റ് മണിഓർഡർ രസീത് മടങ്ങി വന്ന പെൻഷനുകളുടെ വിവരം മണിഓർഡർ രൈപ്പറ്റ് രസീത് എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ല.കൃത്യമായ രേഖകളുടെ അഭാവത്തിൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ ഓഡിറ്റിൽ സംശയിക്കുന്നു.

**2.വാർദ്ധക്യകാലപെൻഷൻ**

4ബില്ലുകളിൽ 554091/രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചതായി കാണുന്നുവിശദാംശം

| ക്രമനം | ബിൽനം/തീയതി | തുക |
|---|---|---|
| 1 | 264/07-08/23.07.07 | 193717 |
| 2 | 356/07-08/28.08.07 | |
| 3 | 673 /07-08/27.12.07 | 199903 |
| 4 | 886/07-08/19.03.08 | 133181 |
| ആകെ | 554091 | |

ഇതിൽ ക്രമ നം 1,2 ബില്ലുകളിൽ പിൻവലിച്ച തുകകൾക്ക് മാത്രമാണ് മണിഓർഡർ അയച്ചതിന് പോസ്റ്റ് ഓഫീസ് രസീത് ഹാജരാക്കിയത് ക്രമ നം.3 4 ബില്ലുകളിൽ പിൻവലിച്ച

തുകകൾക്ക് മണിഓർഡർ അയച്ചിട്ടുണ്ടോയെന്ന് മണിഓർഡർ രസീതിന്റെ അഭാവത്തിൽ ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.ക്രമനമ്പർ 3 ലെ ബില്ലിൽ പിൻവലിച്ച തുകയുടെ യാതൊരു രേഖകളും ഓഡിറ്റിന് ലഭ്യമായില്ല.പെൻഷൻകാലം പെൻഷൻകാരുടെ പട്ടിക ചെലവിന്റെ വിശദാംശം എന്നിവ പോലും ലഭ്യമായില്ല ഞെ് ബില്ലുകളിൽ അയച്ച മണിഓർഡറുകളിൽ എത്രയെണ്ണം പെൻഷനിമാർ കൈപ്പറ്റി എത്രയെണ്ണം മടങ്ങിവന്നു എന്നിവ രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

**3.വികലാംഗപെൻഷൻ**

5 ബില്ലുകളിൽ 316145 /-രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചതായി കാണുന്നു. വിശദാംശം

| ക്രമനം | ബിൽ നം/തീയതി | തുക |
|---|---|---|
| 1 | 265/07-08/23.07.07 | 66501 |
| 2 | 333/07-08/23.08.07 | 44364 |
| 3 | 454/07-08/16.10.07 | 47140 |
| 4 | 634/07-08/16.01.08 | 47140 |
| 5 | 699/07-08/18.03.08 | 110880 |
| ആകെ | | 316145 |

ഇതിൽ ക്രമനമ്പർ 4,5 എന്നി ബില്ലുകളിൽ പിൻവലിച്ച തുകയുടെ യാതൊരു രേഖകളും ലഭ്യമല്ല.പെൻഷൻകാലം പെൻഷൻകാരുടെ ലിസ്റ്റ്മണി ഓർഡർ രസീത് എന്നിവയില്ല.രേഖകളുടെ അഭാവത്തിൽ മണിർഡർ അയച്ചിട്ടുണ്ടോ എന്നതിന് ഉറപ്പില്ല.ക്രമനമ്പർ 1,2 ബില്ലുകളിൽ പിൻവലിച്ച തുക 151 പേർക്ക് മണിഓർഡർ അയച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.എന്നാൽ ക്രമനമ്പർ 3 ലെ തുക 160 പേർക്ക്മണിഓർഡർ അയച്ചതായി

രേഖപ്പെടുത്തിയിരിക്കുന്നു.പുതുതായി പെൻഷൻ നൽകിയ 9 പേരുടെ അപേക്ഷ അർഹതാരേഖ എന്നിവ ഓഡിറ്റിന് ലഭ്യമായില്ല 5 ബില്ലുകളിൽ അയച്ച മണിഓർഡറുകൾ പെൻഷൻകാർ കൈപ്പറ്റി എന്ന് തെളിയിക്കുന്ന മണിഓർഡർ രസീത് സൂക്ഷിച്ചിട്ടില്ല.മടങ്ങി വന്ന പെൻഷനുകളുടെ കൃത്യമായ വിവരം ലഭ്യമല്ല.

**4 വിധവാ പെൻഷൻ**

ഓഡിറ്റ് വർഷം വിധവാ പെൻഷൻ നൽകുന്നതിന് മൂന്ന് തവണയായി 328943/- രൂപ പിൻവലിച്ചതായി കാണുന്നു. ബിൽബുക്കിലെ രേഖപ്പെടുത്തലല്ലാതെ മറ്റ് യാതൊരു രേഖകളും ഓഡിറ്റിന് ലഭ്യമല്ല.
ബിൽ ബുക്കിൽ നിന്നുള്ള വിവരം

| ക്രമനമ്പർ | ബിൽ നം/തീയതി | തുക |
|---|---|---|
| 1 | 332/07/08/22.06.07 | 71836 |
| 2 | 632/07-08 /16.01.08 | 26856 |
| 3 | 880/07-08/18.03.08 | 229050 |
| ആകെ | | 328943 |

ബിൽ കോപ്പി,പെൻഷൻ കാലയളവ് പെൻഷൻകാരുടെ പട്ടിക മണിഓർഡർ രസീത് മണി ഓർഡർ കൈപ്പറ്റ് രസീത് മടങ്ങി വന്ന പെൻഷനുകളുടെ വിവരം പിൻവലിച്ച തുകയുടെ ചെലവ് വിശദാംശം എന്നിവയുടെ അഭാവത്തിൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേട് സംശയിക്കുന്നു

**5.അവിവാഹിതപെൻഷൻ**

4 ബില്ലുകളിൽ 84973 / രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചു.വിശദാംശം

| ക്രമനമ്പർ | ബിൽനം/തീയതി | തുക |
|---|---|---|

260

| | | | |
|---|---|---|---|
| 1 | 266/07-08/23.07.07 | 23100 |
| 2 | 334/07-08/23.08.07 | 17250 |
| 3. | 638/07 08/16.01.08 | 27744 |
| 4 | 886/07-08/19.03.08 | 16779 |
| ആകെ | | 84873 |

2/07മുതൽ 03/08 വരെ പെൻഷൻ നൽകുന്നതിനാണ് തുക പിൻവലിച്ചത്.ക്രമനമ്പർ 1,2 ബില്ലുകൾക്ക് പെൻഷൻ പട്ടിക മണിഓർഡർ രസീത് എന്നിവയുണ്ട്.എന്നാൽ മണിഓർഡർ കൈപ്പറ്റ് രസീത് ഇല്ല.ക്രമനമ്പർ 3,4 ബില്ലുകൾക്ക് മണിഓർഡർ രസീത് ,മണിഓർഡർ കൈപ്പറ്റ് രസീത് എന്നിവയില്ല. മേൽ പരാമർശിച്ച ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ വിവിധ പെൻഷൻ വിതരണത്തിലെ ആകെ ചെലവ് തുക 4045551/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2011–12 വർഷത്തെ സമാഹൃത റിപ്പോർട്ടിൻമേൽ ആലപ്പുഴ ജില്ലയിലെ
ഗ്രാമ പഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര പത്രിക

| ക്രമ നം | ആഡിറ്റ് ഖണ്ഡിക നം. | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശ വിഷയത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 4.11 | പദ്ധതി പണത്തിന്റെ ദുരുപയോഗം– പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് യാഥാർത്ഥ്യമായില്ല<br>എഴുപുന്ന ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് വർഷം 2008–09<br>ഖണ്ഡിക : 3(8)<br>** പേപ്പർ നിർമ്മാണ യൂണിറ്റിന് അടങ്കൽ 200000/– ലക്ഷം രൂപ<br>** പദ്ധതിയ്ക്ക് ചെലവഴിച്ചത് 42500/– മാത്രം<br>** പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br><br>ആലപ്പുഴ ജില്ലയിലെ എഴുപുന്ന ഗ്രാമപഞ്ചായത്തിൽ പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനായി 200000/– രൂപ അടങ്കലിൽ (വികസനഫണ്ട് 90000/–, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ പദ്ധതിയുടെ ഭാഗമായി 100000/– , ഗുണഭോക്തൃവിഹിതം 10000/– ) തയ്യാറാക്കുകയും പ്രജനിക വനിത സ്വയം സഹായ സംഘത്തിനായി 90000/– രൂപ ചെലവാക്കി | എഴുപുന്ന ഗ്രാമപഞ്ചായത്ത്<br><br>2008–09 ൽ വി.ഇ.ഒ.നിർവ്വഹണ ഉദ്യോഗസ്ഥനായി പേപ്പർ ബാഗ് നിർമ്മാണത്തിനുള്ള പ്രസ്തുത. പദ്ധതി നടപ്പാക്കുന്നതിലേയ്ക്ക് വനിത ഗ്രൂപ്പ് അംഗങ്ങൾക്ക് പരിശീലനം നൽകുകയും ആയതിന് 18000/– രൂപ ചെലവഴിക്കുകയും ചെയ്തിട്ടുള്ളതാണ്.<br>ബാക്കി സബ്സിഡി തുകയായ 72000/– രൂപ ടി ഗുണഭോക്തൃ സമിതിയുടെ എരമല്ലൂർ പട്ടികജാതി സഹകരണസംഘം എ 815, ലുള്ള അക്കൗണ്ട് നം. 73/08 ലെയ്ക്ക് പഞ്ചായത്ത് ടി നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന നൽകുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ഈ പേപ്പർ നിർമ്മാണ യൂണിറ്റ് പ്രവർത്തനം ആരംഭിക്കാൻ പരാജയപ്പെട്ടു. എന്നാൽ സാങ്കേതിക തടസ്സം മൂലമാണ് പദ്ധതി നടപ്പിലാക്കാൻ |

| തീയതി | പ്രധാന യോഗതീരുമാനങ്ങളുടെ വിവരം |
|---|---|
| 11.04.2009 | 30000/- രൂപ പിൻവലിച്ച ഷെഡ് കെട്ടുവാൻ തീരുമാനിച്ചു. മെഷീൻ വാങ്ങുന്നതിനായി 60000/- രൂപ കൂടി പിൻവലിക്കുവാൻ തീരുമാനിച്ചു. |
| 02.05.2009 | ഷെഡ് പണിയുവാൻ 26050/- രൂപ ചിലവായത് അംഗീകരിക്കുന്നില്ലായെന്നും വാങ്ങിയ മെഷീൻ ഉപയോഗിക്കേണ്ടതില്ലെന്നും പേപ്പർ ക്യാരി ബാഗ് നിർമ്മാണം നടത്തേണ്ടതില്ലെന്നും തീരുമാനിച്ചു. മെറ്റീരിയൽസ് വാങ്ങുവാൻ സെക്രട്ടറി ചുമതലപ്പെടുത്തിയിരുന്ന ഏൽപിച്ച തുക 20000/- രൂപ ഒരു അംഗത്തിന് പലിശയ്ക്ക് കൊടുത്തു. |
| 13.06.2009 | സംഘാംഗങ്ങൾ എടുത്ത തുക ജൂലായ് 30-നകം തിരിച്ചടച്ചാൽ തുടർന്ന് |

സാധിക്കാത്തത് എന്നാണ് പ്രജനിക വനിത സ്വയം സഹായസംഘം മറുപടി തന്നിട്ടുള്ളത്. തുടർന്ന് 12.04.2013 ലെ പഞ്ചായത്തു കമ്മറ്റിയിൽ മേൽ കാര്യങ്ങൾ ചർച്ച ചെയ്യുകയും പദ്ധതി നടപ്പിലാക്കാത്ത സാഹചര്യത്തിൽ 15 ദിവസത്തിനകം വാങ്ങിയ പണം പലിശസഹിതം തിരിച്ചടയ്ക്കാനായി നോട്ടീസ് നൽകുന്നതിനും നോട്ടീസ് മാനിക്കാത്ത പക്ഷം റവന്യൂ റിക്കവറി നിയമനടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തു സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. തുകയും പലിശയും വനിത സ്വയം സഹായസംഘം പ്രസിഡന്റും സെക്രട്ടറിയും തിരിച്ചടയ്ക്കാത്തതിനാൽ ബഹു. ജില്ലാ കളക്ടർ മുഖേന റവന്യൂ റിക്കവറി നടപടി സ്വീകരിക്കാൻ 24.05.2013 ന് അപേക്ഷിച്ചിട്ടുള്ളതും ആയത് തുടർ നടപടികൾക്കായി ചേർത്തല താലൂക്ക് ഓഫീസ് മുഖേന എഴുപുന്ന വില്ലേജ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. പ്രജനിക വനിത സ്വയം സഹായസംഘം അംഗങ്ങളിൽ നിന്നും തുക ഈടാക്കുന്നതിന് ബന്ധപ്പെട്ട കക്ഷികൾക്ക് വില്ലേജ് ആഫീസിൽ നിന്നും നോട്ടീസ് കൈമാറിയിട്ടുള്ളതും എന്നാൽ ടി സംഘത്തിന്റെ ശ്രീമതി. അജിതബാബു, പ്രസിഡന്റ് ശ്രീമതി. വിനിത മധു എന്നിവരുടെ പേരിൽ സ്ഥാവരജംഗമ വസ്തുക്കൾ ഇല്ലാത്തതിനാൽ തുക ഈടാക്കുന്ന സാധിച്ചിട്ടില്ല എന്ന് എഴുപുന്ന വില്ലേജ് ആഫീസർ അറിയിച്ച സാഹചര്യത്തിൽ ടി പദ്ധതി നടപ്പിലാക്കിയ വിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ.ബിജുകുമാറിൽ നിന്നും ഈടാക്കുന്നതിനായി ടിയാൻ നിലവിൽ തൈക്കാട്ടുശ്ശേരി ബി.ഡി.ഒ. ആയി ജോലി ചെയ്തുവരുന്നതിനാൽ തു

| | | | | | |
|---|---|---|---|---|---|
| | | | ബാക്കിയുള്ള തുക പിൻവലിയ്ക്കാമെന്നും തീരുമാനിച്ചു. | | ഈടാക്കുന്നതിന് പ്രൊജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, ആലപ്പുഴയ്ക്ക് 17.06.2019 ൽ കത്ത് നൽകിയിട്ടുള്ളതാണെന്ന് ബോധിപ്പിക്കുന്നു. |
| | | 31.07.2009 | 50000/- രൂപ പിൻവലിച്ച് സംഘാംഗങ്ങൾക്ക് പലിശയ്ക്ക് വിതരണം ചെയ്യാൻ തീരുമാനിച്ചു. കൂടാതെ 37000/- രൂപ കൂടിയെടുത്ത് തവണ വ്യവസ്ഥയിൽതുണി, കച്ചവടം, അരി, വിറക് കച്ചവടം എന്നിവ തുടങ്ങാമെന്നും തീരുമാനിച്ചു. | | |
| | | 10.10.2009 | അംഗങ്ങൾക്ക് നൽകിയ തുകയിൽശ്രീമതി. അജിത ഒഴികെ എല്ലാവരും തിരിച്ചടച്ചതിനാൽവീണ്ടും അക്കൗണ്ടിൽനിന്ന് 1 ലക്ഷം രൂപ പിൻവലിച്ച് സ്വയം തൊഴിൽചെയ്യുന്നതിനായി 1 വീതിച്ചെടുത്തു. ആയത് തിരിച്ചടയ്ക്കണമെന്ന് ചാർജ്ജ് ഓഫീസറുടെ ആവശ്യത്തിന് ഇത്രയും തുക ഒരുമിച്ചടയ്ക്കാൻ സാധ്യമല്ല എന്ന് അംഗങ്ങൾ അഭിപ്രായപ്പെ | | |

| | | | |
|---|---|---|---|
| | | ടുകയുണ്ടായി.<br>തുടർന്നുള്ള യോഗ തീരുമാനങ്ങളിൽനിന്ന് യൂണിറ്റ് തുടങ്ങുന്നതിനായി സംഘാംഗങ്ങൾ തമ്മിൽഅഭിപ്രായ ഐക്യം ഇ ല്ല എന്ന് വ്യക്തമാകുന്നു. സബ്സിഡി നൽകി രു വർഷത്തോളമായിട്ടും യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നുമാത്രമല്ല സബ്സിഡി തുക ദുരുപയോഗം ചെയ്തതായും ഓഡിറ്റ് വിലയിരുത്തുന്നു. ഈ പദ്ധതിക്കായി ചെലവഴിച്ച 72000/- രൂപ സംഘാംഗങ്ങളിൽ നിന്ന് പലിശ സഹിതം ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.<br>ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ശുപാർശ ചെയ്യുന്നതിനായി 14/5/2012-ൽ ആലപ്പുഴ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ എൽ.എഫ്.ജി.എ (4) 405/2012 നമ്പർ കത്തിന് വി.ഇ.ഒ നൽകിയ മറുപടിയിൽ പദ്ധതി ആരംഭിച്ചിട്ടില്ലായെന്നും സബ്സിഡി തുക തിരിച്ചടക്കാനുള്ള നിർദ്ദേശം നൽകിയത് പ്രകാരം സംഘാംഗങ്ങൾ തുക തിരിച്ചടക്കുകയും വീണ്ടും പിൻവലിക്കുകയും ചെയ്തതായിപറയുന്നു.<br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ-<br>ശ്രീ.ആർ.ബിജുകുമാർ- വി.ഇ.ഒ<br>ശ്രീപദ്മനാഭം, വരനാട് പി.ഒ, ചേർത്തല. | |
| 2 | 4.12 | പുലിയൂർ ഗ്രാമപഞ്ചായത്ത്<br>4.12 – വനിതാ തൊഴിൽ പരിശീലനപദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല<br>പുലിയൂർഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് വർഷം 2009 ആലപ്പുഴ ജില്ലാ ഖണ്ഡിക നം 3-13. | പുലിയൂർ ഗ്രാമപഞ്ചായത്തിൽ ഭക്ഷ്യ സംസ്കരണം, ബ്യൂട്ടീഷ്യൻ, പേപ്പർബാഗ്, ഫയൽപാഡ്, കവർ, മെഴുകുതിരി നിർമ്മാണം, സാരി ഡിസൈനിങ് എന്നീ യൂണിറ്റുകളുടെ പരിശീലനം പ്രത്യേക ഘടക പദ്ധതിയിലും, പേൾ ജ്യൂവൽ നിർമ്മാണ പരിശീലന യൂണിറ്റ് ജനറൽ മേഖലയിലും ഉൾപ്പെടുത്തിയാണ് |

◆ വികസന ഫണ്ടിൽ നിന്നും പിൻ വലിച്ചത് 2,18,050/- രൂപ
◆ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് മാനദണ്ഡമനുസരിച്ചല്ല
◆ പരിശീലനത്തെ തുടർന്ന് യൂണിറ്റുകൾ സ്ഥാപിക്കണമെന്ന് കരാർ ചമച്ചില്ല.

വനിതകൾക്ക് പരിശീലനം നൽകി തൊഴിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 2009-10 വർഷം 6 പദ്ധതികളിലായി വികസന ഫണ്ടിൽ നിന്നും 2,18,050/- രൂപ പിൻവലിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | മേഖല | പിൻവലിച്ച തുക | ഡി. ഡി. നം./തീയതി |
|---|---|---|---|---|---|
| 1 | എം 0075/2010 | ഭക്ഷ്യ സംസ്കരണം - പരിശീലനം നൽകി യൂണിറ്റ് സ്ഥാപിക്കൽ | SCP | 50,000/- | 488824/09.04.2010 (ബിൽ 777/2009-2010, 24-03-2010) |

ചെയ്തത്. പുലിയൂർ ഗ്രാമപഞ്ചായത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വനിതകളുടെ ജീവിത നിലവാരം ഉയർത്തുന്നതിനു വേണ്ടിയാണ് പട്ടികജാതി മേഖലയിൽ അഞ്ച് പ്രോജക്ടുകൾ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും അംഗീകാരം നേടിയത്.

പഞ്ചായത്തിൽ നിന്നും പ്രത്യേക ഘടക പദ്ധതി ഫണ്ട് ഉപയോഗിച്ചാണ് നിർവ്വഹണം നടത്തിയത്. അർഹതയുള്ള പട്ടികജാതി ഗുണഭോക്താക്കൾക്ക് തന്നെയാണ് ആനുകൂല്യം ലഭിച്ചതെന്ന് പഞ്ചായത്ത് കമ്മറ്റിക്ക് ഉത്തമബോദ്ധ്യമുള്ളതാകുന്നു. ആയതിനാൽ ബഹു.ലോക്കൽഫണ്ട് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 11/04/2013 ലെ IV(60) നമ്പർ തീരുമാന പ്രകാരം ബഹു.ലോക്കൽ ഫണ്ട് ഡയറക്ടറോട് അഭ്യർത്ഥിക്കുവാൻ യോഗം തീരുമാനിച്ചിട്ടുള്ളതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | 2 | എസ് 0076/10 | മെഴുകുതിരി നിർമ്മാണം പരിശീലനം നല്കി യൂണിറ്റ് സ്ഥാപിക്കൽ | SC P | 50,00 0/- | 4668/09.04.2010 ബിൽ 777/2009-2010, 24-03-2010) | |
| | | 3 | എസ് 86/9-10 | ബ്യൂട്ടീഷൻ പരിശീലനം | SC P | 46,80 0/- | 466840/06.04.20 10 ബിൽ 780/2009-2010, 29-03-2010) | |
| | | 4 | എസ് 0074/10 | പേപ്പർ ബാഗ്, ഫയൽ പാഡ്, കവർ നിർമ്മാണം-പരി ശീലനം നല്കി യൂണിറ്റ് സ്ഥാപിക്കൽ | SC P | 30,00 0/- | 466838/09.04.20 10 ബിൽ 782/2009-2010, 29-03-2010) | |
| | | 5 | എസ് 31/10 | പേൾ ജ്യുവൽ നിർമ്മാണം-പരി ശീലനം നല്കി യൂണിറ്റ് സ്ഥാപിക്കൽ | Gen | 30,00 0/- | 466839/09.04.20 10 ബിൽ 784/2009-2010, 29-03-2010) | |

| | | | | | | |
|---|---|---|---|---|---|---|
| 6 | എസ് 87/9-10 | സാരി ഡിസൈനിംഗ് | SCP | 11,250/- | 466837/09.04.2010 ബിൽ 787/2009-2010, 29-03-2010) | |

**പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ**

1. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. കുടുംബശ്രീ യൂണിറ്റുകളിൽ നിന്നുമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ കുടുംബശ്രീ എ.ഡി.എസ്, സി.ഡി.എസുകൾക്ക് അധികാരമില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള പരമാധികാരം ഗ്രാമസഭക്കാണെന്ന നിയമം ലംഘിച്ചിരിക്കുകയാണ്.

1.മുൻ വർഷങ്ങളിൽ പ്രത്യേക ഘടക പദ്ധതിയിൽ അനുവദിച്ച ഫണ്ട് യഥാസമയം ചെലവഴിക്കാതെ നഷ്ടപ്പെട്ടതിനാലാണ് കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും തിരഞ്ഞെടുത്ത നിർധനരായ പട്ടികജാതി വനിതകൾക്ക് ആനുകൂല്യം നൽകിയത്. ആയത് 21.10.2014 ലെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്. പട്ടികജാതി ഫണ്ട് ലാപ്സാകാതിരിക്കുന്നതിനും നിർധനരായ പട്ടികജാതി വനിതകൾക്ക് ജീവനോപാധിയാകുമെന്ന വിശ്വാസത്തിലാണ് പ്രോജക്ട് നടപ്പാക്കിയത്. ആയത് പ്രകാരം 2015-16 വാർഷിക പദ്ധതി വ്യക്തിഗത

| | | | |
|---|---|---|---|
| | | 2. പരിശീലനം ലഭിച്ചവരെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ അടങ്ങിയ രേഖകൾ ലഭ്യമല്ല. ആറു പദ്ധതികളിലെ അഞ്ച് എണ്ണവും പ്രത്യേക ഘടകപദ്ധതിയാണ്. ഈ പദ്ധതിയിലെ ഗുണഭോക്താക്കൾ പട്ടികജാതിക്കാർ എന്നുള്ളതിന് തെളിവില്ല. | ഗുണഭോക്താക്കളെ അംഗീകരിക്കുന്നതിനുള്ള ഗ്രാമസഭായോഗത്തിൽ ടി ഗുണഭോക്താക്കളെ അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്.<br><br>2.മെഴുകുതിരി, പേപ്പർബാഗ്, ഫയൽപാഡ്, കവർ എന്നിവയുടെ നിർമ്മാണം, ഭക്ഷ്യസംസ്കരണം, ബ്യൂട്ടീഷൻ കോഴ്സ് എന്നിവക്കുള്ള പരിശീലനം നൽകിയ ഏജൻസിയായ ചെങ്ങന്നൂരിലുള്ള ഭാരത് സേവക് സമാജിന്റെ കോഴ്സ് സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. കൂടാതെ മെഴുകുതിരി നിർമ്മാണം, ഭക്ഷ്യ സംസ്കരണ പരിശീലനം എന്നീ പ്രോജക്ടുകളുടെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ പദ്ധതിയിലെ ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്നതിനുള്ള രേഖ വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. |
| | | 3.3/2010 ന് പൂർത്തിയായ പരിശീലനത്തിന്റെ രേഖകൾ 2/2011 ൽ ഓഡിറ്റ് നടക്കുമ്പോഴും ഹാജരാക്കിയിട്ടില്ല. യൂണിറ്റിന്റെ സ്ഥാപന / പ്രവർത്തന രേഖകൾ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. പരിശീലനാർത്ഥികളിൽ നിന്നും പരിശീലനാനന്തരം യൂണിറ്റ് സ്ഥാപിക്കുമെന്ന് കരാർ ചമച്ചിട്ടില്ല. | 3.പരിശീലനം നടത്തുന്നതിന് നിയോഗിക്കപ്പെട്ട ഏജൻസിയായ ചെങ്ങന്നൂരിലുള്ള ഭാരത് സേവക് സമാജിന്റെ സർട്ടിഫിക്കറ്റ് മെഴുകുതിരി, പേപ്പർബാഗ്, ഫയൽപാഡ്, കവർ എന്നിവയുടെ നിർമ്മാണം, ഭക്ഷ്യസംസ്കരണം, ബ്യൂട്ടീഷൻ പരിശീലനം എന്നിവയ്ക്ക് ലഭിച്ചിട്ടുണ്ട്. ആയത് ലോക്കൽ ഫണ്ട് ഓഡിറ്റിന് സമർപ്പിക്കുന്നതാണ്. |
| | | 4. പദ്ധതി പ്രകാരമുള്ള യൂണിറ്റുകൾ ഒന്നും തന്നെ നിലവിൽ പ്രവർത്തിക്കുന്നില്ലായെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. രേഖകൾ ഹാജരാക്കാത്തതിനുള്ള വിശദീകരണം അംഗീകരിക്കത്തക്കതല്ല. വികസന ഫണ്ടിൽനിന്നും 2,18,050/--രൂപ ചെലവഴിച്ചിട്ടും പദ്ധതികൾ ഒന്നും ലക്ഷ്യം കൈവരിച്ചിട്ടില്ല. ബണ്ഡിക സമാഹൃത റിപ്പോർട്ടിലേക്ക് ശുപാർശ ചെയ്യുന്നതായും നിലവിലെ സ്ഥിതി ലഭ്യമാക്കാനും 14.05.2012 ൽ ആലപ്പുഴ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.ജി.എ(4)405/12 നമ്പർ കത്ത് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകി. ഓഡിറ്റ് പ്രവർത്തനത്തിൽ മുഴുകിയിരുന്നതിനാലാണ് യൂണിറ്റ് കാണിക്കാനാകാതെ വന്നത് | 4.ഇപ്പോൾ കുടുംബശ്രീയുമായി കരാർ വച്ചിട്ടുള്ള, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നിർദ്ധനരായ പട്ടികജാതി വനിതകൾ, ബാങ്ക് ലോണിനെ ആശ്രയിച്ചാണ് യൂണിറ്റ് തുടങ്ങാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ ലോൺ യഥാസമയം ലഭിക്കാതിരുന്നതിനാലാണ് യൂണിറ്റ് തുടങ്ങുവാൻ |

| | | | |
|---|---|---|---|
| | | എന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. അതിനുശേഷമുള്ള ഓഡിറ്റ് പരിശോധനയിലും യൂണിറ്റുകളൊന്നും പ്രവർത്തിക്കാത്തതിന്റെ ഉത്തരവാദിയായ ഉദ്യോഗസ്ഥ ശ്രീമതി. പി. വത്സലകുമാരിയമ്മ, സെക്രട്ടറി, കാർത്തിക, പുഴിക്കാട്, കുടശ്ശനാട് പി. ഒ. പന്തളം, പത്തനംതിട്ട. | സാധിക്കാതെവന്നത്. പരിശീലനം ലഭിച്ചവർ സ്വന്തം നിലയിൽ യൂണിറ്റ് തുടങ്ങിയും മറ്റ് സ്ഥാപനങ്ങളിൽ പരിശീലനാനന്തരം ജോലി ചെയ്തും ഉപജീവനമാർഗ്ഗം നടത്തുന്നു.<br><br>അർഹതയുള്ള പട്ടികജാതി ഗുണഭോക്താക്കൾക്ക് തന്നെയാണ് ആനുകൂല്യം ലഭിച്ചതെന്ന് പഞ്ചായത്ത് കമ്മറ്റിക്ക് ഉത്തരബോദ്ധ്യമുള്ളതാകുന്നു. ആയതിനാൽ മറുപടി അംഗീകരിച്ച് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |

<u>കേരള സംസ്ഥാന ഓഡിറ്റ് 2013-14 സമാഹൃതറിപ്പോർട്ടിൻമേൽ ആലപ്പുഴ ജില്ലയിലെ</u>

<u>ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത നടപടി പരിഹാര പത്രിക</u>

| ക്രമ നമ്പർ | റിപ്പോർട്ട് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശവിഷയം | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1. | 3.3 | തുറവൂർ ഗ്രാമപഞ്ചായത്ത്-<br>വ്യാജ ബില്ലുകൾ തയ്യാറാക്കി വികസന ഫണ്ട് പിൻവലിച്ച് ധനാപഹരണം നടത്തി -<br>തുറവൂർ ഗ്രാമപഞ്ചായത്തിന്റെ കാർഷിക മേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറുടെ 2010-11, 2011-12 വർഷങ്ങളുടെ ഫയലുകളുടെ പരിശോധനയിലാണ് വികസന ഫണ്ടിൽ നിന്നുള്ള ധനാപഹരണം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടത്. വിവിധ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത രാസജൈവ വളങ്ങൾ നെൽവിത്ത്, വിവിധയിനം തൈകൾ, വിത്തുകൾ എന്നിവ വാങ്ങാൻ എന്ന പേരിൽ വ്യാജ ബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ നിന്നും വൻ തുകകൾ പിൻവലിച്ചാണ് കൃഷി ഓഫീസർ ധനാപഹരണം നടത്തിയത്. | തുറവൂർ ഗ്രാമപഞ്ചായത്ത്<br>ക്രമക്കേടുകൾക്ക് ഉത്തരവാദിയായ കൃഷിഓഫീസർ ശ്രീ.കെ.പി.സുനിലിനെ സസ്പെൻഡ് ചെയ്തിട്ടുള്ളതാണ്. തുറവൂർ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 13/06/2013 തീയതിയിലെ 5(1)-ാം നമ്പർ തീരുമാന പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2010-11, 2011-12 വർഷം കൃഷി ഓഫീസറുടെ ക്രമക്കേടുകൾ സംബന്ധിച്ച് ഗവ.സെക്രട്ടറിയുടെ 13.12.2013 ലെ 28180/എബി1/13 [illegible] നമ്പർ കത്ത് പ്രകാരം നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ നിലവിൽ മേൽ വിഷയം സംബന്ധിച്ച് അന്വേഷണം പൂർത്തിയാക്കി ടിയാനെതിരെ ബഹു.എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) കോടതി കോട്ടയം മുമ്പാകെ കുറ്റപത്രം സമർപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ചു വരുന്നതാണെന്നുള്ള വിവരം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ 18/06/2018 ലെ VC-01/16/ALP നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിച്ചു കൊള്ളുന്നു. |

| | | | |
|---|---|---|---|
| 2. | 3.4 | മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് അദ്ധ്യായം – 3, ഖ.3.4<br>രസീത് ബുക്ക് മോഷ്ടിച്ച് പണാപഹരണം നടത്തി ജീവനക്കാരനെ സസ്പെന്റ് ചെയ്തു<br>മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2009-2010 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായി നടത്തിയ രസീത് പരിശോധന സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കൃഷി ഓഫീസർക്ക് നൽകി യിരുന്ന 57552-ാം നമ്പർ രസീത് ബുക്ക് നഷ്ടപ്പെ ട്ടതായി കണ്ടെത്തി ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.2 പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.<br>ഇതെ തുടർന്ന് പഞ്ചായത്ത് അധികൃതർ നടത്തിയ അന്വേഷണത്തിൽ പഞ്ചായത്തിലെ എൽ.ഡി.ക്ലർക്കായ ശ്രീ.കെ.എസ്.റജി രസീത് ബുക്ക് ഉപയോഗിച്ച് 135200/- തിരിമറി നടത്തിയതായി ബോധ്യപ്പെടുകയും 09/10/2012 ലെ പഞ്ചായത്ത് പ്രസിഡന്റിന്റെ സി2-7803/202 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത ജീവനക്കാരനെ സർവ്വീസിൽ നിന്ന് സസ്പെന്റ്ചെയ്യുകയും ചെയ്തു. തുടർന്ന് കെ.എസ്.റജി 06/11/2012 1120210512-ാം നമ്പർ രസീത് പ്രകാരം 135200 രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി. ജീവനക്കാരനെതിരെ ക്രിമിനൽ നടപടി സ്വീകരിക്കുവാൻ 15/11/2012 തീയതി പഞ്ചായത്ത് അധികൃതർ മണ്ണഞ്ചേരി പോലീസ് സ്റ്റേഷനിൽ പരാതി നൽകി. | മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്-<br>ശ്രീ.കെ.എസ്.റെജി മുൻക്ലർക്ക് 57552-ാം നമ്പർ രസീത് ബുക്ക് ഉപയോഗിച്ച് 135200/- രൂപ തിരിമറി നടത്തിയതായി ബോധ്യപ്പെടുകയും ആയത് പ്രകാരം 09/10/2012 തീയതി പഞ്ചായത്ത് പ്രസിഡന്റിന്റെ സി2/7803/2012 -ാം നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത ജീവനക്കാരനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു. 2010-2011, 2011-2012 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.4 പ്രകാരം ക്രമ നമ്പർ 1 മുതൽ 7 വരെ രേഖ പ്പെടുത്തിയിട്ടുള്ള കെട്ടിട നികുതി, ലൈസൻസ് ഉൾപ്പെടെയുള്ള തുകയായ 135200/- രൂപ 06/11/2012 ലെ സാംഖ്യ രസീത് നമ്പർ 11202101512 പ്രകാരം 135200 രൂപ തിരികെ വന്നിട്ടുണ്ട്. തുടർന്ന് ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും ബോധിപ്പിക്കുന്നു. |

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | റിപ്പോർട്ട് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശവിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1. | 2016-17 | 7<br>കുടിവെള്ളം<br>തഴക്കര ഗ്രാമപഞ്ചായത്ത് (2015-16 ഖ.3.1) | തഴക്കര ഗ്രാമപഞ്ചായത്ത്<br><br>തുക വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചു. ജലസ്രോതസുകളുടെ ദൗർലഭ്യം കാരണം പദ്ധതി നടപ്പായില്ല. പുതിയ പദ്ധതി കണ്ടെത്തിയില്ല | തഴക്കര ഗ്രാമപഞ്ചായത്ത്- തഴക്കര ഗ്രാമപഞ്ചായത്തിൽ 2010-11 വർഷം രൂപീകരിച്ച പാറക്കൽ കോളനി കുടിവെള്ള പദ്ധതിക്കായി (വാർഡ്-2) 1344000/- രൂപയും വല്യവീട്ടിൽ ജംഗ്ഷൻ കുടിവെള്ള പദ്ധതിയ്ക്കായി (വാർഡ്-18) 1170000/- രൂപയും വാർഡ് 11 ലെ ചെറുമലകോളനി കുടിവെള്ള പദ്ധതിക്കായി 1175000/- രൂപയും 2009-10 സാമ്പത്തിക വർഷത്തിലെ സുവർണ്ണജല കുടിവെള്ള പദ്ധതിക്കായി 20 ലക്ഷം രൂപയും (ആകെ എസ്.സി.പി ഫണ്ടായ 5689000/- രൂപ) കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നു. ഈ പദ്ധതികൾ കേരള വാട്ടർ അതോറിറ്റി ടെണ്ടർ ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ആരും തന്നെ ടെണ്ടറിൽ പങ്കെടുക്കാത്തതിനാൽ പദ്ധതി നീണ്ടു പോയി. ഈ സാഹചര്യത്തിൽ കേരള വാട്ടർ അതോറിറ്റി അധികാരികളുമായി കുടിവെള്ള പ്രശ്നം പഞ്ചായത്ത് വീണ്ടും ചർച്ച നടത്തുകയും, പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം ഏറ്റവും കൂടുതൽ രൂക്ഷമായിട്ടുള്ള 10-ാം വാർഡിലെ കന്നിമേൽ കോളനി പ്രദേശമാണെന്ന് കേരള വാട്ടർ അതോറിറ്റി അധികാരികളെ ബോധ്യപ്പെടുത്തി പഞ്ചായത്ത് കമ്മറ്റി തീരുമാനിക്കുകയും ആയതിലേക്ക് മേൽ തുകയാകെ ഉപയോഗപ്പെടുത്തി ([illegible]/-രൂപ) എസ്റ്റിമേറ്റ് തയ്യാറാക്കി 'കന്നിമേൽ കോളനി |

| | | | | |
|---|---|---|---|---|
| | | | | കുടിവെള്ള പദ്ധതി ടെണ്ടർ ചെയ്തു. ടെണ്ടർ ഘട്ടങ്ങളിൽ ആരും ടെണ്ടറിൽ പങ്കെടുത്തില്ല. കുടിവെള്ള പ്രശ്നം രൂക്ഷമായ പട്ടികജാതി കോളനിയായ കന്നിമേൽ കോളനിയിലെ നിവാസികൾ പഞ്ചായത്തിൽ പ്രത്യക്ഷസമരവുമായി എത്തി. കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിനുള്ള പദ്ധതി ആയിരിക്കണം എന്നതിന്റെ അടിസ്ഥാനത്തിൽ മേൽ പദ്ധതികളെ സംയോജിപ്പിച്ചുള്ള എസ്.സി.പി മേഖലയിൽ കന്നിമേൽ കോളനി കുടിവെള്ള പദ്ധതി എന്ന ഒറ്റ പദ്ധതിയായി ഏറ്റെടുത്ത് നടത്തുന്നതിന് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ഒരു കോടി രൂപയുടെ റഫ്കോസ്റ്റ് എസ്റ്റിമേറ്റ് ലഭ്യമായതിനെ തുടർന്ന് 4311800/- രൂപ കൂടി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിക്കുന്നതിന് 2010-11 സാമ്പത്തിക വർഷം കണ്ടെത്തി പദ്ധതി തയ്യാറാക്കിയിരുന്നു. ഗ്രാമപഞ്ചായത്ത് എസ്.സി.പി ഫണ്ട് വിഹിതമായി 1018500/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം 3300500/- കൂടി ചേർത്ത് മൊത്തം ഒരു കോടി രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നത്. ആ ഘട്ടത്തിൽ നൂറനാട് പഞ്ചായത്തിൽ പാറ്റൂർ കുടിവെള്ള പദ്ധതി പാറ്റൂർ കുടിവെള്ള പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ ലൈൻ ലിങ്ക് ചെയ്യുകയുണ്ടായി. ലിങ്ക് ചെയ്തിട്ടും പാറ്റൂർ കുടിവെള്ള പദ്ധതിയിൽ നിന്നും തഴക്കര ഗ്രാമപഞ്ചായത്തിലെ വെട്ടിയാർ വാർഡിന്റെ ഉയർന്ന പ്രദേശങ്ങളിലേക്ക് പ്രത്യേകിച്ച് കന്നിമേൽ കോളനിക്കും ചുറ്റുവട്ടത്തിനും ശുദ്ധജലം ലഭ്യമായില്ല.<br>ഈ സാഹചര്യത്തിൽ കന്നിമേൽ കോളനി കുടിവെള്ള പദ്ധതി ഉടൻ നടപ്പാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ ഡിസൈൻ വിഭാഗത്തെ വിശദമായി എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി ഡിസൈൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ (എറണാകുളം) നേതൃത്വത്തിൽ സ്ഥലപരിശോധന നടത്തി വെട്ടിയാർ പുലക്കടവ് പാലത്തിന് സമീപമുള്ള പഞ്ചായത്ത് വക അച്ചൻകോവിലാറിന്റെ ആറ്റുപുറമ്പോക്ക് സ്ഥലത്ത് വെള്ളം പമ്പ് ചെയ്യുന്നതിനാവശ്യമായ കിണറും ഫിൽറ്റർ പ്ലാന്റും മോട്ടോറും |

| | | | | |
|---|---|---|---|---|
| | | | | സ്ഥാപിക്കുന്നതിനും ഒരു കിലോമീറ്റർ അകലെയുള്ള പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശമായ കന്നിമല കോളനിയിലെ പഞ്ചായത്ത് വക സ്ഥലത്ത് വാട്ടർടാങ്കും സ്ഥാപിച്ച് ജലവിതരണം നടത്തുന്നതിനുള്ള എസ്റ്റിമേറ്റും സ്കെച്ചും തയ്യാറാക്കി, ഇതിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ഘട്ടത്തിലാണ്. അടിയന്തിരമായി ടി പദ്ധതിക്ക് ആവശ്യമായ ടെക്നിക്കൽ സാങ്ഷൻ വാങ്ങി ടെണ്ടർ നടപടി സ്വീകരിച്ച് പദ്ധതി അതിവേഗം നടപ്പാക്കുമെന്നാണ് കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയർ പഞ്ചായത്ത് അധികൃതരുമായുള്ള ചർച്ചയിൽ ഉറപ്പ് തന്നിട്ടുള്ളതാണെന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു |

**M.S. BIJUKUTTAN**
Additional Secretary to Govt &
State Performance Audit Officer
Local Self Government Dept.
Govt.Secretariat,Thiruvananthapuram
PEN:181290

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2007 –08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള നടപടി വിശദീകരണ പത്രിക

| ക്രമ നം | ഖണ്ഡിക നം. | ഓഡിറ്റ് പരാമർശം | നടപടി വിശദീകരണ പത്രിക |
|---|---|---|---|
| 1 | 3.21.1 | മുൻകൂർ കൈപ്പറ്റിയിട്ട് പണി പൂർത്തീകരിച്ചില്ല<br>ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തിയ്ക്ക് മുൻകൂർ നൽകിയതു വഴിയും നഗരസഭകളിൽ വിവിധ വിഭാഗം ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി അവർ ആവശ്യപ്പെടുന്ന പ്രകാരവും മുൻകൂറുകൾ നൽകാറുണ്ട്. എന്നാൽ ടി തുകകൾ ഒന്നും തന്നെ ബന്ധപ്പെട്ട വൗച്ചറുകൾ സഹിതം ക്രമീകരിക്കുകയോ തുകകൾ ബാക്കിയുണ്ടെങ്കിൽ തിരിച്ചടയ്ക്കുകയോ ചെയ്യുന്നില്ല. അതിനാൽ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും നല്ലൊതു തുക ജീവനക്കാരുടെ കൈവശം നിൽക്കുന്നുണ്ട്.<br><br>*ഓ.റി. വർഷം – 2000–01.ഖ.1.2.1 – 1,01,750/–* | **മാവേലിക്കര നഗരസഭ**<br><br>നഗരസഭയിൽ നിന്ന് 1968–69 മുതൽ 2001–02 വരെയുള്ള കാലയളവിൽ ക്രമീകരിക്കാനുണ്ടായിരുന്ന 435136/–രൂപയിൽ നിലവിൽ സർവ്വീസിലുള്ള ജീവനക്കാരിൽ നിന്നും 92530/–രൂപ ഈടാക്കി മുൻകൂർ ക്രമീകരിച്ചിട്ടുണ്ട്. കാലപ്പഴക്കമുള്ള മുൻകൂറുകളുടെ കാര്യത്തിൽ ജീവനക്കാർ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ ടി തുക ഈടാക്കാൻ കഴിഞ്ഞിട്ടില്ല. നിലവിലെ ജീവനക്കാർക്ക് എൻ.എൽ.സി നൽകുമ്പോൾ മുൻകൂർ ക്രമീകരിച്ചിട്ടില്ലായെങ്കിൽ എൻ.എൽ.സി അനുവദിക്കാറില്ല എന്ന വിവരം അറിയിക്കുന്നു. ആയതിനാൽ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ നിന്നും ടി പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു<br><br>**ചേർത്തല നഗരസഭ**<br><br>(1 ) നിലവിൽ 1100/– രൂപയാണ് ക്രമീകരിക്കുവാനുള്ളത്. സ്കൂട്ടർ അഡ്വാൻസ് ഇനത്തിൽ ശ്രീ.ജയിംസ്.പി.തോമസിന് നൽകിയിട്ടുള്ള തുക (30,000/–) പ്രതിമാസ ഗഡുക്കളായി ശമ്പളത്തിൽ നിന്നും റിക്കവറി നടത്തിയിട്ടുള്ളതും, ശമ്പളബിൽ പരിശോധിച്ചതിൽ നിന്നും ആയത് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.ശ്രീ.വി.കെ.സാനുവിന്റെ പേരിലുള്ള 2650/– രൂപ ടിയാന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും ഈടാക്കിയിട്ടുള്ളതാണ്. അപ്രകാരം ആകെ 32650/–രൂപ |

| | | | |
|---|---|---|---|
| | | ഓ.റി. വർഷം – 2001-02.ഖ.1.2.1 – 1,39,075/- | അവസാനമായി ക്രമീകരിച്ചിട്ടുള്ളതും 1100 /- ക്രമീകരിക്കുന്നതിന് മറ്റ് ജീവനക്കാർക്ക് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്<br><br>(2) നിലവിൽ 74750/- രൂപയാണ് ക്രമീകരിക്കുവാനുള്ളത്. ഇതിൽ സ്കൂട്ടർ അഡ്വാൻസ്, സൈക്കിൾ അഡ്വാൻസ് ഇനത്തിൽ നൽകിയിട്ടുള്ള തുക(64500/-) പ്രതിമാസ ഗഡുക്കളായി ശമ്പളത്തിൽ നിന്നും റിക്കവറി നടത്തുകയാണ് ചെയ്യുന്നത്. അപ്രകാരം ശ്രീ.പ്രമോദ്(1500/-), ശ്രീ.മാത്യു(1500/-), ശ്രീ.ഉത്തമൻ(1500/-); ശ്രീ.കെ.ജി.രവീന്ദ്രൻ(30000/-) എന്നിവരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും അഡ്വാൻസ് റിക്കവറി നടത്തിയിട്ടുള്ളതായി ശമ്പളബിൽ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതും ശ്രീ.കെ.ഡി.ദിലീപ്കുമാറിന്റെ പേരിലുള്ള 18500/- രൂപ ടിയാളുടെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും ഈടാക്കിയിട്ടുള്ളതുമാണ്. ആകെ 53000/- രൂപ . ആയതിന്റെ അടിസ്ഥാനത്തിൽ മുൻപ് ക്രമീകരിക്കാനുണ്ടായിരുന്ന 127750/- രൂപ 74750/- രൂപയായി കുറവ് ചെയ്യേണ്ടതാണ്. മറ്റ് ജീവനക്കാർക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണ്. |
| | | ഓ.റി. വർഷം – 2002-03.ഖ.1.2.4 – 79,726/- | (3) നിലവിൽ 17500/- രൂപയാണ് ക്രമീകരിക്കുവാനുള്ളത്. ശ്രീ.പി.രാമകൃഷ്ണൻനായരുടെ പേരിലുള്ള തുക ടിയാളുടെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും റിക്കവറി നടത്തുന്നതിന് 16.12.2014 ൽ ശുപാർശ ചെയ്തിരുന്നതും നടപടി സ്വീകരിക്കാതിരുന്നതിനെ തുടർന്ന് 07.06.2019 ൽ വീണ്ടും കത്ത് നൽകിയിട്ടുള്ളതുമാണ്.<br><br>മറ്റ് ജീവനക്കാർക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | ഒന്നാംഘട്ട നിർവ്വഹണച്ചുമതല ഐ.കെ.എം-നെ ഏല്പിക്കുകയും യാതൊരു എഗ്രിമെന്റും വെയ്ക്കാതെ 1,34,245/- രൂപ മുൻകൂർ നൽകുകയും ചെയ്തു. രണ്ടാംഘട്ട പ്രവർത്തനത്തിന് ഐ.കെ.എം പ്രോജക്ട് പ്രൊപ്പോസലോ എസ്റ്റിമേറ്റോ നൽകാതെ 2006-2007 പ്ലാൻഫണ്ടിൽ നിന്നും പത്തുലക്ഷം രൂപ മുൻകൂറായി നൽകി. ആയതിനും കരാർ വെച്ചിട്ടില്ല. 2003-ൽ പൂർത്തീകരിക്കേണ്ട ഈ പദ്ധതി ഇപ്പോഴും ശൈശവാവസ്ഥയിൽ തുടരുകയാണ്. എം.ജി.പി ഫണ്ടിൽ നിന്നും അനുവദിച്ചുകിട്ടിയ തുകയിൽ 99,940/-രൂപ സർക്കാർ അനുമതിയില്ലാതെ 3 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുവാൻ എച്ച്.സി.എൽ ഇൻഫോസിസ്റ്റം, പൊണ്ടിച്ചേരി എന്ന സ്ഥാപനത്തിന് 10/5/2006-ൽ നൽകി. കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് 20,46,436/- രൂപ ചെലവാക്കിയിട്ടുണ്ടെങ്കിലും പദ്ധതിയുടെ ഭൗതിക ലക്ഷ്യം സാക്ഷാത്ക്കരിക്കപ്പെട്ടിട്ടില്ല. | രൂപയുടെയും രണ്ടാംഘട്ടത്തിൽ നൽകിയിട്ടുള്ള 10 ലക്ഷം രൂപയുടെയും വിനിയോഗസാക്ഷ്യപത്രം ഐ.കെ.എം ഹാജരാക്കിയിട്ടുണ്ട്.<br><br>കമ്പ്യൂട്ടർവൽക്കരണം നടത്തിയതിന്റെ ഫലമായി നഗരസഭയിൽ ഐ.കെ.എം വികസിപ്പിച്ചെടുത്ത സുലേഖ, സേവന, സഞ്ചിത, സൂചിക, സഞ്ചയ, സാംഖ്യ, സ്ഥാപന , സംവേദിത, സചിത്ര, സേവന പെൻഷൻ എന്നീ സോഫ്റ്റ് വെയറുകൾ നഗരസഭയിൽ വിന്യസിപ്പിച്ചിട്ടുള്ളതും ആയത് തൃപ്തികരമാംവിധം ഉപയോഗിച്ചു വരുന്നതുമാണ്. |
| 3 | 4.4 | 4.4.1-മൈത്രി ഭവന പദ്ധതി - ഭവന നിർമ്മാണ ബോർഡിൽ തുക അച്ചേ.<br><br>1998-99-ൽ നടപ്പാക്കിയ മൈത്രിഭവന നിർമ്മാണ പദ്ധതിയുടെ തുടർച്ചയായി 1999-2000 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി എൻ.എസ്.ഡി.പി.വിഹിതവും 4000/-രൂപ നഗരസഭാവിഹിതവും 3500/-രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെ 12,500/-രൂപയാണ് ഒരു വീടിനായി ഭവന നിർമ്മാണ ബോർഡിൽ അടയ്ക്കേണ്ടിയിരുന്നത് എന്നാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനു | ചേർത്തല നഗരസഭ<br><br>സർക്കാർ പദ്ധതിയായ മൈത്രി ഭവന പദ്ധതി പ്രകാരം (ജനകീയാസൂത്രണം 1999-2000 വാർഷിക പദ്ധതി) വർഷം 84 വീടുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതിയാണ് തയ്യാറാക്കിയിരുന്നത്. 31.01.2000 ലെ കൗൺസിൽ തീരുമാന പ്രകാരം അംഗീകാരം നൽകിയ ജനറൽ വിഭാഗത്തിനു വേണ്ടിയുള്ള പദ്ധതിയായിരുന്നു ഇത്. യു.പി.എ വഴി നടപ്പാക്കിയ ടി പദ്ധതിയിൽ 5000/- രൂപ എൻ. എസ്. ഡി. പി. വിഹിതവും 5000/- രൂപ ഗുണഭോക്തൃ വിഹിതവും 2500/- രൂപ പദ്ധതി വിഹിതവും ഉൾപ്പെടെ 12500/- രൂപയാണ് ഒരു വീടിനായി ഭവന |

| | | | |
|---|---|---|---|
| | | മുമ്പുതന്നെ 84 പേരുടെ പദ്ധതിവിഹിതമായ 2500/-രൂപ വീതം 2,10,000/-രൂപയും എൻ.എസ്.ഡി.പി. വിഹിതം 4,20,000/-രൂപയും ഉൾപ്പെടെ 6,30,000/-രൂപ ഭവന നിർമ്മാണ ബോർഡിൽ അടച്ചു. ഫയലിലെ തുടർന്നുള്ള രേഖപ്പെടുത്തലുകൾ പ്രകാരം നഗരസഭയ്ക്ക് 49 ഗുണഭോക്താക്കളുടെ അപേക്ഷകൾ മാത്രമേ ഭവന നിർമ്മാണ ബോർഡിൽ അടയ്ക്കാൻ കഴിഞ്ഞുള്ളുവെന്നും 6 ഗുണഭോക്താക്കളുടെ 5000/- രൂപ വീതമുള്ള ഗുണഭോക്തൃ വിഹിതം 30,000/-രൂപ ഹൗസിംഗ് ബോർഡിൽ അടച്ചതായും വ്യക്തമാകുന്നു. എന്നാൽ ടി ഗുണഭോക്തൃ വിഹിതം നഗരസഭാ ഫണ്ടിലോ എൻ.എസ്.ഡി.പി.ഫണ്ടിലോ വരവ് വന്നതായി തെളിവില്ല. മേൽ പ്രകാരം 6,60,000/-രൂപ ഭവന നിർമ്മാണ ബോർഡിൽ അടച്ചെങ്കിലും വീട് നിർമ്മാണം സംബന്ധിച്ച യാതൊരുരേഖയും ലഭ്യമല്ല. ദരിദ്ര ജനവിഭാഗങ്ങളുടെ പാർപ്പിട സൗകര്യം മെച്ചപ്പെടുത്തുന്നതിനു രൂപീകരിക്കപ്പെടുന്ന പദ്ധതികൾ ഫലപ്രദമായി പൂർത്തീകരിക്കപ്പെടുന്നില്ല | നിർമ്മാണ ബോർഡിൽ അടയ്ക്കേണ്ടിയിരുന്നത്. ആയതിന്റെ എൻ എസ്. ഡി. പി. വിഹിതം(84 x 5000) 42000/- രൂപ 30.05.2000 ലെ 56508 നമ്പർ ചെക്ക് പ്രകാരവും, പദ്ധതി വിഹിതം (84 x 2500) 210000/- രൂപ 31.08.2000 ലെ 95183 നമ്പർ ചക്ക് പ്രകാരവും ആകെ 630000/- രൂപ ഹൗസിംഗ് ബോർഡിലെയ്ക്ക് അടച്ചിരുന്നുവെങ്കിലും 54 പേരുടെ അപേക്ഷയെ ലഭിച്ചിരുന്നുള്ളൂ. അതായത് 30 പേരുടെ മുനിസിപ്പൽ വിഹിതം(30 x 5000+30 x 2500) 225000/- രൂപ കൂടുതലായി അടച്ചിട്ടുണ്ട്. 54 പേരുടെ അപേക്ഷകൾ ലഭിച്ചതിൽ 6 പേർ മാത്രമേ ഗുണഭോക്തൃ വിഹിതം ഒടുക്കിയിരുന്നുള്ളൂ. ടി 6 പേരുടെ ഗുണഭോക്തൃ വിഹിതം (6 x 5000=30000)08.11.2000 ലെ 265661 നമ്പർ ചെക്ക് പ്രകാരം ഹൗസിംഗ് ബോർഡിൽ അടച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിക്കാൻ പറ്റാത്ത സാഹചര്യത്തിൽ അടച്ച തുക തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് നിരവധി തവണ കത്തിടപാടുകളും ഭരണ തലത്തിലുള്ള ഇടപെടലുകളും നടത്തിയിട്ടുണ്ട്. ഏറ്റവും ഒടുവിലായി മൈത്രി സബ്സിഡി ഇനത്തിൽ ബോർഡിന് നൽകാനുള്ള തുക സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരികയാണെന്നും ഈ തുക അനുവദിക്കുമ്പോൾ അതിൽ നിന്നും ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുവാനുള്ള അന്വിറ്റി ഡപ്പോസിറ്റ് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണെന്നും സർക്കാരിൽ നിന്നും അറിയിച്ചിട്ടുള്ളതായി ഹൗസിംഗ് ബോർഡ് ഡെപ്യൂട്ടി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.<br><br>ടി പദ്ധതി പ്രകാരം ചേർത്തല നഗരസഭ ഭവന നിർമ്മാണ ബോർഡിലേയ്ക്ക് ഒടുക്കിയ തുകയിൽ വിനിയോഗിക്കാത്തതുള്ള തുക തിരികെ നൽകുന്നതിന് ഭവന നിർമ്മാണ ബോർഡിലേയ്ക്ക് 17.07.2018 തീയതി കത്ത് നൽകിയെങ്കിലും മറുപടി ലഭിച്ചിരുന്നില്ല. വീണ്ടും 18.07.2019 തീയതിയിൽ കത്ത് നൽകുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിരുന്നു. ടി വിഷയത്തിൻമേൽ സർക്കാർ ഉത്തരവ് അടിയന്തിരമായി നൽകണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതായും ആയത് ലഭിക്കുന്ന മുറയ്ക്ക് നഗരസഭയുടെ വിഷയത്തിൽ തീരുമാനം അറിയിക്കുന്നതാണെന്ന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് അഡീഷണൽ സെക്രട്ടറിയുടെ 22.08.2019 ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. |
| | 4.4.2 | ശമ്പളം നൽകുന്നതിന് കേന്ദ്രപദ്ധതിയായ യു.പി.എ. ഫണ്ടിൽ നിന്നും തുക വകമാറ്റി<br><br>നഗരസഭ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി 12/2001-ൽ 3 ലക്ഷം രൂപ യു.പി.എ. അക്കൗണ്ടിൽ നിന്നും നഗരസഭാ അക്കൗണ്ടിലേയ്ക്ക് വകമാറ്റി എന്നാൽ തുക തിരികെ യു.പി.എ.അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും കേന്ദ്രാവിഷ്കൃതവുമായ പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നതിനുമായി നൽകുന്ന ഫണ്ടുകൾ നഗരസഭയുടെ ദൈനംദിന ചെലവുകൾക്കായി വിനിയോഗിക്കുന്നത് ടി തുകയുടെ വിനിയോഗം സംബന്ധിച്ച നിയമലംഘനമാണ് | <u>ചേർത്തല നഗരസഭ</u><br><br>യു.പി.എ വിഭാഗത്തിലെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ 01.12.2001 ൽ 2 ലക്ഷം രൂപയും 31.12.2001 ൽ 1 ലക്ഷം രൂപയും യു.പി.എ ഫണ്ടിൽ നിന്നും മുനിസിപ്പൽ ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുള്ളതായും നഗരസഭയിലെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ 08.01.2002 ൽ 1 ലക്ഷം രൂപയും 12.04.2002 ൽ 4 ലക്ഷം രൂപയും തിരികെ യു. പി.എ ഫണ്ടിലേയ്ക്ക് തിരികെ നൽകിയിട്ടുള്ളതായും കാണുന്നു. ആയതിനാൽ ടി ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന 3 ലക്ഷം രൂപ ഉൾപ്പെടെയുള്ള തുക തിരികെ യു.പി.എ ഫണ്ടിൽ ഒടുക്കിയിട്ടുള്ളതാണ്.<br><br>മുൻകാലങ്ങളിൽ യു.പി.എ ഫണ്ടിൽ നിന്നും നഗരസഭാ അക്കൗണ്ടിലേയ്ക്ക് വക മാറ്റിയിട്ടുള്ള തുക പൂർണ്ണമായും തിരികെ നൽകിയിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധി മൂലമാണ് ടി തുക തിരികെ നൽകുന്നതിന് സാധിക്കാതെ വന്നിട്ടുള്ളത്. ശമ്പളവും പെൻഷനും പോലും ഏറെ വൈകിയാണ് നൽകിയിരുന്നത്. ഇപ്രകാരമുള്ള വക മാറ്റൽ മേലിൽ ആവർത്തിക്കുന്നതല്ല. |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2009 –10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള നടപടി വിശദീകരണ പത്രിക

| ക്രമ നം | ഖണ്ഡിക നം. | ഓഡിറ്റ് പരാമർശം | നടപടി വിശദീകരണ പത്രിക |
|---|---|---|---|
| 1 | 3.8.1 | **കുടുംബശ്രീ യൂണിറ്റുകൾക്ക് വികസന ഫണ്ടിൽ നിന്നും നൽകിയ തുക വിനിയോഗിച്ച് തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചില്ല : –**<br><br>ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വനിതകൾക്ക് മുഴുവൻ സമയ തൊഴിൽ ലഭ്യമാക്കുന്ന തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ദാരിദ്ര്യ നിർമ്മാർജ്ജനം യാഥാർത്ഥ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച പദ്ധതിയാണിത്. ജനറൽ വിഭാഗത്തിൽപ്പെട്ട 3 ഗ്രൂപ്പുകൾക്ക് പദ്ധതി വിഹിതം 3 ലക്ഷം രൂപയും ബാങ്ക് വായ്പ 3 ലക്ഷം രൂപയും നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം 30000/– രൂപയും ഉൾപ്പടെ ആകെ 6.30 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു ഗ്രൂപ്പിന് പദ്ധതി വിഹിതം ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം എന്നീ ഇനങ്ങളിൽ യഥാക്രമം 1.11 ലക്ഷം രൂപയും 1 ലക്ഷം രൂപയും 10000/– രൂപയും ഉൾപ്പടെ ആകെ 2.21 ലക്ഷം രൂപയുമാണ് അടങ്കൽ. ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിൽ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമുള്ള കുടുംബശ്രീ മിഷന്റെ പങ്കാളിത്തം ഉണ്ടായിട്ടില്ല.<br><br>നാളികേര സംഭരണ യൂണിറ്റ്, നോട്ട് ബുക്ക് | ഹരിപ്പാട് നഗരസഭ<br><br>വനിതാ വികസന പരിപാടിയിൽ ഉൾപ്പെടുത്തി കുടുംബശ്രീ ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ വിഭാവനം ചെയ്തിട്ടുള്ള പദ്ധതി യഥാസമയം യൂണിറ്റുകൾ ആരംഭിക്കാത്തതിനാൽ ബന്ധപ്പെട്ട കുടുംബശ്രീ യൂണിറ്റുകൾ കൈപ്പറ്റിയിട്ടുള്ള തുക പലിശ സഹിതം തിരികെ ഒടുക്കിയിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. ആയത് ഓഡിറ്റ് വകുപ്പ് നടത്തിയിട്ടുള്ള അദാലത്തിൽ അറിയിച്ചിട്ടുള്ളതാണ്. തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ സാംഖ്യയിൽ നിന്ന് ശേഖരിച്ചത് ഇതോടൊപ്പം അനുബന്ധം (2) ആയി ചേർക്കുന്നു. |

നിർമ്മാണ യൂണിറ്റ് (ജനറൽ), നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റ് (പട്ടികജാതി) പേപ്പർ ബാഗ് / പേപ്പർ പ്ലേറ്റ് നിർമ്മാണ യൂണിറ്റ് എന്നിങ്ങനെ 4 യൂണിറ്റുകൾ രൂപീകരിച്ചു. ഓരോ ഗ്രൂപ്പിനും 1 ലക്ഷം രൂപ വിഹിതം ആകെ ലക്ഷം രൂപ പദ്ധതി വിഹിതത്തിൽ നിന്നും നൽകി. ബാങ്ക് വായ്പയുടെ സഹായത്തോടെ നടത്തുന്ന ഈ പദ്ധതിയുടെ പദ്ധതി വിഹിതം ബാങ്കിനാണ് നൽകേണ്ടതെങ്കിലും തുക യൂണിറ്റുകൾക്ക് നേരിട്ട് നൽകി. യൂണിറ്റുകളുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിനും തുക ബാങ്കിൽ നിക്ഷേപിച്ചതിനും യാതൊരു രേഖകളുമില്ല. യൂണിറ്റ് ആരംഭിക്കുന്നതിന് ആവശ്യമായ ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം എന്നിവ ഉറപ്പാക്കാതെയാണ് പദ്ധതി വിഹിതം യൂണിറ്റുകൾക്ക് കൈമാറിയത്. യൂണിറ്റുകൾ ആരംഭിക്കുന്നതിനായി യന്ത്രോപകരണങ്ങളോ, സാധനസാമഗ്രികളോ വാങ്ങിയിട്ടില്ല. യൂണിറ്റുകളിലെ അംഗങ്ങൾക്ക് പരിശീലനത്തിനായി തുക വകയിരുത്തിയിരുന്നെങ്കിലും ഇപ്രകാരം പരിശീലനം നടത്തിയതിന് യാതൊരു രേഖകളുമില്ല. പഞ്ചായത്ത് പ്രദേശത്ത് ആരംഭിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്നും ഡി ആന്റ് ഒ ലൈസൻസ് എടുക്കേണ്ടതാണെങ്കിലും ഇപ്രകാരം ലൈസൻസ് നൽകിയിട്ടില്ലാത്തത് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചില്ല എന്നതിന് വ്യക്തമായ തെളിവാണ്. ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ഈ പദ്ധതിയ്ക്കായി 400000/- രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചെങ്കിലും യാതൊരു ഫലപ്രാപ്തിയുമില്ലാതെ പാഴ് ചെലവായി അവശേഷിക്കുന്നു.

യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ തുകകൾ ഗ്രൂപ്പുകളുടെ അക്കൗണ്ടുകളിൽ പിൻവലിക്കാതെ

| | | | |
|---|---|---|---|
| | | അവശേഷിക്കുന്നുണ്ട് എന്നാണ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. പാഴ് ചെലവായി പോയ പദ്ധതിപണം പലിശസഹിതം ബന്ധപ്പെട്ട യൂണിറ്റുകളിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | |
| 2 | 3.8.21 | 3.8.21(i) ഫണ്ട് ലഭിച്ചിട്ടും വികസന പദ്ധതികൾ നടപ്പിലാക്കിയില്ല.<br>(ഓഡിറ്റ് റിപ്പോർട്ട് വർഷം 2006–07 ഖണ്ഡിക നം. 3–29, 3–31) കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്ന് ഫണ്ട് ലഭിച്ചിട്ടും വികസന പദ്ധതികൾ നഗരസഭ നടപ്പിലാക്കിയില്ല.<br>ചെറു–ഇടത്തരം നഗരങ്ങളുടെ സംയോജിത വികസന പരിപാടി (IDSMT) ദേശീയ ചേരി വികസന പരിപാടി ( NSDP) എന്നിവയിൽ അംഗീകരിച്ച പദ്ധതികളാണ് മുടങ്ങിയത്. ഇതിൽ ചേരി വികസനത്തിന് ലഭിച്ച ഫണ്ടിൽ 70% വായ്പയാണ്. 13% പലിശയുൾപ്പടെ വായ്പ തിരിച്ചടക്കേണ്ടതാണ്. പദ്ധതികൾ നടപ്പാക്കാത്തത് തിരിച്ചടവ് പ്രതിസന്ധിയിലാക്കും. നഗരസഭയ്ക്ക് സാമ്പത്തിക ബാധ്യത ഇത് സൃഷ്ടിച്ചേക്കും.<br>ചെറു–ഇടത്തരം നഗരങ്ങളുടെ വികസന പരിപാടിയിൽ അംഗീകരിച്ച 10 ൽ 6 പദ്ധതികളാണ് അകാരണമായി മുടങ്ങിയത്. 2004 ൽ അംഗീകരിച്ച പദ്ധതികളുടെ അടങ്കൽ 2.5 കോടി ആയിരുന്നു. പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിതം 14652000/–രൂപ സമയത്ത് ലഭിച്ചിരുന്നു.<br>മുടങ്ങിയ പദ്ധതികളിൽ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് പുതിയകാവ് മത്സ്യമാർക്കറ്റ് എന്നിവ വരുമാന ദായകപദ്ധതികളും ഉൾപ്പെടുന്നു. പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചതല്ലാതെ മിക്ക പദ്ധതികളും പൂർത്തീകരിച്ചില്ല. കരാറുകാരുടെ വീഴ്ചയല്ല നഗരസഭയുടെ കെടുകാര്യസ്ഥതയും ആസൂത്രണ | **മാവേലിക്കര നഗരസഭ**<br>മാവേലിക്കര നഗരസഭ കുടുംബശ്രീ കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ സ്ലം ഡവലപ്മെന്റ് പ്രോഗ്രാമിനായി 1997-98 മുതൽ 2006-07 കാലയളവിലായി നഗരസഭാ കുടുംബശ്രീയ്ക്ക് പത്തുതവണകളായി സംസ്ഥാന കുടുംബശ്രീ മിഷനിൽ നിന്നും 1,42,05,445/–രൂപ (ഒരുകോടി നാൽപ്പത്തിരണ്ടു ലക്ഷത്തി അയ്യായിരത്തി നാനൂറ്റി നാൽപ്പത്തിയഞ്ച് രൂപ) അലോട്ട്മെന്റായി ലഭിച്ചിരുന്നു. നാളിതുവരെ NSDP അക്കൗണ്ടിൽ പലിശയിനത്തിലായി 15,30,459/–രൂപയും (പതിനഞ്ചുലക്ഷത്തി മുപ്പതിനായിരത്തി നാനൂറ്റി അമ്പത്തിയൊമ്പത് രൂപ) ലഭിച്ചിട്ടുണ്ട്. അലോട്ട്മെന്റും, പലിശയും ഉൾപ്പെടെ അക്കൗണ്ടിൽ ആകെ 1,57,35,904/–രൂപ (ഒരുകോടി അമ്പത്തിയേഴു ലക്ഷത്തി മുപ്പത്തയ്യായിരത്തി തൊള്ളായിരത്തിനാല് രൂപ) വരവിനത്തിലുണ്ടായിരുന്നു. ഈ തുകയിൽ 1,19,64,178/–രൂപ (ഒരുകോടി പത്തൊമ്പത് ലക്ഷത്തി അറുപത്തിനാലായിരത്തി നൂറ്റിയെഴുപത്തിയെട്ടു രൂപ) ചിലവഴിച്ചിട്ടുള്ളതും, നീക്കിബാക്കിയായി അക്കൗണ്ടിൽ 37,71,726/–രൂപ (മുപ്പത്തിയേഴു ലക്ഷത്തി എഴുപത്തിയൊന്നായിരത്തി എഴുനൂറ്റി ഇരുപത്തിയാറു രൂപ) അവശേഷിച്ചിട്ടുള്ളതുമാകുന്നു. ബാലൻസ് തുക ചെലവഴിക്കുന്നതിനായി 10.02.15 ലെ സ.ഉ.(സാധാ)നമ്പർ.419/2015 പ്രകാരം ഉത്തരവ് ലഭിച്ചിട്ടുണ്ട്. ടി. തുക NSDP മാർഗ്ഗരേഖ (1996) പ്രകാരം ചിലവഴിക്കുന്നതിനുള്ള നിർദ്ദേശമാണ് തന്നിട്ടുള്ളത്. ടി മാർഗ്ഗരേഖയിലെ തുക പ്രവർത്തിക്ക് അപര്യാപ്തമായതിനാൽ ഓരോ പ്രവർത്തിക്കും അനുവദിച്ചിട്ടുള്ള തുക വർദ്ധിപ്പിക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷിക്കുന്നതിന് 23.06.15 ലെ 9–ാം നമ്പർ തീരുമാനമായി നഗരസഭാ കൗൺസിൽ തീരുമാനമെടുത്ത് സർക്കാരിനെ സമീപിച്ചിട്ടുണ്ട് തുടർ നടപടികൾ |

| | | | |
|---|---|---|---|
| | | രാഹിത്യവുമാണ് പദ്ധതികൾ യഥാർത്ഥ്യമാകാത്തത്. മാത്രമല്ല പദ്ധതികൾ നടപ്പാക്കാത്തതിനാൽ പ്രാരംഭ ചെലവ് പാഴ്ചെലവായി. ദേശീയ ചേരിവികസന പരിപാടിയിൽ ലഭിച്ച 41 ലക്ഷം രൂപ 2006 ആഗസ്റ്റ് 31 ന് മുമ്പ് ചെലവഴിക്കാൻ സർക്കാർ പല പ്രാവശ്യം നഗരസഭയെ ഓർമ്മിപ്പിച്ചതാണ്. ഫണ്ടിൽ നിന്നും 27.5 ലക്ഷം സി.ഡി.എസ് അക്കൗണ്ടുകളിലേക്ക് വക മാറ്റുക മാത്രമാണ് നഗരസഭ ചെയ്തത്. | ചർച്ചപ്പെടുത്തുന്നതാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു). യൂണിറ്റ് കോസ്റ്റ് പുതുക്കി നിശ്ചയിക്കുന്നതിനും സർക്കാരിലേക്ക് കത്ത് നൽകുന്നതാണ്<br><br>മാവേലിക്കര നഗരസഭയിൽ IDSMT പദ്ധതി പ്രകാരം 10 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിക്കുകയും ടി പ്രോജക്ടുകൾ നടപ്പാക്കുന്നതിലേക്ക് കേന്ദ്ര സംസ്ഥാന വിഹിതം ഇനത്തിൽ ആകെ 1,46,52,000/-രൂപ നഗരസഭയ്ക്ക് 4 തവണകളായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>IDSMT പ്രകാരം അനുവദിച്ചതിൽ 3 പ്രോജക്ടുകൾ വ്യത്യസ്ത കാരണങ്ങളാൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.<br>1. മുനിസിപ്പൽ ബസ് സ്റ്റാന്റിലെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എന്ന പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്തതാണ്. ഷോപ്പിംഗ്കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണുപരിശോധന നടത്തുകയും ടി സ്ഥലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണെന്ന് LBS ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക പ്രവൃത്തികൾ നടത്തിയിരുന്നുവെങ്കിലും തുടർന്ന് IDSMT യുടെ ഏജൻസിയുടെ പരിശോധനയിൽ ടി സ്ഥലത്തെ മണ്ണ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് അനുയോജ്യമല്ലെന്നും 15M കുഴി സാന്റ് പൈലിംഗ് നടത്തണമെന്ന് കാണിച്ച് റിപ്പോർട്ട് തരികയും ആയതിന് മറ്റു സംവിധാനങ്ങളിലൂടെ പ്രവർത്തി നിർവ്വഹിക്കുന്നതിനുള്ള (Sand piling) തുക എസ്റ്റിമേറ്റിൽ ഇല്ലാത്തതിനാലും കരാറുകാരന് നഷ്ടം ഉണ്ടാകുമെന്ന് മനസ്സിലാക്കി ടിയാൻ കരാർ പിൻവലിച്ചിട്ടുള്ളതുമാണ്. എന്നാൽ നിലവിൽ പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്.<br>2. ആറാട്ടുകടവ് പാർക്ക് നിർമ്മാണം ജലസേചന വകുപ്പിന്റെ എൻ.ഒ.സി ലഭിക്കാതിരുന്ന സാഹചര്യത്തിൽ നടത്താൻ സാധിച്ചിട്ടില്ല.<br>3. മുനിസിപ്പൽ പാർക്കിന്റെ പുനരുദ്ധാരണം IDSMT ഫണ്ടുപയോഗിച്ച് നടത്താൻ സാധിച്ചിട്ടില്ലാത്തതാണ്. പ്ലാൻ |

| | | | |
|---|---|---|---|
| | | | ഫണ്ടുപയോഗിച്ച് പാർക്ക് പ്രവർത്തനക്ഷമമാക്കുകയും 2019-20 വാർഷിക പദ്ധതിയിൽ പ്ലാൻ ഫണ്ടുപയോഗിച്ച് കൂടുതൽ നവീകരണത്തിന് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതുമാണ്. നിലവിൽ പാർക്ക് പ്രവർത്തനക്ഷമമാണ്.<br><br>ടി പരാമർശത്തിലെ ഫണ്ട് ( ഐ ഡി.എസ് എം ടി) കേരള ഗ്രാമീണ ബാങ്കിൽ സൂക്ഷിച്ചിട്ടുണ്ട്. |

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2013 –14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള നടപടി വിശദീകരണ പത്രിക**

| ക്രമ നം | ഖണ്ഡിക നം. | ഓഡിറ്റ് പരാമർശം | നടപടി വിശദീകരണ പത്രിക |
|---|---|---|---|
| 1 | 4.5 | ചേർത്തല നഗരസഭാവക പൊതുശ്മശാനത്തിൽ ഒരു ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കുന്നതിനായി 2007 മാർച്ച് മുതൽ 2010 ജനുവരി വരെ ആകെ 1848454/–രൂപ ചെലവഴിച്ച് ഗ്യാസ് ക്രിമിറ്റോറിയം നിർമ്മാണം – (1397205 രൂപ) ഗ്യാസ് ക്രിമിറ്റോറിയം പൂർത്തീകരണം (240635/–രൂപ) ക്രിമിറ്റോറിയത്തിലേയ്ക്ക് റോഡും, ഷെഡും നിർമ്മിക്കൽ (210,614/–രൂപ) എന്നിവയ്ക്കായി പ്രോജക്ട് നമ്പർ 17/2006–07, 15/2007–08, 14/2007–08 എന്നി പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് 18,48,454/– രൂപ ചെലവഴിച്ചത്<br><br>ശ്മശാനത്തിന്റെ ഔപചാരിക ഉദ്ഘാടനം 14–12–2008–ൽ നടന്നുവെങ്കിലും നാളിതുവരെ (ആഗസ്റ്റ് 2014) ക്രിമിറ്റോറിയം ഉപയോഗിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.27, തീയതി.25–08–2012) ക്രിമിറ്റോറിയം പ്രവർത്തനരഹിതമാണെന്നും, നഗരസഭയിൽ ഇപ്രകാരം ഒരു ക്രിമിറ്റോറിയത്തിന്റെ ആവശ്യകത സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുള്ളതായി അറിവില്ലെന്നും, ക്രിമിറ്റോറിയം പ്രയോജനപ്രദമാക്കാൻ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല എന്നും മുനിസിപ്പൽ എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. | **ചേർത്തല നഗരസഭ**<br><br>നഗരസഭ സദ്ദുദ്ദേശ്യത്തോടുകൂടി ആധുനിക രീതിയിൽ 2009–ൽ, ഒരേക്കർ വിസ്തൃതിയിലുള്ള സ്ഥലത്ത് ചുറ്റുമതിലോടുകൂടി നിർമ്മിച്ച ഗ്യാസ് ക്രിമിറ്റോറിയത്തന്റെ നടത്തിപ്പിനായി ബഹു.കൗൺസിലിന്റെ . 20–10–2009–ലെ 2–ാം നമ്പർ തീരുമാന പ്രകാരം ബൈലോ അംഗീകരിച്ചിട്ടുള്ളതാകുന്നു. ആയതിന് ക്വട്ടേഷൻ ക്ഷണിച്ച് 12/09 മുതൽ 3/11 വരെ ചേർത്തല എസ്.എൻ.ഡി.പി. യൂണിയൻ 11,000/ രൂപയ്ക്ക് നടത്തിപ്പ് ചുമതല എഗ്രിമെന്റ് വച്ച് ഏറ്റെടുത്തിട്ടുള്ളതുമായിരുന്നു.<br><br>എന്നാൽ ടി ഗ്യാസ് ക്രിമിറ്റോറിയത്തിൽ മൃതദേഹം സംസ്കരിക്കുന്നതിന് പ്രദേശവാസികൾക്ക് താല്പര്യമില്ലാതിരുന്നതുമൂലം വളരെ കുറച്ച് മൃതദേഹങ്ങൾ മാത്രമേ ടി കാലത്ത് സംസ്കരിക്കപ്പെട്ടിട്ടുള്ളൂ. താരതമ്യേന ഭൂവിസ്തൃതിയും ജനസംഖ്യയും കുറഞ്ഞ നഗരസഭാപ്രദേശത്ത് ഹിന്ദുമത വിഭാഗത്തിൽപ്പെട്ട കുഡുംബി, തട്ടാൻ–വിശ്വകർമ്മ വിഭാഗങ്ങൾക്കും തിരുമല ദേവസ്വം ക്ഷേത്രം വക ജി.എസ്.ബി. വിഭാഗത്തിനും പ്രത്യേകം ശ്മശാനമുള്ളതും മറ്റ് മതവിശ്വാസികൾക്ക് മൃതദേഹം മറവ് ചെയ്യുന്നതിന് അതാത് പള്ളികൾക്കനുബന്ധമായ സംവിധാനങ്ങളുമാണ് ആശ്രയിക്കുന്നത്. ഇത്തരം ശ്മശാനങ്ങൾക്ക് നഗരസഭ പ്രത്യേക അനുമതി നൽകിയിട്ടില്ല. ഹിന്ദുമത വിശ്വാസികൾ |

| | | | |
|---|---|---|---|
| | | ചേർത്തല നഗരസഭയിലെ ജനങ്ങൾ തങ്ങളുടെ വീട്ടു വളപ്പിലാണ് ഇപ്പോഴും ദഹനം നടത്താറുള്ളത്. ക്രിമിറ്റോറിയം നിർമ്മിക്കുന്നതിനു മുൻപും പൊതുശ്മശാനത്തിൽ ദഹനം നടത്തുവാൻ പൊതുജനങ്ങൾ താല്പര്യം കാണിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം ഒരു ക്രിമിറ്റോറിയം നഗരസഭയിൽ ആവശ്യമില്ലായിരുന്നുവെന്നും ആവശ്യകത സംബന്ധിച്ച് യാതൊരു പഠനവും നടത്താതെ ചെലവഴിച്ച 18.5 ലക്ഷം രൂപ പാഴ്ച്ചെലവായതായും ഓഡിറ്റ് വിലയിരുത്തുന്നു | പരമ്പരാഗതമായി വിറകുപയോഗിച്ച് വീട്ടുവളപ്പിൽ മൃതദേഹം ദഹിപ്പിക്കുന്ന ആചാരത്തിൽ നിന്ന് മാറി ഗ്യാസ് ക്രിമിറ്റോറിയം ഉപയോഗപ്പെടുത്തുന്നതിന് വിമുഖത പുലർത്തിയത് മൂലമാണ് ടി ക്രിമിറ്റോറിയത്തിലേയ്ക്ക് മൃതദേഹങ്ങൾ ലഭിക്കാതെയിരുന്നത്, നഗരസഭാ പരിധിയിൽ ക്രിമിറ്റോറിയം നിർമ്മിക്കുന്നതിന് മുമ്പ് ആയത് ആവശ്യമാണോ എന്ന് അറിയുന്നതിന് പ്രത്യേക സർവ്വേ നടത്തിയിരുന്നില്ല. നിലവിൽ ഇത് പ്രവർത്തനരഹിതമാണ്. ആയതിന് പരിഹാരമായി ജനങ്ങളിൽ ബോധവൽക്കരണം നടത്തി ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ പ്രവർത്തനം സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനും കേരള മുനിസിപ്പാലിറ്റീസ് ആക്ടിന് വിധേയമായി ഗ്യാസ് ക്രിമിറ്റോറിയം പുനർപ്രവർത്തിപ്പിക്കുന്നതിന് ടി ക്രിമറ്റോറിയം സ്ഥാപിച്ച "High Tech Crematorium Pvt.Ltd" എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് ആവശ്യമായ റിപ്പയറിംഗ് വർക്കുകൾ അടിയന്തിരമായി ചെയ്യുന്നതിന് വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി മുനിസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുള്ളതും ടി എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ടി ക്രിമറ്റോറിയം പുനഃപ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച വിഷയം ഏറ്റവും അടുത്ത കൗൺസിലിൽ ചർച്ച ചെയ്ത് ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതുമാണ് |

## മാവേലിക്കര നഗരസഭയുടെ 27.07.2010 ലെ 13-ാം നമ്പർ തീരുമാനം

---

**അജണ്ട:-**

**ടപി-7270/10**

മാവേലിക്കര നഗരസഭയിലെ (2000-01) ജനകീയാസൂത്രണ പദ്ധതിയിലെ കാലിത്തൊഴുത്ത് നിർമ്മാണ പ്രോജക്ടുമായി (നമ്പർ 7/2000-01) ബന്ധപ്പെട്ട ഓഡിറ്റ് ന്യൂനതകൾ 2006-07 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്നു. ടി പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ഡോ. എം.പി. വിജയകുമാർ സമർപ്പിച്ചിട്ടുള്ള വിശദമായ കത്ത് കൗൺസിൽ പരിഗണനയ്ക്കായി.

**തീരുമാനം:-**

കാലിത്തൊഴുത്ത് വിതരണത്തിൽ ക്രമക്കേടോ അഴിമതിയോ നടന്നിട്ടില്ല എന്ന് പരിഗണിച്ച് ടി ആനുകൂല്യം നഗരസഭാ പ്രദേശത്തിനുള്ളിൽ പശു വളർത്തി ഉപജീവനം നടത്തുന്ന കർഷകർക്ക് പ്രയോജനപ്പെട്ടു എന്നും ഇത് പരിഗണിച്ച് സീനിയർ വെറ്ററിനറി സർജന് പ്രോജക്ട് നടപ്പാക്കിയതിലുണ്ടായ നോട്ടപ്പിശക് മാപ്പാക്കുന്നതിനും ടിയാനിൽ നിന്നും തുക ഈടാക്കുന്നത് ഒഴിവാക്കുന്നതിനും സർക്കാരിലേക്ക് അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.

ശരിപ്പകർപ്പ്

(ഒപ്പ്)
ചെയർമാൻ

സെക്രട്ടറി
Municipal Secretary
Mavelikara

Receipt

Section [illegible]

Transaction Type [illegible]

Date 20/07/2012 Receipt No [illegible]

[illegible]

| Code | Head Of Account | Year | Period | Arrear | Current |
|---|---|---|---|---|---|
| [illegible] | [illegible] | 2012-2013 | Full Year | | [illegible] |

[illegible]

Section [illegible] Section
Transaction Type Refund of [illegible] Fund
Date [illegible]/2012
Receipt No [illegible]
OutDoor Staff

A/c Head: Cash
Instrument: Cash
Inst. No | Dated
Bank | Place

| Code | Head Of Account | Year | Period | Arrear | Current |
|---|---|---|---|---|---|
| [illegible] | Prior Period Income-Recovery of unutilised Grs | 2012-2013 | Full Year | | 100000 |

[illegible] Office
Ward No
Door No
Zip Code
Post Ba
Name [illegible]
House/Office
Street
Local Place
Main Place
Post | Pin
Phone No

Total 0.00 | 100000.00
Rebate [illegible] 0.00 | Advance Amt 0
Grand Total 100000.00
Description
Admin. Note

Section [illegible] Section
Transaction Type [illegible]
Date [illegible]
Receipt No [illegible]
OutDoor Staff

A/c Head: Cash
Instrument: Cash
Inst. No | Dated
Bank | Place

| Code | Head Of Account | Year | Period | Arrear | Current |
|---|---|---|---|---|---|
| [illegible] | [illegible] and Fees - [illegible] Interest | 2012-2013 | Full Year | | 64000 |

[illegible] Office
Ward No
Door No
Zip Code
Post Ba
Name [illegible]
House/Office
Street
Local Place
Main Place
Post | Pin
Phone No

Total 0.00 | 64000.00
Rebate 0.00 | Advance Amt 0
Grand Total 64000.00
Description
Admin. Note

SEC[illegible]Y
HARIPAD [illegible]

Receipt

Section: Secretary's Section
Transaction Type: Refund of A.B.C.Fund
Date: 20/03/2013 Receipt No: 1120610[illegible]
Dr/Debt Staff

A/cHead: Cash
Instrument: Cash
Inst.-No. Dated
Bank Place

| Code | Head Of Account | Year | Period | Arrear | Current |
|---|---|---|---|---|---|
| 280200402 | Prior Period Income-Recovery of unutilised G/s | 2012-2013 | Full Year | | 100000 |

Total: 0.00 | 100000.00
Adjusted Amt: 0
Grand Total: 100000.00
Description: Being The Audit Recovery Of Para 3(3) Of 2006/2007
Admin. Note:

---

[illegible]

Section [illegible]
Transaction Type [illegible]
Date [illegible] Receipt No [illegible]
Dr/Debt Staff

A/c Head: Cash
Instrument: Cash
Inst.-No. Dated
Bank Place

| Code | Head Of Account | Year | Period | Arrear | Current |
|---|---|---|---|---|---|
| 140200101 | Penalties and Fines - Penal Interest | 2012-2013 | Full Year | | 31683 |

Total: 0.00 | 31683.00
Adjusted Amt: 0
Grand Total: 31683.00
Description: Being The B.I Of Para 3(3) Of Audit Report 2006/2007
Admin. Note:

SECRETARY
HARIPAD MUNICIPALITY

[illegible] Receipt

| | | | |
|---|---|---|---|
| Section | [illegible] Section | [illegible] | Cash |
| Transaction Type | Refund of [illegible] Fund | [illegible] | Cash |
| Date | 20/03/2013 | Inst. No | |
| Receipt No | [illegible] | Dated | |
| [illegible] Staff | | Bank | |
| | | Place | |

| Code | Head Of Account | Year | Period | Arrear | Current |
|---|---|---|---|---|---|
| [illegible] | Prior Period Expenses-Recovery of [illegible] 2012-2013 | | Full Year | | [illegible] |

[illegible]

[illegible] Receipt

| Code | Head Of Account | Year | Period | Arrear | Current |
|---|---|---|---|---|---|
| [illegible] | [illegible] | [illegible] | [illegible] | | [illegible] |

[illegible]

HARIT[illegible]

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2004-05 മുതൽ 2016-17 വരെ വർഷങ്ങളിലെ ആലപ്പുഴ ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട ഖണ്ഡികകളിൽ മേലുള്ള തുടർ പരിഗണന പട്ടിക**

| ക്രമ നം | ഖണ്ഡിക നം | നിരീക്ഷണങ്ങൾ / ശുപാർശകൾ | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 11(1) | **2004-05**<br>**മരാമത്ത് പണികൾ**<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ ഏറ്റവും കൂടിയ പ്രാമുഖ്യവും ഏറ്റവും ഉയർന്ന ധനവിനിയോഗവും കൈകാര്യസാധ്യതയും സുതാര്യതയില്ലായ്മയും ദുർവ്വ- പൊതുമരാമത്ത് പണികളിലാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മരാമത്ത് പണികൾക്ക് ചെലവഴിച്ച കോടികളുമായി തുലനം ചെയ്യുമ്പോൾ കൈവരിച്ച നേട്ടങ്ങൾ നാമമാത്രമാണ്.<br><br>അധികാര വികേന്ദ്രീകരണം ജനകീയാസൂത്രണത്തിലൂടെ കേരള വികസന പദ്ധതിയായി വളർന്നിട്ടും പൊതുമരാമത്ത് പണികളിൽ ജനപങ്കാളിത്തം ഉദ്ദേശം സ്ഥാപനങ്ങളിലും [illegible] ഉദ്യോഗസ്ഥർ - പ്രത്യേകിച്ചും എഞ്ചിനീയർമാർ, കരാറുകാർ, രാഷ്ട്രീയ നേതാക്കൾ എന്നിവരുടെ മേധാവിത്വം പൊതുമരാമത്ത് പണികളിൽ പ്രകടമാണ്. എസ്റ്റിമേറ്റ് ഡാറ്റ റിപ്പോർട്ട് ഇടത്തരം വലിയ പദ്ധതികളിൽ തയ്യാറാക്കണമെന്ന നിർദ്ദേശം 99 ശതമാനം എഞ്ചിനീയർമാരും പാലിക്കാറില്ല. സാങ്കേതികത്വത്തിന്റെ പുകമറയിൽ മരാമത്ത് പദ്ധതി നിർവ്വഹണം അവ്യക്തമായി ഇരിക്കുന്നു.<br><br>1997-1998 മുതൽ 2001-02 വരെ മരാമത്ത് പദ്ധതികൾക്ക് ഗുണഭോക്തൃ സമിതികളിലൂടെയായിരുന്ന പണികൾ അന്ന് അനന്തമായി നീണ്ടിരുന്നതും ജനകീയ ഇടപാടുകൾ | ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടത്തിൽ തദ്ദേശ സ്ഥാപനങ്ങളിലെ മരാമത്ത് പണികളുടെ നടത്തിപ്പ് സംബന്ധിച്ച് നിരവധി പരാതികളുയർന്നിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വന്നിട്ടുള്ള പൊതുപരാമർശമാണിത്. അധികാര വികേന്ദ്രീകരണത്തിന്റെ ഇടക്കാലത്തിൽ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളുടെ അഭാവമുണ്ടായിരുന്നതിനാൽ മുഴുവൻ പ്രവൃത്തികളും ഗുണഭോക്തൃ സമിതികൾ വഴി നടത്തപ്പെട്ടതുകൊണ്ടാണ് ഇത്തരത്തിലുള്ള പരാതികൾക്ക് വഴിതെളിച്ചത്. ആയതിന്റെ അടിസ്ഥാനത്തിലാണ് 2002-03 മുതൽ 25000/- രൂപയ്ക്ക് മുകളിലുള്ള മരാമത്ത് പണികളുടെ നിർവ്വഹണം ടെണ്ടർ വഴി നടപ്പിലാക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയത്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശം പൂർണ്ണമായും പാലിച്ച് കൃത്യമായ എസ്റ്റിമേറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡാറ്റ തയ്യാറാക്കി സാങ്കേതിക അനുമതിയും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും നേടിയാണ് ആലപ്പുഴ ജില്ലാ പഞ്ചായത്ത് മരാമത്ത് ജോലികൾ ടെണ്ടർ ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ ഇത് സംബന്ധിച്ച് യാതൊരു പരാതിയും ഉയർന്ന് വന്നിട്ടില്ലായെന്നത് തന്നെ ഈ വിഷയത്തിൽ ജില്ലാ പഞ്ചായത്ത് ഭരണസമിതി പുലർത്തിയ ജാഗ്രതയ്ക്ക് തെളിവാണ്. നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ഉക സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ തയ്യാറാക്കിയ ഉറപ്പുവരുത്തലിന്റെയും ബില്ലുകളുടെയും അളവ് പുസ്തകത്തിന്റെയും മോണിറ്ററിംഗ് സമിതി റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശത്തിൽ 2004-05 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ |

| | | | |
|---|---|---|---|
| | | വ്യാപകമായതിനാലും 2002-03 മുതൽ കേരള വികസന പദ്ധതിയുടെ ഭാഗമായി 25,000/- രൂപയ്ക്ക് മുകളിലുള്ള പണികൾ ടെണ്ടറിലൂടെയായി നിർദ്ദേശിക്കപ്പെട്ടു. ഇതിൽ ഉണ്ടാകാവുന്ന അപാകതകൾക്ക് എതിരെ സർക്കാർ ജാഗ്രതാ നിർദ്ദേശവും നൽകിയിരുന്നു. ടെണ്ടറുകളുടെ സുതാര്യതയും ഉത്തരവാദിത്വവും ഗുണമേന്മയും ഉറപ്പാക്കാൻ ഗുണഭോക്തൃസമിതി മാതൃകയിൽ കമ്മിറ്റി രൂപീകരിച്ച് മോണിട്ടറിംഗ് നടത്തണമെന്ന് സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്)നം.20/2002, 06.06.2002)ഉണ്ടായിരുന്നു. എങ്കിലും ഒരു സ്വതന്ത്ര സ്ഥാപനങ്ങളും ഉത്തരവ് പാലിച്ചില്ല. മാത്രമല്ല പദ്ധതി യാഥാർത്ഥ്യമാക്കിയ നിരക്ക് ക്വോട്ട് ചെയ്ത ശേഷം സ്വന്തമായിട്ടുള്ള കോൺട്രാക്ടർക്ക് സാധ്യതയില്ലാതാക്കി പൊതുമരാമത്ത് പണികളിൽ കരാറുകാരുടെ കടന്നുകയറ്റം രൂപപ്പെടുന്നത്. തദ്ദേശ സ്ഥാപനങ്ങൾ ശ്രദ്ധിച്ചില്ല.<br><br>മരാമത്ത് പണികളുടെ നിർവ്വഹണത്തിൽ സ്ഥാപനങ്ങളുടെ അലംഭാവം പ്രതിഫലിപ്പിക്കുന്നതാണ് ഇതുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പ്. സർക്കാർ നിർദ്ദേശം ഉണ്ടായിരുന്നിട്ടും പണികൾ ഏറ്റെടുത്തവ പൂർത്തിയാക്കിയവ പൂർത്തിയാക്കാൻ ശേഷിക്കുന്നവ എന്നീ വിവരങ്ങൾ വിശദീകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല. അവസാന ബില്ല് തീർപ്പാക്കുമ്പോഴാണ് പല പണികളും ഇരു പദ്ധതിയായി അംഗീകരിച്ചിട്ടില്ലെന്ന് അറിയുന്നത്. പണികൾക്ക് നൽകിയ മുൻകൂറുകൾ കൃത്യമായി രജിസ്റ്റർ സൂക്ഷിച്ച് രേഖപ്പെടുത്താത്തതിനാൽ അവസാന ബില്ലിൽ മുൻകൂർ ക്രമീകരിക്കാതെ തുക നൽകി അധിക ചെലവും വരുത്തുന്നുണ്ട്.<br>മരാമത്ത് പണികളുടെ നിർമ്മാണ പുരോഗതി വിലയിരുത്താതെയും ചെയ്ത പണികളുടെ മൂല്യ നിർണ്ണയം അളവ് പുസ്തകത്തിൽ രേഖപ്പെടുത്താതെയും വർഷം തോറും വൻതുകകൾ മുൻകൂർ നൽകുന്നു. കരാറുകാർക്ക് മുൻകൂർ നൽകുന്നതിൽ കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡ് ഖണ്ഡിക 10.2.22 മുതൽ 4.10.2.23 എന്നിവയിലെ നിബന്ധനകൾ ലംഘിക്കുന്നതോടൊപ്പം | ജില്ലാ പഞ്ചായത്തിൽ പൂർത്തീകരിക്കാൻ ബാക്കിയുള്ള മരാമത്ത് വേലകളുടെ എണ്ണം 19 ആണ്. ഓരോ വർഷവും ശരാശരി ഇരുപതിലധികം മരാമത്ത് വേലകൾ നിർവഹണം നടക്കുന്ന ജില്ലാ പഞ്ചായത്തിൽ പ്രാദേശിക വിഷയങ്ങളുടെയും സാങ്കേതികമായ കാരണങ്ങളുടെയും അപ്രതീക്ഷിതമായി കാലതാമസവും വരാറുണ്ട്. പരാമർശ പ്രകാരമുള്ള എല്ലാ പദ്ധതികളും അതാത് സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. മാത്രമല്ല നിലവിൽ മരാമത്ത് പ്രവർത്തികളുടെ എസ്റ്റിമേറ്റ് പ്രത്യേക സോഫ്റ്റ് വെയറിൽ തയ്യാറാക്കി ഓൺലൈനായി തന്നെ ടെണ്ടറുകൾ തയ്യാറാക്കി ഇ ടെണ്ടർ വഴി കരാറുകാരെ കണ്ടെത്തി കരാറിന്റെ അടിസ്ഥാനത്തിലാണ് നടപ്പാക്കിവരുന്നത്. |

പ്രത്യേകാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് യഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുന്നില്ല. എസ്റ്റിമേറ്റ് വ്യതിചലനം വ്യാപകമാണ്. പണിയുടെ ഗുണനിലവാരം ഹനിക്കുന്നതും അധിക ചെലവിന് ഇടയാക്കുന്നതുമാണിത്. ചീഫ് ടെക്നിക്കൽ എക്സാമിനറും ചീഫ് എഞ്ചിനീയറും പുറപ്പെടുവിച്ച നിർദ്ദേശങ്ങളും കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ, ഇന്ത്യൻ റോഡ് കോൺഗ്രസ് സ്പെസിഫിക്കേഷൻ എന്നിവ ലംഘിച്ച് പണി നടത്തുന്നതും അധിക ചെലവിന് ഇടയാക്കുന്നു.

പട്ടിക - 1

പഞ്ചായത്ത് നഗരപാലിക സ്ഥാപനങ്ങളിൽ രണ്ട് വർഷത്തിലധികമായി പൂർത്തിയാക്കാതെ കിടക്കുന്ന മരാമത്ത് പണികളുടെ വിവരം

( 31.03.2005 ലെ സ്ഥിതി ( ഓഡിറ്റ് റിപ്പോർട്ടുകളിൽ ലഭ്യമായ വിവരങ്ങൾ)

| ജില്ല | പൂർത്തിയാക്കാനുള്ള മരാമത്ത് പണികളുടെ എണ്ണം | | | | | അടങ്കൽ തുക( ആകെ ) | ആകെ ചെലവ് | ബാക്കി |
|---|---|---|---|---|---|---|---|---|
| | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | നഗരസഭ | ആകെ | | | |
| തിരുവനന്തപുരം | 13 | - | - | 3 | 16 | 7043000 | 2456186 | 4536814 |
| കൊല്ലം | - | 82 | - | 50 | 132 | 35824457 | 14649330 | 20975127 |
| ആലപ്പുഴ | - | - | 19 | 130 | 149 | 26611537 | 19018700 | 7592837 |
| പത്ത | 78 | - | - | 44 | 122 | 823147 | 87478 | 516363 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | 9 | 42 | |
| കോട്ടയം | - | - | - | 2 | 2 | 628405 | 283112 | 345293 |
| ഇടുക്കി | 120 | 32 | 29 | 20 | 201 | 30042539 | 127063.77 | 17336162 |
| തൃശ്ശൂർ | 54 | 9 | - | 2 | 65 | 31590791 | 20506551 | 11074240 |
| മലപ്പുറം | 336 | - | - | - | 336 | 10406083 | 9363854 | 1042429 |
| വയനാട് | 36 | - | - | - | 36 | 6559572 | 2515982 | 4043590 |
| കോഴിക്കോട് | 106 | 45 | - | 55 | 206 | 52260719 | 30934290 | 23346429 |
| കണ്ണൂർ | 88 | 3 | 41 | 16 | 148 | 48040521 | 23263779 | 24776742 |
| ആകെ | 831 | 171 | 890 | 322 | 1413 | 259249103 | 144645603 | 114603300 |

| | | | |
|---|---|---|---|
| 2 | 3.1 | **2007-08**<br><br>**ലക്ഷങ്ങൾ ചെലവഴിച്ചിട്ടും പൂർത്തീകരിക്കാത്ത, ലക്ഷ്യം നിറവേറ്റാത്ത പദ്ധതികളെക്കുറിച്ചുള്ള പൊതു നിരീക്ഷണം.**<br><br>**ഇനം നം.20 (ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05)**<br><br>**ഖണ്ഡിക 3-40.ആലപ്പുഴ ജില്ലാ പഞ്ചായത്ത് (9,80,000/-)**<br><br>പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിനായി 2004-05 ലും 2005-06 ലും 9.8 ലക്ഷം രൂപ പദ്ധതി വിഹിതം ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതി ലക്ഷ്യം കണ്ടില്ല. ഉയർന്ന മാർക്കോടെ 4-ാം ക്ലാസ് വിജയിച്ച ഇത്തരം വിദ്യാർത്ഥികൾക്ക് റസിഡൻഷ്യൽ രീതിയിൽ വിദ്യാഭ്യാസം | ഇതൊരു റസിഡൻഷ്യൽ വിദ്യാഭ്യാസ പദ്ധതിയായിരുന്നു. അതിനാൽ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിന് ഹോസ്റ്റൽ സൗകര്യമുള്ളതും ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളായ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിന് സമ്മതമുള്ളതും മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തുന്നതായി അറിയപ്പെടുന്നതുമായ സ്കൂളുകളെ മാത്രമേ ഈ പദ്ധതിയുമായി തെരഞ്ഞെടുക്കുവാൻ നിർവ്വാഹമുണ്ടായിരുന്നുള്ളൂ. ആലപ്പുഴ ജില്ലയിൽ മേൽപ്പറഞ്ഞ വിഭാഗത്തിൽ സർക്കാർ സ്കൂളുകളൊന്നും തന്നെ ഉണ്ടായിരുന്നില്ല. ആയതിനാൽ ഈ പദ്ധതിക്ക് സന്നദ്ധത പ്രകടിപ്പിച്ച സ്വകാര്യ സ്കൂളായ കറ്റാനം പോപ്പ് പയസ് സ്കൂളിനെ ഭരണസമിതി തീരുമാനത്തോടെ പദ്ധതിയുടെ നിർവ്വഹണം ഏൽപ്പിക്കുകയായിരുന്നു. ഓരോ വർഷവും ഒരു ഏക വർഷ പ്രോജക്ടായിട്ടാണ് ഈ പദ്ധതി നടപ്പാക്കിയിരുന്നത്.<br>2005-06 ലെ പ്രോജക്ട് 25 കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാനുള്ളതായിരുന്നു. സ്കൂൾ വർഷം ഇടക്ക് മാസങ്ങൾ കഴിഞ്ഞ് |

| | | | |
|---|---|---|---|
| | | നൽകുകയായിരുന്നു ലക്ഷ്യം. ഇതിനായി കുറ്റനാം ബധിര ആശ്രമത്തെയും പോപ് പയസ് സ്കൂളിനെയും തെരഞ്ഞെടുത്തു. കുട്ടികളെ യഥാസമയം തെരഞ്ഞെടുത്തു നൽകാതിരുന്നതാണ് പദ്ധതി പരാജയപ്പെടാൻ കാരണം. 28.11.2000 ലെ 4 9691 പി(3) 2000/തസ്വഭവ സർക്കാരിന്റെ നിർദ്ദേശത്തിന വിരുദ്ധമാണ്. | ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം കിട്ടിയ പ്രോജക്ട് നിർവ്വഹണത്തിനായി 11-11-2005 ൽ നിർവ്വഹണോദ്യോഗസ്ഥന് അയച്ച് കൊടുക്കുകയുണ്ടായി. 2005 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയോടെ സ്കൂൾ വിട്ട് പോകുന്ന പത്താം ക്ലാസിൽ പഠിച്ചിരുന്ന കുട്ടികൾക്ക് പകരം പുതിയ അപേക്ഷകരെ സ്കൂൾ വർഷാരംഭത്തിൽ തന്നെ നടത്തുന്നതിന് വേണ്ട നടപടികൾ നിർവ്വഹണോദ്യോഗസ്ഥൻ യഥാസമയം സ്വീകരിക്കാതിരുന്നതിനാലാണ് പദ്ധതിയുടെ ഗുണഭോക്താക്കളായ കുട്ടികളുടെ എണ്ണം .2005-06 ൽ 16 ആയി കുറഞ്ഞത്.<br>ആകെ 5,00,000/- രൂപ അടങ്കലുള്ള 2005-06 ലെ പ്രോജക്ട് 25 കുട്ടികൾക്ക്, ഒരു കുട്ടിക്ക് 20,000/- രൂപ നിരക്കിൽ, മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുവാനുള്ളതായിരുന്നു. 2005-06 ൽ പദ്ധതിയുടെ ഗുണഭോക്താക്കളായിരുന്ന 16 കുട്ടികളുടെ ചെലവിന് 4,83,500/- രൂപ അനുവദിക്കണമെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ആവശ്യപ്പെട്ടതിനെ തുടർന്ന്, പ്രോജക്ടിൽ ഒരു കുട്ടിക്ക് 20,000/- രൂപ നിശ്ചയിച്ചിരുന്ന സ്ഥാനത്ത് 30,218/- രൂപ വരുമെന്നതിനാൽ, വിശദീകരണം തേടുകയുണ്ടായി. മറ്റുകുട്ടികളിൽ നിന്ന് ഈടാക്കുന്ന തുക തന്നെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായ കുട്ടികൾക്ക് വേണ്ടിയും ആവശ്യപ്പെട്ടിരിക്കുന്നതെന്നും തുക നൽകിയില്ലെങ്കിൽ കുട്ടികളുടെ വിദ്യാഭ്യാസം ഇടക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടാകുമെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിക്കുകയും 16 കുട്ടികളുടെ യഥാർത്ഥ ചെലവിനത്തിൽ 4,16,419/- രൂപയുടെ ബില്ല് ബന്ധപ്പെട്ട സ്കൂൾ ബോർഡിംഗ് അധികൃതരിൽ നിന്നും ഹാജരാക്കുകയും ചെയ്തതിനെ തുടർന്ന് തുക 24-03-2006 ൽ അക്കൗണ്ട്പേയിയായി നിർവ്വഹണോദ്യോഗസ്ഥന് നൽകുകയുണ്ടായെങ്കിലും ബാങ്ക് പണിമുടക്കിനെ തുടർന്ന് പണം ട്രഷറിയിൽ നിന്ന് പിൻവലിച്ച് ഗ്രാന്റായി നൽകുന്നതിന് കാലതാമസം നേരിടുകയുണ്ടായി. തുക നൽകുന്നതിനുണ്ടായ കാലതാമസവും ചെലവ് കണക്ക് ചോദിച്ചതുമാണ് 2005-06 ലെ പദ്ധതി പൂർത്തീകരിച്ച് പണം കൈപ്പറ്റിയതിനുശേഷം 16 കുട്ടികളെയും സ്കൂളധികൃതർ ടി. സി. നൽകി പറഞ്ഞയയ്ക്കാൻ കാരണമെന്ന് കരുതുന്നു. അടുത്ത സ്കൂൾ വർഷാരംഭത്തിനുശേഷമാണ് |

ഇത് സംബന്ധമായി ഒരു പരാതി ജില്ലാ പഞ്ചായത്തിൽ ലഭിച്ചു. തുടർന്ന് ഇത് സംബന്ധമായ അന്വേഷണം നടത്തി അനന്തര നടപടികൾ ശുപാർശ ചെയ്യുവാൻ നിർവ്വഹണോദ്യോഗസ്ഥനെയും വിദ്യാഭ്യാസ ഉപ ഡയറക്ടറെയും ജില്ലാ പഞ്ചായത്ത് ചുമതലപ്പെടുത്തുകയുണ്ടായി. എന്നാൽ പദ്ധതി തങ്ങളുടെ സ്ഥാപനത്തിൽ തുടരുന്നതിന് ബോർഡിംഗ് അധികൃതർ യാതൊരു വിധത്തിലും സന്നദ്ധരായിരുന്നില്ല. ബോർഡിംഗ് അധികൃതരുമായി വ്യക്തമായ കരാർ, നിർവ്വഹണോദ്യോഗസ്ഥൻ ഉണ്ടാക്കാതിരുന്നതിനാൽ ഇതുസംബന്ധമായി ജില്ലാ പഞ്ചായത്തിൽ നിന്നും നിയമ നടപടികളൊന്നും സ്വീകരിക്കുവാൻ കഴിയുമായിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട് മനുഷ്യാവകാശ കമ്മീഷന് ഒരു കുട്ടിയുടെ രക്ഷകർത്താവ് നൽകിയ പരാതിയിൻമേൽ കുട്ടികളെ ബോർഡിംഗിൽ പുനഃപ്രവേശിപ്പിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകണമെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി കമ്മീഷൻ മുൻപാകെ ബോധിപ്പിച്ചിരുന്നതാണ്. പട്ടികജാതിക്കാരുടെ സംരക്ഷണത്തിനുള്ള ഏതെങ്കിലും നിയമത്തിന്റെ ലംഘനം ഈ വിഷയത്തിൽ ഉണ്ടായിട്ടുണ്ടെങ്കിൽ പോലീസിൽ പരാതിപ്പെടുന്നതുൾപ്പെടെയുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടത് ജില്ലാ പട്ടികജാതി വികസന ഓഫീസർകൂടിയായ നിർവ്വഹണോദ്യോഗസ്ഥനായിരുന്നു. പദ്ധതി തുടർന്ന് നടത്തുന്നതിന് സന്നദ്ധതയുള്ള മറ്റേതെങ്കിലും റെസിഡൻഷ്യൽ സ്കൂളുമായി ബന്ധപ്പെട്ട്, പദ്ധതി മുടങ്ങാതെ നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ 08-06-2006 ൽ കൂടിയ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിരുന്നെങ്കിലും ഈ പദ്ധതി ഏറ്റെടുക്കുന്നതിന് ഉന്നത നിലവാരമുള്ള റസിഡൻഷ്യൽ സ്കൂളുകൾ ഒന്നും തന്നെ ജില്ലയിൽ സന്നദ്ധരാകാതിരുന്നതിനാൽ പദ്ധതി തുടർന്ന് നടപ്പിലാക്കിയില്ല.

ഇപ്പോൾ പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ ആലപ്പുഴയിൽ പ്രവർത്തിക്കുന്ന ഡോ. അംബേദ്കർ മെമ്മോറിയൽ റസിഡൻഷ്യൽ സ്കൂളിൽ വിവിധ ക്ലാസ്സുകളിലായി പട്ടികവിഭാഗത്തിൽപ്പെട്ട 250 ലധികം കുട്ടികൾക്ക് പ്ലസ് ടു വരെ പഠിക്കുന്നതിനുള്ള സൗകര്യമുള്ളതിനാൽ പട്ടികജാതി വിദ്യാർത്ഥികൾക്ക്

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട വിശദീകരണം നൽകുന്നതാണ്. |
| 3 | 3.2.1.1 | **2007-08**<br><br>**3.21 പൊതുപരാമർശങ്ങൾ**<br><br>**3.21.1 ഗ്രാന്റുകൾ ലക്ഷ്യത്തിന് പണം ചിലവഴിച്ചിട്ടില്ല.**<br><br>ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ മറ്റൊരു പ്രവർത്തിക്ക് ഗ്രാന്റുകൾ നൽകിയിട്ടുണ്ട്. സന്ദർഭങ്ങളിൽ വിവിധ വികസന ലക്ഷ്യങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി അവർ ആവശ്യപ്പെടുന്ന പ്രകാരവും ഗ്രാന്റുകൾ നൽകാറുണ്ട്. എന്നാൽ ടി തുകകൾ ഒന്നും തന്നെ ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കാനോ ക്രമീകരിക്കുകയോ തുകകൾ ലക്ഷ്യത്തിലെത്തിയെന്ന് ഉറപ്പുവരുത്തുകയോ ചെയ്യുന്നില്ല. ആയതിനാൽ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും നല്ലൊരു തുക ലക്ഷ്യമില്ലാതെ ചെലവഴിക്കപ്പെടുന്നതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>ക്രമ നം.1 ആലപ്പുഴ ജില്ലാ പഞ്ചായത്ത്<br><br>(ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06),ഖണ്ഡിക 3-46. (437030/-) | ആലപ്പുഴ ജില്ലാ പഞ്ചായത്ത് 2005-06 വാർഷിക പദ്ധതിയിൽ [illegible] എന്നീ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി പ്രോജക്ട് ഏറ്റെടുത്ത് ജില്ലാ ആസൂത്രണ സമിതി അംഗീകാരം വാങ്ങി നിർവ്വഹണം നടത്തിയിട്ടുള്ളതാണ്. സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ സർക്കാർ ഉത്തരവിലെ പ്രകാരം ബന്ധപ്പെട്ട സ്കൂൾ പി.റ്റി.എ കളെയാണ് ഏൽപ്പിച്ചത്. ആയത് പ്രകാരം സ്കൂൾ പി.റ്റി.എ കൺവീനറായ സ്കൂൾ പ്രധാന അദ്ധ്യാപകരെയാണ് നിർവ്വഹണവും [illegible] അഡ്വാൻസായി പ്രോജക്ടിൽ നിന്നും 4,37,030/- രൂപ അഞ്ച് സ്കൂളുകൾക്കായി നൽകിയിട്ടുള്ളതാണ്. ആയത് പ്രകാരം പി.റ്റി.എ അറ്റകുറ്റപ്പണികൾ നിർവഹിച്ച് ബിൽ ഹാജരാക്കി അഡ്വാൻസ് ക്രമീകരിച്ചിട്ടുള്ളതാണ്. പദ്ധതിക്ക് അനുവദിക്കാതെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി പല പ്രവൃത്തികളും അധികമായത് നടത്തുന്നതിന് മാറ്റി വച്ചതിനാലാണ് കാലതാമസം നേരിട്ടത്. 2006-07 ൽ ഫണ്ടിന്റെ അപര്യാപ്തത മൂലം ആദ്യഘട്ടത്തിൽ ഈ പ്രവർത്തികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്നില്ല. പ്രവർത്തി പൂർത്തീകരണത്തിന് ശേഷം സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തി അഡ്വാൻസ് ക്രമീകരിച്ചിട്ടുണ്ട്. |
| 4 | 3.21.2 | **2007-08**<br><br>**രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല**<br><br>ഓഡിറ്റ് സമയത്ത് മൊത്തം ആവശ്യപ്പെട്ടിട്ടും ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖയില്ലാത്ത ചെലവ് ധനാപഹരണമായി കണക്കാക്കേണ്ടതാണ്. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ പൊതു ധനവിനിയോഗത്തിന്റെ സുതാര്യതയും വിശ്വാസ്യതയും നഷ്ടമാകുന്നു. വിശദവിവരം<br>ചുവടെ ചേർക്കുന്നു. | ഓഡിറ്റ് പരാമർശത്തിൽ പറയുന്ന എല്ലാ വൗച്ചറുകളും പരിശോധിക്കുന്നതിനായി ഹാജരാക്കുന്നതിന് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഓഡിറ്റ് സമയത്ത് എക്സി.എഞ്ചിനീയറുടെ കാര്യാലയത്തിൽ ബന്ധപ്പെട്ട ജീവനക്കാർ ഇല്ലാതിരുന്നതിനാലാണ് സമയബന്ധിതമായി വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ കഴിയാതിരുന്നത്. ആയതിനാൽ പ്രസ്തുത വൗച്ചറുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ജില്ലാപഞ്ചായത്ത് വാങ്ങി ഓഡിറ്റ് നിർദ്ദേശിക്കുന്ന സ്ഥലത്തും സമയത്തും പരിശോധനയ്ക്കായി സമർപ്പിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | ഖണ്ഡിക നം.1 ആലപ്പുഴ ജില്ലാ പഞ്ചായത്ത്<br>ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06,ഖണ്ഡിക 3-24(16826104/-). | |
| 5 | 2.10 | 2009-10<br><br>പദ്ധതി വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിൽ വീഴ്ച<br><br>ചെലവുകൾ ചെയ്യപ്പെടുന്ന പദ്ധതികളിൽ ഓരോന്നിന്റെയും ചെലവ് സംബന്ധിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കാതിരിക്കുന്ന പ്രവണത ഗുരുതരമാണ്. രേഖകളുടെ അഭാവം പദ്ധതി ശരിക്കും ഫലപ്രദമായി നടപ്പിലാക്കിയോ എന്ന വിലയിരുത്തുന്നതിന് വിഘാതം സൃഷ്ടിക്കുന്നു. വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന വിവിധ പദ്ധതികളിൽ ഭാഗികമായി നിന്നും പിരിവെടുപ്പ് ഇത ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതിരിക്കൽ, രസീത് ഇത തിരികെ അടയ്ക്കാതിരിക്കൽ എന്നീ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയവയിൽ ചില പ്രധാന രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിവിധ സർക്കാർ/ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല. സർക്കാർ ഒരു സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി ചെലവഴിക്കുന്ന തുകയിൽ എത്രമാത്രം പദ്ധതികൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നു എന്നത് വിലയിരുത്താൻ ചെലവ് രേഖകളിലൂടെ മാത്രമേ കഴിയൂ. ഓഡിറ്റ് സമയത്ത് ഫയലുകളും റിപ്പോർട്ടുകളും കൈപ്പറ്റ് രസീതുകളും പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ വൻ തുക ഓഡിറ്റ് റിപ്പോർട്ടുകളിൽ തടസ്സമായി നിലനിൽക്കുന്നു. രേഖകൾ ഹാജരാക്കാത്തതുമൂലം പദ്ധതി വിലയിരുത്തുന്നത് സാധ്യമാകാതെ | സംസ്ഥാന വികലാംഗ ക്ഷേമകോർപ്പറേഷനുമായി ചേർന്ന് വികലാംഗ സഹായോപകരണ നിർമ്മാണ യൂണിറ്റും ലിംബ് ഫിറ്റിംഗ് സെന്ററും സ്ഥാപിക്കുന്നതിനായി 2007-08 വാർഷിക പദ്ധതിയിൽ 85/08, 102/08 എന്നീ നമ്പരുകളിലായി 2 പ്രോജക്ടുകൾ ആലപ്പുഴ ജില്ലാപഞ്ചായത്തിന്റെ 2007-08 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ശാരീരികമായ അവശതകൾ അനുഭവിക്കുന്ന ഭിന്നശേഷിക്കാർക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ വികലാംഗ ക്ഷേമകോർപ്പറേഷൻ വഴി കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക എന്നതായിരുന്നു. ജില്ലാപഞ്ചായത്തിന്റെ ലക്ഷ്യം. ആയതിന്റെ അടിസ്ഥാനത്തിൽ വികലാംഗ ക്ഷേമകോർപ്പറേഷനുമായി കരാറിൽ ഏർപ്പെട്ട് 19,69,381/- രൂപ ജില്ലാപഞ്ചായത്ത് വികലാംഗ ക്ഷേമകോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ പേരിൽ നൽകിയിരുന്നു. ആയത് ഉപയോഗിച്ച് ആലപ്പുഴ വാടയ്ക്കലിൽ ഒരു സെന്റർ ജില്ലാപഞ്ചായത്തിന് വിട്ടുതന്ന കെട്ടിടം പദ്ധതി നടപ്പിലാക്കുന്നതിന് അനുവദിക്കുകയും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി നിർമ്മാണയോഗ്യമാക്കുകയും ചെയ്തിരുന്നു. 2011-12 സാമ്പത്തിക വർഷത്തിൽ ടി സ്ഥാപനത്തിൽ നിന്നും 9,32,600/- രൂപയുടെ സഹായ ഉപകരണങ്ങൾ കുറഞ്ഞ നിരക്കിൽ അർഹരായ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളതാണ്. പ്രസ്തുത സ്ഥലത്ത് സ്ഥാപനം നടത്തുന്നത് മൂലം വികലാംഗ ക്ഷേമകോർപ്പറേഷന് അധിക ചെലവ് ഉണ്ടാകുന്നതിനാൽ നിലവിൽ സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തിവെച്ചിട്ടുള്ളതാണ്. ജില്ലാപഞ്ചായത്ത് വികലാംഗ ക്ഷേമകോർപ്പറേഷൻ വഴിയുള്ള 19,69,381/- രൂപ പ്രസ്തുത ആവശ്യത്തിന് തന്നെ വിനിയോഗിച്ചതായി വിനിയോഗ സർട്ടിഫിക്കറ്റ് ജില്ലാപഞ്ചായത്തിന് ലഭിച്ചിട്ടുള്ളതും വികലാംഗ ക്ഷേമകോർപ്പറേഷന്റെ സഹായ ഉപകരണ നിർമ്മാണ യൂണിറ്റുകളിലൂടെ വികലാംഗർക്ക് കുറഞ്ഞ നിരക്കിൽ ഉപകരണങ്ങൾ നൽകി വരുന്നതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകാൻ |

| | | | |
|---|---|---|---|
| | | ചില പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ഇനം നം.4 ആലപ്പുഴ ജില്ലാ പഞ്ചായത്ത്<br>ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-08, ഖണ്ഡിക 3.9<br>സ്ഥാപനം -നിർമ്മാണ ഏജൻസി കോർപ്പറേഷൻ മാനേജ്മെന്റ്<br>ധനനഷ്ടം, തുക 1847000/- | അംഗീകരിക്കുന്നു. |
| 6 | 2.13 | 2010-11<br><br>**അക്ഷയ പദ്ധതി നിർവ്വഹണം**<br><br>ആധുനിക കമ്പ്യൂട്ടർ സംവിധാനങ്ങൾ സ്ഥാപിച്ചുകൊണ്ട് വിവരസംവേദന സാങ്കേതിക വിദ്യയുടെ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പരിപാടിയാണ് അക്ഷയ. ഗ്രാമ പഞ്ചായത്തുകൾ മുഖേനയും സന്നദ്ധസംഘടനകളിൽ ഉൾപ്പെട്ട/ കോൺട്രാക്ടർമാർ മുഖേനയുമാണ് ഈ പരിപാടി നടപ്പാക്കുന്നത്.<br><br>കമ്പ്യൂട്ടർ/ഐ.ടി സാക്ഷരതയെ ജനങ്ങൾക്ക് പരിചയപ്പെടുത്തുക, അവ ഉപയോഗിക്കുന്നതിനുള്ള കേന്ദ്രങ്ങൾ ഓരോ ഗ്രാമത്തിലും സ്ഥാപിക്കുക ആവശ്യമായ വിവരങ്ങൾ കൈകളിലും ഉടൻ ലഭ്യമാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ.<br><br>പരിശീലന അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ വിജയകരമായി നടപ്പാക്കിയതിനെ തുടർന്ന് ഈ പരിപാടി മറ്റു ജില്ലകളിലേക്കും ജില്ലകളിലേക്കും വ്യാപിപ്പിച്ചു. അക്ഷയ കേന്ദ്രങ്ങൾ വഴി ഒരു കുടുംബത്തിൽ ഒരാൾക്കെങ്കിലും കമ്പ്യൂട്ടർ പരിശീലനം നൽകി ഐ.ടി സാക്ഷരരാക്കുന്നു. പരിശീലന ചെലവ് ഗ്രാമ പ്രദേശങ്ങളിൽ ഒരു കുടുംബത്തിലെ ഒരാൾക്കെങ്കിലും കമ്പ്യൂട്ടർ പരിശീലനം നൽകി ഐ.ടി സാക്ഷരരാക്കുന്നു. പരിശീലന ചെലവ് ഗ്രാമപ്രദേശങ്ങളിൽ ഒരു കുടുംബത്തിലെ ഒരാൾക്ക് ഗ്രാമ പഞ്ചായത്ത് 60/- രൂപ ഗുണഭോക്താവ് 40/- രൂപ എന്ന നിരക്കിലാണ് വഹിക്കേണ്ടത്. | ആധുനിക കമ്പ്യൂട്ടർ സംവിധാനങ്ങൾ സ്ഥാപിച്ചുകൊണ്ട് വിവര സംവേദന സാങ്കേതിക വിദ്യയുടെ സാധ്യതകൾ സാധാരണക്കാർക്ക് കൂടി ലഭ്യമാക്കുന്നതിന് സർക്കാരിന്റെ വിവര സാങ്കേതിക വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണ് അക്ഷയ. കമ്പ്യൂട്ടർ/ഐ.ടി സാക്ഷരതയെ ജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനായി അക്ഷയ കേന്ദ്രങ്ങൾ വഴി ഒരു കുടുംബത്തിലെ ഒരാൾക്കെങ്കിലും കമ്പ്യൂട്ടർ പരിജ്ഞാനം നൽകുന്നതിനായി പരിശീലന ചെലവായി ഒരു കുടുംബത്തിലെ ഒരാൾക്ക് ഗ്രാമ പഞ്ചായത്ത് 60/-രൂപയും ബ്ലോക്ക് പഞ്ചായത്ത് 10/-രൂപയും ജില്ലാ പഞ്ചായത്ത് 10/- രൂപയും അനുവദിക്കാനാണ് പ്രസ്തുത ഉത്തരവ് പ്രകാരം നിർണ്ണയവും അതുപോലെ സ്ഥാപനങ്ങൾ ഏറ്റെടുത്ത് ഈ അക്ഷയ പദ്ധതിയുടെ ജില്ലാ ചെയർമാൻ കൂടിയായ ജില്ലാ ആസൂത്രണ സമിതി ചെയർമാൻ അംഗങ്ങളുടെ അംഗീകാരത്തോടെ നിശ്ചയിക്കുന്നത് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ആലപ്പുഴ ജില്ലാ പഞ്ചായത്ത് ജില്ലാ ഭരണകൂടം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ വാർഷിക പദ്ധതികളിലായി 45,18,180/-രൂപ ഈ പരിപാടിക്കായി കൈമാറിയത്. സർക്കാർ നിർദ്ദേശമനുസരിച്ചാണ് ഈ പരിപാടിയിൽ നിന്നും വിട്ടു നിൽക്കാൻ ജില്ലാ പഞ്ചായത്തിന് കഴിയുമായിരുന്നില്ല. ഇത് പ്രകാരമുള്ള പരിശീലന പരിപാടികൾ ജില്ലയിലെ 73 ഗ്രാമ പഞ്ചായത്തുകളിലും നടന്നിട്ടുള്ളതും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായിട്ടുള്ള ജില്ലാ ആസൂത്രണസമിതി ഈ പദ്ധതിയുടെ |

അതേസമയം നഗരപ്രദേശങ്ങളിൽ ഒരു കുടുംബത്തിലെ ഒരാൾക്ക് മുനിസിപ്പാലിറ്റി/കോർപ്പറേഷൻ 80/- രൂപ ഗുണഭോക്താവ് 40/- രൂപ എന്ന നിരക്കിലാണ് വഹിക്കേണ്ടത് . ഇതിനാവശ്യമായ തുക വിവിധ പദ്ധതികളുടെ ഗുണഭോക്തൃ വിഹിതത്തിൽ നിന്ന് കണ്ടെത്താവുന്നതാണ്. പ്രസ്തുത ഗുണഭോക്തൃ വിഹിതം ഗ്രാമപ്രദേശങ്ങളിൽ ഗ്രാമ പഞ്ചായത്ത് 20/- രൂപ, ബ്ലോക്ക് പഞ്ചായത്ത് 10/- രൂപ ജില്ലാ പഞ്ചായത്ത് 10/- രൂപ എന്ന നിരക്കിൽ നൽകാവുന്നതാണ്.

05.05.04- ലെ ജി.ഒ ( ആർ.റ്റി)3330/04/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആരോഗ്യ ഇൻഷുറൻസ് സ്ഥാപനങ്ങൾ ഈ പദ്ധതികളുടെ വിഹിതം ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ പേരിൽ ആരംഭിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. അത്തരം പദ്ധതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റികളിൽ ഒന്ന് വീതവും കോർപ്പറേഷനുകളിൽ രണ്ട് വീതവും സോഷ്യൽ-അനിമേറ്റർമാരെ നിയമിക്കാവുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്ന സോഷ്യൽ- അനിമേറ്റർമാരെ നിയമിക്കാവുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്ന അനിമേറ്റർമാർക്ക് ഐ.റ്റി.മിഷൻ നൽകുന്ന ഓണറേറിയത്തിനു പുറമെ പ്രതിമാസം 500/- രൂപ കണ്ടിജൻസ് ആന്റ് കമ്മ്യൂണിക്കേഷൻ അലവൻസായി നൽകേണ്ടതാണ്. ഇതിന് പദ്ധതി വിഹിതം/ തനത് ഫണ്ട്/ പൊതു ആവശ്യ ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്.

എന്നാൽ ഗുണഭോക്തൃ വിഹിതം മുൻകൂറായി ഇൻഷുറൻസ് ആരോഗ്യ ഇൻഷുറൻസ് സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും തിരിച്ചടവ് വ്യവസ്ഥയിൽ അഡ്വാൻസ് നൽകേണ്ടതാണെന്ന് ജി.ഒ (എം.എസ്)നം.40/04/ പ്ലാൻ/31.03.04 തീയതി 7.05.02(5) പ്രകാരവും ജി.ഒ (എം.എസ്) 183/07/തസ്വഭവ/24.07.07 തീയതി

പുരോഗതിയും മോണിറ്ററിംഗും നടത്തിയിട്ടുള്ളതും വരവ് ചെലവ് കണക്കുകൾ അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ പദ്ധതിയുടെ വിശദമായ വിനിയോഗ സാക്ഷ്യ പത്രം ആവശ്യപ്പെട്ട് പലതവണ അയച്ച ജില്ലാ കോ-ഓർഡിനേറ്റർക്ക് ജില്ലാപഞ്ചായത്ത് കത്ത് നൽകിയെങ്കിലും ആയത് ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശാനുസരണം നടപ്പാക്കിയ നിർബന്ധിത പ്രോജക്ട് ആയതിനാലും പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുള്ളതിനാലും, അതത് പദ്ധതി സംബന്ധിച്ച കണക്കുകൾ സർക്കാരിന് സമർപ്പിച്ച് വരവ് വച്ച് ലഭ്യമായിട്ടുള്ളതിനാലും ഇത് സംബന്ധിച്ച് ജില്ലാ പഞ്ചായത്തിനെതിരെയുള്ള പരാമർശം ഒഴിവാക്കി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

| | | | |
|---|---|---|---|
| | | 6.17 (ii) പ്രകാരവും ജി.ഒ (എം.എസ്)നം. 183/07/തസ്വഭവ/24.07.07 ഖണ്ഡിക 6.17 (ii) പ്രകാരവും സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഈ ഉത്തരവ് ലംഘിച്ചുകൊണ്ട് ഇത്തരത്തെ വിവിധം ബന്ധപ്പെട്ട അക്കൗണ്ട് കേന്ദ്രങ്ങളിൽ അടയ്ക്കുന്നതിനാൽ ഇങ്ങനെ വിനിയോഗിച്ച തുകയുടെ കണക്കും ഇത്തരത്തെ വിവരവും അടച്ച് എന്ന് ഉറപ്പുവരുത്തുന്നതിനു ശേഷമാണോ പരിശീലനം നൽകിയതെന്ന വിവരവും വ്യക്തമല്ല. തദ്ദേശസ്വയംഭരണ സ്ഥാപനം നിക്ഷേപിക്കുന്ന തുക വളരെ പരിമിതമായി മാത്രം വിനിയോഗിക്കപ്പെടുന്നതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.<br>ആലപ്പുഴ ജില്ലാ പഞ്ചായത്ത്-31.03.2009 വരെ<br>നിക്ഷേപിച്ച തുക-4518180/-<br>വിനിയോഗിച്ച തുക -54640/-<br>ശേഷിക്കുന്ന തുക-4463480/- | |
| 7 | 5.3.5.1 | 2010-11<br>*വികലാംഗ ക്ഷേമ പദ്ധതി 19.03 ലക്ഷം ചെലവായിട്ടും ലക്ഷ്യം നേടിയില്ല<br>*വികലാംഗ ക്ഷേമ പദ്ധതി -₹1900000/-പാഴായി<br>*കരാർ വയ്ക്കാതെ ഖാദി ബോർഡ് വക സ്ഥലത്ത് നിർമ്മാണ പ്രവർത്തനം നടത്തി<br>*കരാറില്ലാത്ത പ്രവർത്തിക്ക് തുക നൽകി<br>2007-08 വർഷം ജില്ലാ പഞ്ചായത്തും, സംസ്ഥാന വികലാംഗ കോർപ്പറേഷനും സംയുക്തമായി ഏറ്റെടുത്ത ഏകവർഷ പദ്ധതികളാണ് വികലാംഗ സഹായോപകരണ നിർമ്മാണ യൂണിറ്റ് ( പ്രോജക്ട് നം. 85/08) ലിംബ് ഫിറ്റിംഗ് സെന്റർ ( പ്രോജക്ട് നം.102/08) എന്നിവ ഈ പദ്ധതിയുടെ നടത്തിപ്പിനായി 24.03.08 ൽ വികലാംഗ ക്ഷേമ കോർപ്പറേഷനായി ജില്ലാ പഞ്ചായത്ത് | വികലാംഗ സഹായോപകരണ ശാല ആരംഭിക്കുന്നതിന് ആദ്യം പരിഗണിച്ചിരുന്നത് അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിൽ അമ്പലപ്പുഴ ക്ഷേത്രത്തിന് തെക്കുവശമുള്ള കുഞ്ചൻ നമ്പ്യാർ സ്മാരക ട്രസ്റ്റ് വക സ്ഥലമായിരുന്നു. എന്നാൽ ഈ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച തർക്കങ്ങൾ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് നിലനിൽക്കെ സർക്കാർ പണം ഉപയോഗിച്ച് പ്രസ്തുത സ്ഥലത്ത് പദ്ധതി ആസൂത്രണം ചെയ്യേണ്ടതില്ല എന്നതിനാലാണ് സർക്കാർ സ്ഥാപനമായ സംസ്ഥാന ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം പദ്ധതിക്കായി തിരഞ്ഞെടുക്കപ്പെട്ടത്. ഖാദി ബോർഡിന്റെ പ്രസ്തുത കെട്ടിടം സൗജന്യമായി ലഭ്യമാക്കുന്നതിന് ജില്ലാപഞ്ചായത്ത് പ്രസിഡന്റും വകുപ്പ് മന്ത്രിയും തമ്മിൽ കൂടിയാലോചന നടത്തുകയും അടിയന്തിരമായി സ്ഥലം ലഭ്യമാക്കിക്കൊണ്ടുള്ള ഒരു ആവശ്യമായതിനാലുമാണ് ഖാദി ബോർഡ് സെക്രട്ടറിയിൽ നിന്നും കെട്ടിടം അനുവദിച്ചുകൊണ്ടുള്ള കത്ത് ലഭ്യമാക്കിയത്. |

| | | | |
|---|---|---|---|
| | | കരാറിൽ ഏർപ്പെടുകയും ( നം.47/07-08 തീയതി 24.03.2008) അതിന്റെ അടിസ്ഥാനത്തിൽ 18,47,000/- രൂപ വികലാംഗക്ഷേമ കോർപ്പറേഷന് നൽകുകയും ചെയ്തു. പദ്ധതിയുടെ പ്രവർത്തന കലണ്ടർ പ്രകാരം പദ്ധതി പ്രവർത്തനങ്ങൾ 2007 ഡിസംബറിൽ ആരംഭിച്ച് മാർച്ച് 2008 -ൽ പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് തീയതിവരെ (09/09) വികലാംഗ സഹായോപകരണ നിർമ്മാണശാല പ്രവർത്തനക്ഷമമായിട്ടില്ലയെന്ന് മാത്രമല്ല 2008-09 വർഷത്തെ പദ്ധതി നടപടിക്രമങ്ങളിൽ താഴെപറയുന്ന അപാകതകളും ഉള്ളതായി കാണുന്നു.<br><br>ഈ പദ്ധതിയുമായി 12.02.08 ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി, വികലാംഗക്ഷേമ കോർപ്പറേഷൻ എം.ഡി, ഫോർമാൻ എന്നിവർ ചേർന്ന് നടത്തിയ അന്വേഷണത്തിൽ ആര്യാട് ബ്ലോക്ക് പഞ്ചായത്തിനടുത്തുള്ള 2 കെട്ടിടങ്ങളോടു കൂടിയ 15 സെന്റ് സ്ഥലം പദ്ധതിക്ക് വളരെ അനുയോജ്യമാണെന്നും അമ്പലപ്പുഴ തെക്ക് പഞ്ചായത്തിൽ കെട്ടിടത്തിന് മുൻവശമുള്ള സ്ഥലം ( കണ്ണൻ നമ്പ്യാർ സ്മാരക ട്രസ്റ്റ് വക ) കൊന്നാണ് ഇവർ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചാൽ നിർമ്മാണശാല മാത്രം ആരംഭിക്കാവുന്നതാണെന്നും കണ്ടെത്തിയിരിക്കുന്നു. ഈ വിവരം മാനേജിംഗ് ഡയറക്ടർ 12.02.08 ലെ 03/ ബി2/08/ വി.ക്ഷേ.കോ/എം.ആർ.എസ്.സി നമ്പർ കത്ത് പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. വികലാംഗക്ഷേമ കോർപ്പറേഷൻ തയ്യാറാക്കിയ ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ടിലും പദ്ധതി അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 24.03.08- ലെ കരാറിൽ കേരള സംസ്ഥാന ഗവർണറുടെ വാടകയ്ക്കുള്ള സ്ഥലവും, കെട്ടിടവും പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്ത് കോർപ്പറേഷന് ലഭ്യമാക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാറിലെ 5- ാം നമ്പർ നിബന്ധന പ്രകാരം ജില്ലാ പഞ്ചായത്ത് ലഭ്യമാക്കുന്ന കെട്ടിടത്തിന്റെ പ്രാരംഭ മെയിന്റനൻസ് പ്രവൃത്തികൾ ജില്ലാ പഞ്ചായത്തിന്റെ | ജില്ലാപഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനമായതിനാൽ പ്രസിഡന്റിന്റെ ഇടപെടലിന്റെ ഫലമായി വാടക ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കുന്നതിനായാണ് വാടക കരാറിൽ ഏർപ്പെട്ടിരുന്നത്.<br><br>സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ എം.ഡി. ഉൾപ്പെടെയുള്ളവർ പലതവണ നേരിൽ പരിശോധിച്ച് കെട്ടിടത്തിന്റെ അനുയോജ്യത ബോധ്യപ്പെട്ടതിന്റെയും ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിച്ചതിന്റെയും അടിസ്ഥാനത്തിലാണ് പ്രസ്തുത കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളത്. അടിയന്തിരമായി നിർമ്മാണം പൂർത്തീകരിക്കേണ്ടതിനാലാണ് നിർമ്മിതി കേന്ദ്രത്തിന് ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നും പുറത്തിൽ നിർമ്മാണത്തിന് തുക നൽകേണ്ട സാഹചര്യമുണ്ടായത്. ആയതിനാൽ പരാമർശം ഒഴിവാക്കി നൽകുവാൻ അഭ്യർത്ഥിക്കുന്നു. |

നിയന്ത്രണത്തിലുള്ള എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖാന്തിരം നടത്തുന്നതും പ്രസ്തുത പ്രവൃത്തികൾക്ക് വേണ്ടിവരുന്ന തുക ജില്ലാ പഞ്ചായത്തിൽ നിന്ന് കോർപ്പറേഷന് നൽകുന്ന തുകയിൽ നിന്നും ജില്ലാ പഞ്ചായത്ത് പാസ്സാക്കുന്ന ബിൽ പ്രകാരം കോർപ്പറേഷൻ നൽകുന്നതുമാണ്.

മേൽപ്പറഞ്ഞ ഖാദി ബോർഡ് വക സ്ഥലം വാടക രഹിതമായി ജില്ലാ പഞ്ചായത്തിന് കൈമാറുന്നതാണെന്ന് വ്യവസ്ഥ ഉൾപ്പെടുത്തിയുള്ളതിനാൽ പലതവണ ജില്ലാ പഞ്ചായത്തിൽ നിന്നും കത്തിടപാടുകൾ നടത്തിയതിലും ഖാദിബോർഡിന്റെ അംഗീകാരത്തിന് വിധേയമായി കെട്ടിടങ്ങൾ പ്രതിമാസ വാടക അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന് വിട്ടുതരുന്നതിന് തീരുമാനമായിട്ടുണ്ടെന്ന് ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറി ജില്ലാ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ( കത്ത് നം. കെ.ബി 183/08/കെ.5 തീയതി 12.03.08) എന്നാൽ ഖാദി ബോർഡുമായി വാടക കരാറിൽ ഏർപ്പെടാതെ ജില്ലാ പഞ്ചായത്ത് മേൽപ്പറഞ്ഞ സ്ഥലത്ത് നിർമ്മാണ ശാല ആരംഭിക്കുന്നതിനാവശ്യമായ മെയിന്റനൻസ് പ്രവൃത്തികളും പുറമതിൽ നിർമ്മാണവും നടത്തുകയും താഴെപറയും പ്രകാരം തുക ചെലവാക്കുകയും ചെയ്തു.

| ക്രമ നം. | നടത്തിയ പ്രവൃത്തിയുടെ വിവരം | ചെലവായ തുക | തുക കൈപ്പറ്റിയതിന്റെ വിവരം/ തുക [illegible] | കുറിപ്പ് |
|---|---|---|---|---|
| 1 | മോട്ടോർ സ്ഥാപനം | 3,450/- | ട്രഷറി ബിൽ 183311/08-08-08 | ജില്ലാ പഞ്ചായത്ത് വിഹിതം അനുവദിച്ച് [illegible] കോർപ്പറേഷനിൽ നിന്നും നൽകി |
| 2 | മതിൽ | 31,508/- | [illegible] | ജില്ലാ |

| | | | | | |
|---|---|---|---|---|---|
| | [illegible] | | 183311/06-08-08 | പഞ്ചായത്ത് നിർദ്ദേശം അനുസരിച്ച് നിലവാരമുള്ള കേന്ദ്രങ്ങളിൽ നിന്നും വാങ്ങി | |
| 3 | [illegible] | 1,58,846/- | ആര്യ ഇൻഡസ്ട്രീസ് കോഴിക്കോട് 138548/17-01-09 | ജില്ലാ പഞ്ചായത്ത് നിർദ്ദേശം അനുസരിച്ച് നിലവാരമുള്ള കേന്ദ്രങ്ങളിൽ നിന്നും വാങ്ങി | |
| 4 | [illegible] | ഏകദേശം 56,000/- [illegible] | [illegible] 184800/06-10-08<br><br>ബില്ല് നം.2636414/25.11.08 | ജില്ലാ പഞ്ചായത്ത് നിർദ്ദേശം അനുസരിച്ച് നിലവാരമുള്ള കേന്ദ്രങ്ങളിൽ നിന്നും വാങ്ങി.<br><br>വികലാംഗ വ്യവസായ് [illegible] DPFA 1ൽ നിന്നും വാങ്ങി | |
| ആകെ<br>ചെലവ് ഉൾപ്പെടെ | | 305864/-<br><br>310500/- | | | |

വികലാംഗസൗഹാർദ്ദ ഉപകരണങ്ങളും, ലിഫ്റ്റ് ഫിറ്റിംഗ് സൗകര്യം നിർമ്മിക്കലുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. എന്നാൽ ടി കെട്ടിടവും, സ്ഥലവും ഇത്തരം വ്യവസായ സംരംഭത്തിന് അനുയോജ്യമാണോയെന്നുള്ള സംബന്ധിച്ച സാങ്കേതിക പരിശോധന നടത്തിയിട്ടുള്ളതായോ, തത്സംബന്ധമായ നിർദ്ദേശങ്ങൾ ലഭിച്ചതായോ കാണുന്നില്ല. ആവശ്യമായ സാങ്കേ

| | | | |
|---|---|---|---|
| | | പരിസരത്ത് സൗകര്യങ്ങൾ പരിഗണിക്കാതെയും ഖാദി ബോർഡുമായി കെട്ടിട അവകാശം സംബന്ധിച്ച കരാറിൽ ഏർപ്പെടാതെയും അശാസ്ത്രീയ നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ജില്ലാ പഞ്ചായത്ത് തീരുമാനമെടുക്കുകയും കരാറിന് വിരുദ്ധമായി ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചുറ്റുമതിൽ നിർമ്മാണത്തിന് 56,000/- രൂപ നൽകിയതും ക്രമപ്രകാരമല്ല. പദ്ധതി പണം നൽകി 1.5 വർഷം കഴിഞ്ഞിട്ടും കരാർ പ്രകാരമുള്ള നിർമ്മാണശാലയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ വികേന്ദ്രീകൃത ആസൂത്രണം നൽകിയ ഇനത്തിൽ ജില്ലാ പഞ്ചായത്ത് നിർദ്ദേശാനുസരിച്ച് നൽകിയ തുകകൾ ( 3450+31568+158846+56000+4636 (നികുതികൾ) ഒഴികെയുള്ള 15,82,500/- രൂപ പലിശ സഹിതം വികേന്ദ്രീകൃത ആസൂത്രണത്തിൽ നിന്നും മെയിന്റനൻസ് പ്രവൃത്തികൾക്ക് ചെലവായ 3,10,500/- രൂപ ഖാദി ബോർഡുമായി വാടക സംബന്ധിച്ച് കരാറിൽ ഏർപ്പെടാതെ മെയിന്റനൻസ് പ്രവർത്തികൾക്ക് ചെലവഴിക്കുന്നതിന് തീരുമാനമെടുത്ത ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, സെക്രട്ടറി, എന്നിവരിൽ നിന്നും ഈടാക്കേണ്ടതുമാണ്. ആകെ 1903000/- (18,47000 + 56,000) 2007-08 ൽ 18,47,000/- രൂപ 08.-9 ൽ 56,000/- രൂപ | |

| | | | |
|---|---|---|---|
| 8 | 8.12 | **2015-16**<br><br>**8.12 സ്റ്റീം കിച്ചൺ യൂണിറ്റ് സ്ഥാപിച്ചില്ല- 45,000/- രൂപയുടെ ഉപകരണങ്ങൾ ഉപയോഗശൂന്യമായി.**<br><br>**ആലപ്പുഴ ജില്ലാ പഞ്ചായത്ത്**<br><br>**ഓഡിറ്റ് റിപ്പോർട്ട് 2013-14**<br><br>ഉപകരണങ്ങൾ വാങ്ങി നൽകിയത് ഭൗതിക സാഹചര്യം ഒരുക്കാതെ 2013-14 സാമ്പത്തിക വർഷം വാങ്ങിയ ഉപകരണങ്ങൾ ഇതുവരെയും സ്ഥാപിക്കാതെ ഉപയോഗശൂന്യമായ നിലയിൽ പദ്ധതി മോണിറ്ററിംഗ് നടന്നില്ല<br><br>സർക്കാർ ഹയർ സെക്കന്ററി/ഹൈസ്കൂളുകളോട് ചേർന്നുള്ള എൽ.പി. സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണത്തിന് സ്റ്റീം കിച്ചൺ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 13,50,000/- രൂപ ചെലവഴിച്ച് (മെയിന്റനൻസ് ഗ്രാന്റ്/നോൺ റോഡ് ബിൽ നം.21/31.03.2014) 2013-14 വർഷം നടപ്പാക്കിയ പദ്ധതിയാണിത് ( നം.എസ്.ഒ. 301/14) പ്രസ്തുത പദ്ധതി പ്രകാരം 4,50,000/- രൂപ വിലയുള്ള ഒരു കിച്ചൺ യൂണിറ്റ് ഓരോന്ന് എ.ഡി.വി ഗവൺമെന്റ് ഹൈസ്കൂളിന് നൽകിയെങ്കിലും യൂണിറ്റിന്റെ സാമഗ്രികൾ നാളിതുവരെയും സ്ഥാപിക്കാതെ ഉപയോഗശൂന്യ അവസ്ഥയിലാണ്. എൽ.പി. വിഭാഗത്തിൽ കുട്ടികളുടെ എണ്ണം കുറവായ ഈ സ്കൂളുകളിൽ ഇത്തരമൊരു യൂണിറ്റ് ആവശ്യമില്ലാതിരുന്നതിനാലും ഷെഡ് ഇല്ലാത്തത് കാരണമാണ് യൂണിറ്റ് സ്ഥാപിക്കാത്തതെന്നും സ്കൂൾ അധികൃതർ വിശദീകരിച്ചു. പദ്ധതി വിഭാവനം ചെയ്ത വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ യഥാർത്ഥത്തിൽ സ്റ്റീം കിച്ചൺ ആവശ്യമായ സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കുകയോ യൂണിറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ ഭൗതിക | ആലപ്പുഴ ജില്ലാപഞ്ചായത്തിന്റെ 12-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി എൽ.പി. വിഭാഗത്തോട് കൂടി പ്രവർത്തിക്കുന്ന 3 ഹൈസ്കൂളിൽ ഉച്ചഭക്ഷണ വിതരണത്തിന് സ്റ്റീം കിച്ചൺ സ്ഥാപിക്കുക എന്നതായിരുന്നു പദ്ധതി ലക്ഷ്യം. ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെ 1.5 ലക്ഷം രൂപ ചെലവിലാണ് ഓരോ സ്റ്റീം കിച്ചണും സ്ഥാപിച്ചിട്ടുള്ളത്. ഗവൺമെന്റ് ഹൈസ്കൂൾ മണ്ണഞ്ചേരി, ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ തിരുനല്ലൂർ, എ.ഡി.വി.എച്ച്.എസ്.എസ്. മങ്കൊമ്പ് എന്നീ സ്കൂളുകളെ ടി പദ്ധതിയ്ക്കായി തെരഞ്ഞെടുത്തത് ജില്ലാപഞ്ചായത്ത് യോഗത്തിന്റെ നിർദ്ദേശപ്രകാരമാണ്. ഭൗതിക സാഹചര്യം ഒരുക്കിത്തരാമെന്ന് സ്കൂൾ അധികൃതർ ഉറപ്പ് നൽകിയതിനെ തുടർന്നാണ് ടി പദ്ധതിക്കായി സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുള്ളത്. സ്കൂളുകളിൽ നിലവിലുള്ള കെട്ടിടങ്ങളിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തി സ്റ്റീം കിച്ചൺ പ്രവർത്തനത്തിന് അനുയോജ്യമാക്കാം എന്ന ധാരണയിലാണ് ഈ കാര്യത്തിൽ തീരുമാനം നടപടികൾ സ്വീകരിച്ചത് . എന്നാൽ ഇരു വർഷങ്ങളിൽ സ്കൂളുകളിലെ ഭൗതിക സാഹചര്യം സംബന്ധിച്ച വിവരങ്ങൾ ആരായുകയും ഹൈജിനിക് കിച്ചൺ എന്ന ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ ടൈൽ പാകി അടുക്കളകൾ നവീകരിക്കാൻ സ്കൂളുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നതാണ്. ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ വന്ന അപ്രതീക്ഷിത കാലതാമസവും മറ്റൊന്ന് എ.ഡി.ജി.വി.എച്ച്.എസ്.എസ്. ൽ കെട്ടിടം തകർന്ന് വീണ് വാട്ടർ കണക്ഷൻ നഷ്ടപ്പെട്ടതുമാണ് സ്റ്റീം കിച്ചൺ യഥാസമയം സ്ഥാപിക്കുന്നതിന് തടസ്സമായത്. ഭൗതിക സാഹചര്യം ഒരുക്കിയതിന് ശേഷം 3 സ്കൂളുകളിലും സ്റ്റീം കിച്ചൺ സ്ഥാപിച്ചിട്ടുള്ളതും മികച്ച രീതിയിൽ പ്രവർത്തിച്ച് വരുന്നതുമാണ്. കൂടാതെ ആയതിന്റെ പ്രവർത്തനം നല്ല രീതിയിലാണെന്ന് ഉറപ്പുവരുത്താൻ സ്കൂൾ സമിതിയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയതിനാൽ പരാമർശം ഒഴിവാക്കി നൽകുവാൻ അഭ്യർത്ഥിക്കുന്നു. |

| | | | |
|---|---|---|---|
| | | സാഹചര്യം ഉറപ്പാക്കയോ ചെയ്തില്ല. ടി പ്രകാരം പിന്‍വലിച്ച മൂന്ന് ഇനവും ( ഇന്‍സ്ട്രുമെന്‍റ് പാര്‍ട്ട് സഹിതം) യൂണിക് സിസ്റ്റംസ്, തഴുപ്പ്, ചേര്‍ത്തല, ആലപ്പുഴ എന്ന സ്ഥാപനത്തിന് നല്‍കി നിര്‍വ്വഹണം അവസാനിപ്പിക്കുകയാണുണ്ടായത്. നിര്‍വ്വഹണത്തിലുണ്ടായ വീഴ്ച മൂലമാണ് 4,50,000/- രൂപ നിര്‍വ്വഹണ ഉദ്യോഗസ്ഥന്‍റെ ബാധ്യതയായി നിജപ്പെടുത്തുന്നു.<br><br>പ്രസ്തുത പരാമര്‍ശം സമാഹൃത ഓഡിറ്റ് റിപ്പോര്‍ട്ടിലേക്ക് ശുപാര്‍ശ ചെയ്യുന്ന വിവരം 17.05.2016 ലെ കെ.എസ്.എ-എ.എല്‍.പി/പി9/2016-ാം നമ്പര്‍ കത്ത് പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. | |
| 9 | 4.6.7 | **2016-17**<br><br>• പകല്‍ വീടുകള്‍ I പണി തീര്‍ത്തിട്ടും എല്ലാം പ്രവര്‍ത്തന രഹിതമായ കെട്ടിടങ്ങളും സംവിധാനങ്ങളും മാത്രമായി<br>(ആലപ്പുഴ ജില്ലാ പഞ്ചായത്ത്, ഓ.റി 2015-16 , ഖ. 3.3)<br><br>മുഹമ്മ , ഹരിപ്പാട്, പട്ടണക്കാട്, വെളിയനാട്, മാരാരിക്കുളം (തെക്ക്), ബുധനൂര്‍, മുതുകുളം, ചെന്നിത്തല -തൃപ്പെരുന്തുറ, അരൂര്‍, അമ്പലപ്പുഴ (തെക്ക്) എന്നീ പഞ്ചായത്തുകളില്‍ ആലപ്പുഴ ജില്ലാ പഞ്ചായത്ത്, വിവിധ വര്‍ഷങ്ങളിലെ പദ്ധതികളില്‍ ഉള്‍പ്പെടുത്തി 10 പകല്‍ വീടുകള്‍ നിര്‍മ്മിച്ചിരുന്നു. ഈ കെട്ടിടങ്ങള്‍ നാളിതുവരെയും വൈദ്യുതീകരിച്ചിട്ടില്ല. പകല്‍ വീടുകള്‍ക്കായി പണിത 10 കെട്ടിടങ്ങളില്‍ 8 എണ്ണവും നിര്‍മ്മിച്ചതുമുതല്‍ ഉപയോഗിക്കാതിരിക്കുക വഴി ഇതിലേക്കായി ചെലവഴിച്ച 69,02,621/- രൂപ പാഴ്ചെലവായി. പകല്‍ വീടുകള്‍ പ്രവര്‍ത്തനക്ഷമമല്ലെങ്കിലും ഇവയുടെ ആവശ്യത്തിനായി | ആലപ്പുഴ ജില്ലാ പഞ്ചായത്ത് വിവിധ വാര്‍ഷിക പദ്ധതികളിലുള്‍പ്പെടുത്തി 10 പകല്‍ വീടുകളുടെ നിര്‍മ്മാണം പൂര്‍ത്തീകരിച്ച് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകള്‍ക്ക് കൈമാറിയിരുന്നു. പ്രസ്തുത പകല്‍ വീടുകളില്‍ ആവശ്യത്തിന് ഫര്‍ണിച്ചര്‍ ഇല്ലാത്തതിനാല്‍ പ്രവര്‍ത്തിക്കുവാന്‍ കഴിയുന്നില്ലെന്നും ആയതിനാല്‍ സുഗമമായ നടത്തിപ്പിന് ആവശ്യമായ ഫര്‍ണിച്ചറും ഉപകരണങ്ങളും കൂടി ജില്ലാ പഞ്ചായത്ത് വാങ്ങി നല്‍കണമെന്ന് ഉചിതമായിരിക്കുമെന്ന് ജില്ലാ പഞ്ചായത്ത് ഗ്രാമസഭയില്‍ ഗ്രാമ പഞ്ചായത്ത് പ്രതിനിധികള്‍ ആവശ്യപ്പെട്ടതനുസരിച്ചാണ് 2015-16 വാര്‍ഷിക പദ്ധതിയില്‍ പകല്‍വീടുകള്‍ക്ക് ഫര്‍ണിച്ചര്‍ വാങ്ങുന്നതിന് ജില്ലാപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്ത് നടപ്പാക്കിയത്. ഇപ്രകാരം വാങ്ങിയ ഫര്‍ണിച്ചറുകളും ഉപകരണങ്ങളും 08/10/2016 ന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകള്‍ക്ക് നല്‍കി സ്റ്റോക്ക് എന്‍ട്രി നടത്തി പകല്‍വീടുകളിലേക്ക് മാറ്റി പകല്‍വീടുകളുടെ പ്രവര്‍ത്തനം വയോജനങ്ങള്‍ക്ക് ഉപകാരപ്രദമായ രീതിയില്‍ നടത്തുന്നതിന് നിര്‍ദ്ദേശം നല്‍കിയിരുന്നു.ആയത് പ്രകാരം 10 പകല്‍ വീടുകളും പ്രവര്‍ത്തനം ആരംഭിച്ചിട്ടുള്ളതാണ്. ഇതിനുപുറമെ 5 പകല്‍വീടുകള്‍ |

| | | | |
|---|---|---|---|
| | | ടെലിവിഷൻ, യോഗാമാറ്റ്, ഡോർമാറ്റ്, വെയിംഗ് മെഷീൻ, കാരംസ് ബോർഡ്, ചെസ് ബോർഡ് എന്നിവ വാങ്ങുന്നതിലേക്ക് 2015-16 വർഷം 1,72,200/- രൂപ വിനിയോഗിച്ചിട്ടുണ്ട്. പ്രവർത്തിക്കാത്ത പകൽ വീടുകൾക്കായി ചെലവഴിച്ച ഇതും പാഴ്ച്ചെലവായി. | ഇത് ജില്ലാ പഞ്ചായത്ത് നിർമ്മിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. 13/07/2018 ന് ജില്ലാ പഞ്ചായത്ത് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി നൽകിയ പകൽവീടുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് എല്ലാ പകൽവീടുകളും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുള്ളതാണ്. ജില്ലയിൽ പ്രവർത്തിക്കുന്ന പകൽവീടുകളുടെ പ്രവർത്തനം സംബന്ധിച്ച് ജില്ലാപഞ്ചായത്ത് രേഖാമൂലം അറിയിക്കുകയും, ആയത് ജില്ലാപഞ്ചായത്ത് ഭരണസമിതി ചർച്ചചെയ്ത് എല്ലാ ഡിവിഷൻ മെമ്പർമാർക്ക് നൽകുകയും അവരുടെ നേതൃത്വത്തിൽ എല്ലാ പകൽവീടുകളുടെയും സുഗമമായ നടത്തിപ്പിനായി മോണിറ്ററിംഗ് നടത്തിവരുന്നുണ്ട്. ദേശീയ വയോജന നയ പ്രകാരം വയോജന ക്ഷേമത്തിനായി നടത്തപ്പെടുന്ന സാമൂഹ്യ പൊതുവായ പദ്ധതികളുടെ നടത്തിപ്പിനും പകൽവീടുകൾ വളരെയധികം പ്രയോജനകരമായിട്ടുള്ളതാണ്. ആയതിനാൽ പരാമർശം ഒഴിവാക്കി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. |

| | | | |
|---|---|---|---|
| 2 | 3.12(1) | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് & സ്റ്റാൾ നിർമ്മാണത്തിൽ അപാകതകളും ക്രമക്കേടുകളും<br><br>(2000-2001 ചെലവ് ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2(23))<br><br>എസ്റ്റിമേറ്റ് പരിഷ്കരിച്ച് അനുമതി വാങ്ങാതെ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ആന്റ് സ്റ്റാൾ നിർമ്മാണത്തിൽ എക്സ്ട്രാ ഇനങ്ങൾ ചെയ്തതിനാൽ നഗരസഭയ്ക്ക് 27,77,471/- രൂപയുടെ അധിക ചെലവ്.<br><br>ഷോപ്പിംഗ് കോംപ്ലക്സിന് അടിത്തറ കെട്ടുന്നതിന് മണ്ണ് മാറ്റിയപ്പോൾ പാറ കണ്ടുവെന്നും അത് പൊട്ടിച്ചുമാറ്റുന്നതിന് സംരക്ഷിത ബ്ലാസ്റ്റിംഗ് ആവശ്യമാണെന്നും കരാറുകാരൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റിൽ ഇല്ലാതിരുന്ന പ്രൊട്ടക്ടഡ് ബ്ലാസ്റ്റിംഗ് എന്ന ഇനം ചെയ്തുവെന്ന് രേഖപ്പെടുത്തി 23,35,771/- രൂപ അനുവദിച്ചു. ലാൽ ബഹദൂർ ശാസ്ത്രി സയൻസ് ആന്റ് ടെക്നോളജി സെന്റർ നിർദ്ദിഷ്ട സൈറ്റിൽ ബോറിംഗും മണ്ണ് പരിശോധനയും നടത്തി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഇല്ലാതിരുന്ന ഇനം കരാറുകാരന്റെ ആവശ്യമനുസരിച്ച് എക്സ്ട്രാ ഇനമായി എസ്റ്റിമേറ്റ് പുതുക്കുകയോ അംഗീകാരം വാങ്ങുകയോ ചെയ്യാതെ അനുവദിച്ചത് ക്രമവിരുദ്ധമാണ്. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് നാടൻ ഇഷ്ടികയാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രവൃത്തി ആരംഭിച്ചപ്പോൾ നാടൻ ഇഷ്ടിക ദുർലഭമാണെന്നും വില കൂടുതലാണെന്നും ആയതിനാൽ വയർ കട്ട് ഇഷ്ടിക ഉപയോഗിക്കാൻ അനുവദിക്കണമെന്നും കരാറുകാരന്റെ ആവശ്യം അംഗീകരിക്കുകയാണുണ്ടായത്. എസ്റ്റിമേറ്റ് പുതുക്കുകയോ അംഗീകാരം വാങ്ങുകയോ ചെയ്തില്ല. | <u>ചെങ്ങന്നൂർ നഗരസഭ</u><br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.ഡി.എസ്.എം.റ്റി - യിൽ ഉൾപ്പെടുത്തിയാണ് ടി പ്രോജക്ട് നടപ്പിലാക്കിയത്. മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് & സ്റ്റാൾ നിർമ്മിക്കുന്നതിന് 22/04/1999 ൽ തറക്കല്ലിടുകയും 06/07/2001 -ൽ പണി പൂർത്തിയാക്കി ഉദ്ഘാടനം ചെയ്ത് ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.<br><br>പണി ആരംഭിച്ച് മണ്ണ് നീക്കം ചെയ്തുവരവെ കണ്ടെത്തിയ പാറ പൊട്ടിച്ച് നീക്കുന്നതിന് എക്സ്ട്രാ ഐറ്റം കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിനും, പി.ഡബ്ല്യു.ഡി നിരക്ക് അനുസരിച്ചുള്ള തുക അനുവദിക്കുന്നതിനും 14/07/1999 - ൽ കൂടിയ കൗൺസിൽ യോഗം 8-ാം നമ്പരായി തീരുമാനിച്ചിട്ടുള്ളതും, കൂടാതെ ഇപ്രകാരം പൊട്ടിച്ചെടുക്കുന്ന പാറയിൽ ഉപയോഗ യോഗ്യമായവ കരാറുകാരന് നൽകുന്നതിനും ആയതിന്റെ വില, കൺവേയൻസ് ചാർജ്ജ് ഉൾപ്പെടെ വർക്ക് ബില്ലിൽ നിന്നും തട്ടിക്കിഴിക്കുന്നതിനും തീരുമാനിച്ചു. ഉപയോഗ യോഗ്യമല്ലാത്തത് ബസ് സ്റ്റാന്റിലെ കുണ്ടും കുഴിയും മൂടുന്നതിന് ഉപയോഗിക്കുന്നതിനും ബാക്കിവരുന്നവ നഗരസഭയുടെ ഉടമസ്ഥതയിലുള്ള പെരുങ്കുളത്തെ വസ്തുവിൽ കൊണ്ടിടാനും 25/03/2000 ൽ കൂടിയ കൗൺസിൽ യോഗം തീരുമാനിച്ചിട്ടുള്ളതുമാണ്.<br><br>16/07/1999 - ൽ കൂടിയ കൗൺസിൽ യോഗം നാടൻ ഇഷ്ടികയുടെ ലഭ്യത സംബന്ധിച്ച് ചർച്ച ചെയ്യുകയും പകരം വയർകട്ട് ബ്രിക് ഉപയോഗിക്കാനും അതിലേക്ക് നിയമപ്രകാരമുള്ള കൂടിയ നിരക്ക് അനുവദിക്കാനും 15-ാം നമ്പരായി തീരുമാനിച്ചിട്ടുള്ളതും ടി ഇനങ്ങൾ കൂടാതെ നിർമ്മാണ ഘട്ടങ്ങളിൽ അവശ്യം വേണ്ടിവന്ന പരത്താളം |

| | | | |
|---|---|---|---|
| | | ഇതിനാൽ 4,41,700/- രൂപ അധികചെലവുണ്ടായി. മരാമത്ത് ചട്ടങ്ങൾ ലംഘിച്ച് എസ്റ്റിമേറ്റ് പുതുക്കുകയോ അംഗീകാരം വാങ്ങുകയോ ചെയ്യാതെ എക്സ്ട്രാ ഇനം അനധികൃതമായി അനുവദിക്കപ്പെട്ടതുവഴി 27,77,471/- രൂപയുടെ ക്രമവിരുദ്ധ ചെലവ് കാണുന്നു. നഗരസഭയുടെ ആവശ്യ പ്രകാരം പ്രത്യേക ഓഡിറ്റ് നടത്തുകയായിരുന്നിട്ടും പരിശോധനയ്ക്ക് ആവശ്യമായ ഫയൽ, എൽ.ബി.എസ് മണ്ണ് പരിശോധനാ റിപ്പോർട്ട്, കോൺട്രാക്ടറുമായി ഏർപ്പെട്ട കരാർ, എം. ബുക്കുകൾ എന്നിവ ഹാജരാക്കിയിട്ടില്ല. ഭരണ വകുപ്പിന്റെ വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. | അധിക ഇനങ്ങൾക്കായി തയ്യാറാക്കിയ 66,67,204/- രൂപയുടെ അധിക തുകയിൽ ബോർവെൽ എന്ന ഇനം ഒഴിവാക്കി 65,66,906/- രൂപ എസ്റ്റിമേറ്റിൽ ചേർത്ത് റിവൈസ് ചെയ്യാൻ 28/01/2000 - ൽ കൂടിയ കൗൺസിൽ യോഗം തീരുമാനിച്ചിട്ടുള്ളതും അപ്രകാരം പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതും ആയതിന് കൗൺസിൽ ഭരണാനുമതി നൽകിയതും പുതുക്കിയ എസ്റ്റിമേറ്റിന് സർക്കാരിന്റെ അനുമതിക്ക് അപേക്ഷിക്കുന്നതിനും 20/07/2000 - ൽ കൂടിയ കൗൺസിൽ യോഗം തീരുമാനിച്ചിട്ടുള്ളതാണ്.<br><br>എല്ലാ ഘട്ടങ്ങളിലും നഗരസഭ ഭരണസമിതിയുടെ തീരുമാനങ്ങൾക്കും മേൽനോട്ടങ്ങൾക്കും വിധേയമായും പൊട്ടിച്ചെടുത്ത പാറയിൽ ഉപയോഗ യോഗ്യമായവ കരാറുകാരന് നൽകി കൺവേയൻസ് തുകയുൾപ്പെടെ വില കണക്കാക്കി ബില്ലിൽ കുറവ് ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതും ജനകീയാസൂത്രണ പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ നടത്തിയ പദ്ധതി എന്ന പരിഗണന നൽകിയും ഏകദേശം 20 വർഷങ്ങൾക്ക് മുമ്പ് പണിയാരംഭിച്ച് 2001 ൽ പൂർത്തീകരിച്ച് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നതിനാലും ടി വിശദീകരണം അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു. |

| ക്രമ നം | ഖണ്ഡിക നം. | ഓഡിറ്റ് പരാമർശം | നടപടി വിശദീകരണ പത്രിക |
|---|---|---|---|
| 1 | 4.11(1) | കാലിത്തൊഴുത്ത് നിർമ്മാണം ക്രമവിരുദ്ധമായി സബ്സിഡി നൽകി<br>നഗരസഭയുടെ കാലിത്തൊഴുത്ത് നിർമ്മാണ പദ്ധതിയുടെ നിർവ്വഹണത്തിൽ ക്രമവിരുദ്ധമായി സബ്സിഡി നൽകിയതായി കാണുന്നു. ഇതിനാൽ പദ്ധതി വിഹിതം 135743/–രൂപ അധികം ചെലവായി. 1999–2000 ൽ ആവിഷ്കരിച്ച് 2000–01 ൽ സീനിയർ വെറ്ററിനറി സർജൻ നിർവ്വഹിച്ച പദ്ധതിയിൽ 4860/–രൂപ ചെലവു വരുന്ന 90 ചതുരശ്ര അടി വിസ്തീർണ്ണമുള്ള തൊഴുത്ത് നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്. പദ്ധതി വിഹിതവും ഗുണഭോക്തൃവിഹിതവും സ്വരൂപിച്ച് പദ്ധതി നടപ്പാക്കേണ്ടതുണ്ട്. പദ്ധതിയുടെ ധനകാര്യ വിശകലനം അനുസരിച്ച് ഗുണഭോക്തൃവിഹിതത്തിൽ 50% ഗുണഭോക്താവ് നഗരസഭയിൽ അടയ്ക്കണമെന്നും ബാക്കി 50% സന്നദ്ധ സേവനമായി നിറവേറ്റണമെന്നും നിഷ്കർഷിച്ചിരുന്നു. എന്നാൽ ഗുണഭോക്താവ് സ്വയം വഹിക്കേണ്ട സന്നദ്ധസേവനത്തിന് ഉൾപ്പെടുത്തിയിരുന്ന തുക കൂടി പദ്ധതി വിഹിതത്തിൽ നിന്നും നൽകിയായിരുന്നു | **മാവേലിക്കര നഗരസഭ**<br>2000–01 കാലിത്തൊഴുത്ത് നിർമ്മാണം ഒരു യൂണിറ്റിന് 4860/–രൂപ നിരക്കിൽ 200 പേർക്ക് നടപ്പാക്കേണ്ട പദ്ധതിയായിരുന്നു. 111 പേർ നിർമ്മാണം പൂർത്തീകരിച്ചിരുന്നു. 2001 ൽ ടി പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന വിരമിച്ച സീനിയർ വെറ്ററിനറി സർജനായ ഡോ. വിജയകുമാറിനെ ടി ഓഡിറ്റ് പരാമർശം അറിയിച്ചതനസുരിച്ച് മാവേലിക്കര നഗരസഭാ കൗൺസിൽ മുമ്പാകെ ഒരു അപേക്ഷ സമർപ്പിച്ചു. ടി അപേക്ഷയിൽ നഗരസഭാ പരിധിയിലെ പാവപ്പെട്ട ക്ഷീരകർഷകരുടെ കറവപ്പശുക്കളുടെ പരിരക്ഷയ്ക്കും ഉൽപ്പാദന വർദ്ധനവിനുമായി വിഭാവനം ചെയ്യപ്പെട്ട ടി പ്രോജക്ട് തുടർച്ചയായ രണ്ടുവർഷം ഒരു യൂണിറ്റു പോലും നടപ്പാക്കാതെ പോവുകയും 2000–01 ലും സ്പിൽ ഓവറായി മാറുകയും ചെയ്ത സാഹചര്യത്തിൽ അന്നത്തെ മുനിസിപ്പൽ കൗൺസിലിന്റെ താൽപ്പര്യ പ്രകാരവും നിർവ്വഹണ ഉദ്യോഗസ്ഥന്റെ അശ്രാന്ത പരിശ്രമവും മൂലമാണ് ടി പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അപേക്ഷയിൽ സൂചിപ്പിച്ചിരുന്നു. ടി വിവരങ്ങൾ കൗൺസിൽ പരിഗണനയ്ക്കായി സമർപ്പിക്കുകയും 27.07.10 ലെ നഗരസഭാ കൗൺസിലിന്റെ 13–ാം നമ്പർ തീരുമാന പ്രകാരം സീനിയർ വെറ്ററിനറി സർജന് പ്രോജക്ട് നടപ്പാക്കുന്നതിലുണ്ടായ നോട്ടപ്പിശക് മാപ്പാക്കുന്നതിനും ടിയാനിൽ നിന്നും തുക ഈടാക്കുന്നത് ഒഴിവാക്കുന്നതിനും സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് സംബന്ധിച്ച അന്തിമ തീരുമാനം |

315

| | | | |
|---|---|---|---|
| | | | ബഹു: നിയമസഭാ സമിതിയിൽ നിക്ഷിപ്തമാണെന്നതിനാൽ നഗരസഭയുടെ അപേക്ഷ ബഹു: സർക്കാർ നിരസിച്ചിട്ടുള്ളതുമാണ്. ആയത് റിട്ട. സീനിയർ വെറ്ററിനറി സർജനെ അറിയിച്ചിട്ടുള്ളതും, ഓഡിറ്റ് പരാമർശ തുകയായ 135743/-രൂപയും, 18% പലിശയും ഒടുക്കുന്നതിന് ടിയാന് അറിയിപ്പ് നൽകിയിട്ടുള്ളതുമാണ്. ആയതിനാൽ 27.07.10 ലെ നഗരസഭാ കൗൺസിലിന്റെ ശുപാർശ പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കിതരണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു. കൗൺസിൽ തിരുമാനത്തിന്റെ പകർപ്പ് അനുബന്ധം (1 )ആയി ചേർക്കുന്നു. |
| 2 | 4.12(1) | എൻ.എസ്.ഡി.പി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കമ്മ്യൂണിറ്റി ലാട്രിൻ - പ്രയോജനം ലഭ്യമാക്കാനായില്ല.<br><br>2003-04 ലെ കേരള വികസന പദ്ധതിയുടെ ഭാഗമായി വ്യക്തിഗത കക്കൂസും കുളിമുറിയും സ്ഥാപിക്കാൻ സ്ഥലസൗകര്യമില്ലാത്തയിടങ്ങളിൽ താമസിക്കുന്ന പുത്തൻകണ്ടം കോളനിയിലെ (വാർഡ് 8) ദാരിദ്ര രേഖയ്ക്ക് താഴെയുള്ള 50 കുടുംബങ്ങൾക്ക് ഉപയോഗിക്കുന്നതിനായി ദേശീയ ചേരി വികസന പദ്ധതിയുടെ ഫണ്ടുപയോഗിച്ച് 303240/- രൂപ ചെലവിൽ 03.01.2005 ൽ നിർമ്മാണം പൂർത്തിയാക്കിയ പൊതു കക്കൂസും കുളിമുറിയും വൈദ്യുതീകരണത്തിന്റെയും വാട്ടർ കണക്ഷന്റെയും അഭാവത്തിൽ നാളിതുവരെ ഉപയോഗക്ഷമമാകാതെ അവശേഷിക്കുന്നു, പദ്ധതി വിഹിതം ഉപയോഗ രഹിതമായി കിടക്കുന്നതൊഴിവാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ് | <u>കായംകുളം നഗരസഭ</u><br><br>2003-04 ലെ കേരള വികസന പദ്ധതിയുടെ ഭാഗമായി വ്യക്തിഗത കക്കൂസും കുളിമുറിയും സ്ഥാപിക്കാൻ സ്ഥലസൗകര്യം ഇല്ലാത്ത ഇടങ്ങളിൽ താമസിക്കുന്നവർക്കായാണ് പുത്തൻകണ്ടം കോളനിയിൽ കമ്മ്യൂണിറ്റി ലാട്രിൻ നിർമ്മിച്ചത്.<br><br>പ്രസ്തുത ലാട്രിൻ 2014-15 വരെയും നല്ല രീതിയിൽ ഉപയോഗിച്ചുവരുന്നുമുണ്ടായിരുന്നു. എന്നാൽ തോടിന്റെ പാർശ്വഭിത്തിക്കുണ്ടായ ബലക്ഷയം മൂലം സ്പെറ്റിക് ടാങ്കിന് ചരിവു സംഭവിക്കുകയും, കെട്ടിടത്തിന്റെ ഭിത്തിക്ക് വിള്ളലുണ്ടാകുകയും ചെയ്തു. ഈ കാലയളവിനുള്ളിൽ പുത്തൻ കണ്ടം കോളനിയിലെ എല്ലാ വീടുകളിലും ടോയ്‌ലറ്റ് സംവിധാനം നിലവിൽ വരുകയും ചെയ്തതിനെ തുടർന്ന് പൊതുജനം കമ്മ്യൂണിറ്റി ലാട്രിൻ ഉപയോഗിക്കുന്നത് ഒഴിവാക്കിയിരുന്നു.<br><br>പ്രസ്തുത ടോയ്‌ലറ്റ് വീണ്ടും പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചുവരുന്നു എന്നുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |

316

| | | |
|---|---|---|
| 4.12(2) | വനിതാ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നിർമ്മാണം – പദ്ധതിധനം – ഉപയോഗരഹിതമായി<br><br>ചെറുകിട വനിതാ വ്യവസായ യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകുന്നതിനായി ജനകീയാസൂത്രണത്തിന്റെയും കേരള വികസന പദ്ധതിയുടെയും ഭാഗമായി 2048100/- രൂപ ചിലവിൽ 2004 ൽവനിതാ ഇൻഡസ്ട്രിൽ എസ്റ്റേറ്റ് നിർമ്മാണം പൂർത്തിയാക്കി. എന്നാൽ വ്യവസായ യൂണിറ്റുകൾ ഒന്നും നാളിതുവരെ സ്ഥാപിച്ചിട്ടില്ല. പദ്ധതി തുക 20 ലക്ഷത്തിലധികം ചെലവഴിച്ചിട്ടും പദ്ധതി ലക്ഷ്യം കൈവരിക്കാതെ വർഷങ്ങളായി ഉപയോഗരഹിതമായി കിടക്കുന്ന സാഹചര്യം നിലനിൽക്കുന്നു. | <u>കായംകുളം നഗരസഭ</u><br><br>കായംകുളം നഗരസഭ 24-ാം വാർഡിൽ നഗരസഭ വാങ്ങിയ 83 സെന്റ് സ്ഥലത്ത് നഗരസഭാ പ്രദേശത്ത് വസിക്കുന്ന വനിതാ സംരംഭകർക്ക് വ്യവസായ സംരംഭം ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ 2003-04 പ്രോജക്ട് തയ്യാറാക്കി 05.03.2004 ൽ എഗ്രിമെന്റ് വച്ച് പണി ആരംഭിച്ചു. 20 മീറ്റർ നീളവും, 6 മീറ്റർ വീതിയുമുള്ള 3 ഷെഡുകൾ കെട്ടി 31.03.2007 ൽ പണി പൂർത്തീകരിച്ചു. ബഹു. നഗരസഭാ കൗൺസിലിന്റെ 25.10.2008 ലെ ഏഴാം നമ്പർ തീരുമാനത്തോടെ ടി കെട്ടിടങ്ങൾ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് തയ്യാറുള്ള വനിതകൾക്ക് വ്യവസായം നടത്തുന്നതിന് ലേലം/ക്വട്ടേഷൻ ക്ഷണിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. ആയതിൻ പ്രകാരം 25.10.2008 ലെ ഏഴാം നമ്പരായുള്ള ബഹു. കൗൺ തീരുമാന പ്രകാരം ചതുരശ്രമീറ്ററിന് 2/- രൂപ നിരക്കിൽ മിനിമം ലൈസൻസ് ഫീസ് നിശ്ചയിക്കുകയും, വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ താല്പര്യമുള്ള വനിതകൾക്ക് നൽകാൻ കഴിയുന്ന ഡിപ്പോസിറ്റ്, ലൈസൻസ് ഫീസ് എന്നിവ രേഖപ്പെടുത്തിയ ഓഫറുകൾ നൽകാവുന്നതാണെന്ന നിബന്ധനയിൽ ലേലം നടത്തുന്നതിന് തീരുമാനിച്ചു. എന്നാൽ 26.11.2008 ൽ ലേലം ക്വട്ടേഷൻ പ്രകാരം ഓരോ ഷെഡിന് ഒരു ക്വട്ടേഷൻ വീതം സെക്രട്ടറി, കായംകുളം വ്യാപാരി വ്യവസായി സഹകരണ സംഘം ക്ലിപ്തം നം എ 1091 കായംകുളം നഗരസഭയിൽ സമർപ്പിച്ചിട്ടുള്ളതും, ആയത് നെഗോഷിയേറ്റ് ചെയ്യുന്നതിന് അറിയച്ചത് പ്രകാരം 10.12.2008 ന് സഹകരണ സംഘം സെക്രട്ടറി നേരിൽ ഹാജരായി ക്വട്ടേഷനിൽ ക്വാട്ട് ചെയ്ത നിരക്കിൽ 3% കൂടുതൽ നൽകുവാൻ അറിയിച്ചിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| | | | 29.01.2009 ലെ 11-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ടി വ്യവസായ വികസന കോംപ്ലക്സിലെ ഓരോ ഹാളിനും 4367/- രൂപ 2583/- രൂപ, 4390/- രൂപ പ്രതിമാസം ലൈസൻസ് ഫീസ് ഈടാക്കേണ്ടതും, 12 മാസത്തെ ലൈസൻസ് ഫീസിന് തുല്യമായ തുക ഡിപ്പോസിറ്റായി ഒടുക്കേണ്ടതും, വനിതാ വ്യവസായ സംഘങ്ങൾക്ക് മാത്രമേ ടി ഹാളുകൾ ഉപയോഗിക്കാൻ പാടുള്ളൂയെന്നും, കുത്തക കാലാവധി 31.03.2010 വരെ ആയിരിക്കുന്നതാണെന്ന് തീരുമാനിച്ചിട്ടുള്ളതുമാണ്.<br><br>നഗരസഭയിലെ കടമുറികളുടെ ലൈസൻസ് കാലാവധി നിലവിൽ ഒരു വർഷത്തേക്കാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ സഹകരണ സംഘത്തിന് വനിതാ വ്യവസായ യൂണിറ്റ് തുടങ്ങുന്നതിന് ബാങ്കിൽ നിന്നും ലോൺ ലഭിക്കണമെങ്കിൽ മിനിമം 10 വർഷക്കാലാവധിയിൽ ലൈസൻസ് അനുവദിക്കണമെന്നുള്ള അപേക്ഷ കൗൺസിലിന്റെ 31.3.2010 ലെ ണ്ടാം നമ്പർ തീരുമാന പ്രകാരം 01.04.2010 മുതൽ 10 വർഷക്കാലത്തിലേക്ക് ടി കെട്ടിടം പ്രസ്തുത സംഘത്തിന് വർഷം തോറും 5% ലൈസൻസ് ഫീസ് വർദ്ധനവോടെ വിട്ടുകൊടുക്കുന്നതിന് തീരുമാനിച്ചു. ടി കൗൺസിൽ തീരുമാനം നിയമപരമായ സർക്കാരിന്റെ സാധൂകരണത്തിനായി 11.10.2010 ൽ സമർപ്പിച്ചെങ്കിലും അന്തിമ തീരുമാനമായിട്ടില്ലാത്തതാണ്.<br><br>ടി കൗൺസിൽ തീരുമാന പ്രകാരം സെക്രട്ടറി, വ്യാപാരി വ്യവസായി സഹകരണ സംഘം ക്ലിപ്തം നം എ-1091 2017-18 സാമ്പത്തിക വർഷം വരെ (03.2018വരെ) വർഷം തോറം 5% ലൈസൻസ് ഫീസ് വർദ്ധനവ് വരുത്തി നഗരസഭയിൽ ഒടുക്കിവരുത്തിയിട്ടുള്ളതാണ്. (2017-18 വർഷം ഓരോ ഷെഡിനും 6770/-, 4010/- 6800/- രൂപാ വീതം ലൈസൻസ് ഫീ |

ഒടുക്കിയിട്ടുള്ളതാണ്.)

24-ാം വാർഡിലെ എ.ഡി.എസ് ചെയർപേഴ്സൺ ശ്രീമതി. ആരിന, സെക്രട്ടറി ശ്രീമതി. ഷീബ എന്നിവർ ടി വാർഡിലെ 30 കുടുംബശ്രീ പ്രവർത്തകർ ഉണ്ടെന്നും, ടി ആളുകൾക്ക് വിവിധ യൂണിറ്റുകൾ തുടങ്ങുന്നതിന് ടി കെട്ടിടം അനുവദിച്ചുനൽകുന്നതിന് 10.11.2017 ൽ അപേക്ഷ നൽകുകയും, നഗരസഭയിലെ 37-ാം വാർഡ് കൗൺസിലർ ശ്രീമതി. ആറ്റക്കുഞ്ഞ് ടി ആളുകളുടെ വാർഡിൽ ഹാൻഡ് ലും തുണിത്തരങ്ങൾ നെയ്യുന്നതിന് കുടുംബശ്രീ പ്രവർത്തകർക്ക് സ്ഥലം അനുവദിച്ചു നൽകുന്നതിന് 12.03.2018 ൽ കത്ത് നൽകുകയുണ്ടായി.

ടി രണ്ട് അപേക്ഷകളും കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും, 31.03.2018 ലെ 6(എ.ബി.സി) നമ്പർ കൗൺസിൽ താഴെപ്പറയുന്ന തീരുമാനം ആയിട്ടുള്ളതുമാണ്.

6(എ) വ്യാപാരി വ്യവസായി സംഘത്തിന്റെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനും, ടി സ്ഥാപനം ഉചിതമായ വർദ്ധനവ് വരുത്തിക്കൊണ്ടും കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു.

6(ബി) കുടുംബശ്രീ യൂണിറ്റുകൾക്ക് പ്രസ്തുത കെട്ടിടം വാടകയ്ക്ക് നൽകുമ്പോൾ ഡിപ്പോസിറ്റ് ഒഴിവാക്കുന്നതിന് സർക്കാർ അനുമതിയ്ക്കായി അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.

6(സി) പ്രസ്തുത കെട്ടിടം ചട്ടങ്ങൾ മറികടന്ന് കൗൺസിൽ തീരുമാനത്തിന് വിരുദ്ധമായി വാടകയ്ക്ക് നൽകിയത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് തീരുമാനിച്ചു.

| | | | |
|---|---|---|---|
| | | | ടി കൗൺസിൽ തീരുമാനത്തെതിരെ WP© No. 16856/2018(F) പ്രകാരം സെക്രട്ടറി വ്യാപാരി വ്യവസായി സഹകരണ സംഘം ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ളതും, ഇടക്കാല സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതുമാണ്. നിലവിൽ കേസ് നടന്നുവരുന്നതുമാണ്. ഇടക്കാല സ്റ്റേ ഉത്തരവ് നിലനിൽക്കുന്ന സാഹചര്യത്തിൽ ടി സ്റ്റേ നീക്കുന്നതിനുള്ള സത്വര നടപടികൾ നഗരസഭ സ്വീകരിച്ചുവരുന്നു. |
| | 4.12(3) | കൊതുകു നിവാരണം -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br><br>കേരള വികസന പദ്ധതിയിൽ കൊതുകു നിവാരണത്തിനായി 2004-05 ൽ 200000/- രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കിയിരുന്നു. പദ്ധതിക്ക് ഡി.ഡി.പി അംഗീകാരം ലഭിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. (ഫയൽ നം. 17740/04) പദ്ധതി പ്രകാരം കൊതുകു നിവാരണത്തിനായി പരിശീലനം നൽകുക, പ്രവർത്തർക്ക് യൂണിഫോം വാങ്ങുക, ആവശ്യമായ പമ്പുസെറ്റും, കീടനാശിനിയും വാങ്ങുക തുടങ്ങിയവയായിരുന്നു ലക്ഷ്യമിട്ടിരുന്നത്. ഇതിന്റെ ഭാഗമായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും 71000/- രൂപയ്ക്ക് 40 പിത്തളയിൽ നിർമ്മിതമായതും 8 ലിറ്റർ ശേഷിയുള്ളതുമായ ഹാൻഡ് പമ്പ് വാങ്ങിയിട്ടുണ്ട്. 30.03.2005 ലെ നോട്ട് പ്രകാരം 04.04.2005 ൽ 853773 നമ്പർ ചെക്ക് പ്രകാരം തുക നൽകി. ലഭിച്ച പമ്പുകൾ സ്റ്റോക്കിൽ ചേർത്തതായുള്ള സർട്ടിഫിക്കറ്റ് | കായംകുളം നഗരസഭ<br><br>2004-05 കാലഘട്ടത്തിൽ ചിക്കൻ ഗുനിയയും, ജപ്പാൻ ജ്വരവും ഉൾപ്പടെയുള്ള കൊതുക് ജന്യ പകർച്ച വ്യാധികൾ വ്യാപകമായതിനെ തുടർന്നാണ് സമ്പൂർണ്ണ കൊതുക് നിവാരണ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചത്. നഗരസഭയിലെ മുഴുവൻ വാർഡുകളിലേയും, എല്ലാ വീടുകളിലും സ്പ്രേയിംഗ് നടത്തുകയായിരുന്നു ലക്ഷ്യം. ഇതിനായി ഓരോ വാർഡിലും തെരഞ്ഞെടുത്ത 2 കുടുംബശ്രീ അംഗങ്ങളെ വീതം പരിശീലനം നൽകി നിയമിച്ചിരുന്നു. സ്പ്രേയിംഗിനുള്ള മരുന്ന് നഗരസഭയാണ് നൽകിയിരുന്നത്. ഓരോ വീടുകളിൽ നിന്നും 10/- രൂപയാണ് കുടുംബശ്രീ പ്രവർത്തകർക്ക് പ്രതിഫലമായി ലഭിച്ചിരുന്നത്. 3 വർഷത്തിലധികം ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയിരുന്നു. തുടർന്ന് പമ്പുകൾ റിപ്പയർ ചെയ്യാൻ കഴിയാത്ത വിധത്തിൽ കേടുവരുകയും, വീട്ടുകാർ പദ്ധതിയുമായി സഹകരിക്കാതെ വന്നതിനെ തുടർന്ന് കാലക്രമേണ പദ്ധതി പ്രവർത്തനം മന്ദീഭവിക്കുകയുമായിരുന്നു. കൊതുക് ജന്യ രോഗങ്ങൾ വ്യാപകമായതിനെ തുടർന്ന് നഗരസഭയിലെ |

| | | | |
|---|---|---|---|
| | | ബോധ്യപ്പെടുത്തിയിട്ടുമില്ല. പമ്പുസെറ്റുകൾ വാങ്ങിയതല്ലാതെ പദ്ധതിരേഖയിൽ സൂചിപ്പിരുന്ന യാതൊരു നടപടിയും തുടർന്ന് സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല.<br><br>നഗരസഭയിൽ തന്നെ കൊതുകു നിവാരണത്തിനായി പ്രത്യേക വിഭാഗവും, സജ്ജീകരണവും ഉള്ളപ്പോൾതന്നെ, ഇതിനായി ഒരു പദ്ധതി ആസൂത്രണം ചെയ്യുകയും എന്നാൽ വിഭാവനം ചെയ്ത രീതിയിൽ ഇത് നടപ്പാക്കാതിരുന്നതും ശരിയായ നടപടിയല്ല. പദ്ധതി ശരിയായ രീതിയിൽ നിർവ്വഹിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. | ശുചീകരണ വിഭാഗം ജീവനക്കാരെ മാത്രം ഉപയോഗിച്ച് എല്ലാ വീടുകളിലും സ്പ്രേയിംഗ് നടത്താൻ കഴിയാത്തതിനാലാണ് കുടുംബശ്രീ അംഗങ്ങളെ നിയോഗിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കിയത്. കേടുവന്ന് ഉപയോഗശൂന്യമായ മുഴുവൻ പമ്പുകളും തിരികെ വാങ്ങി നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ളതാണ് ആയവ ഉപയോഗശൂന്യമാണ്.<br><br>ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന അപാകതകൾ ഒഴിവാക്കാൻ ശ്രമിക്കുന്നതാണ്. |

**ലോക്കൽ അക്കൗണ്ട്സ് കമ്മിറ്റി 2016 –17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള നടപടി വിശദീകരണ പത്രിക**

<table>
<tr><th>ക്രമ നം</th><th>ഖണ്ഡിക നം.</th><th>ഓഡിറ്റ് പരാമർശം</th><th>നടപടി വിശദീകരണ പത്രിക</th></tr>
<tr><td>1</td><td>4.7.1</td><td>കായംകുളം നഗരസഭ – പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങാതെ 3.5 കോടി രൂപ റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചു.<br><br>(കായംകുളം നഗരസഭ, ആലപ്പുഴ ജില്ല ഒ.റി 2014–15, ഖ 3–2)<br><br>2013–14 വർഷം ആരംഭിച്ച് 2014–15 ല് സ്പിൽ ഓവർ പദ്ധതിയായി അംഗീകാരം വാങ്ങി വികസന ഫണ്ടിൽ നിന്നും 3.5 കോടി രൂപ കളക്ടറുടെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചു. എന്നാൽ താഴെപ്പറയുന്ന വികസന പദ്ധതികൾക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് ഇപ്പോഴും സാഫല്യത്തിലെത്തിക്കുവാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല.<br><br>
<table>
<tr><th>ക്രമ നം</th><th>പദ്ധതിയുടെ പേര്</th><th>പ്രോജക്ട് നം.</th><th>13–14 വർഷം നിക്ഷേപിച്ച തുക</th><th>14–15 വർഷം നിക്ഷേപിച്ച തുക</th><th>ആകെ നിക്ഷേപം</th></tr>
<tr><td>1.</td><td>അറവുശാലയ്ക്ക് സ്ഥലമെടുപ്പ്</td><td>131/14 100/15</td><td>5000000 309995/31.03.14</td><td>2500000 792409/8.04.15</td><td>7500000</td></tr>
<tr><td>2</td><td>സ്റ്റേഡിയം സ്ഥലമെടുപ്പ്</td><td>129/14 089/15</td><td>7500000 309994/31.03.14</td><td>12500000 792411/8.04.15</td><td>20000000</td></tr>
<tr><td>3</td><td>റോഡ്</td><td>130/14</td><td>2000000</td><td>5000000</td><td>7000000</td></tr>
</table>
</td><td>കായംകുളം നഗരസഭ<br><br>നഗരസഭയുടെ വിവിധ പദ്ധതികൾക്കായി സ്ഥലം ഉഭയകക്ഷി സമ്മത പ്രകാരം ഏറ്റെടുക്കുന്നതിന് 2013–14 വർഷത്തിലാണ് നഗരസഭ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. സ്ഥലമെടുപ്പ് നടപടികൾ തുടർന്ന് വരുമ്പോൾ ആയതിനുള്ള ഫണ്ടിന് അഭാവം ഉണ്ടാകാതിരിക്കുന്നതിന് വേണ്ടിയാണ് പദ്ധതികാലയളവില്തന്നെ തുക വകയിരുത്തിയത്. തന്നെയുമല്ല ഏറ്റെടുക്കുന്ന നടപടികൾക്കുള്ള അനുമതി ലഭിക്കുന്നതിനുള്ള അപേക്ഷയിൽ ഫണ്ട് ലഭ്യത സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടത് ഉണ്ടായിരുന്നു. പ്രസ്തുത സാഹചര്യത്തിന്റെ മുൻകൂർ തുക വകയിരുത്താതെ ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ ആകുമായിരുന്നില്ല. ആയതിനാലാണ് ടി തുക നഗരസഭ പദ്ധതിയി ഉൾപ്പെടുത്തി സർക്കാർ അനുമതിയോടെ കളക്ടറുടെ വർക്ക് ഡിപ്പോസിറ്റ് ഫണ്ടിൽ അടവാക്കിയിട്ടുള്ളത്.<br><br>അറവുശാലയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് ഉടമകളുടെ സമ്മതപത്രം ലഭിക്കാത്തതിനാൽ അക്വയർ ചെയ്യുന്നതിന് മന്ത്രാനുമതിക്കായി സർക്കാരിലേക്ക് അപേക്ഷിച്ചിട്ടുള്ളതാണ്. നിലവിലുള്ള 25 സെന്റ് സ്ഥലത്ത് ആധുനിക അറവുശാല നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്നും അറിയിച്ചുകൊള്ളുന്നു.<br><br>( )</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| | ഐ.ടി.ഐ | 152/15 | 308853/31.03.14 | 782410/8.04.15 | |
| | | ആകെ | 15000000 | 20000000 | 35000000 |

സ്ഥലമെടുപ്പ് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ, മുകളിൽ പരാമർശിച്ചിരിക്കുന്ന 3 പദ്ധതികൾക്കും കൂടി, കായംകുളം നഗരസഭാ പ്രദേശത്തുള്ള 139.51 ആർ നിലം ഏറ്റെടുക്കുന്നതിന് നഗരസഭ തീരുമാനിച്ചു. എന്നാൽ ഭൂവുടമകളുമായി സംസാരിച്ച് ധാരണയിലെത്തുകയോ സർക്കാർ ഉത്തരവ് (എം.എസ്)നം. 9/2008/6.ത.സ്വ.ഭ.വ തീയതി 7.01.08 പ്രകാരം മൂല്യം തിട്ടപ്പെടുത്തുകയോ ചെയ്തില്ല. ആയതിനാൽ വകയിരുത്തിയ തുക ജില്ലാ കളക്ടറുടെ റ്റി.എസ്.ബി അക്കൗണ്ടിൽ , നിക്ഷേപിച്ചു.

നഗരസഭ മേൽ ചേർത്ത പട്ടികയിൽ പരാമർശിച്ചിരിക്കുന്ന പദ്ധതികൾക്കുവേണ്ടി വാങ്ങുവാൻ ഉദ്ദേശിച്ച സ്ഥലം അതാത് പദ്ധതികൾക്ക് അനുയോജ്യമാണെന്ന് ഉത്തരവാദിത്തപ്പെട്ട സ്ഥാനീയരിൽ നിന്നും വാങ്ങിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

നഗരസഭ വാങ്ങുവാൻ ഉദ്ദേശിച്ച 139.51 ആർ സ്ഥലം റവന്യൂ വകുപ്പിന്റെ രേഖകൾ പ്രകാരം നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 ന്റെ പരിധിയിൽ വരുന്നതാണെന്നും അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഈ സ്ഥലം നിർദ്ദിഷ്ട പദ്ധതികൾക്ക് ഉപയോഗപ്പെടുത്തുവാൻ സാധിക്കുമോയെന്നുള്ളത് സ്ഥിരീകരിച്ചിട്ടില്ല.

2010–11 സാമ്പത്തികവർഷം കായംകുളം നഗരത്തിൽ പരിമിതമായ സൗകര്യത്തിൽ പ്രവർത്തനമാരംഭിച്ച ഗവ.

സ്റ്റേഡിയം സ്ഥലമെടുപ്പ് സമ്മതപത്രം ലഭ്യമല്ലാത്തതിനാൽ അക്വയർ ചെയ്യുന്നതിനുള്ള ഭരണാനുമതിയ്ക്കായി ബഹു. സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുകയാണ്. ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നതാണ്

ഗവ. ഐ.ടി.ഐ സ്ഥലമെടുപ്പ് – ഉടമകളുടെ സമ്മതപത്രം ലഭ്യമായിട്ടുണ്ടെങ്കിലും ടി സ്ഥലത്തേക്കുള്ള വഴി സ്റ്റേഡിയത്തിന് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിലൂടെ ആയതിനാലും ടി രണ്ട് സ്ഥലങ്ങളും ഒരുമിച്ച് കിടക്കുന്നതിനാൽ, ഐ.ടി.ഐ യുടെ സ്ഥലത്തേക്ക് വഴി സൗകര്യം ഇല്ലായെന്ന കാരണവശാൽ പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് കഴിഞ്ഞിട്ടില്ലാത്തതാണ്.

നിലവിലെ അവസ്ഥ

കായംകുളം വില്ലേജിൽ റീ-സർവ്വേ നം. 113/26, 26–2, 139/48, 49 എന്നിവയിൽ ഉൾപ്പെട്ട മൈക്കൽ സ്ഥലം ഗവ. ഐ.ടി.ഐ സ്ഥാപിക്കുന്നതിലേക്കായി ഏറ്റെടുക്കുന്നതിനായി ബഹു. നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്. ഉടമകക്ഷി സമ്മതപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി ഉത്തരവായിരുന്നെങ്കിലും, വസ്തു ഉടമകളുടെ സമ്മതപത്രം, അലൈൻമെന്റ് സ്കെച്ച് എന്നിവ ലഭ്യമാകാത്തതുമൂലം ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസ്സം നേരിട്ടിട്ടുള്ളതാണ്. എന്നാൽടി സ്ഥലം ഏറ്റെടുക്കുന്ന ആവശ്യത്തിലേക്ക് 2013–14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 25 ലക്ഷം രൂപ 2014–15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 5000000/- രൂപ എന്നിവ ടി വസ്തു നിശ്ചിത സമയപരിധിക്കുള്ളിൽ ഏറ്റെടുക്കാൻ സാധിക്കാത്തതിനാൽബഹു. ജില്ലാ കളക്ടറുടെ വർക്ക്

| | | | |
|---|---|---|---|
| | | ഐ.ടി.ഐ ക്ക് ആവശ്യമായ സ്ഥല സൗകര്യം ലഭ്യമാക്കുവാൻ 2016-17 വർഷത്തിലും നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. ഇതിനായി 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലായി ആകെ 7500000/- രൂപ ജില്ലാ കളക്ടറുടെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും സ്ഥലമേറ്റെടുക്കലിന് വേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ ഈ സ്ഥാപനത്തിൽ പുതിയ വിദ്യാർത്ഥികളുടെ പ്രവേശനം നിർത്തിവെയ്ക്കുമെന്ന് ഓരോ വർഷവും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നഗരസഭയെ അറിയിച്ചുവരുന്നുണ്ടെങ്കിലും തുടർ നടപടി ഉണ്ടായിട്ടില്ല. മുകളിൽ പരാമർശിച്ചിരിക്കുന്ന കാരണങ്ങളാൽ നഗരസഭ കണ്ടെത്തിയ പ്രദേശങ്ങൾ സമീപഭാവിയിൽ ഉദ്ദേശിച്ച ലക്ഷ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുവാൻ സാധ്യമാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. വർഷങ്ങളായി കളക്ടറുടെ സസ്പെൻസ്.അക്കൗണ്ടിൽ വൻതുക നിഷ്ക്രിയമായി അവശേഷിക്കുകയും, പദ്ധതികൾ നടപ്പിലാക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, വസ്തു ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്താൻ ഉടൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | ഡിപ്പോസിറ്റ് ഫണ്ടിൽ അടവാക്കിയിട്ടുള്ളതാണ്. ഉഭയകക്ഷി സമ്മതപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള സമയപരിധി കഴിഞ്ഞിട്ടുള്ളതിനാൽ 2013 ലെ പുതിയ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ റിക്വിസിഷൻ ഫോം, അലൈന്റ്മെന്റ് സ്കെച്ച്, ബി.ടി.ആർ പകർപ്പ് എന്നിവ ബഹു. ജില്ലാകളക്ടർക്ക് സമർപ്പിച്ചിരുന്നെങ്കിലും, ഏറ്റെടുക്കാൻ ഉദ്ദേശിച്ചിരുന്ന വസ്തു ഡാറ്റാ ബാങ്കിൽനിലം ഇനത്തിൽ ഉൾപ്പെടുന്നതാണെന്നും, നിലമായതിനാൽ ബിൽഡിംഗ് പെർമിഷൻ ലഭിക്കില്ലായെന്നും ടി വിഷയത്തിൽ സർക്കാരിന് നേരിട്ട് അപേക്ഷ സമർപ്പിക്കണമെന്നും, 26.06.2019 തീയതിയിൽകൂടിയ ഭൂമി ഏറ്റെടുക്കൽ അവലോകന യോഗത്തിൽ ഡെപ്യൂട്ടി കളക്ടർ, എൽ.എ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയം പ്രാദേശിക നിരീക്ഷണ സമിതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ 26.07.2019 തീയതി കൂടിയ ഭൂമി ഏറ്റെടുക്കൽ അവലോകന യോഗത്തിൽ എൽ.എ.ആർ & ആർ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി പുതിയ ഭരണാനുമതിയ്ക്കായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകുന്നതാണെന്ന് ഡെപ്യൂട്ടി കളക്ടർ എൽ. എ അറിയിച്ചിട്ടുണ്ട്.<br><br>കായംകുളം വില്ലേജിൽറീ-സർവ്വേ നം. 139/77-2, 139/50,139/56, 54, 55, 57, 179, 178, 51, 53, 56-2, 180, 181, 41, 42, 36, 43, എന്നിവയിൽഉൾപ്പെട്ട 4 ഏക്കർ സ്ഥലം സ്റ്റേഡിയം സ്ഥാപിക്കുന്നതിലേക്കായി ഏറ്റെടുക്കുന്നതിനായി ബഹു. നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്. ഉഭയകക്ഷി സമ്മതപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി ഉത്തരവായിരുന്നെങ്കിലും, വസ്തു ഉടമകളുടെ സമ്മതപത്രം, അലൈൻമെന്റ് സ്കെച്ച് എന്നിവ ലഭ്യമാകാത്തതുമൂലം ഭൂ |

30/2023.

ഏറ്റെടുക്കുന്നതിന് കാലതാമസ്സം നേരിട്ടിട്ടുള്ളതാണ്. എന്നാൽടി സ്ഥലം ഏറ്റെടുക്കുന്ന ആവശ്യത്തിലേക്ക് 2013-14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 75 ലക്ഷം രൂപ 2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 125 ലക്ഷം രൂപ എന്നിവ ടി വസ്തു നിശ്ചിത സമയപരിധിക്കുള്ളിൽ ഏറ്റെടുക്കാൻ സാധിക്കാത്തതിനാൽ ബഹു. ജില്ലാ കളക്ടറുടെ വർക്ക് ഡിപ്പോസിറ്റ് ഫണ്ടിൽ അടവാക്കിയിട്ടുള്ളതാണ്. ഉഭയകക്ഷി സമ്മതപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള സമയപരിധി കഴിഞ്ഞിട്ടുള്ളതിനാൽ 2013 ലെ പുതിയ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ റിക്വിസിഷൻ ഫോം, അലൈന്റ്മെന്റ് സ്കെച്ച്, ബി.ടി.ആർ പകർപ്പ് എന്നിവ ബഹു. ജില്ലാകളക്ടർക്ക് സമർപ്പിച്ചിരുന്നെങ്കിലും, ഏറ്റെടുക്കാൻ ഉദ്ദേശിച്ചിരുന്ന വസ്തു ഡാറ്റാ ബാങ്കിൽ നിലം ഇനത്തിൽ ഉൾപ്പെടുന്നതാണെന്നും, നിലമായതിനാൽ സർക്കാർ അനുമതി ആവശ്യമാണെന്നും, 26.06.2019 തീയതിയിൽകൂടിയ ഭൂമി ഏറ്റെടുക്കൽ അവലോകന യോഗത്തിൽഡെപ്യൂട്ടി കളക്ടർ, എൽ.എ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയം പ്രാദേശിക നിരീക്ഷണ സമിതി മുഖാകെ സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ 26.07.2019 തീയിതി കൂടിയ ഭൂമി ഏറ്റെടുക്കൽ അവലോകന യോഗത്തിൽ എൽ.എ.ആർ & ആർ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി പുതിയ ഭരണാനുമതിയ്ക്കായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് കത്ത് . നൽകുന്നതാണെന്ന് ഡെപ്യൂട്ടി കളക്ടർ എൽ. എ അറിയിച്ചിട്ടുണ്ട്.

കായംകുളം വില്ലേജിൽറീ-സർവ്വേ നം. 64/69, 64/70, 64/32,

| | | | |
|---|---|---|---|
| | | | 64/61 എന്നിവയിൽ ഉൾപ്പെട്ട 50 സെന്റ് സ്ഥലം അറവുശാല നിർമ്മിക്കുന്നതിലേക്കായി ഏറ്റെടുക്കുന്നതിന് ബഹു. നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്. എന്നാൽഉഭയകക്ഷി സമ്മതപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി ലഭ്യമായെങ്കിലും, വസ്തു ഉടമകളുടെ സമ്മതപത്രം ലഭ്യമാകാത്തതിനാൽ ഭൂമി ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. എന്നാൽ2013–14, 2014–15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക യഥാക്രമം 50 ലക്ഷം, 25 ലക്ഷം രൂപ ബഹു. ജില്ലാ കളക്ടറുടെ വർക്ക് ഡിപ്പോസിറ്റ് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. ഉഭയകക്ഷി സമ്മതപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലാവധി കഴിഞ്ഞിട്ടുള്ളതിനാൽ 2013 ലെ എൽ.എ.ആർ & ആർ ആക്ട് ഭൂമി ഏറ്റെടുക്കുന്നതിനായി വസ്തുവിന്റെ അലൈൻമെന്റ് സ്കെച്ച് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

M.S. BIJUKUTTAN
Additional Secretary to Govt &
State Performance Audit Officer
Local Self Government Dept.
Govt.Secretariat,Thiruvananthapuram
PEN:191250

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003 –04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള നടപടി വിശദീകരണ പത്രിക

| ക്രമ നം | ഖണ്ഡിക നം. | ഓഡിറ്റ് പരാമർശം | നടപടി വിശദീകരണ പത്രിക |
|---|---|---|---|
| 1 | 6.13 | തയ്യൽ മെഷീൻ വിതരണം | **മാവേലിക്കര നഗരസഭ**<br><br>മാവേലിക്കര നഗരസഭ 1999–2000 ലെ വാർഷിക പദ്ധതിയിൽ ഒരു വാർഡിൽ നിന്നും 5 ഗുണഭോക്താക്കളെ വീതം തെരഞ്ഞെടുത്ത് 2 വാർഡുകൾ ഒരു ഗ്രൂപ്പായി കണ്ട് നടപ്പിലാക്കിയ പദ്ധതിയാണ് റെഡിമെയ്ഡ് ഗാർമെന്റ് മേക്കിംഗ് ഗ്രൂപ്പിന് തയ്യൽ മെഷീൻ വിതരണം. ഒരു ഗ്രൂപ്പിന് 10 തയ്യൽ മെഷീനുകൾ വീതമാണ് വാങ്ങിയിട്ടുള്ളത്. ആയതു പ്രകാരം 100 തയ്യൽ മെഷീനുകൾ വാങ്ങിയിട്ടുള്ളതും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളതും മെഷീനുകൾ വിതരണം ചെയ്തിട്ടുള്ളതുമാണ്. ടി പദ്ധതിയിൽ ക്രമക്കേടുണ്ടെന്ന് സൂചിപ്പിച്ചുകൊണ്ട് ഒരു വ്യക്തി ബഹു: ഹൈക്കോടതിയിലും, ബഹു: ഓംബുഡ്സ്മാൻ മുമ്പാകെയും കേസുകൾ ഫയൽ ചെയ്തിരുന്നു. ബഹു: ഓംബുഡ്സ്മാനെ തെറ്റിദ്ധരിപ്പിച്ചതിന്റെ പേരിൽ വാദിയിൽ നിന്നും പിഴ ഈടാക്കിക്കൊണ്ട് വിധിയുണ്ടായി. ഇതിനെതിരെ വാദി ബഹു: ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും പിഴ ഒഴിവാക്കി കേസ് തീർപ്പാക്കിയിട്ടുള്ളതുമാണ്.<br><br>1998–99 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിനായി 142 തയ്യൽ മെഷീൻ വാങ്ങി ആയതിൽ 114 എണ്ണം വിതരണം നടത്തുകയും 28 തയ്യൽ മെഷീനുകൾ വിതരണം നടത്താതെ നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ളതുമായിരുന്നു. ടി പദ്ധതിയിൽ ക്രമക്കേടുണ്ടെന്ന് സൂചിപ്പിച്ചുകൊണ്ട് ഒരു വ്യക്തി ബഹു: ഓംബുഡ്സ്മാൻ മുമ്പാകെ കേസുകൾ ഫയൽ ചെയ്തിരുന്നതും ബഹു: ഓംബുഡ്സ്മാന്റെ നിർദ്ദേശപ്രകാരം 28 തയ്യൽ മെഷീനുകൾ വിതരണം ചെയ്യുന്നതിന് 22.04.2010 ൽ തീർപ്പ് കൽപ്പിച്ചിരുന്നതുമാണ്.<br><br>ബഹു: ഓംബുഡ്സ്മാന്റെ 18.12.2009 ലെ നിർദ്ദേശപ്രകാരം |

| | | | |
|---|---|---|---|
| | | | മെഷീനുകൾ റിപ്പയർ ചെയ്ത് കുടുംബശ്രീയിലെ വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്ന പദ്ധതി പ്രകാരം 17.03.2010 നു മുമ്പായി വിതരണം ചെയ്ത് ബഹു: ഓംബുഡ്സ്മാനെ അറിയിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയതു പ്രകാരം 04.02.2010 ലെ കൗൺസിൽ 6-ാം നമ്പർ തീരുമാന പ്രകാരം കുടുംബശ്രീയുടെ പ്രോജക്ട് ഓഫീസർ കൂടിയായ ഹെൽത്ത് സൂപ്പർവൈസറെ ചുമതലപ്പെടുത്തിയിരിന്നു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹെൽത്ത് സൂപ്പർവൈസർ വിവിധ വാർഡുകളിൽ നിന്നായി 25 ഗുണഭോക്താക്കളെ കണ്ടെത്തി മെഷീനുകൾ വിതരണം ചെയ്തിട്ടുള്ളതാണ്. 22.04.2010 ൽ ബഹു: ഓംബുഡ്സ്മാൻ ഈ കേസിലെ മേൽ നടപടികൾ അവസാനിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്. ടി മെഷീനുകൾ പ്രവർത്തനക്ഷമമായിരുന്നതുമാണ്. ആയതിനാൽ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ നിന്ന് ഈ പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |
| | | 1.വസ്തുനികുതി 240292/ | <u>ആലപ്പുഴ നഗരസഭ</u><br><br>1. നിശ്ചിത സമയപരിധിക്കകം അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാൽ ടി അപേക്ഷ പരിഗണിച്ച് നിയമാനുസൃതമായി നികുതി കുറച്ച് നൽകിയിട്ടുള്ളത്. ഈ കാലയളവിൽ അപ്പീൽകമ്മറ്റിയ്ക്ക് നികുതി പരിധിയല്ലാതെ കുറവ് ചെയ്യുന്നതിന് അധികാരമുണ്ടായിരുന്നു. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |
| | | 2.ഡി&ഒ ലൈസൻസ് 67500/ | 2. ഡി &ഒ ലൈസൻസ് പിരിക്കുന്നത് അഡ്വാൻസായിട്ടാണ് തന്നാണ്ട് വർഷത്തെ ലൈസൻസ് പിരിവ് പിഴ പലിശയോടെയാണ് പിരിച്ചുവരുന്നത് മേൽ പരാമർശം 20 വർഷത്തോളം |

| | | | | |
|---|---|---|---|---|
| | | | | പഴക്കമുള്ളതിനാൽ പരാമർശമൊഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |
| | | 3. ലേലം, വാടക | 255317/ | 3. 1997-19 വർഷത്തെ ലേലം, വാടക എന്നിവ സംബന്ധിച്ച ഫയലുകൾ കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. 22 വർഷത്തോളം പഴക്കമുള്ള വിഷയമാണ്. ടി വിഷയവുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് തെരച്ചിൽ മെമ്മോ നല്കിയിട്ടുള്ളതാണ് ടി വിഷയം കൈകാര്യം ചെയ്തിരുന്ന ജീവനക്കാരുടെ വിവരങ്ങളും ശേഖരിച്ച് ഇടർ നടപടി സ്വീകരിക്കുന്നതാണ്. |
| | | 4. റോഡ് റോളർ വാടക | 16080/ | 4. 1997-98 ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 34-ൽ റോഡ് റോളർ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട പരാമർശം ഉള്ളതാണ്. ടി പരാമർശവുമായി ബന്ധപ്പെട്ട് ഫയൽ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. ഫയൽ കണ്ടെത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവെങ്കിലും 22 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയൽ ആയതിനാൽ ഫയൽ കണ്ടെത്താൻ സാധിച്ചിട്ടില്ല. ടി ഫയൽ കൈകാര്യം ചെയ്തിരുന്ന സെക്ഷൻ ക്ലാർക്ക് പെൻഷൻ പറ്റി പിരിഞ്ഞതിനാലും കെ.എം.എ 539 പ്രകാരം ഈടാക്കാനുള്ള തുക കാലഹരണപ്പെട്ട് പോയതിനാലും തുക ഈടാക്കാൻ കഴിയാത്തതുമാണ്. ടി സാഹചര്യമാണ് ഇപ്പോഴും നിലവിലുള്ളത്. ആയതിനാൽ പരാമർശത്തിൽ നിന്ന് ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |
| | | 5.ശുദ്ധജലവിതരണം | 242753/ | 5. ആലപ്പുഴ നഗരസഭ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ 96-97 വർഷത്തെ പ്ലാൻ ഓഫ് ആക്ഷൻ 4.32ലക്ഷം രൂപയുടെ കമ്മ്യൂണിറ്റി വാട്ടർടാപ്പ് പ്രോജക്ട് |

| | | | |
|---|---|---|---|
| | | 6.സെന്റേജ് ചാർജ് 101413/ | അംഗീകരിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും ആകയാൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ കേരള വാട്ടർ അതോറിറ്റിയുടെ സാങ്കേതിക വിദഗ്ദ്ധരിൽ നിന്നും സാങ്കേതികാനുമതി ലഭിക്കുകയോ ചെയ്തതായി കണ്ടെത്താൻ സാധിച്ചിട്ടില്ല. എന്നാൽ 72 പൊതു ടാപ്പുകൾ സ്ഥാപിച്ചിട്ടുള്ളതായി അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ നിലവിൽ ഈ ടാപ്പുകൾ ഭൂരിഭാഗവും കാലഹരണപ്പെട്ട അവസ്ഥയിലാണ്. ബന്ധപ്പെട്ട ഫയലുകൾ ലഭ്യമാകാത്തതിനാലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പെൻഷൻ പറ്റിയ സാഹചര്യത്തിലും ടി പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.<br><br>6. എൻ.എസ്.ഡി.പി ദേശീയ ചേരി വികസന പദ്ധതി പ്രകാരം മരാമത്ത് വേലകൾ നടത്തിയതിനായി ശ്രീ.എം.പി.ഗംഗാധരൻനായർക്ക് ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന ചെക്ക് നമ്പർ പ്രകാരം തുകകൾ നൽകിയിട്ടുള്ളതാണ്. ടി മരാമത്ത് വേല നടത്തി ശ്രീ. എം.പി.ഗംഗാധരൻനായർ മരണപ്പെട്ടുപോയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വിരമിച്ചിട്ടുള്ളതിനാലും ടി വിഷയം സംബന്ധമായ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2011 –12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള നടപടി വിശദീകരണ പത്രിക**

| ക്രമ നം | ഖണ്ഡിക നം. | ഓഡിറ്റ് പരാമർശം | നടപടി വിശദീകരണ പത്രിക |
|---|---|---|---|
| 1 | 2.3 | നികുതി പിരിച്ചെടുത്തതിൽ വീഴ്ച | ആലപ്പുഴ നഗരസഭ<br>2008–2009 വർഷത്തെ നികുതി കുടിശ്ശികയുമായി ബന്ധപ്പെട്ട തുകകളാണ് ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. തുടർ വർഷങ്ങളിൽ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ട് . കുടിശ്ശിക സമാഹരണവുമായി ബന്ധപ്പെട്ട് തുടർ വർഷങ്ങളിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങളാണ് നഗരസഭ കാഴ്ച വെച്ചിട്ടുള്ളത് ആയത് പരിഗണിച്ച് നഗരസഭയെ ടി ഓഡിറ്റ് പരാമർശത്തിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |
| 2 | 4.10 | പരസ്യനികുതിപിരിവിൽ ക്രമക്കേട്– നഗരസഭയ്ക്ക് 1.45 ലക്ഷം രൂപ നഷ്ടം | ആലപ്പുഴ നഗരസഭ<br>ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള ഉത്തരവാദികളായ ബന്ധപ്പെട്ട ജീവനക്കാർക്ക് ഓഡിറ്റ് പരാമർശപ്രകാരമുള്ള തുക അടയ്ക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട് |